# കേരള നിയമസഭാ നടപടികൾ
## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 മാർച്ച് 3, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 196 - നമ്പർ 11

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 മാർച്ച് 3, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 മാർച്ച് 3, തിങ്കൾ

---

വാല്യം 196} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 11

---

നിയമസഭ 2025 മാർച്ച് മാസം 3-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## I ചോദ്യോത്തരങ്ങൾ

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

പി. 03-03-2025
ആർ.ആർ.-എൽ.ഡി.-1
9.00-9.10(RC)

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *151

**ആദിവാസി മേഖലകളിൽ കാര്യക്ഷമമായ റേഷൻ വിതരണം**

1(*151) ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിണി മരണം ഉണ്ടാകാൻ പാടില്ലെന്ന കാഴ്ചപ്പാടോടെ, അതിദരിദ്രർക്ക് റേഷൻ സാധനങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) സഞ്ചരിക്കുന്ന റേഷൻകട പദ്ധതി മുഖേന സംസ്ഥാനത്തെ ആദിവാസി മേഖലകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ റേഷൻ എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ആദിവാസി, ഗോത്രവർഗ്ഗ മേഖലകളിൽ ഉൾപ്പെടെ പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധനാ സംവിധാനം പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും ആദിവാസി ഊരുകളിൽ ജീവനക്കാർ നേരിട്ടെത്തി കാര്യക്ഷമമായ റേഷൻ വിതരണം നടത്തിവരുന്നുണ്ടോ; വിശദമാക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ,

(എ) ഉണ്ട്. സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രത നിയമത്തിന്റെ കീഴിൽ 15480040 ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്താൻ കഴിയുന്നത്. പ്രസ്തുത ഗുണഭോക്താക്കളിൽ 595800 കുടുംബങ്ങൾക്ക് അതിദരിദ്രർക്ക് നൽകുന്ന AAY/(അന്ത്യോദയ അന്ന യോജന) കാർഡുകൾ നൽകി 35 കി.ഗ്രാം. ഭക്ഷ്യധാന്യം എല്ലാ മാസവും നൽകിവരുന്നുണ്ട്. ആയതുകൂടാതെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി വിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങൾ അവർ താമസിക്കുന്ന ഉന്നതികളിൽ നേരിട്ട് എത്തിച്ച് നൽകുന്നതിനായി 'സഞ്ചരിക്കുന്ന റേഷൻകട' എന്ന പദ്ധതി ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്. സഞ്ചരിക്കുന്ന റേഷൻകട പദ്ധതി മുഖേന സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ റേഷൻ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതി നിലവിൽ 10 ജില്ലകളിലായി 21 താലൂക്കുകളിൽ 137 ആദിവാസി ഉന്നതികളിൽ 64 റേഷൻ കടകളിൽനിന്നും നേരിട്ട് റേഷൻ ഭക്ഷ്യ ധാന്യങ്ങൾ വിതരണം നടത്തുന്നു. ലേബർ സെറ്റിൽമെന്റുകളിൽ റേഷൻ എത്തിച്ചുനൽകുന്നതിന് നിലവിൽ പദ്ധതികളൊന്നും തന്നെയില്ല.

(സി) ഉണ്ട്. ആദിവാസി ഗോത്രവർഗ മേഖലകളിൽ ഉൾപ്പെടെ പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിന് ശക്തമായ പരിശോധന സംവിധാനം പ്രവർത്തിക്കുന്നുണ്ട്. ഇതിനായി ജില്ലാതല സ്ക്വാഡുകൾക്ക് രൂപംനൽകിയിട്ടുണ്ട്. റേഷനിങ് കൺട്രോളർ, ഡെപ്യൂട്ടി റേഷനിങ് കൺട്രോളർ, വകുപ്പുതല വിജിലൻസ് ഓഫീസർ, ജില്ല സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിങ് ഇൻസ്പെക്ടർമാർ ഉൾപ്പെടെ വകുപ്പിലെ ഉദ്യോഗസ്ഥർ റേഷൻ കടകളിലും NFSA ഗോഡൗണുകളിലും ശക്തമായ പരിശോധന നടത്തുകയും ക്രമക്കേടുകൾക്ക് സാധനങ്ങളുടെ കമ്പോള വില ഈടാക്കുന്നത് ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന റേഷൻ കടകൾ സസ്പെൻഡ് ചെയ്ത്

തുടർനടപടികൾ സ്വീകരിക്കുന്നു. NFSA ഗോഡൗണുകളിലെ ക്രമക്കേടുകൾക്ക് സ്റ്റോക്കിലുള്ള വ്യത്യാസത്തിന് പിഴ ഈടാക്കുകയും ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് തുടർനടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു. ഉൽസവ സീസണുകളിൽ പൊതുവിപണിയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷ, പൊതുവിതരണ ഉപഭോക്തൃകാര്യം എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തി ക്രമക്കേടുകൾക്ക് നടപടി സ്വീകരിച്ചുവരുന്നു. ഭക്ഷ്യ ധാന്യങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ എസൻഷ്യൽ കമോഡിറ്റീസ് (EC) ആക്റ്റ് പ്രകാരം തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും പ്രതികൂല കാലാവസ്ഥയിലും പദ്ധതി നടപ്പാക്കിയിട്ടുള്ള പ്രദേശങ്ങളിലെ ആദിവാസി ഉന്നതികളിലെ കുടുംബങ്ങൾക്ക് എല്ലാ മാസവും അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ എത്തിച്ച് നൽകുന്നു. ഇതുമൂലം ഒറ്റപ്പെട്ട മേഖലകളിൽ താമസിക്കുന്ന ഗോത്രവർഗക്കാർക്ക് ദുർഘടമായ പാതയിലൂടെ കിലോമീറ്ററോളം സഞ്ചരിച്ച്

റേഷൻ കടകളിൽ എത്തി റേഷൻ വാങ്ങുന്ന ബുദ്ധിമുട്ട് ഒഴിവാകുകയും അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും സാധിക്കുന്നുണ്ട്.

ശ്രീ. വാഴൂർ സോമൻ: സർ, കേരളത്തിൽ എല്ലാവർക്കും ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ആദിവാസി മേഖല ഉൾപ്പെടെയുള്ള വിദൂര പ്രദേശങ്ങളിലേക്ക് വാഹനങ്ങളിൽ സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ എത്തിച്ചുകൊടുക്കുന്ന 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി അഭിനന്ദനം അർഹിക്കുന്ന ഒരു നടപടിയാണ്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലേക്കായി ഏതെങ്കിലും വിധത്തിലുള്ള കേന്ദ്രസഹായം ലഭ്യമാകുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വിദൂര പ്രദേശങ്ങളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങാൻ എത്തിച്ചേരുന്നതിനുള്ള പ്രയാസം കണക്കിലെടുത്തുകൊണ്ടാണ് സംസ്ഥാനത്ത് 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിക്ക് രൂപം കൊടുത്ത് ഉന്നതികളിൽ ഭക്ഷ്യധാന്യം എത്തിക്കുന്നത്. ടി പദ്ധതിക്ക് കേന്ദ്രസർക്കാർ യാതൊരു സഹായവും ലഭ്യമാക്കിയിട്ടില്ലെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കുന്നു.

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, സംസ്ഥാനത്തെ ആദിവാസി ഉന്നതികൾ ഉൾപ്പെടെയുള്ള വിദൂര പ്രദേശങ്ങളിലെ ജനവിഭാഗങ്ങൾക്ക് ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്ന സംസ്ഥാന സർക്കാരിന്റെ പദ്ധതി അഭിനന്ദനം അർഹിക്കുന്ന നടപടിയാണ്. എന്നാൽ ഈ സർക്കാർ നടപ്പാക്കിയ 'കെ-സ്റ്റോർ' പദ്ധതിയുടെ സേവനം, പ്രത്യേകിച്ച് എം.എസ്.എം.ഇ. ഉൽപന്നങ്ങളുടെ ലഭ്യത ടി മേഖലയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ 'കെ-സ്റ്റോർ' പദ്ധതി പ്രകാരം സംസ്ഥാനത്ത് 1779 റേഷൻ കടകളിൽ ടി പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. ഈ വർഷം അത്, 2500 ന്യായവില ഷോപ്പുകളിലേക്ക് എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് തൃശ്ശൂർ ജില്ലയിൽ ഏറ്റവും മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കെ-സ്റ്റോറുകൾ വഴി 11.5 കോടി രൂപയിലധികം റേഷൻ ഉൽപന്നങ്ങളല്ലാത്ത ഉൽപന്നങ്ങൾ വിൽക്കാൻ കഴിഞ്ഞിട്ടുണ്ടെന്നതാണ് മറ്റൊരു പ്രത്യേകത. ആദിവാസി ഉന്നതികളിൽ എം.എസ്.എം.ഇ. ഉൽപന്നങ്ങൾ ഉൾപ്പെടെയുള്ള 'കെ-സ്റ്റോർ' സംവിധാനം എത്തിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ദുർബല ജനവിഭാഗങ്ങളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന ഒരു പദ്ധതിയാണ് 'സഞ്ചരിക്കുന്ന റേഷൻകട'. ടി പദ്ധതി ഇനി എവിടെയെല്ലാം നടപ്പാക്കാനുണ്ട്; കൊല്ലം ജില്ലയിൽ അച്ചൻകോവിൽ, ആവണിപ്പാറ, അമ്പതേക്കർ, വില്ലുമല, പെരുവഴിക്കാല ഉൾപ്പെടെയുള്ള ട്രൈബൽ മേഖലകളിൽ പ്രസ്തുത സേവനം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പ്രകാരം, കൊല്ലം ജില്ലയിലെ ടി കേന്ദ്രങ്ങളിൽ ഭക്ഷ്യ ധാന്യങ്ങൾ എത്തിക്കാൻ, 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിയുടെ സേവനം ലഭ്യമാക്കാനുള്ള നടപടി ഗൗരവമായി പരിഗണിക്കുന്നതാണ്.

ശ്രീ. വി. ശശി: സർ, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കായി നടപ്പാക്കുന്ന 'സഞ്ചരിക്കുന്ന റേഷൻകട' വളരെ നല്ലൊരു പദ്ധതിയായിട്ടാണ് കാണുന്നത്. പ്രസ്തുത പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; ടി പദ്ധതി നടപ്പാക്കുന്ന അവസരത്തിൽ എല്ലാ സ്ഥലങ്ങളിലും ആവശ്യമായ വാഹനസൗകര്യത്തിന്റെ അപര്യാപ്തത നിലവിലുണ്ട്. ഇതുപരിഹരിക്കാൻ ആസ്തി വികസന ഫണ്ട്

പ്രയോജനപ്പെടുത്തി വാഹനം ലഭ്യമാക്കാനുള്ള സാധ്യതകൂടി പരിശോധിക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, കേരളത്തിലെ മുൻഗണനാ വിഭാഗം എ.എ.വൈ. കാർഡ് ഉടമകളിൽ 99 ശതമാനം ആളുകൾക്കും റേഷൻ വാങ്ങാൻ കഴിയുന്ന തരത്തിലേക്ക് കാര്യങ്ങൾ എത്തിയിട്ടുണ്ട്. ആ നിലയിൽ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാൻ പ്രയാസമുള്ള ഉന്നതികളിലടക്കം ഈ സേവനം വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, വാഹനത്തിന്റെയും ഭക്ഷ്യവസ്തുക്കൾ എത്തിക്കുന്നതിന്റെയും ചെലവുകൾ ഭാരിച്ചതാണെന്ന കാര്യം എല്ലാവർക്കുമറിയാം. ഇതുമായി ബന്ധപ്പെട്ട കുറച്ച് ബാധ്യതകളെങ്കിലും ഒഴിവാക്കാൻ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള വാഹനം പ്രയോജനപ്പെടുത്താൻ കഴിയുമോയെന്നുള്ള കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. ഇക്കാര്യം പരിഗണിക്കാമെന്ന് അദ്ദേഹം അറിയിച്ചിട്ടുണ്ട്.

ശ്രീമതി സി. കെ. ആശ: സർ, ഗോത്രവർഗ മേഖലകളിൽ മുൻകാലങ്ങളിൽ അർഹമായ റേഷൻ വിഹിതം കൈപ്പറ്റുന്നതിന് കിലോമീറ്ററുകളോളം സഞ്ചരിക്കേണ്ട ഒരു സാഹചര്യമാണ്

ഉണ്ടായിരുന്നതെങ്കിൽ, ഇപ്പോൾ 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതിയിലൂടെ അതിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ടി പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി അതത് പ്രദേശങ്ങളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതി കൂടുതൽ വിപുലമായ രീതിയിൽ നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ? കൂടാതെ, കോട്ടയം ജില്ലയിൽ ഉൾപ്പെടെ നെല്ല് കൊയ്ത്ത് കഴിഞ്ഞ സമയമാണ്. അത് സമയബന്ധിതമായി സംഭരിക്കുന്നതിന് ചില പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇക്കാര്യംകൂടി ഈ അവസരത്തിൽ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ഉന്നതികളിൽ താമസിക്കുന്ന മുഴുവൻ ഗോത്രവർഗ വിഭാഗങ്ങൾക്കും ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുകയെന്നത് സർക്കാർ നയമാണ്. വാഹനസൗകര്യത്തിന്റെ ലഭ്യതക്കുറവ് പ്രസ്തുത പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് ചില തടസ്സങ്ങൾ ഉണ്ടാക്കുന്നുണ്ട്. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാഹന സൗകര്യം ലഭ്യമാക്കുന്നപക്ഷം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന

ഉന്നതികളിലേക്ക് സൗകര്യപ്രദമായി ഭക്ഷ്യധാന്യങ്ങൾ എത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി എന്നിവരുമായി ഈ വിഷയം ചർച്ചചെയ്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടി നിയോജകമണ്ഡലത്തിലെ അതിരപ്പിള്ളി മേഖലയിലെ ആദിവാസി മേഖലകളിലേക്ക് റേഷൻ വിതരണം ചെയ്യുന്നത് ചാലക്കുടി താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നാണ്. കഴിഞ്ഞ കുറേ നാളുകളായി അവിടെ അരി ലഭ്യമല്ലാത്ത സാഹചര്യമാണ്. ഇക്കാര്യം പല പ്രാവശ്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പലപ്പോഴും 28-ാംതീയതിയാണ് അരി എത്തിക്കുന്നത്. മൊത്തവിതരണം ചെയ്യുന്ന വാഹനക്കാർ, അവർക്കിഷ്ടമുള്ള സ്ഥലങ്ങളിൽ മാത്രമാണ് പലപ്പോഴും അരിയെത്തിക്കുന്നത്. ഇതുമൂലം പൊതുജനങ്ങൾക്കും ആദിവാസികൾക്കും അരി ലഭ്യമാകുന്നതിന് വലിയ തടസ്സം നേരിടുന്നുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ സമയബന്ധിതമായും കൃത്യമായും അവിടെയുള്ള എല്ലാ റേഷൻ കടകളിലേക്കും അരി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ശ്രീ. ജി. ആർ. അനിൽ)

P 03-03-2025
NR/LD (1)
9.10-9.20

(ചോദ്യം നമ്പർ *151 തുടർച്ച...)

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. കരാറുകാർ പലപ്പോഴും പലവിധത്തിലുള്ള അസൗകര്യങ്ങൾ പറഞ്ഞ് കാലതാമസം വരുത്തുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. ഇപ്പോൾ കരാർ പുതുക്കുന്ന നടപടികളുടെ ഘട്ടത്തിലാണ്. കരാർ പുതുക്കുന്ന ഈ ഘട്ടത്തിൽ മെച്ചപ്പെട്ട സാമ്പത്തിക ശേഷിയുള്ള ആളുകൾ പങ്കെടുത്താൽ മാത്രമെ നമുക്ക് ഒന്നോരണ്ടോ മാസം കുടിശ്ശിക ഉണ്ടായാലും തടസ്സം ഉണ്ടാകാത്ത രീതിയിൽ പദ്ധതി മുന്നോട്ട് കൊണ്ടുപോകാനുള്ള സൗകര്യം ഉണ്ടാകുകയുള്ളൂ. അതിനുള്ള ചർച്ചകൾ നടക്കുകയാണ്. എന്നാൽ ചാലക്കുടി താലൂക്കിലെ വിഷയവുംകൂടി കണക്കിലെടുത്തുകൊണ്ടാണ് കഴിഞ്ഞ മാസത്തെ അരി വിതരണത്തിന്റെ ദിവസങ്ങൾ 03-03-2025 വരെ നീട്ടിക്കൊടുക്കാൻ തീരുമാനിച്ചത്. ഞാൻ മനസ്സിലാക്കുന്നതും അറിഞ്ഞതും അവിടെ ഈ തടസ്സങ്ങൾ എല്ലാം തന്നെ ആദ്യഘട്ടത്തിൽ ഉണ്ടായെങ്കിലും ഭക്ഷ്യധാന്യം നിഷേധിക്കുന്ന അവസ്ഥ ഉണ്ടായിട്ടില്ല. റേഷൻ വ്യാപാരികളുടെയും റേഷൻ വിതരണക്കാരായിട്ടുള്ള

കോൺട്രാക്ടർമാരുടെയും പല സമരങ്ങളും പ്രക്ഷോഭങ്ങളുമാണ് ഇത്തരം വിഷയങ്ങളിലേക്ക് എത്തിച്ചത്. ഉന്നതികളിലും ആദിവാസി മേഖലകളിലുമടക്കം എ.എ.വൈ. കാർഡുകാരാണെങ്കിലും മുൻഗണന കാർഡുകാർക്ക് അതിന്റെ പേരിൽ അസൗകര്യം ഉണ്ടായിയെങ്കിലും ഭക്ഷ്യധാന്യം നിഷേധിക്കുന്ന അവസ്ഥ ഉണ്ടായിട്ടില്ല. 98 ശതമാനം ആളുകൾ ഇന്നലെവരെ അരി വാങ്ങിയതായാണ് അറിയാൻ കഴിഞ്ഞത്.

(ചോദ്യം നമ്പർ *152)

P 03-03-2025
NR/LD (1)
9.10-9.20

**ബ്രൂവറി ആരംഭിക്കുന്നതിനുള്ള ഒയാസിസ് കമ്പനിയുടെ അപേക്ഷ**

2 (*152) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എലപ്പുള്ളിയിൽ ബ്രൂവറി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ഇതുസംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംരംഭം കുടിവെള്ളപ്രശ്നം ഉണ്ടാക്കുമെന്ന പ്രചാരണത്തിന്റെ വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ബ്രൂവറിയിലേക്ക് ആവശ്യമായ ജലം എവിടെനിന്ന് ലഭ്യമാക്കാനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തേക്ക് പ്രതിവർഷം എത്തുന്ന സ്പിരിറ്റ് ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുള്ളവയാണെന്നും സ്പിരിറ്റിന്റെ അളവ് എത്രയാണെന്നും വ്യക്തമാക്കാമോ;

(ഇ) ഇതര സംസ്ഥാനങ്ങളിൽനിന്ന് സ്പിരിറ്റ് കൊണ്ടുവരുന്നതിലൂടെ ഉണ്ടാകുന്ന ജി.എസ്.ടി. നഷ്ടം എത്രയാണെന്ന് അറിയിക്കാമോ;

(എഫ്) സംസ്ഥാനത്ത് ബ്രൂവറി ആരംഭിക്കുന്നതിനുള്ള ഒയാസിസ് കമ്പനിയുടെ അപേക്ഷ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് ലഭിച്ചതെന്നാണെന്നും പ്രാരംഭ അനുമതി നൽകിയതെന്നാണെന്നും അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, (എ) ഇല്ല.

(ബി) ഉണ്ട്. ഈ പ്രോജക്ടിന് ആവശ്യമായ വെള്ളം നൽകാമെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. മഴ വെള്ളം സംഭരിക്കാനുള്ള പദ്ധതിയും കമ്പനി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ പ്രോജക്ടിന് ആവശ്യമായ വെള്ളം നിർമ്മാണം നടന്നുവരുന്ന KINFRA Water Supply Scheme-ൽ ഉൾപ്പെടുത്തി നൽകാമെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. Rain Water Harvesting നടത്തി മഴവെള്ളം സംഭരിക്കാനുള്ള പദ്ധതിയും കമ്പനി പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തേക്ക് 2024 വർഷത്തിൽ മദ്യനിർമ്മാണത്തിനായി മാത്രം ഇറക്കുമതി ചെയ്തത് 9.21 കോടി ലിറ്റർ സ്പിരിറ്റ് (എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ) ആണ്. ഓരോ സംസ്ഥാനത്തുനിന്നും ഇറക്കുമതി ചെയ്ത സ്പിരിറ്റിന്റെ അളവ് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സംസ്ഥാനത്തിന്റെ പേര് | സ്പിരിറ്റിന്റെ അളവ് |
|---|---|---|
| 1. | മഹാരാഷ്ട്ര | 26,835,800 ബൾക്ക് ലിറ്റർ |
| 2. | ആന്ധ്രാപ്രദേശ് | 19,308,000 ബൾക്ക് ലിറ്റർ |

| | | |
|---|---|---|
| 3. | തെലങ്കാന | 4,191,950 ബൾക്ക് ലിറ്റർ |
| 4. | മധ്യപ്രദേശ് | 18,160,000 ബൾക്ക് ലിറ്റർ |
| 5. | ഉത്തർപ്രദേശ് | 783,400 ബൾക്ക് ലിറ്റർ |
| 6. | കർണ്ണാടക | 22,472,800 ബൾക്ക് ലിറ്റർ |
| 7. | ഗോവ | 56,000 ബൾക്ക് ലിറ്റർ |
| 8. | രാജസ്ഥാൻ | 120,000 ബൾക്ക് ലിറ്റർ |
| 9. | പഞ്ചാബ് | 160,000 ബൾക്ക് ലിറ്റർ |
| 10. | ഡാമൻ & ഡ്യൂ | 40,000 ബൾക്ക് ലിറ്റർ |
| | ആകെ | 9,21,27,950 ബൾക്ക് ലിറ്റർ |

ഏറ്റവും കൂടുതൽ സ്പിരിറ്റ് ഇറക്കുമതി ചെയ്തിട്ടുള്ളത് മഹാരാഷ്ട്രയിൽനിന്നാണ്, 26835800 ബൾക്ക് ലിറ്റർ. രണ്ടാമതായി കർണ്ണാടകയിൽനിന്നാണ്, 22472800 ബൾക്ക് ലിറ്റർ. ആന്ധ്രാപ്രദേശ്, മധ്യപ്രദേശ്, തെലങ്കാന, ഉത്തർപ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ, ഗോവ, ഡാമൻ & ഡ്യൂ എന്നീ സംസ്ഥാനങ്ങളിൽനിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽനിന്നുമായി 92127950 ബൾക്ക് ലിറ്ററാണ് മദ്യനിർമ്മാണത്തിനായി മാത്രം കേരളത്തിലേക്ക് എത്തിയിട്ടുള്ള ENA (Extra Neutral Alcohol).

2024-ൽ പെട്രോൾ ബ്ലണ്ടിങിനായി നാല് പ്രധാനപ്പെട്ട എണ്ണക്കമ്പനികൾ മാത്രം കേരളത്തിലേക്ക് ഇറക്കുമതി ചെയ്തത് 30.26

കോടി ലിറ്റർ സ്പിരിറ്റ് (എഥനോൾ) ആണ്. ഇതിനുപുറമെ വ്യവസായ ആവശ്യത്തിനായും ഇൻഡസ്ട്രിയൽ എഥനോൾ ഇറക്കുമതി ചെയ്യുന്നുണ്ട്.

(ഇ) മദ്യ നിർമ്മാണത്തിനുള്ള സ്പിരിറ്റിന് ജി.എസ്.ടി ഇല്ല. അതേ സമയം പെട്രോൾ ബ്ലണ്ടിങിനും വ്യവസായ ആവശ്യത്തിനുമുള്ള എഥനോളിന് 5 ശതമാനം ജി.എസ്.ടി. ഉണ്ട്. ചുരുങ്ങിയത് 100 കോടിയിലധികം രൂപ ജി.എസ്.ടി. ഇനത്തിൽ മറ്റ് സംസ്ഥാനങ്ങളിലേക്ക് നിലവിൽ പോകുന്നുണ്ട്. പെട്രോൾ ബ്ലണ്ടിംഗിനായി വരും വർഷങ്ങളിൽ ആവശ്യമായ എഥനോളിന്റെ അളവ് കണക്കിലെടുക്കുമ്പോൾ ഈ ജി.എസ്.ടി. നഷ്ടം വൻതോതിൽ വർധിക്കുമെന്നാണ് കണക്കാക്കുന്നത്.

(എഫ്) ബ്രൂവറി ആരംഭിക്കുന്നതിനുള്ള ഒയാസിസ് കമ്പനിയുടെ അപേക്ഷ 30-11-2023-നാണ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് ലഭിച്ചിട്ടുള്ളത്. 16-02-2025-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് പ്രാരംഭാനുമതി നൽകിയിട്ടുള്ളത്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, കേരളത്തിലേക്ക് മദ്യം ഇറക്കുമതി ചെയ്യുന്നതിലൂടെ ശരാശരി എത്ര രൂപയാണ് ട്രാൻസ്പോർട്ടേഷൻ ചാർജ് ഇനത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, കൃത്യമായ കണക്ക് നമുക്ക് പറയാനാകില്ല. നിലവിൽ എഥനോൾ, ENA എന്നിവയുടെ ഇറക്കുമതിയിലൂടെ 3000-4000 കോടി രൂപയുടെ ബിസ്സിനസ് നടക്കുന്നുവെന്നാണ് കാണുന്നത്. ട്രാൻസ്പോർട്ടേഷൻ കോസ്റ്റിന്റെ കണക്ക് മാത്രമായി നമുക്ക് എടുക്കാനാവില്ല. കേരളത്തിൽ ഒരുതുള്ളി ENA പോലും ഉൽപാദിപ്പിക്കുന്നില്ല. പൂർണ്ണമായും പുറത്തുനിന്നാണ് വരുന്നത്. അതുപോലെതന്നെ ഇൻഡസ്ട്രിയൽ സ്പിരിറ്റ് ആയ എഥനോളും കേരളത്തിൽ ഉൽപാദിപ്പിക്കുന്നില്ല. മുപ്പതുകോടി ലിറ്ററാണ് കഴിഞ്ഞവർഷം ഇറക്കുമതി ചെയ്തത്. പൂർണ്ണമായും വരുന്നത് നേരത്തെ പറഞ്ഞ സംസ്ഥാനങ്ങളിൽനിന്നാണ്. ഈ ഇനത്തിലുള്ള തുക പൂർണ്ണമായും മറ്റ് സംസ്ഥാനങ്ങളിലേക്കാണ് പോകുന്നത്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, അയൽ സംസ്ഥാനങ്ങളിലെ ഏതെല്ലാം കമ്പനികളിൽനിന്നാണ് സ്പിരിറ്റ് ഇറക്കുമതി ചെയ്യുന്നത്; ഇതിൽ രാഷ്ട്രീയ ബന്ധമുള്ള കമ്പനികൾ ഉൾപ്പെട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണ്?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഏറ്റവും കൂടുതൽ മഹാരാഷ്ട്രയിൽ നിന്നാണ്, 26835800 ബൾക്ക് ലിറ്റർ. രണ്ടാമതായി 22472800 ബൾക്ക്

ലിറ്റർ വരുന്നത് കർണ്ണാടകയിൽനിന്നാണ്. ഈ സംസ്ഥാനങ്ങളിലെല്ലാം പല കമ്പനികൾക്കും രാഷ്ട്രീയ ബന്ധങ്ങളുണ്ട്. അക്കാര്യങ്ങൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കർണ്ണാടകയിൽനിന്ന് കേരളത്തിലേക്ക് വരുന്ന ഒരു കമ്പനിയുടെ ചെയർമാൻ അവിടുത്തെ മന്ത്രിയാണെന്ന കാര്യം അവരുടെതന്നെ വെബ്സൈറ്റിൽ വെളിപ്പെടുത്തിയിട്ടുള്ളതാണ്. MLC-മാർ അതിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങളാണെന്ന കാര്യവും അവരുടെ വെബ്സൈറ്റിൽ തന്നെ വെളിപ്പെടുത്തിയിട്ടുള്ളതാണ്. ഇക്കാര്യങ്ങൾ മാധ്യമങ്ങളിൽ വന്നിട്ടുള്ളതാണ്. (ഞാൻ ഏതെങ്കിലും പാർട്ടിയുടെ പേര് പറഞ്ഞില്ല. പറയാതെതന്നെ ഇപ്പോൾ ആളുകൾക്ക് മനസ്സിലാകുന്ന നിലയിലാണ് പ്രതികരണങ്ങൾ ഉണ്ടാകുന്നത്. ഞാൻ അക്കാര്യം ബോധപൂർവം പറയാതെ ഇരുന്നതാണ്. രാഷ്ട്രീയബന്ധം പ്രത്യേക പാർട്ടിയുടെ എന്ന് ബോധപൂർവം പറയാതെ ഇരുന്നതാണ്. ചോദ്യോത്തര വേളയിൽ അക്കാര്യം പറയേണ്ട ആവശ്യമില്ലല്ലോ. ബഹുമാന്യനായ അംഗം പറയുന്നത് കേൾക്കുമ്പോൾ ആളുകൾക്ക് വ്യക്തമാകും. കൂടുതൽ വിശദീകരിക്കാൻ ആഗ്രഹിക്കുന്നില്ല.) ഈ സംസ്ഥാനങ്ങളിൽ നിന്നെല്ലാം കേരളത്തിലേക്ക് വരുന്ന സ്പിരിറ്റ് നിർമ്മിക്കുന്ന കമ്പനികൾക്ക് രാഷ്ട്രീയ ബന്ധം ഉള്ളതായിട്ടാണ് പറയപ്പെടുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, നമ്മുടെ അയൽ സംസ്ഥാനമായ കർണ്ണാടകയിൽ എത്ര മദ്യശാലകൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം ലഭ്യമാണോ, ലഭ്യമാണെങ്കിൽ എത്രയാണെന്ന വിവരം അറിയിക്കാമോ?

ശ്രീ. എം. ബി രാജേഷ്: സർ, അതിന്റെ വിശദമായ കണക്കുകൾ സംബന്ധിച്ച് മുമ്പ് ഒരിക്കൽ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. കേരളത്തിൽ ആകെ 359 എണ്ണമോ മറ്റോ ആണ് പ്രവർത്തിക്കുന്നത്. പ്രത്യേക ചോദ്യമായി ചോദിച്ചാൽ മാത്രമെ കൃത്യമായ കണക്ക് പറയാൻ കഴിയൂ. ഇവിടെ ഒരുലക്ഷത്തിലധികം പേർക്ക് ഒന്ന് എന്ന നിലയിലാണ് ബിവറേജസ് ഔട്ട്ലെറ്റ് ഉള്ളത്. എന്നാൽ കർണ്ണാടകയിൽ അത് 17000 പേർക്ക് ഒന്ന് നിലയിലാണുള്ളത്. അത്രയുമോ അതിൽ കൂടുതലോ ബിവറേജസ് ഔട്ട്ലെറ്റുകൾ തമിഴ്നാട്ടിലുണ്ട്. കർണ്ണാടകയിലും തമിഴ്നാട്ടിലും ഉള്ള ഔട്ട്ലെറ്റുകളുടെയും മദ്യവില്പനശാലകളുടെയും എണ്ണവും കേരളത്തിലുള്ളതും തമ്മിൽ വലിയ അന്തരമുണ്ട്. കേരളത്തിലാണ് ഏറ്റവും കുറവ് ബിവറേജസ് ഔട്ട്ലെറ്റുകളുള്ളത്. കർണ്ണാടക, തമിഴ്നാട് തുടങ്ങിയ അയൽ സംസ്ഥാനങ്ങളിലെ ബിവറേജസ് ഔട്ട്ലെറ്റുകളുടെ എണ്ണം വളരെ കൂടുതലാണ്.

ശ്രീ. പി. പി. സുമോദ്: സർ, കേരളത്തിൽ നിലവിലുള്ള മദ്യ

ഉൽപാദനശാലകൾ ആരംഭിച്ചത് ഏതൊക്കെ സർക്കാരുകളുടെ കാലത്താണ് എന്നതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ, അറിയിക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, മദ്യ ഉൽപാദനശാലകളുടെ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതെന്ന് കരുതുന്നു. മദ്യ ഉൽപാദനശാലകൾ വ്യത്യസ്ത സർക്കാരുകളുടെ കാലത്ത് കേരളത്തിൽ അനുവദിച്ചിട്ടുണ്ട്. ഈ മദ്യ ഉൽപാദനശാലകളൊന്നും അനുവദിച്ചിട്ടുള്ളത് ടെൻഡർ വിളിച്ചിട്ടല്ല എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പ്രത്യേക ചോദ്യമായി ചോദിച്ചാൽ മാത്രമെ ഏതെല്ലാം സർക്കാരുകളുടെ കാലത്താണ് ഡിസ്റ്റിലറികൾ, മദ്യ ഉൽപാദനശാലകൾ ആരംഭിച്ചിട്ടുള്ളതെന്ന് മറുപടി നൽകാനാകുകയുള്ളൂ. പക്ഷെ രണ്ട് സർക്കാരുകളുടെയും, കേരളം ഭരിച്ച പല സർക്കാരുകളുടെയും കാലത്ത് ഇത് അനുവദിച്ചിട്ടുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ബ്രൂവറി വിഷയവുമായി ബന്ധപ്പെട്ട് ആദ്യം ആരോപണമുന്നയിക്കുന്നത് മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയാണ്. അതിനെ ഏറ്റുപിടിച്ചുകൊണ്ട് ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും യു.ഡി.എഫ്.-ഉം അതിനോടൊപ്പം ചേർന്നു. അത്തരം പരസ്യ സംവാദത്തിന് മന്ത്രി ക്ഷണിച്ചെങ്കിൽ ഇവർ ആരെങ്കിലും പോയോ എന്നതോ ഭക്ഷണം കഴിച്ചോ,

ചായ കുടിച്ചോ എന്നതല്ല എന്റെ ചോദ്യം. കിൻഫ്ര വാട്ടർ സപ്ലൈ സ്കീമിലുള്ള നിർദിഷ്ട പദ്ധതിയിൽനിന്ന് ജലം ലഭ്യമാക്കിയാൽ മലമ്പുഴയിലുള്ള നിലവിലുള്ള ജലത്തെ ഏതെങ്കിലും രീതിയിൽ ബാധിക്കുമോയെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, മലമ്പുഴയിൽനിന്ന് വ്യവസായ ആവശ്യത്തിന് വെള്ളം കൊടുക്കാൻ ഇപ്പോൾതന്നെ ധാരണ ആയിട്ടുണ്ട്. അത് 2016-ൽ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്ത് എടുത്ത തീരുമാനമാണ്. 10 MLD വെള്ളം എന്നുപറഞ്ഞാൽ പത്ത് ദശലക്ഷം ലിറ്റർ പ്രതിദിനം വ്യാവസായിക ആവശ്യത്തിന് കിൻഫ്രയ്ക്ക് കൊടുക്കാനാണ് തീരുമാനം. അന്നത്തെ തീരുമാനം ഇപ്പോൾ 10 MLD കൊടുക്കുകയും ആവശ്യമെങ്കിൽ പിന്നീട് വർധിപ്പിക്കുകയും ചെയ്യാമെന്നാണ്. നിലവിൽ മലമ്പുഴ ഡാമിലെ സംഭരണശേഷിയുടെ 13.19 ശതമാനം മാത്രമാണ് കാർഷിക, കുടിവെള്ള ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നത്. മലമ്പുഴയിൽ കഴിഞ്ഞ ഒരുദശകത്തിലേറെയായി വെള്ളത്തിന്റെ ക്ഷാമം ഉണ്ടായിട്ടില്ല. കാർഷിക, കുടിവെള്ള ആവശ്യങ്ങൾക്ക് സുലഭമായി തന്നെ വെള്ളം കൊടുക്കാൻ കഴിയുന്നുണ്ട്. അത്തരമൊരു ആശങ്കയ്ക്കും അടിസ്ഥാനമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രി ആദ്യം ഇതുസംബന്ധിച്ച് പറഞ്ഞത് വലിയതോതിലുള്ള ജി.എസ്.ടി. നഷ്ടം ഉണ്ടാകുമെന്നാണ്. ഇപ്പോൾ പറഞ്ഞത്, കേരളത്തിലേക്ക് കൊണ്ടുവരുന്ന സ്പിരിറ്റിന് ജി.എസ്.ടി. ഇല്ല. വ്യാവസായിക ആവശ്യത്തിനുവേണ്ടി ഉൽപാദിപ്പിക്കുന്ന എഥനോളിനാണ് ജി.എസ്.ടി. ഉള്ളത് എന്നാണ്. അത് വളരെ കുറച്ച് മാത്രമാണ് കേരളത്തിന് പുറത്തുനിന്ന് വരുന്നത്. അതിനുതന്നെ ഐ.ജി.എസ്.ടി. ലഭിക്കും. കാരണം അവിടെനിന്ന് വാങ്ങി ഇവിടെ കൊണ്ടുവന്ന് വിൽക്കുന്നതായിട്ടുള്ള രേഖ കാണിച്ചാൽ ഐ.ജി.എസ്.ടി. ലഭിക്കുന്നതാണ്. ഒരു രൂപപോലും ടാക്സ് ഇനത്തിൽ ഇതിന് നഷ്ടം വരുന്നില്ല. എന്റെ ചോദ്യം ഇവിടെ ബ്രൂവറി ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഒയാസിസ് കമ്പനിയുടെ അപേക്ഷ കിട്ടിയപ്പോൾ പറഞ്ഞത് ഇവർ ഐ.ഒ.സി.-യുടെ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച ലിസ്റ്റിൽപ്പെട്ടിട്ടുണ്ട്, അതുകൊണ്ടാണ് ഇവർക്ക് അംഗീകാരം നൽകിയതെന്നാണ്. ഈ അപേക്ഷ കൊടുക്കുന്നതിനുമുമ്പുതന്നെ അവർ എലപ്പുള്ളിയിൽ ഈ പ്ലാന്റ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള കുടിവെള്ളം തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അതായത് ഐ.ഒ.സി.-യിൽ അവർക്ക് ടെൻഡർ വയ്ക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയിൽനിന്നും ലെറ്റർ

വാങ്ങിച്ചാണ് ഇത് ചെയ്തതെന്നും ഈ അപേക്ഷ കൊടുക്കുന്നതിനുമുമ്പ് തന്നെ ഒയാസിസ് കമ്പനിക്കുവേണ്ടി സർക്കാർ ഈ ബ്രൂവറി ആരംഭിക്കുന്നതിനുവേണ്ടി വേറൊരു കമ്പനിയും അറിയാതെ കേരളത്തിൽ ചർച്ചകൾ ആരംഭിച്ചിട്ടുണ്ടെന്ന് പറയുന്നത് ശരിയാണോ?

(ശ്രീ. എം. ബി. രാജേഷ്)

P 03-03-2025
HS/LD(1)
09.20-09.30

(ചോദ്യം നമ്പർ *152 തുടർച്ച)

ശ്രീ. എം. ബി. രാജേഷ്: സർ, ഒന്നാമത്തെ കാര്യം ജി.എസ്.ടി.-യുമായി ബന്ധപ്പെട്ടതാണ്. മദ്യ നിർമ്മാണത്തിനുള്ള എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന് മാത്രമാണ് ജി.എസ്.ടി. ഇല്ലാത്തത്. അത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ശരിയാണ്. അതേസമയം എഥനോളിന് 5 ശതമാനം ജി.എസ്.ടി. ഉണ്ട്. കേന്ദ്രസർക്കാരിന്റെ എഥനോൾ ബ്ലെണ്ടിങ് പോളിസി പ്രകാരം 18 ശതമാനം ജി.എസ്.ടി. എന്നത് നിലവിൽ 5 ശതമാനമായി കുറച്ചതാണ്. കേരളത്തിലേക്ക് വരുന്ന എഥനോളിന്റെ അളവ് താരതമ്യേന കുറവാണെന്ന് അദ്ദേഹം പറഞ്ഞത് വസ്തുതാപരമായ തെറ്റാണ്, നേരെ തിരിച്ചാണ് സംഭവിക്കുന്നത്. മദ്യനിർമ്മാണത്തിന് ആവശ്യമായി

വരുന്ന എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോളിന്റെ മൂന്നിരട്ടി എഥനോൾ കേരളത്തിലേക്ക് 4 പെട്രോളിയം കമ്പനികൾ മാത്രം ഇറക്കുമതി ചെയ്യുന്നുണ്ട്. 4 എണ്ണത്തിന്റെ വിവരം മാത്രമാണ് നമ്മുടെ കൈവശമുള്ളത്. മദ്യത്തിന് ആവശ്യമായ എക്സ്ട്രാ ന്യൂട്രൽ ആൽക്കഹോൾ വന്നത് 9.21 കോടി ലിറ്ററാണ്. ഇൻഡസ്ട്രിയൽ ആവശ്യത്തിനായി കേരളത്തിലേക്ക് ഇറക്കുമതി ചെയ്ത എഥനോൾ 30.26 കോടി ലിറ്ററാണ്. വസ്തുതാപരമായി അദ്ദേഹം പറഞ്ഞത് ശരിയല്ല. 5 ശതമാനം ജി.എസ്.ടി.-യുള്ള എഥനോൾ ഇറക്കുമതി ചെയ്യുമ്പോൾ കേരളത്തിന് 100 കോടിയിലധികം രൂപ ജി.എസ്.ടി. ഇനത്തിൽ നഷ്ടമാകുന്നു. ഇത് ഒരു conservative figure ആണ്. മാത്രമല്ല 2030-ൽ ബ്ലണ്ടിങ് 25 ശതമാനമാക്കണമെന്നത് കേന്ദ്രസർക്കാരിന്റെ നയമാണ്. Conservative estimate അനുസരിച്ച് നിലവിലെ 30 കോടി ലിറ്റർ എന്നത് 75 കോടി ലിറ്റർ എങ്കിലും കേരളത്തിലേക്ക് ഇറക്കുമതി ചെയ്യേണ്ടതായി വരും. കേരളത്തിന് 6000 മുതൽ 10000 കോടി വരെയുള്ള ഒരു ബിസിനസ്സ് നഷ്ടപ്പെടുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ അവസരം ഉപയോഗിക്കാൻ തന്നെയാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്, അത് നഷ്ടപ്പെടുത്തേണ്ട കാര്യമില്ല. അങ്ങനെ

ചെയ്തില്ലെങ്കിൽ കേരളത്തിന് വരുമാന നഷ്ടമുണ്ടാകും. കേരളത്തിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് മാത്രമല്ല ഇവിടെനിന്നും മദ്യം കയറ്റുമതി ചെയ്യുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തണമെന്ന നിലപാട് കൂടി ഇക്കാര്യത്തിൽ സർക്കാരിനുണ്ട്.

അദ്ദേഹം പറഞ്ഞ മറ്റ് കാര്യങ്ങൾ സഭയ്ക്ക് പുറത്ത് രാഷ്ട്രീയ ആരോപണമായി ഉന്നയിച്ചിട്ടുള്ളതാണ്. ഈ ഗവൺമെന്റ് 2022-23-ലെ മദ്യ നയത്തിന്റെ ആമുഖത്തിൽ കേരളത്തിന് ആവശ്യമായ വിദേശമദ്യം ഇവിടെ നിർമ്മിക്കുന്നതിനും സ്പിരിറ്റ്, എഥനോൾ എന്നിവ ഇവിടെ ഉൽപാദിപ്പിക്കുകയും ചെയ്യുമെന്ന നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. 2023-24-ലെ മദ്യനയത്തിന്റെ ഖണ്ഡിക 24-ൽ വളരെ വ്യക്തമായി ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഡിസ്റ്റിലറികൾ, ബ്രൂവറികൾ, എഥനോൾ നിർമ്മാണ പ്ലാന്റ്, സ്പിരിറ്റ് നിർമ്മാണ പ്ലാന്റ് എന്നിവ അനുവദിക്കുന്നതും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം ഉൽപാദിപ്പിച്ച് കയറ്റുമതി ചെയ്യുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതും ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും അതിൽ സുതാര്യമായി പറഞ്ഞിട്ടുണ്ട്. മറ്റാരും അറിയാതെ ടി കമ്പനിയുമായി മാത്രം ചർച്ച നടത്തി എന്നാണ് പ്രതിപക്ഷനേതാവ് പറയുന്നത്. നയത്തിലെ ഈ മാറ്റം ആദ്യം അറിഞ്ഞത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും

അദ്ദേഹത്തിന്റെ പിന്നിലിരിക്കുന്ന ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവും ആണെന്ന് പ്രതിപക്ഷം മറന്നുപോയതിന് ഞങ്ങൾക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല. അവരുടെ പ്രസ്താവനയാണ് ആദ്യം വന്നത്. കേരളത്തിലെ മാധ്യമങ്ങളിൽ എല്ലാം ഈ നയം വലിയ തലക്കെട്ടായിരുന്നു. കാരണം അത് ഞങ്ങൾ പ്രഖ്യാപിച്ച പ്രധാനപ്പെട്ട നയം മാറ്റമാണ്. ആ നയം മാറ്റം പ്രധാനപ്പെട്ട തലക്കെട്ടായി എല്ലാ മാധ്യമങ്ങളിലും വന്നു. ബഹുമാന്യരായ രണ്ട് നേതാക്കളുടെയും അതിനെതിരായുള്ള പ്രസ്താവനയും വന്നിരുന്നു. ആ പ്രസ്താവന നടത്തിയവർ ഈ നയം മാറ്റം ആരും അറിഞ്ഞില്ലെന്നും അത് അതീവ രഹസ്യമായിട്ട് നടപ്പിലാക്കിയെന്നുമാണ് പറയുന്നത്. രണ്ടാമത്തെ കാര്യം, ഒയാസിസ് കമ്പനിയുമായി സർക്കാർ ഒരു ചർച്ചയും നടത്തിയിട്ടില്ല എന്നതാണ്. ഒയാസിസ് കമ്പനി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് അപേക്ഷ നൽകുകയും ആ അപേക്ഷ സർക്കാരിന്റെ മുന്നിൽവന്നപ്പോൾ പത്ത് ഘട്ടങ്ങളിലുള്ള പരിശോധന നടത്തുകയും എല്ലാ കാര്യങ്ങളിലും വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്. ഒരു ഘട്ടത്തിൽ ഈ ശിപാർശ സർക്കാരിന്റെ മുന്നിൽ വന്നപ്പോൾ, വെള്ളത്തിന്റെ സ്രോതസ്സ് എന്താണെന്നതിനും വെള്ളം കണ്ടെത്തുന്നത് എങ്ങനെയാണെന്നതിനും വ്യക്തമായ ശിപാർശയുണ്ടാകണമെന്ന് ആവശ്യപ്പെട്ട് തിരിച്ചയയ്ക്കുകയും

അക്കാര്യത്തിൽ വ്യക്തമായ ശിപാർശ സഹിതം പുനഃസമർപ്പിക്കുകയും ചെയ്തു. അങ്ങേയറ്റം സുതാര്യമായിട്ടാണ് കാര്യങ്ങൾ ചെയ്തത്. ഈ സർക്കാരിന് നയം നടപ്പാക്കാനുള്ള mandate ഉണ്ട്. അത് ജനങ്ങൾ നൽകിയിട്ടുള്ള mandate ആണ്. സർക്കാർ നയത്തിൽ പ്രഖ്യാപിച്ച കാര്യം നിയമപരമായും സുതാര്യമായും നടപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. എ. പ്രഭാകരൻ: സർ, കോൺഗ്രസിനും ബി.ജെ.പി.-ക്കും അല്ലാതെ ആ നാട്ടിൽ ആർക്കും ഈ ബ്രൂവറി വരുന്നതിൽ എതിർപ്പില്ല. ആ വിഷയത്തെ സംബന്ധിച്ച് വസ്തുത എന്തെങ്കിലും മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എം. ബി. രാജേഷ്: സർ, അദ്ദേഹം ആ പ്രദേശത്തെ എം.എൽ.എ. ആണ്. പ്രതിഷേധമുണ്ടെങ്കിൽ ഏറ്റവും ആദ്യം നേരിടേണ്ടിവരുന്നത് അവിടുത്തെ എം.എൽ.എ. ആണ്.

മി. സ്പീക്കർ: അതുകൊണ്ടാണ് അദ്ദേഹത്തിന് അവസരം നൽകിയത്.

ശ്രീ. എം. ബി. രാജേഷ്: സർ, അദ്ദേഹം പറയുന്നതാണ് ആധികാരികമായി സ്വീകരിക്കേണ്ടത്. സർക്കാരിന്റെ നയമാണ് കേരളത്തിൽ ഡിസ്റ്റിലറികൾ, എഥനോൾ, വ്യാവസായിക ആവശ്യത്തിനുള്ള സ്പിരിറ്റ് എന്നിവ ഉൽപാദിപ്പിക്കണമെന്നത്. മറ്റ് സ്ഥലങ്ങളിലും അപേക്ഷയുമായി കൂടുതൽ സംരംഭകർ വന്നാൽ അത് നിയമാനുസൃതം

പരിഗണിക്കുമെന്ന് ഞാൻ നേരത്തെ വ്യക്തമാക്കിയിരുന്നു. കർണ്ണാടകയിൽനിന്ന് ചില കമ്പനികളുടെ പേര് കേട്ടല്ലോ. അവർ അപേക്ഷ സമർപ്പിച്ചാൽ സുതാര്യമായി നിയമാനുസൃതം പരിശോധിക്കുകയും പരിഗണിക്കുകയും ചെയ്യും എന്നതാണ് സർക്കാരിന് ഇക്കാര്യത്തിലുള്ള നയം. ആ പ്രദേശത്തെ ജനങ്ങളുടെ എതിർപ്പില്ല. ഇക്കാര്യത്തിൽ ആകെയുണ്ടായിരുന്ന ആശങ്ക വെള്ളത്തിന്റെ കാര്യത്തിലായിരുന്നു. മലമ്പുഴ ഡാമിൽനിന്ന് ഇതിനുവേണ്ടിവരുന്ന വെള്ളം പൂർണ്ണമായി ആവശ്യം വരില്ല. ഈ പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചാൽ 5 ലക്ഷം ലിറ്ററാണ് പ്രതിദിനം ആവശ്യമായി വരുന്നത്. കിൻഫ്രയ്ക്ക് 10 ദശലക്ഷം ലിറ്ററാണ് നൽകുന്നത്. അതിൽനിന്ന് പൂർണ്ണമായി 5 ലക്ഷം ലിറ്റർ ഈ പ്ലാന്റിന് ആവശ്യമായി വരില്ല. പകരം മഴവെള്ള സംഭരണിയിലൂടെയും വെള്ളം സമാഹരിക്കുന്നുണ്ട്. അന്ന് ഒരു ആശങ്ക സൃഷ്ടിക്കപ്പെട്ടിരുന്നു. മഴനിഴൽ പ്രദേശത്ത് മഴവെള്ള സംഭരണം സാധ്യമല്ല എന്ന വാദം ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ഉയർത്തി. (അദ്ദേഹം ചിരിക്കുന്നുണ്ട്, അതോർത്താണ് ചിരിക്കുന്നതെന്നാണ് ഞാൻ വിചാരിക്കുന്നത്.) അങ്ങനെ ഒരു ആക്ഷേപം അദ്ദേഹം ഉയർത്തി. മഴവെള്ള സംഭരണം എങ്ങനെയാണ് അവിടെ സാധ്യമാകുകയെന്ന് കാണുന്നതിനുവേണ്ടി ഞാൻ അദ്ദേഹത്തെ

ക്ഷണിച്ചിരുന്നു. 2500 അധ്യാപകരും അനധ്യാപകരും ഉള്ള ധാരാളം കുട്ടികൾ പഠിക്കുന്ന അവിടത്തെ ഒരു സ്ഥാപനത്തിൽ 15 മഴവെള്ള സംഭരണികളാണുള്ളത്. 33 കോടി ലിറ്ററാണ് അവിടെ സംഭരിക്കുന്നത്. അങ്ങ് വന്നിരുന്നെങ്കിൽ നമുക്ക് ഒന്നിച്ചുപോയി കാണാമായിരുന്നു. അങ്ങ് തെറ്റിദ്ധാരണകൊണ്ട് പറഞ്ഞതായിരിക്കാം, അങ്ങ് ദുരുദ്ദേശ്യമുള്ളയാൾ അല്ലെന്ന് എനിക്കറിയാം. തെറ്റിദ്ധാരണകൊണ്ട് പറഞ്ഞത് മാറ്റാനുള്ള അവസരമാണ് നഷ്ടപ്പെടുത്തിയതെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഇതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ പ്രതിഷേധങ്ങളില്ലെന്ന് പറയുന്നത് ശരിയല്ല, എല്ലാവരും കാണുന്നതല്ലേ, അതിശക്തമായ പ്രതിഷേധമുണ്ട്. എന്റെ ചോദ്യം, നിങ്ങൾ അനുവാദം കൊടുത്തിട്ടുള്ള ഒയാസിസ് കമ്പനി 2022-ൽ അനുമതി തേടി അപേക്ഷ നൽകിയപ്പോൾ ഗവൺമെന്റിന് അത് നിഷേധിക്കേണ്ടിവന്നു. എന്നാൽ അവരുടെ സമ്മർദഫലമായി പിന്നീട് മദ്യനയത്തിൽ മാറ്റം വരുത്തി. നിരവധി ആക്ഷേപങ്ങളുള്ള ടി കമ്പനിക്കുവേണ്ടി പാർലമെന്റ് അംഗങ്ങൾ വരെ ചില രാഷ്ട്രീയ ബന്ധങ്ങളുടെ പേരിൽ ഇവിടെ വരികയും അപ്പുറത്തിരിക്കുന്നവരുമായി ചർച്ച ചെയ്തെന്നും ടി കമ്പനിക്കുവേണ്ടിയാണ് മദ്യനയത്തിൽ മാറ്റം വരുത്തിയതെന്നുമുള്ള

വാർത്തകൾ നിലനിൽക്കുന്ന പശ്ചാത്തലത്തിൽ അതിനെക്കുറിച്ചുള്ള കാര്യങ്ങൾ വ്യക്തമാക്കാമോ?

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, അദ്ദേഹം നേരിട്ടുള്ള രാഷ്ട്രീയമായ ചോദ്യമാണ് ഇവിടെ ഉന്നയിച്ചത്. ഒന്നാമത്തെ കാര്യം അദ്ദേഹത്തോട് വ്യക്തമാക്കട്ടെ, ഈ മറുപടിയിൽ തന്നെ രേഖാമൂലം പറഞ്ഞിട്ടുള്ളത്, 2022-ൽ അല്ല 2023 നവംബർ 30-നാണ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുള്ളതെന്നാണ്. എല്ലാ പരിശോധനകളും നടത്തി 16-02-2025-നാണ് അതിന് അനുമതി കൊടുക്കുന്നത്. എല്ലാ നിബന്ധനകളും പാലിക്കണമെന്ന വ്യവസ്ഥയോടെ പ്രാരംഭാനുമതിയാണ് കൊടുത്തിട്ടുള്ളത്. അദ്ദേഹം രാഷ്ട്രീയപരമായ ആരോപണങ്ങൾ ഉന്നയിച്ചു. ആ ആരോപണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ആരോപണം ഇവിടെ ഉന്നയിച്ചില്ല. എന്തായിരുന്നു ഏറ്റവും പ്രധാനപ്പെട്ട ആരോപണം, തെലങ്കാനയിൽനിന്നുള്ള മുൻ മുഖ്യമന്ത്രിയുടെ മകൾ കേരളത്തിൽ വന്നു, (പരോക്ഷമായിട്ടാണ് പറഞ്ഞത് എന്തിനാണ് മറച്ചുവയ്ക്കുന്നത്, നിങ്ങളെല്ലാം ഉന്നയിച്ച ആക്ഷേപമല്ലേ) ഞാനും അവരും ഒരു പരിപാടിയിൽ ഒരുമിച്ച് പങ്കെടുത്തു. നിയമസഭയുടെ പരിപാടിയിലാണ്, നിയമസഭയെക്കൂടി ഇതിലേക്ക് വലിച്ചിഴച്ചു. അന്ന് പ്രതിപക്ഷനേതാവ് ഉന്നയിച്ച ഒരു ചോദ്യം,

അവർ എവിടെയാണ് താമസിച്ചതെന്ന് അന്വേഷിക്കണമെന്നാണ്. ഇപ്പോഴും അന്വേഷിക്കണോ, അന്വേഷിക്കണമെങ്കിൽ വിരോധമില്ല, ഈ അഭിപ്രായം ഇപ്പോഴും നിങ്ങൾക്ക് ഉണ്ടോ, രാഷ്ട്രീയമായ ദുരാരോപണങ്ങൾ ഏതറ്റംവരെ പോകും എന്നതിന്റെ ഒരു തെളിവായിരുന്നല്ലോ അത്. പ്രതിപക്ഷനേതാവിനെ സഹായിക്കുന്നതിനുവേണ്ടി ഒരു പത്രം വലിയ പ്രാധാന്യത്തോടെ ആ വാർത്ത പ്രസിദ്ധീകരിച്ചു. അസ്വസ്ഥരായിട്ട് കാര്യമില്ല, ചോദിച്ചാൽ മറുപടി ലഭിച്ചിരിക്കും. മറുപടി കിട്ടാനല്ലേ ചോദ്യം, നല്ല മറുപടി ലഭിച്ചിരിക്കും. അങ്ങനെ ഒരാൾ ഇവിടെ വന്നിട്ടേയില്ല എന്നുള്ളത്. ഇനി വന്നുവെന്ന് കരുതുക, അന്ന് സഭയിൽ ഞാൻ എവിടെയാണ് ഇരുന്നിരുന്നതെന്ന് അങ്ങേക്കറിയാമല്ലോ. 2022 മേയ് മാസത്തിലെ കാര്യമാണിത്. അന്ന് ഞാൻ അങ്ങയുടെ സീറ്റിലാണ് ഇരുന്നിരുന്നത്, അന്ന് ബഹുമാനപ്പെട്ട ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ആണ് എക്സൈസ് വകുപ്പുമന്ത്രി. അദ്ദേഹം സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി ആയത് അതുംകഴിഞ്ഞ് അഞ്ചുമാസം കഴിഞ്ഞാണ്. അപ്പോൾ ത്രികാലജ്ഞാനം വേണം. അദൃശ്യയായിട്ട് ഇനി വന്നിട്ടുണ്ടെങ്കിൽ തന്നെ അദൃശ്യയായിട്ട് വേണമല്ലോ വരാൻ, ഇവിടെ വന്നിട്ടില്ല. കോടിയേരി ബാലകൃഷ്ണൻ രോഗബാധിതനായി മരിക്കുമെന്നും അപ്പോൾ ഗോവിന്ദൻ മാഷ്

എക്സൈസ് മന്ത്രിസ്ഥാനം ഉപേക്ഷിച്ച് സംസ്ഥാന സെക്രട്ടറിയാകുമെന്നും അങ്ങനെ മാറിയാൽ ശ്രീ. എം. ബി. രാജേഷ് മന്ത്രിയാകുമെന്നും എക്സൈസ് വകുപ്പ് തന്നെ ലഭിക്കുമെന്നും ആറ് മാസംമുമ്പ് മനസ്സിലാക്കാനുള്ള ത്രികാലജ്ഞാനം ഉണ്ടാകണം. ഇതാണ് ആരോപണങ്ങളുടെ സ്വഭാവം.

(ശ്രീ. രമേശ് ചെന്നിത്തല)

P-03-03-2025 AK-SR (1) 9.30-9.40 bc

(ചോദ്യം നമ്പർ *152 തുടർച്ച......)

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയിൽനിന്നും ഞങ്ങൾ ഇത് പ്രതീക്ഷിച്ചില്ല. അദ്ദേഹം മന്ത്രിയാകുമ്പോഴെങ്കിലും ഇങ്ങനെയുള്ള നടപടികളുണ്ടാകുമെന്ന് പ്രതീക്ഷിച്ചില്ല. പ്ലാച്ചിമടയിലെ കൊക്ക-കോള കമ്പനിയെ പൂട്ടിച്ചതും സമരം ചെയ്തതും ആരായിരുന്നു; അവിടെ ഉന്നയിച്ച വാദം എന്തായിരുന്നു? ആ പ്രദേശം മഴനിഴൽ പ്രദേശമാണെന്നും കുടിവെള്ളത്തിനും കൃഷിക്കുമാവശ്യമായ വെള്ളം ലഭിക്കുന്നില്ലെന്നും പറഞ്ഞ് സമരം ചെയ്തയാളുകൾ ഒയാസിസ് കമ്പനിക്കുവേണ്ടി ഇപ്പോൾ എന്ത് വാശിയോടെയാണ് സംസാരിക്കുന്നത്? ഈ വിഷയത്തിൽ എനിക്ക് ദുഃഖമുണ്ട്. തൊട്ടടുത്തുള്ള മലബാർ ഡിസ്റ്റിലറീസ് മൂന്ന് വർഷമായി പണമടച്ച്

വെള്ളം ലഭിക്കുന്നതിനുവേണ്ടി കാത്തിരിക്കുകയാണ്. വെള്ളം നൽകിയിരുന്നുവെങ്കിൽ മദ്യം ഉൽപാദിപ്പിക്കാൻ കഴിയുമെന്നാണ് അവർ പറയുന്നത്. മൂന്ന് വർഷമായി പണമടച്ച് വെള്ളത്തിന് കാത്തിരിക്കുന്ന മലബാർ ഡിസ്റ്റിലറീസ് എന്ന തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ സ്വന്തം കുഞ്ഞിനെ നോക്കാതെ വല്ലവരുടെയും കുഞ്ഞിനെ നോക്കുന്ന ഈ നിലപാട് ശരിയാണോ? മാത്രമല്ല, എന്നെക്കുറിച്ച് പരാമർശിച്ച ഒന്നുരണ്ടുകാര്യങ്ങൾ കൂടിയുണ്ടല്ലോ; പാലക്കാടുള്ള അഹല്യയെന്ന വിദ്യാഭ്യാസ സ്ഥാപനം എത്ര കോടി രൂപ മുടക്കിയാണ് മഴക്കുഴികൾ നിർമ്മിച്ചത്. 26 ഏക്കർ സ്ഥലത്ത് അവർക്ക് അത് നിർമ്മിക്കാൻ കഴിയുമോ? 600 ഏക്കർ സ്ഥലത്താണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. 26 ഏക്കർ ഭൂമിയിൽ വളരെയധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന അഹല്യയിൽ നിരവധി ഏക്കർ ഭൂമി ഇനിയും ഭൂപരിഷ്കരണ നിയമത്തെ ലംഘിച്ചുകൊണ്ട് ഭൂമിയായി കൺവെർട്ട് ചെയ്യുകയും വേണം. അങ്ങനെയുള്ള ഒരു സ്ഥലത്ത് വെള്ളം കൊടുക്കുമെന്നാണ് പറയുന്നത്.

<u>മി. സ്പീക്കർ:</u> 2 മിനിട്ട് ആയി.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഞാൻ അവസാനിപ്പിക്കാം.

പാലക്കാട്ടുള്ള കർഷകർക്ക് വെള്ളം നൽകിയതിനുശേഷം മാത്രമെ വ്യവസായ ആവശ്യങ്ങൾക്കായി വെള്ളം നൽകാൻ പാടുള്ളൂവെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരു ഉത്തരവുണ്ട്. ഉമ്മൻചാണ്ടി കിൻഫ്രയ്ക്ക് വെള്ളം നൽകാൻ തയ്യാറായത് ബ്രൂവറി ഉണ്ടാക്കാനായിരുന്നില്ല. പാലക്കാട് കർഷകർ കൃഷിയാവശ്യത്തിനും അവിടത്തെ സാധാരണക്കാരായ ജനങ്ങൾ കുടിവെള്ളത്തിനുംവേണ്ടി ദാഹിക്കുമ്പോൾ ഒയാസിസ് കമ്പനിയെ ക്ഷണിച്ചുകൊണ്ട് 6 മദ്യ പ്ലാന്റുകൾ ആരംഭിക്കണമെന്നതിൽ ഗവൺമെന്റിന് ഇത്ര നിർബന്ധം എന്താണ്?

മി. സ്പീക്കർ: മുതിർന്ന അംഗങ്ങൾതന്നെ ചോദ്യം സ്റ്റേറ്റ്മെന്റ് ആക്കിയാൽ ചെയർ എന്തുചെയ്യും?

ശ്രീ. എം. ബി. രാജേഷ്: സർ, ബഹുമാനപ്പെട്ട അംഗം ആദ്യം കൊക്ക-കോള കമ്പനിയെക്കുറിച്ചും പ്ലാച്ചിമടയെക്കുറിച്ചും പറയുകയുണ്ടായി. ഞാൻ അങ്ങയെക്കുറിച്ച് നല്ലതുമാത്രമെ പറഞ്ഞിട്ടുള്ളൂ, എപ്പോഴും അങ്ങനെയേ പറയുകയുമുള്ളൂ. കൊക്ക-കോള കമ്പനി പൂട്ടിച്ചത് ഞങ്ങൾ തന്നെയാണ്. അങ്ങേയ്ക്കോ കോൺഗ്രസിനോ ഇക്കാര്യത്തിൽ ഒരു പങ്കുമില്ലാത്തതുകൊണ്ടാണ് എന്തിനാണ് സമരം നടത്തിയതെന്നതിനെ സംബന്ധിച്ച് അറിയാത്തത്. ബഹുമാനപ്പെട്ട ആലത്തൂർ അംഗം ശ്രീ. കെ.

ഡി. പ്രസേനൻ സെക്രട്ടറിയും ഞാൻ പ്രസിഡന്റുമായിരുന്ന ഡി.വൈ.എഫ്.ഐ.-യുടെ ജില്ലാ കമ്മിറ്റിയാണ് അന്ന് ആ സമരത്തിന് നേതൃത്വം നൽകിയത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉൾപ്പെടെയുള്ള ആളുകൾ അതിലുണ്ടായിരുന്നു. നിങ്ങൾക്ക് ഇതിനെക്കുറിച്ചൊരു ധാരണയുമില്ല, ഞങ്ങളൊക്കെ ആ കേസിൽ പ്രതികളായുള്ളവരാണ്. ഈ സംഭവം നടന്നത് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ നാട്ടിലായിരുന്നു. ഞങ്ങൾ എല്ലാവരും ആ സമരത്തിൽ ഉൾപ്പെട്ടിട്ടുള്ളതും അത് 100 ശതമാനം ശരിയുമായിരുന്നു. മഴനിഴൽ പ്രദേശമായതുകൊണ്ടല്ല ആ സമരം നടത്തിയത്. ആ സമരം ഭൂഗർഭ ജലചൂഷണത്തിനെതിരെയായിരുന്നു. ഗണ്യമായി ഭൂഗർഭ ജലചൂഷണം നടത്തി ഈ പ്രദേശം തരിശാക്കി. മാത്രമല്ല, കാഡ്മിയം ഉൾപ്പെടെയുള്ളവ പുറന്തള്ളി ആ ജലസ്രോതസ്സുകളെ മലിനമാക്കുകയും ചെയ്തു. ഈ രണ്ടുകാര്യങ്ങൾക്കെതിരെയാണ് സമരം നടത്തിയതും ആ സ്ഥാപനം പൂട്ടിച്ചതും. അതുകൊണ്ടാണ് ഇപ്പോൾ ഇതുസംബന്ധിച്ച ഫയൽ വന്നപ്പോൾ വെള്ളം എങ്ങനെകണ്ടെത്തുമെന്നും ഭൂഗർഭ ജലം എടുക്കാൻ ഉദ്ദേശമുണ്ടോയെന്നും വ്യക്തമാക്കാൻ ആവശ്യപ്പെട്ട് ആ ഫയൽ തിരിച്ചയച്ചത്. ഒരുതുള്ളി ഭൂഗർഭജലംപോലും ഊറ്റില്ലെന്ന്

ഉറപ്പുവരുത്തിയശേഷം മാത്രമെ നൽകിയിട്ടുള്ളൂ. അത് ഞങ്ങൾക്ക് ആ സമരത്തിന്റെയും കേസിൽ പ്രതികളായതിന്റെയും അനുഭവമുള്ളതുകൊണ്ടാണ്. അതുകൊണ്ട് അങ്ങയുടെ ആ ആശങ്ക ശരിയായിട്ടുള്ളതല്ല.

ബഹുമാനപ്പെട്ട അംഗം അഹല്യയുടെ മഴവെള്ള സംഭരണത്തിന്റെകാര്യം പറയുകയുണ്ടായി. അഹല്യയിൽ 15 മഴവെള്ള സംഭരണികളുണ്ട്. വാട്ടർ അതോറിറ്റിയുടെ കണക്ഷനോ വെള്ളത്തിനായി മറ്റ് യാതൊരു സ്രോതസ്സുകളോ ഇല്ലാത്ത അവർ പൂർണ്ണമായും അതിൽനിന്നാണ് വെള്ളത്തിന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നത്. പ്രതിദിനം ഏകദേശം 7-നും 10-നും ഇടയിൽ ലക്ഷം ലിറ്റർ വെള്ളമാണ് ആവശ്യമായി വരുന്നതെന്നാണ് അവർ പറഞ്ഞിട്ടുള്ളത്. നമ്മൾ ഒരുമിച്ച് അവിടെ പോയിരുന്നെങ്കിൽ ഇക്കാര്യങ്ങൾ നമുക്ക് ഒരുമിച്ചുതന്നെ മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. ഇവിടെ 5 ലക്ഷം ലിറ്റർ വെള്ളം മാത്രമാണ് ആവശ്യമായി വരുന്നത്. ഇതിൽ ഒരു പങ്ക് നൽകുന്നത് അങ്ങയുടെ ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ തീരുമാനപ്രകാരം കിൻഫ്രയിൽനിന്നും ബാക്കിയുള്ളത് മഴവെള്ള സംഭരണത്തിൽനിന്നുമാണ്. സർക്കാരിന് ഇക്കാര്യത്തിൽ എന്താണ് ഇത്ര വാശിയെന്ന് അദ്ദേഹം ചോദിക്കുന്നു,

സർക്കാരിന്റെ നിലപാട് വ്യക്തമാക്കിയതാണ്. ഇവിടെ തൊഴിലവസരങ്ങളും വ്യവസായങ്ങളും നിക്ഷേപങ്ങളും കൊണ്ടുവന്ന് സംസ്ഥാനത്തിന് വരുമാനമുണ്ടാക്കണമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇപ്പോൾ ഇവിടെയെല്ലാം പുറത്തുനിന്നും വരുകയാണ്. കേരളത്തിലേയ്ക്കുള്ള സ്പിരിറ്റ് പൂർണ്ണമായും കർണാടക, മഹാരാഷ്ട്ര എന്നിവിടങ്ങളിൽനിന്നുംതന്നെ കൊണ്ടുവരണമെന്ന് നിങ്ങൾക്ക് എന്താണ് ഇത്ര വാശി എന്നതാണ് എന്റെ ചോദ്യം.

(ചോദ്യം നമ്പർ *153)

P-03-03-2025 AK-SR (1) 9.30-9.40 ബി.സി

**കാൻസർ രോഗത്തിന് വിദഗ്ധ ചികിത്സ**

3 (*153) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>:

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:

<u>ശ്രീ . കെ .ഡി .പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗം പ്രാരംഭത്തിലേ കണ്ടെത്തി വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതിനായി നടത്തിവരുന്ന നിരന്തരമായ സ്ക്രീനിങ്ങിന്റെ ഫലമായി രോഗലക്ഷണമുള്ള കൂടുതൽപേരെ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് കൂടുതൽ സർക്കാർ ആശുപത്രികളിലേക്ക് ചികിത്സാ സൗകര്യങ്ങൾ വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാർ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും തലശ്ശേരി മലബാർ കാൻസർ സെന്ററിലും എന്തെല്ലാം നൂതന ചികിത്സാ സംവിധാനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആൻഡ് റിസർച്ച് ആയി ഉയർത്തുന്ന നടപടികൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, (എ) ഉണ്ട്. നേരത്തെ കണ്ടെത്താൻ സാധിക്കുന്ന മൂന്ന് പ്രധാന കാൻസറുകളുടെ സ്ക്രീനിങ് പ്രാഥമിക ആരോഗ്യതലം മുതൽ

നടത്തുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ജനസംഖ്യാധിഷ്ഠിതമായി നടത്തുന്ന ജീവിത ശൈലി രോഗ നിർണയ സർവെയിലൂടെ കാൻസർ രോഗലക്ഷണങ്ങളുള്ള ആളുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുകയും സ്തനാർബുദം, വദനാർബുദം, ഗർഭാശയഗളാർബുദം എന്നീ കാൻസറുകൾക്കുള്ള പ്രാഥമിക സ്ക്രീനിങ്ങിന് വിധേയരാക്കുകയും ചെയ്യുന്നു. ഇതിലൂടെ നിരവധി പേർക്ക് കാൻസർ രോഗം സംശയിക്കപ്പെട്ടതിനെത്തുടർന്ന് സ്ഥിരീകരണത്തിനായി മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്തിട്ടുണ്ട്. സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച "ആരോഗ്യം ആനന്ദം അകറ്റാം അർബുദം" എന്ന ബൃഹത് കാമ്പയിനിലൂടെ ഇതുവരെ അഞ്ച് ലക്ഷത്തോളം പേരെ പ്രാഥമിക കാൻസർ സ്ക്രീനിങ്ങിന് വിധേയമാക്കിയിട്ടുണ്ട്. ഇതിൽനിന്നും 26000-ഓളം പേരെ കാൻസർ രോഗ സംശയത്തെത്തുടർന്ന് തുടർ പരിശോധനകൾക്കായി റഫർ ചെയ്തിട്ടുണ്ട്. 85 പേർക്ക് രോഗം സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട് (ഇന്ന് രാവിലെ അത് 88 ആയിട്ടുണ്ട്). സർക്കാർ ആശുപത്രികൾക്ക് പുറമെ സ്വകാര്യ ആശുപത്രികളെയും സന്നദ്ധ സംഘടനകളെയും ഈ കാമ്പയിന്റെ ഭാഗമാക്കിയിട്ടുണ്ട്. വിവിധ വനിതാ സംഘടനകളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും കുടുംബശ്രീ, റസിഡൻസ് അസോസിയേഷൻ

ഉൾപ്പെടെയുള്ള സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടുകൂടി ഒരു ബൃഹത്തായ ജനകീയ കാമ്പയിനാണ് സർക്കാർ നടപ്പാക്കിവരുന്നത്.

ഇന്ന് കണ്ടുവരുന്ന പ്രധാനപ്പെട്ട കാൻസറുകളായ സ്തനാർബുദം, ഗർഭാശയഗളാർബുദം, വദനാർബുദം എന്നിവ രോഗലക്ഷണങ്ങൾ പ്രകടമല്ലാത്തവരിൽ, സ്ക്രീനിങ് പരിശോധനയിലൂടെ നേരത്തെ കണ്ടുപിടിക്കാവുന്നതാണ്. ആർ.സി.സി.-യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ കാൻസർ സ്ക്രീനിങ് ഒ.പി. ആഴ്ചയിൽ രണ്ട് ദിവസവും അതിലുപരിയായി വിവിധ സ്ഥലങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചും നടത്തിവരുന്നുണ്ട്. ഗർഭാശയ ഗളാർബുദം, വദനാർബുദം എന്നിവയിൽ കാൻസറിന്റെ ലക്ഷണങ്ങൾ (Precancerous) പരിശോധനയിലൂടെ കണ്ടെത്താൻ കഴിയുന്നുണ്ട്. ഇവയെ തുടർച്ചയായി നിശ്ചിത കാലയളവിൽ നിരീക്ഷിക്കാനും എന്തെങ്കിലും വ്യത്യാസം ക്ലിനിക്കൽ പരിശോധനയിലോ കോശപരിശോധനയിലോ വന്നിട്ടുണ്ടോയെന്ന് മനസിലാക്കാനും സാധിക്കും. സ്തനാർബുദ നിർണ്ണയത്തിൽ ക്ലിനിക്കൽ പരിശോധനയ്ക്ക് പുറമെ ഡോക്ടറുടെ നിർദേശാനുസരണം തുടർ പരിശോധനകൾ, ഡോക്ടറുടെ നിരീക്ഷണം

എന്നിവ നിശ്ചിത കാലയളവിൽ നടത്തേണ്ടതാണ്. ഇതിനുള്ള സംവിധാനം ആർ.സി.സി.-യിൽ ലഭ്യമാണ്. സ്ക്രീനിങ്ങിലൂടെ മേൽപ്പറഞ്ഞ കാൻസറുകൾ നേരത്തെ കണ്ടുപിടിക്കാൻ സാധിച്ചിട്ടുണ്ട്. ആർ.സി.സി-യുടെ കൊല്ലം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള പെരിഫെറൽ സെന്ററുകളിലും ഈ സേവനം ലഭ്യമാണ്. "ആരോഗ്യം ആനന്ദം അകറ്റാം അർബുദം" എന്ന സംസ്ഥാന സർക്കാരിന്റെ ജനകീയ കാമ്പയിനിലൂടെ സ്ക്രീനിങ് സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും ആർ.സി.സി., എം.സി.സി., സി.സി.ആർ.സി. സെന്ററുകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടന്നുവരികയാണ്. മുൻകൂർ രോഗനിനിർണ്ണയത്തിന്റെ പ്രാധാന്യം സമൂഹത്തിന്റെ എല്ലാ തട്ടുകളിലേക്കും എത്തിക്കാനും സ്ക്രീനിങ് പ്രോത്സാഹിപ്പിക്കാനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(ബി) സംസ്ഥാന ആരോഗ്യവകുപ്പിന് കീഴിലുള്ള എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കാൻസർ സ്ക്രീനിങ് നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള പരിശീലനം റീജിയണൽ കാൻസർ സെന്ററുകൾ വഴി ഡോക്ടർമാർ ഉൾപ്പെടുന്ന ആരോഗ്യവകുപ്പ് ജീവനക്കാർക്ക്

നൽകിയിട്ടുണ്ട്. പ്രധാനമായും സ്തനാർബുദം, വദനാർബുദം, ഗർഭാശയഗളാർബുദം എന്നീ കാൻസറുകൾക്കാണ് ആരോഗ്യകേന്ദ്രങ്ങളിലൂടെ സ്ക്രീനിങ് നടത്തപ്പെടുന്നത്. സംസ്ഥാന ആരോഗ്യവകുപ്പ് ആരംഭിച്ച വികേന്ദ്രീകൃത കാൻസർ ചികിത്സാ പദ്ധതിയിലൂടെ 25 ജില്ലാ ആശുപത്രികളിൽ കാൻസർ കെയർ ചികിത്സ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സൗകര്യങ്ങൾ ഈ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അതത് മേഖലകളിലെ റീജിയണൽ കാൻസർ സെന്ററുകളുമായി സഹകരിച്ചുകൊണ്ടാണ് ജില്ലാ കാൻസർ കെയർ സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്. ഇത് കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

കാൻസർ സ്ക്രീനിങ്ങിൽ രോഗം സംശയിക്കുന്നവർക്ക് തുടർ പരിശോധനകൾക്കായി ഹയർ സെന്ററുകളിലേക്ക് റഫർ ചെയ്യുന്നു. ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ത്രിതീയതല കാൻസർ സെന്ററുകൾ എന്നിവിടങ്ങളിൽ മാമോഗ്രാം, അൾട്രാസൗണ്ട് സ്കാൻ, പാപ്സ്മിയർ, കോൾപോസ്കോപ്പി, FNAC, ബയോപ്സി മുതലായ സൗകര്യങ്ങളും തുടർപരിശോധനകൾക്കായി ഒരുക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിലുള്ള ആശുപത്രികളെയും ഈ പരിപാടിയുടെ ഭാഗമാക്കിയിട്ടുണ്ട്.

ഇതിലൂടെ രോഗം സ്ഥിരീകരിക്കുന്നവരെ കാൻസർ രോഗ ചികിത്സയ്ക്കായി മെഡിക്കൽ കോളേജുകൾ, ത്രിതീയതല കാൻസർ സെന്ററുകൾ എന്നിവിടങ്ങളിലേക്ക് റഫർ ചെയ്ത് ചികിത്സ ഉറപ്പാക്കുന്നുണ്ട്.

മെഡിക്കൽ കോളേജുകളിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക കോർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. റേഡിയോതെറാപ്പി, ജനറൽ സർജറി, ഗൈനക്കോളജി, റേഡിയോ ഡയഗ്നോസിസ്, പത്തോളജി, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ വകുപ്പുതലവൻമാർ കമ്മിറ്റിയിൽ മെമ്പർമാരാണ്. കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നോഡൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. പ്രതിദിന അവലോകനം മെഡിക്കൽ കോളേജുകളിൽ നടന്നുവരുന്നുണ്ട്.

(സി) റീജിയണൽ കാൻസർ സെന്ററിൽ ആരംഭിച്ചിട്ടുള്ള നൂതന ചികിത്സാ സംവിധാനങ്ങളായ ന്യൂറോ എൻഡോക്രൈൻ ട്യൂമറും പ്രോസ്റ്റേറ്റ് കാൻസറും കണ്ടെത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് 50 ലക്ഷം രൂപ ചെലവിൽ ഗാലിയം ജനറേറ്റർ സ്ഥാപിച്ചു. അതിനൂതന

ചികിത്സാ രീതിയായ DOTADATE/PSMA സ്കാനുകളുടെ സഹായത്തോടെ കണ്ടുപിടിക്കുന്ന ന്യൂറോ എൻഡോക്രൈൻ/പ്രോസ്റ്റേറ്റ് കാൻസറുകൾക്ക് ലുട്ടീഷ്യം ചികിത്സ നൽകുന്ന സംവിധാനം K.S.I.D.C ധനസഹായത്തോടെ ആർ.സി.സി-യിൽ സജ്ജീകരിച്ചു.

പ്രോസ്റ്റേറ്റ് കാൻസർ ഉൾപ്പെടെ യൂറോ-ഓങ്കോളജി റേഡിയേഷൻ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് 'ഇറിഡിയം' ഉപയോഗിച്ച് ബ്രാക്കിതെറാപ്പി നൽകുന്ന സംവിധാനമായ യൂറോ-ബ്രാക്കിതെറാപ്പി യൂണിറ്റ് ബഹുമാനപ്പെട്ട മുൻ രാജ്യസഭാ എം.പി.-യായ ശ്രീ. സി. പി. നാരായണന്റെ വികസന ഫണ്ടിൽനിന്നും 2.60 കോടി ചെലവഴിച്ച് ആർ.സി.സി-യിൽ സജ്ജീകരിച്ചു.

പവർ ഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് 20 കോടി രൂപ ചെലവിൽ ഒരു റിങ് ഗാൻട്രി (ഹാൽസിയോൺ) ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചു.

നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന 3T MRI സ്കാൻ, 3D ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റ് എന്നിവ സ്ഥാപിച്ചു. MRI സ്കാൻ യൂണിറ്റിന് 19.5 കോടിയും 3D ഡിജിറ്റൽ മാമോഗ്രാഫി യൂണിറ്റിന് 2.5

കോടി രൂപയുമാണ് ചെലവ്. ഈ ഹൈടെക് ഉപകരണങ്ങൾ വഴി അതീവ കൃത്യതയോടെ വളരെ വേഗത്തിൽ രോഗനിർണ്ണയം നടത്താനും അങ്ങനെ കൃത്യസമയത്തുതന്നെ കൃത്യമായ ചികിത്സ നൽകാനും കഴിയും. പ്രോസ്റ്റേറ്റ് കാൻസർ, സ്തനാർബുദം എന്നിവ സൂക്ഷ്മമായി നിർണ്ണയിക്കുന്നതിനുള്ള പ്രത്യേക സംവിധാനം ഈ പുതിയ MRI യൂണിറ്റിലുണ്ട്. MRI സ്കാൻ ചെയ്യുമ്പോൾ ചിലർക്കെങ്കിലും ' ' ക്ലോസ്ട്രോഫോബിയ' ' ഉണ്ടാകാറുമുണ്ട്. ഇടുങ്ങിയ സ്ഥലത്തോടുള്ള ഭയമാണ് ക്ലോസ്ട്രോഫോബിയ എന്നറിയപ്പെടുന്നത്. MRI മെഷീന്റെ ഇടുങ്ങിയ കുഴലിൽ കിടന്ന് സ്കാൻ ചെയ്യാൻ ഭയപ്പെടുന്നവർക്ക് ആശ്വാസമാണ് ഈ പുതിയ മെഷീൻ. രോഗീ സൗഹൃദപരമായാണ് ഈ മെഷീൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. പ്രാരംഭദിശയിൽത്തന്നെ സ്തനാർബുദം കണ്ടുപിടിക്കാനുള്ള നൂതന സാങ്കേതിക വിദ്യ പുതിയ മാമോഗ്രാഫി യൂണിറ്റിൽ ഉണ്ട്. സാധാരണ മാമോഗ്രാമിൽ രണ്ട് ചിത്രങ്ങൾ ലഭിക്കുമ്പോൾ ഈ ഡിജിറ്റൽ മാമോഗ്രാമിൽ 15 ചിത്രങ്ങളാണ് ലഭിക്കുക. കേരളത്തിൽ ആദ്യമായാണ് ഇത്തരമൊരു മാമോഗ്രാഫി യൂണിറ്റ്.

അതുപോലെതന്നെ 1.32 കോടി രൂപ ചെലവിൽ ഇവിടെ സജ്ജമാക്കിയിട്ടുള്ള ഹൈപെക് ചികിത്സാ സംവിധാനം മറ്റൊരു

മുന്നേറ്റമാണ്. ശസ്ത്രക്രിയ വഴി ട്യൂമർ നീക്കം ചെയ്തതിനുശേഷം വയറ്റിനുള്ളിൽ കീമോതെറാപ്പി മരുന്ന് ഒരു പ്രത്യേക താപനിലയിൽ നിറയ്ക്കുന്ന ചികിത്സയാണിത്. ഈ ചികിത്സാവിധി നിരീക്ഷിക്കാനും മരുന്നിന്റെ ഊഷ്മാവ് നിയന്ത്രിക്കാനുമൊക്കെയുള്ള സംവിധാനം ഈ പുതിയ ഉപകരണങ്ങളിലുണ്ട്. പണ്ട് ചികിത്സിച്ച് ഭേദമാക്കാൻ കഴിയാതിരുന്ന പല കാൻസറുകളും ഫലപ്രദമായി ചികിത്സിക്കാൻ ഈ ആധുനിക ചികിത്സാ സങ്കേതങ്ങൾ ഉപയോഗപ്പെടുന്നുവെന്നത് ആശ്വാസകരമായ കാര്യമാണ്.

അതിനൂതനമായ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള ക്ലിനിക്കൽ ലബോറട്ടറി ട്രാക്കിങ് സംവിധാനവും രോഗികളുടെ സാമ്പിൾ സ്വീകരിക്കുന്നത് മുതൽ റിപ്പോർട്ട് നൽകുന്നതുവരെയുള്ള വിവിധ ഘട്ടങ്ങൾ തത്സമയം നിരീക്ഷിക്കാനും പരിശോധനകൾ പൂർണ്ണമായും ആട്ടോമേറ്റഡായി നിർവഹിക്കാനുമുള്ള സംവിധാനവും ആർ.സി.സി.-യിൽ ആരംഭിച്ചിട്ടുണ്ട്. ഈ സംരംഭം കേരളത്തിലെ ആദ്യത്തേതാണ്. ഒരു കോടിയോളം രൂപ ചെലവിലാണ് ഇതും സജ്ജീകരിച്ചിരിക്കുന്നത്.

ആർ.സി.സി.-യിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപ ചെലവിൽ 15-01-2024-ൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി

റോബോട്ടിക് ശസ്ത്രക്രിയാ യൂണിറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഈ അത്യാധുനിക സംവിധാനം ഉപയോഗിച്ച് ഇതുവരെ 35 സർജറികൾ ചെയ്തിട്ടുണ്ട്. കേരളത്തിലെ ആദ്യത്തേതും സൗത്ത് ഇന്ത്യയിലെ നാലാമത്തേതുമായ ഡബിൾ കൺസോൾ റോബോട്ടിക് സിസ്റ്റം ആണ് ആർ.സി.സി.-യിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഒരേസമയം രണ്ട് സർജന്മാർക്ക് ഈ സിസ്റ്റം ഉപയോഗിക്കാവുന്നതാണ്. ശസ്ത്രക്രിയാ മേഖലയിലെ സമീപകാല വികാസമാണ് സർജിക്കൽ റോബോട്ടിക് സിസ്റ്റം. കഴിഞ്ഞ ദശകത്തിൽ ശസ്ത്രക്രിയാ രംഗത്തെ ഏറ്റവും നൂതനമായ മാറ്റം റോബോട്ടിക് സർജറിയുടെ ആരംഭമാണ്. ഇത് മനുഷ്യശരീരത്തിലെ ആക്സസ് ചെയ്യാൻ പ്രയാസമുള്ള ഭാഗങ്ങളിലുള്ള സർജറി നടപടിക്രമങ്ങൾ എളുപ്പമാക്കുകയും ശസ്ത്രക്രിയാ മുറിവുകളുടെ ക്ഷതം കുറച്ച് ശസ്ത്രക്രിയയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ഓപ്പൺ സർജറി, ലാപ്രോസ്കോപ്പിക് സർജറി എന്നിവയുമായി താരതമ്യപ്പെടുത്തുമ്പോൾ മികച്ച ഫലങ്ങൾ നൽകുമെന്ന് തെളിയിച്ചിട്ടുണ്ട്. വേദന കുറയുക, അണുബാധയുടെയും സങ്കീർണതകളുടെയും കുറവ്, കുറഞ്ഞ രക്തനഷ്ടം, ചെറിയ ആശുപത്രിവാസം, ചെറിയ മുറിവുകൾ മൂലമുള്ള പാടുകൾ, രോഗിക്ക് സാധാരണ പ്രവർത്തനങ്ങളിലേക്ക് വേഗത്തിൽ മടങ്ങിവരൽ എന്നിവയുടെ പ്രയോജനം ഇത് പ്രദാനം ചെയ്യുന്നു.

മൊത്തത്തിൽ, ഫീൽഡ് സർജറിയിൽ പ്രത്യേകിച്ച് ലോകമെമ്പാടുമുള്ള കാൻസർ സർജറിയിലെ സമീപകാല സംഭവങ്ങളുമായി പൊരുത്തപ്പെടാനും അതിനൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താനും ഈ ഉപകരണം സഹായിക്കുന്നു. ലാപ്രോസ്കോപ്പിക്, റോബോട്ടിക്, എൻഡോസ്കോപ്പിക് സർജറികളുടെ രൂപത്തിലുള്ള മിനിമൽ ആക്സസ് സർജറി ആശ്വാസകരമായ നവീന ചികിത്സാ രീതിയാണ്.

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം എം.സി.സി (പി.ജി.ഐ.ഒ.എസ്.ആർ) അർബുദ ചികിത്സാ രംഗത്ത് ആർജിച്ച പുരോഗതിയും ആരംഭിച്ച നൂതന ചികിത്സാ സംവിധാനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) തലച്ചോർ, സുഷുമ്ന നാഡിയുമായി ബന്ധപ്പെട്ട അർബുദ ശസ്ത്രക്രിയകൾ ചെയ്യുന്നതിനായി ന്യൂറോ സർജിക്കൽ ഓങ്കോളജി വിഭാഗം.

(ii) കണ്ണുകളിലെ അർബുദവുമായി ബന്ധപ്പെട്ട ചികിത്സ വിഭാഗമായ ഒക്യൂലർ ഓങ്കോളജി.

(iii) രോഗ ബാധിത കോശങ്ങളെ സംഭരിച്ച 1 ഭാവിയിലെ ഗവേഷണങ്ങൾക്ക് ഉപയോഗിക്കാനുള്ള ബയോ ബാങ്ക് സംവിധാനം.

(iv) കോശങ്ങളെ ജനിതക വ്യതിയാനം വരുത്തി തുടർ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന ചികിത്സാ രീതിയായ CAR -T സെൽ തെറാപ്പി സംവിധാനം.

(v) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി താക്കോൽ ദ്വാര ശസ്ത്രക്രിയ രീതി അവലംബിച്ച്, കൂടുതൽ സുരക്ഷിതമായും ഫലപ്രദമായും ചെയ്യാൻ സാധിക്കുന്ന റോബോട്ടിക് ശസ്ത്രക്രിയകൾ.

(vi) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഡിജിറ്റൽ പാത്തോളജി ലാബ് സെറ്റ് അപ്പ് ചെയ്യുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(vii) കിഫ്ബി ധനസഹായത്തോടെ 14 നിലകളിലായി ഏകദേശം 554000 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 406 കോടി രൂപ ചെലവിൽ 450 ബെഡുകളും 14 ഓപ്പറേഷൻ തിയേറ്ററുകളും മറ്റ് ആധുനിക സൗകര്യങ്ങളും ഉൾപ്പെടെയുള്ള കെട്ടിടത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്.

(viii) പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ജലശുദ്ധീകരണ പ്ലാന്റും 3 Tesla MRI, Dexa Scan, Galiun Generator എന്നിവ ഉപയോഗിച്ചുള്ള രോഗ നിർണയ സംവിധാനങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ഡി) മലബാർ കാൻസർ സെന്ററിനെ പി.ജി. ഇൻസ്റ്റിറ്റ്യൂട്ട് ആയി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കിഫ്ബി-ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 4 നിലകളോടുകൂടിയ ട്രീറ്റ്മെന്റ് ആൻഡ് അക്കാദമിക് ബ്ലോക്ക് (റേഡിയോ തെറാപ്പി ബ്ലോക്ക്), നവീകരിച്ച ലാബ്, ഒ.പി., രക്ത ബാങ്ക്, ഓപ്പറേഷൻ തിയേറ്ററുകളും അനുബന്ധ സൗകര്യങ്ങളും 97.55 കോടി രൂപയ്ക്ക് പൂർത്തീകരിക്കുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി രണ്ടാം ഘട്ട പദ്ധതിയിലുൾപ്പെടുത്തി 562.245 കോടി രൂപയുള്ള പതിനാല് നിലകളോടുകൂടിയ പ്രധാന ബ്ലോക്കിന്റെ നിർമ്മാണം പുരോഗതിയിലാണ്.

മലബാർ കാൻസർ സെന്ററിന്റെ ചികിത്സാ സ്ഥാപനം എന്നതിലുപരി പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിലേക്കുള്ള വളർച്ചയുടെ പാതയിലാണ് ഇന്ന് ഈ സ്ഥാപനം. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ/ നാഷണൽ മെഡിക്കൽ കമ്മീഷൻ അംഗീകരിച്ച ഡി.എം ഓങ്കോപാതോളജി കോഴ്സിൽ വിദ്യാർഥികൾ ഇവിടെ പ്രവേശനം നേടിയിട്ടുണ്ട്. സർജിക്കൽ ഓങ്കോളജി, ക്ലിനിക്കൽ ഹെമറ്റോളജി, റേഡിയേഷൻ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, പാത്തോളജി വിഭാഗങ്ങളിൽ ഡി.എൻ.ബി. കോഴ്സുകളിലും വിവിധ ഫെല്ലോഷിപ്പുകളിലുമായി രാജ്യത്തിന്റെ പല

ഭാഗത്തുനിന്നായി വിദ്യാർഥികൾ ഇവിടെ പഠിക്കുന്നുണ്ട്. നാഷണൽ മെഡിക്കൽ കമ്മീഷനുകീഴിലുള്ള എം.സി.എച്ച്. സർജിക്കൽ ഓങ്കോളജി, ഡി.എം മെഡിക്കൽ ഓങ്കോളജി, എം.ഡി റേഡിയേഷൻ ഓങ്കോളജി എന്നീ കോഴ്സുകളും ആരംഭിക്കാനുള്ള പ്രാരംഭനടപടികൾ നടന്നുവരികയാണ്. കൂടാതെ വിവിധങ്ങളായ ഗവേഷണ പ്രവർത്തനങ്ങളും മെഡിക്കൽ അലൈഡ് കോഴ്സുകളും സ്ഥാപന തല ഫെലോഷിപ് പ്രോഗ്രാമുകളും ഹ്രസ്വകാല കോഴ്സുകളും MCC(PGIOSR) നടത്തിവരുന്നു.

(ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ)

P-03-03-2025 AL-SR -1 (9.40-9.50) bc

(ചോദ്യം നം. *153 ...തുടർച്ച)

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, കാൻസർ രോഗനിയന്ത്രണത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് വളരെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്. അതിന്റെപേരിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വീണാ ജോർജിനെയും ആരോഗ്യ വകുപ്പിനെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്.

സ്ത്രീകൾക്കുപുറമെ മറ്റുള്ളവർക്കും കാൻസർ സ്ക്രീനിങ് നടത്താനുദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, പന്ത്രണ്ട് മാസം നീണ്ടുനിൽക്കുന്ന ബൃഹത്തായ ഒരു ജനകീയ കാമ്പയിനാണ് സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. ഇത് തുടർച്ചയായ പ്രവർത്തനങ്ങളുടെ ഭാഗമാണ്. നവകേരളം കർമ്മപദ്ധതി രണ്ടാംഘട്ടത്തിന്റെ കീഴിലുള്ള ആർദ്രം മിഷന്റെ ഭാഗമായി പത്ത് കാര്യങ്ങൾ വിഭാവനം ചെയ്തതിൽ ഒന്നായിരുന്നു കാൻസർ രോഗ നിയന്ത്രണം. കഴിഞ്ഞ രണ്ടുവർഷമായി പോപ്പുലേഷൻ സ്ക്രീനിങ് നടത്തുന്നുണ്ട്. ആരോഗ്യ പ്രവർത്തകർ വീടുകൾതോറും പോയി ജീവിതശൈലീ രോഗങ്ങളുള്ളവരുടെ കണക്കെടുക്കുകയും രോഗം വരാൻ സാധ്യതയുള്ളവരെ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. ആദ്യ വർഷത്തെ പോപ്പുലേഷൻ സർവെയിൽ ഒൻപത് ലക്ഷം ആളുകൾക്ക് കാൻസർ രോഗം വരാനുള്ള സാധ്യതയുണ്ടെന്ന് കണ്ടെത്തിയതിൽ ഒന്നരലക്ഷം ആളുകൾ മാത്രമാണ് ഏതെങ്കിലും തരത്തിലുള്ള പരിശോധനയ്ക്കായി ആരോഗ്യകേന്ദ്രങ്ങളിലോ ആശുപത്രികളിലോ എത്തിയിട്ടുള്ളത്. ബാക്കി ഏഴര ലക്ഷം ആളുകൾ ഒരു തരത്തിലുള്ള പരിശോധനയ്ക്കുംവേണ്ടി ആരോഗ്യ കേന്ദ്രങ്ങളിലോ ആശുപത്രികളിലോ എത്തിയിട്ടില്ല. ഇതിന്റെയുംകൂടി

പശ്ചാത്തലത്തിലാണ് "ആരോഗ്യം ആനന്ദം അകറ്റാം അർബുദം" എന്ന ജനകീയ കാമ്പയിൻ നടത്താൻ തീരുമാനിച്ചത്. സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ കാമ്പയിൻ കൂടിയാണിത്. ലോക കാൻസർ ദിനമായ ഫെബ്രുവരി 4-ാം തീയതി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഈ കാമ്പയിനിന്റെ ഉദ്ഘാടനം നിർവഹിച്ചത്. പന്ത്രണ്ട് മാസക്കാലം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ഈ കാമ്പയിനിലൂടെ ആസൂത്രണം ചെയ്തിട്ടുള്ളത്. ഫെബ്രുവരി 4-ന് ആരംഭിച്ച് അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8-ന് അവസാനിക്കുംവിധമാണ് ആദ്യഘട്ട കാമ്പയിൻ വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യഘട്ടം സ്ത്രീകൾക്കായി സമർപ്പിച്ചിരിക്കുകയാണ്. ഇന്ന് രാവിലെ വരെയുള്ള കണക്കനുസരിച്ച് 509000 സ്ത്രീകൾ ഈ കാമ്പയിനിലൂടെ സ്ക്രീനിംഗ് നടത്തിയിട്ടുണ്ട്. പുരുഷന്മാരും ട്രാൻസ് കമ്മ്യൂണിറ്റിയിൽപ്പെട്ടവരും ഈ സ്ക്രീനിങ്ങിന് വിധേയരാകണം എന്നതാണ് ആരോഗ്യ വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിലൂടെ ആത്യന്തികമായി ഒരു ബിഹേവിയറൽ ചെയ്ഞ്ച്, അതായത് 30 വയസ്സിന് മുകളിൽ പ്രായമുള്ള മുഴുവൻ ആളുകളും കൃത്യമായ ഇടവേളകളിൽ കാൻസർ സ്ക്രീനിങ്ങിന് വിധേയരാകണം എന്നുള്ളതാണ് ലക്ഷ്യംവയ്ക്കുന്നത്. കാരണം കേരളത്തിലെ ഭൂരിപക്ഷം ആളുകളും മൂന്നാമത്തെയോ നാലാമത്തെയോ ഫേസിലാണ്

അവർക്ക് കാൻസർ രോഗമുണ്ടെന്ന് കണ്ടെത്തുന്നത്. അപ്പോൾ രോഗവും ചികിത്സയും സങ്കീർണ്ണമാകുകയും ചെയ്യും. പുരുഷന്മാരും ട്രാൻസ് കമ്മ്യൂണിറ്റിയിലുള്ളവരും ഈ സ്ക്രീനിങ്ങിന് നിർബന്ധമായും വിധേയരാകണം. അതിനുള്ള പ്രത്യേക പ്രോട്ടോക്കോൾകൂടി ഈയാഴ്ച പുറത്തുവിടുന്നുണ്ട്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, പ്രാഥമിക ഘട്ടത്തിൽ രോഗം കണ്ടെത്താൻ കഴിയുന്നില്ല എന്നതാണ് ഈ രോഗത്തെ സംബന്ധിച്ചുള്ള ഏറ്റവും ഗൗരവകരമായ പ്രശ്നം. കേരളത്തിൽ കാൻസർ രോഗവ്യാപനം വ്യാപകമാണെന്ന സൂചനയാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ജില്ലാ/താലൂക്ക് ആശുപത്രികളിൽ കാൻസർ പരിശോധനാകേന്ദ്രങ്ങൾ ആരംഭിക്കാൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, കാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്ത് സർക്കാർ സംവിധാനത്തിനുകീഴിലുള്ള 1392 ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും സ്ക്രീനിങ് സംവിധാനമുണ്ട്. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സ്ക്രീനിങ് സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതുകൂടാതെ താലൂക്ക് ആശുപത്രികൾ, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ്

ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, റീജിയണൽ കാൻസർ സെന്ററുകൾ എന്നിവിടങ്ങളിലെല്ലാം സ്ക്രീനിങ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ തൊട്ടടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ പരിശോധിച്ച് ഒരു വ്യക്തിക്ക് മുഴ കണ്ടെത്തിയാൽ അവർക്ക് മാമോഗ്രാം ചെയ്യേണ്ടതുണ്ടെങ്കിലോ തുടർപരിശോധന ആവശ്യമാണെങ്കിലോ അതിനൊരു പ്രോട്ടോക്കോൾ രൂപീകരിച്ചിട്ടുണ്ട്. സ്തനാർബുദവുമായി ബന്ധപ്പെട്ടതാണെങ്കിൽ സർജനെ വീണ്ടും കാണേണ്ടതായിട്ടുണ്ട്. മാമോഗ്രാം എടുക്കണമെന്ന് നിർദേശിക്കുന്നത് സർജൻ ആയിരിക്കും. അതിനായി ഓരോ ജില്ലകളിലും എവിടെയെല്ലാമാണ് കാൻസർ ചികിത്സാ സൗകര്യങ്ങളുള്ളത് എന്നത് സംബന്ധിച്ച് ഒരു കാൻസർ ഗ്രിഡ് രൂപീകരിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽതന്നെ മുന്നോട്ടുപോകാൻ കഴിയും. ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിന് ഞാൻ നേരത്തെ മറുപടി നൽകിയിരുന്നു. കാൻസർ ചികിത്സ വികേന്ദ്രീകരിക്കുകയാണ്. ചുരുക്കം ചില മെഡിക്കൽ കോളേജുകളിലും റീജിയണൽ കാൻസർ സെന്ററുകളിലും മാത്രമുണ്ടായിരുന്ന കാൻസർ ചികിത്സ ഇന്ന് സംസ്ഥാനത്തെ 25 ജില്ലാ ആശുപത്രികളിലേക്കും എത്തിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കൂടുതൽ ആശുപത്രികളിലേക്ക്

ചികിത്സ വികേന്ദ്രീകരിക്കുന്നതിനുള്ള നടപടികളാണ് സംസ്ഥാന ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്നത്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കാൻസർ രോഗത്തിന്റെ കാര്യത്തിൽ ആശങ്കയുണർത്തുന്ന വ്യാപനം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. നൂതന ചികിത്സാ സൗകര്യങ്ങൾ വിപുലപ്പെട്ടുവെന്നത് ആശ്വാസകരവുമാണ്. വിവിധ സംഘടനകൾക്കും റെഡിഡൻസ് അസോസിയേഷനുകൾക്കും കാമ്പയിനിൽ പങ്കാളികളാകാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഒരു കാമ്പയിൻ ജനകീയമാകുന്നത് സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങളും അത് ഏറ്റെടുക്കുമ്പോഴാണ്. ഈയൊരു കാമ്പയിനെക്കുറിച്ച് ആലോചിച്ചപ്പോൾ ആദ്യഘട്ടം വനിതകൾക്കുവേണ്ടി സമർപ്പിക്കാനാണ് തീരുമാനിച്ചത്. കാരണം സ്ത്രീകളും പുരുഷന്മാരും സ്വന്തം ആരോഗ്യത്തിന് നൽകുന്ന പ്രാധാന്യം ഒരുപക്ഷെ നമ്മുടെ മുൻഗണനാ ലിസ്റ്റിലൊന്നും കാണില്ല. അതിൽ തീരെ ആരോഗ്യം ശ്രദ്ധിക്കാത്ത ഒരു ജനവിഭാഗമാണ് സ്ത്രീകൾ. അക്കാര്യത്തിൽ സ്ത്രീകളാണ് താരതമ്യേന കൂടുതലായിട്ടുള്ളത്. അതുകൊണ്ടാണ് ആദ്യഘട്ടം സ്ത്രീകൾക്കുവേണ്ടി

സമർപ്പിച്ചത്. ഇക്കാര്യം തീരുമാനിച്ചപ്പോൾ സംസ്ഥാനത്തെ എല്ലാ സ്ത്രീ സംഘടനകളും രാഷ്ട്രീയ സംഘടനകളും മറ്റ് രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളുടെ അമ്മമാരുടെ പ്രതിനിധികളും പാലിയേറ്റീവ് കെയർ രംഗത്ത് പ്രവർത്തിക്കുന്നവരും ആ യോഗത്തിൽ പങ്കെടുത്തിരുന്നു. അങ്ങനെ എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ യോഗത്തിന് മികച്ച പ്രതികരണമാണ് ലഭിച്ചത്. റെഡിഡൻസ് അസോസിയേഷനുകൾ ഇക്കാര്യം അഭ്യർഥിച്ചിട്ടുണ്ട്. 200 പേരിൽ കുറയാതെ ആളുകളുള്ള റെഡിഡൻസ് അസോസിയേഷനുകളിൽ സംസ്ഥാന ആരോഗ്യ വകുപ്പ് പ്രൈവറ്റ് ആശുപത്രികളുടെയും എൻ.ജി.ഒ.-കളുടെയും സഹകരണത്തോടെ, അവർ ആവശ്യപ്പെട്ടാൽ അവിടെ യോഗം നടത്തുന്നതാണ്. കഴിഞ്ഞ ദിവസം കൊല്ലം കോർപ്പറേഷനിലെ വാടി കടപ്പുറമുൾപ്പെടെയുള്ള മൂന്ന് ഡിവിഷനുകളിൽ 3150 വീടുകൾ കവർ ചെയ്തു. അവിടത്തെ 30 വയസ്സിന് മുകളിൽ പ്രായമുള്ള മുഴുവൻ സ്ത്രീകളും സ്ക്രീനിങ്ങിന് വിധേയരായി. ട്രൈബൽ മേഖലയിലും ഇത് സംഭവിക്കുന്നു. അങ്ങനെ എല്ലാ മേഖലയിലും സ്ക്രീനിങ് നടത്തുന്നുണ്ട്. വിവിധ സംഘടനകൾ, പ്രസ്ഥാനങ്ങൾ, പ്രൈവറ്റ് ആശുപത്രികൾ, എൻ.ജി.ഒ.-കൾ തുടങ്ങി എല്ലാവരും ഈ ആപ്തവാക്യത്തിലാണ് കാമ്പയിനിന്റെ ഭാഗമാകുന്നത്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, സ്ക്രീനിങ്ങിലൂടെ കാൻസർ സംശയിക്കുന്നവർക്ക് പരിശോധനയും ചികിത്സയും സൗജന്യമായി നൽകാൻ കഴിയുമോയെന്ന് ആലോചിക്കണം. അതോടൊപ്പം ആധുനിക കാൻസർ രോഗ ചികിത്സയിൽ സർജറി ഒഴിവാക്കി ഹ്യൂമനൈസ്ഡ് ആന്റിബോഡി ചികിത്സ നടപ്പാക്കിവരികയാണ്. അത് ഒരു ഇൻജക്ഷൻ സംവിധാനമാണ്. ഒരു ഇൻജക്ഷന് രണ്ടര ലക്ഷം രൂപയോളമാണ് ചെലവ് വരുന്നത്. ഒരു കോഴ്സ് എന്ന നിലയിൽ പത്ത് മുതൽ ഇരുപത് ഇൻജക്ഷൻ വരെ എടുക്കേണ്ടിവരും. നിലവിൽ വലിയ സ്വകാര്യ ആശുപത്രികളിലാണ് ഈ സംവിധാനമുള്ളത്. നമ്മുടെ സർക്കാർ-സഹകരണ മേഖലയിൽ സി.എസ്.ആർ. ഫണ്ടിന്റെയോ മറ്റോ പിന്തുണയോടുകൂടി ഇത്തരം ആധുനിക ചികിത്സാരീതികൾ ഉൾപ്പെടുത്താൻ കഴിയുമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ചികിത്സാ സംവിധാനം റീജിയണൽ കാൻസർ സെന്ററുകളിൽ നിലവിൽ ലഭ്യമാണ്. ഒരു കണക്കെടുത്ത് പരിശോധിച്ചാൽ കേരളത്തിലെ സർക്കാർ ആശുപത്രികളിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) വഴി ഏറ്റവും കൂടുതൽ തുക നൽകുന്നത് ഓങ്കോളജി വിഭാഗത്തിനാണ്. കോഴിക്കോട്, കോട്ടയം, തിരുവനന്തപുരം തുടങ്ങി എല്ലാ മെഡിക്കൽ

കോളേജുകളിലും ജില്ലാശുപത്രികളിലും കാൻസർ ചികിത്സ തേടുന്നവർക്കുവേണ്ടിയാണ് ഏറ്റവും കൂടുതൽ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നത്. ബഹുമാനപ്പെട്ട അംഗം രണ്ട് പ്രധാനപ്പെട്ട ചോദ്യങ്ങളാണ് ചോദിച്ചത്. കാൻസർ നിർണ്ണയിച്ചാൽ എന്തു ചെയ്യും; ഞാൻ എന്തിനാണ് കാൻസർ ഉണ്ടോയെന്ന് ഇപ്പോൾ അറിയുന്നത്, ഇതൊക്കെയാണ് ആളുകളുടെ ഭയം. അവരോട് നമുക്ക് പറയാനുള്ളത് അവസാനഘട്ടത്തിലാണ് അറിയുന്നതെങ്കിൽ കാൻസർ രോഗവും അതിന്റെ ചികിത്സയും സങ്കീർണ്ണമാകും. അത് ഇൻഷ്വറൻസ് പരിരക്ഷയില്ലാത്തവർക്ക് വലിയ സാമ്പത്തിക ബാധ്യതയുമുണ്ടാക്കും. അതുകൊണ്ട് സംസ്ഥാന സർക്കാർ ഈയൊരു കാമ്പയിൻ തുടങ്ങുമ്പോൾ വളരെ വ്യക്തമായ ചില കാര്യങ്ങൾ പറഞ്ഞുതന്നെയാണ് മുന്നോട്ടുപോകുന്നത്. ബി.പി.എൽ. വിഭാഗത്തിലുള്ള എല്ലാവർക്കും സൗജന്യമായും എ.പി.എൽ. വിഭാഗക്കാർക്ക് സബ്സിഡൈസ്ഡ് റേറ്റിലുമാണ് ചികിത്സ നൽകുന്നത്. ഓങ്കോളജി ട്രീറ്റ്മെന്റുള്ള പ്രൈവറ്റ് ആശുപത്രി മാനേജുമെന്റുകളോടും ഇക്കാര്യം ചർച്ച ചെയ്തിരുന്നു. അവർ ഇതിനോട് സഹകരിക്കാൻ തയ്യാറായിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽനിന്ന് അയയ്ക്കുന്ന രോഗികളിൽ സൗജന്യമായി ചികിത്സ ലഭിക്കാൻ അർഹതയുള്ളവർക്ക് അത് ചെയ്തുകൊടുക്കാമെന്നും മറ്റുള്ളവർക്ക്

സബ്സിഡൈസ്ഡ് റേറ്റിൽ ചെയ്തുകൊടുക്കാമെന്നും പല ആശുപത്രി മാനേജ്മെന്റുകളും അറിയിച്ചിട്ടുണ്ട്. നെറ്റ്വർക്കുള്ള ലബോറട്ടറികളുടെ ഉടമസ്ഥരോടും ചർച്ച നടത്തിയിരുന്നു. അവരും വളരെ സബ്സിഡൈസ്ഡ് ആയിട്ടുള്ള നിരക്കിലാണ് നൽകുന്നത്. ചികിത്സ സംബന്ധിച്ച കാര്യത്തിൽ ബി.പി.എൽ. വിഭാഗക്കാർക്ക് സൗജന്യമായും മറ്റുള്ളവരിൽ ചികിത്സാ പരിരക്ഷയുള്ളവർക്ക് അതിൽ കവർ ചെയ്തും ബാക്കിയുള്ളവർക്ക് സബ്സിഡൈസ്ഡ് നിരക്കിലും നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ശ്രീ. ചാണ്ടി ഉമ്മൻ)

P-03-03-2025 HA/SR (I) 9.50-10.00 ബി.സി

(ചോദ്യം നമ്പർ *153 തുടർച്ച.......)

ശ്രീ. ചാണ്ടി ഉമ്മൻ: സർ, കാൻസറിനെ നേരിടാൻ ഒരു ഇന്റഗ്രേറ്റഡ് അപ്രോച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ? ഈ അവസരത്തിൽ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, ടാറ്റാ മെമ്മോറിയൽ ഹോസ്പിറ്റൽ, ഖോപ്പോളി എന്ന സ്ഥലത്ത് ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റോമിക് എനർജിയുമായി ചേർന്ന് 300 കോടി രൂപ ചെലവഴിച്ച് ആയുർവേദത്തിന്റെ ഹോസ്പിറ്റൽ കൊണ്ടുവരുന്നുണ്ട്. ഇത് ഇന്റഗ്രേറ്റഡ് ഹോസ്പിറ്റലാണ്. കാൻസറിനെ നേരിടുന്നതിനായി ആയുർവേദത്തെക്കൂടി ഉൾപ്പെടുത്തിയുള്ള സമീപനമാണ്.

ആയുർവേദവും മറ്റുള്ള ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനും മോഡേൺ സിസ്റ്റം ഓഫ് മെഡിസിനെയും ഉൾപ്പെടുത്തി സർക്കാർ ഇങ്ങനെയുള്ള ഇന്റഗ്രേറ്റഡ് അപ്രോച്ചിനെ കുറിച്ച് ചിന്തിക്കുന്നുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, അത്തരത്തിലുള്ളൊരു ഇന്റഗ്രേറ്റഡ് ആശുപത്രി സംസ്ഥാനത്ത് ആദ്യമായിട്ടുണ്ടാകുന്നത് മലബാർ കാൻസർ സെന്ററായിരിക്കും. ബഹുമാനപ്പെട്ട ചെയറിന്റെ നിയോജകമണ്ഡലത്തിലുള്ള പോസ്റ്റ്ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആൻഡ് റിസർച്ചായി ഉയർത്തിയിട്ടുള്ള ഇന്ത്യയിൽതന്നെ വളരെ മാതൃകാപരമായി പ്രവർത്തിക്കുന്ന മലബാർ കാൻസർ സെന്ററിൽ ഈയൊരു കാര്യം ആലോചിച്ചിട്ടുണ്ട്. സമഗ്രമായിട്ടുള്ളൊരു അപ്രോച്ച് അതിന്റെ ഭാഗമായി വരുന്നതാണ്. ഇതുകൂടാതെ രോഗികൾക്ക് കാൻസർ വരുമ്പോൾ അതൊരു ശാരീരികമായ അവസ്ഥ മാത്രമല്ല, മാനസികമായ പ്രശ്നങ്ങളിലൂടെയൊക്കെ രോഗികൾ കടന്നുപോകുന്നുണ്ട്. അവരെ സപ്പോർട്ട് ചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ സമഗ്രതയിൽതന്നെയാണ് സർക്കാർ കാണുന്നത്. ഇന്റഗ്രേറ്റഡ് നിലയിൽ ചികിത്സ നടത്തുന്ന കാര്യം മലബാർ കാൻസർ സെന്ററാണ് സംസ്ഥാനത്ത് ആദ്യമായി ആലോചിച്ചിട്ടുള്ളത്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, രോഗങ്ങളിൽ മാരകമായ രോഗമാണ് കാൻസർ. അതിന്റെ തിക്തഫലങ്ങൾ പലരും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. രോഗം വരാതിരിക്കുന്നതിനുവേണ്ടിയാണ് ഏറ്റവും കൂടുതൽ ശ്രദ്ധിക്കേണ്ടത്. ഇന്നത്തെ ഭക്ഷണരീതിയെക്കുറിച്ചൊരു നയം ഗവൺമെന്റ് പ്രഖ്യാപിക്കുകയാണ് വേണ്ടത്. ഇന്ന് നാം കഴിക്കുന്ന ഭക്ഷണം രാസപദാർത്ഥങ്ങളും മായങ്ങളും കലർന്നതാണ്. ഇത് കൂടുതലും കുഞ്ഞുങ്ങളാണ് കഴിക്കുന്നത്. ഭക്ഷണരീതിയിലൊരു മാറ്റം വരുത്തുന്നതുകൂടി ഈ കാലഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യാൻ കഴിയുമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണിത്. ഇതൊരു തുടർച്ചയാണ്. ജീവിതശൈലീരോഗങ്ങളുടെ പ്രതിരോധം, കാൻസർ രോഗ നിയന്ത്രണം ഇവയെല്ലാം നമ്മുടെ ലക്ഷ്യങ്ങളാണ്. ഇതിനോടൊപ്പം ചേരുന്നതാണ് ഹെൽത്തി ലൈഫ് കാമ്പയിൻ. നവകേരളം കർമ്മ പദ്ധതി 2-ന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ളതാണ് ആർദ്രം മിഷൻ. നല്ല ഭക്ഷണം, നല്ല വ്യായാമം അതോടൊപ്പം നല്ല ജീവിത ശീലങ്ങൾ എന്നിവ തീർച്ചയായും രോഗത്തെ പ്രതിരോധിക്കുന്നതിന് വളരെ പ്രധാനപ്പെട്ടതാണ്. കാൻസർ സ്ക്രീനിങ്ങിലേയ്ക്ക് ആളുകളെ എത്തിക്കുന്നതിനുവേണ്ടി വളരെ ശക്തമായ

ബോധവൽക്കരണ പ്രവർത്തനങ്ങൾ ആവശ്യമായി വരുന്നുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും പേഴ്സൺ ടു പേഴ്സൺ ആശയവിനിമയം നടത്തുകയും ചെയ്യും. കാരണം കാൻസർ ഉണ്ടെങ്കിൽപ്പോലും എന്തിനാണ് ഇപ്പോഴേ അറിയുന്നത് എന്ന ചോദ്യം ഡോക്ടർമാരുടെ ഇടയിൽപ്പോലുമുണ്ട്. അതിനെ മറികടക്കുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. അതിനുവേണ്ടിയിട്ടുള്ള ആശയവിനിമയവും ബോധവൽക്കരണവും നടത്തുന്നുണ്ട്. കഴിഞ്ഞ ദിവസം കോട്ടയത്ത് വ്യായാമവുമായും ആരോഗ്യ പരിപാലനവുമായും ബന്ധപ്പെട്ട് നൂറുകണക്കിന് സ്ത്രീകൾ പങ്കെടുത്തൊരു പരിപാടി നടന്നു. സംസ്ഥാന കൃഷി വകുപ്പും ഭക്ഷ്യ സുരക്ഷാ വകുപ്പുമൊക്കെ സംയോജിച്ചുകൊണ്ടും സഹകരിച്ചുകൊണ്ടും വിഷരഹിതമായ ഭക്ഷണത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. തീർച്ചയായും, സമൂഹത്തിന്റെ വലിയ സഹകരണം ഇതിന്റെ ഭാഗമായി ഉണ്ടാകേണ്ടതുണ്ട്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർധിച്ചുവരികയാണ്. മലപ്പുറത്തുനിന്നും ദിനേന ധാരാളം രോഗികളാണ് ആർ.സി.സി.-യിലേയ്ക്ക് വരുന്നത്. മലപ്പുറത്ത് തിരൂരിൽ കാൻസർ ചികിത്സയ്ക്കുവേണ്ടിമാത്രം ഏകദേശം 35 കോടി രൂപ ചെലവഴിച്ച്

കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും ചികിത്സ ആരംഭിച്ചിട്ടില്ല. അത് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടെ അടിയന്തരമായി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ഈ കെട്ടിടത്തെ സംബന്ധിച്ച കാര്യത്തിൽ, മുനിസിപ്പാലിറ്റി ആ കെട്ടിടത്തിന്റെ നമ്പർ നൽകിയാൽ ഉടൻതന്നെ അവിടെ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാമെന്നുള്ള കാര്യം പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട മെമ്പറും ഇക്കാര്യം ചർച്ച ചെയ്തതാണ്. അത് സാങ്കേതികമായിട്ടുള്ള ചില കാരണങ്ങൾ മാത്രമാണ്. തിരൂരിൽ ധാരാളം രോഗികൾ വരുന്നൊരു ആശുപത്രിയാണ്. കെട്ടിടത്തിന്റെ നമ്പർ ലഭ്യമാക്കിയാൽ ഉടൻതന്നെ അതിന്റെ മറ്റ് ക്രമീകരണങ്ങൾ താമസംവിനാ ചെയ്യാൻ സാധിക്കുന്നതാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ആർ.സി.സി.-യിലും എം.സി.സി.-യിലും പുതിയതായി ആരംഭിച്ച റോബോട്ടിക് സർജറിയിലൂടെ എത്രപേർക്ക് സർജറി നടത്തിയെന്നും കാൻസർ ചികിത്സ ഏകോപിപ്പിക്കുന്ന കാൻസർ ഗ്രിഡിന്റെ പ്രവർത്തനം ഏത് രൂപത്തിലാണെന്നും വിശദീകരിക്കാമോ?

ശ്രീമതി വീണാ ജോർജ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്

കാൻസർ ചികിത്സാരംഗത്ത് ചരിത്രം സൃഷ്ടിച്ചുകൊണ്ട് റോബോട്ടിക് സർജറി ഉദ്ഘാടനം ചെയ്തത്. മാർച്ച് മാസം ഒന്നാം തീയതിവരെ ആർ.സി.സി.-യിൽ എൺപത്തിയൊന്നോളം റോബോട്ടിക് സർജറികളാണ് ചെയ്തിട്ടുള്ളത്. ആർ.സി.സി.-യിൽ ഏർപ്പെടുത്തിയതിനുശേഷം മൂന്നുനാല് മാസം കഴിഞ്ഞാണ് എം.സി.സി.-യിൽ ആരംഭിച്ചത്. എം.സി.സി.-യിൽ ഏതാണ്ട് അൻപതോളം റോബോട്ടിക് സർജറികൾ ഇതിനോടകം ചെയ്തുകഴിഞ്ഞു. ഇതിൽ ഗൈനക് വിഭാഗം, യൂറോളജി വിഭാഗം, ഗാസ്ട്രോ എൻഡ്രോളജി വിഭാഗം തുടങ്ങിയ സർജറികൾ നടത്തുന്നുണ്ട്. അതിൽ വളരെ ആശ്വാസകരമായിട്ടുള്ളൊരു കാര്യമുണ്ട്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ചരിത്രത്തിലാദ്യമായി ഒരു പീഡിയാട്രിക് ഓങ്കോളജി കേസിൽ റോബോട്ടിക് സർജറി ചെയ്തു. ഫെബ്രുവരി മാസം 27-ാം തീയതി; ആ സർജറി വിജയകരമായിരുന്നു. തീർച്ചയായും, വളരെ ആത്മവിശ്വാസം നൽകുന്നതാണ് റോബോട്ടിക് സർജറി എന്നുള്ളത് എടുത്തുപറയാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം, കാൻസർ ഗ്രിഡിനെക്കുറിച്ച് നേരത്തെ ഉത്തരത്തിൽ പറഞ്ഞതാണ്. നമ്മുടെ സൗകര്യങ്ങളെ സംബന്ധിച്ചിട്ടുള്ള കാര്യങ്ങളിൽ... അത് നമുക്ക് അക്സസ് ചെയ്യാൻ കഴിയുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം അത് പബ്ലിഷ് ചെയ്തിരുന്നു.

കാൻസർ ഗ്രിഡിന്റെ അടിസ്ഥാനത്തിൽ എവിടെയൊക്കെയാണ് ചികിത്സാ സൗകര്യങ്ങളും പരിശോധനാ സൗകര്യങ്ങളുമുള്ളതെന്നത് വളരെ കൃത്യമായി മനസ്സിലാക്കാൻ കഴിയും. അതിന്റെ അടിസ്ഥാനത്തിൽ ഒരു ആശയക്കുഴപ്പവുമില്ലാതെ വ്യക്തിക്ക് മുന്നോട്ടുപോകാൻ കഴിയും. ആരോഗ്യപ്രവർത്തകർക്കും അവരുടെ പ്രവർത്തനങ്ങളിൽ ഇതൊരു മാർഗ്ഗദർശിയായി നിലനിൽക്കും.

(ചോദ്യം നമ്പർ *154)

P-03-03-2025 HA/SR (I) 9.50-10.00 ബി.സി.

**കോട്ടയം നഴ്സിങ് കോളേജിലെ റാഗിങ്**

4 (*154) <u>ശ്രീ. സജീവ് ജോസഫ്</u>:
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>:
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നഴ്സിങ് കോളേജിൽ കുട്ടികളുടെ ശരീരത്തിൽ കോമ്പസ് കൊണ്ട് കുത്തി മുറിവുണ്ടാക്കിയശേഷം മുറിവിൽ ബോഡി ലോഷൻ

ഒഴിച്ചതടക്കം നടത്തിയ ക്രൂരമായ റാഗിങ് ഗൗരവമായി കാണുന്നുണ്ടോ; അറിയിക്കുമോ;

(ബി) കോളേജ് ഹോസ്റ്റലിൽ റാഗിങ് തടയുന്നതിലും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിലും കോളേജ് അധികൃതർക്ക് വീഴ്ച പറ്റിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, (എ) കോട്ടയം സർക്കാർ നഴ്സിങ് കോളേജിലെ മെൻസ് ഹോസ്റ്റലിലെ ഒന്നാം വർഷ ജി.എൻ.എം. വിദ്യാർഥികൾക്ക് റാഗിങ് എന്ന പേരിൽ രണ്ട്, മൂന്ന് വർഷ ജി.എൻ.എം. വിദ്യാർഥികളിൽനിന്നും ഏൽക്കേണ്ടിവന്ന ശാരീരികവും മാനസികവുമായ പീഡനം സർക്കാർ അതീവ ഗൗരവതരമായി കാണുന്നു. പീഡനത്തിനിരയായ വിദ്യാർഥികൾ തങ്ങൾ നേരിട്ട അതിക്രമങ്ങൾ വിശദീകരിച്ച് 11-02-2025-ൽ കോളേജ് പ്രിൻസിപ്പലിന് പരാതി നൽകി. അന്നേദിവസം തന്നെ അധ്യാപകർ ഉൾപ്പെട്ട മൂന്നംഗ കമ്മിറ്റി പരാതിയിന്മേൽ അന്വേഷണം നടത്തി. പ്രഥമദൃഷ്ട്യ റാഗിങ് നടന്നതായി അന്വേഷണ കമ്മിറ്റി കണ്ടെത്തിയതിനെത്തുടർന്ന് ടി

വിവരം പോലീസിന് റിപ്പോർട്ട് ചെയ്തു. 11-02-2025-ൽ തന്നെ കുറ്റാരോപിതരും പോലീസ് അറസ്റ്റ് ചെയ്തതുമായ 5 വിദ്യാർഥികളെ പ്രിൻസിപ്പൽ സസ്പെൻഡ് ചെയ്തു.

(ബി) കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിലെ മെൻസ് ഹോസ്റ്റലിൽ നടന്ന റാഗിങ് തടയുന്നതിൽ കോളേജ് അധികൃതർക്ക് വീഴ്ച പറ്റിയിട്ടുണ്ട്. 2024 ജി.എൻ.എം. ബാച്ച് വിദ്യാർഥികളുടെ കോഴ്സ് ആരംഭിച്ചത് 04-11-2024-നാണ്. പുതുതായി പ്രവേശനം നേടുന്ന വിദ്യാർഥികളുടെ നേർക്ക് അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാനും സുരക്ഷിതത്വം ഉറപ്പുവരുത്താനും കുറഞ്ഞത് 3 മാസക്കാലയളവിലേയ്ക്ക് എങ്കിലും ആന്റി റാഗിംഗ് സ്ക്വാഡ് ഓരോ കോളേജിലും ഫലപ്രദമായി പ്രവർത്തിക്കേണ്ടതുണ്ട്. ഈ കാലയളവിൽ കോളേജിലെ അധ്യാപകർക്ക് നിശ്ചിത തീയതികളിൽ ആന്റി റാഗിംഗ് സ്ക്വാഡ് ഡ്യൂട്ടി നൽകിയിരുന്നു. ആന്റി റാഗിങ് സ്ക്വാഡ് ഡ്യൂട്ടി ഫലപ്രദമായി നിർവഹിക്കപ്പെട്ടിരുന്നില്ല. ആന്റി റാഗിങ് സ്ക്വാഡ് ഡ്യൂട്ടിയുടെ ഫലപ്രദമായ നിർവഹണം ഉറപ്പാക്കുന്നതിൽ ഹോസ്റ്റൽ വാർഡൻ ആയ പ്രിൻസിപ്പൽ ഗുരുതരമായ വീഴ്ച വരുത്തി.

കുറ്റക്കാരായ വിദ്യാർഥികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ കോളേജ് അധികൃതർ സത്വരമായി നടപടി സ്വീകരിച്ചിട്ടുണ്ട്. റാഗിങിന്

ഇരയായ വിദ്യാർഥികൾ പരാതിപ്പെട്ട 11-02-2025-ൽതന്നെ പരാതിയുടെ നിജസ്ഥിതി സംബന്ധിച്ച് പ്രിൻസിപ്പൽ അന്വേഷണം നടത്തി പോലീസിന് റിപ്പോർട്ട് ചെയ്തിരുന്നു. അന്നേ ദിവസംതന്നെ കുറ്റാരോപിതരും പോലീസ് അറസ്റ്റ് ചെയ്തതുമായ 5 വിദ്യാർഥികളെ പ്രിൻസിപ്പൽ സസ്പെൻഡ് ചെയ്തു.

(സി) ഒന്നാം വർഷ ജി.എൻ.എം. വിദ്യാർഥികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപന മേധാവിയും വാർഡനുമായ പ്രിൻസിപ്പലിനെയും അസിസ്റ്റന്റ് വാർഡന്റെ ചുമതലയുള്ള അസിസ്റ്റന്റ് പ്രൊഫസറെയും സർവീസിൽനിന്നും 14-02-2025-ലെ സ.ഉ (സാധാ) നം. 437/2025/ആ.കു.വ പ്രകാരം സസ്പെൻഡ് ചെയ്തു. കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തിയ കെയർടേക്കർ/സെക്യൂരിറ്റിയെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്തു. UGC Regulation on curbing the menace of Ragging in Higher Educational Institutions, 2009 പ്രകാരമുള്ള ശിക്ഷണനടപടികൾ കുറ്റക്കാരായ വിദ്യാർഥികൾക്കെതിരെ തുടർന്നും സ്വീകരിക്കും. ഇത്തരത്തിലുള്ള അതിക്രമങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ എല്ലാ കോളേജുകളിലും ആന്റി റാഗിങ് കമ്മിറ്റിയുടെയും ആന്റി റാഗിങ് സ്ക്വാഡിന്റെയും പ്രവർത്തനം ഫലപ്രദമാക്കും.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, കേരളത്തിലെ കാമ്പസുകളിലൂൾപ്പെടെ വിദ്യാർഥികൾക്കുനേരെ നടക്കുന്ന സംഘടിതവും അതിനിഷ്ഠൂരവുമായിട്ടുള്ള റാഗിങ്ങും അതിക്രമങ്ങളും കൊലപാതകങ്ങളും നമ്മുടെ നാട്ടിലാകെ പരിഭ്രാന്തി സൃഷ്ടിച്ചിരിക്കുകയാണ്. കോട്ടയം ഗവൺമെന്റ് നഴ്സിങ് കോളേജിലെ ജൂനിയർ വിദ്യാർഥിയെ കട്ടിലിൽ കെട്ടിയിട്ട് ദേഹം മുഴുവൻ ലോഷനൊഴിച്ച് ഡിവൈഡർ കൊണ്ട് കുത്തി മുറിവേല്പിച്ച സംഭവം വളരെയേറെ ജനങ്ങളുടെ ഉള്ളുനീറുന്ന അവസ്ഥയിലേയ്ക്കാണ് എത്തിയിരിക്കുന്നത്. ഈ കേസിലെ പ്രതികൾ റാഗിങ് കേസിൽ ഇതിനുമുമ്പും ഉൾപ്പെട്ടിരുന്നതായിട്ടുള്ള വാർത്തകളുണ്ട്. അത് ശരിയാണോ; നഴ്സിങ് കൗൺസിൽ അംഗങ്ങളുടെ റിപ്പോർട്ടിനെ തുടർന്ന് ഇവരെ തിരികെ പ്രവേശിപ്പിക്കാനുള്ള നടപടിയുണ്ടായിട്ടുണ്ടോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മനുഷ്യ മനഃസാക്ഷിയെ ഞെട്ടിക്കുന്നതും നമുക്കൊന്നും കാണാൻപോലും കഴിയാത്തതുമായ കാഴ്ചയായിരുന്നു അത്. അതീവ ഗൗരവത്തോടെയാണ് സംസ്ഥാന സർക്കാർ ഇത് കാണുന്നത്. ഒരു കാരണവശാലും അനുവദിക്കാൻ കഴിയാത്ത കാര്യമാണിത്. ഇതിൽ പ്രതികളായിട്ടുള്ള അഞ്ച് വിദ്യാർഥികളെ സസ്പെൻഡ് ചെയ്തിരുന്നു. അവരെ

പുറത്താക്കുന്നതിനുവേണ്ടിയുള്ള നിർദേശം നൽകിയിട്ടുണ്ട്. അതിനായൊരു പ്രൊസീജ്യർ മാത്രമാണുള്ളത്. ഇന്നോ നാളെയോ അവരെ പുറത്താക്കിക്കൊണ്ടുള്ള ഉത്തരവും പുറത്തിറങ്ങും. ഇവർ മുമ്പ് റാഗിങ്ങിൽ ഉൾപ്പെട്ടിരുന്നോ എന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിൽ, ഇങ്ങനെയൊരു വാർത്ത മാധ്യമത്തിൽ വന്നപ്പോൾ ഈ അഞ്ചുപേരും മുമ്പ് റാഗിങ്ങുമായി ബന്ധപ്പെട്ട പരാതിയിലുൾപ്പെട്ടിട്ടില്ലായിരുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, സംസ്ഥാനത്തെ കാമ്പസുകളിൽ ചില വിദ്യാർത്ഥി സംഘടനകളുടെ നേതൃത്വത്തിൽ ഇടിമുറികൾ പ്രവർത്തിക്കുന്നതായും ക്രൂരമായി മർദ്ദിക്കുന്നതായുമുള്ള നിരവധി സംഭവങ്ങൾ യൂണിവേഴ്സിറ്റി കോളേജിലും കാര്യവട്ടം കാമ്പസിലുമുൾപ്പെടെ ഉണ്ടായിട്ടുണ്ട്. ആരോഗ്യ സർവകലാശാലയുടെ നേതൃത്വത്തിലുള്ള കോളേജുകളിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകില്ലായെന്ന് ഉറപ്പുവരുത്താൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, നമ്മുടെ സംസ്ഥാന നിയമത്തിന്റെയും അതോടൊപ്പം യു.ജി.സി. റെഗുലേഷന്റെയും അടിസ്ഥാനത്തിലുള്ള നടപടികൾ കർശനമായി ആരോഗ്യ സർവകലാശാലയുടെ കീഴിലുള്ള എല്ലാ കോളേജുകളിലും നടപ്പിലാക്കണം അല്ലെങ്കിൽ സ്വീകരിക്കുന്നുണ്ടെന്ന്

ഉറപ്പുവരുത്തണമെന്നുള്ള നിർദേശം നൽകിയിട്ടുണ്ട്. ഒന്നാം വർഷ ക്ലാസ് തുടങ്ങിക്കഴിഞ്ഞാൽ ആന്റി റാഗിങ് സ്ക്വാഡ് മൂന്നുമാസത്തോളം വളരെ നിതാന്തമായി പ്രവർത്തിക്കേണ്ടതുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും കൃത്യമായി ഡോക്യുമെന്റ് ചെയ്യുകയും റിപ്പോർട്ട് യഥാവിധം നൽകപ്പെടുന്നുണ്ടെന്നുള്ളത് ഉറപ്പാക്കുകയും ചെയ്യണമെന്നുള്ള കർശന നിർദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ആന്റി റാഗിങ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേല്പറഞ്ഞ കോട്ടയം നഴ്സിങ് കോളേജിൽ... അവിടെ സൂപ്രണ്ട് തൊട്ട് അടുത്ത മുറിയിലാണ്, വാർഡൻ ആ മുറിയിൽ ചെന്നിട്ടില്ല. 20 കുട്ടികൾ മാത്രമായി താമസിക്കുന്നൊരു സ്ഥലമാണ് അത്. ആറ് മാസമായി അവിടെ റാഗിങ് തുടർന്നുകൊണ്ടേയിരിക്കുന്നു എന്നതാണ് ഇപ്പോൾ വന്നിരിക്കുന്ന മൊഴികൾ. അങ്ങ് പറഞ്ഞതുപോലെ ആന്റി റാഗിങ് സ്ക്വാഡ് ഉണ്ടെങ്കിൽ ആ സ്ക്വാഡ് വളരെ ദുർബലമാണെന്നും ഒരു കാരണവശാലും ഇത്തരത്തിലുള്ള തെറ്റുകൾ കണ്ടുപിടിക്കാൻ കഴിയാത്തതാണെന്നും ഇനിയെങ്കിലും ഗവൺമെന്റിന് ബോധ്യപ്പെടുമോ? അതോടൊപ്പംതന്നെ ഞാനൊരു ചോദ്യം ചോദിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി നൽകിയതാണ്.

വിദ്യാർഥി സംഘടനകൾ കോളേജ് കാമ്പസുകളിൽ നടത്തിയ അതിക്രമങ്ങൾ, റാഗിങ് കേസുകൾ ഇവ സംബന്ധിച്ച പ്രത്യേകം ക്രോഡീകരിച്ച വിവരം പോലുമില്ല എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ നൽകിയിട്ടുള്ള ഉത്തരം. എന്ത് അടിസ്ഥാനത്തിലാണ് ഇവിടെ മറുപടി പറയുന്നതെന്ന് അറിയില്ല. പക്ഷേ, അടിക്കടി റാഗിങ് കൂടുകയാണ്. മാധ്യമ ശ്രദ്ധ വന്നുകഴിയുമ്പോൾ മാത്രം ഉടനടി നടപടി സ്വീകരിക്കുന്നുണ്ടെന്ന് വരുത്തിത്തീർക്കുകയാണ്. അതേസമയം അല്ലാത്ത രൂപത്തിലുള്ള നടപടികൾ ധാരാളം നടക്കുകയാണ്. കുട്ടികൾക്ക് സംരക്ഷണം നൽകുന്നതിനായി എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, ബഹുമാനപ്പെട്ട അംഗത്തിനുകൂടി ഞാൻ ഇതിന് മറുപടി നൽകിയിട്ടുണ്ട്. കോട്ടയം സർക്കാർ നഴ്സിങ് കോളേജിലെ 2024-ലെ ജി.എൻ.എം. ബാച്ച് വിദ്യാർഥികളുടെ കോഴ്സ് ആരംഭിച്ചത് 04-11-2024-ലാണ്. ഇതിൽ കോളേജ് അധികൃതർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടെന്നുള്ളത് തന്നെയാണ് ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ നടപടിയും സ്വീകരിച്ചിട്ടുണ്ട്. അവിടത്തെ പ്രിൻസിപ്പലിനെയും അസിസ്റ്റന്റ് വാർഡന്റെ

ച്ചമതലയുണ്ടായിരുന്ന വ്യക്തിയെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇതിൽ കേരളീയർ ഒന്നിച്ച് ഒരേ മനസ്സോടെയാണ് ചിന്തിക്കുന്നത്, വ്യത്യസ്തമായ നിലപാടുകൾ ആർക്കും ഇക്കാര്യത്തിലില്ല, ഒരു കാരണവശാലും ഇത് അംഗീകരിക്കാൻ കഴിയില്ല എന്നതുതന്നെയാണ്. അതിൽ അതിശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്, അങ്ങനെ സ്വീകരിച്ചുകൊണ്ടുതന്നെ മുന്നോട്ടുപോകുകയും ചെയ്യുന്നതാണ്.

(ഉത്തരത്തിൽ തിരുത്ത്.......)

P.03-03-2025
10.00-10.10
GS/VS(1)
SN

**ഉത്തരത്തിൽ തിരുത്ത്**

മി. സ്പീക്കർ: 15-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ 21-06-2024-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 175-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 15-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ 21-06-2024-ലെ നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 175-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

(ചരമോപചാരം)

P.03-03-2025
10.00-10.10
GS/VS(1)

**ചരമോപചാരം**

മി. സ്പീക്കർ: ഓർഡർ............ ഓർഡർ.............

പി. രാജു

മുൻ നിയമസഭാംഗവും മുതിർന്ന സി. പി. ഐ. നേതാവുമായിരുന്ന പി. രാജു 2025 ഫെബ്രുവരി 27-ന് അന്തരിച്ചു. സ്വാതന്ത്ര്യസമര സേനാനിയും മുൻനിയമസഭാംഗവുമായ എൻ. ശിവൻപിള്ളയുടെയും സി. ചെല്ലമ്മയുടെയും മകനായി 1951 ജൂലൈ 18-ന് ജനിച്ച പി. രാജു വിദ്യാർഥി-യുവജന പ്രസ്ഥാനത്തിലൂടെ പൊതുരംഗത്തെത്തി ഉന്നതപദവികൾ അലങ്കരിച്ച നേതാവായിരുന്നു. എ.ഐ.എസ്.എഫ്-ലൂടെ പൊതുരംഗത്ത് എത്തിയ രാജു എ.ഐ.വൈ.എഫ്. ജില്ലാ പ്രസിഡന്റായും സംസ്ഥാന ഭാരവാഹിയായും പ്രവർത്തിച്ചു. രണ്ടുതവണ സി.പി.ഐ. എറണാകുളം ജില്ലാ സെക്രട്ടറിയായ

\+ അനുബന്ധമായി ചേർക്കുന്നു.

പി. രാജു തുടർന്ന് സി.പി.ഐ. സംസ്ഥാന കൗൺസിലിലേയ്ക്കും എ.ഐ.ടി.യു.സി. ദേശീയ കൗൺസിലിലേയ്ക്കും തിരഞ്ഞെടുക്കപ്പെട്ടു. നിലവിൽ എ.ഐ.ടി.യു.സി. സംസ്ഥാന വൈസ് പ്രസിഡന്റായിരുന്ന അദ്ദേഹം വിവിധ ട്രേഡ് യൂണിയനുകളുടെ ഭാരവാഹിത്വവും വഹിച്ചിരുന്നു. 1991-ൽ പറവൂർ മണ്ഡലത്തിൽ നിന്ന് ഒൻപതാം കേരള നിയമസഭയിലെത്തിയ പി. രാജു തുടർന്ന് 1996-ൽ പത്താം കേരള നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിലും അതേ മണ്ഡലത്തിൽനിന്ന് വിജയിച്ചു. 1998-2001 കാലത്ത് നിയമസഭാ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അധ്യക്ഷനായിരുന്നു. പൊതുജീവിതത്തിൽ ആത്മാർത്ഥതയും അർപ്പണബോധവും ഉറച്ച പ്രതിബദ്ധതയും പ്രകടിപ്പിച്ച നേതാവായിരുന്ന പി. രാജു ട്രേഡ് യൂണിയൻ സംഘാടകനെന്ന നിലയിൽ തൊഴിലാളി വർഗ്ഗത്തിന്റെ പൊതുസ്വീകാര്യത നേടി. പ്രതിബദ്ധത കൈമുതലാക്കിയ മനുഷ്യസ്നേഹിയായ ഒരു നേതാവിനെയാണ് പി. രാജുവിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം

എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

P.03-03-2025
10.00-10.10
GS/VS(1)

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

താമരശ്ശേരിയിലെ പത്താം ക്ലാസ് വിദ്യാർഥി ഷഹബാസിന്റെ കൊലപാതകം

മി. സ്പീക്കർ: താമരശ്ശേരിയിലെ പത്താം ക്ലാസ് വിദ്യാർഥികൾ തമ്മിലുള്ള സംഘർഷത്തിൽ ഷഹബാസ് എന്ന വിദ്യാർഥി കൊല്ലപ്പെട്ടതടക്കം സ്കൂൾ വിദ്യാർഥികളും യുവാക്കളും നടത്തുന്ന അക്രമങ്ങൾ വർധിച്ചുവരുന്നതുമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണം എന്ന ഉപക്ഷേപം പരിഗണയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(ശ്രീ. പിണറായി വിജയൻ)

P.03-03-2025

10.00-10.10-GS/VS(1)

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

താമരശ്ശേരിയിലെ പത്താം ക്ലാസ് വിദ്യാർഥി ഷഹബാസിന്റെ കൊലപാതകം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗൗരവമായൊരു സാമൂഹിക വിഷയമാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. ഇത് നമ്മുടെ സഭയിൽ മാത്രമല്ല സഭയിലൂടെ പൊതുസമൂഹവും ചർച്ച ചെയ്യേണ്ട ധാരാളം പ്രശ്നങ്ങൾ അടങ്ങിയിട്ടുള്ളതാണ്. നോട്ടീസിൽ സൂചിപ്പിക്കുന്നതുപോലെ ലഹരി, മദ്യം, ഹിംസ ആഘോഷിക്കപ്പെടുന്ന വീഡിയോ ഗെയിം, സിനിമ, വെബ് സീരിസ്, ഇതിന്റെയെല്ലാം പങ്കിനെക്കുറിച്ച് ഇതിൽ പറയുന്നുണ്ട്. ഇതിനുപുറമെയും ധാരാളം കാര്യങ്ങൾ കാണാൻ സാധിക്കും. ഇക്കാര്യങ്ങളെല്ലാം നാം വിശദമായി ചർച്ച ചെയ്ത്, അത് പൊതുസമൂഹത്തിന്റെ മുന്നിലെത്തിക്കുന്ന നിലനന്നായിരിക്കും. അതുകൊണ്ട് നിറഞ്ഞ സന്തോഷത്തോടെ ഇക്കാര്യം ചർച്ച ചെയ്യാമെന്ന് സമ്മതിക്കുകയാണ്.

(മി. സ്പീക്കർ)

GS/VS(1)

മി. സ്പീക്കർ: വളരെ റെലവന്റായ ഈ വിഷയം ചർച്ച ചെയ്യാൻ മുന്നോട്ടുവന്നതിന് ചെയർ ഗവൺമെന്റിനെ അപ്രിഷിയേറ്റ് ചെയ്യുന്നു.

ഓർഡർ....ഓർഡർ...... നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം സംബന്ധിച്ച് ഇന്ന് ലഭിച്ച നോട്ടീസ് പ്രകാരം ചർച്ചയാകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ഉപക്ഷേപം ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയാണ്. ഉച്ചയ്ക്ക് 12.00 മണി ചർച്ച ആരംഭിക്കുന്നതാണ്. ചർച്ച രണ്ട് മണിക്കൂർ ആയിരിക്കും. ഈ സാഹചര്യത്തിൽ ഇന്നത്തെ കാര്യവിവരപ്പട്ടിക പ്രകാരം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് സഭ പരിഗണിക്കാനിരുന്ന 2025-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച പൂർത്തീകരിച്ചതിനുശേഷം നടത്തുന്നതാണ്. അതിലേക്കായി ബന്ധപ്പെട്ട ചട്ടം താൽക്കാലികമായി സസ്പെൻഡ് ചെയ്യാൻ സഭയുടെ അനുമതിയോടെ തീരുമാനിക്കുകയാണ്.

ഇന്ന് നിയമനിർമ്മാണവും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപവും ചർച്ചയ്ക്കെടുക്കുകയും അതുപോലെ ധനവിനിയോഗ

ബില്ലുമുള്ളതിനാൽ ബഹുമാനപ്പെട്ട അംഗങ്ങൾ സ്വയം സമയകൃത്യത പാലിച്ചുകൊണ്ട് ചെയറിനോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(ശ്രദ്ധക്ഷണിക്കൽ)

P.03-03-2025
10.00-10.10
GS/VS(1)

ശ്രദ്ധക്ഷണിക്കൽ

1. ആശാ വർക്കർമാരുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കേണ്ടതിന്റെയും ഓണറേറിയം, ഇൻസെന്റീവ് എന്നിവയുടെ കേന്ദ്രവിഹിതം ലഭ്യമാക്കേണ്ടതിന്റെയും ആവശ്യകത

ശ്രീമതി ശാന്തകുമാരി കെ.: സർ, ദേശീയ ആരോഗ്യ പദ്ധതിയുടെ (National Health Mission) ഭാഗമായി ഓരോ വില്ലേജിലും നിയമിക്കപ്പെടുന്ന അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തകരാണ് ആശ (Accredited Social Health Activists). കേരളത്തിൽ നിലവിൽ 21529 പേർ ഗ്രാമപ്രദേശങ്ങളിലും 4104 പേർ നഗരപ്രദേശങ്ങളിലും 492 പേർ ട്രൈബൽ മേഖലകളിലുമായി 26125 പേരാണ് ആശാ വർക്കേഴ്സായി പ്രവർത്തിച്ചുവരുന്നത്. കേന്ദ്രം 60 ശതമാനവും സംസ്ഥാനം 40 ശതമാനവുമെന്ന നിരക്കിൽ തുടങ്ങിയ ഇവരുടെ സേവന രീതിക്ക് വിവിധ സ്കീമുകളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവും ഓണറേറിയവുമാണ് വരുമാനം.

സാമൂഹ്യ ആരോഗ്യ പ്രവർത്തകരെന്ന നിലയിൽ സ്ത്രീകളെ മാത്രമാണ് പ്രസ്തുത പദ്ധതിക്കുവേണ്ടി നിയമിച്ചിരിക്കുന്നത്. ശിശുമരണം കുറയ്ക്കാനും ഗർഭിണികളുടെ സുരക്ഷയ്ക്കും പൊതുജനാരോഗ്യ പ്രസ്ഥാനവുമായി ഏറ്റവും താഴെത്തലംവരെ ആരോഗ്യ പരിപാലനത്തിനുവേണ്ടിയാണ് ടി പദ്ധതി നിലവിൽ വന്നിട്ടുള്ളത്. യഥാർത്ഥത്തിൽ ഇവർ തൊഴിലാളികളല്ല, സന്നദ്ധ പ്രവർത്തകരാണ്. അതുകൊണ്ട് 'ശമ്പളം മിനിമം വേതനം' എന്ന തത്ത്വം ഇവർക്കിപ്പോൾ ബാധകമല്ല. മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംങ് കേന്ദ്രം ഭരിക്കുമ്പോഴാണ് പ്രസ്തുത സ്കീം ആരംഭിച്ചത്. ഇത്തരം വ്യവസ്ഥകളുണ്ടാക്കിയത് കോൺഗ്രസ് സർക്കാരാണ്. അതുകൊണ്ടുതന്നെ ഈ ദുരവസ്ഥയിൽ കേരളത്തിലെ കോൺഗ്രസുകാർക്ക് പങ്കുണ്ടെന്ന് ഞാൻ പറയുന്നു. 2009-ൽ എട്ട് സംസ്ഥാനങ്ങളിൽനിന്നുള്ള ആശാ വർക്കർമാർ സി.ഐ.ടി.യു.-വിന്റെ നേതൃത്വത്തിൽ പാർലമെന്റ് മാർച്ച് സംഘടിപ്പിച്ച് ഒന്നര വർഷത്തിനുശേഷമാണ് ചെയ്ത ജോലിക്ക് ഇൻസെന്റീവ് ലഭിച്ചത്. ഇന്ന് ഇവരെ ഈ സമരത്തിന് പ്രേരിപ്പിക്കുന്ന ചില കപട രാഷ്ട്രീയം അന്ന് ഈ സമരത്തിൽ എവിടെയും കണ്ടിരുന്നില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലത്താണ് ഉത്സവബത്ത ആവശ്യപ്പെട്ടുകൊണ്ടുള്ള സമരം. അതിന് 500 രൂപ അനുവദിച്ചിരുന്നു. 3000 രൂപ തോതിൽ ഓണറേറിയം

നൽകാനും അന്ന് തീരുമാനിച്ചിരുന്നു. എന്നാൽ യു.ഡി.എഫ്. അധികാരത്തിൽവന്ന് 14 മാസം കഴിഞ്ഞിട്ടും ഓണറേറിയമോ ഇൻസെന്റീവോ നൽകാൻ തയ്യാറായില്ല. ഇന്ന് ഈ സമരത്തിൽ വന്ന ആശാവർക്കർമാർക്ക് ഇക്കാര്യം പറയാൻ കഴിയുന്നില്ല, അവരത് മനസ്സിലാക്കി തുറന്ന് പറയുന്നുമില്ല. 14 മാസം ഓണറേറിയം കൊടുക്കാത്തതിന്റെയടിസ്ഥാനത്തിൽ Centre of Indian Trade Unions (CITU) വീണ്ടും സമരം ആരംഭിച്ചു. അന്ന് അന്തിചർച്ചയില്ല, മാധ്യമങ്ങളുടെ പടയില്ല, അങ്ങനെയൊന്നുമില്ല. 5 വർഷത്തെ യു.ഡി.എഫ്.-ന്റെ ഭരണത്തിൽ 700 രൂപയിൽ നിന്ന് 1000 രൂപയാക്കി ഓണറേറിയം വർദ്ധിപ്പിച്ചു. പിന്നീട് പ്രസ്തുത തുക 5000 രൂപ ആക്കുമെന്ന് പറഞ്ഞെങ്കിലും യു.ഡി.എഫ്. ഗവൺമെന്റ് അവരെ വഞ്ചിക്കുകയാണ് ചെയ്തത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം 1000 രൂപയിൽനിന്ന് 6000 രൂപയാക്കി ഉയർത്തി. (.....ബഹളം......) കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി 2000 രൂപ ഫിക്സഡ് ഇൻസെന്റീവാക്കി. പിന്നീട് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി. ഇതെല്ലാം അവരുടെ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യാമെന്ന് അന്ന് തീരുമാനിച്ചു. ഇന്ന് സത്യത്തിൽ, അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ട നിലയിൽ

അവർക്ക് ഓണറേറിയം ലഭിച്ചുകൊണ്ടിരിക്കുകയാണ്. എൻ.എച്ച്.എം. ഫണ്ടിൽനിന്ന് കേന്ദ്ര വിഹിതമായി 468 കോടി രൂപ നൽകാത്തതിൽ ആശാവർക്കർമാരായ സമരക്കാർക്കോ പ്രതിപക്ഷത്തിനോ യാതൊരു പ്രതിഷേധവുമില്ല. (.....ബഹളം......)

മി. സ്പീക്കർ: യെസ്സ്.......പ്ലീസ്......പ്ലീസ് കൺക്ലൂഡ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, സംസ്ഥാന ഫണ്ടിൽനിന്ന് പണം കൊടുത്തുതീർത്ത്, 100 കോടി രൂപ ഇപ്പോഴും കേന്ദ്രത്തിൽനിന്ന് ലഭിക്കാനുണ്ട്. (.....ബഹളം......) 15 വർഷത്തെ ആശാപ്രവർത്തകരുടെ വേതന ചരിത്രത്തിൽ ഒരു ചെറുവിരൽപോലും അനക്കാൻ കഴിയാത്തവരാണ് ഇന്ന് ഈ മുതലകണ്ണുനീരുമായി വന്നിട്ടുള്ളത്. (.....ബഹളം......) കേരളത്തിന്റെ ആരോഗ്യ മേഖലയിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന ഈ പാവപ്പെട്ട ആശാവർക്കർമാരുടെ ജോലി സ്ഥിരതയും അതുപോലെ ശാക്തീകരണത്തിനും ഓണറേറിയം ഇൻസെന്റീവ് ലഭിക്കുന്നതിനും കേന്ദ്ര സർക്കാരിൽനിന്ന് സമയബന്ധിതമായി വിഹിതം ലഭ്യമാക്കുന്നതിനുവേണ്ടി സമ്മർദ്ദം ചെലുത്തണമെന്നും സ്കീം വർക്കേഴ്സായ മുഴുവൻ ആളുകളെയും തൊഴിൽ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ

സമ്മർദ്ദം ചെലുത്തണമെന്നും ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

(ശ്രീമതി വീണാ ജോർജ്ജ്)

P-03-03-2025
MR-VS(1)
10.10-10.20

**ശ്രദ്ധക്ഷണിക്കൽ**

ആശാവർക്കർമാരുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കേണ്ടതിന്റെയും ഓണറേറിയം, ഇൻസെന്റീവ് എന്നിവയുടെ കേന്ദ്രവിഹിതം ലഭ്യമാക്കേണ്ടതിന്റെയും ആവശ്യകത

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ആശാവർക്കർമാരെ സംബന്ധിച്ച കാതലായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. Accredited Social Health Activists (ASHA) എന്നതാണ് ആശ എന്ന നാമധേയത്തിന്റെ എക്സ്പാൻഷൻ. ഇവരെ സന്നദ്ധ പ്രവർത്തകരായാണ് വിഭാവനം ചെയ്യുന്നത്. ഇവരെ തൊഴിലാളികളാക്കണമെന്നും തൊഴിൽ നിയമങ്ങളുടെ പരിധിയിൽ കൊണ്ടുവരണമെന്നുമുള്ള നിലപാടിനൊപ്പമാണ് സംസ്ഥാന സർക്കാർ. തീർച്ചയായും ഇക്കാര്യം കേന്ദ്രസർക്കാരിനോട് തുടർച്ചയായി ആവശ്യപ്പെടാം. 2007-ലാണ് ദേശീയ ആരോഗ്യദൗത്യത്തിന്റെ ഭാഗമായി

കേരളത്തിൽ ആശാ സ്കീം ആരംഭിച്ചത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, 26125 പേരാണ് 14 ജില്ലകളായി പ്രവർത്തിക്കുന്നത്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ, 2011-12-ലെ സംസ്ഥാന ബജറ്റിൽ..... ബഹുമാനപ്പെട്ട അംഗം അക്കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു; ഇവർക്ക് ഓണറേറിയം പ്രഖ്യാപിച്ചിരുന്നു. 2016-ൽ ആയിരം രൂപയായിരുന്നു ഓണറേറിയം. ഇന്ന് 7000/- രൂപ ഓണറേറിയമായി സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. ഇതിൽ നാം കാണേണ്ടത്, ഇതുസംബന്ധിച്ച് പല തെറ്റായ കാര്യങ്ങൾ ചില മാധ്യമങ്ങളെങ്കിലും കൊടുക്കുന്നുണ്ടെങ്കിലും രാജ്യത്ത് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണ്. ഓണറേറിയം മാത്രമാണ് എന്ന നിലയിൽ അതും തെറ്റായി വ്യാഖ്യാനിക്കുന്നുണ്ട്; ഓണറേറിയം മാത്രമല്ല, ഓണറേറിയം കൂടാതെ 3000/- രൂപ ഫിക്സഡ് ഇൻസെന്റീവും നൽകുന്നുണ്ട്. ആ ഫിക്സഡ് ഇൻസെന്റീവ് കൂടാതെ ഓരോ പ്രവർത്തനങ്ങൾക്കും, ഉദാഹരണത്തിന് ഒരു കുഞ്ഞിന് പ്രതിരോധ കുത്തിവയ്പ്പ് 20 രൂപ എന്നുള്ളതാണ്. നാം കാണേണ്ടത്, ആശാ സ്കീം തുടങ്ങുമ്പോൾ കേന്ദ്രം നിശ്ചയിച്ച ഇൻസെന്റീവാണ് ഇരുപത് രൂപയെന്നത്. ഞാൻ 2024-ൽ ഇപ്പോഴത്തെ ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് ഈ

വിഷയം ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. പ്രീ ബജറ്റ് ചർച്ചയുടെ ഭാഗമായി, സ്കീം വർക്കേഴ്സിന് നൽകുന്ന കേന്ദ്ര വിഹിതങ്ങളിൽ വർധനവുണ്ടാകണമെന്ന് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ഡൽഹിയിൽ നടത്തിയ പ്രസംഗത്തിൽ ഉന്നയിച്ചതായി രേഖകളുണ്ട്. ഇപ്രകാരം ഫിക്സഡ് ഇൻസെന്റീവ് കൂടാതെ ഓരോ പ്രവർത്തനങ്ങൾക്കുമുള്ള ഇൻസെന്റീവുമുണ്ട്. ജനവരിയിലെ കണക്ക് പരിശോധിക്കുമ്പോൾ ആശാവർക്കർമാരായ 26125 പേരിൽ 90 ശതമാനം പേർക്കും കേരളത്തിൽ 10000-നും 13000-നും ഇടയിൽ വേതനം ലഭിക്കുന്നുണ്ട്. 2017-ലെ ഉത്തരവ് പ്രകാരം പത്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് 7000/- രൂപ നൽകിവന്നിരുന്നത്. ആശമാർ ഫെബ്രുവരി മാസം ആറാം തീയതി ഇവിടെ സമരം നടത്തി. ആ സമരത്തെ തുടർന്ന് അവർ എന്നെ കാണാൻ വന്നു; ഇക്കാര്യം ഉന്നയിച്ചു. ഈ മാനദണ്ഡങ്ങൾ എടുത്തുമാറ്റണമെന്ന് അവർ ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. 7-ാം തീയതി തന്നെ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഒരു പ്രൊസീഡിങ്സ് ഇറക്കി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു. ആ ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ മാനദണ്ഡങ്ങൾ പൂർണ്ണമായി എടുത്തുമാറ്റിയിട്ടുണ്ട്.

കേരളത്തിൽ ആശാ പ്രവർത്തകർ വളരെ സ്ട്രക്ച്ചേർഡായിട്ടാണ് പ്രവർത്തിക്കുന്നത്. അവർക്ക് അമിത ജോലിഭാരം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ഫീൽഡ്തലത്തിലുള്ള മറ്റ് ആരോഗ്യ പ്രവർത്തകരുടെ സംഘടനകളുമായി ആശയവിനിമയം നടത്തി രണ്ടര വർഷം മുമ്പ് കൃത്യമായിട്ടുള്ള ഗൈഡ്ലൈൻസ് ആശമാരുടെ പ്രവർത്തനം സംബന്ധിച്ച് സംസ്ഥാന ആരോഗ്യവകുപ്പ് പുറത്തിറക്കിയിരുന്നു. ഇപ്പോൾ കഴിഞ്ഞ ദിവസം ചില മാധ്യമങ്ങളിൽ ചിലയിടങ്ങളിൽ മെറ്റേർണിറ്റി ലീവ് കൊടുക്കുന്നത് സംബന്ധിച്ച വാർത്ത പുറത്തുവിട്ടു. നേരത്തെ തന്നെ മെറ്റേർണിറ്റി ലീവ് അനുവദിക്കുന്ന സംസ്ഥാനമാണ് കേരളം. അതൊന്നുകൂടി ഉറപ്പിക്കുന്നതിനുവേണ്ടി 2023-ൽ പ്രത്യേകമായി ഒരു ഉത്തരവും അതിന്റെ ഭാഗമായി ഇറക്കിയിട്ടുണ്ട് എന്നുള്ളത് നമുക്ക് കാണാൻ സാധിക്കും. തീർച്ചയായും ആശാവർക്കർമാരുടെ പ്രവർത്തനം വളരെ വളരെ പ്രാധാന്യത്തോടുകൂടിയാണ് സംസ്ഥാന സർക്കാർ കാണുന്നത്. നിലവിൽ അവരുടെ സ്കീം വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങളിൽ കാതലായിട്ടുള്ള മാറ്റം വരണമെന്നുള്ളതാണ് നമ്മൾ കാണുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള ആവശ്യങ്ങൾ കേന്ദ്ര സർക്കാരിനോട് നമ്മൾ ഉന്നയിച്ചിട്ടുണ്ട്. അതുമാത്രമല്ല, ഇതിന്റെ ഭാഗമായി ആശാ പ്രവർത്തകർ ഉന്നയിച്ചിട്ടുള്ള....., ഒരു ഉദാഹരണം

പറഞ്ഞാൽ, ശൈലി പോപ്പുലേഷൻ സർവെ നടത്തുന്ന അതേസമയം തന്നെ കേന്ദ്രത്തിന്റെ ഒരു ടി.ബി. പ്രോഗ്രാം വന്നപ്പോൾ അതിന് ചുമതലയുള്ള ഒന്നുരണ്ട് ഉദ്യോഗസ്ഥർ ടി.ബി. പ്രോഗ്രാമിന്റെ സർവെ പ്രത്യേകം നടത്തണമെന്ന് പറഞ്ഞു. 6-ാം തീയതിയിലെ സമരത്തിൽ ആശമാർ ഇക്കാര്യം കൂടി ഉന്നയിച്ചു. അവരുടെ ആവശ്യം പരിഗണിച്ചുകൊണ്ട് ശൈലി സർവെയിൽ ഇതുൾപ്പെട്ടിട്ടുള്ളതിനാൽ അത് പരിഗണിക്കേണ്ടതില്ലെന്ന് പറയുകയുണ്ടായി. വളരെ പ്രധാനപ്പെട്ട ഒരു കാര്യം കൂടി പറയാനുണ്ട്, കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് ഈ സ്കീം സംബന്ധിച്ച കാര്യങ്ങളിൽ കാതലായ മാറ്റം വേണമെന്ന് പറഞ്ഞു. 2023-24 സാമ്പത്തിക വർഷം ആശമാർക്ക് കൊടുക്കേണ്ടിയിരുന്ന 100 കോടി രൂപയിൽ ഒരു രൂപ പോലും കേന്ദ്രം നൽകിയിട്ടില്ല. ഇത് വളരെ ഗൗരവത്തോടെ കാണേണ്ട ഒരു വിഷയമാണ്. കമ്മിറ്റഡ് ആയിട്ടുള്ള ഒരു കാര്യമാണ്. ഒരു സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ കേന്ദ്രം ഇത്ര കോടി രൂപ നിങ്ങൾക്ക് തരുമെന്ന് പറയും. 60 ശതമാനം കേന്ദ്രം തരും 40 ശതമാനം സംസ്ഥാനം നൽകും. ഞാൻ ഇൻസെന്റീവിന്റെ കാര്യം പറഞ്ഞല്ലോ. അത് കേന്ദ്രം മാത്രമല്ല നൽകുന്നത്. ഫിക്സഡ് ഇൻസെന്റീവും മറ്റ് ഇൻസെന്റീവും കേന്ദ്രവും സംസ്ഥാനവും 60:40 അനുപാതത്തിലാണ് നൽകുന്നത്. ഈ പറഞ്ഞ

തുകകളെല്ലാം തന്നെ...... 7000/- രൂപ സംസ്ഥാനം മാത്രം നൽകുന്ന ഓണറേറിയമാണ്. 100 കോടി രൂപ കേന്ദ്രം നൽകിയില്ലെന്നുള്ളത് മാത്രമല്ല ഇതുസംബന്ധിച്ച് തുടർച്ചയായിട്ടുള്ള ആവശ്യങ്ങൾ കേന്ദ്രത്തിന്റെ മുന്നിൽ അഭ്യർത്ഥനകൾ നടത്തിയിരുന്നെങ്കിലും അതിൽ അനുഭാവപൂർണ്ണമായൊരു നിലപാട് ഉണ്ടായിട്ടില്ല. അക്കാര്യം സാക്ഷാത്കരിച്ചിട്ടുമില്ല എന്നുള്ളതുകൂടി ഈ സഭയെ ഞാൻ അറിയിക്കാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട അംഗം പറഞ്ഞൊരു വിഷയത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞ അതേ നിലപാട് തന്നെയാണ് സർക്കാരിനുമുള്ളത്. അതിൽ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ ആശമാർ കൂടി ഉൾപ്പെടണം എന്നുള്ളത് തന്നെയാണ് പറയനുള്ളത്. ഇക്കാര്യം വീണ്ടും കേന്ദ്രത്തോട് നമുക്ക് ആവശ്യപ്പെടാവുന്നതാണ്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, കേരളത്തിൽ ആശാപ്രവർത്തകർക്ക് ലഭിക്കുന്ന ഇൻസെന്റീവ്, ഓണറേറിയം മറ്റ് സംസ്ഥാനങ്ങളെ താരതമ്യപ്പെടുത്തിക്കൊണ്ടുള്ള വിവരങ്ങൾ ലഭ്യമാണോ? എങ്കിൽ എത്രയാണ്?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, തീർച്ചയായിട്ടും ഉണ്ട്. ആ താരതമ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ പറഞ്ഞത്. ഇതുസംബന്ധിച്ച് ഒരു മാധ്യമത്തിൽ

വന്ന വാർത്ത 'മന്ത്രിയുടെ വാദമെന്നാണ് . ഇത് വാദമല്ല, നമ്മുടെ മുന്നിലുള്ള ഫാക്ച്വൽ ആയ കണക്കുകളാണ്. ഒരു സംസ്ഥാനം കഴിഞ്ഞ ദിവസം അറിയിച്ചത്, എല്ലാം കൂടി 10000/- രൂപ നൽകാം. അതിവിടെ ഒരു മാധ്യമത്തിൽ വലിയ ബ്രേക്കിങ് വാർത്തയായിരുന്നു. ഓണറേറിയവും ഇൻസെന്റീവും എല്ലാം കൂടി 10000/- രൂപ നൽകാമെന്ന് പറഞ്ഞു. കേരളത്തിൽ 10000 നും 13000 നും ഇടയിൽ വേതനം ലഭിക്കുന്നുണ്ട്. 14000/- രൂപ വാങ്ങുന്ന ആശാവർക്കർമാരുമുണ്ട്. അതുകൊണ്ട് കൃത്യമായിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിലും രേഖകളുടെ അടിസ്ഥാനത്തിലുമാണ് പറയുന്നത്. ഈ നിലയിൽ ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന സംസ്ഥാനം കേരളമാണ്. സ്ട്രക്ച്ചേർഡായിട്ട് പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ ആശമാർക്ക് 10000-നും 13000-നും ഇടയിൽ അവർക്ക് പ്രതിമാസം വേതനം ലഭിക്കുന്നത്. അതോടൊപ്പംതന്നെ ദേശീയ ആരോഗ്യദൗത്യത്തിന്റെ ഭാഗമായി കേരളത്തിന് ലഭിക്കേണ്ടതായ തുക ലഭിച്ചിട്ടില്ലെന്നുള്ളതും....., ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പാർലമെന്റ് സെഷന് തൊട്ടുമുമ്പ് എം.പി.മാരുടെ യോഗം വിളിച്ചിരുന്നു. ആ യോഗത്തിൽ ഇക്കാര്യം പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ ആരോഗ്യ വകുപ്പിന്റെ എന്തൊക്കെ വിഷയങ്ങളാണ് കേന്ദ്ര സർക്കാരിനോട് ഉന്നയിക്കാനുള്ളതെന്ന് ചർച്ച ചെയ്തപ്പോൾ, ഇക്കാര്യം അജണ്ടയിൽ ഉൾപ്പെടുത്തി കേന്ദ്രത്തോട്

ആവശ്യപ്പെടണം എന്നുള്ളതും സംസ്ഥാനത്തിന് ലഭിക്കാനുള്ള 600 കോടിയിലധികം രൂപ നേടിയെടുക്കണമെന്നുള്ള കാര്യവും ആ യോഗത്തിൽ പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട എം.പി.-മാർ ആ വിഷയം ഉന്നയിക്കണം എന്നുള്ളതാണ് എനിക്ക് പ്രത്യേകമായി ഒരിക്കൽ കൂടി അഭ്യർഥിക്കാനുള്ളത്. ഇത് കേരളത്തിന്റെ ആവശ്യമാണ് ആശമാർ ഉൾപ്പെടെയുള്ളവരുടെ ആവശ്യമാണ്. തീർച്ചയായും ബഹുമാനപ്പെട്ട എം.പി.മാർ പാർലമെന്റിൽ ഇക്കാര്യം ഉന്നയിക്കണമെന്നുകൂടി ഈയവസരത്തിൽ അഭ്യർഥിക്കുന്നു.

(ശ്രീ. പി. സി. വിഷ്ണുനാഥ്)

P-03-03-2025
MR-VS(1)
10.10-10.20

**ശ്രദ്ധക്ഷണിക്കൽ**

(2) കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധിയും ജീവനക്കാരുടെ വേതന വർധനവും

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഒരുകാലത്ത് ലോകത്തെ കശുവണ്ടി വ്യവസായത്തിന്റെ തലസ്ഥാനമായിരുന്നു കൊല്ലം ജില്ല. ഇന്ന് കൊല്ലം ജില്ലയിലെ കശുവണ്ടി വ്യവസായം അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രതിസന്ധി നേരിടുകയാണ്. കശുവണ്ടി മേഖലയിലുണ്ടായിരുന്ന സ്വകാര്യ ഫാക്ടറികളിൽ 80 ശതമാനവും അടഞ്ഞുകിടക്കുകയാണ്. ഓരോ ദിവസവും

ഓരോ ഫാക്ടറികൾ അടഞ്ഞുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ അടഞ്ഞുപോകുന്ന ഫാക്ടറികൾ പിന്നീട് ആരെങ്കിലും വാങ്ങിയാൽ തന്നെ അവരത് കശുവണ്ടി ഫാക്ടറികളായി പ്രവർത്തിപ്പിക്കുന്നില്ല. അവയെ വലിയ ഷോപ്പിങ് മാളുകളായോ സ്പോർട്സിന്റെ ടർഫുകളായോ അല്ലെങ്കിൽ റിയൽ എസ്റ്റേറ്റിനുവേണ്ടി ഭൂമി തരംതിരിച്ചുകൊടുക്കുന്ന രൂപത്തിലൊക്കെയായി മാറ്റുകയാണ്. രണ്ടര ലക്ഷം ആളുകൾ തൊഴിൽ ചെയ്തിരുന്നൊരു മേഖലയാണ് കശുവണ്ടി വ്യവസായം. കശുവണ്ടി വ്യവസായത്തിന്റെ പ്രതിസന്ധിയും അതിലൂടെയുണ്ടായ തൊഴിൽ നഷ്ടവും കൊല്ലം ജില്ലയുടെ സാമ്പത്തിക അടിത്തറയെ തകർക്കുന്ന രൂപത്തിലേക്ക് മാറിയിട്ടുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തരമായി ചില ഇടപെടലുകൾകൂടി നടത്തണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ചൂണ്ടിക്കാണിക്കാനുള്ളത്. ഇവിടെ രണ്ട് തരത്തിലുള്ള പ്രതിസന്ധികളുണ്ട്. അതിലൊന്നാണ് ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതുമൂലം പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾക്ക് തൊഴിലില്ല എന്ന വിഷയം. അതുപോലെ വ്യവസായികളും പ്രതിസന്ധിയിലാണ്. കൊല്ലം ജില്ലയിൽ മാത്രം അഞ്ച് കശുവണ്ടി വ്യവസായികളാണ് ആത്മഹത്യ ചെയ്തത്. കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ കശുവണ്ടി ഫാക്ടറികളുള്ളത് എന്റെ മണ്ഡലത്തിലാണ്.

അവിടെ രണ്ട് കശുവണ്ടി വ്യവസായികളുടെ വ്യവസായം പ്രതിസന്ധിയിലായപ്പോൾ അവർ ആത്മഹത്യ ചെയ്ത സംഭവമുണ്ടായി. ഇപ്പോഴും പലരും ആത്മഹത്യയുടെ വക്കിലാണ്. ബാങ്കുകൾ അവരെ വേട്ടയാടുകയാണ്. ഒരു ദാക്ഷണ്യവുമില്ലാതെയാണ് ഈ മേഖലയിലുള്ള വ്യവസായികളോട് പൊതുമേഖലാ ബാങ്കുകൾ പെരുമാറുന്നത്. വ്യവസായികളെ സംരക്ഷിക്കുന്നതിന് സർക്കാർതലത്തിൽ നടത്തിയ ചർച്ചകളുടെ ഭാഗമായി OTS Scheme കൊണ്ടുവന്നിട്ടുണ്ട്. ഇതിൽ സഹകരിക്കുന്ന ബാങ്കുകളും നിസ്സഹകരിക്കുന്ന ബാങ്കുകളുമുണ്ട്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ അടിയന്തരമായ ഇടപെടൽകൂടി ആവശ്യമായി വന്നിരിക്കുകയാണ്. അതുമാത്രമല്ല, ഫാക്ടറികൾ പൂട്ടിപോകുമ്പോൾ കശുവണ്ടി തൊഴിലാളികൾക്ക് പിന്നീട് യാതൊരു ആനുകൂല്യവും ലഭിക്കാത്തൊരു സാഹചര്യവുമുണ്ടാകുന്നുണ്ട്.

(തുടരും...)

P 03-03-2025
RJ-VS (1)
10.20-10.30

(ശ്രീ. പി. സി. വിഷ്ണുനാഥ്...... തുടർച്ച)

അവർക്ക് ഇ.എസ്.ഐ ആനുകൂല്യങ്ങളും ചികിത്സ സൗകര്യങ്ങളും

ലഭിക്കാതെവരുന്ന സാഹചര്യങ്ങളുമുണ്ട്. ഇത്തരം സാഹചര്യങ്ങളിലൊക്കെ അടിയന്തരമായി ഗവൺമെന്റ് ഇടപെടലുണ്ടാകണം. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും തൊഴിൽ നൽകുന്നതിന് പരിശ്രമിക്കുന്നുണ്ട്. എന്നാൽ കഴിഞ്ഞവർഷം കശുവണ്ടി വികസന കോർപ്പറേഷനുവേണ്ടി ബജറ്റിൽ വോട്ട് ചെയ്ത് അനുവദിച്ച തുകപോലും ചെലവഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. വളരെ നാമമാത്രമായ തുകയാണ് സർക്കാർ ടി മേഖലയ്ക്കുവേണ്ടി അനുവദിക്കുന്നത്. ആ തുകപോലും ചെലവഴിക്കാൻ കഴിയാതെ വന്നാൽ എങ്ങനെയാണ് ഈ മേഖല സംരക്ഷിക്കപ്പെടുന്നത്? അടുത്തതായി കൂലി വർധനവ് സംബന്ധിച്ച വിഷയമാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 5 വർഷവും കൂലി വർധിപ്പിച്ചില്ല. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് മൂന്ന് വർഷം കഴിഞ്ഞപ്പോൾ കൂലി വർധിപ്പിച്ചെങ്കിലും ഈ വർധിപ്പിച്ച കൂലി സ്വകാര്യ തൊഴിലുടമകൾ നൽകാൻ തയ്യാറാകുന്നില്ല. ട്രേഡ് യൂണിയനുകളോ തൊഴിലാളികളോ കൂടുതൽ കൂലി ചോദിച്ചാൽ ഇവരുടെ ഭാഗത്തുനിന്നും ഭീഷണിയുണ്ടാകും. "നിങ്ങൾക്ക് കൂലി വേണമോ; അതോ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കണമോ?" എന്നാണ് ചോദിക്കുന്നത്. തൊഴിലാളികൾ കൂടുതൽ കൂലി ചോദിച്ച് സമരം ചെയ്യാൻ പോയാൽ കമ്പനി അടച്ചിടുമെന്ന

അവസ്ഥയാണ്. 843 ഫാക്ടറികളുണ്ടായിരുന്നതിൽ നൂറെണ്ണമാണ് നിലവിൽ പ്രവർത്തിക്കുന്നത്. കൂലി കൂടുതൽ ചോദിച്ച് ഉള്ളതുംകൂടി പൂട്ടിയാൽ ഉള്ള ജോലികൂടി ഇല്ലാതാകുമെന്നതുകൊണ്ട് കൂലി വർധനവ് വേണ്ടെന്നുവച്ച് തുച്ഛമായ കൂലിയിൽ അവർ ജോലി ചെയ്യുന്ന സാഹചര്യമാണുള്ളത്. ട്രേഡ് യൂണിയനുകളും നേരിടുന്ന പ്രതിസന്ധിയാണിത്. കാരണം, 'നിങ്ങൾ സമരം ചെയ്യാൻ വന്നാൽ ഞങ്ങൾ ഫാക്ടറി പൂട്ടും" എന്നാണ് അവരുടെ ഭീഷണി. മറ്റൊരു പ്രശ്നം........,

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്.. സമയം.....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ചുരുക്കാം... ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് കശുവണ്ടി തൊഴിലാളികൾക്ക് മൂന്ന് പെൻഷൻവരെ ലഭിക്കുമായിരുന്നു. ഒരു കശുവണ്ടി തൊഴിലാളിക്ക് 60 വയസ്സായാൽ വാർധക്യകാല പെൻഷൻ ലഭിക്കുമായിരുന്നു. അത് ഭർത്താവ് മരിച്ച ഒരു കശുവണ്ടി തൊഴിലാളിയാണെങ്കിൽ അവർക്ക് വിധവാ പെൻഷനും അവർ അംശദായമടച്ച ക്ഷേമനിധി പെൻഷനും ലഭിക്കുമായിരുന്നു. ഇത് ഒന്നാം പിണറായി സർക്കാരും രണ്ടാം പിണറായി സർക്കാരും വന്നതിനുശേഷം ഒറ്റ പെൻഷനാക്കി. ഇപ്പോൾ യഥാർഥത്തിൽ ഈ തൊഴിലാളികൾ എന്തിനാണ് ക്ഷേമനിധിയിൽ പൈസ അടയ്ക്കുന്നത്? കാരണം ക്ഷേമനിധി

പെൻഷനും സാമൂഹ്യ ക്ഷേമ പെൻഷനും 1600 രൂപയാണ്. നിലവിൽ സാമൂഹ്യ ക്ഷേമ പെൻഷൻ ലഭിക്കുന്നവർക്ക് ക്ഷേമനിധി പെൻഷൻ ലഭിക്കാതെ വരും. എന്നാൽ അതേസമയം ക്ഷേമനിധിയിൽ അംശാദായം അടച്ചാലും നിലവിൽ 1600 രൂപ പെൻഷൻ മാത്രമേ ലഭിക്കുകയുള്ളൂ. മൂന്ന് പെൻഷൻവരെ ലഭിച്ചുകൊണ്ടിരുന്ന കശുവണ്ടി തൊഴിലാളികൾക്ക് ഇപ്പോൾ ഒരു പെൻഷൻ മാത്രമേ ലഭിക്കുന്നുള്ളൂ. അത് യഥാർത്ഥത്തിൽ, നിയമസഭ പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ഒരു അവകാശത്തെ ഒരു എക്സിക്യൂട്ടീവ് ഓർഡർ വഴി ഇല്ലാതാക്കുന്ന നിയമവിരുദ്ധതയും മനുഷ്യത്വ വിരുദ്ധതയുമാണ്. അതുകൊണ്ട് ഈ പാവപ്പെട്ട കശുവണ്ടി തൊഴിലാളികൾക്ക് മുമ്പ് ലഭിച്ചുകൊണ്ടിരുന്ന രണ്ടോ മൂന്നോ പെൻഷനുകൾ അതുപോലെ ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. ഈ വ്യവസായം നിലനിൽക്കണമെങ്കിൽ, 2025 ഡിസംബർ വരെയെങ്കിലും ഈ OTS (One Time Settlement) സ്കീം നീട്ടികൊണ്ടുപോയാൽ കുറെ ഫാക്ടറികളെങ്കിലും തുറന്ന് പ്രവർത്തിക്കും. കൊട്ടാരക്കരയിലും കുണ്ടറയിലും ചാത്തന്നൂരിലും കുന്നത്തൂരിലും കരുനാഗപ്പള്ളിയിലുമൊക്കെയുള്ള പാവപ്പെട്ട സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്ന സാഹചര്യവുമുണ്ടാകും. അങ്ങനെ സർക്കാരിനും തൊഴിലാളികൾക്കും

ജനങ്ങൾക്കും ഗുണകരമായ സാഹചര്യംകൂടി സൃഷ്ടിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

(നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി)

(തുടരും...)

P 03-03-2025
RJ-VS (1)
10.20-10.30

കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധി

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമായ ചില പ്രശ്നങ്ങളാണ് അദ്ദേഹം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കശുവണ്ടി വ്യവസായം പ്രതിസന്ധി നേരിടുന്നത് ഇന്നോ ഇന്നലെയോ അല്ലെന്ന് നമുക്കെല്ലാവർക്കുമറിയാം. കഴിഞ്ഞ കുറേക്കാലമായി ടി വ്യവസായം പ്രതിസന്ധി അഭിമുഖീകരിക്കുന്നുണ്ട്. അതിനാൽ അതുസംബന്ധിച്ച് ഈ ഗവൺമെന്റ് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. ആ സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ ഇതുവരെ ഒരു ഗവൺമെന്റും സ്വീകരിക്കാത്ത വളരെ പ്രധാനപ്പെട്ട തീരുമാനങ്ങളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിലൊന്ന് സ്വകാര്യ വ്യവസായ ശാലകൾ സംബന്ധിച്ചാണ്. സ്വകാര്യ വ്യവസായ

ശാലകളിലെ തൊഴിലാളികളുടെ പി.എഫ്, ഇ.എസ്.ഐ. എന്നിവയിൽ തൊഴിലുടമ അടയ്ക്കേണ്ട വിഹിതം അടയ്ക്കുന്നതിനുവേണ്ടി ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ 20 കോടി രൂപയാണ് സർക്കാർ മാറ്റിവച്ചത്. കഴിഞ്ഞ ദിവസം ബഹുമാന്യനായ ശ്രീ. പി. സി. വിഷ്ണുനാഥും ധനകാര്യ വകുപ്പുമന്ത്രിയും ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ.-യും ഒരു ചടങ്ങിൽ പങ്കെടുക്കുകയുണ്ടായി. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലുടമയുടെ പി.എഫ്., ഇ.എസ്.ഐ.- വിഹിതവും ഗവൺമെന്റ് നൽകുകയാണ്. കൂടാതെ സ്വകാര്യ സ്ഥാപനങ്ങളിൽതന്നെ ഷെല്ലിങ്ങിന്റെ മോഡണൈസേഷനുവേണ്ടി 5 കോടി രൂപ മാറ്റിവയ്ക്കുന്നുണ്ട്. കൂടാതെ ചരിത്രത്തിലാദ്യമായി സ്ത്രീസൗഹാർദ്ദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുവേണ്ടി സ്വകാര്യ സ്ഥാപനങ്ങളിൽതന്നെ 5 കോടി രൂപ മാറ്റിവയ്ക്കുന്നുണ്ട്. ഇതുകൂടാതെ മറ്റ് മോഡണൈസേഷനുകൾക്കുവേണ്ടി 40 ലക്ഷം രൂപ ഇൻസെന്റീവായി നൽകുന്നുണ്ട്. അതും ആദ്യമായാണ്. സ്വകാര്യ വ്യവസായ ശാലകൾ വർക്കിങ് ക്യാപ്പിറ്റലിന്റെ ക്രൈസിസ് അഭിമുഖീകരിക്കുന്നുണ്ടെന്ന് മനസ്സിലാക്കി, വർക്കിങ് ക്യാപ്പിറ്റലിന് ലോൺ എടുക്കുമ്പോൾ ആ ലോണിന്റെ പലിശയുടെ 50% പരമാവധി പത്തുലക്ഷം രൂപവരെ........

ചരിത്രത്തിലാദ്യമായി ഈ ഗവൺമെന്റാണ് നടപ്പിലാക്കുന്നത്. ആ പ്രതിസന്ധി സ്വകാര്യ വ്യവസായശാല കൂടി അഭിമുഖീകരിക്കുന്നുവെന്ന് മനസ്സിലാക്കി അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇതെല്ലാം താൽക്കാലിക ആശ്വാസമാണ്. മോഡണൈസേഷൻ ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ നമ്മുടെ ഒരു ബാഗിന്റെ പ്രൊഡക്ഷൻ കോസ്റ്റ് 4200 മുതൽ 4600 രൂപ വരെയാണ്. എന്നാൽ തമിഴ്നാട്ടിൽനിന്നും വരുന്ന ഒരു ബാഗിന്റെ പ്രൊഡക്ഷൻ കോസ്റ്റ് 850 മുതൽ 1100 വരെയാണ്. ഈ പ്രൊഡക്ഷൻ കോസ്റ്റിൽ മത്സരിക്കുകയാണെങ്കിൽ നമ്മൾ മോഡണൈസേഷൻ വരുത്തേണ്ടതുണ്ട്. അതിനെക്കുറിച്ച് എല്ലാ വ്യവസായികളും ഒരു ധാരണയിലെത്തിയിട്ടുണ്ട്. ഞങ്ങൾ ഉദ്ദേശിക്കുന്നത് ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കശുവണ്ടി, കയർ, കൈത്തറി എന്നീ മേഖലകളിലെ മൂന്ന് വിദഗ്ധ സമിതിയുടെയും റിപ്പോർട്ടും ലഭ്യമായിട്ടുണ്ട്. സംസ്ഥാനതലത്തിൽ എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിനെയും ചേർത്തുകൊണ്ട് പരമ്പരാഗത വ്യവസായ മേഖലകളുടെ റിപ്പോർട്ടുകളുടെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തി ചർച്ചചെയ്യുന്നതിന് ഏപ്രിൽ മാസത്തിൽ വിശദമായൊരു കോൺക്ലേവ് നടത്താനും തീരുമാനിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞ മറ്റൊരുകാര്യം ബാങ്കിനെ

സംബന്ധിച്ചാണ്. 2025 ഡിസംബർ വരെ OTS (One Time Settlement) സ്കീം നീട്ടണമെന്നാണ്. അക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. അതിൽ നാം കാണേണ്ടത്, നാലു സെന്റിൽ വീടുവയ്ക്കുന്ന ഒരാൾ ബാങ്ക് ലോൺ അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിക്കഴിഞ്ഞാൽ സർഫാസി നടപ്പാക്കുന്ന ഈ ഘട്ടത്തിൽ...... രണ്ട് കോടി രൂപവരെ വായ്പയാണെങ്കിൽ പലിശയും പിഴപ്പലിശയും എഴുതിത്തള്ളി ഒരു കോടി രൂപ അടച്ചാൽ മതിയാകും. പത്ത് കോടി വരെയുള്ള വായ്പയാണെങ്കിൽ പലിശയും പിഴപ്പലിശയും എഴുതിത്തള്ളി ആറ് കോടി രൂപ അടച്ചാൽ മതിയാകും. ആ സ്കീമിൽ നമ്മൾ ബാങ്കുമായി ധാരണയുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കശുവണ്ടി വ്യവസായികളിൽ ഒരാൾ OTS സ്കീമിന്റെ കാലാവധി നീട്ടി നൽകണമെന്നാവശ്യപ്പെട്ട് കോടതിയിൽ പോയിട്ടുണ്ട്. അപ്പോൾ കോടതി പറഞ്ഞത് ബാങ്കിങ് യൂണിയൻ ലിസ്റ്റിൽപ്പെട്ടതാണെന്നും ഇതിൽ സ്റ്റേറ്റിന് അധികാരമില്ലെന്നുമാണ്. അതിനാൽ സ്റ്റേറ്റിന് ഡയറക്ട് ചെയ്യാൻ അധികാരമില്ല. എന്നിട്ടുപോലും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബാങ്കുകളുടെ യോഗം വിളിക്കുകയുണ്ടായി. ആ യോഗത്തിൽ അദ്ദേഹം ആവശ്യപ്പെട്ടതുപോലെ ഡിസംബർ 31 വരെ OTS-ന്റെ കാലാവധി

നീട്ടിയിട്ടുണ്ട്. കൂടാതെ എസ്.എൽ.ബി.സി (സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി)-യും പ്രസ്തുത തീരുമാനമെടുത്തിട്ടുണ്ട്. ഇതുവഴി ഇതുവരെ 66 സ്ഥാപനങ്ങളുടെ 176.13 കോടി രൂപയുടെ കാര്യങ്ങൾ സെറ്റിൽ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സ്ഥാപനങ്ങളിൽ 2025-26 സാമ്പത്തിക വർഷം ഇരുപതിനായിരം മെട്രിക് ടൺ കശുവണ്ടി വിവിധ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യാൻ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഏറ്റവും ഉയർന്ന രൂപത്തിൽതന്നെ 2019 മുതൽ ഇങ്ങോട്ട് നോക്കിയാൽ 78182 മെട്രിക് ടൺ കശുവണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം 13055 മെട്രിക് ടൺ കശുവണ്ടി ഇറക്കുമതി ചെയ്തു. 2025-26-ൽ ഘാനയിൽനിന്നും 5000 മെട്രിക് ടണ്ണിന്റെ ഇറക്കുമതിയുടെ പർച്ചേഴ്സ് ഓർഡർ നൽകുകയുണ്ടായി. ആദ്യമായി ഐവറി കോസ്റ്റും അതിന്റെ അംബാസിഡറുമുൾപ്പെടെ ഗവൺമെന്റുമായി ചർച്ചചെയ്ത് Government to Government procurement-നുള്ള എം.ഒ.യു.-വിന് വിദേശകാര്യ മന്ത്രാലയം അംഗീകാരം നൽകിയിട്ടുണ്ട്. അത് വന്നാൽ സ്വകാര്യ വ്യവസായ ശാലകൾക്കും കശുവണ്ടി ഇറക്കുമതി ചെയ്യാൻ കഴിയും. അതുപോലെ ചരിത്രത്തിലാദ്യമായി ഡൊമസ്റ്റിക് പ്രൊക്വർമെന്റിന് ക്യാഷ്യൂ

കോർപ്പറേഷൻ ടെൻഡർ വിളിച്ചിട്ടുണ്ട്. അങ്ങനെ കുറെ മാറ്റങ്ങൾക്ക് ശ്രമിക്കുന്നുണ്ട്. അതിനാൽ നമുക്ക് ഒന്നിച്ച് ചേർന്ന് ചർച്ചചെയ്ത് മൗലികമായ മാറ്റങ്ങൾകൂടി വരുത്താൻ ശ്രമിക്കാം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഈ സർക്കാർ നടത്തുന്ന പിന്തുണ സ്വാഗതം ചെയ്യുകയാണ്. എന്നാൽ ആ പിന്തുണ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർക്കാണ് ലഭിക്കുന്നത്. അത് നല്ലതാണ്. പക്ഷെ, വ്യവസായമുണ്ടാകണമെങ്കിലും തൊഴിലുണ്ടാകണമെങ്കിലും അടഞ്ഞുപോയതും പോകാൻ സാധ്യതയുള്ളതുമായ കമ്പനികളെ സപ്പോർട്ട് ചെയ്യാനുള്ള നടപടിയുണ്ടാകണം. ഇവിടെ OTS-ൽ നമ്മൾ പറഞ്ഞ ഗവൺമെന്റ് ഓർഡറിന് വിരുദ്ധമായിട്ട് 10% അടച്ചിട്ട് ഒരു വർഷത്തെ കാലാവധി കിട്ടുന്നതിനുപകരം ബാങ്കുകൾ 10% അടച്ചിട്ട് പത്ത് ദിവസത്തിനുള്ളിൽ ബാക്കി 90% കൂടി അടയ്ക്കണമെന്ന് നിർബന്ധിക്കുകയാണ്. ഇതാണ് പ്രതിസന്ധിയുണ്ടാക്കുന്നത്. അക്കാര്യങ്ങളിൽകൂടി ഗവൺമെന്റ് ഇടപെടണം. മുമ്പ് ലഭിച്ചിരുന്ന മൂന്ന് പെൻഷനുകളും കശുവണ്ടി തൊഴിലാളികൾക്ക് ലഭിക്കാനുള്ള നടപടികൾകൂടി സ്വീകരിക്കണം.

ശ്രീ. പി. രാജീവ്: സർ, അദ്ദേഹം പറഞ്ഞ കാര്യത്തിൽ, കശുവണ്ടി

മുതലാളിമാർതന്നെ ഹൈക്കോടതിയിൽ പോയകാര്യം അങ്ങേയ്ക്കും അറിയാമല്ലോ. കോടതി പറഞ്ഞത് സ്റ്റേറ്റിന് അധികാരമില്ലാത്ത/ലെജിസ്ലേറ്റീവ് പവർ ഇല്ലാത്തിടത്ത് എക്സിക്യൂട്ടീവ് ഓർഡർ എടുക്കാൻ അധികാരമില്ലെന്നും സ്റ്റേറ്റ് ഇടപെടാനേ പാടില്ലെന്നുമാണ്. എന്നിട്ടും നമ്മൾ ബാങ്കുകാരെ വിളിച്ച് ധാരണയിലെത്തിയിട്ടുണ്ട്. അതിൽ കുറെ മാറ്റംവന്നിട്ടുണ്ട്. എന്നാലും അവർക്കൊരു കമ്മിറ്റിയുണ്ട്. ഈ ലോണെടുത്തത് കശുവണ്ടി വ്യവസായത്തിനുവേണ്ടി മാത്രമാണോ വിനിയോഗിച്ചതെന്നും അവർ ഉറപ്പുവരുത്തും. ചിലർ ലോണെടുത്തത് കശുവണ്ടി ഫാക്ടറിക്കാണെങ്കിലും പണിതിട്ടുള്ളത് ഹോട്ടലുകളാണ്. ഇത്തരത്തിലുള്ള ചില പ്രശ്നങ്ങളുണ്ട്. എങ്കിലും ബാങ്കുകാരുമായി വീണ്ടും സംസാരിക്കാം. പരമാവധി കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കാൻ ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

(സബ്മിഷൻ)

## III സബ്മിഷൻ

1. എൻ.എച്ച്.-66-ന്റെ പറവൂർ റീച്ചിൽ അടിപ്പാത, നടപ്പാത എന്നിവയുടെ നിർമ്മാണം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാനത്തെ നാഷണൽ ഹൈവേ വികസനം നമ്മളെല്ലാവരും വളരെ ആഹ്ലാദത്തോടുകൂടി ഉറ്റുനോക്കുന്ന ഒന്നാണ്. അത് പൂർത്തിയാകണം. അത് സംസ്ഥാനത്തിന്റെ പൊതുവായ വികസനത്തിനും പ്രാദേശികമായ വികസനത്തിനും സഹായകമാകുമെന്നതന്നെയാണ് നമ്മുടെയെല്ലാവരുടെയും പൂർണ്ണമായ വിശ്വാസം. എന്നാൽ ഈ ഹൈവേ ഡിസൈൻ ചെയ്തപ്പോഴുണ്ടായ പൊതുവായൊരു പ്രശ്നം വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഡിസൈൻ ചെയ്തതുപോലെയാണ് കേരളത്തിലിത് ഡിസൈൻ ചെയ്തിരിക്കുന്നത്. ജനസാന്ദ്രതയുള്ള സംസ്ഥാനമായ കേരളത്തിൽ നമ്മുടെ നഗരങ്ങളും പട്ടണങ്ങളും ഗ്രാമങ്ങളും ഒരുപോലെയായ സ്ഥലത്ത് ഈ പാത കടന്നുപോകുമ്പോൾ തീർച്ചയായും ഈ ഹൈവേയിലേയ്ക്കുള്ള ആക്സെസ് പൂർണ്ണമായും ഇല്ലാത്ത രീതിയിലാണ്. പല സ്ഥലത്തും ഇവരുടെ ഡിസൈനിൽ ഗൗരവകരമായ പാളിച്ചകളുണ്ട്. ചില കാര്യങ്ങൾ മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും ജില്ലാഭരണകൂടത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി ചെറിയ ചെറിയ കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കിയിട്ടുണ്ട്. പക്ഷെ വളരെ ഗൗരവമായ ചില അടിപ്പാത പ്രശ്നങ്ങളും നടപ്പാത പ്രശ്നങ്ങളും ഇപ്പോഴും

പരിഹരിക്കപ്പെടാതെ നിൽക്കുകയാണ്. അത് പ്രോജക്റ്റ് ഡയറക്ടറുമായി ജില്ലാ ഭരണകൂടവും എം.പി.-മാരുൾപ്പെടെയുള്ളവരും നിരന്തരം സംസാരിച്ചിട്ടും അതിനൊന്നും ഒരു പരിഹാരവും അവർ പറയുന്നില്ല. എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ, ഏകദേശം 18 മുതൽ 19 കി.മീറ്ററോളം ദേശീയപാത കടന്നുപോകുന്നത് എന്റെ നിയോജകമണ്ഡലത്തിലൂടെയാണ്. കുറച്ച് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെയും മണ്ഡലത്തിലൂടെ പോകുന്നുണ്ട്. ഒരു ദിവസം പതിനയ്യായിരത്തോളം വിദ്യാർത്ഥികൾ പഠിക്കാൻ വരുന്ന വൈവിധ്യമാർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള എന്റെ മണ്ഡലത്തിലെ കുനമ്മാവ് ജംഗ്ഷനിൽപ്പോലും അടിപ്പാതയില്ല.

(തുടരും)

P.- 03.03.2025-10.30-10.40-KA/AN(1)-LV

(സബ്മിഷൻ - ശ്രീ. വി. ഡി. സതീശൻ ........ തുടർച്ച)

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രധാനപ്പെട്ട രണ്ട് ഹയർ സെക്കൻഡറി വിദ്യാഭ്യാസ സ്ഥാപനങ്ങളുമുൾപ്പെടെ നിരവധി സ്ഥാപനങ്ങളുള്ളതും പതിനയ്യായിരത്തോളം വിദ്യാർത്ഥികൾ പഠിക്കാനെത്തുന്നതുമായൊരു ജങ്ഷനിൽ അടിപ്പാതയില്ല. അതുപോലെ

പട്ടണം ജങ്ഷൻ, കുരീക്കാട് ജങ്ഷൻ തുടങ്ങിയ വളരെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ അടിപ്പാത വേണമെന്ന് ആവശ്യപ്പെട്ട് അവിടത്തെ ജനങ്ങൾ നിരന്തരമായി സമരത്തിലാണ്. മറ്റ് തരത്തിലൊന്നും ആ സമരത്തെ മാറ്റിയെടുക്കാൻ നമ്മൾ ഒരിക്കലും ശ്രമിച്ചിട്ടില്ല. കാരണം ഹൈവേയുടെ നിർമ്മാണത്തിന് യാതൊരു തടസ്സമുണ്ടാകരുതെന്ന് നമ്മളും ആഗ്രഹിക്കുകയാണ്. അതുപോലെ പറവൂർ പട്ടണത്തിലൂടെ കടന്നുപോകുന്ന പെരുമ്പടന്ന ജങ്ഷനിൽ നിന്നാണ് ആളുകൾ ടൗണിലേക്കിറങ്ങുന്നത്. യഥാർത്ഥത്തിൽ അവിടെയൊരു നടപ്പാതപോലും പ്ലാൻ ചെയ്തിട്ടില്ല. പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാർ അതിന്റെ ഡിസൈൻ പരിശോധിച്ചപ്പോൾ വളരെ ഗൗരവതരമായ പ്രശ്നങ്ങൾ അതിലുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു. പ്രദേശവാസികൾക്ക് ഒരുപാട് പ്രയാസങ്ങളുണ്ടാക്കുന്ന, അവർക്ക് പുറത്തേക്ക് പോകണമെങ്കിൽ ഒരു ഓട്ടോറിക്ഷ പിടിച്ച് 5 കിലോമീറ്റർ വരെ യാത്ര ചെയ്ത് തിരിച്ചുവരേണ്ട സ്ഥിതിയാണുള്ളത്. പൊതുമരാമത്ത് വകുപ്പും ഗവൺമെന്റും ഇക്കാര്യത്തിൽ ഗൗരവതരമായി ഇടപെട്ട് നാഷണൽ ഹൈവേ പ്രോജക്റ്റ് ഉദ്യോഗസ്ഥരുമായി സംസാരിച്ച് ഈ വിഷയത്തിൽ പരിഹാരമുണ്ടാക്കിത്തരണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

P.- 03.03.2025-10.30-10.40-KA/AN(1)

## NH-66 ന്റെ പറവൂർ റീച്ചിൽ അടിപ്പാത, നടപ്പാത എന്നിവയുടെ നിർമ്മാണം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടൊരു വിഷയമാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് സബ്മിഷനായി ഉന്നയിച്ചിട്ടുള്ളത്. കൂനമ്മാവ് ജങ്ഷനിലും പട്ടണം ജങ്ഷനിലും കുര്യാപ്പള്ളി ജങ്ഷനിലും അടിപ്പാത വേണമെന്നും പെരുമ്പടന്ന ജങ്ഷനിൽ നടപ്പാത വേണമെന്ന ആവശ്യവുമാണ് ഈ സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ-ഇടപ്പള്ളി റീച്ചിന്റെ ഭാഗമായാണ് ഈ പ്രവൃത്തി സാധ്യമാകേണ്ടത്. അദ്ദേഹം നിയോജകമണ്ഡലങ്ങളുടെ ഡീറ്റെയ്ൽസ് ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഈ റീച്ചിൽ അൻപത് ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം ഇവിടെ നിർദേശിച്ച പ്രവൃത്തികൾ ഉടൻതന്നെ നാഷണൽ ഹൈവേ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്താം. ഇന്ന് വൈകിട്ടുതന്നെ എൻ.എച്ച്.ഐ.-യുടെ പ്രോജക്ട് ഡയറക്ടർ, റീജിയണൽ ഓഫീസർ എന്നിവരുമായി ഈ വിഷയം സംസാരിക്കാമെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഈ മാതൃക എല്ലാവരും സ്വീകരിച്ചാൽ ചെയറിന് സൗകര്യപ്രദമായിരുന്നു.

(ശ്രീ. കെ. ഡി. പ്രസേനൻ)

P- 03.03.2025-10.30-10.40 (KA/AN(1))

<u>ആലത്തൂരിൽ ഫയർ സ്റ്റേഷൻ</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ:</u> സർ, ആലത്തൂരിൽ ഫയർ സ്റ്റേഷൻ അനുവദിച്ച നാൾ മുതൽ ടി ഗ്രാമപഞ്ചായത്തിന്റെ ഒരു കെട്ടിടത്തിലാണ് ആയത് പ്രവർത്തിച്ചുവന്നിരുന്നത്. ഇപ്പോൾ പുതിയ കെട്ടിടത്തിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ മൂന്നുവർഷക്കാലമായി ഫിറ്റ്നസ് ലഭ്യമല്ലാത്ത അതീവ ജീർണാവസ്ഥയിലുള്ള കെട്ടിടത്തിലാണ് ഫയർ സ്റ്റേഷന്റെ പ്രവർത്തനം തുടർന്നുവരുന്നതെന്നതാണ് പ്രശ്നം. ഞാൻ ഈ വിഷയം പലതവണ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ടി ഫയർ സ്റ്റേഷൻ ഇപ്പോഴും പുതിയൊരു വാടക കെട്ടിടത്തിലേയ്ക്ക് മാറിയിട്ടില്ല. അടിയന്തരമായി പുതിയ വാടക കെട്ടിടത്തിലേയ്ക്ക് ആലത്തൂർ ഫയർ സ്റ്റേഷൻ മാറ്റാൻ നടപടി സ്വീകരിക്കണം; അല്ലെങ്കിൽ ഗവൺമെന്റിന് അത് അവമതിപ്പായി മാറുമെന്ന് ഉറപ്പാണ്. അതുകൊണ്ട് ആലത്തൂർ ഫയർ

സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

(ശ്രീ. വി. എൻ. വാസവൻ)

P.- 03.03.2025-10.30-10.40-KA/AN(1)

ആലത്തൂരിൽ ഫയർ സ്റ്റേഷൻ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചുമതലപ്പെടുത്തിയപ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ആലത്തൂർ ഫയർ സ്റ്റേഷൻ ആരംഭിച്ച നാൾ മുതൽ ആലത്തൂർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ടി ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കുഴൽമന്ദം വില്ലേജിൽ 50 സെന്റ് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. അവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതുവരെ മറ്റൊരു വാടക കെട്ടിടത്തിലേക്ക് മാറുന്നതിന് എരുമയൂർ-കുനിശ്ശേരിയിൽ ഒരു കെട്ടിടം കണ്ടെത്തിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അവിടേയ്ക്ക് മാറാൻ കഴിഞ്ഞില്ല. ഇപ്പോൾ എരുമയൂർ ഗ്രാമപഞ്ചായത്തിൽത്തന്നെ ഇതിനായി മറ്റൊരു കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. ഫയർ സ്റ്റേഷനുവേണ്ടി പ്രസ്തുത കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ശ്രീ. പി. സി. വിഷ്ണുനാഥ്)

P.- 03.03.2025-10.30-10.40-KA/AN(1)

എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളുടെ പൂർത്തീകരണം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നിലവിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് പലതരത്തിലുള്ള പ്രതിസന്ധികൾ നേരിടുകയാണ്. പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുന്നില്ലെന്നതാണ് ആദ്യത്തെ വിഷയം. ടാർ റേറ്റിലുള്ള വ്യത്യാസമാണ് അതിൽ പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. അതായത്, മാർക്കറ്റ് റേറ്റിലുള്ള ടാർ ഇവർക്ക് കൊടുക്കുന്നതായി എടുക്കുമ്പോൾ ഒരു ബാരലിന് ഏതാണ്ട് 6000/- രൂപയുടെ വരെ വ്യത്യാസം വരുന്നുണ്ടെന്നാണ് എം.എൽ.എ. ഫണ്ടിന്റെ റിവ്യൂ മീറ്റിങ് നടത്തുമ്പോൾ കരാറുകാർ പറയുന്നത്. അതുകൊണ്ടുതന്നെ കരാറുകാർ വർക്ക് ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. രണ്ടാമതായി, 2024 ജനുവരി മാസം അവസാനമാണ് കരാറുകാരുടെ ബിൽ മാറി കിട്ടുന്നത്. സാധാരണ കരാറുകാരാണ് എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുള്ള വർക്ക് ഏറ്റെടുക്കുന്നത്. അവർ വൻകിട കരാറുകാരൊന്നുമല്ല. കരാറുകാർ പ്രവൃത്തി പൂർത്തീകരിച്ച് ഒന്നു മുതൽ ഒന്നര വർഷത്തോളം ബിൽ മാറാതാകുന്നതോടുകൂടി ആരും വർക്ക് എടുക്കാൻ

തയ്യാറാകില്ല. മൂന്നാമത്തെ കാര്യം, നിർവഹണ ഉദ്യോഗസ്ഥരുടെ കുറവുമൂലം ബ്ലോക്കിലെയും പഞ്ചായത്തിലെയും എസ്റ്റിമേറ്റ് എടുക്കുക, അത് യഥാസമയം സമർപ്പിക്കുക, പ്രശ്നം വന്നാൽ അതിനൊരു റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങളിലെല്ലാം കാലതാമസമുണ്ടാകുന്നുണ്ട്. നാലാമത്തെ കാര്യം, ജില്ലാ പഞ്ചായത്തിന്റെ വർക്കിന് ടെൻഡർ എക്സെസ് ഉണ്ട്. എന്നാൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് ചെയ്യുന്ന വർക്കിന് ടെൻഡർ എക്സെസ് ഇല്ല. അതുകാരണം കരാറുകാർ വർക്ക് ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. അഞ്ചാമത്തെ കാര്യം, ഇത് 2018-ലെ റേറ്റാണ്. ഇപ്പോൾ 2025 ആണ്. 2021-ലെ റേറ്റ് എൻ.എച്ച്.-ന് കിട്ടുന്നുണ്ട്. എന്നാൽ 2018-ലെ റേറ്റ് വച്ച് 2025-ൽ പ്രവൃത്തി ഏറ്റെടുക്കാൻ ആരും തയ്യാറാകുന്നില്ല. ഇതൊക്കെ ഇവിടെയിരിക്കുന്ന 140 എം.എൽ.എ.മാരും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. അതുകൊണ്ട് എം.എൽ.എ. ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് ടാർ റേറ്റിലെ വ്യത്യാസം, ടെൻഡർ എക്സെസ്, റേറ്റ് റിവിഷൻ ഇക്കാര്യങ്ങളിൽ അടിയന്തര നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുകയാണ്.

(ശ്രീ. കെ. എൻ. ബാലഗോപാൽ)

<u>എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളുടെ പൂർത്തീകരണം</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, എം.എൽ.എ. പ്രത്യേക വികസന നിധി, ആസ്തി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്ന പ്രവൃത്തി നിർദേശങ്ങളിന്മേൽ ജില്ലാ കളക്ടർമാർ ബന്ധപ്പെട്ട എഞ്ചിനീയറിങ് വിഭാഗത്തിൽനിന്നും വിശദമായ എസ്റ്റിമേറ്റ് ഏറ്റവും പുതിയ എസ്.ഒ.ആർ. പ്രകാരം പ്രൈസ് സോഫ്റ്റ്‌വെയർ തയ്യാറാക്കി വാങ്ങി ആയതിന്റെയടിസ്ഥാനത്തിൽ ഭരണാനുമതി പുറപ്പെടുവിക്കുന്നതാണ് നിലവിലെ രീതി. ഭരണാനുമതി ലഭ്യമായ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വലിയ തുകയ്ക്കുള്ള പ്രവൃത്തികൾ ടെൻഡർ ചെയ്യുമ്പോൾ ഡി.എസ്.ആർ. 2018 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റായതിനാൽ ക്വാട്ട് ചെയ്യുന്ന റേറ്റ് ചില സന്ദർഭങ്ങളിൽ കൂടുതലാകുന്നതും മത്സരാധിഷ്ഠിതമല്ലാത്ത ഒരൊറ്റ ടെൻഡറാകുമ്പോൾ റീ-ടെൻഡർ ചെയ്യേണ്ട സാഹചര്യം വരുന്നതുമൂലവും നടപടിക്രമങ്ങളിൽ ചില താമസംവരുന്നുണ്ട്. മറ്റു വകുപ്പുകൾ പി.ഡബ്ല്യൂ.ഡി. വഴി ചെയ്യുന്ന ഡെപ്പോസിറ്റ് വർക്കുകൾക്ക് ഡെപ്പോസിറ്റ്

തുക കൈമാറുന്നതിന് കാലതാമസമുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എൽ.എസ്.ജി.ഡി., പി.ഡബ്ല്യൂ.ഡി. വകുപ്പുകൾ ബില്ലുകൾ തയ്യാറാക്കി AE, AEE, EE, CE എന്നീ തലങ്ങളിൽ പരിശോധിക്കുകയും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയുമാണ് ചെയ്തുവരുന്നത്. നിലവിലെ ഈ രീതിയിൽനിന്നും വ്യതിചലിക്കുന്നത് സാധാരണ രീതിയിൽ പ്രായോഗികമല്ല. LAC-ADS-ന് ആകെ അഞ്ച് കോടി രൂപയും എം.എൽ.എ.-എസ്.ഡി.എഫ്-ന് ആകെ ഒരു കോടി രൂപയുമാണ് അനുവദനീയമായിട്ടുള്ളത് എന്നതിനാലും ടി ഫണ്ടുകൾ അതത് സാമ്പത്തിക വർഷങ്ങളിൽതന്നെ വിനിയോഗിക്കണമെന്ന് ഉറപ്പാക്കേണ്ടതിനാലും ഭരണാനുമതിക്കുപുറത്ത് ടെൻഡർ എക്സെസ് അനുവദിക്കുന്നത് അപ്രായോഗികമാണ്. നിലവിലെ സാമ്പത്തിക നിയന്ത്രണങ്ങൾ എം.എൽ.എ. പ്രത്യേക വികസന നിധി, ആസ്തി വികസന പദ്ധതി എന്നിവയ്ക്കും ബാധകമാണ്. ഇതോടൊപ്പം രണ്ട് കാര്യങ്ങൾ കൂടി സൂചിപ്പിക്കാനുണ്ട്. ആദ്യമായി, 2018-ലെ റേറ്റ് എന്നത് നിലവിൽ പുതുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് ബജറ്റ് പ്രഖ്യാപനത്തിലൂടെ വ്യക്തമാക്കിയതാണ്. മുമ്പുമുതലേ എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള വർക്കുകൾക്ക് ടെൻഡൻ എക്സെസില്ലെന്ന് പറഞ്ഞിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഫണ്ടിന്റെ കാര്യത്തിൽ കാലതാമസമുണ്ടാകാറില്ല. ഏത് കാര്യമായാലും ബിൽ ഡിസ്കൗണ്ടിങ് ഉൾപ്പെടെ വന്നാലും ആറുമാസത്തിനപ്പുറം ബിൽ മാറുന്നതിൽ കാലതാമസമുണ്ടാകാറില്ല. പലപ്പോഴും ബിൽ തയ്യാറാക്കി സബ്മിറ്റ് ചെയ്യുന്നതിന് പലയിടത്തും താമസം വരുന്നുണ്ട്. പല വർക്കുകളിലും (എൽ.എസ്.ജി.ഡി.യും മറ്റു വകുപ്പുകളും) ബിൽ സബ്മിറ്റ് ചെയ്തിട്ടും തുക ലഭിക്കുന്നില്ലെന്ന് പല കോൺട്രാക്ടർമാരും പറയാറുണ്ട്. പക്ഷെ അന്വേഷിക്കുമ്പോൾ മനസ്സിലാകുന്നത് ബിൽ പ്രോപ്പറായി സബ്മിറ്റ് ചെയ്താൽ അഞ്ച്-ആറ് മാസത്തിനപ്പുറം കാലതാമസമുണ്ടാകാറില്ലെന്നാണ്. നിലവിൽ ഡയറക്ട് ബിൽ സബ്മിറ്റ് ചെയ്തുകഴിഞ്ഞാൽ 25 ലക്ഷം രൂപ വരെ യാതൊരു തടസ്സവുമില്ലാതെ ട്രഷറിയിൽനിന്നും അനുവദിച്ചുനൽകുന്നുണ്ട്. ഇതാണ് നിലവിലെ സ്ഥിതി. ബിൽ ഡിസ്കൗണ്ടിങ് സ്കീമനുസരിച്ചാണെങ്കിലും ആറ് മാസത്തിനകം തുക മാറിക്കിട്ടും. അതുകൊണ്ട് കരാറുകാരുടെ ബിൽ മാറികിട്ടുന്നതിന് ഒരു വർഷം, ഒന്നര വർഷം കാലതാമസമുണ്ടാകുന്നുവെന്ന് പറയുന്നതിൽ യാതൊരു വസ്തുതയുമില്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച മറ്റ് ചില കാര്യങ്ങളെക്കുറിച്ച് വിശദമായി പരിശോധിക്കാം. ഏതായാലും നിലവിൽ ടെൻഡർ റേറ്റ്

പുനഃക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് സഭയെ അറിയിക്കുകയാണ്.

(ശ്രീ. ടി. ജെ. വിനോദ്)

P 03-03-2025-SS-AN (1)-10.40- 10.50

ലത്തീൻ കത്തോലിക്കാ വിഭാഗത്തിന് ജാതിസർട്ടിഫിക്കറ്റ്

ശ്രീ. ടി. ജെ. വിനോദ്: സർ, കേരളത്തിലെ ലത്തീൻ കത്തോലിക്ക വിഭാഗക്കാർക്ക് സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നത് സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, 2010 നവംബർ 04-ന് സ. ഉ. (എം.എസ്.) നം. 113/2010 പ്രകാരവും 2012 ഏപ്രിൽ 04-ന് സ. ഉ. (എം.എസ്.) നം. 55/2012 പ്രകാരവും സർക്കാർ വ്യക്തമായ ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ പിന്നാക്ക സമുദായ വികസന വകുപ്പ് 2016 ഫെബ്രുവരി 26-ന് സർക്കുലർ നം. 585/ബി3/2016 പ്രകാരവും വ്യക്തമായ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 2010 നവംബറിലെ സർക്കാർ ഉത്തരവുപ്രകാരം 1947-നുമുമ്പ് ലത്തീൻ കത്തോലിക്ക വിശ്വാസികളായി ചേർന്നവരും അവരുടെ പിൻതലമുറക്കാർക്കും മാത്രമേ ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റ് നൽകിയിരുന്നുള്ളൂ. 2012-ലെ ഉത്തരവുപ്രകാരം ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താക്കളും പ്രസ്തുത

വ്യക്തികളുടെ പിതാവും കത്തോലിക്ക സമുദായത്തിൽ ആയിരുന്നുവെന്ന് ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് ഒരു രേഖയായി പരിഗണിക്കണമെന്ന് ഭേദഗതിയോടെ സർക്കാർ ഉത്തരവിറക്കിയിരുന്നു. നിലവിലെ സർക്കാർ ഉത്തരവുകളും നിർദേശങ്ങളുംപ്രകാരം 1947-ന് മുമ്പ് ലത്തീൻ കത്തോലിക്ക വിഭാഗത്തിലുൾപ്പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഒഴിവാക്കി ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റിന്റെയും റവന്യൂ അധികാരികൾ നൽകുന്ന പ്രാദേശിക അന്വേഷണത്തിൽ തെളിയുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ ലത്തീൻ കത്തോലിക്ക സമുദായ അംഗങ്ങൾക്ക് റവന്യൂ ഉദ്യോഗസ്ഥർ 'ലത്തീൻ കത്തോലിക്ക' എന്ന് രേഖപ്പെടുത്തിയ ജാതിസർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. സർക്കാർ ഉത്തരവ് ഇങ്ങനെയാണെങ്കിലും റവന്യൂ ഉദ്യോഗസ്ഥർ മുൻവിധിയോടെ ചില നിഗമനങ്ങളിലെത്തി സർട്ടിഫിക്കറ്റ് നിഷേധിക്കുന്നുവെന്നതാണ് യാഥാർഥ്യം. ഉദാഹരണത്തിന്, ലത്തീൻ കത്തോലിക്ക വിഭാഗക്കാർ കേരളത്തിൽ തീരദേശത്തുമാത്രമാണുള്ളതെന്നും വയനാട്, ഇടുക്കി പോലെയുള്ള മലയോരമേഖലയിൽ ലത്തീൻ കത്തോലിക്കാരില്ലെന്നുമുള്ള കാരണം പറഞ്ഞ് റവന്യൂ ഉദ്യോഗസ്ഥർ സർട്ടിഫിക്കറ്റ് നിഷേധിക്കുന്നത് സർവസാധാരണമാണ്. അതുപോലെ 1947-ന് മുമ്പുള്ള അപേക്ഷകരുടെ

പൂർവികർ ലത്തീൻ കത്തോലിക്കരായിരുന്നുവെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കാൻ പ്രസ്തുത ഉദ്യോഗസ്ഥർ ആവശ്യപ്പെടുകയാണ്. ഈ സ്ഥിതിവിശേഷം ആളുകളെ ഗുരുതരമായ വിഷമവൃത്തത്തിലാക്കുകയാണ്. ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും പിന്നാക്ക സമുദായ വകുപ്പിൽനിന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടത് റവന്യൂ ഉദ്യോഗസ്ഥരായതിനാൽ റവന്യൂ വകുപ്പിൽനിന്നും ഇക്കാര്യം സംബന്ധിച്ച് ഒരു സ്പഷ്ടീകരണം നൽകാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

(റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി)

P 03-03-2025 -SS-AN (1)-10.40- 10.50

ലത്തീൻ കത്തോലിക്ക വിഭാഗത്തിന് ജാതിസർട്ടിഫിക്കറ്റ്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതുപോലെ റവന്യൂ വകുപ്പ് ഒരു സേവന വകുപ്പാണ്. ബന്ധപ്പെട്ട വകുപ്പുകൾ നൽകുന്ന നിർദേശം അതുപോലെ നടപ്പിലാക്കുകയെന്നതിനേക്കാൾ കൂടുതലായി അക്കാര്യത്തിൽ യാതൊന്നും ചെയ്യാൻ സാധിക്കുന്നില്ലെന്നൊരു പ്രശ്നം നമ്മുടെ മുമ്പിലുണ്ട്.

കേരളത്തിലെ ലത്തീൻ കത്തോലിക്ക വിഭാഗത്തിൽപെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിൽനിന്ന് ഒരു സ്പഷ്ടീകരണം പുറപ്പെടുവിക്കണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നിബന്ധനകളും മാർഗനിർദേശങ്ങളും പുറപ്പെടുവിക്കുന്നത് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പിന്നാക്ക സമുദായ വികസന വകുപ്പാണ്. അത്തരത്തിൽ പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങൾക്കനുസൃതമായി സാക്ഷ്യപത്രങ്ങൾ അനുവദിക്കുകയെന്നതാണ് റവന്യൂ വകുപ്പിന്റെ ചുമതല. 04-11-2010-ലെ സർക്കാർ ഉത്തരവ് നം. 113/2010/പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുപ്രകാരം 1947-നുമുമ്പ് ലത്തീൻ കത്തോലിക്ക വിശ്വാസികളായി ചേർന്നവർക്കും അവരുടെ പിൻതലമുറക്കാർക്കും മാത്രമേ ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റ് ലഭിക്കാൻ അർഹതയുള്ളൂ. പുതുതായി ഇതര സമുദായത്തിൽനിന്നും ക്രിസ്തുമതത്തിലെ ലത്തീൻ വിഭാഗത്തിൽ ചേർന്നവർക്കോ മറ്റ് ക്രിസ്ത്യൻ വിഭാഗത്തിൽനിന്ന് ലത്തീൻ കത്തോലിക്ക വിശ്വാസികളായാവർക്കോ ലത്തീൻ കത്തോലിക്ക സമുദായ സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളതല്ല. ജാതി സംഘടനകൾ നൽകുന്ന സർട്ടിഫിക്കറ്റുകളോ പുരോഹിതർ നൽകുന്ന സർട്ടിഫിക്കറ്റുകളോ പൂർണമായും ആശ്രയിക്കാതെ,

അപേക്ഷകൻ ഹാജരാക്കുന്ന രേഖകളുടെയും വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ പറയുന്നുണ്ട്. തുടർന്ന് ടി ഉത്തരവ് കൃത്യമായി പാലിക്കേണ്ടതാണെന്നും ജാതി സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ സംഭവിക്കുന്ന വീഴ്ചക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മാത്രമായിരിക്കും ഉത്തരവാദിത്വം എന്നും കാണിച്ച് 22-08-2011-ൽ 25638/എഫ്3/09/പജപവവിവ. നമ്പർ പ്രകാരം ഒരു സർക്കുലറും ആ വകുപ്പ് പുറത്തിറക്കി. എന്നാൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, അക്കാര്യത്തിൽ ഒരു ചെറിയ ഇളവുണ്ടായത് 04-04-2012-ലെ 55/2012/പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പുറപ്പെടുവിച്ച ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താക്കളും പ്രസ്തുത വ്യക്തിയുടെ പിതാവും ലത്തീൻ കത്തോലിക്ക സമുദായാംഗങ്ങളായിരുന്നുവെന്ന് ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികളുടെ അന്വേഷണത്തിന് സഹായകരമായ ഒരു രേഖയായി പരിഗണിക്കേണ്ടതാണെന്നും ടി രേഖയുടെയും വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ ലത്തീൻ കത്തോലിക്ക സമുദായ അംഗങ്ങൾക്ക് ജാതി

സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്നും നിർദേശിച്ചുകൊണ്ട് 04-11-2010-ലെ സർക്കാർ ഉത്തരവിന് ഭേദഗതി വരുത്തിയിട്ടുണ്ട്. അതാണ് ഇക്കാര്യത്തിൽ ചെറിയൊരു ഇളവുണ്ടാകാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം. കൂടാതെ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ 27-02-2016-ലെ സർക്കുലറിൽ ലത്തീൻ കത്തോലിക്ക വിഭാഗത്തിനും SIUC നാടാർ ക്രിസ്ത്യൻ വിഭാഗത്തിനും അവരുടെ സമുദായ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് പ്രസ്തുത വിഭാഗക്കാർ 1947-നുമുമ്പ് പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഒഴിവാക്കി ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റിന്റെയും റവന്യൂ അധികാരികൾ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ സമുദായ അംഗങ്ങൾക്ക് ജാതി/സമുദായ സർട്ടിഫിക്കറ്റുകൾ നൽകണമെന്ന് വ്യക്തമാക്കിയിരുന്നു. 1947-നുമുമ്പ് മതം മാറിയവരെന്ന ഔദ്യോഗിക രേഖകൾ ഹാജരാക്കുന്നതിൽനിന്നും ഒഴിവാക്കുന്നുവെന്നാണ് മേൽ ഉത്തരവുകളിൽ വിവക്ഷിക്കുന്നത്. എന്നാൽ മേൽ പരാമർശിച്ച ഉത്തരവുകളിലോ സർക്കുലറുകളിലോ 1947-നുമുമ്പ് ലത്തീൻ കത്തോലിക്ക വിഭാഗത്തിലുൾപ്പെട്ടവർ അവരുടെ പിൻതലമുറക്കാരായിരിക്കണമെന്ന നിബന്ധന ഒഴിവാക്കിയതായി പരാമർശിച്ചിട്ടില്ല. നിലവിലുള്ള സർക്കാർ

ഉത്തരവുകളുടെയും നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്കൂൾ രേഖകളുടെയും പ്രാദേശിക അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ മതപുരോഹിതന്മാരുടെ സാക്ഷ്യപത്രവും പള്ളിയിൽനിന്നും ലഭിച്ചിരുന്ന രേഖകളും സഹായകരമായ രേഖയായി പരിഗണിച്ചും പരിശോധിച്ചും ലാറ്റിൻ കത്തോലിക് സർട്ടിഫിക്കറ്റ് റവന്യൂ അധികൃതർ അനുവദിക്കുന്നുണ്ട്. എന്നാൽ നേരത്തെ ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുപോലെ, ഇതരസമുദായങ്ങളിൽനിന്നും ക്രിസ്തുമതത്തിലെ ലത്തീൻ വിഭാഗത്തിലേക്ക് പുതിയതായി ധാരാളം പേർ വന്നുചേർന്നിട്ടുള്ളതും അത്തരം ആളുകൾക്ക് അതുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു രേഖയായി മാത്രം ഈ സർട്ടിഫിക്കറ്റ് പരിഗണിച്ചുവരികയും ചെയ്യുന്നുണ്ട്. ക്രിസ്ത്യൻ ലത്തീൻ കത്തോലിക്ക വിഭാഗങ്ങൾക്ക് വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സമുദായ സർട്ടിഫിക്കറ്റ് നൽകിവരുന്നത്. എന്നാൽ മാതാപിതാക്കൾ മറ്റ് ക്രിസ്ത്യൻ വിഭാഗത്തിൽ ഉൾപ്പെട്ടുവരികയും കുട്ടികൾ ലാറ്റിൻ കാത്തലിക് സാക്ഷ്യപത്രം ആവശ്യപ്പെടുകയും ചെയ്യുന്ന അവസരത്തിൽ 1947-ന് മുമ്പ് ലാറ്റിൻ കാത്തലിക്കായിരുന്നുവെന്ന് തെളിയിക്കേണ്ടി വരാറുണ്ട്. ഒരു കുട്ടിയെ സ്കൂളിൽ ചേർക്കുന്ന അവസരത്തിൽ

രക്ഷകർത്താക്കൾ പറഞ്ഞുകൊടുക്കുന്ന സമുദായത്തിന്റെ പേര് സ്കൂൾ രേഖയിൽ ചേർക്കുന്നുവെന്നല്ലാതെ ആധികാരികമായ രേഖയുടെയോ സമുദായം സംബന്ധിച്ച വിശദമായ പരിശോധനകളുടെയോ അടിസ്ഥാനത്തിലല്ല സ്കൂൾ രേഖയിൽ സമുദായത്തിന്റെ പേര് ചേർക്കുന്നത് എന്നതിനാൽ കേവലം സ്കൂൾ രേഖയിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽമാത്രം സമുദായ സർട്ടിഫിക്കറ്റ് അനുവദിക്കാൻ നിയമപ്രകാരം സാധ്യമല്ല. എന്തായാലും 04-11-2010-ലെ സർക്കാർ ഉത്തരവ്, 4-4-2012-ലെ സർക്കാർ ഉത്തരവ്, 27-02-2016-ലെ സർക്കുലർ എന്നിവപ്രകാരം 1947-നുമുമ്പ് ലത്തീൻ കത്തോലിക്ക വിശ്വാസികളായ ചേർന്നവർക്കും അവരുടെ പിൻതലമുറക്കാർക്കും മാത്രമേ ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റിന് അർഹതയുള്ളൂവെന്നാണ് കാണിക്കുന്നത്. മേൽ നിബന്ധനയിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഇതുവരെ മാറ്റം വരുത്തിയിട്ടില്ല. നിബന്ധനയിൽ മാറ്റം വരുത്തുന്നത് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ പരിധിയിൽവരുന്ന ഒരു വിഷയവുമാണ്. എന്നിരുന്നാലും 1947-നുമുമ്പ് ലത്തീൻ കത്തോലിക്ക വിശ്വാസികളായിരുന്നുവെന്ന് കുറ്റമറ്റ രീതിയിൽ നിർണയിക്കുന്നതിനായി അവലംബിക്കേണ്ട രേഖകളെ സംബന്ധിച്ചും 1947-നുമുമ്പ് ലത്തീൻ കത്തോലിക്ക വിശ്വാസികളായി

വന്നവർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് സംബന്ധിച്ചും ഒരു സ്പഷ്ടീകരണം നൽകുന്ന വിഷയം പിന്നാക്ക വിഭാഗ വികസന വകുപ്പുമായിചേർന്ന് പരിശോധിക്കാവുന്നതാണ്. ആ വകുപ്പ് നിർദേശിക്കുന്ന തീരുമാനമെന്തായായും അത് സ്പഷ്ടീകരണത്തിന് വിധേയമാക്കി കൊടുക്കാനുള്ള ധാരണയുമുണ്ടാക്കുന്നതാണ്. പിന്നാക്ക വിഭാഗ വികസന വകുപ്പുമായി അക്കാര്യം തുടർന്നുള്ള ദിവസങ്ങളിൽ ആലോചിച്ച് ഒരു സ്പഷ്ടീകണം പുറത്തിറക്കാം.

(ശ്രീ. എം. രാജഗോപാലൻ)

P 03-03-2025 -SS-AN (1)-10.40- 10.50

## ആചാരസ്ഥാനിയർക്കും കോലധാരികൾക്കും മലബാർ ദേവസ്വം ബോർഡിന്റെ ധനസഹായം

ശ്രീ. എം. രാജഗോപാലൻ: സർ, വടക്കൻ കേരളത്തിൽ കളിയാട്ടവും പെരുങ്കളിയാട്ട മഹോത്സവുമെല്ലാം ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. മലബാറിലെ വിശേഷിച്ചും അത്യുത്തര കേരളത്തിലെ ആചാരസ്ഥാനിയർക്കും കോലധാരികൾക്കും വർഷങ്ങളായി നൽകിവരുന്ന പ്രതിമാസ ധനസഹായം യഥാസമയം ലഭ്യമാക്കുക, പുതിയ അപേക്ഷകൾ സ്വീകരിക്കാൻ നടപടികൾ സ്വീകരിക്കുക, ധനസഹായം 2000 രൂപയായെങ്കിലും ഉയർത്തുക എന്നീ

ആവശ്യങ്ങളാണ് ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ജീവിതംതന്നെ ക്ഷേത്രോപാസനയ്ക്കും അനുഷ്ഠാനങ്ങൾക്കുംവേണ്ടി മാത്രം നീക്കിവച്ച ആചാരക്കാരും സ്ഥാനികരും പൊതുജീവിതത്തിൽനിന്നും മാറിനിൽക്കേണ്ടി വന്നവരും കഠിനമായ ചിട്ടവട്ടങ്ങളിൽ ജീവിക്കാൻ വ്രതമെടുത്തവരാണ്. ഇതിൽതന്നെ ഭൂരിഭാഗംപേരും ക്ഷേത്രത്തിൽതന്നെ കഴിച്ചുകൂട്ടി ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നവരുമാണ്. സ്വന്തം പേരുപോലുമില്ലാതെ ആചാരപ്പേരിൽ ജീവിക്കുന്ന ഈ വിഭാഗക്കാർക്ക് ജോലിക്ക് പോകാനോ പൊതു ഇടങ്ങളിലോ മറ്റ് ആഘോഷച്ചടങ്ങുകളിലോ പങ്കെടുക്കാനോ അവിടെനിന്നും ഭക്ഷണം കഴിക്കാനോ കഴിയില്ല. കഠിനവ്രതക്കാരായ ഇവർക്ക് മുൻസർക്കാർ നൽകിവന്നിരുന്ന പ്രതിമാസ ധനസഹായം പിണറായി സർക്കാർ 2024 ജൂൺ മാസം മുതൽ 1600 രൂപയാക്കി ഉയർത്തിയിട്ടുണ്ടെന്നത് ഏറെ ആശ്വാസകരവും അഭിനന്ദനാർഹവുമാണ്. ടി തുക 2000 രൂപയായെങ്കിലും ഉയർത്താൻ നടപടികൾ സ്വീകരിക്കണം. അനുവദിക്കപ്പെട്ട തുകപോലും യഥാസമയം ലഭ്യമാകാത്ത സ്ഥിതിവിശേഷവും പരിഹരിക്കപ്പെടണം. ഈ സർക്കാർ 2024-25 വർഷ ബജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുള്ളതിനാൽ ഡിസംബർ മാസം

വരെയുള്ള തുക നൽകാൻ കഴിയുമെന്നാണ് മനസ്സിലാക്കുന്നത്. ഇക്കാര്യം അടിയന്തരമായും പരിഗണിക്കണം. കൂടാതെ മരണംമൂലമോ ആരോഗ്യ കാരണങ്ങളാലോ മറ്റോ ഒഴിവുവരുന്നമുറയ്ക്ക് ആചാരപ്പെടുന്നവർക്ക് പുതിയ അപേക്ഷകൾ പരിഗണിച്ച് ധനസഹായം അനുവദിക്കണം. പുതിയ അപേക്ഷകൾ മലബാർ ദേവസ്വം ബോർഡ് പാസ്സാക്കി സർക്കാരിലേക്ക് ഇതിനകം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽകൂടി അനുകൂല സമീപനമുണ്ടാകണമെന്ന് വിനയപുരസ്സരം ഈ സബ്മിഷനിലൂടെ ആഭ്യർഥിക്കുന്നു.

(തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി)

p-03-03-2025-ks-an-1-10.50-11.00

## ആചാരസ്ഥാനിയർക്കും കോലധാരികൾക്കും മലബാർ ദേവസ്വം ബോർഡിന്റെ ധനസഹായം

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 27-07-2010-ലെ 299/2010/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആചാരസ്ഥാനിയർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ ധനസഹായ പദ്ധതി രൂപീകരിക്കുകയും തുടർന്ന് 54/2011 സർക്കാർ ഉത്തരവ് പ്രകാരം നിബന്ധനകളിൽ ഭേദഗതി വരുത്തുകയും 1203 ആചാരസ്ഥാനികരുടെയും 278 കോലധാരികളുടെയും പട്ടിക

അംഗീകരിച്ച് 10-01-2011-ലെ 17/2011/ആർ.ഡി. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 20-03-2013-ലെ 1554/2013/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവുപ്രകാരം 60 ആചാരസ്ഥാനികരെയും 89 കോലധാരികളെയുംകൂടി പദ്ധതി ഗുണഭോക്താക്കളായി അംഗീകരിച്ചു. 24-01-2018-ലെ 4876/2018 സർക്കാർ ഉത്തരവുപ്രകാരം 420 ആചാരസ്ഥാനികരെയും 105 കോലധാരികളെയുംകൂടി ടി പദ്ധതിയുടെ ഗുണഭോക്താക്കളായി അംഗീകരിച്ചിട്ടുണ്ട്. ഇവരിൽ മരണമടഞ്ഞവരും പ്രത്യേകിച്ച് കാരണമില്ലാതെ കാലങ്ങളായി ധനസഹായം കൈപ്പറ്റാത്തവരും പരാതികളാൽ ധനസഹായം തടഞ്ഞുവച്ചിട്ടുള്ളവരുമായ ആളുകളെ ഗുണഭോക്താക്കളുടെ പട്ടികയിൽനിന്നും നീക്കംചെയ്തതിനുശേഷം നിലവിൽ 1544 ആചാരസ്ഥാനികരും 368 കോലധാരികളുമടക്കം 1912 പേർ പദ്ധതി പ്രകാരമുള്ള ധനസഹായം കൈപ്പറ്റിവരുന്നുണ്ട്. 6-6-2024-ലെ 1319/2024 സർക്കാർ ഉത്തരവുമുഖേന ആചാരസ്ഥാനികൾക്കും കോലധാരികൾക്കുമുള്ള പ്രതിമാസ ധനസഹായം 2024 ജൂൺ മാസം മുതൽ 1400 രൂപയിൽനിന്നും 1600 രൂപയായി ഉയർത്തിയിട്ടുണ്ട്. ഉത്തര മലബാറിലെ ആചാരസ്ഥാനികൾ, കോലധാരികൾ എന്നിവരുടെ പ്രതിമാസ

ധനസഹായ പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതമായ 5.30 കോടി രൂപ പൂർണ്ണമായും പ്രയോജനപ്പെടുത്തി 2024 ഒക്ടോബർ വരെയുള്ള കാലയളവിലെ ധനസഹായ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. നിലവിൽ 1544 ആചാരസ്ഥാനികരും 368 കോലധാരികളും ഉൾപ്പെടെ ആകെ 1912 പേർക്ക് പദ്ധതിപ്രകാരമുള്ള ധനസഹായമായ 1600 രൂപ പ്രതിമാസം നൽകിവരുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം പൂർണ്ണമായി അനുവദിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ 2024 നവംബർ മുതൽ 2025 മാർച്ച് മാസം വരെയുള്ള കാലയളവിലെ പ്രതിമാസ ധനസഹായ വിതരണം പൂർത്തിയാക്കുന്നതിനായി അധിക ധനാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കാൻ മലബാർ ദേവസ്വം ബോർഡ് കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രതിമാസ സാമ്പത്തികസഹായം അനുവദിക്കുന്ന പദ്ധതിയിൽ പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പട്ടിക പരിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ശ്രീ. സി. സി. മുകുന്ദൻ)

p-03-03-2025-ks-an-1-10.50-11.00

<u>നാട്ടികയിൽ റെസ്റ്റ് ഹൗസ് നിർമ്മാണം</u>

<u>ശ്രീ. സി. സി. മുകുന്ദൻ:</u> സർ, നാട്ടിക മണ്ഡലത്തിൽ ഒരു റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഞാൻ പ്രതിനിധാനം ചെയ്യുന്ന നാട്ടിക നിയോജകമണ്ഡലത്തിലെ നാട്ടിക ഗ്രാമപഞ്ചായത്തിൽ, പുറമ്പോക്ക് രജിസ്റ്റർപ്രകാരം പൊതുമരാമത്ത് വകുപ്പിനുകീഴിൽ, സർവ്വേ നം. 321/3-ൽ ഉൾപ്പെട്ട 1 ഏക്കർ 10 സെന്റ് ഭൂമിയുണ്ട്. ഈ സ്ഥലത്ത് ഒരു പുതിയ പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനായി 2019-20 വർഷത്തെ ബജറ്റിൽ 20 ശതമാനം തുക ടോക്കൺ എമൗണ്ടായി വയ്ക്കുകയും അതനുസരിച്ച് 2 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. എന്നാൽ പൊതുമരാമത്ത് ഉദ്യോഗസ്ഥർ ടി ബജറ്റ് പ്രവൃത്തിയിന്മേൽ യാതൊരുവിധ നടപടികളും സ്വീകരിച്ചില്ല. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റും മറ്റ് അനുബന്ധ പ്രവൃത്തികൾ സംബന്ധിച്ച കാര്യങ്ങളും തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ച് അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് 2022 മുതൽ നാട്ടിക നിയോജകമണ്ഡലം മോണിട്ടറിങ് യോഗങ്ങളിലെല്ലാം നിരവധി തവണ ആവശ്യപ്പെട്ടിട്ടും പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ഉദ്യോഗസ്ഥർ നിരുത്തരവാദപരമായ സമീപനമാണ് സ്വീകരിച്ചത്. നിലവിലെ NH66 ദേശീയപാതയുടെയും ചരിത്രപ്രസിദ്ധമായ തൃപ്രയാർ

ശ്രീരാമസ്വാമി ക്ഷേത്രത്തിന്റെയും 2 കി.മീ. ചുറ്റളവിലാണ് ടി ഭൂമിയുള്ളത്. ഈ സ്ഥലത്ത് പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസ് നിർമ്മിച്ചാൽ പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും വലിയ രീതിയിൽ ഉപകാരപ്രദമാകുമെന്ന കാര്യത്തിൽ സംശയമില്ല. റെസ്റ്റ് ഹൗസിന്റെ ആദ്യഘട്ട നിർമ്മാണത്തിനായി എം.എൽ.എ. ആസ്തിവികസന ഫണ്ടിൽനിന്നും തുക അനുവദിക്കാൻ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഓഫീസിൽ നിരവധി ഇടപെടലുകൾ നടത്തിയിരുന്നെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്ന് തുടർനടപടികളുണ്ടായതായി കണ്ടില്ല. ആയതിനാൽ നാട്ടിക നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റെസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

p-03-03-2025-ks-an-1-10.50-11.00

## നാട്ടികയിൽ റെസ്റ്റ് ഹൗസ് നിർമ്മാണം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ പുതുതായി

അനുവദിച്ച റെസ്റ്റ് ഹൗസിന്റെ നിർമ്മാണത്തിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്. പ്രധാനപ്പെട്ട തീർഥാടന-ടൂറിസം കേന്ദ്രമായ തൃപ്രയാർ കേന്ദ്രീകരിച്ച് ഒരു റെസ്റ്റ് ഹൗസ് നിർമ്മിക്കണമെന്ന നിർദേശത്തിന്റെ അടിസ്ഥാനത്തിൽ നേരത്തെ 2 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്തുതന്നെ റെസ്റ്റ് ഹൗസ് നിർമ്മിക്കണമെന്ന ആവശ്യം ഉയർന്ന സാഹചര്യത്തിൽ ആ കാലയളവിൽ ഒരു തീരുമാനമുണ്ടായില്ല. ഇപ്പോൾ ശ്രീ. സി. സി. മുകുന്ദൻ എം.എൽ.എ.യുടെ നിരന്തര ആവശ്യത്തെത്തുടർന്ന് നടപടിക്രമങ്ങളിൽ വേഗത കൈവന്നിട്ടുണ്ട്. റീജിയണൽ ഇൻവെസ്റ്റിഗേഷൻ ആൻഡ് ക്വാളിറ്റി കൺട്രോൾ വിഭാഗം നിർമ്മാണത്തിനായി ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുകയും സർവ്വേ സ്കെച്ച് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് എറണാകുളം ആർക്കിടെക്ചറൽ വിഭാഗത്തിന് വിശദമായ പ്ലാൻ തയ്യാറാക്കുന്നതിന് അയച്ചിട്ടുമുണ്ട്. കൂടാതെ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തുന്നതിനായി ആർ.ഐ.ക്യു.സി.എൽ. വിഭാഗത്തിന് പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും നിർദേശം നൽകുകയും

ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ ഡിസൈൻ തയ്യാറാക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഡിസൈൻ വേഗത്തിൽ പൂർത്തിയാക്കി മറ്റ് നടപടികളിലേക്ക് കടക്കാനുള്ള ഇടപെടലുകൾ നടത്താമെന്ന് അദ്ദേഹത്തെ അറിയിക്കുകയാണ്. മിക്കവാറും എല്ലാ നിയോജകമണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ റെസ്റ്റ് ഹൗസുകൾ നിലവിൽ വന്നിട്ടുണ്ട്. ചുരുക്കം ചില മണ്ഡലങ്ങളിൽമാത്രമെ റെസ്റ്റ് ഹൗസുകൾ വരാനുള്ളൂ. ഓൺലൈൻ ബുക്കിങ് ആരംഭിച്ചതിനുശേഷം പൊതുവെ ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായി ഈ സംവിധാനം മാറിയിട്ടുണ്ട്. 2021 കേരളപ്പിറവി ദിന സമ്മാനമായാണ് ഓൺലൈൻ ബുക്കിങ് ആരംഭിച്ചത്. 22 കോടി 79 ലക്ഷം രൂപ ഓൺലൈൻ ബുക്കിങിലൂടെ ഈ മൂന്ന് വർഷത്തിനിടെ അധികവരുമാനം ലഭ്യമായിട്ടുണ്ടെന്ന സന്തോഷവിവരവും ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(ശ്രീ. എം. വിൻസെന്റ്)

p-03-03-2025-ks-an-1-10.50-11.00

<u>കരമന-കളിയിക്കാവിള റോഡ് പൂർത്തീകരണം</u>

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, 29 കി.മീ. ദൈർഘ്യമുള്ള കരമന-

കളിയിക്കാവിള റോഡ് 12 വർഷംകൊണ്ട് ആകെ 10 കി.മീ. മാത്രമെ പൂർത്തിയായിട്ടുള്ളൂ. പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ പൂർത്തീകരിച്ചതും അളന്ന് കല്ലിട്ടതും യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്ന സമയത്താണ്. അതിനെത്തുടർന്നുണ്ടായിട്ടുള്ള എല്ലാ പ്രക്ഷോഭങ്ങൾക്കും അന്ന് പരിഹാരം കാണുകയും അഞ്ച് കി.മീ. ദൂരം പ്രവൃത്തി നടത്തുകയും പ്രാവച്ചമ്പലം വരെ റോഡ് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിരുന്നു. രണ്ടാംഘട്ട പ്രവൃത്തിയായി അന്ന് ഡിസൈൻ ചെയ്തിരുന്നത് പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള നിർമ്മാണമായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം അത് 'കൊടിനട' വരെയാക്കി ചുരുക്കുകയാണുണ്ടായത്. ബൈഫർക്കേറ്റ് ചെയ്ത രണ്ടാംഘട്ടം പൂർത്തീകരിച്ചത് 2021 ജനുവരിമാസം 10-ാം തീയതിയാണ്. നാല് വർഷമായി ഇന്നുവരെ ബാക്കിയുള്ള 1.5 കി.മീ. റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. 205 പേർക്ക് മാത്രമാണ് വർക്ക് അവാർഡ് പാസ്സാക്കിയിട്ടുള്ളത്. 195 പേർക്ക് വർക്ക് അവാർഡ് പാസ്സാക്കാനുണ്ട്. സ്ട്രക്ചറൽ വാല്യൂ പോലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വലിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനെക്കുറിച്ച് നാം ചർച്ചചെയ്യുമ്പോഴും ആ 1.5 കി.മീ.

റോഡ് പൂർത്തീകരിക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല, റോഡ് നിർമ്മാണം തുടങ്ങിയിട്ടുപോലുമില്ല. ഈ വിഷയം പല രൂപത്തിൽ ഈ നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഒച്ചിഴയുന്ന വേഗത്തിലാണ് പ്രവൃത്തി നീങ്ങുന്നതെന്ന് പറഞ്ഞാൽ ഒച്ച് പോലും മാനനഷ്ടത്തിന് കേസ് കൊടുക്കും. 2021-ൽ ഒരു ഒച്ച് കൊടിനടയിൽനിന്നും യാത്രതിരിച്ചിരുവെങ്കിൽ വഴിമുക്കിലെത്തി പലതവണ തിരിച്ചുവന്നേനെ! എന്നിട്ടും ടി പ്രവൃത്തി മാത്രം പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. 120 കോടി രൂപകൂടി അനുവദിച്ചുകൊണ്ട് അടിയന്തരമായി അവാർഡ് പാസ്സാക്കി ഈ പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

p-03-03-2025-ks-an-1-10.50-11.00

കരമന-കളിയിക്കാവിള റോഡ് പൂർത്തീകരണം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കരമന-കളിയിക്കാവിള റോഡ് വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ബജറ്റ് ചർച്ചയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ മറുപടി നൽകിയിട്ടുണ്ട്. രണ്ട് റീച്ചുകളുടെ വികസനമാണ്

നടക്കാനുള്ളത്. ബാലരാമപുരം-വഴിമുക്ക് റീച്ചിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിക്കുകയാണ്. ബാലരാമപുരം അണ്ടർപാസ്സ് എന്ന നിർദേശമായിരുന്നു നേരത്തെ മുമ്പിലുണ്ടായിരുന്നത്. എന്നാൽ ട്രാഫിക് വോള്യം പരിശോധിച്ചശേഷം ജങ്ഷൻ വികസനമെന്ന തീരുമാനത്തിലേക്ക് എത്തിച്ചേരുകയായിരുന്നു. ജങ്ഷൻ വികസനത്തിനുള്ള അന്തിമ ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. റോഡിന് ഇരുവശത്തായിവരുന്ന 398 ചമയങ്ങളിൽ 386 എണ്ണത്തിന്റെ വില നിർണ്ണയം നടത്തുകയും കെ.ആർ.എഫ്.ബി.-പി.എം.യു. ഭൂമി ഏറ്റെടുക്കൽ യൂണിറ്റിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 195 കെട്ടിടങ്ങളുടെ ലാൻഡ് ട്രാൻസ്ഫർ പൂർത്തീകരിച്ചു. പ്രസ്തുത കെട്ടിടങ്ങൾ പൊളിക്കുന്നതിനുള്ള ലേലനടപടികൾ എം.എസ്.ടി.സി. മുഖാന്തരം പുരോഗമിച്ചുവരികയാണ്. സ്ഥലം ഏറ്റെടുക്കുന്നതിനായി 98 കോടി രൂപ സർക്കാരിൽനിന്നും അനുവദിച്ചുനൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി അധിക തുക ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പുമന്ത്രിയുമായിക്കൂടി സംസാരിച്ച് ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ ഇടപെടുമെന്ന് സഭയെ അറിയിക്കുകയാണ്.

വഴിമുക്ക്-കളിയിക്കാവിള റീച്ചിന്റെ നവീകരണവുമായി ബന്ധപ്പെട്ട

കാര്യം നേരത്തെ ഈ സഭയിൽ അറിയിച്ചിരുന്നു. 30 മീറ്റർ വീതിയിൽ പാത നവീകരണമെന്ന ആവശ്യമാണ് ജനപ്രതിനിധികൾ മുമ്പോട്ടുവച്ചിട്ടുള്ളത്. സഭയിൽ കഴിഞ്ഞതവണ നൽകിയ മറുപടിക്കുശേഷം വകുപ്പ് സെക്രട്ടറി, ജനപ്രതിനിധികൾ എന്നിവരുൾപ്പെട്ട യോഗം വിളിച്ചുചേർത്തിരുന്നു. അവിടെ ഉയർന്ന നിർദേശങ്ങൾ കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമതീരുമാനം ലഭ്യമാകുന്നമുറയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികളിലേയ്ക്ക് കടക്കാനാകും. യു.ഡി.എഫ്. ഭരണകാലത്ത് ഇതിനെക്കുറിച്ച് ചെയ്ത ചില കാര്യങ്ങൾ അദ്ദേഹം ചൂണ്ടിക്കാട്ടി. ആ കാലഘട്ടത്തിലെ കഥ ഞാനിപ്പോൾ പറയുന്നില്ല. അങ്ങനെ പറഞ്ഞാൽ ഒച്ച് മാത്രമാകില്ല മാനനഷ്ടത്തിന് കേസ് കൊടുക്കുന്നത്, ഭൂമിയിലെ എല്ലാവരും മാനനഷ്ടത്തിന് കേസ് കൊടുക്കേണ്ട സ്ഥിതിയുണ്ടാകും. പഴയ കാര്യത്തിലേക്ക് പോകണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടെങ്കിലും ഞാൻ അതിലേക്ക് കടക്കുന്നില്ല. എട്ടുവർഷത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണംകൊണ്ട്, എട്ടുവർഷം മുമ്പ് കേരളത്തിന്റെ പുറത്ത് പോയ ഒരാൾ തിരിച്ചുവന്നാൽ 'ഇത് ഏത് നാടാണ്, ഈ നാടാകെ മാറിപ്പോയല്ലോ' എന്നുപറയുന്ന സ്ഥിതയിലേയ്ക്കെത്തിയിരിക്കുകയാണ്. പാലങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ ഇതെല്ലാം പൂർത്തീകരിച്ച് കേരളം

നവകേരളമായി മാറിക്കഴിഞ്ഞുവെന്നത് ഒരു യാഥാർഥ്യമാണ്. യാഥാർഥ്യത്തെ കണ്ണടച്ച് ഇരുട്ടാക്കാനാകില്ല. അതിന്റെയെല്ലാം മാനസികമായ പ്രയാസം അദ്ദേഹത്തിനുണ്ടാകും. അതുകൊണ്ട് ഈ സഭാ സമ്മേളനത്തിൽ മാത്രമല്ല, വരാനിരിക്കുന്ന എല്ലാ സഭാ സമ്മേളനങ്ങളിലും പഴയകാലത്തെ യു.ഡി.എഫ്. ഭരണത്തെക്കുറിച്ച് ഓർക്കാൻ മാത്രമേ അദ്ദേഹത്തിന് സാധിക്കുകയുള്ളൂ. തുടർച്ചയായ എൽ.ഡി.എഫ്. ഭരണത്തിൽ കേരളത്തിന്റെ മുഖച്ഛായ മാറ്റിക്കൊണ്ടേയിരിക്കുമെന്ന കാര്യം ഞാൻ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

(ശ്രീ. പി. പി. സുമോദ്)

P.03-03-2025
എ.വി./എ.വൈ
11.00-11.10 (SV)

8. <u>വടക്കഞ്ചേരി ശിവരാമ പാർക്ക് നവീകരണം</u>

<u>ശ്രീ. പി. പി. സുമോദ്</u>: സർ, എന്റെ നിയോജക മണ്ഡലത്തിലെ ഏറ്റവും പ്രധാന കേന്ദ്രമായ വടക്കഞ്ചേരി ടൗണിലെ ശിവരാമ പാർക്ക് നവീകരണത്തിന് 2023-24 വർഷത്തിൽ 1 കോടി രൂപ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. കുട്ടികളുൾപ്പെടെ നൂറുകണക്കിന്

ആളുകൾക്ക് വന്നിരിക്കാൻ സാധിക്കുന്ന തരത്തിലുള്ള ടൗണിലെ ഏറ്റവും പ്രധാനപ്പെട്ട പാർക്കായ ശിവരാമ പാർക്ക് ഇപ്പോഴും ശോചനീയാവസ്ഥയിലാണ്. നിലവിൽ പാർക്കിന് കാലപ്പഴക്കത്തിന്റെ പ്രയാസമുണ്ട്, കൂടാതെ പാർക്കിലെ കളിസ്ഥലവും കളിക്കാനുള്ള ഉപകരണങ്ങളുമെല്ലാം ഉപയോഗശൂന്യമായ സാഹചര്യത്തിലാണ് നിലകൊള്ളുന്നത്. അടിയന്തരമായി മുഴുവൻ തുകയും വിനിയോഗിച്ച് ടി പാർക്കിന്റെ നവീകരണ പ്രവൃത്തികൾ ആരംഭിച്ച് ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ നടപടികളെടുക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നു.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

P.03-03-2025
എ.വി./എ.വൈ
11.00-11.10 (SV)

8. <u>വടക്കഞ്ചേരി ശിവരാമ പാർക്ക് നവീകരണം</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ബഹുമാന്യനായ പി. പി. സുമോദ് എം.എൽ.എ.-യുടെ മണ്ഡലത്തിലെ വടക്കഞ്ചേരി ശിവരാമ പാർക്ക് ടൂറിസം കേന്ദ്രമാക്കി മാറ്റുന്ന പ്രവൃത്തിക്ക് 99,50,000/- രൂപയുടെ പദ്ധതിക്കാണ് ടൂറിസം വകുപ്പ്

നേരത്തെ അനുമതി നൽകിയത്. പ്രാദേശിക ടൂറിസം കേന്ദ്രങ്ങളെ കൂടുതൽ വികസിപ്പിക്കുമെന്നതാണ് ഈ സർക്കാരിന്റെ നയം. ഡെസ്റ്റിനേഷൻ ചലഞ്ച് പോലുള്ള വൈവിധ്യമാർന്ന പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നുണ്ട്. കൂടുതൽ ലെഷർ സെന്ററുകളുണ്ടാക്കുകയും ഹാപ്പിനെസ് ഇൻഡക്സ് വളരുകയും ചെയ്യണമെന്ന കാഴ്ചപ്പാടോടെയാണ് വൈവിധ്യങ്ങളായ പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നത്. പൊതുയിടങ്ങൾ വർധിക്കുക എന്നത് കാലത്തിന്റെ ആവശ്യമാണ്. എല്ലാ വിഭാഗം ജനങ്ങൾക്കും ഒത്തുകൂടാനും വിനോദസഞ്ചാരകേന്ദ്രങ്ങളാക്കി അതിനെ മാറ്റാനും സാധ്യമാകുന്ന നിലയുണ്ടാകണം. അതുപോലെ കുട്ടികൾ ചെറുപ്പംമുതലേ കളിച്ചുവളരണം. കളിക്കാനാവശ്യമായ കളിയിടങ്ങൾ പൊതുയിടങ്ങളിലുണ്ടാകേണ്ടതുണ്ട്. ഗ്രൗണ്ടിൽ കളിക്കുമ്പോൾ കുട്ടികൾ ഭാവിയിൽ ഐ. എം. വിജയനോ ലയണൽ മെസ്സിയോ സച്ചിൻ തെൻഡുൽക്കറോ ആകുകയെന്നുള്ളത് മാത്രമല്ല; കളിയിലൂടെ തോൽക്കാൻകൂടി പഠിക്കുകയാണ്. തോൽക്കാൻ പഠിക്കുകയെന്നതും തോൽവിയിൽനിന്ന് അതിജീവിച്ച് വരികയെന്നുള്ളതും പ്രധാനമാണ്. അതാണ് കളിയിടങ്ങളുണ്ടാകുമ്പോൾ ചെറുപ്പത്തിലേ നമ്മളറിയാതെ ആ പരിശീലനം വരുന്നത്. ഇന്നത്തെ കാലത്ത് കുട്ടികളിൽ ചെറിയൊരു പരാജയമുണ്ടായാൽ വലിയ പ്രയാസമായി മാറുന്ന സ്ഥിതി

വരുന്നുണ്ട്. നമ്മുടെ നാട്ടിൽ പൊതുയിടങ്ങളും കളിയിടങ്ങളും വർധിക്കണമെന്ന കാഴ്ചപ്പാടാണുള്ളത്.

കഴിഞ്ഞ രണ്ടുദിവസം മുമ്പാണ് കൊല്ലത്ത്, ധനകാര്യ വകുപ്പുമന്ത്രിയും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയുമടക്കം നമ്മളെല്ലാം പങ്കെടുത്തുകൊണ്ട് പാലങ്ങൾക്കടിയിലുള്ള സ്ഥലം ഉപയോഗിക്കാനുള്ള സർക്കാരിന്റെ തീരുമാനം നടപ്പാക്കിയത്. കഴിഞ്ഞ രണ്ടുദിവസങ്ങളിലും അവിടെ രാത്രി ഒരു മണി വരെ ആളുകൾ വരികയാണെന്ന് പലരും വിളിച്ചറിയിച്ചിരുന്നു. പൊതുയിടങ്ങൾ വർധിപ്പിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്. ഇവിടെയുള്ള ബഹുമാനപ്പെട്ട എല്ലാ എം.എൽ.എ.-മാരോടും പറയാനുള്ളത്, പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾക്കടിയിലുള്ള സ്ഥലങ്ങൾ നിങ്ങളുടെ മണ്ഡലങ്ങളിലുണ്ടെങ്കിൽ അക്കാര്യം ശ്രദ്ധയിൽപ്പെടുത്തണം. അതിന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകി പൊതുയിടങ്ങൾ വികസിപ്പിക്കാൻ എന്തുചെയ്യാനാകുമെന്ന് നമുക്കൊരുമിച്ച് പരിശോധിക്കാമെന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീ. പി. പി. സുമോദ് ആവശ്യപ്പെട്ട വിഷയത്തിൽ ശിവരാമപാർക്കിൽ നേരത്തെ നിശ്ചയിച്ചതനുസരിച്ചുള്ള പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമെന്ന് സഭയെ അറിയിക്കാൻ ഞാൻ

ആഗ്രഹിക്കുന്നു.

(ശ്രീ. ടി. വി. ഇബ്രാഹിം)

P.03-03-2025
എ.വി./എ.വൈ
11.00-11.10 (SV)

9. അകാലമരണം വർധിക്കുന്ന സാഹചര്യം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, യൗവനകാലത്ത് പൊടുന്നനെ മരണപ്പെടുന്നവരുടെ എണ്ണം വർധിച്ചുവരുന്ന ഗുരുതരമായ പ്രതിഭാസത്തെക്കുറിച്ച് ശാസ്ത്രീയവും പ്രാമാണികവുമായ പഠനങ്ങൾ നടത്താനും അതിന്റെ കാരണങ്ങൾ കണ്ടെത്തി യഥാസമയമുള്ള ചികിത്സ ഉറപ്പുവരുത്താനും സർക്കാരിന്റെ അടിയന്തര ഇടപെടലുണ്ടാകേണ്ടത് സംബന്ധിച്ചാണ് ഈ സബ്മിഷൻ. നിയമസഭാ സാമാജികനെന്ന നിലയ്ക്ക് എന്റെ മണ്ഡലത്തിൽ രണ്ട് ഡോക്ടർമാരുടേതടക്കം നിരവധി ആകസ്മിക മരണങ്ങളുണ്ടായതാണ് ഈ സബ്മിഷനിലേക്ക് എന്നെ പ്രേരിപ്പിച്ചത്. ഇത്തരം മരണങ്ങളുടെ നിരക്ക് കോവിഡ് കാലാനന്തരം കൂടിവരുന്നത് സാഹചര്യത്തിന്റെ ഗൗരവം വർധിപ്പിക്കുന്നതാണ്. കോവിഡ് മഹാമാരിയുടെയോ അതിന്റെ പ്രതിരോധ നടപടികളുടെയോ സ്വാധീനം ഈ

സാഹചര്യത്തിന്റെ പുറകിലുണ്ടോയെന്നത് അജ്ഞാതമാണെങ്കിലും അത്തരം കാര്യങ്ങളെക്കുറിച്ചെല്ലാം ശാസ്ത്രീയവും ഗവേഷണാത്മകവുമായ പഠനങ്ങൾ നടക്കേണ്ടതുണ്ട്. ഒരു മുന്നറിയിപ്പോ ഏതെങ്കിലും രോഗത്തിന്റെ ലക്ഷണമോ കൂടാതെ ആകസ്മികമായി മരണപ്പെടുന്ന ചെറുപ്പക്കാരുടെ എണ്ണം വർധിച്ചുവരികയാണ്. നടക്കുമ്പോഴോ എക്സർസൈസ് ചെയ്യുമ്പോഴോ ഇരിക്കുമ്പോഴോ പെട്ടെന്ന് മരണം സംഭവിക്കുന്ന നിരവധി സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മുതിർന്നവരുമായി താരതമ്യം ചെയ്യുമ്പോൾ സ്വതവേ ചെറുപ്പക്കാരിൽ മരണനിരക്ക് കൂടുതലാണ്. Atrial Fibrillation തുടങ്ങിയ രോഗങ്ങളും വർധിച്ചുവരുന്നു. എന്റെ മണ്ഡലത്തിലെ യുവ ഡോക്ടർമാരടക്കം നിരവധിപേർ ഇങ്ങനെ മരണപ്പെട്ടിട്ടുണ്ട്. പെട്ടെന്നുള്ള മരണങ്ങളിലേക്ക് നയിക്കുന്ന രോഗകാരണങ്ങൾ സാധാരണ മെഡിക്കൽ ടെസ്റ്റുകൾ നടത്തി കണ്ടെത്താൻ സാധിക്കില്ല. BTP (Beta Trace Protein GFR Test), Angina പോലുള്ള ടെസ്റ്റുകൾ ചില രോഗങ്ങളുടെ നിർണ്ണയത്തിന് സഹായിക്കുമെങ്കിലും അത് വളരെ ചെലവുള്ള പരിശോധനയാണ്. ഇത്തരം മെഡിക്കൽ പരിശോധനകളും ചികിത്സകളും സാമ്പത്തികമായി ദുർബലരായവർക്ക് ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. ഇതുസംബന്ധിച്ച് മഞ്ചേരി മെഡിക്കൽ കോളേജിലെ

അവസാന വർഷ എം.ബി.ബി.എസ്. വിദ്യാർഥികൾ നടത്തിയ പഠനം പുറത്തുവന്നിട്ടുണ്ട്. 2024 ജനവരി 1-നും ഡിസംബർ 31-നുമിടയിൽ നടത്തിയ പഠനം 'Organ sudden death study' എന്ന പേരിൽ അവതരിപ്പിച്ചിട്ടുണ്ട്. അസ്വാഭാവിക മരണം സംഭവിച്ചവരുടെ പോസ്റ്റുമോർട്ടം മഞ്ചേരി മെഡിക്കൽ കോളേജിൽ നടത്തിയിരുന്നു. ഇതിൽ 31 മരണങ്ങൾ ഇത്തരത്തിൽപ്പെട്ടതാണെന്ന് അവർ കണ്ടെത്തിയിട്ടുണ്ട്. ആയതുകൊണ്ടുതന്നെ ഇത്തരം ആകസ്മിക മരണങ്ങളിലേക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ചും അതിനെ പ്രതിരോധിക്കാൻ കഴിയുന്ന മാർഗങ്ങളെക്കുറിച്ചും ഒരു ശാസ്ത്രീയ പഠനം നടത്തുന്നതിനാവശ്യമായ നടപടികളിലേക്ക് റൂൾ 304 അനുസരിച്ച് ഒരു സബ്മിഷൻ അവതരിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനായി താൽപര്യപ്പെടുന്നു.

(ശ്രീമതി വീണാ ജോർജ്)

P.03-03-2025
എ.വി./എ.വൈ
11.00-11.10 (SV)

9. <u>അകാലമരണം വർധിക്കുന്ന സാഹചര്യം</u>

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർ, കോവിഡിനുശേഷം ഹൃദ്രോഗം, ഹൃദയഭിത്തിയിലെ

ഇൻഫ്ലമേഷൻ, ഹൃദയമിടിപ്പിലെ വ്യതിയാനങ്ങൾ, സ്ട്രോക്ക്, ഹൃദയാഘാതം എന്നീ സങ്കീർണ്ണതകൾ ആളുകളിൽ വർധിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് ആഗോളതലത്തിൽ പല പഠനങ്ങളും നടന്നിട്ടുണ്ട്; നടക്കുന്നുമുണ്ട്. ആധുനികവൽക്കരണവും നഗരവൽക്കരണവും ധ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്ന കേരളത്തിൽ ജീവിതശൈലീരോഗങ്ങൾ വർധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗം, വൃക്കരോഗം, കാൻസർ എന്നീ രോഗങ്ങൾ വർധിച്ച നിലയിലാണ് സംസ്ഥാനത്ത് കണ്ടുവരുന്നത്. അശാസ്ത്രീയമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, അമിതലഹരി ഉപയോഗം, മാനസിക പിരിമുറുക്കം തുടങ്ങിയ കാരണങ്ങളാലാണ് ജീവിതശൈലീ രോഗങ്ങൾ വർധിക്കുന്നത്. ചെറുപ്പക്കാരിലും മധ്യവയസ്കരിലും പക്ഷാഘാതം, വൃക്കരോഗം, ഹൃദ്രോഗങ്ങൾ എന്നിവ ഉയർന്ന ശരാശരിയിൽ കാണുന്നത് ജീവിതശൈലിയിൽ വന്ന കാതലായ മാറ്റങ്ങൾ കൊണ്ടുകൂടിയാണ്.

യൗവനകാലത്തുള്ള ആകസ്മിക മരണം പല കാരണങ്ങൾ കൊണ്ടുണ്ടാകാം. ഹൃദയധമനികളുടെയും പേശികളുടെയും പ്രവർത്തനക്ഷമത കുറയുന്നതുമൂലം, ഹൃദയധമനികളുടെ കട്ടി കൂടുന്നതുമൂലം, ഹൃദയമിടിപ്പിന്റെ താളം തെറ്റുന്നതുമൂലം, ഹൃദയപേശികളുടെ അസുഖം, കൊറോണറി ആർട്ടറി

ഡിസീസുകൾ, അയോർട്ടിക് ഡിസെക്ഷൻ മുതലായ കാരണങ്ങളാൽ ഇത് സംഭവിക്കാം. ന്യൂറോളജി പ്രശ്നങ്ങളും ഇതിലുണ്ട്; ജന്നിയുമായി ബന്ധപ്പെട്ടവ, രക്തധമനിയിലെ പൊട്ടൽ, മസ്തിഷ്ക ജ്വരം, ശ്വാസകോശ സംബന്ധമായവ, പൾമിനറി എംബോളിസം, ശ്വാസകോശ രക്തധമനിക്കകത്ത് രക്തം കട്ടപിടിക്കൽ, മരുന്നുകളുടെ പാർശ്വഫലം, അമിതമായ അളവിൽ ഡ്രഗ് ഓവർഡോസ്, ഗുളികകളുടെ ഉപയോഗം, മദ്യപാനം, ലഹരിയുടെ ഉപയോഗം തുടങ്ങിയവ. വീട്ടിൽ ഹൃദയസംബന്ധമായ അസുഖങ്ങളുള്ളവർ, നടക്കുമ്പോഴും ഓടുമ്പോഴും ശ്വാസതടസ്സമുള്ളവർ, ലഹരി പദാർഥങ്ങൾ, മദ്യം എന്നിവ അമിതമായി ഉപയോഗിക്കുന്നവർ, വ്യായാമത്തിന്റെ അഭാവമുള്ളവർ തുടങ്ങിയവരിൽ ഇത്തരത്തിലുള്ള മരണം സംഭവിക്കാൻ സാധ്യതയുള്ളതായി വൈദ്യശാസ്ത്രത്തിൽ പറയുന്നു. കൃത്യമായ സ്ക്രീനിംഗ് നടത്തുക, എല്ലാവർക്കും സി.പി.ആർ. ട്രെയിനിംഗ് നൽകുക, അവബോധ ക്ലാസ്സുകൾ എല്ലാവർക്കും നൽകുക, ജീവിതശൈലീ രോഗങ്ങൾ തടയാൻ വ്യായാമം, ഡയബറ്റിക് കൺട്രോൾ തുടങ്ങിയവ പ്രാവർത്തികമാക്കുക, പൾമനറി എംബോളിസത്തെക്കുറിച്ച് അവബോധ ക്ലാസ്സുകൾ നൽകുക, കഠിനമായ വ്യായാമങ്ങൾ ചെയ്യുന്നവർക്ക് കാർഡിയാക് ചെക്ക്-അപ്പ് കൃത്യമായ ഇടവേളകളിൽ നടത്തുക തുടങ്ങിയവ ഇത് പ്രതിരോധിക്കുന്നതിന് ഒരു

പരിധിവരെ സഹായിക്കുമെന്ന് ഡോക്ടർമാർ ചൂണ്ടിക്കാട്ടുന്നു.

കോവിഡ് മഹാമാരി ആഗോളതലത്തിൽ വന്നതിനുശേഷം ചെറുപ്പക്കാരിൽ ആകസ്മിക മരണങ്ങൾ കൂടി വരുന്നുണ്ടെന്നും കോവിഡ് വാക്സിനേഷന്റെ പാർശ്വഫലമായിട്ടാണ് ഇത്തരം മരണങ്ങൾ സംഭവിക്കുന്നതെന്നുമുള്ള പ്രചരണങ്ങൾ പല കോണുകളിൽനിന്നുമുണ്ടാകുന്നുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് ശാസ്ത്രീയമായ തെളിവുകളൊന്നും ലഭ്യമായിട്ടില്ലെന്നുള്ളത് നമ്മുടെ മുമ്പിലുള്ള വസ്തുതയാണ്.

2024-ൽ നടത്തിയ ഒരു പഠനത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു. ഇതിൽ ആധികാരികമായി ആഗോളതലത്തിൽ അമേരിക്കൻ ഹാർട്ട് ഫൗണ്ടേഷൻ ഒരു പഠനം നടത്തിയിട്ടുണ്ട്. ഒരു പ്രത്യേക കാലഘട്ടം മാത്രമെടുത്ത് പരിശോധിച്ചുകൊണ്ട് ആ കാലഘട്ടത്തിൽ വർധിച്ചുവെന്ന് പറയാൻ സാധിക്കില്ല. അതിനുമുമ്പുള്ള വർഷങ്ങൾകൂടി കണക്കിലെടുത്താൽ മാത്രമേ താരതമ്യേന വർധനവുണ്ടോയെന്നത് കണക്കാക്കാൻ കഴിയുകയുള്ളൂ. അമേരിക്കൻ ഹാർട്ട് ഫൗണ്ടേഷന്റെ പഠനത്തിൽ 1999 മുതൽ കോവിഡ് കാലം വരെയുള്ള കണക്കനുസരിച്ച് ഒരേ പാറ്റേണിലുള്ള വർധനവ് കാണുന്നുണ്ട്. ഹാർട്ട് ഫൗണ്ടേഷൻ പഠനത്തിലൂടെ സ്ഥിരീകരിച്ചിട്ടുള്ളതും അത്തരത്തിൽ

തന്നെയാണ്. ഇതുസംബന്ധിച്ച് കേരള ആരോഗ്യ സർവകലാശാലയുടെ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്, കോവിഡ്-19 അതിജീവിച്ച മുതിർന്നവരുടെ ആരോഗ്യ സംബന്ധിയായ ജീവിതനിലവാരവും ലോങ് കോവിഡിലേക്കുള്ള പുരോഗതി തടയുന്നതിനുള്ള ഇടപെടലുകളുടെ ഫലപ്രാപ്തിയും സംബന്ധിച്ച് സർക്കാരിന്റെ പ്ലാൻ ഫണ്ടുപയോഗിച്ചുകൊണ്ട് ഗവേഷണം ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഡാറ്റാ കളക്ഷൻ 2024 ഒക്ടോബറിൽ ആരംഭിച്ചിരുന്നു. ഡി.എം.ഇ. കൂടാതെ, infectious diseases medicine, microbiology തുടങ്ങിയ വിവിധ വകുപ്പുകളുടെ എച്ച്.ഒ.ഡി.-മാരുൾപ്പെടെയാണ് ഈ പഠനം നടത്തുന്നത്. ഇതുസംബന്ധിച്ച രണ്ടാംഘട്ട പഠനംകൂടി പൂർത്തിയാക്കേണ്ടതായുണ്ട്.

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിൽ ഗവേഷണം നടക്കുന്നുണ്ട്. അതോടൊപ്പം ആരോഗ്യ വകുപ്പിലുള്ള ഡാറ്റായെല്ലാം നാം അവലോകനം ചെയ്യുതന്നെയാണ് പോകുന്നത്. മുൻവർഷങ്ങളെ അപേക്ഷിച്ച് ഇതിൽ ഏത് രീതിയിലാണ് വ്യതിയാനങ്ങളുണ്ടായിട്ടുള്ളത് എന്നത് സംബന്ധിച്ച് പഠിച്ച് ക്രോഡീകരിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു സമിതിയെ നിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(റിപ്പോർട്ടുകളുടെ സമർപ്പണം)

P-03-03-2025
VV-AY-I (SV)
11.10-11.20

## 5. റിപ്പോർട്ടുകളുടെ സമർപ്പണം

### 1. സബ്ജക്ട് കമ്മിറ്റി I-ന്റെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### 2. സബ്ജക്ട് കമ്മിറ്റി II-ന്റെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### 3. സബ്ജക്ട് കമ്മിറ്റി III-ന്റെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ. എച്ച്. സലാം: സർ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ സമിതി അംഗമായ ഞാൻ സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### 4. സബ്ജക്ട് കമ്മിറ്റി IV-ന്റെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### 5. സബ്ജക്ട് കമ്മിറ്റി V-ന്റെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2025-26

സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 6. സബ്ജക്ട് കമ്മിറ്റി VI-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ എക്സ്-ഒഫീഷ്യോ അംഗമായ ഞാൻ സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 7. സബ്ജക്ട് കമ്മിറ്റി VII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി (ശ്രീ. എ. പ്രഭാകരൻ): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ സമിതി അംഗമായ ഞാൻ സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 8. സബ്ജക്ട് കമ്മിറ്റി VIII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 9. സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ അധ്യക്ഷനായ ഞാൻ  സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 10. സബ്ജക്റ്റ് കമ്മിറ്റി X-ന്റെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി X-ന്റെ എക്സ്-ഒഫീഷ്യോ അംഗമായ ഞാൻ സമിതിയുടെ 2025-26

സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 11. സബ്ജക്ട് കമ്മിറ്റി XI-ന്റെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 12. സബ്ജക്ട് കമ്മിറ്റി XII-ന്റെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അധ്യക്ഷയായ ഞാൻ സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 13. സബ്ജക്ട് കമ്മിറ്റി XIII-ന്റെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 14. സബ്ജക്ട് കമ്മിറ്റി XIV-ന്റെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അധ്യക്ഷനായ ഞാൻ സമിതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## 15. സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബില്ലുമായി ബന്ധപ്പെട്ട റിപ്പോർട്ട്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അധ്യക്ഷനായ ഞാൻ 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

P-03-03-2025
VV-AY-I
11.10-11.20 (SV)

## 6. പ്രസ്താവന

മന്ത്രിയുടെ തെറ്റായ പരാമർശം സംബന്ധിച്ച്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയിൽ നടത്തിയ പ്രസ്താവന സംബന്ധിച്ച് ഞാൻ ഒരു പ്രിവിലേജ് മോഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. വസ്തുതാപരമായി നഗരസഭയിൽ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് എന്റെ കൈവശമുണ്ട്. 10-02-2025-ൽ ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നൽകിയ മറുപടി സഭയെ തെറ്റിദ്ധരിപ്പിക്കുന്നതും കോട്ടയം നഗരസഭയിൽ ഗുരുതരമായ ക്രമക്കേടുകളാണ് നടക്കുന്നതെന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രസ്താവന നടത്തിയതായിട്ട് നിയമസഭാ രേഖകളിലുണ്ട്. വസ്തുതാപരമായ മറുപടി നഗരസഭാ സെക്രട്ടറിയിൽനിന്നും 07-02-2025-ൽത്തന്നെ ബഹുമാനപ്പെട്ട മന്ത്രിക്ക് ലഭിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ക്യാഷ് കൗണ്ടറിലെ കളക്ഷൻ തുക സാംഖ്യാ സോഫ്റ്റ്‌വെയറിലേക്ക്

പേയ്മെന്റ് നടത്തിയ അവസരത്തിലുണ്ടായ ഒരു clerical mistake മാത്രമാണത്. അത് ശരിയാക്കുന്നതിനുവേണ്ടി അന്നുതന്നെ reverse entry ചെയ്തിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യുകയും cash book-ന്റെ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്യുകയുണ്ടായി എന്നതാണ് ലഭ്യമാക്കിയ മറുപടി എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നഗരസഭയിലെതന്നെ ബാങ്ക് അക്കൗണ്ടുകളിലെ വരവുചെലവ് കണക്കുകളിൽ പരസ്പരം മാറ്റങ്ങളുണ്ടെങ്കിൽ അവ കറക്റ്റ് ചെയ്യുന്നതിനുവേണ്ടിയാണ് സാംഖ്യാ സോഫ്റ്റ്‌വെയറിൽ 'contra entry' വരുത്തുന്നത്.

18-10-2023-ൽ ക്യാഷ് കൗണ്ടറിലെ കളക്ഷൻ തുക സാംഖ്യാ സോഫ്റ്റ്‌വെയറിലേക്ക് contra entry നടത്തിയ സമയത്ത് 172,46,03,229/- രൂപ എന്ന് രേഖപ്പെടുത്തുകയുണ്ടായി. ഈ പിശക് മനസ്സിലാക്കി അന്നുതന്നെ നഗരസഭ മറുപടി കൊടുത്തു എന്നാണ് റെക്കോർഡിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. contra entry റിവേഴ്സ് ചെയ്തപ്പോൾ 172,46,03,229/- രൂപ എന്ന് ചേർക്കേണ്ടതിനുപകരം 172,46,03,239/- രൂപ എന്ന് പത്ത് രൂപയുടെ വ്യത്യാസത്തിൽ രേഖപ്പെടുത്തി എന്നാണ് റിപ്പോർട്ടിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ നടത്തിയ പ്രസംഗത്തിന്റെ പകർപ്പ് എന്റെ കൈവശമുണ്ട്.

ഈ സഭ ഇതുപോലൊരു കാര്യത്തിനായി വിനിയോഗിക്കാമോ എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. അദ്ദേഹത്തിന്റെതന്നെ വകുപ്പിൽപ്പെട്ട, അദ്ദേഹത്തിന് നേരിട്ടറിയാവുന്ന ഒരു കാര്യത്തിൽ നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിലുള്ള മറുപടിയുണ്ടായത് അത്യധികം ഖേദകരവും പ്രതിഷേധാർഹവുമാണ്. അതുകൊണ്ട് ഈ വിഷയം പ്രിവിലേജ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(ശ്രീ. എം. ബി. രാജേഷ്)

P-03-03-2025
VV-AY-I
11.10-11.20 (SV)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ പത്ത് രൂപയുടെ clerical mistake അല്ല കോട്ടയം നഗരസഭയിലുണ്ടായിട്ടുള്ളത്. അദ്ദേഹത്തെപ്പോലൊരു മുതിർന്ന അംഗം വളരെ ഗൗരവമായ ഒരു ക്രമക്കേടിനെ എന്തിനാണ് ഇങ്ങനെ ലളിതവൽക്കരിച്ചും ലഘൂകരിച്ചും അവതരിപ്പിക്കുന്നത് എന്നതിൽ ഞാൻ അത്ഭുതപ്പെടുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നിർദ്ദേശപ്രകാരം ഫിനാൻസ് മാനേജ്മെന്റ് ആൻഡ് ഇൻസ്പെക്ഷൻ വിഭാഗം

04-02-2025 മുതൽ 07-02-2025 വരെ നടത്തിയ പരിശോധനകളുടെ റിപ്പോർട്ട് എന്റെ കൈവശമുണ്ട്. അതുമുഴുവൻ ഞാനിവിടെ പറയുന്നില്ല. പക്ഷെ ഗൗരവമായ ക്രമക്കേടുകളാണ് ആ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത്, കോട്ടയം നഗരസഭ കൊടുത്ത വിശദീകരണമാണെന്നാണ് എനിക്കുതോന്നുന്നത്. ഈ ക്രമക്കേടിന് മുഴുവൻ ഉത്തരവാദികളായ ആളുകൾ കൊടുത്ത വിശദീകരണം അദ്ദേഹം സഭയിൽ അവതരിപ്പിക്കുകയും അതാണ് ശരിയെന്ന് വിശ്വസിക്കുകയും ചെയ്യുന്നത് ശരിയല്ല. അന്വേഷണ റിപ്പോർട്ട് എന്റെ കൈവശമുണ്ട്; '2019-20, 2020-21, 2021-22, 2022-23 വർഷങ്ങളിൽ നടത്തിയ ഓഡിറ്റിനെത്തുടർന്ന് കോട്ടയം നഗരസഭയ്ക്ക് ലഭ്യമാക്കിയ റിപ്പോർട്ടുകളിന്മേൽ നിയമപ്രകാരം രണ്ട് മാസത്തിനകം മറുപടി തയ്യാറാക്കി നഗരസഭാ കൗൺസിൽ അംഗീകാരത്തോടെ കോട്ടയം നഗരസഭ നൽകിയതായി കാണുന്നില്ല. ടി റിപ്പോർട്ടുകളിൽ ചെക്കുകൾ സമയബന്ധിതമായി ബാങ്കിൽ സമർപ്പിക്കുന്നതിലും ഗുരുതരമായ വീഴ്ചകൾ ഉള്ളതായി ചൂണ്ടിക്കാണിച്ചിരുന്നു. റെക്റ്റിഫിക്കേഷൻ നടപടികൾ കോട്ടയം നഗരസഭ ഈ വിഷയത്തിൽ സമയബന്ധിതമായി എടുത്തിട്ടുള്ളതായി കാണുന്നില്ല.' വളരെ വിശദമായ റിപ്പോർട്ടാണിത്, പ്രസക്തമായ ചില

ഭാഗങ്ങൾ മാത്രമാണ് ഞാനിവിടെ പറയുന്നത്.

(തുടരും...)

P. 03-03-2025
RA-AY (1)
11.20-11.30 (SV)

(ശ്രീ. എം. ബി. രാജേഷ് തുടർച്ച........)

"ഓഡിറ്റ് റിപ്പോർട്ടുകളിലെ ശിപാർശകൾ/നിർദേശങ്ങൾ പരിഗണിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ കോട്ടയം നഗരസഭ യഥാസമയം സ്വീകരിച്ചിരുന്നെങ്കിൽ, അക്കൗണ്ട് സംബന്ധമായി നിലവിലുണ്ടായിരുന്ന പല പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടുമായിരുന്നുവെന്നാണ് കാണുന്നത്. നഗരസഭയുടെ അക്കൗണ്ട്സുൾപ്പെടെയുള്ള പ്രധാനപ്പെട്ട ജോലികളെല്ലാംതന്നെ ചെയ്യുന്നത് താൽക്കാലിക ജീവനക്കാരാണ്; അത് ശരിയായ നടപടിയല്ല. മുനിസിപ്പാലിറ്റിയുടെ അക്കൗണ്ടിൽ ഒരു വരവ്, contra വഴിയോ രസീതുമുഖേനയോ രേഖപ്പെടുത്തുകയും ആ തുക ബാങ്കിൽ നിക്ഷേപിക്കപ്പെടുകയും ചെയ്യുമ്പോൾ തൊട്ടടുത്ത മാസത്തെ reconciliation വേളയിൽ ഈ തുകകൾ പരസ്പരം പരിശോധിച്ച് mutual reconcile ചെയ്ത് സ്റ്റേറ്റ്മെന്റുകളിൽനിന്ന് ഒഴിവാക്കേണ്ടതുണ്ട്. കോട്ടയം മുനിസിപ്പാലിറ്റിയിൽ ഈ അടിസ്ഥാന കാര്യംപോലും reconciliation വേളയിൽ ചെയ്തിട്ടില്ല. വരവ്

വരുന്ന തുകകൾ ബാങ്കിൽ ലഭിച്ചാലും അവ reconciliation വിൻഡോയിൽനിന്ന് നീക്കം ചെയ്യാറില്ല. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിക്കണമെന്നാണ് ശിപാർശ. 172 കോടി രൂപയൊക്കെ ഒറ്റ എൻട്രിയായി രേഖപ്പെടുത്തുമ്പോൾ ഒരു ശ്രദ്ധയുമുണ്ടായിരുന്നില്ല." ഇത്തരത്തിൽ ക്രമക്കേടുകൾ എണ്ണിയെണ്ണി ചൂണ്ടിക്കാണിക്കുകയാണ്.

നഷ്ടം എത്രയുണ്ടായിട്ടുണ്ടെന്ന് കണക്കാക്കാൻപോലും സാധിക്കാത്ത വിധത്തിൽ നിരുത്തരവാദപരമായി കൈകാര്യം ചെയ്തിട്ടുള്ളതെന്നാണ് അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നത്. തിരിച്ചറിയാൻപോലും കഴിയാത്ത വിധത്തിൽ അക്കൗണ്ട്സുകൾ കൈകാര്യം ചെയ്ത ജീവനക്കാർക്കെതിരെയും ഏതെല്ലാം സ്ഥാപനങ്ങളാണോ തുക അടച്ചതെന്നും ഇനി ഏതെല്ലാം സ്ഥാപനങ്ങൾ തുക അടയ്ക്കാനുണ്ടെന്നും കൃത്യമായി പരിശോധിച്ച് അക്കൗണ്ട്സ് വിഭാഗത്തെ സഹായിക്കാതിരുന്ന ബന്ധപ്പെട്ട റവന്യൂ വിഭാഗം ജീവനക്കാർക്കെതിരെയും നടപടി സ്വീകരിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ടിൽ വരവുവന്ന തുകകൾ ആരുടെയെല്ലാമാണെന്ന് കൃത്യമായി പരിശോധിക്കാതെ വർഷങ്ങളായി വന്ന തുകകളെയെല്ലാംകൂടി ഒരു മുൻകാല ഹെഡ്ഡിൽ ഒറ്റയടിക്ക് രസീത്

ചെയ്തുവഴി തുക അടച്ചവർ ആരെല്ലാമാണെന്നും തുക അടയ്ക്കാനുള്ളവർ ആരെല്ലാമാണെന്നും മനസ്സിലാക്കാൻ ഒരു സാധ്യതയുമില്ലാത്ത സ്ഥിതിയാണ്. നഗരസഭയിലെ അക്കൗണ്ട്സ് സംവിധാനം വർഷങ്ങളായി കുത്തഴിഞ്ഞ് കിടക്കുകയാണ്. കോട്ടയം നഗരസഭയിലെ ജീവനക്കാരുടെ ശമ്പളയിനത്തിൽ നിർബന്ധിത കിഴിവുകൾ എല്ലാ മാസവും കൃത്യമായി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് അടവാക്കുന്നില്ലെന്നത് ഗുരുതരമായ വീഴ്ചയാണ്. ധനകാര്യ പദ്ധതികൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കാൻ ഒരു സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നത് നിയമപ്രകാരമല്ലെന്നും അന്വേഷണ റിപ്പോർട്ടിലുണ്ട്. അവർ നൽകിയ റിപ്പോർട്ടിൽ ഒപ്പ് രേഖപ്പെടുത്താത്തതാണ്. ടി റിപ്പോർട്ടിൽ ഈ വീഴ്ചകളെല്ലാം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്........ പ്ലീസ്......

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇതെല്ലാം ചെയ്തിട്ടുള്ളത് സർക്കാർ നിയോഗിക്കുന്ന ഉദ്യോഗസ്ഥരല്ലേ? ഇതിനായി മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരെ നിയമിക്കുന്നില്ലല്ലോ; Vicarious Liability എന്നുപറയുന്നത് സർക്കാരിന്റെ ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥർ ചെയ്യുന്ന തെറ്റുകൾ **കണ്ടെത്തുന്നവരില്ല;** ആ തെറ്റുകൾ എവിടെവരെ പോകുമെന്നത് അതിന്റെ

നിർവചനം നോക്കിയാൽ മനസ്സിലാകുകയില്ലേ? സർക്കാർ ഉദ്യോഗസ്ഥർ ചെയ്തിട്ടുള്ള കാര്യം, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ തലയിൽ വയ്ക്കുന്നത് എന്തിനാണെന്നതാണ് എന്റെ ചോദ്യം? ഓഡിറ്റ് ഒബ്ജക്ഷൻസും ഓഡിറ്റ് പാരയും ഓഡിറ്റ് കൊറിയും ഏതെല്ലാം രൂപത്തിൽവരും, അതിന് മറുപടി നൽകും. സ്വാഭാവികമായും ആ മറുപടികൾക്ക് അവസാനം കേട്ടതിനുശേഷം ഫൈനാലിറ്റി വരും. ഇങ്ങനെയല്ലേ പോകുന്നത്? അങ്ങാണ് വകുപ്പുമന്ത്രി.......

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി..........ബഹുമാനപ്പെട്ട മന്ത്രി.......... ഇതുസംബന്ധിച്ച് ചർച്ചയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ താഴെയുള്ള ആളുകളാണ് സർക്കാർ ഉദ്യോഗസ്ഥർ. അവർ വരുത്തിയ വീഴ്ച........ (മൈക്ക് ഓഫ്).......

ശ്രീ. എം. ബി. രാജേഷ്: സർ, ക്രമക്കേട് നടന്നിട്ടില്ലെന്നാണ് ബഹുമാന്യനായ അംഗം പറയുന്നത്. നടന്ന ക്രമക്കേടുകളാണ് എണ്ണിയെണ്ണി ഇവിടെ ചൂണ്ടിക്കാണിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് വിശദീകരണം നൽകൂ.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഇതെല്ലാം പറയുമ്പോഴെങ്കിലും ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അക്കാര്യത്തെ ഗൗരവത്തിലെടുക്കുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. ഇപ്പോഴും അതിനെ ന്യായീകരിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. അദ്ദേഹത്തിന്റെ താൽപര്യം എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല...............

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി.......... പ്ലീസ്....

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ഞാൻ അവസാനിപ്പിക്കാം. സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗം നടത്തിയിട്ടുള്ള പരിശോധനയിൽ 17 അന്വേഷണ കുറിപ്പുകൾ സീനിയർ ഫിനാൻസ് ഓഫീസർ കോട്ടയം നഗരസഭാ സെക്രട്ടറിക്ക് നൽകിയിരുന്നു. അതിൽ ഏഴാമത്തെ കുറിപ്പിന് കോട്ടയം നഗരസഭാ സെക്രട്ടറി നൽകിയ മറുപടി മാത്രമാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ബാക്കി പതിനാറ് കുറിപ്പുകളുടെ മറുപടിയൊന്നും ഇവിടെ പരാമർശിച്ചിട്ടില്ല. പ്രസ്തുത മറുപടികൾ ആരോപണവിധേയമായ കോട്ടയം നഗരസഭാ സെക്രട്ടറി നൽകിയതാണ്. ഈ മറുപടി അന്തിമമല്ല; ഭാഗികമാണ്. ഇനിയും പരിശോധനകൾ ആവശ്യമാണ്. തുടർപരിശോധനകൾക്കുവേണ്ടി സീനിയർ ഫിനാൻസ്

ഓഫീസറുടെ നേതൃത്വത്തിലുള്ള ടീമിന് 28-02-2025 വരെ വീണ്ടും സമയം നീട്ടിനൽകിയിട്ടുണ്ട്. അതിന്റെ പരിശോധനയും റിപ്പോർട്ടും ലഭിച്ചിട്ടില്ല. അതായത്, നിലവിൽ 04-03-2025 മുതൽ 14-03-2025 വരെയാണ് സമയം നീട്ടിനൽകിയിട്ടുള്ളത്. നേരത്തെ നടത്തിയ പരിശോധന 04-02-2025 മുതൽ 07-02-2025 വരെയാണ്. അതിലെ കണ്ടെത്തലുകളെ സംബന്ധിച്ചാണ് ഞാൻ ഇവിടെ പറഞ്ഞത്. 14-03-2025 വരെ സമയം നീട്ടിനൽകിയിട്ടുണ്ട്. ഇനിയും പരിശോധന നടക്കുകയാണ്. ഗൗരവമായ ക്രമക്കേടുകളുള്ളതുകൊണ്ടാണ് സമയം നീട്ടിനൽകിയിട്ടുള്ളത്. ഇതുപോലൊരു കാര്യത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട്, ഇത്തരത്തിൽ ആ ക്രമക്കേടുകളെ ന്യായീകരിക്കുന്ന നിലപാട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ലായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ...... പ്ലീസ്......പ്ലീസ്......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതുസംബന്ധിച്ച് അങ്ങ് നടപടി സ്വീകരിക്കണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എം. ബി. രാജേഷ്: സർ, അന്തിമ റിപ്പോർട്ട് ലഭിച്ചാൽ നടപടി സ്വീകരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഞാൻ ഈ സഭയ്ക്കും

അങ്ങേയ്ക്കും ഉറപ്പുനൽകുന്നു.

(മി. ഡെപ്യൂട്ടി സ്പീക്കർ)

P. 03-03-2025
RA-AY (1)
11.20-11.30 (SV)

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് ഉന്നയിച്ചത് സഭയുടെ നടപടിച്ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശങ്ങളിൽ 1 എ പ്രകാരമുള്ള ഒരു വിശദീകരണം മാത്രമാണ്. ആയതിന്, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മറുപടി നൽകി. ഇക്കാര്യത്തിൽ പ്രിവിലേജ് പ്രശ്നങ്ങളൊന്നും ഉണ്ടായിട്ടില്ല. അത് ഉന്നയിക്കണമെങ്കിൽ അങ്ങ് പ്രത്യേകം നോട്ടീസ് നൽകേണ്ടതാണ്.

(നിയമനിർമ്മാണകാര്യം)

P. 03-03-2025
RA-AY (1)
11.20-11.30 (SV)

**നിയമനിർമ്മാണകാര്യം**

1. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും

(ii) 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് സഭ പരിഗണിക്കാനിരിക്കുന്ന 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബില്ലിന്റെ ഇംഗ്ലീഷിലുള്ള ആധികാരിക പരിഭാഷ തയ്യാറാക്കി യഥാസമയം അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ 2025 ഫെബ്രുവരി 13-ാം തീയതിയിലെ സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ടിലെ ശിപാർശകൾ സഭയുടെ അനുമതിയോടെ ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് പ്രസ്തുത ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ഇന്നത്തെ കാര്യവിവരപട്ടികയിൽനിന്നും ഒഴിവാക്കുകയാണ്. ഈ ബിൽ 2025 മാർച്ച് 20-ാം തീയതി നിലവിൽ തീരുമാനിക്കപ്പെട്ട ബിസിനസ്സുകൾക്കുശേഷം സഭ പരിഗണിക്കുന്നതാണ്.

ബില്ലിന്റെ അവതരണത്തോടനുബന്ധിച്ച് നിലവിൽ അംഗങ്ങൾ നൽകിയിട്ടുള്ള ഭേദഗതി നോട്ടീസുകൾ മറ്റുമാറ്റങ്ങളൊന്നും കൂടാതെ അന്ന് പരിഗണനയ്ക്കെടുക്കാവുന്നതാണ്.

(ഡോ. ആർ. ബിന്ദു)

P. 03-03-2025
RA-AY (1)
11.20-11.30 **(SV)**

(i) 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ
(iii) 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

(ക്രമപ്രശ്നം)

P. 03-03-2025
RA-AY (1)
11.20-11.30 **(SV)**

**ക്രമപ്രശ്നം**

ബില്ലിന്റെ അപാകതകൾ സംബന്ധിച്ച്

ശ്രീ. മാത്യു ടി. തോമസ്: സർ, രണ്ട് വിഷയങ്ങളെ സംബന്ധിച്ച നിയമപ്രശ്നങ്ങളാണ് ഉന്നയിക്കാനുള്ളത്. ഈ ബിൽ അവതരിപ്പിക്കുന്നതിന് തടസ്സവാദം എന്ന നിലയിലല്ല, ഈ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയും ഒരുപക്ഷേ സബ്ജക്ട് കമ്മിറ്റി പരിഗണിക്കുമ്പോൾ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യണമെന്ന ലക്ഷ്യത്തോടുകൂടി മാത്രം അവതരിപ്പിക്കുന്നതാണ്. പിന്നീട് ഈ ബിൽ ഭേദഗതി ചെയ്ത് ആക്ടിന്റെ അനുബന്ധമായി പട്ടിക ചേർത്താൽ മാത്രമേ സർവകലാശാല സ്ഥാപിക്കാൻ കഴിയൂ എന്നാണ് ഈ ബില്ലിന്റെ എട്ടാം വകുപ്പിൽ പറയുന്നത്. ഏത് നിയമവും ഏത് വകുപ്പും ഏത് ഘട്ടത്തിലും ഭേദഗതി ചെയ്യാനുള്ള അവകാശം മൂലനിയമം പാസ്സാക്കുന്ന നിയമനിർമ്മാണ സഭയ്ക്കുണ്ട്. ഭരണഘടനാ ഭേദഗതിയെ സംബന്ധിച്ച് ഭരണഘടനയിൽത്തന്നെ വകുപ്പുണ്ടെങ്കിലും ബില്ലുകൾ ഭേദഗതി ചെയ്യാനുള്ള റൈറ്റ് ഇൻഹെറന്റ് റൈറ്റായി മൂലനിയമം പാസ്സാക്കുന്ന സഭക്കുള്ളതാണ്. അതുകൊണ്ട് ഭേദഗതി ചെയ്ത് പിന്നാലെ

ചേർക്കുക എന്നുപറഞ്ഞ് ചേർത്ത് ഒരു വകുപ്പ് നമ്മൾ പാസ്സാക്കുന്ന ഒരു നിയമത്തിൽ ഉൾക്കൊള്ളുമ്പോൾ ഇപ്പോൾ പാസ്സാക്കുന്ന നിയമം സമ്പൂർണ്ണമല്ല എന്ന സൂചനയാണ് നൽകുന്നത്. ഇതിനെ നിയമപരമായ ഒരു പ്രശ്നമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ശ്രമിക്കുകയാണ്.

രണ്ടാമത്തെ പ്രശ്നം, പട്ടികയെ സംബന്ധിച്ചാണ്. വിശദാംശങ്ങൾ ദീർഘമായി ഉൾക്കൊള്ളിക്കാൻ കഴിയാത്ത അവസ്ഥയിൽ ചുരുക്കി അതിന് വ്യക്തത വരുത്താൻവേണ്ടിയാണ് സാധാരണയായി പട്ടിക ചേർക്കാറുള്ളത്. പട്ടിക ബില്ലിന്റെ ഭാഗംതന്നെയാണ്. ജനറൽ ക്ലോസസ് ആക്ട് 2(14) പ്രകാരം ഏത് നിയമത്തിനോടൊപ്പം ചേർക്കുന്ന പട്ടികയും ബില്ലിന്റെ ഭാഗമാണ്. എന്നാലിവിടെയുള്ള അവസ്ഥ ഈ പട്ടിക ബ്ലാങ്കാക്കിയിട്ടിരിക്കുകയാണ്. വിശദാംശങ്ങൾ ബില്ലിന്റെ ബോഡിയിൽ ചേർക്കാൻ കഴിയാത്തത് വിശദമായി ചേർക്കുന്നതിനുവേണ്ടി രൂപപ്പെടുത്തിയിരിക്കുന്ന ഷെഡ്യൂൾ ബ്ലാങ്കാക്കി ഒരു നിയമം പാസ്സാക്കുന്നത് നിയമനിർമ്മാണ പ്രക്രിയയിലെ ഒരു വൈകല്യമാണ്. ഈ വിഷയങ്ങൾ സബ്ജക്ട് കമ്മിറ്റി പരിശോധിക്കുകയും ഇതൊരു എനേബിളിങ് ആക്ട് എന്ന നിലയിൽ സ്വകാര്യ സർവകലാശാല സ്ഥാപിക്കാൻവേണ്ടി/ അധികാരപ്പെടുത്താൻ വേണ്ടി ഉദ്ദേശിക്കുന്നൊരു ബില്ലാണെന്ന്

എനിക്കറിയാം. എല്ലാ പ്രതിപക്ഷാംഗങ്ങളും സ്വാഗതം ചെയ്ത ബില്ലാണിത്. അത്തരത്തിൽ ഒരു നിയമപ്രശ്നമെന്ന നിലയിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇതിനെ ഏതുതരത്തിൽ മറികടക്കാനാകും. പ്രത്യേകിച്ച് ഒരു നിയമം പാസ്സാക്കുമ്പോൾ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തേണ്ട പട്ടിക പൂർണ്ണമായും ബ്ലാങ്കാക്കി ഒരു നിയമം പാസ്സാക്കുന്നതിന്റെ അനൗചിത്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇത് പരിഹരിക്കാനാവശ്യമായ നിർദേശങ്ങൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

(ശ്രീ. യു. എ. ലത്തീഫ്)

പി -3-03-2025
ആർ.എൽ-പി.ആർ.
11.30-11.40 (RC)

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബില്ലിലെ പതിനാലാം ഖണ്ഡത്തിൽ ചാൻസിലറെ നിയമിക്കുന്നതിനെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. "സ്പോൺസറിംഗ് ബോഡി, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറിശാസ്ത്രവും, സാങ്കേതികശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, മാനവികം, സാഹിത്യം, കല, സാംസ്കാരികം, നിയമം, വ്യവസായം, വാണിജ്യം

അല്ലെങ്കിൽ പൊതുഭരണം എന്നിവയുൾപ്പെടെയുള്ള ഏതെങ്കിലും മേഖലയിൽ പ്രാഗൽഭ്യമുള്ള ഒരാളെ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകളിന്മേലും നിബന്ധനകളിന്മേലും അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും സർവകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ്'' എന്നാണ് പറയുന്നത്. അതായത് യാതൊരു അക്കാദമിക് ക്വാളിഫിക്കേഷനുമില്ലാത്ത നല്ലൊരു കച്ചവടക്കാരനെയോ വ്യവസായിയെയോ കലാകാരനെയോ സ്വകാര്യ സർവകലാശാലയുടെ ചാൻസലറായി നിയമിക്കാൻ സാധിക്കുമെന്നുള്ളത് വളരെ സങ്കടമാണ്. അതുപോലെ സാമൂഹികനീതി അവഗണിക്കപ്പെടുകയാണ്. നിലവിലുള്ള ജെയിൻ (Jain), അശോക (Ashoka), അമിറ്റി (Amity), വിറ്റ് (VIT), ക്രിയ (Krea) തുടങ്ങിയ യൂണിവേഴ്സിറ്റികൾ വലിയ ഫീസാണ് ഈടാക്കുന്നത്. നിർദിഷ്ട സ്വകാര്യ സർവകലാശാലകൾ ഉയർന്ന ഫീസ് വാങ്ങുമ്പോൾ അത് നൽകാൻ സാധിക്കാത്ത പാവപ്പെട്ട കുട്ടികളെ സംബന്ധിച്ചിടത്തോളം രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന അവസ്ഥയിലേയ്ക്ക് നയിക്കപ്പെടും. ഇതിലൂടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുമെന്നാണ് ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. എന്നാൽ ഇത് നിലവിലുള്ള കേരളത്തിലെ

സർവകലാശാലകളുടെ തകർച്ചയ്ക്ക് ആരംഭം കുറിക്കും. സ്വതന്ത്ര സർവകലാശാല എന്നാണ് പറയുന്നതെങ്കിലും ഇതിന്റെ ഗവേണിംഗ് കൗൺസിലിലെ നാല് ഉപവകുപ്പുകളിലും ഏറ്റവും പ്രധാനപ്പെട്ട എക്സിക്യൂട്ടീവ് കൗൺസിലിലെ നാല് ഉപവകുപ്പുകളിലും ഗവൺമെന്റിന്റെ ശക്തമായ നിയന്ത്രണമുണ്ടാകും. അതുപോലെ ഈ സർവകലാശാലകൾ മൾട്ടി ഡിസിപ്ലിനറിയായതിനാൽ ഭരണഘടനയിലെ ആർട്ടിക്കിൾ 15(5)-ൽ പറയുന്ന സാമൂഹികവും വിദ്യാഭ്യാസപരവുമായി ദുർബലരായവർക്കും എസ്.സി.-എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കും ഒരേ കാമ്പസിൽ സംവരണ ചട്ടങ്ങൾ പാലിക്കാൻ സാധിക്കുകയില്ല. ഇക്കാരണങ്ങളാൽ ബില്ലിന്റെ അവതരണാനുമതി നിഷേധിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

(ശ്രീ. എൻ. ഷംസുദ്ദീൻ)

പി-3-03-2025
ആർ.എൽ-പി.ആർ.(1)
11.30-11.40

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ സഭ മുമ്പാകെ വച്ചിട്ടുള്ള 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബില്ലിന്റെ രാഷ്ട്രീയ വശങ്ങളല്ല, നിയമപ്രശ്നങ്ങളാണ് ഞാനിവിടെ ചൂണ്ടിക്കാണിക്കുന്നത്. ബില്ലിലെ 12(2) ഖണ്ഡ പ്രകാരം

സംസ്ഥാനത്ത് സ്ഥിരതാമസമാക്കിയ വിദ്യാർഥികൾക്കായി 40 ശതമാനം സീറ്റുകൾ റിസർവേഷൻ ചെയ്തിരിക്കുകയാണ്. മലയാളികൾക്ക് ആനുകൂല്യം കൊടുക്കുന്നതിനെ വ്യക്തിപരമായി നമ്മളെല്ലാപേരും അനുകൂലിക്കുന്നു. പക്ഷേ ഇത് റിസർവേഷന്റെ പരിധിയിൽ വരുന്നില്ലായെന്നുള്ളത് വലിയ നിയമപ്രശ്നങ്ങളിലേയ്ക്ക് നയിക്കുമെന്നതാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 15 പ്രകാരം " Prohibition of discrimination on grounds of religion, race, caste, sex or place of birth" എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം നിരോധിച്ചിട്ടുണ്ടെങ്കിലും, പിന്നീട് അതിൽ ഒരു ഇളവ് നൽകിക്കൊണ്ടാണ് പിന്നാക്ക ജാതിക്കാർക്കും സ്ത്രീകൾക്കും കുട്ടികൾക്കും ആനുകൂല്യങ്ങൾ നൽകിയത്. പക്ഷേ, 'ജന്മസ്ഥലം' അല്ലെങ്കിൽ 'സ്ഥിരതാമസം' എന്നുള്ളത് സംവരണത്തിന് ഒരു മാനദണ്ഡമല്ല. കേരളത്തിൽ ജീവിക്കുന്നവർക്ക് 40 ശതമാനം സീറ്റുകളിൽ സംവരണം ഏർപ്പെടുത്തുമെന്നാണ് ബില്ലിൽ സൂചിപ്പിച്ചിട്ടുള്ളത്. Chembakam Duraiswamy vs. State of Madras [1951 (2) MLJ 232] എന്ന കേസിൽ, ജാതി സംവരണം പാലിക്കണമെന്ന് കൃത്യമായി പറയുന്നുണ്ട്. ആർട്ടിക്കിൾ 15-ന്റെ താൽപര്യവും അതുതന്നെയാണ്. അതോടൊപ്പം പ്രസ്തുത സംവരണങ്ങളെല്ലാം 50 ശതമാനത്തിന്റെ പരിധിയിൽ നിൽക്കണമെന്നാണ്

Indra Sawhney & Others v. Union of India കേസിലും ചൂണ്ടിക്കാണിക്കുന്നത്. അപ്പോൾ, സംസ്ഥാനക്കാർക്കുള്ള 40 ശതമാനം സംവരണവും 50 ശതമാനം ജാതി സംവരണവും ഉൾപ്പെടെ 90 ശതമാനം സീറ്റുകളും സംവരണത്തിലേയ്ക്ക് പോകുകയാണ്. ജാതി സംവരണം അനുവദിക്കണമെന്നുതന്നെയാണ് യു.ജി.സി. മാർഗ്ഗനിർദേശങ്ങളിലും സൂചിപ്പിച്ചിട്ടുള്ളത്. കേരളത്തിലെ മലയാളികൾക്ക് പ്രത്യേക വെയിറ്റേജ് മാർക്ക് കൊടുക്കാമായിരുന്നു. അതിന് പകരം സംവരണമാക്കിയാൽ അതിൽ നിയമപ്രശ്നം വരികയും ഭരണഘടനാ ലംഘനമാകുകയും കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നത് ഈ നിയമത്തെ ബാധിക്കുമെന്നതിനാൽ ഈ നിലയിൽ ബിൽ അവതരിപ്പിക്കരുതെന്ന് ചൂണ്ടിക്കാണിക്കുകയാണ്.

രണ്ടാമത്തെ ഒബ്ജക്ഷൻ ബില്ലിലെ 30-ാം ഖണ്ഡത്തെക്കുറിച്ചാണ്. ഓരോ വിദ്യാർഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിർദിഷ്ട അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണെന്നാണ് 30-ാം ഖണ്ഡത്തിൽ പറയുന്നത്. കുട്ടികളുടെ അവകാശങ്ങൾ സ്റ്റാറ്റ്യൂട്ട് മുഖേന നിയന്ത്രിക്കാനാണ് നിഷ്കർഷിക്കുന്നത്. അത് ആർട്ടിക്കിൾ 16-ന്റെ

ലംഘനമാണ്. കുട്ടികളുടെ ഫ്രീഡം ഓഫ് സ്പീച്ച് ആൻഡ് എക്സ്പ്രഷൻ നിയന്ത്രിക്കാൻ ഒരു സർവകലാശാലയെയും അനുവദിക്കാൻ പാടില്ല. ഇടതുപക്ഷ മുന്നണി ഗവൺമെന്റ് കൊണ്ടുവരുന്ന ബില്ലിൽ ഇങ്ങനെയൊരു വസ്തുത എങ്ങനെ ഉൾപ്പെട്ടുവെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കാരണം, കുട്ടികളുടെ ഫ്രീഡം ഓഫ് സ്പീച്ച് ആൻഡ് എക്സ്പ്രഷനൊക്കെ ലംഘിച്ചിട്ടും സ്വകാര്യ സർവകലാശാലകൾ കൊണ്ടുവന്നേമതിയാവൂ എന്ന വാശി ഈ ഗവൺമെന്റ് കാണിക്കുന്നത് എന്തിനാണ്? ബില്ലിലെ ഖണ്ഡം 59(3)-ൽ പറയുന്നത്, ഒരു റെഗുലേറ്ററി ബോഡി രൂപീകരിക്കണമെന്നും റെഗുലേറ്ററി ബോഡി ഉണ്ടാക്കുന്ന ചട്ടങ്ങൾ പിന്നീട് നിയമസഭയിൽ കൊണ്ടുവന്ന് അംഗീകരിക്കണമെന്നുമാണ്. എന്നാൽ അങ്ങനെ ചെയ്യാൻ വകുപ്പില്ല. നിയമസഭ, ചട്ടം രൂപീകരിക്കാൻ ഡെലിഗേറ്റഡ് പവർ കൊടുക്കുന്നത് സർക്കാരിനാണ്. സർക്കാരിന് ഇവിടെ ചട്ടങ്ങൾ കൊണ്ടുവരാം. യൂണിവേഴ്സിറ്റികളുടെ കാര്യത്തിൽ ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് മാത്രമേ ഗവൺമെന്റ് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാറുള്ളൂ. പിന്നീടുള്ളതൊന്നും വയ്ക്കേണ്ടതില്ല. അതെല്ലാം സിൻഡിക്കേറ്റും അതിലുള്ള ബോഡീസുമാണ് തീരുമാനിക്കുന്നത്. ഒരു റെഗുലേറ്ററി ബോഡി രൂപീകരിക്കണമെന്നും അവർ ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയിൽ കൊണ്ടുവരണമെന്നുമാണ് ഈ

ബില്ലിൽ പറയുന്നത്. എന്നാൽ നമ്മുടെ സബോർഡിനേറ്റ് ലെജിസ്ലേഷനുമായി ബന്ധപ്പെട്ട് റൂൾസ് ഓഫ് പ്രൊസീഡ്യൂവറിലെ ചട്ടം 166, 166(a), 166(b) പ്രകാരം, മറ്റൊരു ബോഡിയുണ്ടാക്കുന്ന അത്തരം ചട്ടങ്ങൾ ഈ നിയമസഭയിൽ കൊണ്ടുവരാൻ വകുപ്പില്ല. അതോടൊപ്പംതന്നെ സർക്കാരിന് നിയമസഭ കൊടുക്കുന്ന അധികാരം സർക്കാരിന് മറ്റൊരാളെ അധികാരപ്പെടുത്താനും സാധിക്കില്ല. “ Delegated power cannot be further delegated” . ഇത് വളരെ അംഗീകൃതമായ ഡെലിഗേറ്റഡ് നിയമമാണ്. ഇക്കാരണങ്ങളാൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച് ഞങ്ങൾക്ക് സർക്കുലേറ്റ് ചെയ്തിട്ടുള്ള ബില്ലിൽ, നിയമപരമായും ഭരണഘടനാപരമായും ന്യൂനതകളും പോരായ്മകളുമുണ്ട്. അതെല്ലാം തിരുത്തിയതിനുശേഷം മാത്രമേ പ്രസ്തുത ബിൽ കൊണ്ടുവരാവൂ. ഈ ബില്ലിന് അവതരണാനുമതി നിഷേധിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

(ശ്രീ. പി. സി. വിഷ്ണുനാഥ്)

പി-3-03-2025
ആർ.എൽ-പി.ആർ.(1)
11.30-11.40

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലിലെ 62(2 എ) വകുപ്പുമായി ബന്ധപ്പെട്ട

ക്രമപ്രശ്നമാണ് ഉന്നയിക്കുന്നത്. അതിനെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ, പിണറായി സർക്കാർതന്നെ തിരഞ്ഞെടുപ്പിന് മത്സരിക്കുന്നതുമായി ബന്ധപ്പെട്ട് 2021-ൽ എയിഡഡ് കോളേജ് അധ്യാപകരുമായി ബന്ധപ്പെട്ട് ഒരു ചട്ടഭേദഗതി കൊണ്ടുവന്നിരുന്നു. ആ ഭേദഗതി സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. അതിന്മേലുള്ള അന്തിമ തീരുമാനം വന്നിട്ടില്ല. ഇപ്പോൾ വകുപ്പ് 62(2)-നുശേഷം കൊണ്ടുവരുന്ന 2 എ ഉപവകുപ്പിലൂടെ സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയത്തിന് പ്രസക്തിയില്ലാതാകുന്നരൂപത്തിൽ നമ്മളതിനെ പരിഗണിക്കുകയാണ്. അത് തീർച്ചയായും നിലവിൽ പിന്തുടരുന്ന കീഴ്വഴക്കങ്ങൾക്കും ചട്ടങ്ങൾക്കുമെതിരാണ്. പ്രത്യേകിച്ച് പ്രസ്തുത ബിൽ കൊണ്ടുവന്ന മന്ത്രിതന്നെ മേയറായിരുന്ന വ്യക്തിയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റോ മേയറോ ഒക്കെയായിരുന്ന അധ്യാപകർ ആ കാലയളവിൽ യാത്രാബത്തയും മറ്റാനുകൂല്യങ്ങളുമെല്ലാം വാങ്ങുന്നുണ്ട്. അവർക്ക് പിന്നീടത് സർവീസായി പരിഗണിച്ച് ആ പിരീഡിലുള്ള പെൻഷനുംകൂടി കിട്ടുമെന്നാണ് ഇതിൽ വ്യവസ്ഥ ചെയ്യുന്നത്. ബിൽ പൈലറ്റ് ചെയ്യുന്ന ബഹുമാന്യയായ മന്ത്രിക്കുതന്നെ ഈ ഭേദഗതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നുവെന്ന ഒരു ധാർമ്മികപ്രശ്നമുണ്ട്. മാത്രമല്ല, സുപ്രീംകോടതിയുടെ പരിഗണനയിലിരിക്കുന്ന

കാര്യങ്ങൾ നിയമനിർമ്മാണത്തിന്റെ ഭാഗമാക്കുന്നതിലുള്ള ലീഗൽ പ്രശ്നവും ഞാൻ ഉന്നയിക്കുകയാണ്.

(ഡോ. ആർ. ബിന്ദു)

പി. 03-03-2025
കെ.ആർ -പി.ആർ.(1)
11.40 - 11.50

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ച ക്രമപ്രശ്നത്തിനുള്ള മറുപടിയാണ് ആദ്യം അവതരിപ്പിക്കുന്നത്. ബില്ലിലെ ആറാം വകുപ്പ് പ്രകാരം രൂപീകരിച്ച വിദഗ്ദ്ധ സമിതി സമർപ്പിച്ച സ്വകാര്യ സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ടുള്ള സർക്കാരിന്റെ തീരുമാനം സ്പോൺസറിംഗ് ബോഡിയെ അറിയിക്കുകയും അപ്രകാരമുള്ള തീയതി മുതൽ രണ്ട് വർഷത്തിനകം, ബില്ലിൽ പരാമർശിച്ച ആവശ്യകതകളും നിബന്ധനകളും പാലിക്കപ്പെട്ടിട്ടുണ്ടെന്ന ഒരു നടപടി റിപ്പോർട്ട് സ്പോൺസറിംഗ് ബോഡി സർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്നതിനും, സ്പോൺസറിംഗ് ബോഡി അപ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തിയതിനും ശേഷമാണ് ബില്ലിന്റെ എട്ടാം വകുപ്പ് പ്രകാരമുള്ള

നടപടിക്രമങ്ങളിലൂടെ സ്വകാര്യ സർവ്വകലാശാല സ്ഥാപിക്കുന്നത്. The UGC (Establishment of and Maintenance of Standards in Private Universities) Regulations, 2003-ലെ റഗുലേഷൻ 3.1 പ്രകാരം ഓരോ സ്വകാര്യ സർവകലാശാലയും പ്രത്യേക സംസ്ഥാന നിയമം മുഖേന സ്ഥാപിതമായിരിക്കേണ്ടതാണെന്നും കാലാകാലങ്ങളിൽ ഭേദഗതി ചെയ്തതുപ്രകാരമുള്ള 1956-ലെ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ആക്ടിലെ ബന്ധപ്പെട്ട വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. റഗുലേഷൻ 3.1 ഇപ്രകാരമാണ്, "Each private university shall be established by a separate State Act and shall conform to the relevant provisions of the UGC Act, 1956, as amended from time to time." സ്വകാര്യ സർവകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ വിശദമായി അവലോകനം ചെയ്തിട്ടുള്ള Prof. Yashpal & Anr v. State of Chhattisgarh & Ors [AIR (2005) SC 2026] എന്ന കേസിലെ വിധിന്യായത്തിന്റെ ഖണ്ഡിക 38 ഞാൻ ഉദ്ധരിക്കുന്നു, " In view of Regulation 3.1, a private University can only be established either by a separate Act or by one compendious Act where the legislature specifically provides for establishment of the said University." എന്ന്

ബഹുമാനപ്പെട്ട സുപ്രീം കോടതി തന്നെ നിരീക്ഷിച്ചിട്ടുള്ളതാണ്. അപ്രകാരം സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി സമാന വ്യവസ്ഥകൾ ബാധകമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെങ്കിൽ സമാനവ്യവസ്ഥകൾ ഉൾപ്പെടുന്ന ഒരു ആക്റ്റ് ഉണ്ടാക്കാവുന്നതാണ്. നിലവിൽ വ്യത്യസ്ത ആക്റ്റുകൾ പ്രകാരം സ്വകാര്യ സർവകലാശാലകൾ സ്ഥാപിച്ച സംസ്ഥാനങ്ങൾ അവയ്ക്ക് പകരം എല്ലാ സ്വകാര്യ സർവകലാശാലകൾക്കുമായി ഒറ്റ ആക്റ്റ് കൊണ്ടുവന്നിട്ടുണ്ട്. മേൽപ്പറഞ്ഞ റഗുലേഷൻ 3.1 പ്രകാരം പ്രത്യേക ആക്റ്റ് മുഖേനയാണ് സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കേണ്ടതെന്ന് വ്യവസ്ഥ ചെയ്യുന്നു. സർവകലാശാലകൾക്ക് സമാനവ്യവസ്ഥകൾ ബാധകമാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഒറ്റ നിയമം കൊണ്ടുവന്ന് അതിൽ പട്ടിക ഉൾപ്പെടുത്തി സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതിനായി നിയമനിർമ്മാണം മുഖേന പ്രസ്തുത പട്ടിക ഭേദഗതി ചെയ്തുകൊണ്ട് ഓരോ സർവകലാശാലകൾ സ്ഥാപിക്കുന്നതുവഴി റഗുലേഷനുകളിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതാണ്. അങ്ങനെയാണ് ഇതര സംസ്ഥാനങ്ങളിലും നടപടി സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ സ്വകാര്യ സർവകലാശാലകൾക്ക് സമാനവ്യവസ്ഥകൾ ബാധകമാക്കാനാണ് സർക്കാർ

ഉദ്ദേശിക്കുന്നതെന്നതിനാൽ പ്രത്യേക ആക്റ്റുകൾ മുഖേന സർവകലാശാലകൾ സ്ഥാപിക്കുന്നതിനായി പട്ടിക ആക്റ്റിൽ ഉൾപ്പെടുത്തി ആയത് ഭേദഗതി ചെയ്യുന്നതാണ് ഉചിതം. പട്ടിക ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ പട്ടിക ഭേദഗതി ചെയ്യുന്നതിന് നിയമനിർമ്മാണം ആവശ്യമാണ്. ആയതിനാലാണ് ബില്ലിന്റെ എട്ടാം ഖണ്ഡത്തിൽ സംസ്ഥാന നിയമസഭ പാസ്സാക്കുന്ന ഒരു നിയമം മുഖേന സർവകലാശാലകളുടെ പേര്, സ്ഥാനം, മറ്റ് വിശദാംശങ്ങൾ എന്നിവ ചേർ<u>ത്തു</u>കൊണ്ട് പട്ടിക ഭേദഗതി ചെയ്യുന്നതാണെന്ന് പരാമർശിച്ചിരിക്കുന്നത്. ആന്ധ്രാപ്രദേശ്, തമിഴ്നാട്, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങൾ സ്വകാര്യ സർവകലാശാലകൾക്കായൊരു Umbrella Act ആണ് പാസ്സാക്കിയിട്ടുള്ളത്. പ്രസ്തുത പട്ടിക ഭാവിയിൽ പാസ്സാക്കിയേക്കാവുന്ന നിയമം വഴി ഭേദഗതി ചെയ്തുകൊണ്ട് സ്വകാര്യ സർവകലാശാല സ്ഥാപിക്കുന്ന വിധത്തിലാണ് അവയിൽ പട്ടിക ഉൾപ്പെടുത്തിയിട്ടുള്ളത്. 2003-ലെ മേൽപ്പറഞ്ഞ റഗുലേഷനുകൾ പ്രകാരം പ്രത്യേക ആക്റ്റായിത്തന്നെ ഓരോ സ്വകാര്യ സർവകലാശാലയും സ്ഥാപിക്കേണ്ടതുണ്ട്. ഓരോ പട്ടിക ഭേദഗതി ചെയ്തുകൊണ്ട് ഓരോ സർവകലാശാലയും സ്ഥാപിക്കപ്പെടുന്നതുവഴി പ്രസ്തുത വ്യവസ്ഥകൾ പാലിക്കപ്പെടുന്നതാണ്. അല്ലാത്തപക്ഷം ഓരോ

സർവകലാശാലയ്ക്കും ഓരോ നിയമം ഉണ്ടാക്കേണ്ടിവരുമെന്നതിനാലും ഈ നിയമം വഴി സമാനവ്യവസ്ഥകൾ സർവകലാശാലകൾക്ക് ബാധകമാക്കാവുന്നതാണ് എന്നതിനാലും ആക്റ്റ് ഭേദഗതി ചെയ്തുകൊണ്ട് പട്ടികയിൽ ഓരോ സർവകലാശാലയെയും ഉൾപ്പെടുത്തുന്നത് യു.ജി.സി. റഗുലേഷന് അനുസൃതമാണെന്നതിനാലും ബില്ലിലെ നിബന്ധനകൾ പാലിക്കപ്പെട്ടതിനുശേഷം മാത്രമേ സർവകലാശാല സ്ഥാപിക്കുന്നുള്ളൂവെന്നതിനാലും ബില്ലിൽ പട്ടിക ഉൾപ്പെടുത്തുന്നത് ഉചിതവും നിയമപരവുമാണ്.

ബഹുമാനപ്പെട്ട അംഗം അഡ്വ. യു. എ. ലത്തീഫ് ഇവിടെ അവതരിപ്പിച്ച തടസ്സവാദവുമായി ബന്ധപ്പെട്ട് പറയാനുള്ളത്, സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നെയാണ് നിലവിൽ യൂണിവേഴ്സിറ്റികളിൽ പ്രോ-ചാൻസലറായി പ്രവർത്തിക്കുന്നത്, അതൊരു പുതിയകാര്യമല്ല. ഏതെല്ലാം കാര്യങ്ങളാണ് നിലവിൽ പ്രോ-ചാൻസലറുടെ ഉത്തരവാദിത്വത്തിൽ ഉൾപെടുന്നതെന്ന് വ്യക്തമായി നിർവചിക്കുകയെന്നതാണ് പ്രസ്തുത ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. പ്രോ-ചാൻസലർക്ക് നിലവിൽ ചാൻസലറുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ അധികാരങ്ങളും ചുമതലകളും നിർവഹിക്കുന്നതിനുള്ള അധികാരമാണുള്ളത്.

പ്രോ-ചാൻസലർക്ക് ബില്ലിൽ പരാമർശിച്ചിരിക്കുന്ന അധികാരങ്ങൾ നൽകുന്നത് മുഖേന പ്രോ-ചാൻസലർക്ക് സർവകലാശാലകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള സഹായങ്ങൾ ചെയ്യാൻ സാധിക്കുന്നതാണ്. അക്കാദമികവും ഭരണപരവുമായ കാര്യങ്ങൾ സംബന്ധിച്ച രേഖകൾ വിളിച്ചുവരുത്തുക, സർവകലാശാലകളിൽ ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് പരിശോധന നടത്തുക തുടങ്ങിയ അധികാരങ്ങളാണ് ഇപ്രകാരം ഉൾപ്പെടുത്തിയിട്ടുള്ളത്. അവ സർവകലാശാലകൾക്കുമേൽ എന്തെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തുന്ന വിധത്തിലല്ല വ്യവസ്ഥ ചെയ്തിരിക്കുന്നത്. അധ്യാപകരുടെ നിയമനം പോലെയുള്ള കാര്യങ്ങളിൽ സർവകലാശാലയ്ക്കാണ് അധികാരമുള്ളത്. ഗവേഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനായി സർവകലാശാലകളിൽ ഗവേഷണ കൗൺസിൽ കൊണ്ടുവരുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത ബില്ലുകൾ മുഖേന സർവകലാശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിനുള്ള മറുപടി, ഭാരതത്തിന്റെ ഭരണഘടനയുടെ പതിനഞ്ചാം

അനുച്ഛേദ പ്രകാരം മതമോ വർഗ്ഗമോ ജാതിയോ ലിംഗമോ ജനന സ്ഥലമോ എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനം കാണിക്കാൻ പാടില്ലായെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ബില്ലിന്റെ പന്ത്രണ്ടാം ഖണ്ഡം രണ്ടാം ഉപഖണ്ഡം പ്രകാരം സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ വിദ്യാർത്ഥികൾക്ക് വേണ്ടിയാണ് 40 ശതമാനം സീറ്റുകൾ സംവരണം ചെയ്തിട്ടുള്ളത്. ഭരണഘടനയുടെ പതിനഞ്ചാം അനുച്ഛേദപ്രകാരം താമസസ്ഥലത്തിന്റെ അടിസ്ഥാനത്തിൽ വിവേചനം പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. D.P. Joshi v. State of Madhya Bharat and ors [1955 (1) SCR 1215], എന്ന കേസിന്റെ വിധിയുടെ ഒരു ഭാഗം ഞാൻ ഉദ്ധരിക്കുന്നു, " Domicile reservation especially in educational institutions is not the violation of Article 15 because there is a difference between place of birth and place of residence." എന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി നിരീക്ഷിച്ചിട്ടുള്ളതാണ്. Dr. Pradeep Jain v. Union of India and Ors [(1984) 3 SCC 654] എന്ന കേസിലും പ്രസ്തുത നിരീക്ഷണം ബഹുമാനപ്പെട്ട സുപ്രീം കോടതി പിന്തുടർന്നിട്ടുണ്ട്. Saurabh Chaudri & Ors v. Union Of India & Ors - എന്ന കേസിലെ വിധിന്യായത്തിന്റെ ഒരു ഭാഗം ഞാൻ ഉദ്ധരിക്കുന്നു, " If a comparison is

made between Article 15(1) and Article 16(2) of the Constitution of India, it would appear that whereas the former refers to 'place of birth' alone, the latter refers to both 'domicile' and 'residence' apart from place of birth. A distinction, therefore, has been made by the makers of the Constitution themselves to the effect that the expression 'place of birth' is not synonymous to the expression "domicile" and they reflect to different concepts."

(തുടരും)

പി. 03.03.2025
പി.എസ്./പി.ആർ.(1)
11:50 - 12:00

(ഡോ. ആർ. ബിന്ദു) തുടർച്ച...

Veena Vadini Teachers training Institute v. The State of Madhya Pradesh [(2023) SCC OnLine SC 535] എന്ന കേസിൽ “ Though the State is within its right to reserve seats for its own residents, while doing so, it must keep the ground realities in mind.” എന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർവകലാശാലകളിൽ പഠിക്കുന്നതിനായി സ്ഥിരതാമസക്കാരെ

പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി വിദേശരാജ്യങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ പോക്ക് നിയന്ത്രിക്കാനും എല്ലാവർക്കും തുല്യ അവസരം നൽകുന്നതിനുമാണ് പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത 40 ശതമാനം സംവരണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണ നിയമമനുസരിച്ചാണ് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത്. ആയതിനാൽ ഖണ്ഡം 12 (3) യു.ജി.സി. മാനദണ്ഡങ്ങൾ ലംഘിക്കപ്പെടുന്നില്ല. ബില്ലിലെ 30-ാം ഖണ്ഡപ്രകാരം വിദ്യാർത്ഥികളുടെ അവകാശങ്ങൾ സ്റ്റാറ്റ്യൂട്ടുകൾ മുഖേന നിയന്ത്രിക്കാനല്ല ഉദ്ദേശിക്കുന്നത്. നിലവിൽ വിദ്യാർത്ഥികൾക്കുള്ള അവകാശങ്ങൾ സംബന്ധിച്ച് നിയമസാധുതയുള്ള രേഖകൾ ഇല്ലാത്തതാണ്. വിദ്യാർത്ഥികൾക്ക് സ്റ്റാറ്റ്യൂട്ടുകൾ വഴി അവകാശങ്ങൾ ഉറപ്പാക്കുന്നതിനാണ് പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നത്. ഭാരതത്തിന്റെ ഭരണഘടനയിലെ അനുച്ഛേദം 19(2) പ്രകാരമുള്ള അവകാശങ്ങൾക്കെതിരായി യാതൊരു കാര്യവും ചെയ്യാൻ പാടില്ലാത്തതിനാൽ സ്റ്റാറ്റ്യൂട്ടുകളിൽ പരാമർശിക്കുന്ന അവകാശങ്ങൾ പ്രസ്തുത അനുച്ഛേദത്തിൽ പറഞ്ഞിരിക്കുന്ന അവകാശങ്ങൾക്ക് വിരുദ്ധമാകുന്നതല്ല. ബില്ലിലെ 59-ാം ഖണ്ഡപ്രകാരം റെഗുലേറ്ററി ബോഡി രൂപീകരിക്കുന്നത്

സർക്കാരാണ്. അതിലെ അംഗങ്ങൾ അതിന്റെ അധികാരങ്ങൾ, ചുമതലകൾ എന്നിവയാണ് ചട്ടങ്ങൾ വഴി കൊണ്ടുവരുന്നത്. പ്രസ്തുത ചട്ടങ്ങൾ പുറപ്പെടുവിക്കുന്നത് ആക്റ്റ് മുഖേന നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചായതിനാൽ അവയെല്ലാം എസ്.ആർ.ഒ. ആയി സർക്കാർ പുറപ്പെടുവിക്കേണ്ടതും അവ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയവുമാണ്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 പ്രകാരം അവ നിയസഭ മുമ്പാകെ വയ്ക്കുന്നതുമാണ്. ആയതിനാൽ പ്രസ്തുത തടസ്സവാദം നിലനിൽക്കുന്നതല്ല.

ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച ക്രമപ്രശ്നവുമായി ബന്ധപ്പെട്ട്, സ്റ്റേയിൽ ഉൾപ്പെട്ട വിഷയവും പ്രസ്തുത ഭേദഗതി ബില്ലിലെ വ്യവസ്ഥയും വ്യത്യസ്ത വിഷയങ്ങളാണ്. കോടതിയിലെ വിഷയം സ്കൂൾ അധ്യാപകരെ സംബന്ധിച്ചുള്ളതാണ്, കോളേജ് അധ്യാപകരെ സംബന്ധിച്ചല്ല. ആയതിനാൽ സുപ്രീംകോടതി സ്റ്റേ ചെയ്തിരിക്കുന്ന വിഷയം സെക്ഷൻ 62(2 എ)-യുമായി നേരിട്ട് ബന്ധമില്ലാത്തതാണ്, സബ്ജുഡീസ് അല്ല. ആയതിനാൽ നിയമനിർമ്മാണം നടത്തുന്നതിൽ തടസ്സമില്ല. സംസ്ഥാനത്തിന് നിയമനിർമ്മാണ അധികാരമുള്ള വിഷയത്തിൽ ബിൽ കൊണ്ടുവരുമ്പോൾ തടസ്സവാദങ്ങളുണ്ടെന്ന കാരണത്താൽ മാത്രം ബില്ലിന്റെ

അവതരണത്തെ തടസ്സപ്പെടുത്താൻ പാടില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ മുൻ റൂളിംഗുകൾ നിലവിലുണ്ട്. ഇപ്പോൾ ഇവിടെ സൂചിപ്പിച്ച തടസ്സവാദവുമായി ബന്ധപ്പെട്ട് അംഗങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള ക്രിയാത്മക നിർദേശങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിനുള്ള തുറന്ന മനസ്സാണ് സർക്കാരിനുള്ളത്. അവ സബ്ജക്ട് കമ്മിറ്റിയിൽ വച്ച് വിശദമായ ചർച്ച നടത്തി തീരുമാനം കൈക്കൊള്ളാവുന്നതാണ്.

(നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി)

பி. 03.03.2025
பி.எஸ்./பி.ஆர்.(1)
11:50 - 12:00

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട ശ്രീ. മാത്യു ടി. തോമസിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. അദ്ദേഹം ഉന്നയിച്ചതിന്മേലുള്ള വിശദാംശങ്ങൾ ബഹുമാന്യനായ മന്ത്രി സൂചിപ്പിച്ചു. ഒരു പുതിയ നിയമനിർമ്മാണത്തിന്റെ ഭാഗമാണ്, ഷെഡ്യൂൾ ബില്ലിന്റെ അവിഭാജ്യ ഭാഗമാണ്, എന്നാൽ അതിനകത്ത് ഉള്ളടക്കമില്ല എന്നതാണ് അദ്ദേഹം ഉന്നയിച്ച വാദം. ഇത് പുതിയ രീതിയാണ്; ചിക്കൻ, എഗ്ഗ്, ഫിഷ് എന്നിവപോലെ നമുക്ക് ഒഴിവാക്കാൻ കഴിയാത്തതാണ്. കാരണം സ്വകാര്യ സർവകലാശാലകൾ

ഇന്ത്യയിൽ ആദ്യം തുടങ്ങുമ്പോൾ ഓരോന്നിനും ഓരോ ബില്ലായിരുന്നു കൊണ്ടുവന്നത്. പിന്നീടാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ പൊതുവായ നിയമം കൊണ്ടുവന്നത്. പൊതുവായ നിയമമാകുമ്പോൾ, ഏത് സ്ഥാപനത്തിനുവേണ്ടിയെന്ന് നമുക്കിപ്പോൾ പറയാൻ കഴിയില്ല. ഒരു സ്ഥാപനം കൊടുക്കുകയാണെങ്കിൽ ഈ വ്യവസ്ഥകൾ എങ്ങനെ ഈ സ്ഥാപനം പാലിച്ചുവെന്നും ഇപ്പോൾ നിർണ്ണയിക്കാൻ കഴിയില്ല. അതുകൊണ്ടാണ് വ്യവസ്ഥകൾ പറയുകയും ആ വ്യവസ്ഥകൾക്ക് അനുസൃതമായി അതിന്റെ പരിശോധനയ്ക്കുശേഷം ഉൾപ്പെടുത്താവുന്നത് ഈ ഷെഡ്യൂളിൽ വരും. നമുക്കൊരു പുതിയ രീതി ഈ നിയമനിർമ്മാണത്തിനാവശ്യമായി വന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഓരോ യൂണിവേഴ്സിറ്റി സ്ഥാപിക്കുമ്പോഴും ഭേദഗതി ചെയ്യുമോ? (മൈക്ക് ഓഫ്)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്... മിനിസ്റ്റർ പറയൂ. അങ്ങ് ക്ലോസ് ചെയ്യൂ.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. പി. രാജീവ്</u>: സർ, ഓരോ യൂണിവേഴ്സിറ്റി സ്ഥാപിക്കുമ്പോഴും ഈ ഷെഡ്യൂൾ അമെന്റ് ചെയ്യണം. അതാണ് ബഹുമാന്യയായ മന്ത്രി ഇവിടെ

ചൂണ്ടിക്കാണിച്ചത്. ഖണ്ഡം 8-ൽ പറയുന്നത്, ഓരോ തവണയും സെലക്ഷൻ കഴിഞ്ഞാൽ അതിനനുസരിച്ച് ഈ നിയമം ഭേദഗതി ചെയ്യണമെന്നാണ്. എങ്കിൽ മാത്രമാണ് സുപ്രീം കോടതി പറഞ്ഞതുപോലെ ഓരോ സർവകലാശാലയ്ക്കുമുള്ള നിയമമായി മാറുകയുള്ളൂ. സുപ്രീംകോടതി നിർദേശത്തിന് വിധേയമായിക്കൊണ്ട് ഓരോ യൂണിവേഴ്സിറ്റി വരുമ്പോഴും ഷെഡ്യൂൾ അമെന്റ് ചെയ്ത് നിയമം തന്നെ ഭേദഗതി ചെയ്യേണ്ടതുണ്ടെന്നതാണ് അതിന്റെ വസ്തുത. ബില്ലിലെ വ്യവസ്ഥ ആർട്ടിക്കിൾ 15-ന് വിരുദ്ധമാണെന്ന് ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞു. പ്ലേസ് ഓഫ് ബെർത്തും പ്ലേസ് ഓഫ് റസിഡൻസും സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി തന്നെ പല വിധികളിലും വ്യക്തമാക്കിയിട്ടുള്ളതാണ്. അതുകൊണ്ട് ലെജിസ്ലേറ്റീവ് കോമ്പീറ്റൻസിയോ ഭരണഘടനാപരമായ പ്രശ്നങ്ങളോ ഇതിൽ നിലനിൽക്കുന്നില്ല.

(മി. സ്പീക്കർ)

പി. 03.03.2025
പി.എസ്./പി.ആർ.(1)
11:50 - 12:00

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ... 2025-ലെ സർവ്വകലാശാല

നിയമങ്ങൾ (ഭേദഗതി) ബില്ലിന്റെയും 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബില്ലിന്റെയും അവതരണത്തെ സംബന്ധിച്ച് സർവ്വശ്രീ മാത്യു ടി. തോമസ്, യു. എ. ലത്തീഫ്, എൻ. ഷംസുദ്ദീൻ, പി. സി. വിഷ്ണുനാഥ് എന്നിവർ ഉന്നയിച്ച ക്രമപ്രശ്നങ്ങളിന്മേൽ/തടസ്സവാദങ്ങളിന്മേൽ ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഇവിടെ വിശദമായി മറുപടി പറയുകയുണ്ടായി. 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന പട്ടിക സംബന്ധിച്ച് ശ്രീ. മാത്യു ടി. തോമസ് ഇവിടെ ഉന്നയിക്കുകയുണ്ടായി. അതുപോലെ കരട് ചട്ടങ്ങൾ നിയമസഭയ്ക്ക് സമർപ്പിക്കണമെന്ന ബില്ലിലെ ഖണ്ഡം 59-ൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ വിശദമായ പരിഗണന വേളയിൽ പരിഹരിക്കപ്പെടുമെന്ന് ചെയർ കരുതുന്നു. എന്നാൽ ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനോ തുടർനടപടികൾ സ്വീകരിക്കുന്നതിനോ ഏതെങ്കിലും നിയമ തടസ്സമുള്ളതായി ബോധ്യപ്പെടാത്ത സാഹചര്യത്തിൽ ക്രമപ്രശ്നങ്ങളും തടസ്സവാദങ്ങളും ചെയർ തള്ളുകയാണ്.

ബിൽ അവതരിപ്പിച്ചിരിക്കുന്നു.

(ഡോ. ആർ. ബിന്ദു)

പി. 03.03.2025
പി.എസ്./പി.ആർ.(1)
11:50 - 12:00

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(നിയമനിർമ്മാണകാര്യം തുടരും)

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച)

പി. 03.03.2025
പി.എസ്./പി.ആർ.(1)
11:50 - 12:00

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച**

## താമരശ്ശേരിയിലെ പത്താം ക്ലാസ് വിദ്യാർഥി ഷഹബാസിന്റെ കൊലപാതകം

ശ്രീ. രമേശ് ചെന്നിത്തല: സർ, "സഭാ നടപടികൾ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: വളരെ കാലിക പ്രസക്തമായൊരു വിഷയമാണ് ഇന്ന് ഉപക്ഷേപമായി സർക്കാർ ചർച്ച ചെയ്യുന്നത്. വളരെ ഹെൽത്തി ഡിസ്കഷൻ ആയിരിക്കും ഇതുസംബന്ധിക്കുന്ന ചർച്ചയിൽ ഇവിടെ ഉയർന്നു വരികയെന്നാണ് ചെയർ പ്രതീക്ഷിക്കുന്നത്. ഒരു കാര്യം കൂടി ചെയർ മെമ്പർ മാരോട് റിക്വസ്റ്റ് ചെയ്യുന്നത് സമയകൃത്യത പാലിക്കാൻ തയ്യാറാകണമെന്നാണ്. കാരണം ഉപക്ഷേപത്തിനുശേഷം രണ്ട് ബില്ലുകൾ സഭ പാസ്സാക്കേണ്ടതുണ്ട്. അതോടൊപ്പം റംസാൻ നൊയമ്പ് നടക്കുകയാണെന്ന് നിങ്ങൾക്കറിയാം. ഈയൊരു പശ്ചാത്തലത്തിൽ ചെയറുമായി സഹകരിക്കാൻ മുഴുവൻ അംഗങ്ങളും തയ്യാറാകണമെന്ന് റിക്വസ്റ്റ് ചെയ്യുകയാണ്.

(ശ്രീ. രമേശ് ചെന്നിത്തല)

P-3-3-2025 UV-FM 12.00-12.10 bc

(നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം)

<u>താമരശ്ശേരിയിലെ പത്താംക്ലാസ് വിദ്യാർഥി ഷഹബാസിന്റെ കൊലപാതകം</u>

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഷഹബാസിനെ കൊല്ലുമെന്ന് പറഞ്ഞാൽ കൊല്ലും, അവന്റെ കണ്ണൊന്ന് പോയി നോക്ക്, കണ്ണൊന്നുമില്ല എന്ന് ഇൻസ്റ്റഗ്രാം ഗ്രൂപ്പിൽ  വന്ന ശബ്ദ സന്ദേമാണിത്. കൂട്ടത്തല്ലിൽ മരിച്ചാൽ ഒരു വിഷയവുമില്ല, പോലീസ് കേസെടുക്കില്ല, കേസുണ്ടാവില്ല, കേസ് തള്ളിപോകും, കൂട്ടമായി മർദ്ദിച്ച് കൊന്നാൽ കേസുണ്ടാവില്ല... പത്താംക്ലാസിൽ പഠിക്കുന്ന ഒരു കൂട്ടം വിദ്യാർത്ഥികൾ അതേ ക്ലാസ്സിലുള്ള ഷഹബാസ് എന്ന ഒരു കുട്ടിയെ ആസൂത്രിതമായി മർദ്ദിച്ച് കൊന്നശേഷം ഇൻസ്റ്റാഗ്രാമിലൂടെ പ്രചരിപ്പിച്ച ശബ്ദസന്ദേശമാണ് ഞാനിവിടെ വായിച്ചത്. കേരളത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിച്ച കൂട്ടക്കൊലപാതകങ്ങളാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. നമുക്കൊന്നും വിചാരിക്കാനോ സങ്കൽപ്പിക്കാനോ കഴിയാത്ത നിലയിൽ കേരളത്തിലെ കലാലയങ്ങളിലും സ്കൂളുകളിലും ലഹരിയുടെ വ്യാപനം ശക്തമായി വന്നതിന്റെ പശ്ചാത്തലത്തിൽ അക്രമങ്ങൾ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. വെഞ്ഞാറമൂട്ടിൽ ഒരു കുട്ടി അഞ്ചുപേരെയാണ് കൂട്ടക്കൊല നടത്തിയത്. താമരശ്ശേരിയിൽ ലഹരിക്ക്

അടിമയായ ആഷിഖ് എന്ന വ്യക്തി ഉമ്മയെ കൊന്നശേഷം എനിക്ക് ജന്മം നൽകിയതിനുള്ള പ്രതികാരമാണെന്ന് പറഞ്ഞു. എറണാകുളം ജില്ലയിലെ സ്കൂളിൽ മഹീർ എന്ന കുട്ടിയെ റാഗിങ് ചെയ്തതിനാൽ ആ കുട്ടി ആത്മഹത്യ ചെയ്യുകയും അതിൽ സന്തോഷിച്ച് കയ്യടിച്ച് ആഹ്ലാദിക്കുന്ന ഒരു കൂട്ടം വിദ്യാർഥികളുടെ ഫോട്ടോ സോഷ്യൽ മീഡിയയിൽ പ്രചരിക്കുകയുമുണ്ടായി. മൂക്കിന്റെ പാലം തകർന്ന കെ. ജെ. സാജൻ എന്ന വിദ്യാർഥിയുടെ പിതാവ് ന്യൂസ് അവറിൽ പൊട്ടിക്കരഞ്ഞുകൊണ്ട് പറഞ്ഞത് ഹൃദയഭേദകമായിരുന്നു. വെള്ളറടയിൽ എം.ബി.ബി.എസ്.-ന് പഠിക്കുന്ന വിദ്യാർഥിയോട് നീ പരീക്ഷയ്ക്ക് എന്തുകൊണ്ടാണ് തോറ്റതെന്ന് പിതാവ് ചോദിച്ചപ്പോൾ ആ പിതാവിനെ വെട്ടികൊന്ന സംഭവവും കേരളത്തിലാണ് നടന്നത്. ഇതിന്റെ എല്ലാം പിന്നിൽ ലഹരിയാണ്. കേരളം ലഹരി മാഫിയയുടെ നീരാളിപ്പിടിത്തത്തിലേക്ക് ആഴ്ന്നുപോകുകയാണ്. നമ്മുടെ കുഞ്ഞുങ്ങൾ അടുത്ത തലമുറയാകേണ്ടവരാണ്. അവർ ലഹരിക്ക് അടിമകളും ഇരകളുമായി മാറുന്നു. രാസലഹരിയിൽ മൂല്യബോധം നഷ്ടപ്പെടുന്ന ഇവർക്ക് ഏത് ക്രൂരത ചെയ്യുന്നതിനും മടിയില്ലെന്ന നിലയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. നമ്മൾ എവിടെയാണ് ജീവിക്കുന്നത്; കേരളം ഒരു കൊളംബിയയായി മാറുകയാണോ; ഒരു കാലത്ത്

പഞ്ചാബിനെപ്പറ്റിയായിരുന്നു ഡ്രഗ്സിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ ആളുകൾ സംസാരിച്ചുകൊണ്ടിരുന്നത്. ഇന്ന് കേരളം ലഹരിക്ക് അടിമയായിക്കൊണ്ടിരിക്കുന്നു. നമ്മുടെ സമൂഹമൊന്നാകെ ഗൗരവമായി ചിന്തിക്കേണ്ട ഒരു വിഷയമായി ഇത് മാറുകയാണ്. വിവിധ തരത്തിലുള്ള കെമിക്കലുകൾ ഉപയോഗിച്ചുകൊണ്ടുള്ള ഡ്രഗ്സ് ഇന്ന് കുട്ടികളുടെ ജീവിതത്തെ പരിപൂർണ്ണമായി തകർക്കുകയാണ്. പുകഞ്ഞ് ഇല്ലാതാകുന്ന യുവത്വത്തെയാണ് ഇന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇത് എന്തുകൊണ്ടാണെന്നും ഇതിന്റെ കാരണമെന്താണെന്നും മനസ്സിലാക്കണ്ടേ? ലഹരിക്ക് അടിമയായി ഇവർ ചെയ്യുന്ന ക്രൂരമായ കൊലപാതകങ്ങളും അക്രമങ്ങളും ഓരോ ദിവസവും വർധിച്ചുവരുന്നുവെന്നതാണ് സത്യം. കേരളത്തിലെ എല്ലാ സ്കൂളുകളിലും മലയാള മനോരമയുടെ നേതൃത്വത്തിൽ 'നല്ല പാഠം' പദ്ധതിയുടെ ഭാഗമായി കുട്ടികളെകൊണ്ട് പ്രതിജ്ഞ എടുപ്പിക്കുന്നു. അത് നല്ല കാര്യമാണ്. പക്ഷേ ആ പ്രതിജ്ഞകൊണ്ട് മാത്രം ഇതൊക്കെ ഇല്ലാതാക്കാൻ സാധിക്കുമോയെന്ന് നമ്മൾ ആലോചിക്കേണ്ടതുണ്ട്. കേരള സമൂഹത്തിലെ എല്ലാവരും ഒരുമിച്ച് നിന്നുകൊണ്ട് ഇന്നത്തെ ഈ വിപത്തിനെ നേരിടാൻ കഴിയണം. അതിന് ഒന്നാമതായി ഉത്തരവാദിത്വം നിറവേറ്റേണ്ടത് ഗവൺമെന്റാണ്. Mr. Chief

Minister, അങ്ങ് ഒൻപത് വർഷം കേരളത്തിലെ മുഖ്യമന്ത്രിയായിരുന്നു. ഈ ഒൻപത് വർഷത്തിനിടയിൽ ലഹരിയെ നിയന്ത്രിക്കാനോ ലഹരിക്കെതിരെ ഒരു പോരാട്ടം നടത്താനോ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ലായെന്നുള്ളതാണ് സത്യം. ഒൻപത് വർഷമെന്നത് കേരള ചരിത്രത്തിൽ ഒരു ചെറിയ കാലയളവല്ല. ഇന്ന് മലയാള മനോരമ പത്രത്തിൽ 'നിയമിക്കാൻ വിമുഖത, എങ്ങനെ വിമുക്തി' എന്നൊരു വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. Mr. Chief Minister, അങ്ങ് എല്ലാ സമയവും വിമുക്തിയെക്കുറിച്ച് ഇവിടെ പറയാറുണ്ട്. ഈ വാർത്ത അങ്ങ് വായിക്കണം. കേരളത്തിലെ ജില്ലകളിൽ വിമുക്തിക്ക് കോ-ഓർഡിനേറ്റർമാരില്ല. അവർക്ക് വാഹനമോ ഉദ്യോഗസ്ഥന്മാരോ ഇല്ലാത്ത അവസ്ഥയാണ്. പഴയ ശമ്പളമായതിനാൽ അവിടെ ജോലി ചെയ്യാൻ ഡോക്ടർമാർ തയ്യാറാകുന്നില്ല. കേരളത്തിൽ വിമുക്തിയെന്നത് പരാജയപ്പെട്ട ഒരു പദ്ധതിയായി മാറിയെന്ന് പറയേണ്ടിയിരിക്കുന്നു. ഈ ഗവൺമെന്റ് വന്നശേഷം ബാറുകളുടെ സ്ഥിതിയെന്താണ്? 2016-ൽ യു.ഡി.എഫ്. അധികാരത്തിൽനിന്ന് ഇറങ്ങുമ്പോൾ 8 ഫൈവ് സ്റ്റാർ ഹോട്ടലുകളായിരുന്നു ഉണ്ടായിരുന്നത്. ഒന്നാം പിണറായി ഗവൺമെന്റിന്റെ ഭരണകാലത്ത് അത് 705 ബാറുകളായി. രണ്ടാം പിണറായി ഗവണമെന്റിന്റെ ഭരണകാലത്ത് അത് 836 ആയി. 125

ബാറുകളാണ് രണ്ടാം പിണറായി അധികാരത്തിൽ വന്നപ്പോൾ കൂടിയത്. പുതിയ ഒരു എക്സൈസ് നയം വരുന്നുവെന്ന് പറയുന്നു. ഐ.ടി. പാർക്കുകളിൽ മദ്യം വിളമ്പാം. ഡ്രൈ ഡേ വേണ്ട, ടൂറിസ്റ്റ് സെന്ററുകളിൽ യഥേഷ്ടം മദ്യം നൽകാം. കള്ള് ഷാപ്പുകളുടെ ദൂരപരിധി 400-ൽനിന്ന് 250 ആക്കി കുറയ്ക്കാം. ഇതൊക്കെ ആർക്കുവേണ്ടിയാണ്? ലഹരിയെ തടയുമെന്ന് പറയുന്ന നമ്മൾ ഇത് അനുവദിച്ചുകൊടുത്താൽ വരും തലമുറകൾ നമ്മളോട് ചോദിക്കില്ലേ? 606 ബാറുകളിലെ നികുതി കുടിശ്ശിക ലഭിച്ചിട്ടില്ലായെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. ഒരു നടപടിയും അവർക്കെതിരായി എടുത്തിട്ടില്ല. ടൂറിസം വകുപ്പ്... ഹെറിറ്റേജ് ബിൽഡിങ്ങിൽ ബാർ കൊടുക്കാമെന്നുള്ളതാണ് പുതിയ നിയമം. തമിഴ്നാട്ടിലെ പഴയ നാലുകെട്ടുകൾ പൊളിച്ച് ആളുകൾ കേരളത്തിൽ വയ്ക്കുകയാണ്. ഇവിടെ ഹെറിറ്റേജാക്കി ബാറുകൾ വാങ്ങുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. അതിനിടയിലാണ് ഡിസ്റ്റിലറിയും ബ്രൂവറിയും അനുവദിക്കുന്നത്. കേരളം ലഹരി മാഫിയയുടെ കീഴിൽ അമർന്ന് കഴിയുമ്പോഴാണ് ഇവിടെ ഇനിയും ഡിസ്റ്റിലറിയും ബ്ലൂവറിയും വൈനറിയും സ്ഥാപിച്ചുകൊണ്ട് കേരളത്തിൽ കൂടുതൽ മദ്യത്തിന്റെ അവയിലബിലിറ്റി വർധിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നത്. ഇത് ആർക്കുവേണ്ടിയാണ്? ലഹരിയിൽനിന്ന് കേരളത്തെ മോചിപ്പിക്കാൻ

വേണ്ടി നടത്തുന്ന നമ്മുടെ കൂട്ടായ പരിശ്രമത്തെ തകർക്കുന്നതല്ലേ പുതിയ ബ്രൂവറിയും ഡിസ്റ്റിലറിയും വൈനറിയും ബോട്ടിലിങ് പ്ലാന്റുകളുമെല്ലാം കേരളത്തിൽ സ്ഥാപിക്കാൻ പോകുന്നത്. കൂട്ടക്കൊലപാതകങ്ങൾ പെരുകുന്നതിന്റെ ഉത്തരവാദിത്വം ആർക്കാണ്. കേരളത്തിൽ ഇന്ന് കാമ്പസുകളിൽ റാഗിങ് വ്യാപകമാണ്. ആരാണ് റാഗിങ്ങിന് നേതൃത്വം കൊടുക്കുന്നത്. ക്ഷമിക്കണം, എസ്.എഫ്.ഐ. എന്ന വിദ്യാർഥി പ്രസ്ഥാനമാണ് റാഗിങ്ങിന് നേതൃത്വം കൊടുക്കുന്നത്. കേരളത്തിലെ കലാലയങ്ങളിൽ...... വയനാട് ജില്ലയിലെ പൂക്കോട് വെറ്ററിനറി കോളേജിൽ സാദ്ധാർത്ഥ് എന്ന ചെറുപ്പക്കാരനായ വിദ്യാർഥിയെ പീഡിപ്പിച്ച് കൊന്നത് ആരാണ്? ആരാണ് കൊന്നതെന്നും അവരുടെ സ്ഥാനമെന്താണെന്നും അവരുടെ പേരും എന്റെ കൈവശമുണ്ട്; ഞാൻ അത് വായിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഞാനിത് പ്രതീക്ഷിച്ചില്ല. എസ്.എഫ്.ഐ.-യുടെ സമ്മേളനത്തിൽ അങ്ങ് പോയപ്പോൾ ഇതുപോലെ നിങ്ങൾ തുടർന്നാൽ മതി, ഒരു മാറ്റവും വരുത്തേണ്ടെന്നാണ് അങ്ങ് പറഞ്ഞത്. അങ്ങേയ്ക്ക് അവരെ ഒന്ന് നിയന്ത്രിക്കാമായിരുന്നു. കേരളം അങ്ങയെ കാണുന്നത് മുഖ്യമന്ത്രിയായിട്ടാണ്. അക്രമസംഭവങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ആളുകൾക്കെതിരായി അങ്ങേയ്ക്ക് ഒരു വാക്ക്

പറയാമായിരുന്നു. അങ്ങ് അത് പറയാത്തതിൽ കേരളത്തിന് പ്രയാസമുണ്ട്. സമീപകാലത്ത് നടന്നുകൊണ്ടിരിക്കുന്ന അക്രമങ്ങളും കൊലപാതകങ്ങളും എന്താണ് നമ്മെ പഠിപ്പിക്കുന്നത്; രാഷ്ട്രീയ പ്രവർത്തകരും രാഷ്ട്രീയ പാർട്ടികളും സർവകലാശാലകളും ഗൗരവത്തോടെ ചിന്തിക്കണമെന്ന് തന്നെയല്ലേ പഠിപ്പിക്കുന്നത്? ഈ കൂട്ടക്കൊലപാതക പരമ്പരകൾ സമൂഹത്തിന്റെ തന്നെ സൃഷ്ടിയാണ്. അത് ഒറ്റപ്പെട്ട സംഭവമല്ല. ഭരണകൂടവും പാർട്ടിയും പലപ്പോഴും ഇത്തരം സംഭവങ്ങളെ ഒറ്റപ്പെട്ടതെന്ന് പറഞ്ഞ് തള്ളിക്കളയുമ്പോൾ ആ കൊലപാതക പരമ്പരകൾ സമൂഹത്തിന്റെ വൈകല്യത്തെയാണ് പ്രകടിപ്പിക്കുന്നത്. ചില നീരീക്ഷണങ്ങൾ ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. കൊലപാതകം തെറ്റല്ല, കൊലപാതകത്തിൽ ആത്യന്തികമായി നടക്കുന്നത് ശിക്ഷമാത്രമാണ്, അത് വലിയ കാര്യമല്ല എന്നൊക്കെയുള്ള നിരീക്ഷണങ്ങൾക്ക് പ്രാമുഖ്യം ലഭിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സൈക്കോ പത്തോളജിക്കൽ സാഹചര്യം സൃഷ്ടിക്കപ്പെടുന്നു. മനുഷ്യജീവനും മനുഷ്യമാംസത്തിനും വിലയില്ലായെന്നും അറവുമാടുകളെപ്പോലെ വലിച്ച് കീറാനും കുത്തിക്കീറാനും വെട്ടിനുറുക്കാനുമുള്ള ഒരു സംഗതിയാണെന്നും അത് തെറ്റല്ലായെന്നുമുള്ള സന്ദേശമാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ടി. പി. ചന്ദ്രശേഖരനെ 51

വെട്ടുകൾ വെട്ടി കൊന്നപ്പോൾ കേരളം നടുങ്ങിയതായിരുന്നു. അദ്ദേഹത്തിന്റെ മുഖത്ത് നാൽപ്പത്തിയൊന്ന് വെട്ടായിരുന്നു ഏറ്റത്. അങ്ങ് കോഴിക്കോട് സെഷൻസ് കോടതിയുടെ നാരായണ പിഷാരടിയുടെ വിധി ഞാൻ വായിക്കാം ' The murder of this case was cold blooded, preplanned and brutal. The motive of the crime was not any personal enmity. Manner in which the murder was committed reveals extreme depravity. The action of the accused was not only inhuman but ruthless, barbaric and it shocks not only the judicial conscience but the collective conscience of the society' . സമൂഹത്തിന്റെ മൊത്തം മനസ്സാക്ഷിയെ പിടിച്ച് കുലുക്കിയ ഒരു സംഭവത്തെപ്പറ്റിയാണ് കോടതി പറഞ്ഞത്. ഈ കൊലപാതകത്തിന് നേതൃത്വം കൊടുക്കുന്ന ആളുകൾക്ക് എന്ത് പരിഗണനയാണ് ഗവൺമെന്റ് നൽകിയതെന്ന് നമ്മൾ ആലോചിക്കണം. സുപ്രീം കോടതിവരെയാണ് ഈ കേസ് പോയത്. ടി. പി. ചന്ദ്രശേഖരൻ കേസിലെ പത്ത് കുറ്റവാളികളിൽ മൂന്നുപേർക്ക് ആയിരത്തിലധികം ദിവസങ്ങൾ പരോൾ ഈ ഗവൺമെന്റ് കൊടുത്തു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടുത്ത മറുപടിയാണിത് - കെ. സി. രാമചന്ദ്രൻ 1081 ദിവസവും ട്രൗസർ മനോജിന്

1061 ദിവസവും അണ്ണൻ സജിത്തിന് 1078 ദിവസവുമാണ് പരോൾ ലഭിച്ചത്. ഈ കൊലപാതികൾ ഏകദേശം മൂന്ന് വർഷം ജയിലിന് പുറത്തായിരുന്നു. ‘ time to spend with the family members’ എന്നാണ് പറഞ്ഞത്. ടി. പി. ചന്ദ്രശേഖരന് ഫാമിലി ഇല്ലായിരുന്നോ; ഇങ്ങനെ നിഷ്ഠൂരമായ കൊലപാതകം നടത്തിയ ആളുകൾക്ക് മൂന്ന് വർഷം പരോൾ കൊടുത്തപ്പോൾ സമൂഹത്തിന് നിങ്ങൾ എന്ത് സന്ദേശമാണ് ഇതിലൂടെ നൽകുന്നത് എന്നതാണ് എന്റെ ചോദ്യം. സമൂഹത്തിന് നിങ്ങൾ നൽകുന്ന സന്ദേശം എന്താണ്? കൊലപാതകങ്ങൾ നടത്തിക്കൊള്ളുക, ഗവൺമെന്റിൽ സ്വാധീനമുണ്ടെങ്കിൽ എല്ലാ വിധത്തിലുള്ള സംരക്ഷണവും ലഭിക്കും. ..

(തുടരും...)

P. 03.03.2025 LJ/ FM -(1) 12.10-12.20 ബി.സി.

(ശ്രീ. രമേശ് ചെന്നിത്തല തുടർച്ച....)

കാപ്പാ കേസിലെ പ്രതിയെ പത്തനംതിട്ടയിൽ മാലയിട്ട് മുദ്രാവാക്യം വിളിക്കുന്ന ഒരു മന്ത്രിയെക്കണ്ട് കേരളം ലജ്ജിച്ച് തലതാഴ്ത്തി. നവീൻ ബാബുവിന്റെ മരണത്തിന് ഉത്തരവാദിയായ പി. പി. ദിവ്യ ജയിൽ മോചിതയായപ്പോൾ പാർട്ടി സെക്രട്ടറിയുടെ ഭാര്യയുൾപ്പെടെയുള്ളവർ ജയിലിനുപുറത്ത് സ്വീകരിക്കുന്നു. കൃപേഷിന്റെയും ശരത്ത് ലാലിന്റെയും

കൊലപാതകത്തിന് ഉത്തരവാദികളായ പ്രതികളെ മാലയിട്ട് ഓപ്പൺ ജയിലിലേയ്ക്കാനയിക്കുന്നു. മി. ചീഫ് മിനിസ്റ്റർ, നിങ്ങൾ കേരളത്തിലെ ജനങ്ങൾക്കും ചെറുപ്പക്കാർക്കും എന്ത് സന്ദേശമാണ് നൽകുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. രമേശ് ചെന്നിത്തല, മി. ചീഫ് മിനിസ്റ്റർ എന്നുപറഞ്ഞ് കുറേ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഓരോന്നിനും ഞാൻ ഇടയ്ക്കിടയ്ക്ക് ഉത്തരം പറയേണ്ടതുണ്ടോ; അതാണുദ്ദേശിക്കുന്നതെങ്കിൽ അതാകാം. ഇപ്പോൾ യൂത്തിന് എന്ത് സന്ദേശമാണ് നൽകുന്നതെന്ന് പറഞ്ഞില്ലേ; യൂത്തിന് ഈ സന്ദേശമാണോ നൽകേണ്ടത്; ഇപ്പോൾ അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്ന സന്ദേശമാണോ നൽകേണ്ടത്; ഇപ്പോൾ അദ്ദേഹം എന്താണ് നൽകിയത്? ഇതിലൂടെ പറഞ്ഞുകൊണ്ടിരിക്കുന്നതെന്താണ്; എന്തിനാണ് ഈ അവസരം ഉപയോഗിക്കുന്നത്; സമൂഹം നേരിടുന്ന ഒരു വിപത്തിനെ നേരിടുന്ന രീതിയിലാണോ അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുന്നത്; അതാണോ ശരിയായ രീതി? യാഥാർത്ഥ്യം മനസിലാക്കാൻ കഴിയണം; ഇന്ന് നാട് നേരിടുന്ന പ്രശ്നമെന്താണെന്ന് മനസിലാക്കാൻ കഴിയണം. ഇടയ്ക്കിടയ്ക്ക് മി. ചീഫ് മിനിസ്റ്റർ എന്ന് പറഞ്ഞുകൊണ്ട് ചോദ്യം ചോദിച്ചാൽ മാത്രം പോരാ... നാടിന്റെ പ്രശ്നമെന്താണെന്ന് മനസിലാക്കാൻ കഴിയണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തല അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിക്കുന്നത് ഈ വിഷയങ്ങളെ സമഗ്രമായരീതിയിൽ അവതരിപ്പിക്കുന്നതിനുവേണ്ടിയാണ്. (.....ബഹളം....) അത് മുഖ്യമന്ത്രിയടക്കമുള്ളവർ അധികാരത്തിലിരിക്കവേയാണ്. നിങ്ങളാണ് കേരളത്തിന്റെ മുഖ്യമന്ത്രി; (.....ബഹളം....) നിങ്ങളാണ് കേരളത്തിന്റെ ആഭ്യന്തരവകുപ്പിന്റെ ചുമതലയുള്ളയാൾ...(.....ബഹളം....) നിങ്ങളെ കുറ്റപ്പെടുത്തും; അതിനെന്തിനാണ് അങ്ങ് ഇത്ര അസഹിഷ്ണുത കാണിക്കുന്നത്. (.....ബഹളം....) അങ്ങയെ കുറ്റപ്പെടുത്തും.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വെറുതെ ഇങ്ങനെ പറഞ്ഞിട്ട് കാര്യമില്ല. (.....ബഹളം....)

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്.. (.....ബഹളം....) യഥാർഥത്തിൽ ഈ ഡിബേറ്റ് തുടങ്ങുമ്പോൾ തന്നെ ..... (.....ബഹളം....) അവിടെയിരിക്കൂ.... പ്ലീസ് ... അവിടെയിരിക്കൂ... പ്ലീസ്... (.....ബഹളം....)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സർക്കാരും മുഖ്യമന്ത്രിയും എഴുതിത്തരുന്നതുപോലെ പ്രസംഗിക്കാനല്ല ഞങ്ങൾ ഇങ്ങോട്ടുവരുന്നത്. (.....ബഹളം....) അദ്ദേഹം പറയും... മുഖ്യമന്ത്രിയെ വിളിക്കും... മി. ചീഫ്

മിനിസ്റ്റർ എന്നാണ് വിളിച്ചത്. (.....ബഹളം....) അല്ലാതെ മോശം പേരൊന്നുമല്ല വിളിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ....(...മൈക്ക് ഓഫ്...)

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് ... പ്ലീസ്... പ്ലീസ്... (.....ബഹളം....) ഈ ഡിബേറ്റ് തുടങ്ങിയപ്പോൾ, ഇത് കേരളത്തെ ബാധിക്കുന്ന വിഷയമായതിനാൽ ആരോഗ്യപരമായ ചർച്ച ഇവിടെ നടക്കണമെന്ന് ചെയർ പറഞ്ഞിരുന്നു. പകരം നടന്നുകൊണ്ടിരിക്കുന്നത് നിയമസഭതന്നെ ഒരുപാട് തവണ ചർച്ചചെയ്തവിഷയത്തെയാണ് വീണ്ടും ഉയർത്തിക്കൊണ്ടുവരുന്നത്. നിർഭാഗ്യവശാൽ ഒരു ഹെൽത്തി ഡിസ്കഷനായി പോകാത്തതിനാൽ അങ്ങയെപ്പോലെ മുതിർന്ന ഒരാളോട് ഇതിന്റെ relevant ആയ വിഷയത്തിലേയ്ക്ക് വരണമെന്ന് പറയുകയാണ്. (.....ബഹളം....) No...No… ഇവിടെ വിഷയമെന്താണ്; ഇവിടെ അടിയന്തരപ്രമേയ വിഷയമെന്താണ്? അത് ഈ കേരളം നേരിടുന്ന പുതിയ പ്രശ്നമാണ്. അല്ലാതെ അതിനുപകരം കഴിഞ്ഞകാര്യം തന്നെയാണ് വീണ്ടും ഈ സഭയിൽ വരുന്നത് (.....ബഹളം....) രേഖകൾക്കകത്തുള്ള കാര്യം തന്നെ വീണ്ടും വീണ്ടും ആവർത്തിക്കുന്ന രീതി ശരിയല്ല. ...

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ എന്ത് പ്രസംഗിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിക്കേണ്ട. (.....ബഹളം....) എനിക്കത്

സംസാരിക്കാനുള്ള അധികാരവും അവകാശവുമുണ്ട്. (.....ബഹളം....)

മി. സ്പീക്കർ: അങ്ങയുടെ സമയം പോകുന്നുണ്ട്. ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സംസാരിക്കട്ടെ...

ശ്രീ. പിണറായി വിജയൻ: സർ, ഈ വിഷയത്തെക്കുറിച്ചാണ് സംസാരിക്കേണ്ടത്. ഈ വിഷയത്തെക്കുറിച്ച് സംസാരിക്കുന്നതിനുപകരം ഈ അവസരമുപയോഗിച്ച് അനാവശ്യമായ കാര്യങ്ങൾ പറയുകയല്ല വേണ്ടത്. തീർത്തും അനാവശ്യമായ കാര്യങ്ങളാണ് ഇവിടെ പറഞ്ഞുകൊണ്ടിരുന്നത്. അനാവശ്യകാര്യങ്ങൾ പറയാനല്ല ഈ വേദി ഉപയോഗപ്പെടുത്തേണ്ടത്.

മി. സ്പീക്കർ: ഇവിടെ സൂചിപ്പിച്ചതുപോലെ, ഇത് വളരെ സീരിയസായ വിഷയമായതിനാൽ ഈ വിഷയത്തെ അതേ ഗൗരവത്തിൽ ഗവൺമെന്റ് കണ്ടതുകൊണ്ടാണ് ഓപ്പൺ ഡിബേറ്റിന് തയ്യാറായത്. എത്രയോതവണ സഭ ചർച്ചചെയ്ത കാര്യം വീണ്ടും വീണ്ടും ആവർത്തിക്കുന്ന രീതി ശരിയല്ല. ഇത് പൊതുസമൂഹത്തെ ബാധിക്കുന്ന വിഷയമാണ്. ഇത് പരിഹരിക്കപ്പെടണം. ഇവിടെ ഡിസ്കസ് ചെയ്യേണ്ടതും അങ്ങ് എഴുതിത്തന്ന അടിയന്തരപ്രമേയത്തിൽ പറഞ്ഞ കാര്യവും സഭ ഗൗരവമായി ചർച്ച ചെയ്യാൻ തയ്യാറായി. അത് ചർച്ച ചെയ്യണം... ഇത് Blaming-ന് ഉള്ള

സമയമല്ല. ഇത് കുറ്റപ്പെടുത്തേണ്ട സമയമല്ല. പകരം ആരോഗ്യപരമായ രീതിയിലേയ്ക്ക് ചർച്ച പോകണം. അത് വഴിതിരിച്ചുവിടുന്ന രീതി അങ്ങയെപ്പോലുള്ള ഒരു മുതിർന്ന അംഗത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത് ശരിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഒൻപത് വർഷക്കാലം കേരളം ഭരിച്ചിട്ട് ഈ നാട്ടിൽ നടക്കുന്ന അക്രമങ്ങളും കൊലപാതകങ്ങളും അരക്ഷിതാവസ്ഥയും നിയമലംഘനങ്ങളും നിയമസമാധാന തകർച്ചയും പറയാൻ കേരളത്തിലെ മുഖ്യമന്ത്രിയുടെ ചീട്ട് ഞങ്ങൾക്കാവശ്യമില്ല. ഞങ്ങൾ പറയും... ഞങ്ങൾ പറയും... (...ബഹളം...)

മി. സ്പീക്കർ: അങ്ങ് വഴങ്ങൂ... യെസ്... നിയമ വകുപ്പ് മന്ത്രി ....

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇവിടെ സഭ അംഗീകരിച്ചിരിക്കുന്നത്, സഭ നിർത്തിവച്ച് ചർച്ച ചെയ്യുന്നതിനുള്ള നോട്ടീസിനെ അടിസ്ഥാനപ്പെടുത്തിയാണ്. ആ നോട്ടീസിൽ പ്രതിപാദിക്കുന്ന വിഷയങ്ങളാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്. ഗവൺമെന്റ് വളരെ ഓപ്പണായി ഈ നാട് അഭിമുഖീകരിക്കുന്ന പ്രശ്നത്തെ ഒറ്റക്കെട്ടായി പ്രതിരോധിക്കാനുള്ള ഒരവസരമെന്ന നിലയിൽ ചർച്ചയെ മാറ്റുമ്പോൾ സങ്കുചിതമായ രാഷ്ട്രീയലക്ഷ്യം വച്ച് ഈ നാടിനെ

അപകടത്തിലേയ്ക്കാക്കാനുള്ള നീക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്. അതല്ല ഈ നാട് ആഗ്രഹിക്കുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ രമേശ് ചെന്നിത്തലയുടെ നോട്ടീസിനെ സർക്കാർ തുറന്നമനസ്സോടെയാണ് കണ്ടത്. നാട് അഭിമുഖീകരിക്കുന്ന സാമൂഹിക വിപത്തിനെ സംബന്ധിച്ച് സഭ മാത്രം ചർച്ച ചെയ്യേണ്ടതല്ല; സമൂഹമാകെ ചർച്ച ചെയ്യേണ്ട ഒരു വിഷയമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. സമൂഹത്തിൽ ഒരു സംവാദം ഉയർത്തിക്കൊണ്ടുവരുന്നതിന്റെ മാതൃക നിയമസഭ കാണിക്കുകയെന്ന ഉദ്ദേശത്തോടെ തുറന്നമനസ്സോടെയാണ് സർക്കാർ ഇതിനെ സ്വീകരിച്ചത്. എന്നാൽ അദ്ദേഹം ഒരു സാമൂഹികവിപത്തിൽനിന്ന് രാഷ്ട്രീയലാഭം എങ്ങനെ കൊയ്യാമെന്ന ദുഷ്ടലാക്കാണ് ഇവിടെ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സമൂഹത്തിൽ നടക്കുന്ന കൂട്ടക്കൊലകളെയും ആ കൂട്ടക്കൊലകൾക്ക് പ്രേരണ നൽകുന്ന സംഭവങ്ങളെയും വർധിച്ചുവരുന്ന അക്രമങ്ങളെയും കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. മി. ചീഫ് മിനിസ്റ്റർ എന്നുവിളിച്ചാൽ അത് അൺ പാർലമെന്ററിയൊന്നുമല്ല. മി. ചീഫ് മിനിസ്റ്റർ എന്നുപറയുന്നത്

പാർലമെന്റിൽ Mr. Prime Minister എന്നൊക്കെ ഞങ്ങൾ വിളിക്കുന്നതാണെന്ന് അങ്ങേയ്ക്കും അറിയാവുന്നതാണല്ലോ; Mr. Prime Minister എന്നു വിളിച്ചുകൊണ്ട് ഞാൻ പാർലമെന്റിൽ പ്രസംഗിച്ചിട്ടുണ്ട്. ഞാൻ അങ്ങയെ മോശക്കാരനാക്കിയോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, 2016 മുതൽ 2021 വരെയുള്ള 5 വർഷം ആ വിളി ഞാൻ കേട്ടുകൊണ്ടിരുന്നതാണ്. അത് കേൾക്കാത്തയാളല്ല ഞാൻ. അത് പഠിപ്പിക്കാൻ ഈ അവസരം ഉപയോഗിക്കേണ്ട.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, മോശമായിട്ടല്ല ഞാൻ മാന്യമായാണ് സംസാരിച്ചത്.

<u>മി. സ്പീക്കർ</u>: അങ്ങ് കണ്ടിന്യൂ ചെയ്യൂ...

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കേരളത്തിൽ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന കൂട്ടക്കൊലപാതകങ്ങളും ലഹരിയുടെ വ്യാപനവും തടയുന്നകാര്യത്തിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടുവെന്ന കാര്യം സത്യമായതിനാൽ നിങ്ങളത് തടയണം. ഗവൺമെന്റിൽനിന്നും ഈ സമൂഹം ആഗ്രഹിക്കുന്നതും അതാണ്; അല്ലാതെ സാരോപദേശമല്ല. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ 'Clean Campus, Safe Campus' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഞങ്ങൾ ലഹരി മാഫിയയെയും ബ്ലേഡ്

മാഫിയകളെയും ഗുണ്ടകളെയും അടിച്ചമർത്തിയിട്ടുണ്ട്. കഴിഞ്ഞ 9 വർഷക്കാലം നിങ്ങൾ ഒന്നും ചെയ്യാതെ ഉറങ്ങുകയായിരുന്നു. ഈ സമൂഹത്തെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നങ്ങളിൽ ഗവൺമെന്റിന് റോളുണ്ടാകണമെന്ന് നമ്മൾ മനസ്സിലാക്കണം. ഗവൺമെന്റിനാണ് റോൾ എടുക്കേണ്ടത്. അല്ലാതെ നമ്മൾ ഒരുമിച്ച് ഒരു പ്രമേയം പാസാക്കിപോകുകയല്ല വേണ്ടത്. Government should act. ഗവൺമെന്റ് Political Patronage കൊടുത്തുകൊണ്ട് അക്രമകാരികൾക്ക് പ്രോത്സാഹനം കൊടുക്കാൻ പാടില്ല. തെറ്റിനെ തെറ്റായി കാണാനും ഗുണ്ടകളെയും സാമൂഹ്യവിരുദ്ധന്മാരെയും ലഹരിമാഫിയയെയും അടിച്ചമർത്താനും വേണ്ടി മുന്നോട്ടുവരണം. നിങ്ങളങ്ങനെ മുന്നോട്ടുവന്നാൽ പ്രതിപക്ഷത്തിലെ ഞങ്ങളെല്ലാവരുടെയും പിന്തുണ ഗവൺമെന്റിനുണ്ടാകുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുനൽകുന്നു. അതുണ്ടാകാത്തതാണ് ഇവിടെയുള്ള പ്രശ്നം. ഈ നാട് കൊലപാതകികൾക്ക് ഒരിക്കലും മാപ്പുനൽകിയ നാടല്ല. കൊലപാതകങ്ങളെ അനുകൂലിക്കുന്നവരല്ല കേരളത്തിലെ ജനങ്ങൾ. പിഞ്ചു കുഞ്ഞുങ്ങൾ ആരെക്കണ്ടാണ് വളരുന്നത്. ഈ പിഞ്ചുകുഞ്ഞുങ്ങളെ.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം പ്ലീസ്... കൺക്ലൂഡ് ചെയ്യണം...

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്റെ സമയമെല്ലാം പോയതല്ലേ...

<u>മി. സ്പീക്കർ</u>: 4 മിനിറ്റ് അധികം അനുവദിച്ചു. ഇവിടെ 11 മിനിറ്റ് പിന്നിട്ടപ്പോഴാണ് ബഹളമുണ്ടായത്...

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, നമ്മളെയൊക്കെ കണ്ടാണ് പിഞ്ചുകുഞ്ഞുങ്ങൾ വളരേണ്ടത്. നമ്മുടെ പ്രവർത്തനങ്ങൾ അവർ വിലയിരുത്തുന്നുണ്ട്. നാട്ടിൽ നടക്കുന്ന റാഗിംഗിനും കൊലപാതകങ്ങൾക്കും ലഹരിമാഫിയയ്ക്കുമെതിരെ ശക്തമായ നിലപാടുകൾ ഗവൺമെന്റ് സ്വീകരിക്കണം. സമൂഹം ഒറ്റക്കെട്ടായി നിൽക്കണമെന്ന കാര്യത്തിൽ സംശയമില്ല. കഴിഞ്ഞ രണ്ടുതവണ ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പ്രമേയം അവതരിപ്പിച്ചപ്പോൾ ഞങ്ങൾ ഒരുമിച്ചാണ് പോയത്. എങ്ങനെയാണ് 'വിമുക്തി' നടപ്പാക്കുന്നതെന്ന് ശ്രീ. എം. ബി. രാജേഷ് ഇവിടെ പറഞ്ഞു. 'വിമുക്തി'യിൽ ജില്ലാതലത്തിലെ ഉദ്യോഗസ്ഥന്മാർ പോലുമില്ലാതിരുന്നിട്ടും അങ്ങ് പറയുന്നു വിമുക്തി നടപ്പാക്കുകയാണെന്ന്. കേരളത്തിലെ ഈ മദ്യവിപത്തിനെയും ലഹരിമാഫിയയെയും ശക്തമായി നിയന്ത്രിക്കാൻ വേണ്ട നടപടികൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അങ്ങയിലൂടെ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഞാൻ അവസാനിപ്പിക്കുന്നു.

(ശ്രീ. കെ. വി. സുമേഷ്)

P. 03.03.2025 LJ/ FM -(1) 12.10-12.20 ബി.സി.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, താമരശ്ശേരി വിഷയം സംസ്ഥാന ഗവൺമെന്റിന്റെ ഭരണത്തലവൻ ശ്രീ. പിണറായി വിജയൻ ഒരു പൊതുവിഷയമായിക്കണ്ട് സഭ ചർച്ചചെയ്യണമെന്ന് എടുത്ത നിലപാടിനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. എനിക്ക് സത്യത്തിൽ ഒരു കടുത്ത നിരാശയായിപ്പോയി. ഇത് സി.പി.ഐ.(എം.), കോൺഗ്രസ്, ലീഗ്, കേരളാ കോൺഗ്രസ് അല്ലെങ്കിൽ ഏതെങ്കിലും ഒരു പാർട്ടിയുടെ വിഷയമല്ലല്ലോ. അങ്ങനെയാണെങ്കിൽ അങ്ങനെ ചർച്ച ചെയ്യുന്നതിൽ ഒരു ഭയവുമില്ല. ഇതിലെന്താണ് വിഷയം? കോൺഗ്രസും യു.ഡി.എഫ്.-ഉം കേരളത്തിൽ വലിയ പാരമ്പര്യമുള്ള മുന്നണിയും രാഷ്ട്രീയ പാർട്ടിയുമാണ്. ശ്രീനാരായണ ഗുരു, വാഗ്ഭടാനന്ദൻ, സഹോദരൻ അയ്യപ്പൻ, ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ, മക്തി തങ്ങൾ, മന്നത്ത് പത്മനാഭൻ എന്നിവരൊക്കെ കേരളത്തിലെ സാമൂഹിക നവീകരണ പ്രസ്ഥാനത്തിലെ നേതാക്കന്മാരായിരുന്നു. ആദ്യകാല കോൺഗ്രസ് സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർ ആ മുദ്രാവാക്യം കേരളത്തിൽ ഏറ്റെടുത്തു. (തുടരും....)

P 03-03-2025 PT-FM 12.20-12.30 ബി.സി.

(ശ്രീ. കെ. വി. സുമേഷ് തുടർച്ച.............)

ഒരു പരിഷ്കൃത ജനാധിപത്യ സമൂഹത്തിലെ മെച്ചപ്പെട്ട സാമൂഹിക-സാംസ്കാരിക ജീവിതമുള്ളൊരു നാടാണ് കേരളം. ലോകത്തിനുതന്നെ മാതൃകയായ ഒരു ജീവിത സംസ്കാരത്തെ ഏറ്റവും ശക്തമായി നമ്മൾ ഉയർത്തിപ്പിടിക്കുന്നു. സമീപകാലത്ത് താമരശ്ശേരിയിലുണ്ടായ വിഷയവും വെഞ്ഞാറമൂടിൽ ചെറുപ്പക്കാരന്റെ ഭാഗത്തുനിന്നുണ്ടായ വിഷയം എന്നിവ സി.പി.ഐ(എം). - കോൺഗ്രസ്സ് തമ്മിലുള്ള വിഷയമാണോ? നിർഭാഗ്യകരമെന്ന് പറയട്ടെ, മുൻ പ്രതിപക്ഷ നേതാവിന്റെ ഭാഗത്തുനിന്നും അങ്ങേയറ്റം അപക്വമായ, അസാധാരണമായ പ്രതികരണമാണുണ്ടായത്. ഇത് കേരളത്തിലെ പൊതുസമൂഹം ഏറ്റെടുക്കേണ്ട വിഷയമാണ്. 'Learn without limits' എന്നതാണ് നമ്മുടെ കുഞ്ഞുങ്ങളുടെ പുതിയ കാഴ്ചപ്പാട്. ഒരു ക്ലാസ്സ് മുറിയിൽ ഒരു അധ്യാപകൻ, ഒരു ട്യൂഷൻ സെന്റർ എന്ന പഴയകാലമല്ല ഇന്നുള്ളത്. ലോകത്താർക്കും തടഞ്ഞുവയ്ക്കാൻ സാധിക്കാത്ത നിലയിലുള്ള അറിവ് ഒരു കുട്ടിക്ക് ശേഖരിക്കാൻ ഒരു അധ്യാപകന്റെ ആവശ്യം ഇന്നില്ല. അത് നല്ല കാര്യങ്ങൾക്ക് മാത്രമല്ല, ഏത് തെറ്റായ കാര്യങ്ങളും അതിവേഗത്തിൽ അറിയാൻ സാധിക്കുന്ന സാങ്കേതിക വിദ്യയുടെ വളർച്ച ഇന്നുണ്ട്. നമ്മൾ പഠിച്ചതുപോലെയല്ല ഇന്നത്തെ വിദ്യാർത്ഥികൾ

പഠിക്കുന്നത്. അവർ പഠിക്കുമ്പോൾ പഠനത്തിന്റെ ഭാഗമായി എല്ലാ കാര്യങ്ങളും വരുന്നുണ്ട്. അങ്ങനെ വരുമ്പോൾ എല്ലാ കാര്യത്തിലും അവർക്ക് ജയിക്കണമെന്നൊരു ദുർവാശിയാണുള്ളത്. ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ഹ്രസ്വമായി ഇവിടെ പറയുകയുണ്ടായി. ഇതിലെ ഏറ്റവും അടിസ്ഥാന ഘടകം കുടുംബവും രണ്ടാമത്തേത് പൊതുസമൂഹവുമാണ്. 'ഒരു കുട്ടി തെറ്റ് ചെയ്താൽ അത് കുമാരനേട്ടന്റെ മോനാ, എന്റെ മോനല്ല.... അവൻ തെറ്റ് ചെയ്യാൻ പാടില്ലെന്ന് ഇടപെടുന്നൊരു പൊതുസമൂഹം കേരളത്തിൽ മുമ്പ് ശക്തമായി ഉണ്ടായിരുന്നു'. പിന്നീട് അണുകുടുംബങ്ങളുണ്ടാകുകയും ആരും ആരുടെ കാര്യത്തിലും ഇടപെടുന്നില്ല. എല്ലാവർക്കും സർവ സ്വാതന്ത്ര്യവുമുണ്ട്. അതൊരു ദുരഭിമാന ബോധമായി കുടുംബമെടുക്കുന്നു. കലോത്സവം, പരീക്ഷ എന്നിവ ഉൾപ്പെടെ നാട്ടിൽ നടക്കുന്ന ചെറിയ മത്സരങ്ങളിൽപോലും എന്റെ മകൻ ജയിക്കണമെന്ന അതികഠിനമായ വാശി/സ്പിരിറ്റ് ഈ കുട്ടിയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. പരാജയം എന്തോ വലിയ അപകടമാണെന്നാണ് ഇവർ കരുതുന്നത്. മഹാത്മാഗാന്ധിയോട് ഒരിക്കൽ ഒരു വിദ്യാർത്ഥി ജനാധിപത്യം എന്താണെന്ന് ചോദിച്ചു. മഹാത്മാ ഗാന്ധി ഇക്കാര്യത്തിൽ പറഞ്ഞ ശ്രദ്ധേയമായൊരു കമന്റുണ്ട്. " ഒരു ഓട്ടമത്സരത്തിൽ ഓടി

ജയിക്കുന്ന ഒരാൾ ചിന്തിക്കേണ്ടത് ഞാൻ ഒറ്റയ്ക്ക് ഓടിയതുകൊണ്ടല്ല ജയിച്ചത്. എന്റെ കൂടെ ഓടാൻ ആളുള്ളതുകെണ്ടാണ് ജയിക്കാൻ സാധിച്ചതെന്ന് ചിന്തിക്കാൻ സാധിച്ചാൽ അയാൾ ഒരു ജനാധിപത്യ വാദിയാകുമെന്നാണ്" . ഒരു കൂട്ടായ്മ, സൗഹൃദാന്തരീക്ഷം, അതിന്റെ ഭാഗമായൊരു ജീവിത സംസ്കാരം മുമ്പുണ്ടായിരുന്നു. ആ ജീവിത സംസ്കാരത്തെയാണ് നാം തിരിച്ചുകൊണ്ടുവരാൻ ശ്രമിക്കേണ്ടത്. ജീവിതത്തിൽ എപ്പോഴും നാം ജയിച്ചുകൊണ്ടിരിക്കില്ല. ഇവിടെ ഇരിക്കുന്ന പരിണതപ്രജ്ഞരായ നിയമസഭാ സാമാജികരുൾപ്പെടെയുള്ളവരുടെ രാഷ്ട്രീയപരമായ, വ്യക്തിപരമായ ജീവിതം പരിശോധിക്കുകയാണെങ്കിൽ ജീവിതത്തിൽ നമ്മൾ എപ്പോഴും ജയിച്ചുകൊണ്ടിരിക്കുകയായിരുന്നോ; എത്രയോ പരാജയങ്ങൾ നമ്മൾ ഏറ്റുവാങ്ങിയിട്ടുണ്ട്? ആ സമചിത്തതയോടെ ജീവിക്കാൻ അവരെ പ്രാപ്തരാക്കണം. ഇത്തരത്തിൽ പുതിയ തലമുറയിൽ കാണുന്ന ഈ ദുർവാശിയെ തടയാൻ നമ്മൾ ഒരുമിച്ചുനിൽക്കുകയാണ് ചെയ്യേണ്ടത്. കേരളത്തിൽ ഏറ്റവും കൂടുതൽ ആളെ നഷ്ടപ്പെട്ട ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രതിനിധിയാണ് ഞാൻ. കേരളത്തിൽ ഏറ്റവും കൂടുതൽ ഒരു പാർട്ടിക്ക് കൊലചെയ്യപ്പെട്ട ആളുണ്ടെങ്കിൽ ആ കൊലചെയ്യപ്പെട്ട ആളുടെ പ്രതിനിധിയായിട്ടാണ് ഞാൻ ഈ നിയമസഭയിൽ നിൽക്കുന്നത്.

എസ്.എഫ്.ഐ. വിദ്യാർഥി സംഘടനയുടെ സംസ്ഥാന ഭാരവാഹിയായി പ്രവർത്തിച്ച ആളാണ് ഞാൻ. കോളേജുകളിലും സ്കൂളുകളിലും ഡീ-പൊളിറ്റിസൈസ് നടക്കുന്നു. സമൂഹത്തിന്റെ ഉപരിജീവിത സംസ്കാരത്തിന്റെ ഭാഗമായിട്ടുള്ളവർ മുതൽ ബഹുമാനപ്പെട്ട കോടതിയുൾപ്പെടെ കുട്ടികൾ രാഷ്ട്രീയം പറയാൻ പാടില്ലെന്നാണ് പറയുന്നത്. അവിടെ എന്താണ് സംഭവിക്കുന്നത്; രാഷ്ട്രീയത്തെ സംബന്ധിച്ച് കുട്ടികൾ പഠിക്കേണ്ടതല്ലേ; അത് എസ്.എഫ്.ഐ., യൂത്ത് കോൺഗ്രസ്സ്, കെ.എസ്.യു. എന്നിവരുടെ വിഷയമാണോ? യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന അധ്യക്ഷനും ഡി.വൈ.എഫ്.ഐ.-യുടെ നേതാക്കന്മാരെല്ലാം ഈ സഭയിലുണ്ട്. നിങ്ങളുടെ സംഘടനയുടെ പോരായ്മയായി നിങ്ങൾ ഇതിനെ കാണുമോ; ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയുടെ, ഗവൺമെന്റിന്റെ പോരായ്മയായിട്ടാണോ നമ്മൾ ഈ വിഷയത്തെ കാണേണ്ടത്? ഞാൻ ഒരു കാര്യം ഉറപ്പിച്ചുപറയാം, ശ്രീ. പിണറായി വിജയൻ എന്ന നമ്മുടെ മുഖ്യമന്ത്രിയുടെ കഴിഞ്ഞ ഒൻപത് വർഷക്കാലത്തെ കണക്കാണല്ലോ നിങ്ങൾ പറയുന്നത്. അഭിമാനകരമായ നിലയിൽ ലഹരി മാഫിയയെ ചെറുക്കാൻ ശക്തമായ നിലപാട് സ്വീകരിച്ച ഒരു ഗവൺമെന്റാണ് കേരളത്തിലുള്ളത്. കഴിഞ്ഞ ആഴ്ച നടന്ന സംഭവത്തിൽ ഡി ഹാൻഡ് എന്ന പേരിൽ എക്സൈസ് ഒരു ഡ്രൈവ് നടത്തി. 2786

കേസുകളാണ് ഇതുമൂഖേന പിടിക്കപ്പെട്ടത്. ഇവയെല്ലാം രാസലഹരിയാണ്. ഇക്കാര്യത്തിൽ ഞാൻ ഒരു ഗവൺമെന്റിനെയും കുറ്റപ്പെടുത്തുന്നില്ല. യു.ഡി.എഫും, എൽ.ഡി.എഫും. കേരളം ഭരിച്ചിട്ടുണ്ട്. ശ്രീ. എ. കെ. ആന്റണിയുടെയോ ഉമ്മൻ ചാണ്ടിയുടെയോ നേരത്തെ ഭരണം നടത്തിയ മുഖ്യമന്ത്രിമാരുടെ പിഴവായിട്ടാണോ നിങ്ങൾ ഈ വിഷയത്തെ കാണുന്നത്. എന്തിനാണ് വൈര്യനിര്യാതന ബുദ്ധിയിൽ ഊന്നിയ ഒരു രാഷ്ട്രീയ സംസ്കാരം നാം രൂപപ്പെടുത്തിയെടുക്കുന്നത്; നമുക്ക് യോജിച്ച് നിൽക്കാൻ സാധിക്കുന്നില്ലെങ്കിൽ പുതിയ തലമുറ എങ്ങനെയാണ് ഈ വിഷയത്തിൽ യോജിച്ച് നിൽക്കുന്നത്? ഇതാണോ അവർക്കിടയിൽ നമ്മൾ നൽകേണ്ട സന്ദേശം? ഇത് നിർഭാഗ്യകരമായൊരു വിലയിരുത്തലായിപ്പോയി. ശ്രീ. പി. സി. വിഷ്ണുനാഥ് കഴിഞ്ഞ സഭയിൽ ഈ വിഷയം അവതരിപ്പിച്ചപ്പോൾ നമ്മൾ എല്ലാവരും പിന്തുണയ്ക്കുകയല്ലേ ചെയ്തത്. വെഞ്ഞാറമൂട് സംഭവവുമായി ബന്ധപ്പെട്ട അഫാന് 25 ലക്ഷം രൂപയുടെ കടമുണ്ടായിരുന്നു. അയാൾക്ക് 23 വയസ്സ് മാത്രമേ പ്രായമായിട്ടുള്ളൂ. ഇവർ എടുക്കുന്നൊരു സമീപനമെന്താണ്? ഇന്നത്തെ സിനിമകൾ, സാഹിത്യം, ഭാഷ, എന്നീ മേഖലയിലുള്ളവർക്ക് ഇക്കാര്യങ്ങളിൽ ഒരു പുനരാലോചന വേണം. പ്രണയിനി നഷ്ടപ്പെട്ടുപോയാൽ മംഗളങ്ങൾ നേരുന്നതായിരുന്നു പഴയ സിനിമാ

ഗാനങ്ങളെല്ലാം. എന്നാൽ ഇന്നത്തെ സിനിമയിൽ പ്രണയിനിയെ നഷ്ടപ്പെട്ട പ്രണയിനിയെ വീട്ടിൽ കയറി കൊല്ലുമെന്നാണ് സന്ദേശം. പബ്ജി ഗെയിമുകൾ, വെബ് സീരീസുകൾ, സിനിമ, അന്യഭാഷകളിൽനിന്നും വരുന്ന സിനിമകൾ, നായകന്മാർ ഇത്രയും ക്രൂരമായി ഇടപെടുന്ന സിനിമകൾ........ ഇത്തരം കാര്യങ്ങളിൽ മുമ്പെല്ലാം ഒരു ധാർമ്മികമൂല്യം കാത്തുസൂക്ഷിച്ചിരുന്നു. മുൻകാല സിനിമയിലെ നായകന്മാർക്ക് പ്രതീകാത്മകമായ ഒരു രീതി ഉണ്ടായിരുന്നു. ആ നായകന്മാരിൽനിന്ന് മാറി തലവെട്ടി മാറ്റി ചോര ഒലിപ്പിച്ചുനടക്കുകയാണ് ഇന്നത്തെ നായകന്മാർ ചെയ്യുന്നത്. എല്ലാ സിനിമയുടെയും കാര്യമല്ല ഞാൻ പറഞ്ഞത്. ഈ മേഖലയിലുള്ളവർക്ക് ഒരു ആലോചനവേണം. പുതിയ തലമുറയ്ക്ക് അനുകരിക്കാനുള്ള വെമ്പൽ കൂടുതലാണ്. ഒരു പാഷനിസവും ഹീറോയിക് വർഷിപ്പും അവരിലുണ്ട്. പ്രസ്തുത കൊലപാതകങ്ങളെല്ലാം പരിശോധിച്ചാൽ ഇക്കാര്യങ്ങൾ മനസ്സിലാകുന്നതാണ്. 'വൈകുന്നേരത്തിനുമുമ്പ് മൊബൈൽ ഫോൺ നൽകിയില്ലെങ്കിൽ കാണിച്ചുതരാമെന്ന്' അവർ ഒരു എച്ച്.എം.-നോട് പറഞ്ഞില്ലേ; വീട്ടിൽ കുട്ടികൾ അമ്മയോട്, രക്ഷകർത്താക്കളോട്, കുടുംബങ്ങളിൽ, പൊതു സമൂഹത്തിൽ രണ്ടാം വീടായ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുട്ടികൾ പെരുമാറുന്നത് എങ്ങനെയാണ്?

അധ്യാപകർക്ക് വലിയ നിലയിലുള്ള നിയന്ത്രണം ഇത്തരം കാര്യങ്ങളിൽ നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ പറയുകയാണ്. വളപട്ടണം സ്കൂളിൽ ഒരുകുട്ടിയെ ലഹരിയുടെ ഭാഗമായി പിടിച്ചപ്പോൾ കുട്ടി അത് രഹസ്യ ഭാഗത്ത് ഒളിപ്പിച്ചു. ടീച്ചർ അത് എടുക്കുമ്പോൾ കുട്ടി പോക്സോയിലെ ആക്റ്റിനെ കുറിച്ചാണ് പറയുന്നത്. കുട്ടികളെയാണ് എജന്റുമാർ കൂടുതലായും ഉപയോഗിക്കുന്നത്. ഒരു കുട്ടി പിടിക്കപ്പെട്ടാൽ ജുവനൈൽ ജസ്റ്റിസ് ഹോമിലേയ്ക്ക് ആ കുട്ടി പോകും. അതുകൊണ്ട് എജന്റുമാർ ഈ ചെറുപ്പക്കാർക്ക് വലിയ തുകയാണ് നൽകുന്നത്. തടി അനങ്ങാതെ വലിയ തുക അതിന്റെ ഭാഗമായി അവർക്ക് ലഭിക്കും. അതുകൊണ്ട് അവർ ക്യാരിയർമാരായി വിദ്യാർഥികളെ ഉപയോഗിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യംകൂടി പ്രധാനമായി ശ്രദ്ധയോടുകൂടി കാണണം. രണ്ടാം വീടായ എല്ലാ സ്കൂളിലും ജാഗ്രതയോടെ ഇടപെടുന്ന ഒരുകൂട്ടം അധ്യാപകരുണ്ടായിരുന്നുവെന്നത് നമ്മൾ ശ്രദ്ധയോടെ കാണേണ്ട കാര്യമാണ്. അതിലേയ്ക്ക് നമ്മൾ പോകേണ്ടിയിരിക്കുന്നു. കേരളത്തിലെ പുതിയ തലമുറയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് അപകടകരമായ ഒരു ജീവിത സംസ്കാരമാണ്. അതിൽ കക്ഷി രാഷ്ട്രീയ ബന്ധങ്ങളില്ല. കക്ഷി രാഷ്ട്രീയത്തിന്റെ അതിർ വരമ്പുകളുടെ ഭാഗമായി നമ്മൾ ഇക്കാര്യങ്ങളെ

ച്ചുണ്ടിക്കാണിക്കരുത്.

ശ്രീ. കെ. പി. മോഹനൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. എന്റെ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ജ്യോതിസ് സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ ജാഗ്രതാ സമിതികൾ ഉണ്ടായിട്ടുണ്ട്. ആ ജാഗ്രതാ സമിതിയിൽ വിദ്യാർഥികൾ, വിദ്യാർഥി സംഘടനകൾ, അധ്യാപക സംഘടനകൾ, പി.ടി.എ., മദർ പി.ടി.എ., ജനപ്രധിനിധികൾ എന്നിവരെല്ലാം അംഗങ്ങളായി ചേർന്നിട്ടുണ്ട്. അങ്ങനെ ചേരുമ്പോൾ ഒരോ വിദ്യാലയത്തിനും നമ്മൾ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരാൻ സാധിക്കും. അതുകൊണ്ട് ഇത്തരം സംഭവങ്ങൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തുമ്പോൾ ഇതുംകൂടി പരിഗണിക്കുന്ന നിലയിൽ കാര്യങ്ങൾ ചെയ്യണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

ശ്രീ. കെ. വി. സുമേഷ്: സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ ഒരുപാട് എം.എൽ.എ.-മാർ (എൽ.ഡി.എഫ്., യു.ഡി.എഫ്.) വ്യത്യാസമില്ലാതെ അവരുടെ നിയോജകമണ്ഡലങ്ങളിൽ വൈവിധ്യപൂർണ്ണമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നുണ്ട്. ഇങ്ങനെ നമുക്ക് ഒരു കൂട്ടായ ശ്രമം നടത്താം. ചെറിയ കുട്ടികൾ നഞ്ചക്കുമായി സ്കൂളിലേയ്ക്ക്

പോകുകയാണ്. താമരശ്ശേരിയിലെ കുട്ടിക്കുണ്ടായതുപോലെ ഇന്റേണൽ ബ്ലീഡിംഗ് ഉണ്ടാകുമെന്ന് ആരെങ്കിലും പ്രതീക്ഷിച്ച കാര്യമാണോ; പോലീസിന് അങ്ങനെ മുൻകൂട്ടി കരുതാൻ സാധിക്കുമോ? അങ്ങ് ആഭ്യന്തര മന്ത്രിയായിരുന്ന ആളല്ലേ, അങ്ങയുടെ കാലത്ത് നടന്ന അക്രമങ്ങൾ മുഴുവൻ ഏതെങ്കിലും രാഷ്ട്രീയ പോരായ്മയുടെയോ, ആ ഗവൺമെന്റിന്റെ ഭാഗമായിട്ടോ ആണോ നടന്നിട്ടുള്ളത്? എല്ലാപേരും വാഹനം ഓടിച്ചുപോകുന്നതുപോലെ നമ്മളും വാഹനം ഓടിച്ചുപോകുന്നതല്ലേ? അങ്ങനെ ഓടിച്ചുപോകുമ്പോൾ ഒന്ന് ഓവർടേക്ക് ചെയ്താൽ പറയുന്ന ഭാഷ എന്താണ്? ഒരു രാസലഹരിയുടെ ഭാഗമായി ചിലർ ഏത് അർഥത്തിലുള്ള മോശമായ പെരുമാറ്റം ഉണ്ടാകുന്ന നിലയിലേയ്ക്ക് പോകുകയാണ്.

(തുടരും.......)

P 03-03-2025
BL-SG-1
12.30-12.40
SN

(ശ്രീ. കെ. വി. സുമേഷ്....തുടർച്ച)

അങ്ങ് കേരളത്തിൽ കോവിഡ് കാലത്ത് നടത്തിയതുപോലെ ഒരു മാസ് ഇടപെടൽ നടത്തിയാൽ നമുക്കിതിനെ പ്രതിരോധിക്കാൻ കഴിയും.

അതിന് കഴിയുന്ന ഒരാളാണ് കേരളത്തിന്റെ മുഖ്യമന്ത്രി കസേരയിലിരിക്കുന്നത്. പ്രതിപക്ഷത്തിന്റെ പൂർണമായ സഹകരണമുണ്ടെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഉപനേതാവും ഇവിടെ പറഞ്ഞുകഴിഞ്ഞു. ഇതിലൊരു കക്ഷിരാഷ്ട്രീയത്തിന്റെ അതിർവരമ്പുകൾ നാം കാണാൻ പാടില്ല. അങ്ങനെകണ്ടാൽ നഷ്ടപ്പെടുന്നൊരു വലിയ തലമുറ നമ്മുടെ നാട്ടിലുണ്ടാകും. ഒരുപാട് പേരുകൾ, പുറത്തുപറയുന്നില്ല. കഴിഞ്ഞ സഭയിൽത്തന്നെ പറഞ്ഞതല്ലേ, ഉണ്ടാകുന്ന ദുരനുഭവങ്ങൾ. മുതലാളിത്തം ലാഭകേന്ദ്രീകൃതമായി പ്രവർത്തിക്കുന്ന ഒരു വ്യവസ്ഥയ്ക്കുകീഴിലാണ് നമ്മൾ പ്രവർത്തിക്കുന്നത്. ആ ലാഭകേന്ദ്രീകൃതമായി പ്രവർത്തിക്കുന്ന സമൂഹത്തിൽ അവർ എല്ലാവരെയും ലാഭത്തിനുവേണ്ടി ഉപയോഗിക്കുകയാണ്. ഇത് കണ്ടുകൊണ്ട്, സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ അപചയത്തെ ഒറ്റക്കെട്ടായി, എല്ലാവരും ഒരുമിച്ചുനിന്ന്, യോജിച്ചുനിന്ന് പ്രതിരോധിക്കാൻ തയ്യാറാകണം. അങ്ങ് ഇവിടെ പറഞ്ഞതുപോലെ, കോൺഗ്രസിന്റെയോ യൂത്ത് കോൺഗ്രസിന്റെയോ ഏതെങ്കിലുമൊരു സംഭവം ഇവിടെ പരാമർശിച്ച് ഈ ചർച്ചയെ മറ്റൊരർഥത്തിൽ കൊണ്ടുപോകാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ശ്രീ. പിണറായി വിജയനെന്ന കേരളത്തിന്റെ മുഖ്യമന്ത്രിയും ഈ

ഗവൺമെന്റും എടുത്തുകൊണ്ടിരിക്കുന്ന നിരവധി നിലപാടുകളെക്കുറിച്ച് ഞങ്ങൾക്കറിയാം. പഞ്ചാബിനേക്കാൾ കേസുകൾ കൂടുതലാണ് കേരളത്തിൽ. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കേസെടുക്കുന്നത് കേരളത്തിലാണ്. ഇതിന്റെ ഭാഗമായി ഇവിടെ വലിയൊരു ശ്രമം നടക്കുന്നു. ചർച്ച ചെയ്യാൻ അങ്ങ് എടുത്ത നിലപാടിനെയും അതിന്റെ ഭാഗമായി നമുക്ക് യോജിച്ച്, കേരളമെന്ന നമ്മുടെ നാടിന്റെ നവോത്ഥാന നായകന്മാരും ആദ്യകാല നേതാക്കന്മാരും തുടർന്നിങ്ങോട്ടുവന്ന ജീവിത സംസ്കാരവും... ഒരുമിച്ചുനിന്ന് ഈ മഹാവിപത്തിനെ, നമ്മുടെ തലമുറയെ രക്ഷപ്പെടുത്താൻ കഴിയുന്ന ഏറ്റവും ശക്തമായ ഇടപെടൽ മാധ്യമങ്ങളുടെയും സഹിത്യമേഖലയുടെയും സിനിമാ മേഖലയുടെയും സഹായത്തോടുകൂടിയും ക്രൈം ഫയൽ ഉൾപ്പെടെയുള്ള പ്രോഗ്രാമുകളിലെ ഭാഗമായിട്ടുള്ളവരോടും ഞാൻ പറയുന്നു, ഒരു പുനരാലോചന നടത്തണമെന്ന്. ഇങ്ങനെ വിശദീകരിക്കണോ; ഇങ്ങനെ അക്കാര്യം അവതരിപ്പിക്കണോ; അങ്ങനെ എല്ലാവരും ചേർന്നുകൊണ്ട് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു കൂട്ടായ ശ്രമം, ആ കൂട്ടായ ശ്രമത്തിലൂടെ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അപകടത്തെ ഒരുമിച്ച് ചെറുക്കാം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള വലിയ പരിശ്രമത്തിന് എല്ലാവിധ പിന്തുണയും

അറിയിച്ചുകൊണ്ട് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ശ്രീ. റോജി എം. ജോൺ)

P 03-03-2025
BL-SG-1
12.30-12.40

ശ്രീ. റോജി എം. ജോൺ: സർ, ആമുഖമായി ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ, മിസ്റ്റർ ചീഫ് മിനിസ്റ്റർക്ക് വാഴ്ത്തുപാട്ട് എഴുതാനും സർക്കാരിന് മംഗളപത്രം കൊടുക്കാനുമല്ല ഞങ്ങൾ ഇവിടെ വന്നിരിക്കുന്നത്. 2022-ൽ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് ഈ നിയമസഭയിൽ ലഹരിയുമായി ബന്ധപ്പെട്ട വിഷയം അവതരിപ്പിച്ചപ്പോൾ വളരെ ക്രിയാത്മകവും പോസിറ്റീവുമായിട്ടുള്ള ഒരു ചർച്ച ഇവിടെയുണ്ടായി. 2022-ൽ നമ്മൾ എവിടെ നിൽക്കുന്നുവോ അവിടെനിന്നും ഒരിഞ്ചുപോലും മുന്നോട്ടുപോയിട്ടില്ലായെന്ന് മാത്രമല്ല ബഹുദൂരം പിന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ഈ വിഷയം നിരന്തരമായി ഇവിടെ ചർച്ചയ്ക്ക് വരുമ്പോൾ 'നമ്മൾ ഇതിനെ പോസിറ്റീവായിട്ട് കാണണം, ഒറ്റക്കെട്ടായിട്ട് നിൽക്കണം, ക്രിയാത്മകമായി ചർച്ച ചെയ്യണം' എന്നെല്ലാം പറഞ്ഞ് നമ്മൾ ചർച്ച ഫ്രെയിം ചെയ്തുവയ്ക്കുന്നതല്ലാതെ ഇതുമായി ബന്ധപ്പെട്ട്

എന്ത് ആക്ഷനാണ് സർക്കാർ എടുത്തുകൊണ്ടിരിക്കുന്നത്; What action have you taken? കേരളം അത് അറിയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ഒരു ആക്ഷനിലേയ്ക്കും നമ്മൾ കടന്നിട്ടില്ല എന്നതാണ് പച്ചയായ യാഥാർത്ഥ്യം. അതുകൊണ്ടാണ് ഞങ്ങൾക്ക് ഈ വിഷയം വീണ്ടുംവീണ്ടും നിയമസഭയ്ക്കകത്ത് ചർച്ചയ്ക്ക് കൊണ്ടുവരേണ്ടിവരുന്നത്. ഇവിടെയിത് പറയാതെ വേറെ എവിടെ പറയും; സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ സർക്കാർ ചെയ്യണ്ടേ; നമ്മൾ ചർച്ച ചെയ്ത് കൈയടിച്ച് മാത്രം പിരിഞ്ഞാൽ മതിയോ? അതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ രണ്ടുമാസത്തിനിടെ നടന്ന 63 കൊലപാതകങ്ങളിൽ 30 എണ്ണത്തിലും ലഹരിയുടെ ബന്ധമുണ്ടെന്ന് പോലീസ് തന്നെയാണ് പറയുന്നത്. 50 കൊലപാതകങ്ങൾ വീടുനള്ളിൽ നടന്നത് സുഹൃത്തുക്കളുമായുണ്ടായ വഴക്കിനെത്തുടർന്നാണ്. ഇക്കൊല്ലമുണ്ടായ കുറ്റകൃത്യങ്ങളിൽ 20 ശതമാനവും ലഹരിയുമായി ബന്ധമുള്ളവയാണെന്നാണ് പോലീസിന്റെ റിപ്പോർട്ടുകൾ. കൊതുകിനെ കൊല്ലുന്ന ലാഘവത്തോടെ കുടുംബാംഗങ്ങളെയും സഹപാഠികളെയും കൊല്ലുന്നതരത്തിലേയ്ക്ക് നമ്മുടെ യുവതലമുറ മാറുന്ന ഒരു മാനസികാവസ്ഥയാണ് നിലനിൽക്കുന്നത്. ആ മാനസികാവസ്ഥയിലേയ്ക്ക് അവർ എത്തുന്നുണ്ടെങ്കിൽ അതിന്റെ പിന്നിൽ ലഹരിയുടെ വലിയ

സ്വാധീനമുണ്ടെന്നത് പച്ചയായ യാഥാർഥ്യമാണ്. ഇക്കാര്യം കേരളം മൊത്തത്തിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മളിവിടെ കാണുന്നതെന്താണ്; പാഠ പുസ്തകം ഇരിക്കേണ്ട കുട്ടികളുടെ കൈകളിൽ ഇന്ന് നഞ്ചക്ക് പോലുള്ള മാരക ആയുധങ്ങളാണ്. അവർ സഹപാഠികളെ അടിച്ചുകൊല്ലുന്നു. നിഷ്കളങ്കതയുടെയും സുന്ദര സൗഹൃദങ്ങളുടെയുമൊക്കെ വിളനിലമായി നാം കണ്ടിരുന്ന കൗമാരത്തിൽനിന്നും ഇന്നുണ്ടാകുന്നത് കൊലവിളിയും കൊലപാതകങ്ങളുമാണ്. ഇക്കാര്യത്തിൽ നമ്മുടെ ഭരണകൂടവും സർക്കാരും ഇവിടത്തെ എല്ലാ സംവിധാനങ്ങളും നോക്കുകുത്തിയായി നിൽക്കുകയാണ്, കൊലപാതകങ്ങൾ യഥേഷ്ടം നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം മൂന്നുതവണ നിയമസഭയിൽ ചർച്ച ചെയ്തു. നമ്മൾ പല കാര്യങ്ങളും ഇവിടെ പറഞ്ഞു. ലഹരിക്കെതിരെ സ്പോർട്സ് ഒരു ബദലായി കൊണ്ടുവരണമെന്ന് പറഞ്ഞു. എന്താണ് നമ്മൾ ചെയ്തത്; കായിക താരങ്ങളുടെ അവസ്ഥ എന്താണ്; ദേശീയ ഗെയിംസിൽ മെഡലുകൾ നേടിയ കായിക താരങ്ങളുടെ അവസ്ഥ എന്താണ്; ഒരു പഞ്ചായത്തിൽ ഒരു ഗ്രൗണ്ട് ഉണ്ടാക്കുമെന്ന് സർക്കാർ പറഞ്ഞു. കേരളത്തിലെ എത്ര പഞ്ചായത്തുകളിൽ ഗ്രൗണ്ടുകൾ നിർമ്മിച്ചുവെന്ന് ഈ സർക്കാരിന് പറയാൻ സാധിക്കുമോ; എവിടെയെങ്കിലും നിർമ്മിച്ചോ;

സ്കൂളുകളിൽ സിമ്മിംഗ് പൂളുകൾ നിർമ്മിക്കുമെന്ന് പറഞ്ഞു. സർക്കാർ പറഞ്ഞതല്ലാതെ, ചർച്ച ചെയ്തതല്ലാതെ, എത്ര സ്കൂളുകളിൽ സിമ്മിംഗ് പൂളുകൾ നിർമ്മിച്ചു; എന്തുനടപടിയാണ് സർക്കാർ സ്വീകരിച്ചത്? സിനിമയുടെ സ്വാധീനമുണ്ടെന്ന് ഇവിടെ പലപ്പോഴും പറയുന്നു, ശരിയാണ്. ചില സിനിമകൾ കാണുമ്പോൾ ഇത്തരം സിനിമകൾക്ക് സെൻസർ ബോർഡ് എങ്ങനെ അനുമതി കൊടുക്കുന്നുവെന്ന് നമ്മൾപോലും ആലോചിച്ചുപോകാറുണ്ട്. സിനിമകളെ കുറ്റം പറയുമ്പോൾ നമ്മൾ ഒരു കാര്യം അറിയണ്ടേ, സിനിമകളുടെ സ്വാധീനം മാത്രമാണോ; ഇവിടത്തെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, വിദ്യാർത്ഥി സംഘടനകൾ, മറ്റ് പല സംഘടനകളും ഇവിടെ നടത്തുന്ന അക്രമപ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ പറയണ്ടേ; അത് ഇവിടത്തെ പൊതുസമൂഹവും വിദ്യാർത്ഥികളും യുവജനങ്ങളുമൊക്കെ കാണുകയല്ലേ; ഇവിടെ സമരം ചെയ്യുന്നവരെ ചെടിച്ചട്ടികൊണ്ട് തലയ്ക്കടിക്കുന്ന പ്രവൃത്തിയുണ്ടാകുമ്പോൾ, അതിനെ രക്ഷാപ്രവർത്തനമെന്ന് പറഞ്ഞ് ന്യായീകരിക്കുന്ന ഒരു മുഖ്യമന്ത്രിയാണ് ഇവിടെയുള്ളത്. അങ്ങനെ അക്രമങ്ങളെ ന്യായീകരിക്കാൻ ഒരു മുഖ്യമന്ത്രിതന്നെ രംഗത്തുവരുമ്പോൾ നഞ്ചക്കുകൊണ്ട് അടിക്കുന്നതിൽ കുട്ടികൾക്ക് എന്ത് അസ്വാഭാവികതയാണ് തോന്നുന്നത്? ഇവിടെ എ.ഐ.എസ്.എഫ്.-ന്റെ ഒരു വനിത

പ്രവർത്തകയെ നെഞ്ചത്ത് ചവിട്ടിയിട്ട് ഒരു എസ്.എഫ്.ഐ.-യുടെ നേതാവ് പറയുകയാണ് 'നിനക്ക് തന്തയില്ലാത്തെ കൊച്ചിനെയുണ്ടാക്കിത്തരുമെന്ന്. കേരളത്തിൽ പരസ്യമായി വിളിച്ചുപറയുകയാണ്. സിദ്ധാർഥിന്റെ കൊലപാതകം നമ്മൾ കാണുകയുണ്ടായി. സിദ്ധാർഥിന്റെ കൊലപാതകത്തിനുപിന്നിൽ എസ്.എഫ്.ഐ. എന്ന വിദ്യാർഥി സംഘടനയുടെ പങ്ക് വളരെ പച്ചയായി പുറത്തുവന്നിരിക്കുകയാണ്. ആ കൊലപാതകത്തിൽ പ്രതികളായ ആളുകൾക്ക് സംരക്ഷണം കൊടുക്കുന്ന നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ അക്രമത്തിനെതിരെ സാധാരണക്കാരായ ആളുകൾക്ക് അല്ലെങ്കിൽ കേരളത്തിലെ യുവജനങ്ങൾക്ക് ഏതുതരത്തിലുള്ള സന്ദേശമാണ് നമ്മൾ കൊടുത്തുകൊണ്ടിരിക്കുന്നത്; ഇതിനെ നിയന്ത്രിക്കാനുള്ള യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. ഇന്ന് എന്താണ് നടന്നുകൊണ്ടിരിക്കുന്നത്; ലഹരി മാഫിയയെ അല്ലെങ്കിൽ അതിന് നേതൃത്വം കൊടുക്കുന്ന ഏതെങ്കിലുമൊരാളെ അറസ്റ്റ് ചെയ്യാനോ കൃത്യമായും ഫലപ്രദമായും നടപടിയെടുക്കാനോ പോലീസിന് ധൈര്യമുണ്ടോ; പോലീസിന് മയക്കുമരുന്ന് മാഫിയയെ ഭയമാണ്. കാരണം ഏതെങ്കിലുമൊരാളെ പിടിക്കുകയോ എന്തെങ്കിലും നടപടിയെടുക്കുകയോ

ജയിലിലിൽ അടയ്ക്കുകയോ ചെയ്യുന്ന സാഹചര്യമുണ്ടായാൽ മറ്റ് ആളുകൾ ആക്രമിക്കുമോയെന്ന ഭയം പലപ്പോഴും എക്സൈസ് ഉദ്യോഗസ്ഥരെയും പോലീസിനെയും വേട്ടയാടുന്നുവെന്നതാണ് യാഥാർഥ്യം. ഇവിടെ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന്റെ കാര്യം പറഞ്ഞു. ഇവിടെ ആരെയാണ് പിടിക്കുന്നത്; എത്ര കേസുകളാണ് രജിസ്റ്റർ ചെയ്യുന്നത്? ഇത് ചെറിയ അളവിൽ കൈവശം വയ്ക്കുന്ന, ഇത് ഉപയോഗിക്കുന്ന ഉപഭോക്താക്കളായിട്ടുള്ള നിരവധി ആളുകളെ പല സ്ഥലങ്ങളിലും കേസുകളിൽ പിടിക്കുന്നുണ്ട്. 'ഇത്ര കേസുകൾ നമ്മൾ രജിസ്റ്റർ ചെയ്തു, ഇത്രപേരെ അറസ്റ്റ് ചെയ്തു, എന്നാണ് ഇവിടെ ചർച്ച വരുമ്പോൾ പറയുന്നത്. ഈ പിടിക്കപ്പെടുന്നത് മുഴുവനും ചെറിയ മീനുകളാണ്. വലിയ മത്സ്യങ്ങൾ, വലിയ തിമിംഗലങ്ങൾ, ഇന്ന് കേരളത്തിന്റെ മണ്ണിൽ അവർ യഥേഷ്ടം വിലസുകയാണ്. കാരണം നമ്മൾ പിടിക്കുന്നത് ലഹരി ഉപയോഗിക്കുന്ന ആളുകളെയാണ്. ഇതിനൊരു സപ്ലൈ ചെയിനില്ലേ; ഇത് കൊണ്ടുവരുന്ന ആളുകളില്ലേ; ഇതിന്റെ പിന്നിലുള്ള മാഫിയകളില്ലേ; ആ സപ്ലൈ ചെയിനിൽ അവസാന കണ്ണിയെ പിടിക്കുമ്പോൾ, ഇത് എവിടെനിന്നും വരുന്നു, ഇതിന്റെ വിപണനം നിയന്ത്രിക്കുന്ന മാഫിയകൾ, ആ മാഫിയയെ പിടിക്കാൻ വേണ്ടിയുള്ള എന്തുനടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്;

അത്തരത്തിലുള്ള എത്ര മാഫിയകളെ സർക്കാർ നിയമത്തിനുമുമ്പിൽ കൊണ്ടുവന്നുവെന്ന് പറയാൻ സാധിക്കുമോ; ഇവിടെ എന്താണ് നടക്കുന്നത്; ഇന്ന് ലഹരിയുടെ ഉപയോഗം അല്ലെങ്കിൽ അതിന്റെ വ്യാപനവും വിപണനവുമൊക്കെ നടക്കുന്നത് ഡാർക്ക് വെബ്ബിലൂടെയൊക്കെയാണ്. സിന്തറ്റിക് ഡ്രഗ്സുകളാണ്. ഈ ഡാർക്ക് വെബ്ബിലൊക്കെ ഇതിന്റെ വിപണനം നടക്കുമ്പോൾ നമ്മുടെ എക്സൈസ് വകുപ്പിന്റെ കൈയിൽ എന്താണുള്ളത്; പഴയ തുരുമ്പിച്ച വാഹനവും ലാത്തിയുമായി എക്സൈസ് വകുപ്പ് നടക്കുകയാണ്. അവർക്ക് കൃത്യമായ ഉപകരണങ്ങളും സാങ്കേതിക സൗകര്യങ്ങളുമില്ല. ഇവിടെ ആധുനിക സംവിധാനങ്ങളുപയോഗിച്ചുകൊണ്ട് ലഹരി മാഫിയ വിലസുമ്പോൾ ഈ പഴയ ലാത്തിയും പിടിച്ചുകൊണ്ട് നടക്കുന്ന ഒരു എക്സൈസ് വകുപ്പിനെയാണ് നമുക്കിവിടെ കാണാൻ സാധിക്കുന്നത്. 'വിമുക്തി'-യുമായി ബന്ധപ്പെട്ട കാര്യം ഇവിടെ പറഞ്ഞു. നിയമസഭയിൽ കഴിഞ്ഞദിവസവും ഇതിനുമുമ്പും പറഞ്ഞിട്ടുള്ള കാര്യമാണിത്. ഈ ലഹരി പ്രതിരോധ പ്രവർത്തനങ്ങൾ അല്ലെങ്കിൽ ഇതിനെതിരായിട്ടുള്ള പ്രചരണ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെ കീഴിൽനിന്നുമെടുത്ത് വേറെ ഏതെങ്കിലും വകുപ്പിന് നൽകണമെന്ന് ബഹുമാനപ്പെട്ട സർക്കാരിനോട് ഞങ്ങൾ അഭ്യർഥിക്കുകയാണ്. ഇവിടെ

എന്തൊരു പ്രഹസനമാണ് നടക്കുന്നത്, ഇത് കൊടുക്കുന്നതും എക്സൈസ് വകുപ്പ്, കഴിക്കരുതെന്ന് പറയുന്നതും എക്സൈസ് വകുപ്പുതന്നെ. ഒരു സിനിമയിൽ പറയുന്നതുപോലെ 'ഇത് എന്തൊരു പ്രഹസനമാണ്'. ഇത്രയും ഇൻഎഫക്ടീവായിട്ടുള്ള ഒരു പ്രചരണ പ്രവർത്തനമാണ് 'വിമുക്തി' എന്ന പേരിൽ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനാവശ്യമായ ഉദ്യോഗസ്ഥർപോലും ഇന്ന് പല സ്ഥലങ്ങളിലും ഇല്ലാതിരിക്കുന്ന കാഴ്ച നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഇത്രയധികമായി, കേരളത്തിന്റെ യുവത്വത്തിനെ, ഒരു തലമുറയെത്തന്നെ കാർന്നുതിന്നുന്ന ഒരു മഹാവിപത്ത് അഴിഞ്ഞാട്ടം നടത്തുമ്പോൾ, നമ്മൾ ഇവിടെ പല ആവർത്തി ചർച്ചചെയ്തു, ക്രിയാത്മകമായി ചർച്ച ചെയ്തുവെന്ന് പറഞ്ഞുകൊണ്ട് പ്രശ്നത്തിന് പരിഹാരമാകുന്നില്ല. സർക്കാർ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കാതെ ചർച്ചകളിൽ മാത്രമായി ഒതുങ്ങിപ്പോകുകയാണ്. മാഫിയകളെ നിയന്ത്രിക്കാനുള്ള ഉത്തരവാദിത്വം സർക്കാർ നിർവഹിക്കാതെ വരുമ്പോൾ അത് ചൂണ്ടിക്കാട്ടാനുള്ള ഉത്തരവാദിത്വം പ്രതിപക്ഷത്തിനുണ്ട്. അത് ഞങ്ങൾ ചൂണ്ടിക്കാണിക്കുകതന്നെ ചെയ്യുമെന്നുപറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

(ശ്രീ. ഇ. കെ. വിജയൻ )

P 03.03.2025
TB - SG(I)
12.40 - 12.50

ശ്രീ. ഇ. കെ. വിജയൻ: സർ, നിയമസഭ ഇതുപോലെയുള്ള സാമൂഹ്യ പ്രശ്നങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ ഒട്ടേറെത്തവണ തീരുമാനിക്കുകയുണ്ടായി. അത് വളരെ അഭിനന്ദനാർഹമായ കാര്യമാണ്. ഇത്തരം സാമൂഹ്യ പ്രശ്നങ്ങളെ പൊതുസമൂഹത്തിന്റെ മുമ്പിൽകൊണ്ടുവന്ന് പരിഹരിക്കണമെന്ന ഉൽകടമായ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ ജനാഭിലാഷം പരിഹരിക്കാനാണിത് ചെയ്യുന്നതെന്നത് സ്വാഗതാർഹവും അഭിനന്ദനാർഹവുമാണ്. ഇവിടെ അവതാരകൻ ഇത്രയേറെ ഗൗരവമേറിയ പ്രശ്നത്തെ അവതരിപ്പിക്കുന്നതിൽ പരാജയപ്പെട്ടു. എവിടെയും രാഷ്ട്രീയ പ്രശ്നമായി കാണണമെന്ന കാഴ്ചപ്പാടിന്റെ ഭാഗമായാണിത് വരുന്നത്. അതിനിടയ്ക്കാണ് വന്നുപോയത് ഒൻപത് വർഷം നിങ്ങൾ ഭരിച്ചുവെന്നത്. ഒൻപത് വർഷം ഓടിളക്കിവന്നതൊന്നുമല്ല. കേരളത്തിലെ ജനങ്ങൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. അത് തുടരുകതന്നെ ചെയ്യും. ഇവിടെ സ്വീകരിക്കുന്ന നിലപാട് 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്ന് കൗതുകം' എന്ന നിലപാടാണ് സ്വീകരിച്ചത്. ഇതിനോട് നമുക്ക് യോജിച്ച് പോകാൻ

സാധിക്കില്ല. പൊതുസമൂഹമാകെ ഇത്രയും ഗൗരവമേറിയ പ്രശ്നത്തെ അഭിമുഖീകരിക്കുമ്പോൾ അതിനെ നമുക്ക് എങ്ങനെ കൂട്ടായി നേരിടാം എന്നതിനെക്കുറിച്ചല്ലേ ഈ സഭ ചർച്ച ചെയ്യേണ്ടത്. കേരളത്തിലെ പൊതുസമൂഹത്തിന് അത്രയേറെ വേദനയുള്ളതല്ലേ; അതിന്റെ ഒരു ഗൗരവം നിങ്ങൾ ഉൾക്കൊണ്ടില്ലല്ലോ; എന്ത് പ്രയാസമാണ് കേരളീയ സമൂഹം നേരിടുന്നത്? അതിനെ നേരിടുന്നതിന് ക്രീയാത്മകമായ നിർദ്ദേശംവച്ചുകൊണ്ട് നമുക്ക് ചർച്ച ചെയ്ത് പൊതുവായ തീരുമാനമെടുക്കുകയെന്നതാണല്ലേ സർക്കാരിന്റെ സമീപനം. ആ നിലയിലേയ്ക്കാണ് പോകേണ്ടത്. അതോടൊപ്പം പ്രീയപ്പെട്ട റോജി എം. ജോൺ കൂടി സൂചിപ്പിച്ചു, ഞാൻ ഇത്തരം വിഷയങ്ങളൊന്നും അങ്ങനെ ചർച്ച ചെയ്യുന്ന സമീപനം സ്വീകരിക്കാറില്ല. പ്രതാപവർമ തമ്പാനെ ആരാണ് കുത്തിയത്; കെ.എസ്.യു. ക്യാമ്പിൽ ലഹരി വിതരണം ചെയ്തത് ആരാണ്; ആ വിഷയങ്ങളിലേയ്ക്ക് ചർച്ചകൊണ്ടുപോകുന്ന നിലപാട് സ്വീകരിക്കാറില്ല. അങ്ങനെയുള്ള ചർച്ചകളിലേയ്ക്ക് പ്രതിപക്ഷാംഗങ്ങൾ ഭരണപക്ഷത്തെ കൊണ്ടുപോകരുത്. ഈ വിഷയത്തിന്റെ ഗൗരവത്തെ നിങ്ങളില്ലാതാക്കരുത്. ശ്രീ. പി. സി. വിഷ്ണുനാഥും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഈ ഈ വിഷയം വളരെ മനോഹരമായി ഇവിടെ ചർച്ച ചെയ്തതല്ലേ; എന്തിനാണ് വക്രീകരിച്ച്

ഈ രീതിയിലേയ്ക്ക് ഇതിനെ കൊണ്ടുപോകാൻ പരിശ്രമിച്ചതെന്നും അതിന്റെ ചേതോവികരമെന്താണെന്നും എനിക്ക് മനസ്സിലായില്ല. പുതിയ തലമുറ 'ജെൻ സികൾ' എന്നാണ് അറിയപ്പെടുന്നത്. ഇപ്പോൾ അത് 'ജെൻ-സി ആൽഫ' ആയി മാറിയിട്ടുണ്ട്. സാമൂഹ്യ ബന്ധങ്ങളെയോ പൊതുവായി നാം സ്വീകരിക്കുന്ന നിലപാടുകളെയോ നമ്മുടെ കുടുംബ ബന്ധങ്ങളെയോ ഒന്നും സ്വീകരിക്കാത്ത നിലയിലേയ്ക്ക് നേരത്തെ സംസാരിച്ച ശ്രീ. കെ. വി. സുമേഷ് പറഞ്ഞതുപോലെയുള്ള ഒരു തലമുറയായി വരികയാണ്. അവരെ കുറ്റം പറഞ്ഞിട്ടും കാര്യമില്ല. അതാണ് സാഹചര്യങ്ങൾ. ഇതിനെ എങ്ങനെ കുടുംബവും സമൂഹവുമായി ബന്ധിപ്പിച്ച് കൊണ്ടുപോകാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഒരു ശാസ്ത്രീയ പഠനം നമുക്ക് അനിവാര്യമാണ്. അതിലേയ്ക്കാണ് നാം ശ്രദ്ധ പതിപ്പിക്കേണ്ടത്. ഇത് കേരളത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന പ്രശ്നമല്ല. അമേരിക്കയിലും അതുപോലെയുള്ള രാജ്യങ്ങളിലും കുട്ടികൾ സഹപാഠികളെ വെടിവച്ചുകൊല്ലുന്ന വാർത്തകൾ നേരത്തെ നമ്മൾ വായിച്ച് മനസ്സിലാക്കിയവരാണ്. അതോടൊപ്പം സഭയിൽ പറയാൻ കൊള്ളത്തില്ലെങ്കിലും വാർത്ത വന്ന സാഹചര്യത്തിൽ പറയാതെ നിവർത്തിയില്ല. അമ്മമാർ കുട്ടികൾക്ക് ഗർഭനിരോധന ഗുളികകൾ പോലും കൊടുത്താണ് സ്കൂളിലേയ്ക്കും കോളേജുകളിലേയ്ക്കും അയയ്ക്കുന്നതെന്ന വാർത്ത

വന്നിരുന്നു. അത്തരമൊരു സാഹചര്യത്തിൽ സമൂഹം നിൽക്കുകയാണ്. അതിന്റെ കൂടെ ഇവിടെയും ഇപ്പോൾ വിവിധ ലഹരി വസ്തുക്കൾ ബ്രൗൺ ഷുഗർ, എം.ഡി.എം.എ., ഹാഷിഷ് ഓയിൽ, കഞ്ചാവ്, കൊക്കെയിൻ, ചരസ്സ് ഇതെല്ലാം പലവിധ മാർഗ്ഗങ്ങളിലൂടെ വന്നുകൊണ്ടിരിക്കുകയാണ്. ഗുജറാത്ത് സംസ്ഥാനം ഇതിന്റെ കേന്ദ്രമെന്നാണ് പത്രമാധ്യമങ്ങളിലൂടെ വരുന്നത്. ഗുജറാത്തിലെ തുറമുഖങ്ങളിലൂടെയാണ് കോടാനുകോടി രൂപയുടെ ലഹരി വസ്തുക്കൾ കടന്നുവരുന്നതെന്നാണ് പറയപ്പെടുന്നത്. അത് ഫാസിസത്തിൽ ഹിറ്റ്ലർ എടുക്കുന്ന നിലപാടുപോലെ 'Catch The Young' ചെറുപ്പക്കാരെ സ്വാധീനിക്കാനുള്ള പരിശ്രമം നടത്തുന്നതിന്റെ ഭാഗമായി നമ്മുടെ സ്കൂളുകളിലും കോളേജ് ക്യാമ്പസുകളിലും അതിന് ആളുകളെ സംഘടിപ്പിക്കുന്ന നിലയിലേയ്ക്ക് കൊണ്ടുവരുന്ന ശ്രമം നടത്തുകയാണ്. അതിന് സ്കൂളുകളിലും കോളേജുകളിലും എന്ത് നിലപാട് സ്വീകരിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ഒരു കാഴ്ചപ്പാടുവേണം. പ്രത്യേകിച്ച് താമരശ്ശേരിയിലും മറ്റ് സമീപ പ്രദേശങ്ങളിലുമുണ്ടായിട്ടുള്ള സംഭവങ്ങൾ.

മി. സ്പീക്കർ: ഈൽഡ് ചെയ്യുണ്ട. സമയം പോകും. നോ .... നോ .... ഇനിയിത് പറ്റില്ല.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ശ്രീ. ഇ. കെ. വിജയൻ

പറഞ്ഞതിൽ ഒരു ചെറിയ കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. വിദ്യാഭ്യാസത്തിൽ ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നത് ഐ.ക്യൂ.-വിനാണ്. വിദ്യാഭ്യാസത്തിൽ അടിസ്ഥാനപരമായി ഇ.ക്യൂ.-വിന്റെ ഒരു ഘടകവുമുണ്ട്. യാർഥത്തിൽ ഇമോഷണലായിട്ടുള്ള ഘടകം കുട്ടികളിൽ ഡെവലപ്പ് ചെയ്യാൻ കഴിയാതെ പോകുന്നുവെന്നത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. Values യഥാർഥത്തിൽ ഡിപ്രീഷിയേറ്റ് ചെയ്യുകയാണ്. Values തിരികെ പിടിക്കാനുള്ള ശ്രമവും Emotional quotient-ലേയ്ക്ക് കുട്ടികൾ മാറാനുള്ള സംവിധാനവും ഇതിന്റെ ഭാഗമായി യഥാർഥത്തിൽ രൂപപ്പെടുത്തേണ്ടതുണ്ട്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, താമരശ്ശേരിയിലും വെഞ്ഞാറമൂട്ടുമുണ്ടായ സംഭവത്തെ തുടർന്നാണ് നമ്മുടെ കുട്ടികൾ അക്രമവാസനയിലേയ്ക്ക് വരുന്ന സാഹചര്യത്തെക്കുറിച്ച് ചർച്ച ചെയ്യണമെന്ന് ആഗ്രഹിക്കുന്നത്. ഇവിടെ കുടുംബ ബന്ധങ്ങളിലൊക്കെത്തന്നെ മാറ്റം വരുകയാണ്. നേരത്തെയുള്ള സാഹചര്യങ്ങളിൽനിന്ന് മാറി ഇപ്പോൾ അണുകുടുംബമായി. ഇപ്പോൾ വീടുകളിൽ രക്ഷിതാക്കൾ എന്ന നിലയിൽ അച്ഛനോ അങ്ങനെയുള്ള ആളുകളോ ഇല്ല. പലർക്കും ജോലിയുണ്ടാകും. കുട്ടികളെ ശ്രദ്ധിക്കുന്നതിൽ താൽപര്യക്കുറവ് അല്ലെങ്കിൽ സമയക്കുറവ് വരുന്നുണ്ട്. അത്തരം പ്രശ്നങ്ങളും

ഇതിന്റെ ഭാഗമായി ഉയർന്നുവരുന്നുണ്ട്. അത്തരം വിഷയങ്ങൾ എങ്ങനെ കൈകാര്യം ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് ധാരണ വേണം. 'കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം'. അത് നമുക്കില്ല. കുട്ടികളോട് അച്ഛനും അമ്മയും സംസാരിക്കുന്ന നിലപാടില്ല. പണ്ട് മുത്തശ്ശിമാർ കുട്ടികളുടെ പൊതുനന്മ ലാക്കാക്കിക്കൊണ്ട് മുത്തശ്ശിക്കഥകൾ പറഞ്ഞ് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്ന ഒരു പ്രവർത്തനമുണ്ടായിരുന്നു. അതിൽനിന്ന് നാം പുറകോട്ടുപോയി. ഇപ്പോൾ എല്ലാ വീടുകളും പരിശോധിച്ചാൽ കുട്ടികളോട് വീട്ടിലുള്ള ആരുംതന്നെ സംസാരിക്കുന്നില്ല. അച്ഛൻ വരുന്നു, അമ്മ വരുന്നു അർവക്ക് തിരക്ക്, അല്ലെങ്കിൽ അച്ഛൻ സ്ഥലത്തില്ല തുടങ്ങിയ പ്രശ്നങ്ങൾ കുട്ടികളിൽ വല്ലാത്ത അകൽച്ചയുണ്ടാക്കുകയാണ്. ഇത്തരം പ്രശ്നങ്ങളെല്ലാം അവരുടെ ജീവിതത്തെ വല്ലാതെ ബാധിക്കുന്നുണ്ട്. അവരെ നേരായ വഴിക്ക് കൊണ്ടുവരണമെങ്കിൽ അത് എങ്ങനെ ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് നല്ലൊരു പഠനം നടത്തേണ്ടതുണ്ടെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഏത് ധൂസര സങ്കൽപ്പങ്ങളിൽ വളർന്നാലും

ഏത് യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും

മസ്സിലുണ്ടാകട്ടെ ഗ്രാമത്തിൻ വെളിച്ചവും മണവും മമതയും

ഇത്തിരിക്കൊന്നപ്പൂവും .....

എന്ന് വൈലോപ്പിള്ളി പണ്ട് പറഞ്ഞിട്ടുണ്ട്. നമ്മൾ ആഗ്രഹിക്കുന്നത് അതാണെങ്കിൽപ്പോലും ഇന്നത്തെ കുട്ടികൾ മാറിക്കൊണ്ടിരിക്കുകയാണ്. അത് കൈകാര്യം ചെയ്യുന്നതിന് നല്ലൊരു ശ്രമം ആവശ്യമാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ സുശക്തമായ പി.ടി.എ.-യും അതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങളും ആവശ്യമാണ്. അധ്യാപകർക്ക് കുട്ടികളെ വഴക്കുപറയാൻ പേടിയാണ്. എന്റെ പഠനകാലത്ത് അധ്യാപകരെ നമുക്ക് വളരെ ബഹുമാനവും പേടിയുമായിരുന്നു. വടി കയ്യിലുണ്ടായാൽ മതിയായിരുന്നു, അടിക്കേണ്ടതില്ലായിരുന്നു. ഇന്ന് കുട്ടികളെ അധ്യാപകർക്ക് തൊടാൻ സാധിക്കില്ല. തെറ്റുകണ്ടാൻ വഴക്കുപറയാൻ പാടില്ല, കുട്ടികളുടെ ബാഗ് അധ്യാപകർക്ക് പരിശോധിക്കാൻ സാധിക്കില്ല. അപ്പോഴേയ്ക്കും ബാലാവകാശ കമ്മീഷനുമൊക്കെ ഇടപെടും. അതിന്റെ ഭാഗമായി അധ്യാപകരുടെ ശ്രദ്ധ വളരെ കുറയുന്നുണ്ട്. അവർക്ക് കുട്ടികളെ ശ്രദ്ധിക്കണമെന്നുണ്ട്, പക്ഷെ അവർക്ക് കേസിൽ പെട്ടുപോകുമോയെന്ന പേടിയാണ്. ഇത്തരം പ്രശ്നങ്ങളെല്ലാം ഇതിന്റെ ഭാഗമായി ഉയർന്നുവരുന്നുണ്ട്. അതിനെ എങ്ങനെ നേരിടാൻ സാധിക്കുമെന്ന്

ആലോചിക്കണം. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പി.ടി.എ. ശക്തിപ്പെടുത്തണം, വിദ്യാർഥി സംഘടനകൾ, യുവജന സംഘടനകൾ, മത സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, മറ്റ് വേദികളിൽ യോഗങ്ങൾ തുടങ്ങുമ്പോളെല്ലാം ലഹരിക്കെതിരെ പത്ത് മിനിട്ട് ചർച്ച ചെയ്യുന്ന നിലയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ സാധിക്കണം. എങ്കിൽ മാത്രമേ നമുക്ക് ഇതിൽനിന്ന് മോചിതരാകാൻ സാധിക്കുകയുള്ളൂ. അത്ര വേഗത്തിൽ സാധിക്കുന്ന ഒന്നല്ലിത്. നല്ല പരിശ്രമം നടത്തിയെങ്കിലെ ഇതിൽനിന്ന് കുട്ടികളെ മോചിപ്പിക്കാൻ സാധിക്കുകയുള്ളൂ. അതിനെ നേരിടനുള്ള സമീപനമാണ് വേണ്ടത്. കോവിഡിനുശേഷം മൊബൈൽ ഫോൺ പോലെയുള്ള ഡിവൈസുകളെല്ലാം കുട്ടികളുടെ കൈയിലുണ്ട്. നേരത്തെ ഒരു സിനിമ കാണണമെങ്കിലും ഭക്ഷണം കഴിക്കണമെങ്കിലും വലിയ പ്രയാസമായിരുന്നു. ഇപ്പോൾ എല്ലാവരുടെ കൈയിലും പൈസയുണ്ട്. കേരളത്തിലെ കുടുംബജീവിത നിലവാരത്തിൽ വലിയ മാറ്റം വന്നിട്ടുണ്ട്. ഇപ്പോൾ അവരുടെ വിരൽത്തുമ്പിലാണ് സിനിമ കാണുന്നത്. ഏത് സിനിമ കാണണമെന്ന് സഹപാഠികളിൽനിന്നോ സ്കൂളിൽനിന്നോ മനസ്സിലാക്കിക്കൊണ്ടുവന്ന് കുട്ടികൾ കാണാൻ പാടില്ലാത്ത സിനിമ കാണുന്നുണ്ട്. പ്രത്യേകിച്ച് വയലൻസുള്ള സിനിമകൾ അവർ കാണുന്നുണ്ട്.

അതുപോലെ വീടുകളുടെ സ്ഥിതി നേരത്തെയുള്ളതുപോലെയല്ല. കുട്ടികൾ പഠിക്കുകയാണെന്ന് പറഞ്ഞ് വാതിലടച്ചിരിക്കുന്നു. അവർ നോക്കുന്നതെല്ലാം ഇത്തരം കാര്യങ്ങളാണ്. അച്ഛൻ വീട്ടിലില്ല. അമ്മ നോക്കുമ്പോൾ അവർ പഠിക്കുകയാണെന്ന് പറയും. ഭക്ഷണം കഴിക്കാൻ പോലും അവർ വരുന്നില്ല. പക്ഷെ അവർ ശ്രദ്ധിക്കുന്നത് ഇത്തരം കാര്യങ്ങളാണ്. അതിനെ എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെക്കുറിച്ചുള്ള നല്ലൊരു കാഴ്ചപ്പാട് ഇതിന്റെ ഭാഗമായി ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. നേരത്തെയുള്ള സാഹചര്യത്തിൽനിന്ന് കുട്ടികൾ മാറി, അവർക്ക് പണം വേണം. പല കുട്ടികളുടെ കയ്യിലും പണമുണ്ട്. പണമില്ലെങ്കിൽ അമ്മയുമായി വഴക്കുകൂടുന്നു. പിന്നെ പണമുണ്ടാക്കാനുള്ള മാർഗ്ഗമാണ് ലഹരി. അപ്പോൾ ലഹരി ഉപയോഗിക്കുന്നു, അത് കൈമാറ്റം ചെയ്തു കഴിഞ്ഞാൽ അതിലൂടെ പണം ലഭിക്കും. അതിലേയ്ക്ക് അവരെ കൊണ്ടുപോകുന്ന സമീപനങ്ങളായി ഇത് വരികയാണ്. ഈ ഒരു സാഹചര്യം നിലനിൽക്കുന്നുവെന്നതാണ് ഇന്നത്തെ യാഥാർഥ്യം. ഇത് ഒഴിവാക്കാനുള്ള ശ്രമമുണ്ടാകണം. ഇത്തരം ലഹരി വസ്തുക്കൾ ഉപയോഗിക്കുമ്പോൾ പോക്സോ കേസുകൾ വളരെയധികം വർധിക്കുകയാണ്. ഇത് വർധിക്കാൻ തുടങ്ങിയത് സമീപകാലത്തല്ല, കുറെ വർഷങ്ങളായി. ഇപ്പോൾ ജാഗ്രതയോടെ നിലപാട് സ്വീകരിച്ചതിന്റെ

അടിസ്ഥാനത്തിൽ കഴിഞ്ഞ കുറച്ചുവർഷങ്ങൾകൊണ്ടാണ് ആ കേസ്സുകൾ പിടിക്കാനും ശിക്ഷിക്കപ്പെടുന്ന നിലയിലേയ്ക്കും വന്നത്. നേരത്തെ നമ്മുടെ നാട്ടിൽ പരസ്പരം സംസാരിച്ചും പൈസ നൽകിയും പരിഹരിച്ചിരുന്നെങ്കിൽ ഇന്ന് നിയമത്തിന്റെ മുമ്പിൽകൊണ്ടുവന്ന് അതിന് 50, 60, 70 വർഷം വരെ ശിക്ഷ നൽകുന്ന രീതിയിലേയ്ക്കുള്ള മാറ്റം കേരളത്തിൽ വന്നിട്ടുണ്ട്. ഇത് നേരത്തെയുള്ളതാണ്. ലഹരി വസ്തുക്കളുടെ ഉപയോഗം കൂടി വന്നതോടുകൂടി അച്ഛനെയും അമ്മയെയും ഉമ്മയെയും ബാപ്പയെയും തിരിച്ചറിയാൻ സാധിക്കാത്ത സമീപനത്തിലേയ്ക്ക് വരുന്നുണ്ട്. സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ്, എൻ.സി.സി. എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിൽ കുട്ടികളെ കൊണ്ടുവരണം. കുട്ടികൾക്ക് കളിക്കാനുള്ള അത്തരം വേദികളിലേയ്ക്ക് അവരെ എത്തിക്കാനുള്ള സമീപനവും വരേണ്ടതുണ്ട്. കുടുംബാന്തരീക്ഷത്തിൽ നല്ല മാറ്റം വരുത്തനുള്ള ശ്രമം നടത്തണം. മകൻ എന്തെങ്കിലും തെറ്റ് ചെയ്താൽ അവൻ അങ്ങനെ ചെയ്യാൻ സാധ്യതയില്ലെന്ന് അമ്മ പറയും. ഒരു സിനിമ അടുത്ത സമയത്ത് ഇറങ്ങിയിരുന്നു. കുറച്ച് എം.എൽ.എ.-മാർ ആ സിനിമ കണ്ടിരുന്നു. അതിന്റെ theme-ഉം നിർമ്മാണവും സംവിധാനവുമൊക്കെ മികച്ചതായിരുന്നു. അത് നന്നായി അവതരിപ്പിച്ചിട്ടുണ്ട്. ലഹരിയുടെ ഉപയോഗത്തിന്റെ ഭാഗമായി അമ്മയ്ക്കും അച്ഛനും കുടുംബത്തിനുണ്ടാകുന്ന

പ്രശ്നങ്ങളെന്തൊക്കെയാണെന്നാണ് അതിൽ പ്രതിപാദിക്കുന്നത്. അത്തരമൊരു സാഹചര്യത്തിൽ ലഹരി ഉപയോഗം എങ്ങനെ മാറ്റിയെടുക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. വളരെ ഗൗരവപൂർവ്വം ഈ വിഷയം ചർച്ചയ്ക്കുകൊണ്ടുവന്നത് തീർച്ചയായും സ്വാഗതാർഹമാണ്. കേരളീയ സമൂഹം അത് ആഗ്രഹിക്കുന്നതാണ്. ഇന്നത്തെ ചർച്ചയിൽ ഇതിനെ നേരിടാനുള്ള കൂട്ടായ തീരുമാനം എടുത്തുകൊണ്ട് മുന്നോട്ട് പോകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

(ഡോ. എം. കെ. മുനീർ)

പി. 03-03-2025
ആർ.ആർ.-എസ്.ജി.-2
12.50-1.00

<u>ഡോ. എം. കെ. മുനീർ</u>: സർ, ഒരു പിതാവ് എന്ന നിലയിലും താമരശ്ശേരി എന്ന സ്ഥലം ഉൾക്കൊള്ളുന്ന നിയോജകമണ്ഡലത്തിന്റെ ജനപ്രതിനിധിയെന്ന നിലയിലും കേരളത്തിലെ ഒരു പൗരൻ എന്ന നിലയിലും അങ്ങേയറ്റം വേദനയോടെയാണ് ഞാൻ ഇവിടെ നിൽക്കുന്നത്. കൊല്ലപ്പെട്ട മുഹമ്മദ് ഷഹബാസിന്റെ വീട്ടിൽ ചെന്ന് ഞാൻ ആ കുട്ടിയുടെ പിതാവിനെ കണ്ടിരുന്നു. പിതാവിന്റെ പേര് ഇക്ബാൽ എന്നാണ്. അദ്ദേഹം

ഒരു പെയിന്റിംഗ് തൊഴിലാളിയാണ്. വാടകവീട്ടിലാണ് അവർ താമസിക്കുന്നത്. സ്വന്തമായി ഒരു വീട് നിർമ്മിക്കാൻ ആരംഭിച്ചിട്ടുണ്ട്. ആ അവസരത്തിൽ തുടർന്ന് പഠിക്കാൻ ആഗ്രഹമുണ്ടെന്ന് ഷഹബാസ് പറഞ്ഞിരുന്നു. വീടിന്റെ പണി തീർന്നിട്ടില്ലെങ്കിലും ഇനിയുള്ള പണം മകന് പഠിക്കാൻ വേണ്ടി മാറ്റിവയ്ക്കുമെന്നാണ് പിതാവ് പറഞ്ഞിരുന്നത്. ഷഹബാസ് ആക്രമിക്കപ്പെടുന്ന ദിവസം, സ്കൂട്ടറിൽ ആരോ മകനെ വീട്ടിൽ കൊണ്ടാക്കുകയായിരുന്നു. അവന്റെ ഒരു കണ്ണിന്റെ ഭാഗത്ത് നല്ലരീതിയിൽ പരിക്കുണ്ടായിരുന്നു. അവൻ ഉമ്മയോട് പറഞ്ഞത്, എന്റെ തല വലുതാകുന്നതുപോലെ തോന്നുന്നു എന്നാണ്. അതുകഴിഞ്ഞ് അവൻ കുറേ ഛർദിച്ചു. ആശുപത്രിയിൽ കൊണ്ടുപോയി, ഐ.സി.യു.-വിൽ പ്രവേശിപ്പിച്ചു. തുടർന്ന് നിശ്ചലമായ ഷഹബാസിനെയാണ് തിരികെ വീട്ടിലേയ്ക്ക് കൊണ്ടുവന്നത്. ഇതെന്താണ് സംഭവിക്കുന്നത്; സ്വന്തം സഹപാഠികൾ അവന്റെ മുഖത്ത് നഞ്ചക്ക് എന്ന ആയുധം ഉപയോഗിച്ചാണ് അടിച്ചത്. അവന്റെ തലയോട്ടി പൊട്ടിപ്പോകുകയും ചെയ്തു. ഇങ്ങനെയൊക്കെ വൈരാഗ്യം വരാൻ കാരണമെന്താണ്? നിലവിൽ എല്ലാ സ്കൂളുകളിലും നടക്കുന്ന ഒരു പ്രോഗ്രാമാണ് Disc Jockey എന്ന ഡി.ജെ. പാർട്ടി. സാധാരണ ഈ പരിപാടിയാണ് അടിയിലേയ്ക്കെത്തുന്നത്. പലപ്പോഴും

ഇതൊരു മയക്കുമരുന്ന് പാർട്ടിയായി മാറുന്ന സാഹചര്യമാണുള്ളത്. ഇവിടെയും ട്യൂഷൻ സെന്ററിൽ ഡി. ജെ. പാർട്ടി നടന്നിരുന്നു. ഡി. ജെ. പാർട്ടിയിൽ ഒരു പാട്ട് നിന്നുപോയി എന്ന വിഷയത്തിന്മേലുണ്ടായ തർക്കമാണ് രണ്ട് സ്കൂളിലെ കുട്ടികൾ തമ്മിൽ അടിപിടിയിൽ കലാശിക്കുന്നത്. എം. ജെ. ഹയർസെക്കൻഡറി സ്കൂൾ, താമരശ്ശേരി ജി.വി.എച്ച്.എസ്.എസ്. എന്നീ രണ്ട് സ്കൂളുകളും എന്റെ നിയോജകമണ്ഡലത്തിലാണ്. താമരശ്ശേരി ജി.വി.എച്ച്.എസ്.എസ്. സ്കൂളിന്റെ വികസനത്തിനും അന്തർദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനും വേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ച് അവിടെ ഇന്ററാക്ടീവ് ക്ലാസുകളൊക്കെ ചെയ്യണമെന്ന് ആഗ്രഹിച്ചതാണ്. അതേ സ്കൂളിലെ അഞ്ച് കുട്ടികളാണ് ഇന്ന് കൊലപാതക കേസിൽ ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ നിർദേശപ്രകാരം ഒബ്സർവേറ്ററി സെന്ററിൽ കഴിയുന്നത്. ആ സ്കൂളിലെ മറ്റുകുട്ടികളുടെ രക്ഷിതാക്കളോട് എന്താണ് പറയേണ്ടത്; ഇത്തരം സംഭവങ്ങൾക്കുപിന്നിൽ ആരാണെന്ന് നാം പരിശോധിക്കേണ്ടതാണ്. സംഭവശേഷം ഈ കുട്ടികൾ പറഞ്ഞത്, നമ്മൾ ഈ കേസിൽ നിന്ന് രക്ഷപ്പെടുമെന്നാണ്. അവന്റെ കണ്ണൊന്ന് പോയി നോക്ക്... ഞാൻ വിചാരിച്ചുകഴിഞ്ഞാൽ അവൻ ഇല്ലാതെയാകും എന്നൊക്കെ ഇൻസ്റ്റഗ്രാം വഴി

കുട്ടികൾ സന്ദേശം അയയ്ക്കുകയാണ്. അവരുടെ ഇൻസ്റ്റഗ്രാം ഗ്രൂപ്പിന്റെ പ്രൊഫൈൽ പിക്ചർ എന്താണെന്ന് അറിയാമോ; Netflix-ൽ ദക്ഷിണ കൊറിയൻ സീരീസിൽ Squid Game എന്ന കടുത്ത വയലൻസ് ചിത്രമുണ്ട്. അതിലെ Young-hee എന്ന പാവക്കുട്ടിയുടെ ചിത്രമാണ് പ്രൊഫൈൽ പിക്ചറായി ചേർത്തിരിക്കുന്നത്. 'വയലൻസിന്റെ നരകത്തിലേയ്ക്ക് സ്വാഗതം' എന്ന വരികളിലൂടെയാണ് അടുത്ത കാലത്തെ ഒരു സിനിമയുടെ ഭാഗമായി പരസ്യം നൽകിയത്. 'ഇന്ത്യയിലെ ഏറ്റവും വലിയ വയലൻസ് കാണണമെങ്കിൽ വരൂ' എന്നുപറഞ്ഞുകൊണ്ട് മറ്റൊരു ചിത്രവും നൽകിയിരുന്നു. ഇത്തരം ചലച്ചിത്രങ്ങൾ നമ്മളെ എങ്ങോട്ടേയ്ക്കാണ് കൊണ്ടുപോകുന്നത്; മരണഗെയിമുകൾ എത്ര ആളുകളെ കൊന്നിട്ടുണ്ട്?. ഷഹബാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട വിഷയത്തിൽ, പ്രതിയായ കുട്ടിയുടെ രക്ഷിതാക്കളുടെ സ്വാധീനം എത്രത്തോളമാണെന്നു ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം പ്രതിയായ കുട്ടിയുടെ പിതാവിന് കൊട്ടേഷൻ രാഷ്ട്രീയബന്ധം സൂചിപ്പിക്കുന്ന തെളിവുകളുണ്ട്. ടി പിതാവ് ടി.പി. വധക്കേസുമായി ബന്ധപ്പെട്ട രജീഷ് എന്ന വ്യക്തിയുടെ കൂടെ നിൽക്കുന്ന ചിത്രം പുറത്ത് വന്നിരിക്കുകയാണ്. അയാളുടെ അലമാരയിൽ നിന്നാണ് പോലീസ് നഞ്ചക്ക് കണ്ടെത്തിയിരിക്കുന്നത്. കുട്ടികൾ തമ്മിലുള്ള അടി

നടക്കുമ്പോൾ ഈ പിതാവ് ആ ഭാഗത്ത് ഉണ്ടായിരുന്നെന്നതിന് സാക്ഷിമൊഴികളുണ്ട്. പിതാവിന്റെ പേരിൽ പോലീസ് എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല? കുട്ടികളെ ഇത്തരത്തിലുള്ള അക്രമത്തിലേയ്ക്ക് തിരിച്ചുവിടാൻ രക്ഷകർത്താക്കളും ഒപ്പം നിൽക്കുന്നു എന്നുപറയുമ്പോൾ കേരളം ഇന്നെവിടെ എത്തി നിൽക്കുകയാണെന്ന് ഓർക്കണം. അതുകൊണ്ടാണ് പ്രിയപ്പെട്ട ശ്രീ. രമേശ് ചെന്നിത്തല ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറഞ്ഞത്, അങ്ങ് വിചാരിച്ചാൽ ഒറ്റ ദിവസംകൊണ്ട് അവസാനിപ്പിക്കാൻ സാധിക്കുന്നതാണ് ഇതെന്ന് ഞങ്ങൾ വിശ്വസിക്കുന്നുയെന്ന്. മറ്റൊരു സംഭവം സൂചിപ്പിക്കാം, എം.ഡി.എം.എ.-യുടെ രണ്ട് പുതിയ പേരുകൾ എന്താണെന്നറിയാമോ? മോളി, എക്സ്റ്റസി എന്നിവയാണവ. എക്സ്റ്റസി എന്നാൽ ഹർഷോന്മാദം എന്നാണ്. എം.ഡി.എം.എ. സൂക്ഷിക്കുന്ന ആളുടെ വീട്ടിൽ പരിശോധനയുടെ ഭാഗമായി എത്തിയ പോലീസിനെ ആക്രമിച്ചിരിക്കുന്നു. എന്നാൽ പിറ്റേദിവസം മറ്റൊരു പോലീസ് ഉദ്യോഗസ്ഥൻ അയാളുടെ തോളിൽ കൈയിട്ട് നിൽക്കുന്ന ചിത്രം പുറത്ത് വരികയാണ്. ഇത്തരം വിഷയങ്ങൾ ഡി.ജി.പി.-യോട് സംസാരിച്ചിട്ടുണ്ട്. ഡി.ജി.പി.-യുടെ നിർദേശപ്രകാരം മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള പ്രവർത്തനങ്ങൾക്കായി ഞങ്ങൾ യോഗം

ചേർന്നു. ആ യോഗത്തിൽ ഞങ്ങൾ വലിയ തീരുമാനങ്ങൾ എടുക്കുകയുണ്ടായി. പ്രതിരോധ പ്രവർത്തനങ്ങൾക്ക് പോലീസ് ഞങ്ങളോടൊപ്പം നിൽക്കുമെന്നും സൂചിപ്പിച്ചിരുന്നു. എന്നാൽ പിറ്റേദിവസം നരിക്കുനിയിൽ പുതിയൊരു ബിവറേജ് ഔട്ട്‌ലെറ്റ് തുറക്കുകയാണെന്ന വാർത്തയാണ് കേട്ടത്. മദ്യം നിർത്താൻ വേണ്ടി യോഗം ചേർന്ന് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുമ്പോൾ ബിവറേജ്ഷോപ്പ് തുടങ്ങുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. ബിവറേജ്ഷോപ്പ് തുടങ്ങി എന്നുമാത്രമല്ല, എന്റെ കൂടെ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നിന്ന പോലീസുകാരെല്ലാം ബിവറേജ്ഷോപ്പ് പൂട്ടിക്കാൻ ആരെങ്കിലും വരുന്നുണ്ടോ എന്നതിന് കാവൽ നിൽക്കാൻ നിയോഗിക്കപ്പെടുകയും ചെയ്തു. ഇതുരണ്ടും ഒരേ ഡി.ജി.പി.-യുടെ വായിൽ നിന്നുവരുന്ന നിർദേശങ്ങളാണ്. എങ്ങനെയാണ് നാം നന്നാകുന്നത്. 'ശുചി മുറിയിൽ നിന്ന് മാലിന്യ വെള്ളം കുടിപ്പിച്ച മെഹർ ആത്മഹത്യ ചെയ്തു, വിതുരയിൽ പ്ലസ് വൺ-പ്ലസ് ടു വിദ്യാർഥികൾ തമ്മിൽ അടി, കോട്ടയത്തെ നഴ്സിങ് കോളേജിൽ നടന്ന റാഗിങ്..എന്നിങ്ങനെ ഓരോ സ്ഥലങ്ങളിലും നിരവധി സംഭവങ്ങളാണ് നടക്കുന്നത്... തുടർന്ന് തിരുവനന്തപുരം വെഞ്ഞാറമൂട് ഒരു പ്രശ്നമുണ്ടായി. എന്തുതരത്തിലുള്ള ആക്രമണമാണ് അവിടെ നടന്നിരിക്കുന്നത്; ആ പ്രശ്നത്തിൽ നാം

ഗൗരവമായി കാണേണ്ട ചില കാര്യങ്ങളുണ്ട്. അഫാൻ എന്ന ചെറുപ്പക്കാരൻ സ്വന്തം അനിയനെ ചുറ്റിക കൊണ്ട് അടിക്കുക മാത്രമല്ല, മുഖം വികൃതമാക്കുകയും ചെയ്തു. ഇതിനുള്ള മനസ്സ് എങ്ങനെ വരുന്നു എന്നാണ് ചിന്തിക്കേണ്ടത്. അവനും മദ്യം കഴിച്ചിട്ടുണ്ടായിരുന്നു. മദ്യം കഴിച്ചതിനുശേഷമാണ് പ്രിയതമയെ കൊല്ലുന്നത്. ഇനിയും മദ്യഷോപ്പുകൾ തുടങ്ങുകയും ബ്രൂവറി പദ്ധതിയുമായി മുന്നോട്ട് പോകുകയും ചെയ്താൽ എന്താകും അവസ്ഥ? കെ.പി.എ.സി. ലളിത, ഇന്നസെന്റ് എന്നിവരുടെ ആത്മാവിനോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നീതി പുലർത്തണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഈ സർക്കാർ ഘട്ടംഘട്ടമായി മദ്യം ഇല്ലാതാക്കുമെന്ന് അവരെ കൊണ്ട് പറയിപ്പിക്കുകയും അവർ മരിച്ചതിനുശേഷം ഘട്ടംഘട്ടമായി പുതിയ മദ്യഷോപ്പുകൾ തുടങ്ങുകയും ചെയ്യുമ്പോൾ അവരോട് എത്രമാത്രം നീതി പുലർത്തുന്നെന്ന് നാം പരിശോധിക്കേണ്ടതുണ്ട്. അതുകൊണ്ട് ദയവുചെയ്ത്... മദ്യത്തിൽ നിന്നും മയക്കുമരുന്നിൽ നിന്നും സമൂഹത്തെ രക്ഷിക്കാനുള്ള മാർഗങ്ങൾ മുഖ്യമന്ത്രി മുൻകൈയെടുത്ത് പ്രവർത്തിക്കുകയാണെങ്കിൽ ഞങ്ങളുടെ പൂർണ പിന്തുണയുണ്ടാകുമെന്ന് സൂചിപ്പിക്കുകയാണ്. കാരണം ഒരു രക്ഷിതാവ് എന്ന നിലയിലാണ് ഇക്കാര്യങ്ങൾ ആവശ്യപ്പെടുന്നത്. ഞങ്ങളുടെ കാലത്ത് ക്ലാസ്

മേറ്റിനെ അടിക്കുമ്പോൾ നെഞ്ച് പിടയുമായിരുന്നു. സഹപാഠി എന്ന വാക്ക് ഞങ്ങൾക്ക് അറിയില്ലായിരുന്നു. കാരണം അവർ സഹപാഠി ആയിരുന്നില്ല, കൂടപ്പിറപ്പുകളായിരുന്നു. അങ്ങനെ കൂടപ്പിറപ്പായി കണ്ടിരുന്ന ഒരു കാലത്തുനിന്നും സ്വന്തം സഹപാഠികൾ നഞ്ചക്ക് കൊണ്ട് മറ്റൊരുവനെ കൊന്നിട്ട് അതിൽ ആത്മരോധനവും സന്തോഷവും ആത്മഹർഷവും അനുഭവിക്കുന്ന ഒരു തലമുറയാണിത്. ഇനിയെങ്കിലും ഈ തലമുറയെ നമുക്ക് തിരിച്ചുപിടിക്കണം. അതിനാകട്ടെ ഈ ചർച്ച എന്നുമാത്രം ഞാൻ സൂചിപ്പിക്കുന്നു.

(ശ്രീ. പ്രമോദ് നാരായൺ)

P 03-03-2025-NR/UL (2)-1.00-1.10-LV

ശ്രീ. പ്രമോദ് നാരായൺ: സർ, അരുംകൊല എന്ന വാക്കിൽനിന്നും ചിതറി വീഴുന്ന ചോരതുള്ളികൾ അക്ഷരങ്ങളെയും നമ്മുടെ ഹൃദയങ്ങളെയും നനയിക്കുന്ന ഈയൊരു ഘട്ടത്തിൽ ഭാവി കേരളത്തിനും കുഞ്ഞുങ്ങൾക്കായി ആദരണീയനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു വലിയ സാമൂഹ്യപദ്ധതി രൂപപ്പെടാൻ ഈ ചർച്ച സഹായിക്കുമെന്ന് ഞാൻ കരുതുകയാണ്. സമഗ്രമായ ഒരു പഠനം വേണം. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കുഞ്ഞുങ്ങളുടെയെല്ലാം പ്രായം കൗമാരമാണ്. ‘ The World is

Flat' എന്നൊരു പുസ്തകമുണ്ട്. ഇന്ന് ജനിച്ചുവീഴുന്ന തലമുറ നമ്മളെ പോലെയല്ല; അവർ ഒരു ഡിജിറ്റൽ ലോകത്താണ് ജനിച്ചുവീഴുന്നത്. മലയാളത്തിന്റെ ഗാനഗന്ധർവ്വൻ ഡോ. കെ. ജെ. യേശുദാസിനെ പരിചിതമല്ലാത്ത കുട്ടിക്കുപോലും കൊറിയൻ സംഗീതബാൻഡായ ബി.റ്റി.എസ്.-നെ അറിയാം. മലയാളികളുടെ സൗന്ദര്യ സങ്കൽപ്പമല്ല പുതിയ കുഞ്ഞുങ്ങൾക്കുള്ളത്. അത് യൂറോപ്പിലെ സൗന്ദര്യ സങ്കൽപ്പമാണ്, ജീവിതവീക്ഷണമാണ്. Jonathan Haidt-ന്റെ ' The Anxious Generation' എന്ന പുസ്തകത്തിൽ ഒരു കാര്യം പറയുന്നുണ്ട്. ഡിജിറ്റൽ അടിമത്തം; അതായത് കുറേക്കാലം ഡിജിറ്റൽ ലോകത്ത് ജീവിച്ച് ഒറ്റ ക്ലിക്കിൽ സിനിമ, ഭക്ഷണം, പ്രണയം, സ്നേഹം എന്നിവയൊക്കെ ലഭിക്കുന്ന കുഞ്ഞുങ്ങൾക്ക് അത് ലഭിക്കാതെ വരുമ്പോഴുണ്ടാകുന്ന അക്ഷമ എങ്ങനെയാണ് അക്രമത്തിലേക്ക് മാറുന്നതെന്ന് ടി പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. ' No' എന്ന വാക്ക് കേൾക്കാൻപോലും കഴിയാത്തൊരു മാനസികാവസ്ഥയാണ് ഇന്ന് നമ്മുടെ കുഞ്ഞുങ്ങൾക്കുള്ളത്. നമ്മുടെ വിദ്യാലയങ്ങളിൽ രാഷ്ട്രീയമുണ്ടായിരുന്നു. നമ്മളൊക്കെ അത്തരം രാഷ്ട്രീയത്തിലൂടെ വളർന്നുവന്നവരാണ്. എന്നാൽ ക്യാമ്പസിൽനിന്നും സ്കൂളുകളിൽനിന്നും രാഷ്ട്രീയത്തെ പടിയടച്ച് പുറത്താക്കിയപ്പോൾ

തുടർന്നുവന്നത് അക്രമത്തിന്റെയും ലഹരിയുടെയും ഒരന്തരീക്ഷമാണ്. മമതയുടെയും മനുഷ്യസ്നേഹത്തിന്റെയും അത്തരമൊരു വിദ്യാർഥി രാഷ്ട്രീയാനുഭവങ്ങളിൽനിന്ന് വിദ്യാലയങ്ങളെ സർഗാത്മകമാക്കി വൈബിന്റെയും റീലുകളുടെയും കാലത്തുനിന്നും മനുഷ്യൻ എന്ന വാക്ക് രൂപപ്പെട്ടത് വിദ്യാർഥി രാഷ്ട്രീയത്തിൽനിന്നുമാണ് എന്നത് നാം മറന്നുപോകാൻ പാടില്ല. ഏകാന്തത എന്നതൊരു വലിയ പ്രശ്നമാണ്. കുഞ്ഞുങ്ങൾ മാത്രമല്ല മലയാളികളാകെ ഇന്ന് അനുഭവിക്കുന്ന ഒന്നാണ് ഏകാന്തത; "എനിക്കുണ്ടൊരു ലോകം നിനക്കുണ്ടൊരു ലോകം നമുക്കില്ലൊരു ലോകം" എന്ന് പാടിയത് കുഞ്ഞുണ്ണി മാഷാണ്. പെനാൽറ്റി കിക്കിനായി കാത്തുനിൽക്കുന്ന ഗോളിയുടെ ഏകാന്തതപോലെ വലിയ ഏകാന്തത ഇന്ന് കേരളത്തിലെ കുഞ്ഞുങ്ങൾ അനുഭവിക്കുകയാണ്. അതിനുള്ള പരിഹാര മാർഗത്തെക്കുറിച്ചുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സമഗ്രമായൊരു പദ്ധതിയിലൂടെ വിദ്യാലയം വേണം, വീട് വേണം, സമൂഹം വേണം. നമ്മുടെ കുഞ്ഞുങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണ്; എന്താണ് അവരുടെ സന്തോഷം; എന്താണ് അവരുടെ ഭയം; എന്താണ് അവരുടെ അഭിനിവേശം; എന്താണ് അവരുടെ ആസക്തി? ഇതെല്ലാം പഠിക്കാനുള്ള സമഗ്രമായൊരു സർവേ നടത്തണം.

പരീക്ഷയിൽ എങ്ങനെ ഒന്നാമതാകണമെന്ന് നമ്മൾ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നു. ലഹരിയെ എങ്ങനെ നേരിടണം, ചങ്ങാത്തങ്ങൾ എങ്ങനെ ഉണ്ടാകണം, ലൈംഗികതയെ എങ്ങനെ നേരിടണം, ഹീറോയിസത്തിലേക്കുള്ള വഴിയാണ് വയലൻസ് എന്ന് പറയുമ്പോൾ അതിനെ എങ്ങനെ നേരിടണം എന്നതിനെക്കുറിച്ചുകൂടി കുട്ടികളെ പഠിപ്പിക്കേണ്ടതാവശ്യമാണ്. കൂടാതെ Life Skills എന്നത് ടി പദ്ധതിയുടെ ഭാഗമാക്കി സിലബസിലുൾപ്പെടുത്തണം. നല്ല രക്ഷാകർത്താവാകാൻ എന്ത് യോഗ്യതയാണ് വേണ്ടത്. നമ്മുടെ കാലത്തെ രക്ഷാകർത്താവിന്റെ ജോലിയല്ല ഇന്നത്തെ കാലത്തെ രക്ഷകർത്താവിനുള്ളത്. ഇന്ന് ഡിജിറ്റൽ ലോകത്തേയ്ക്ക് ജനിച്ചുവീഴുന്ന ഒരു തലമുറയെ ശരിയായ രീതിയിൽ വാർത്തെടുക്കുന്നതിന് responsible parenting എന്നത് വളരെ പ്രധാനമാണ്. എല്ലാ വീടുകളിലും തുറന്ന ആശയവിനിമയങ്ങൾ നടക്കണം. അത്താഴം കഴിക്കുമ്പോഴെങ്കിലും നമ്മുടെ മൊബൈൽഫോണുകൾ മാറ്റിവച്ച് അവരവരുടെ കുഞ്ഞുങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് എന്താണെന്നും, അവന്റെ കൂട്ടുകാർ ആരൊക്കെയാണെന്നും അവന്റെ കൈയിലേക്ക് പണം എത്തുന്നത് എങ്ങനെയാണെന്നും, അവന്റെ ചങ്ങാത്തം എങ്ങനെയാണെന്നെല്ലാം കണ്ടെത്താൻ കഴിയുന്ന തുറന്ന ആശയ വിനിമയങ്ങളുണ്ടാകണം.

കലയുടെയും കായികത്തിന്റെയും വേദികൾ വർധിപ്പിക്കണം. അതിലൂടെ ഇതാണ് ലഹരിയെന്ന് കുഞ്ഞുങ്ങൾക്ക് കാട്ടികൊടുക്കാൻ കഴിയണം. ബോധവൽക്കരണ പ്രവർത്തനങ്ങളിൽ അനുഭവങ്ങൾ നൽകണം. കുഞ്ഞുങ്ങൾ ജയിൽ കാണട്ടെ; മയക്കുമരുന്നിന് അടിമകളായ ആളുകളുടെ അനുഭവങ്ങൾ കാണട്ടെ; അത്തരം അനുഭവങ്ങളിലൂടെ കുഞ്ഞുങ്ങളെ നയിക്കാൻ നമുക്ക് കഴിയണം. അക്കാര്യങ്ങളിൽ മാധ്യമങ്ങളും സിനിമകളും പ്രത്യേകം ശ്രദ്ധിക്കണം. Desmond Tutu-ന്റെ അതിമനോഹരമായ ‘ No Future Without Forgiveness എന്ന പുസ്തകത്തിൽ ഒന്നാമത് എത്തിയാൽ മുഴുവൻ മധുരവും ലഭിക്കുമെന്ന് പറഞ്ഞ ഒരു മരത്തിന്റെ തണലിൽ മിഠായി നിറച്ച കുട കാട്ടിയിട്ട് നിങ്ങൾ ഒന്നാമതെത്താൻ ഒന്ന് ഓടിയാൽ മതിയെന്ന് പറയുമ്പോൾ ആഫ്രിക്കൻ ഗോത്രഗ്രാമത്തിലെ കുഞ്ഞുങ്ങൾ ഓടാതെ കൈകൾ ചേർത്തുപിടിച്ച് നടന്നിട്ട് ആ മധുരം പങ്കുവയ്ക്കുന്നു. പങ്കിടലാണ് മനുഷ്യനാക്കുന്നത്, മമതയുണ്ടാക്കുന്നത്, responsible citizens ആയി നമ്മുടെ കുഞ്ഞുങ്ങളെ മാറ്റാനുള്ള സമഗ്രമായൊരു പദ്ധതിക്ക് വഴിതുറക്കട്ടെയെന്ന് ആഗ്രഹിക്കുന്നു.

(ശ്രീ. ലിന്റോ ജോസഫ്)

ശ്രീ. ലിന്റോ ജോസഫ്: സർ, കേരള നിയമസഭാ ചരിത്രത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ ഏറ്റവും കൂടുതൽ ചർച്ചയ്ക്കെടുത്തൊരു ഗവൺമെന്റാണിത്. ഉപക്ഷേപമായി സഭയിൽ കൊണ്ടുവന്ന വിഷയങ്ങളൊക്കെ അത്രയേറെ ഗൗരവത്തോടുകൂടി കണ്ടതിന്റെ ഭാഗമായാണ് ഗവൺമെന്റ് ചർച്ചയ്ക്കെടുക്കുന്ന സാഹചര്യമുണ്ടായത്. എന്നാൽ നോട്ടീസിൽ പറഞ്ഞ കാര്യങ്ങൾക്ക് വിരുദ്ധമായ സമീപനമാണ് അവതാരകനായ ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് ഇവിടെ സ്വീകരിച്ചത്. അദ്ദേഹം ടി വിഷയത്തിന്റെ ഉദ്ദേശശുദ്ധിയിൽനിന്നും പൂർണ്ണമായി മാറി മറ്റ് രാഷ്ട്രീയ കാര്യങ്ങളിലേക്ക് കടന്ന് ഇതിനെ രാഷ്ട്രീയവൽക്കരിക്കാനുള്ള ചർച്ചയാണ് ദൗർഭാഗ്യവശാൽ ഇവിടെ നടത്തിയതെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. താമരശ്ശേരിയിലെ പത്താംക്ലാസ് വിദ്യാർഥി മുഹമ്മദ് ഷഹബാസിന്റെ മരണം, താമരശ്ശേരിക്ക് തൊട്ടടുത്ത ഇരിങ്ങാപ്പുഴയിൽ താമരശ്ശേരി അടിവാരം പൊട്ടിക്കൈയിലെ മുഹമ്മദ് ആഷിക് സ്വന്തം ഉമ്മയെ കൊലപ്പെടുത്തിയ സംഭവം, തിരുവനന്തപുരത്ത് വെഞ്ഞാറമൂട്ടിലെ സംഭവം തുടങ്ങി ഈ അടുത്ത കാലത്തുണ്ടായ സംഭവവികാസങ്ങളെല്ലാം വളരെ

ഗൗരവത്തോടുകൂടി സഭ ചർച്ചചെയ്ത് പരിഹാരമുണ്ടാക്കണമെന്ന ഉദ്ദേശ്യശുദ്ധിയോടുകൂടിയാണ് ഈ വിഷയം ചർച്ചയ്ക്കെടുത്തത്. എന്നാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ ചർച്ച ചെയ്തത് രാഷ്ട്രീയ കാര്യങ്ങളാണ്. അദ്ദേഹം കൊലപാതക രാഷ്ട്രീയത്തെക്കുറിച്ച് വാചാലനാകുന്നത് കേട്ടു. ഞങ്ങളുടെ പ്രിയങ്കരനായ ധീരജ് എന്ന ചെറുപ്പക്കാരന്റെ ഇടനെഞ്ചിലേക്ക് കഠാര കുത്തിയിറക്കിയ നിഖിൽ പൈലിയെന്ന യൂത്ത് കോൺഗ്രസ്സിന്റെ നേതാവിനെ ചേർത്തു നിർത്തുന്ന നിങ്ങൾ വെള്ളരിപ്രാവിനെ പോലെ സമാധാനത്തിന്റെ ദൂതരാകരുതെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കേണ്ടതായി വരും. ഞങ്ങൾ രാഷ്ട്രീയത്തിലേക്ക് കടക്കണമെന്ന് ആഗ്രഹിച്ചതേയില്ല. ഞങ്ങൾ ഈ വിഷയത്തിലെ മെറിറ്റിൽ മാത്രം നിന്ന് ചർച്ച ചെയ്യണമെന്നാണ് ആഗ്രഹിച്ചത്. എന്നാൽ അദ്ദേഹം ഇതിനെ രാഷ്ട്രീയവൽക്കരിച്ചേ മതിയാകൂയെന്ന നിശ്ചയദാർഢ്യത്തോടുകൂടി പോകുമ്പോൾ അതിന് മറുപടി പറയേണ്ടത് ഞങ്ങളുടെ ബാധ്യതയായി മാറുകയാണ്. ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് അദ്ദേഹത്തിന്റെ മടിയിലിരുത്തി വളർത്തിയ ഒരു കുട്ടി ലഹരിക്ക് അടിമയായതിനെപ്പറ്റി ചർച്ചാവേളയിൽ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം മടിയിലിരുത്തി വളർത്തിയൊരു കുട്ടി ലഹരിക്ക് അടിമയായത് എങ്ങനെയാണെന്ന്

ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവ് സൂചിപ്പിക്കണ്ടേ; പ്രമേയവതാരകനായ അദ്ദേഹത്തിന്റെ നോമിനിയായി കൊണ്ടുവന്ന യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. നഹാസിന്റെ വീട്ടിൽനിന്നും നാൽപ്പത് കിലോ കഞ്ചാവുമായിയാണ് പോലീസ് അറസ്റ്റ് ചെയ്തത്. ഉപക്ഷേപാവതാരകന്റെ നോമിനിയായ ആളാണ് ... (ബഹളം)... മറ്റൊന്ന് കെ.എസ്.യു.-ന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയായിരുന്ന ഇടുക്കിയിലെ റിസ്വാൻ എന്ന ചെറുപ്പക്കാരനിൽ നിന്നും കഞ്ചാവ് പിടികൂടിയതിന്റെ ഭാഗമായാണ് പോലീസ് അറസ്റ്റ് രേഖപ്പെടുത്തിയത്. ഇങ്ങനെ എത്രയെത്ര ഉദാഹരണങ്ങൾ നമുക്ക് ചൂണ്ടികാണിക്കാൻ വേണ്ടി കഴിയും. മലപ്പുറത്തെ യൂത്ത് കോൺഗ്രസ് നേതാവ് ...

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, അദ്ദേഹം സൂചിപ്പിച്ച പേരുകാരൻ എന്റെ സഹഭാരവാഹിയാണ്. അയാൾക്കെതിരെ അങ്ങനെയൊരു കേസ് കേരളത്തിൽ ഏതെങ്കിലുമൊരു പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ എഫ്.ഐ.ആർ. നമ്പർ സഹിതം അദ്ദേഹം പറയട്ടെ.

ശ്രീ. ലിന്റോ ജോസഫ്: സർ, ഇതുതന്നെയാണ് പ്രശ്നം. ഞങ്ങൾ

ഉന്നയിക്കുന്ന കാര്യം ഇതുതന്നെയാണ്. ഏതെങ്കിലും യൂത്ത് കോൺഗ്രസ്സിന്റെ നേതാക്കന്മാരെ അറസ്റ്റ് ചെയ്താൽ അവരെ ഇതുപോലുള്ള സംസ്ഥാന പ്രസിഡന്റുമാർ സംരക്ഷിക്കാനുണ്ടാകുമെന്നത് തന്നെയാണ് ഇവിടത്തെ പ്രശ്നം, അതുതന്നെയാണ് ഞങ്ങൾ ചൂണ്ടികാണിക്കുന്നത്.... (ബഹളം)... ഇവിടെ വളരെ ഗുരുതരമായൊരു കാര്യംകൂടി ഇവിടെ സൂചിപ്പിക്കാനുണ്ട്. 'ട്രാബിയോക്ക്' എന്നൊരു പേരുണ്ട്. മുൻ പ്രതിപക്ഷനേതാവ് കേട്ടിട്ടുണ്ടോയെന്നറിയില്ല. മേപ്പാടിയിലെ പോളിടെക്നിക് കോളേജിലെ മൂന്നാം വർഷ വിദ്യാർത്ഥികളായ ഇരുപത്തിയേഴ് പേർ ചേർന്ന് രൂപീകരിച്ചൊരു സംഘടനയുടെ പേരാണ് ട്രാബിയോക്ക്. വയനാട് കൽപ്പറ്റയിലെ ബഹുമാനപ്പെട്ട അംഗത്തിന് ഒരുപക്ഷേ ട്രാബിയോക്കയെക്കുറിച്ച് അറിയാമായിരിക്കും. ഇരുപത്തിയേഴ് വിദ്യാർത്ഥികൾ ചേർന്ന് രൂപീകരിച്ചൊരു ഗ്യാംഗാണത്. ആ കോളേജിലെ മുഴുവൻ അരാജകത്വ പ്രവണതകൾക്കും ലഹരിക്കും വിദ്യാർത്ഥികളെ അടിമകളാക്കുന്നതിനുവേണ്ടി നടത്തുന്നൊരു കൂട്ടായ്മയാണത്. എന്നാൽ അവിടുത്തെ വിദ്യാർത്ഥി സംഘടനയായ എസ്.എഫ്.ഐ. അതിനെതിരെ ശക്തമായ പ്രതിഷേധം തീർത്തപ്പോൾ അതിന് നേതൃത്വം കൊടുത്ത എസ്.എഫ്.ഐ.-യുടെ ഇപ്പോഴത്തെ സംസ്ഥാന കമ്മിറ്റി അംഗമായ

അപർണ്ണയെന്ന പെൺകുട്ടിയെ കൂട്ടംചേർന്ന് ആക്രമിച്ചവരെ സംരക്ഷിച്ചത് ആരാണെന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. ഇങ്ങനെ എത്രയെത്ര കാര്യങ്ങൾ എണ്ണിയെണ്ണി പറയേണ്ടതായി വരും. ആരോപണ പ്രത്യാരോപണങ്ങളുടെ ഭാഗമായിട്ടല്ലല്ലോ നാം ഈ വിഷയത്തെ കാണേണ്ടത്. കേരളം നേരിടുന്ന ഏറ്റവും വലിയൊരു പ്രതിസന്ധി, ആ പ്രതിസന്ധിയെ മറികടക്കാൻ ഭരണസിരാ കേന്ദ്രമായ നിയമസഭയിൽ ആരോഗ്യകരമായൊരു ചർച്ച നടക്കേണ്ട വേദിയെ രാഷ്ട്രീയപരമായ ആരോപണ പ്രത്യാരോപണങ്ങൾക്ക് വിധേയമാക്കുന്നത് എന്തിന്റെ ഭാഗമായാണ്. ഈ വിഷയങ്ങളൊക്കെ വളരെ പോസിറ്റീവായാണ് ഞങ്ങൾ കാണുന്നത്. നമ്മുടെ നാട് നേരിട്ടുകൊണ്ടിരിക്കുന്ന വലിയ പ്രതിസന്ധിയെ മറികടക്കുകയെന്നുള്ളത് തന്നെയാണ് ഇവിടത്തെ പ്രധാനപ്പെട്ട വിഷയം. ഈയടുത്ത കാലങ്ങളിലായി പുറത്തിറങ്ങുന്ന ചില സിനിമകളുണ്ട്. കഴിഞ്ഞദിവസം സിനിമ കാണാൻ പോയ ഞാൻ അതിലെ ഒരു രംഗം കണ്ട് അത്ഭുതപ്പെട്ടുപോയി. ഒരു ചെറിയ കുഞ്ഞിനെ ഗ്യാസ് സിലിണ്ടർ ഉപയോഗിച്ച് ഇടിച്ചുകൊല്ലുന്ന വിഷ്വൽസെടുത്ത് പ്രചരിപ്പിക്കുന്ന രീതിയാണ് കാണുന്നത്. ഇത്തരത്തിൽ അക്രമവാസനകളേറ്റുന്ന ചിത്രങ്ങൾ സെൻസർ ബോർഡ് പരിശോധിച്ച് ടി രംഗങ്ങൾ നീക്കാനുള്ള നടപടി

സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്. ഇത്തരം അക്രമവാസനകൾക്ക് ആക്കം കൊടുക്കുന്ന നിലയിലേക്ക് മാറ്റുന്നത് എങ്ങനെയാണെന്നത് വളരെ ഗൗരവത്തോടുകൂടി നാം കാണേണ്ടതുണ്ട്. ഇത് കേരളത്തിലെ മാത്രം പ്രശ്നമല്ല. ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായും രാജ്യത്തുണ്ടാകുന്ന വൻതോതിലുള്ള ഇന്റർനെറ്റ് ഉപയോഗത്തിന്റെ ഭാഗമായും മത്സരാധിഷ്ഠിതമാകുന്ന ലോകത്ത് മത്സരങ്ങളിൽ ഒന്നാമനാകുന്നതിനുവേണ്ടി നടത്തുന്ന ചില ഇടപെടലുകളുടെയൊക്കെ ഭാഗമായി കുഞ്ഞുങ്ങളിലേക്ക് എത്തിച്ചേരുന്ന വലിയതൂപത്തിലുള്ള അപകടകരമായ സംഭവവികാസത്തെയാണ് നാം കാണേണ്ടത്. ഇത്തരം സന്ദർഭങ്ങളിൽ കുട്ടികളിൽ ധാർമിക ബോധം ഉണർത്തിക്കൊണ്ടുവരാനാണ് നാം ശ്രമിക്കേണ്ടത്. നമ്മുടെ കുഞ്ഞുങ്ങളുടെ മനസ്സിലേക്ക് ധാർമ്മികത വളർത്തിക്കൊണ്ടുവരാൻ ആവശ്യമായ ഇടപെടലാണ് നാം നടത്തേണ്ടത്. ഇവിടെ എന്താണ് ചെയ്യുന്നത്? കോളേജ് ക്യാമ്പസുകളിൽ വലിയ രൂപത്തിലുള്ള ആക്രമണങ്ങൾക്കും റാഗിങ്ങിനും കുട്ടികൾ ഇരയായിരുന്ന കാലഘട്ടമുണ്ടായിരുന്നു. 1980-ന് മുമ്പുള്ള കാലഘട്ടമെടുത്ത് പരിശോധിച്ചാൽ ക്യാമ്പസുകളിലാകെ റാഗിങ്ങിനിരയാകുന്ന കുട്ടികളുടെ എണ്ണം വളരെ കൂടുതലായിരുന്നു.

(തുടരും)

P 03-03-2025-HS/UL(2)-01.10-01.20

(ശ്രീ. ലിന്റോ ജോസഫ് തുടർച്ച)

എന്നാൽ, അവിടെ രാഷ്ട്രീയ സംഘടനാ പ്രവർത്തനങ്ങളുടെ ഭാഗമായി റാഗിങ്ങിനെ തുടച്ചുനീക്കാനാവശ്യമായ വലിയ കൂട്ടായ്മയും യോജിപ്പും ഉണ്ടാക്കാൻ നമുക്ക് സാധിച്ചു. ഇപ്പോൾ ക്യാമ്പസുകളിൽ റാഗിങ് എന്നത് വല്ലപ്പോഴും കേൾക്കുന്ന പേരായി മാറി. അത് മഹാഭൂരിപക്ഷവും കണ്ടുവരുന്നത് അരാഷ്ട്രീയമായ ക്യാമ്പസുകളിലാണ്. നിലവിൽ ഹൈസ്കൂളുകളിലും ഹയർ സെക്കൻഡറി സ്കൂളുകളിലും റാഗിങ്ങും വലിയ രീതിയിലുള്ള ആക്രമണങ്ങളും ഉണ്ടാകുന്നതും ആക്രമണത്തെ പ്രോത്സാഹിപ്പിക്കുന്ന രൂപത്തിലേക്ക് പോകുന്നതും രാഷ്ട്രീയ പ്രവർത്തനത്തിന്/വിദ്യാർത്ഥി രാഷ്ട്രീയത്തിന് അവിടെ നിയന്ത്രണം ഏർപ്പെടുത്തിയതിന്റെ ഭാഗമായിട്ടാണ്. വിദ്യാർത്ഥി രാഷ്ട്രീയപ്രവർത്തനം നടത്തുമ്പോൾ  അവർ സമൂഹവുമായി ബന്ധമുള്ളവരായും നാട്ടിൽ നടക്കുന്ന സംഭവ വികാസങ്ങളെക്കുറിച്ച് അറിവുള്ളവരായും മാറും. അവരെ നയിക്കാൻ വിദ്യാർത്ഥികൾ തന്നെ രംഗത്തുവരും. ധാർമ്മികമായ ബോധം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കാൻ സാധിക്കുന്ന സാഹചര്യമുണ്ടാകും.

അവിടെ രാഷ്ട്രീയ പ്രവർത്തനം ആവശ്യമില്ലെന്ന നിലയിലാണ് ഇപ്പോൾ കേരളത്തിലെ ബഹുമാനപ്പെട്ട ഹൈക്കോടതി പറയുന്നത്. അത്തരം ചർച്ചയുണ്ടാകുന്ന ഘട്ടത്തിൽ ഇത്തരം സംഭവവികാസങ്ങളെയെല്ലാം കോർത്തിണക്കിക്കൊണ്ട് നമുക്ക് ഈ വിഷയത്തെ വിശാലമായ അർഥത്തിൽ കാണാൻ സാധിക്കുന്ന സാഹചര്യം ഉണ്ടാകേണ്ടതുണ്ട്. കേരളത്തിലും ഇന്ത്യയിലുമാകെ എൻ.ഡി.പി.എസ്. ആക്ട് (Narcotic Drugs and Psychotropic Substances Act, 1985) പ്രകാരമാണ് ഈ വിഷയങ്ങളെ നോക്കി കാണുന്നത്. പക്ഷെ രാജ്യത്തിന്റെ നിയമമനുസരിച്ച് പലപ്പോഴും ആ നിയമങ്ങളിലുണ്ടാകുന്ന പഴുതുകളാണ് ഇവർക്ക് രക്ഷപ്പെടാനുള്ള അവസരമുണ്ടാക്കുന്നത്. ഉദാഹരണത്തിന് ഒരു കിലോ കഞ്ചാവുമായി പിടിച്ചാൽ മാത്രമേ ഒരാളെ ശിക്ഷിക്കാൻ അല്ലെങ്കിൽ ജാമ്യമില്ലാ വകുപ്പുപ്രകാരം കേസെടുക്കാൻ സാധിക്കുകയുള്ളൂ. 999 ഗ്രാം കഞ്ചാവുമായിട്ടാണ് ഒരാളെ പിടിക്കുന്നതെങ്കിൽ അത് ജാമ്യം ലഭിക്കാവുന്ന കുറ്റകൃത്യങ്ങളുടെ ഗണത്തിൽപ്പെടും. എം.ഡി.എം.എ. പോലുള്ള മാരകമായ പദാർഥങ്ങൾ 0.5 മി.ഗ്രാം കൈവശം വയ്ക്കുന്നവരെ മാത്രമേ നോൺ ബെയിലബിൾ ചാർജ് ചുമത്തി കേസ് രജിസ്റ്റർ ചെയ്യാറുള്ളൂ. അതിൽ താഴെ അളവിലുള്ള ലഹരി പദാർഥങ്ങളാണ് കൈവശമുള്ളതെങ്കിൽ അയാൾക്ക്

ജാമ്യം ലഭിക്കുന്ന സാഹചര്യമുണ്ടാകുന്നു. അപ്പോൾ ഇത്തരം നിയമങ്ങളിൽ കർക്കശമായ തിരുത്തലുകൾ വരുത്തേണ്ടതുണ്ട്. കേന്ദ്ര സർക്കാരിന്റെ 1985-ലെ നാർക്കോട്ടിക് ആക്റ്റിൽ കാതലായ മാറ്റങ്ങൾ വരുത്താൻ കേരള നിയമസഭയുടെ ശക്തമായ ഇടപെടലുണ്ടാകേണ്ടതുണ്ട്. നേരത്തെ ഈ വിഷയം സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അർഹിക്കുന്ന ഗൗരവത്തോടെ ഇതിനെ നോക്കി കാണുകയോ അല്ലെങ്കിൽ ഇടപെടൽ നടത്തുകയോ ചെയ്തിട്ടില്ലെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മൾ രാഷ്ട്രീയപരമായ വാഗ്വാദങ്ങൾ വിജയിക്കുന്നതിന് വേണ്ടി മാത്രമല്ല, എന്നാൽ നമ്മുടെ നാട് നേരിടുന്ന ഏറ്റവും വലിയൊരു പ്രതിസന്ധിയെ സമൂഹത്തിന്റെയാകെ പ്രതിരോധമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള കൂട്ടായ പരിശ്രമം നടത്താൻ സാധിക്കണം. യുവജന സംഘടനകൾക്കും വിദ്യാർത്ഥി സംഘടനകൾക്കും ക്ലബ്ബുകൾക്കും പണ്ട് നാം എങ്ങനെയാണോ സാക്ഷരതാ മിഷനെ വിജയിപ്പിക്കുന്നതിനുവേണ്ടി അരയും കൈയും മെയ്യും മറന്ന് നാം ഒന്നിച്ചത് അതുപോലെ തന്നെ നമുക്ക് മുന്നിട്ടിറങ്ങാൻ കഴിയണം. കോവിഡ് മഹാമാരി പോലെ വലിയ പ്രതിസന്ധിയുണ്ടായപ്പോൾ കേരളം പോലുള്ള ഒരു ചെറിയ സംസ്ഥാനം ലോകത്തിന് മാതൃക കാണിച്ചുകൊടുത്തതാണ്.

പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ വ്യത്യാസമില്ലാതെ എല്ലാവരുടെയും കൈകൾ കോർത്തിണക്കികൊണ്ടാണ് ആ പ്രതിസന്ധിയെ നാം മറികടന്നത്. ഇതുപോലുള്ള പ്രതിസന്ധിയെ നാം മറികടക്കേണ്ടത് അങ്ങനെയാണ്. എല്ലാവരെയും യോജിപ്പിച്ചുകൊണ്ട് കുട്ടികളിലേക്ക് കടന്നുവരുന്ന, നമ്മുടെ നാട് നേരിടുന്ന വലിയൊരു പ്രതിസന്ധിയെ നേരിടാൻ സാധിക്കണം. നേരത്തെ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷ് ഇവിടെ സൂചിപ്പിച്ചതുപോലെ കുട്ടികളെയാണ് ഏജന്റുമാർ ഉപയോഗപ്പെടുത്തുന്നത്. കുട്ടികളാണെങ്കിൽ അവർക്ക് നിയമങ്ങളിൽ അല്ലെങ്കിൽ ശിക്ഷാവിധികളിൽ പരിരക്ഷ ലഭിക്കുമെന്നുള്ളതുകൊണ്ട് കുട്ടികളെ ഇടനിലക്കാരാക്കി ഉപയോഗിക്കുന്ന വൻകിട ഗ്യാംഗുകളെ കണ്ടെത്തി ശിക്ഷിക്കാനാവശ്യമായ നിലപാടാണ് സ്വീകരിക്കേണ്ടത്. കേരളത്തിലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ ഏറ്റവും കൂടുതൽ ചർച്ചചെയ്തിട്ടുള്ള ഈ നിയമസഭ ടി വിഷയം ഏറ്റെടുക്കുന്നത് വളരെ ഗൗരവത്തോടുകൂടിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ നോക്കി കാണുന്നതും ബഹുമാനപ്പെട്ട എക്സൈസ് വകുപ്പ് മന്ത്രി കൂടുതൽ കാര്യക്ഷമതയോടെ അതിൽ ഇടപെടുന്നതും എല്ലാം ഈ നാട് നേരിടുന്ന വലിയ പ്രതിസന്ധിയെ മറികടക്കാൻ യോജിപ്പോടുകൂടി നാം

പ്രവർത്തിക്കുന്നതിനാണ്. ദൗർഭാഗ്യവശാൽ ചില തെറ്റായ പരാമർശങ്ങൾ അതിന്റെ ഭാഗമായി ഉണ്ടാകുന്നതും ഒരിക്കലും ആവർത്തിക്കപ്പെടാൻ പാടില്ലാത്തതാണ്. നമുക്ക് ഈ വിഷയത്തെ ജനകീയമായി പ്രതിരോധിക്കാൻ സാധിക്കണം. ആ ജനകീയമായ പ്രതിരോധമാണ് ഇതിനാവശ്യമെന്ന് കൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ശ്രീ. മോൻസ് ജോസഫ്)

P 03-03-2025-HS/UL(2)-01.10-01.20

ശ്രീ. മോൻസ് ജോസഫ്: സർ, കുറ്റകൃത്യങ്ങളിലേയ്ക്ക് കുട്ടികളും കുറ്റവാളികളും നിർഭയമായി കടന്നുവരുന്ന സ്ഥിതിവിശേഷം കേരളത്തിൽ എങ്ങനെ വളർന്നുവന്നുയെന്ന് ഗൗരവമായി ചിന്തിക്കുന്നതിന് ഈ ചർച്ച ഒരു അവസരമാകട്ടെയെന്ന് പ്രാർഥിക്കുന്നു. 2022 മുതൽ മൂന്ന് പ്രാവശ്യം നിയമസഭയിൽ ഈ വിഷയം ഗൗരവമായി ചർച്ചചെയ്തു. ഗവൺമെന്റിനോട് പ്രതിപക്ഷം പൂർണ്ണമായും സഹകരിച്ചുകൊണ്ട് കേരളത്തിന്റെ ഒരു മാറ്റത്തിനുവേണ്ടി ഒന്നിച്ചുനിൽക്കാനുള്ള നിലപാട് സ്വീകരിച്ചു. വീണ്ടും ഇവിടെ ഗുരുതരമായ പ്രശ്നം ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ നമ്മുടെ കണ്ണ് തുറക്കണ്ടേ; തുറന്ന മനസ്സോടെ ഇക്കാര്യങ്ങൾ വിമർശിക്കപ്പെടുകയും

വിലയിരുത്തപ്പെടുകയും ചെയ്യുണ്ടെ; ആ ഗൗരവത്തോടെ തുടർന്നും ടി വിഷയത്തെ കാണാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. കേരളത്തിൽ ഇന്നുണ്ടായിരിക്കുന്ന സംഭവവികാസങ്ങളിൽ ഇപ്പോൾ ഏറ്റവും അവസാനം പത്താം ക്ലാസ് വിദ്യാർഥിയായ മുഹമ്മദ് ഷഹബാസിനെ മർദ്ദിച്ചുകൊലപ്പെടുത്തിയ സംഭവത്തിന്റെ തുടർച്ചയായെന്നോണം പുറത്തുവരുന്ന ഗൗരവമേറിയ വെളിപ്പെടുത്തലുകൾ സർക്കാർ നിഷ്പക്ഷമായി പരിശോധിക്കുവാനും കുറ്റവാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും ഇനിയും തയ്യാറാകുന്നില്ലെങ്കിൽ ഇതെല്ലാം ആവർത്തിക്കപ്പെടും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കോട്ടയം സർക്കാർ നഴ്സിങ് കോളേജിൽ നടന്ന റാഗിങ്ങിന്റെ ഭീകരത ഇവിടെ വിലയിരുത്തപ്പെട്ടു. അതിന്റെ കാര്യങ്ങളിലേക്ക് കടക്കുന്നതിനുള്ള സമയമില്ല. ഞാൻ ഉൾപ്പെടുന്ന കടുത്തുരുത്തി മണ്ഡലത്തിൽനിന്ന് കേരളത്തിന്റെ മനഃസാക്ഷിയെ ഞെട്ടിച്ചുള്ള സംഭവമായിരുന്നു ഡോ. വന്ദനദാസ് കൊലപാതകം. കൊട്ടാരക്കാരയിൽ ഡോക്ടറായി പരിശീലനം ആരംഭിച്ചിരുന്ന സമയത്ത് ഒരാൾ പട്ടാപ്പകൽ കൊലപ്പെടുത്തുകയുണ്ടായി. ഏറ്റുമാനൂരിൽ കടുത്തുരുത്തി മണ്ഡലത്തിൽ മാഞ്ഞൂരുള്ള ശ്യാം പ്രസാദ് എന്ന പൊലീസുകാരനെ ഭക്ഷണം കഴിക്കാൻ

പോയപ്പോൾ ഗുണ്ടാ ആക്രമണത്തിൽ ചവിട്ടി കൊലപ്പെടുത്തുകയാണുണ്ടായത്. ദൈവത്തിന്റെ സ്വന്തം നാട് എന്ന് അഭിമാനത്തോടെ പറയുന്ന, ശാന്തമായി സമാധാനമായി ജീവിക്കാൻ സാധിക്കുന്ന ഈ നാട്ടിൽ ഇതുപോലെ കൊലപാതകവും കൊലവിളിയും നടക്കുന്നൊരു സ്ഥിതിയിലേയ്ക്ക് പോയതിനുശേഷം വിദ്യാർഥി ലോകംപോലും തകർന്ന് തരിപ്പണമാകുന്ന നിലയിൽ അരാജകത്വത്തിലേയ്ക്ക് പോകുന്ന നാടായി കേരളം മാറുന്നുവെന്ന ആശങ്കയും ഉയരുകയാണ്. ഡോ. എം. കെ. മുനീറും, ശ്രീ. രമേശ് ചെന്നിത്തലയും മറ്റംഗങ്ങളും ഇവിടെ ചൂണ്ടികാണിച്ചതുപോലെ കുട്ടികളിൽ ധാർമ്മികതയുടെയും കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും വികാരങ്ങളൊക്കെ നഷ്ടപ്പെട്ടിരിക്കുന്നു. ഇതിനെക്കുറിച്ചൊന്നും അവർ ചിന്തിക്കുന്നുപോലുമില്ല. വൈരാഗ്യവും വയലൻസുമാണ് അവരെ ജീവിതവിജയത്തിലേയ്ക്ക് നയിക്കുന്നതെന്ന പുതിയ തീയറിയിലേക്ക് കുട്ടികൾ എത്തിച്ചേരുകയാണ്. ഒന്ന് ഞാൻ ചൂണ്ടികാണിക്കട്ടെ. കമ്പ്യൂട്ടർ നോളെജും ആധുനിക കാലത്തിന്റെ എ.ഐ. സാധ്യതകളും പരിശീലിക്കാൻ വ്യഗ്രതപ്പെടുന്ന നമ്മുടെ നാട്ടിൽ ഇതുവരെ പടുത്തുയർത്തിയ, ഇതുവരെ നാം സംരക്ഷിച്ച മൂല്യബോധവും ധാർമ്മികതയുമുള്ള ഒരു തലമുറയെ വീണ്ടെടുക്കാൻ വേണ്ടി

പാഠപുസ്തകങ്ങളിലൂടെയും ക്ലാസ് മുറികളിലൂടെയും സർക്കാരിന് എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്ന് ഗൗരവമായി ചിന്തിച്ച് മുന്നോട്ടുവന്നാൽ ഞങ്ങൾ ഒറ്റക്കെട്ടായി സർക്കാരിന്റെ കൂടെയുണ്ടാകുമെന്ന് പറയാനാഗ്രഹിക്കുന്നു. അതിന് ഇനിയും തയ്യാറായില്ലെങ്കിൽ കേരളത്തെ കൊലക്കളമായി മുന്നോട്ടുപോകാൻ അനുവദിച്ചാൽ സാമൂഹ്യ മനഃസാക്ഷിയുള്ള എല്ലാവരും കേരളത്തിൽ ഒറ്റക്കെട്ടായി സർക്കാരിനെതിരായി മുന്നോട്ടുവന്നാൽ അതിനെ കുറ്റപ്പെടുത്തരുതെന്ന് എന്നുകൂടി ചൂണ്ടികാണിച്ചുകൊണ്ട് അധാർമ്മികമായ ഇത്തരം നടപടികളെ നാളെകളിൽ ഒഴിവാക്കുന്നതിനുവേണ്ടി സർക്കാരിൽ .... (മൈക്ക് ഓഫ്)

(ശ്രീമതി ശാന്തകുമാരി കെ.)

P 03-03-2025-HS/UL(2)-01.10-01.20

ശ്രീമതി ശാന്തകുമാരി കെ.: സർ, വളരെയധികം ദുഃഖത്തോടുകൂടിയാണ് താമരശ്ശേരിയിൽ മുഹമ്മദ് ഷഹബാസിന്റെ വിയോഗത്തെ നാമെല്ലാം കാണുന്നത്. ഒരമ്മ എന്ന നിലയിൽ നമ്മുടെ കുഞ്ഞുങ്ങൾ ഇത്തരത്തിൽ ആക്രമവാസനകളുമായി പോകുന്നുവെന്നുള്ളത് ഏതെങ്കിലും ഒരു പ്രത്യേക കാരണമായിട്ട് മാത്രമല്ല കാണുന്നത്. അതിന് സാമൂഹ്യമായും സൈക്കോളജിക്കലായുമുള്ള മേഖലകളെക്കുറിച്ച്

പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണകൂടത്തിനും പൊതുസാമൂഹത്തിനും വിദ്യാഭ്യാസമേഖലയ്ക്കും വലിയ പ്രധാന്യമുണ്ടെന്നതിൽ യാതൊരു തർക്കമില്ല. ഇവിടെ ചർച്ചയിൽ ഉന്നയിച്ചിട്ടുള്ള ഇത്രയേറെ ഗൗരമേറിയ വിഷയത്തെ പൊതുസമൂഹത്തിൽ അഡ്രസ് ചെയ്യാനും പഴുതടച്ച് നടപടി സ്വീകരിക്കാനും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ പുതുസമൂഹത്തോടൊപ്പം നിന്നുകൊണ്ട് ഈ മഹാവിപത്തിനെ നേരിടുകയാണ് വേണ്ടതെന്ന് നമുക്കറിയാം. പക്ഷേ ദൗർഭാഗ്യവശാൽ പ്രതിപക്ഷത്തുനിന്ന് ഉപക്ഷേപ അവതാരകനായ ശ്രീ. രമേശ് ചെന്നിത്തല, ഞാൻ ഇവിടെ എം.എൽ.എ.-ആയി വന്നതിനുശേഷം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചതായി എനിക്ക് ഓർമ്മയില്ല. അങ്ങനെയൊരവസരം കിട്ടാത്തതുകൊണ്ടാണോയെന്ന് എനിക്ക് അറിയില്ല, അദ്ദേഹത്തിന്റെ മനസ്സിൽ പറയാൻ ഉറപ്പിച്ച എല്ലാ വിഷയങ്ങളും ടി ഉപക്ഷേപവുമായി ബന്ധപ്പെട്ടല്ലാത്ത വിഷയങ്ങൾപോലും അദ്ദേഹം ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഇനിയെങ്കിലും അദ്ദേഹത്തിന് പ്രതിപക്ഷത്തിനിന്ന് ഉപക്ഷേപം അവതരിപ്പിക്കാൻ അവസരം നൽകണമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹം കിട്ടിയ അവസരം മുതലാക്കുകയാണ്. നിരവധി കൊലപാതകങ്ങളെക്കുറിച്ച് ഇവിടെ

പറഞ്ഞല്ലോ. ഭരണപക്ഷത്തെക്കുറിച്ചും എസ്.എഫ്.ഐ.-യെക്കുറിച്ചുമാണ് ഇവിടെ വ്യാപകമായി പറഞ്ഞത്. അതുസംബന്ധിച്ച് ഞങ്ങൾക്കും ഒരുപാട് കാര്യങ്ങൾ പറയാനുണ്ട്. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ എഫ്.ഐ.ആർ. ഉണ്ടോയെന്ന് ചോദിച്ചു. യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന സെക്രട്ടറിയെ കഞ്ചാവുമായി പിടിച്ച വാർത്ത പത്രത്തിൽ വന്നതാണ്. നമുക്ക് എല്ലാവർക്കും അറിയാവുന്നതും പകൽ പോലെ വ്യക്തവുമായ കാര്യമാണ്. അദ്ദേഹവും അദ്ദേഹത്തിന്റെ സഹോദരനും ഒരുമിച്ച് ഒരു വീട്ടിലാണ് താമസിക്കുന്നത്. പിന്നെ എങ്ങനെയാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുന്നത്? സഹോദരന്റെ പേരിലാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത്. ഞാൻ അത് എടുത്ത് വായിക്കണമോ? കഞ്ചാവ് എവിടെ വച്ചാലും എവിടെ നിന്ന് കണ്ടുപിടിച്ചാലും അതിന്റെ കാരണം കൃത്യമായിട്ട് അറിയാം അത് പകൽ പോലെ വെളിച്ചമാണ്. അതിനെ സപ്പോർട്ട് ചെയ്യുന്ന സംസ്ഥാന പ്രസിഡന്റ് വളരെ അപകടമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അത് മാത്രമാണോ;

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: ............ (മൈക്ക് ഓഫ്).....

<u>ശ്രീമതി ശാന്തകുമാരി കെ.</u>: ഒരു പോയിന്റുമില്ല, ഞാൻ ഇത് പറഞ്ഞ് അവസാനിപ്പിക്കട്ടെ. ഹരിയാനയിൽ കഞ്ചാവുമായി ബന്ധപ്പെട്ട് വനിതാ

കോൺഗ്രസ് നേതാവായിരുന്ന ഹിമാനി നർവാളെ കൊലപ്പെടുത്തി സ്യൂട്ട്കേസിലാക്കി. ഹരിയാനയിലെ യൂത്ത് കോൺഗ്രസിന്റെ പ്രധാന പ്രവർത്തകയായ ഹിമാനി നർവാളിന്റെ രാഷ്ട്രീയ ഭാവി മനസ്സിലാക്കിയ കോൺഗ്രസുകാർ കൊന്നതാണെന്ന് അവരുടെ അമ്മ പറയുകയാണ്. ശ്രീ. രാഹുൽ ഗാന്ധിയുടെ ഭാരത് ജോഡോ യാത്രയിൽ ഹിമാനി നർവാൾ അനുഗമിക്കുന്നതിന്റെ ചിത്രങ്ങളുണ്ട്.

(തുടരും)

P-03-03-2025-AK-UL (2) -1.20-1.30

(ശ്രീമതി ശാന്തകുമാരി കെ. തുടർച്ച...)

2014-ൽ നിലമ്പൂരിൽ രാധയെ കൊലപ്പെടുത്തി ചാക്കിൽക്കെട്ടി പാർട്ടി ഓഫീസിനുള്ളിൽ വച്ചത് നിങ്ങൾ മറന്നുപോയോ? ഇക്കാര്യങ്ങളൊക്കെ ഞങ്ങൾക്ക് പറയാനുണ്ട്. Naina Sahni-യെ തന്തൂർ അടുപ്പിലിട്ട് ചുട്ടുകരിച്ചതും സുജയെ കൊന്നുകുഴിച്ചുമൂടിയതുമുൾപ്പെടെ നിരവധി കാര്യങ്ങൾ നമുക്ക് അറിയാം. ഏറ്റവും അവസാനമായി ഇന്ത്യൻ യൂത്ത് കോൺഗ്രസിന്റെ ആർ.ടി.ഐ. വിഭാഗം തലവൻ തുഷാർ ഗോയൽ പിടിക്കപ്പെട്ടത് പത്രവാർത്തകളിൽ വന്നതല്ലേ. Kingpin of Rs. 5000 crores drug bust in Delhi has Congress connection, ഇതൊക്കെ നമുക്ക് ചർച്ച

ചെയ്യാനുണ്ടാകും. അതാണോ ഇപ്പോഴത്തെ വാർത്ത, നമ്മൾ ഇപ്പോൾ ചർച്ച ചെയ്യേണ്ടത് അതല്ലല്ലോ. വളരെ വളരെ ദയനീയമായ ഒരു അന്തരീക്ഷത്തിലേക്കാണ് നമ്മുടെ സമൂഹം പോയ്ക്കൊണ്ടിരിക്കുന്നത്. നമ്മുടെ കുട്ടികൾക്ക് സമാധാനത്തോടെ ജീവിക്കാനുള്ള ഒരു സാഹചര്യം സൃഷ്ടിക്കപ്പെടണം. കേരളത്തിന്റെ പരമ്പരാഗത രീതി പരിശോധിച്ചാൽ മുൻകാലങ്ങളിൽ നമുക്ക് വിശാലമായ കൂട്ടുകുടുംബ വ്യവസ്ഥയായിരുന്നുവെന്ന് അറിയാം. എന്നാൽ ഇന്ന് കൂട്ടുകുടുംബ വ്യവസ്ഥ മാറി അണുകുടുംബ വ്യവസ്ഥയിലെത്തി നിൽക്കുന്നു. കുട്ടികൾ അവരുടെ ലോകത്ത് വളരുന്നു. അച്ഛനമ്മമാർ കുടുംബാംഗങ്ങളുമായി പരസ്പരം സംസാരിക്കാനോ അവരുമായി ഇടപഴകാൻ സമയം ലഭിക്കാത്തതിന്റെ ഭാഗമായോ അല്ലെങ്കിൽ ബോധപൂർവമായോ ഒന്നുമല്ല. പക്ഷേ ആ ഒരു രീതിയിലേക്ക് കുട്ടികൾ മാറുകയാണ്. ഏറ്റവും കൂടുതലായി സിനിമകളും മൊബൈൽ ഫോണും ഇന്റർനെറ്റും കുട്ടികളെ ആകർഷിക്കുന്നു. കൂടാതെ മദ്യവും മയക്കുമരുന്നും കുട്ടികളെ ആകർഷിക്കുന്നുവെന്ന് ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇവയെല്ലാം വലിയ രൂപത്തിൽ കുട്ടികളെ അവരുടെ ബാല്യത്തിന്റെ വളർച്ചയെ മുരടിപ്പിച്ചുകൊണ്ട് അക്രമസ്വഭാവമുള്ളവരായി മാറ്റുന്ന രീതിയിലേക്ക് പോകുകയാണ്. ഇതിന്റെ സോഷ്യൽ

ഇഫക്ടീവ്നെസ്സിനെക്കുറിച്ചും സൈക്കോളജിക്കൽ ഭാഗങ്ങളെക്കുറിച്ചും മനസിലാക്കണം. ആ നിലയിൽ പരിശോധിച്ചാൽ കുടുംബബന്ധങ്ങളുടെ തകർച്ച ഏറ്റവും പ്രധാനമായ ഒരു കാരണമായി മാറുകയാണ്. കുട്ടികളുടെ മുമ്പിൽ വച്ചുണ്ടാകുന്ന ഡൊമസ്റ്റിക് വയലൻസ് വ്യാപകമായതോടുകൂടി കുട്ടികൾ ആ നിലയിലേക്ക് മാറുന്നു. കുട്ടികളുടെ സുഹൃത്തുക്കൾ PR (Public Relations)-influencer, PR ഗ്രൂപ്പുമായി ബന്ധപ്പെട്ട് അവർ അക്രമാസക്തമായ രീതിയിൽ പെരുമാറുകയോ അവരുമായി കൂട്ടുകൂടുകയോ മദ്യം, മയക്കുമരുന്ന് എന്നിവ പോലെയുള്ളവ ഉപയോഗിക്കുകയോ ചെയ്യുന്നവരുമായുള്ള സ്വാധീനം വലിയ രൂപത്തിൽ കുട്ടികളെ ബാധിക്കുന്നു. അതോടൊപ്പം കുട്ടികൾ സമൂഹത്തിൽനിന്നും കണ്ടുപഠിക്കുന്ന ഒരുപാട് കാര്യങ്ങളുണ്ട്. സിനിമയെക്കുറിച്ചും മദ്യം, മയക്കുമരുന്ന് എന്നിവയെക്കുറിച്ച് പറഞ്ഞതുമെല്ലാം ആ നിലയിൽ കുട്ടികളെ സ്വാധീനിക്കുന്ന വലിയ ഒരു ഘടകമാണ്. അതോടൊപ്പം Bullying എന്ന പ്രധാനപ്പെട്ട ഒരു പ്രശ്നമുണ്ട്. പീഡനത്തിരയാകുന്ന കുട്ടികൾ വലിയ വയലൻസിലേക്ക് മാറുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകുന്നു. അതുപോലെ സാമൂഹ്യപരമായ സപ്പോർട്ട് ലഭിക്കാത്തതിന്റെ ഭാഗമായി കുട്ടികൾ വയലൻസിലേക്ക് പോകുന്ന ഒരു അവസ്ഥയുണ്ടാകുന്നു. കൃത്യമായി ഇത് തടയാനുള്ള മാർഗങ്ങൾ ആരാഞ്ഞ്

തടയുക എന്നതാണ് സർക്കാർ ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന പ്രധാനപ്പെട്ട ദൗത്യം. അതിനുവേണ്ടി എല്ലാവരും ഒരുമിക്കുകയെന്നുള്ളതാണ്. നമുക്കറിയാം, വളരെ മുമ്പുതന്നെ ഉണ്ടായിരുന്ന ഒരു culture of kindness, ബഹുമാനം, സഹതാപം എന്നിവയൊക്കെ കുട്ടികൾക്കിടയിൽ വളർത്തിയെടുക്കാൻ ബോധപൂർവമായ ഇടപെടലുകൾ നമ്മൾ നടത്തണം. നല്ല ധാർമ്മിക ബോധത്തോടെയുള്ള വിദ്യാഭ്യാസരീതി അവർക്ക് നൽകണം. പരസ്പരം കാര്യങ്ങൾ സംവദിക്കാനുള്ള പൊതുയിടങ്ങൾ ഉണ്ടാകണം. അരാഷ്ട്രീയത്തിനെതിരായി ജനാധിപത്യബോധമുള്ള വലിയ കാമ്പയിനുകൾ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. കുട്ടികൾക്കിടയിൽ അവരുടെ ബോധ്യങ്ങളെ ചർച്ച ചെയ്യപ്പെടാനുള്ള ഇടങ്ങൾ വ്യാപകമായി ഉണ്ടാകണം. അതോടൊപ്പം victims ആയവരെ നമ്മൾ സപ്പോർട്ട് ചെയ്യണം, അവരെ ഒരിക്കലും കുട്ടികളായതുകൊണ്ട് അവർ ഇങ്ങനെയായി എന്നുകരുതി കുറ്റപ്പെടുത്തി മുന്നോട്ടുപോകുകയല്ല ചെയ്യേണ്ടത്. മറിച്ച്, അവരെ നല്ല രീതിയിൽ മാറ്റിയെടുക്കാൻ കഴിയുന്ന കൗൺസലിങ് സംവിധാനങ്ങൾ, PR Support, Acadamic Assistance ഇവയെല്ലാം കൊടുത്തുകൊണ്ട് അവരെ മുന്നോട്ടുകൊണ്ടുവരാൻ സാധിക്കണം. അതോടൊപ്പം വ്യക്തിപരമായ കാര്യങ്ങളിൽ ഇടപെടാനും പഠിപ്പിച്ചുകൊടുക്കാനും നമുക്ക് സാധിക്കണം.

ഇതിന്റെയൊക്കെ അഭാവമാണ് ഇത്തരത്തിലുള്ള വയലൻസിലേക്ക് കുട്ടികൾ പോകുന്നത്. വളരെ പോസിറ്റീവ് റോൾ മോഡലായി കുട്ടികൾക്ക് അവരുടെ ജീവിതത്തിലും വിദ്യാഭ്യാസമേഖലയിലും കോമ്പറ്റിഷനുകളിലും എല്ലാം കൊണ്ടുവരാൻ സാധിക്കുന്ന രീതിയിലുള്ള പരിശീലനങ്ങളുണ്ടാകണം. Life skill education അവർക്ക് കൊടുക്കാൻ സാധിക്കേണ്ടതായുണ്ട്. ഒരു പ്രതിസന്ധിയുണ്ടായാൽ പല കുടുംബങ്ങൾക്കും പരിഹരിക്കാൻ അത് സാധിക്കുന്നില്ല, കാരണം എല്ലാവരും ഒറ്റപ്പെട്ടുപോകുന്ന അവസ്ഥ വരികയാണ്. ഒരു പ്രോബ്ലം സോൾവ് ചെയ്യുന്നത് എങ്ങനെയാണെന്നും അതോടൊപ്പം കമ്മ്യൂണിക്കേഷൻ എങ്ങനെ നടത്താൻ കഴിയുമെന്നുമൊക്കെയുള്ള പഴമയുടെ ഒരുപാട് നല്ല വശങ്ങൾ നമ്മുടെ കുട്ടികൾക്ക് നഷ്ടപ്പെട്ടുപോകുന്നു. കുട്ടികൾ, പ്രത്യേകിച്ച് യുവജനങ്ങളെ മാത്രം കേന്ദ്രീകരിച്ചുകൊണ്ട് അവരുടെ സ്കിൽ പ്രൊമോട്ട് ചെയ്യുന്നതിനും സോഷ്യൽ സ്ട്രക്ചർ കോൺട്രിബ്യൂട്ട് ചെയ്യാൻ സാധിക്കുന്നതുമായ നിരവധിയായ പ്രോഗ്രാമുകൾ നമുക്ക് വ്യാപകമായ നിലയിൽ കുട്ടികളെ പഠിപ്പിച്ചു കൊടുക്കേണ്ടതായുണ്ട്. വിദ്യാർത്ഥി സമൂഹത്തിൽ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ എന്ന നിലയിൽ വലിയ രൂപത്തിലുള്ള ഇടപെടൽ നടത്താനുള്ള ഒരിടമാണ് കോളേജുകളും സ്കൂളുകളും. അവിടെ കുട്ടികളുടെ

സംഘടനാപ്രവർത്തനങ്ങൾ സജീവമാക്കാൻ സാധിക്കണം. സോഷ്യൽ കമ്മിറ്റ്മെന്റുകളുള്ള ധാരാളം വിഷയങ്ങളിൽ ഇടപെട്ടുകൊണ്ടുള്ള സിലബസ് പഠനവിധേയമാക്കാൻ സാധിക്കണം, ഇടവേളകളിൽ യോഗയിലും മറ്റുകായിക വിനോദങ്ങളിലും കുട്ടികൾക്ക് പരിശീലനം നൽകാനും അവരെ അതിലേക്ക് ഉൾപ്പെടുത്താനുമുള്ള കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. നമ്മുടെ സമൂഹം ഇന്നൊരു കൺസ്യൂമർ സ്റ്റേറ്റാണ്. ഇത് സ്വാഭാവികമായും ആഗോളവൽക്കരണ നയത്തിന്റെ മത്സരാധിഷ്ഠിതമായ സമൂഹത്തിന്റെ പ്രൊഡക്ട് തന്നെയാണ്. അത്തരമൊരു സാഹചര്യത്തിൽ ഒരു ഡിജിറ്റൽ എക്സ്പ്ലോഷൻ നമ്മുടെ നാട്ടിൽ നടക്കുകയാണ്. വിവര സാങ്കേതിക സംവിധാനം അനുദിനം വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്ന ഈ ആധുനിക കാലഘട്ടത്തിൽ നമ്മുടെ കുട്ടികൾ യഥാർത്ഥത്തിൽ അതിന്റെ ഇരകളായി മാറുന്നുവെന്നുള്ളതാണ്. മൊബൈൽ ഫോൺ ഉപയോഗം നമുക്ക് അവസാനിപ്പിക്കാൻ സാധിക്കുകയില്ല, പക്ഷേ 18 വയസിനുതാഴെയുള്ള കുട്ടികളുടെ കേപ്പബിലിറ്റിയും അവരുടെ മെന്റൽ കപ്പാസിറ്റിയും അനുസരിച്ചുകൊണ്ടാണോ മൊബൈൽ ഫോണിന്റെ വിവിധ വിഭാഗങ്ങളിലും ഇന്റർനെറ്റുകളിലും ലഭ്യമാകുന്ന വിവരങ്ങൾ എന്ന് നമ്മൾ പരിശോധിക്കേണ്ടതാണ്. അതിനായി ചില നിയന്ത്രണങ്ങൾ

കൊണ്ടുവരേണ്ടതായിട്ടുണ്ട്. ലഹരി മാഫിയയ്ക്കെതിരെ വലിയ രൂപത്തിലുള്ള ഇടപെടൽ ഉണ്ടാകണം. ഇപ്പോൾ ഉണ്ടായിട്ടുള്ള സംഭവങ്ങളെല്ലാം ഒരു അർഥത്തിൽ രാസലഹരിയുടെ ഉപയോഗം പഴയ കാലത്തുനിന്നും മാറി ഒരു സോഷ്യൽ റെക്കഗ്നൈസേഷനിലേക്കോ സാമൂഹ്യ അംഗീകാരത്തിലേക്കോ മദ്യപാന ശീലങ്ങൾ മാറിക്കഴിഞ്ഞു. പലപ്പോഴും വിവാഹം, പ്രസവം, മരണം എന്നീ അവസരങ്ങളിൽ നമ്മുടെ വീടുകളിലും പരിസരങ്ങളിലും കാണുന്നത് ഒരുമിച്ചിരുന്ന് വലിയ രൂപത്തിലല്ലെങ്കിൽപ്പോലും ഇത്തരം ലഹരിയുടെ ഉപയോഗം ഗ്രാമീണ മേഖലകളിലും കാണുന്നുണ്ട്. ഇവയെല്ലാം ഞങ്ങളും ആവർത്തിക്കേണ്ടതാണെന്ന തോന്നലുകൾ കുട്ടികളിലും ഉണ്ടാകുന്നു. അതുകൊണ്ട് ഇക്കാര്യങ്ങളിലൊക്കെ നിയന്ത്രണം ഉണ്ടാക്കാൻ പൊതുസമ്മതമായ ഒരു രീതി നമുക്ക് അവലംബിച്ചുകൊണ്ട് അതൊരു സ്പെഷ്യൽ ഡ്രൈവായി ഇത്തരത്തിലുള്ള ദുരന്തങ്ങൾ സമൂഹത്തിൽ ഉണ്ടാകാതിരിക്കാൻ വേണ്ടിയുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. അതിനാവശ്യമായ ഇടപെടലുകളാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്. ക്രിയാത്മക പ്രതിപക്ഷമെന്ന് നാവിൽ ഒരോ തവണയും ആവർത്തിച്ചതുകൊണ്ടുമാത്രം കാര്യമില്ല. ഈ വിഷയത്തിൽ

വളരെ വ്യക്തമായി നമുക്ക് ഒരുമിച്ച് മുന്നോട്ടുപോകാൻ സാധിക്കണം. ഈ വിഷയം പൊതുസമൂഹത്തിന്റെ മുമ്പിൽ ചർച്ചയ്ക്കെടുക്കാൻ തയ്യാറായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ശ്രീ. അനൂപ് ജേക്കബ്)

P-03-03-2025-AK-UL (2) -1.20-1.30

ശ്രീ. അനൂപ് ജേക്കബ്: സർ, 2022-ൽ ഈ വിഷയം നിയമസഭയിൽ വന്നതിനുശേഷം ഇതിനായി ഞങ്ങൾ പൂർണമായും സഹകരിച്ചവരാണ്. എല്ലാ അർഥത്തിലും ഗവൺമെന്റ് വച്ച വിവിധ നിർദേശങ്ങളായ ബോധവൽക്കരണ പരിപാടികൾ, മനുഷ്യ ചങ്ങല പിടിയ്ക്കൽ, വിമുക്തി പരിപാടികൾ തുടങ്ങിയ എല്ലാ കാര്യങ്ങളിലും സഹകരിച്ച് മുന്നോട്ടുവന്നവരാണ് ഇവിടത്തെ പ്രതിപക്ഷം. 2022-ൽനിന്നും 2025-ൽ എത്തി നിൽക്കുമ്പോൾ എന്താണ് കേരളത്തിന്റെ ഇന്നത്തെ അവസ്ഥ? ലഹരിയുടെ സാന്നിധ്യം പതിന്മടങ്ങ് വർധിച്ചിരിക്കുന്നു, ലഹരിയുടെ ഉപയോഗം ഏറെ ഭീതിജനകമായ നിലയിൽ കൂടിയിരിക്കുന്നു. ഇന്ന്

കേരളത്തിലുണ്ടാകുന്ന പല കൊലപാതകങ്ങളിലും നല്ലൊരു ശതമാനവും ലഹരിയുടെ സാന്നിധ്യത്തിലാണെന്ന് പോലീസ് തന്നെ റിപ്പോർട്ട് ചെയ്യുന്ന നിലയിലേയ്ക്ക് വന്നിരിക്കുന്നു. ഇവിടെ ഒരു കാര്യം വ്യക്തമാണ്, മനുഷ്യ ചങ്ങല പിടിച്ചതുകൊണ്ടോ ഫുട്ബോൾ കോർട്ട് നിർമ്മിച്ചതുകൊണ്ടോ സ്വിമ്മിങ് പൂൾ വച്ചതുകൊണ്ടോ കേരളത്തിൽ ലഹരിയുടെ ഉപഭോഗം കുറയുന്നില്ല. ലഹരിയുടെ ഉപഭോഗം കുറയണമെങ്കിൽ കർശനമായ നടപടിയുണ്ടാകണം. പോലീസിന്റെയും എക്സൈസിന്റെയും ഇടപെടലുകൾ ഉണ്ടാകുകയും ശക്തമായ നടപടികൾ എടുക്കുകയും വേണം. മയക്കുമരുന്നുകളുടെ ഉറവിടം കണ്ടെത്തി നശിപ്പിക്കാൻ സാധിക്കണം. അത് ഇവിടെ ഉണ്ടാകുന്നില്ല, അതാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ ചൂണ്ടിക്കാണിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നത്. ഇത്തരത്തിൽ മുന്നോട്ടുപോയാൽ ഇത് എവിടെയെത്തുമെന്നതിനെ സംബന്ധിച്ച വിവരങ്ങൾ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും പങ്കുവയ്ക്കുകയുണ്ടായി. കൗമാരക്കാരായ കുട്ടികളും കൗമാരത്തിലെത്തുന്നതിനുമുമ്പുതന്നെ ഇതിലേക്ക് വഴുതിപ്പോകുന്ന

കുട്ടികളുമുണ്ടാകുന്നുവെന്നതാണ്. ബോധവൽക്കരണം ഒരുവശത്തുകൂടി നടക്കട്ടെ, അതിലുപരിയായി വേണ്ടത് കർശനമായ നടപടികളാണ്. വിദ്യാർഥികൾക്കിടയിൽ ലഹരി ഉപയോഗം വർധിക്കുന്നില്ലെന്ന നിലയിലുള്ള ഒരു മറുപടി തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയത് കാണാൻ ഇടയായി. ലഹരി ഉപയോഗം വളരെയേറെ വർധിക്കുന്നുവെന്നതാണല്ലോ ഇപ്പോൾ കണ്ടുവരുന്നത്. റാഗിങ് അടക്കമുള്ള കാര്യങ്ങളും താമരശ്ശേരിയിലും വെഞ്ഞാറമൂട്ടിലും അടുത്ത കാലത്തുണ്ടായ സംഭവങ്ങളെപ്പറ്റിയാണ് നമ്മൾ ചർച്ച ചെയ്യുന്നത്. കൊലപാതകങ്ങളുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യുമ്പോൾ കൊലപാതകങ്ങളിലേയ്ക്ക് എത്താതെ നിൽക്കുന്ന സംഭവങ്ങളിൽ ലഹരി ഉപയോഗിക്കുന്ന എത്രയോ ആളുകൾ നിൽക്കുന്നു. ലഹരി ഉപയോഗിക്കുന്ന കുട്ടികളുടെ ആയുർദൈർഘ്യം വളരെയേറെ കുറയുന്നു. അത് മറ്റൊരു സോഷ്യൽ ഇഷ്യൂവായി കടന്നുവരാൻ പോകുകയാണ്. ഇവിടെയുണ്ടാകുന്ന പല കേസുകളിലും പിന്നീട് നടപടിയുണ്ടാകുന്നില്ലെന്നത് ഇതിലേക്കെത്തുന്നതിന് വീണ്ടും

പ്രേരണയുണ്ടാകുന്നു. കേസുകൾ എടുക്കുന്നുണ്ടെങ്കിൽ ഈ കേസുകളിന്മേൽ തുടർനടപടിയുണ്ടാകണം. സിദ്ധാർഥിന്റെ കേസും, റാഗിങ്ങിന് ഇരയായി കൊല ചെയ്യപ്പെട്ടതുമായ എത്രയോ കേസുകൾ വരികയും അതിന്റെ തുടർനടപടികൾ എടുക്കുകയും കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാനുള്ള കർശനമായ നിലയിലുള്ള സമീപനങ്ങൾ സ്വീകരിക്കാനും സാധിക്കണം. സിനിമാ മേഖലയിലും സീരീസ് അടക്കമുള്ള കാര്യങ്ങളിലും നേതൃത്വം കൊടുക്കുന്നവർക്ക് ഒരു സാമൂഹ്യ പ്രതിബദ്ധതയുമുണ്ടാകണം. വയലൻസുകളെ പ്രോത്സാഹിപ്പിക്കുന്ന രീതിയിലുള്ള കാഴ്ചകളാണ് ഇതിലൂടെയൊക്കെ കാണാൻ സാധിക്കുന്നത്. സാഹിത്യ/സിനിമാ മേഖലകളിൽ സാമൂഹ്യപ്രതിബദ്ധതയോടെയുള്ള കാര്യങ്ങൾ കൊണ്ടുവരണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഓൺലൈൻ ബ്ലേഡ് കമ്പനികൾ വ്യാപകമായ നിലയിൽ രംഗത്തെത്തിയിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ആധാർ കാർഡ് മാത്രം നൽകിയാൽ അപ്പോൾത്തന്നെ പണം ലഭിക്കുന്നതിനാൽ പണത്തിന്

ആവശ്യമുള്ള പാവപ്പെട്ട ആളുകൾ ഇതിന്റെ പിടിയിൽ വീഴുന്നു. അവരും മയക്കുമരുന്ന് റാക്കറ്റുകളുടെ പിന്നിൽ പ്രവർത്തിക്കുന്നുവെന്ന നിലയിലുള്ള സൂചനകൾ വരുന്നുണ്ട്. ഗവൺമെന്റിന്റെ ശക്തമായ നടപടികളാണ് ഉണ്ടാകേണ്ടത്. നിർഭാഗ്യവശാൽ ഇക്കഴിഞ്ഞ നാലഞ്ച് വർഷം പരിശോധിച്ചാൽ അത് ഉണ്ടാകുന്നില്ലെന്നത് ഈ ഉപക്ഷേപത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

(ശ്രീ. തോമസ് കെ. തോമസ്)

P-03-03-2025
AL-AM (1.30-1.40) (SV)

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ വിഷയം ചർച്ചയ്ക്കെടുത്തപ്പോൾ എനിക്ക് വളരെയധികം ആശ്വാസം തോന്നി. കാരണം, കുവൈറ്റിൽ ഞങ്ങൾക്ക് നാല് സ്കൂളുകളുണ്ട്. 1996-ൽ കുവൈറ്റിലെ സ്കൂളിൽ നടന്ന ഒരു സംഭവവുമായി ബന്ധപ്പെട്ട് എന്റെ സഹോദരൻ തോമസ് ചാണ്ടി എന്നെ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഏൽപ്പിച്ചു. അന്നുമുതലാണ് മയക്കുമരുന്നിന് കുഞ്ഞുങ്ങൾ അടിമകളാണെന്നും അവരെ ബോധവൽക്കരിക്കണമെന്നുമുള്ള ചിന്ത എന്റെ മനസ്സിലേക്ക് കടന്നുവന്നത്. ഇതുസംബന്ധമായ പല മീറ്റിംഗുകളും എന്റെ

ഹോട്ടലിൽ വച്ച് നടത്താനിടയായിട്ടുണ്ട്. ലഹരി മാഫിയകൾ കുഞ്ഞുങ്ങളെ എങ്ങനെയാണ് ലഹരി ഉപയോഗത്തിലേക്ക് വശീകരിച്ചുകൊണ്ടുപോകുന്നത്; എങ്ങനെയാണ് അവർ അതിനടിമപ്പെടുന്നത്; എന്താണ് അതിന് കാരണം? ഇക്കാര്യങ്ങളെക്കുറിച്ച് പഠിക്കാൻവേണ്ടി അത്തരം വിഷയങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകിയിട്ടുണ്ട്. നിങ്ങൾക്കറിയാം, 7200 വിദ്യാർഥികൾ പഠിക്കുന്ന ഒരു സ്കൂളാണ് കുവൈറ്റിലെ യുണൈറ്റഡ് ഇന്ത്യൻ സ്കൂൾ. അങ്ങനെയൊരു സ്കൂളിലെ എല്ലാ പ്രവർത്തനങ്ങളും ഒരു പ്രിൻസിപ്പലിനോ ചെയർമാനോ കൈകാര്യം ചെയ്യാൻ സാധിക്കില്ല. കുട്ടികളെ വേർതിരിച്ച് കണ്ടുകൊണ്ട് അവർക്കാവശ്യമായ മീറ്റിംഗും കൗൺസിലിംഗും നൽകിയാൽ മാത്രമേ ആ വിഷയത്തിലേക്ക് കടന്നുവരാൻ സാധിക്കുകയുള്ളൂ. ആ രീതിയിലേയ്ക്ക് കൊണ്ടുവരാനുള്ള ഒരുത്തേജനം എല്ലാവരുടെയും ഭാഗത്തുനിന്നുമുണ്ടാകണം. എന്നാൽ ഈ വിഷയം അവതരിപ്പിച്ച പ്രിയങ്കരനായ ശ്രീ. രമേശ് ചെന്നിത്തല അതിൽനിന്നും മാറിപ്പോയപ്പോൾ എനിക്ക് വളരെയധികം വിഷമം തോന്നുകയും വിഷയത്തിൽനിന്ന് മാറിപ്പോകുന്നതിന് കാരണമെന്താണെന്ന് ഞാൻ തന്നെ എഴുന്നേറ്റുനിന്ന് ചോദിക്കുകയും ചെയ്തു. 'ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിചാരിച്ചാൽ ഒറ്റദിവസം കൊണ്ട് ഇതൊക്കെ ചെയ്തുതീർക്കാൻ കഴിയുമെന്ന് ' പ്രിയങ്കരനായ ഡോ. എം. കെ. മുനീർ പറഞ്ഞു. ഇത്രയധികം പ്രത്യേകത മുഖ്യമന്ത്രിക്ക് നൽകിയതിൽ അതിയായ സന്തോഷമുണ്ട്. കാരണം ഞങ്ങളാണ് സാധാരണ

അങ്ങനെ പറയാറുള്ളത്, നിങ്ങൾ ജീവിതത്തിൽ ഇതുവരെ അങ്ങനെ പറഞ്ഞുകേട്ടിട്ടില്ല. അങ്ങനെയൊരു സംവിധാനമൊരുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കഴിയുമെങ്കിൽ, ഭരണ-പ്രതിപക്ഷ സപ്പോർട്ടുണ്ടെങ്കിൽ ബോധവൽക്കരണം വളരെ നല്ല രീതിയിൽ നടത്താൻ സാധിക്കും. വളരെ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കത്തക്ക രീതിയിലുള്ള ഒരു സംവിധാനത്തിലേക്ക് നമ്മൾ വരണം. പരസ്പരം കുറ്റം പറഞ്ഞതുകൊണ്ടോ പണ്ട് ഇങ്ങനെ നടന്നിട്ടുണ്ട് അങ്ങനെ നടന്നിട്ടുണ്ടെന്ന് തേജോവധം നടത്തിയതുകൊണ്ടോ കാര്യങ്ങൾ നടക്കില്ല. ഞാനുൾപ്പെടെ നമ്മളെല്ലാവരും നിയമസഭയിൽനിന്ന് പോയി കണ്ട ഒരു സിനിമയാണ്, 'പകുതി കടൽ കടന്ന്' എന്നത്. പ്രിയങ്കരനായ ഡോ. ബിജു രമേശ് നിർമ്മിച്ച സിനിമയാണ്, ശ്രീമതി അഞ്ചിത എന്ന സഹോദരിയാണ് അതിൽ അഭിനയിച്ചത്. വളരെ ഹൃദയഭേദകമായ ഒരു സിനിമയാണത്. എങ്ങനെയാണ് നമ്മുടെ കുഞ്ഞുങ്ങൾ വഴിമാറിപ്പോകുന്നത്; അവർ എങ്ങനെ തെറ്റുന്നു; അവരെ ഏതൊക്കെ രീതിയിൽ തിരിച്ചുകൊണ്ടുവരാൻ സാധിക്കുമെന്നൊക്കെ ആ സിനിമ കാണുമ്പോൾ നമ്മൾ ചിന്തിച്ചുപോകും, അങ്ങനെ ചിന്തിക്കേണ്ടത് അത്യാവശ്യവുമാണ്. അങ്ങോട്ടുമിങ്ങോട്ടും പഴിചാരി പരസ്പരം കുറ്റങ്ങൾ പറഞ്ഞുകൊണ്ടിരിക്കാതെ കേരളത്തിലെ നമ്മുടെ തലമുറയെ എങ്ങനെ നമുക്ക് നല്ലരീതിയിൽ വാർത്തെടുക്കാൻ സാധിക്കുമെന്ന് നാം ഓരോരുത്തരും ചിന്തിക്കേണ്ടതാണ്.

ഞാൻ വളരെയധികം കുഞ്ഞുങ്ങളുടെ ശവസംസ്കാര ചടങ്ങുകളിൽ പങ്കെടുത്തിട്ടുള്ള വ്യക്തിയാണ്. അവരെല്ലാം പല രീതിയിൽ ലഹരിക്ക് അടിമപ്പെട്ടുപോയവരാണ്. കുവൈറ്റിൽനിന്നും അവരെ കേരളത്തിലേക്ക് വിടുമ്പോൾ ഞാൻ വളരെയധികം ആകാംക്ഷയോടെയാണ് വിടുന്നത്. കേരളത്തിൽ വന്നുകഴിഞ്ഞാൽ അവരെങ്ങനെയാണ് മാറിപ്പോകുന്നത്; എന്താണ് സംവിധാനം; ഏത് രീതിയിലാണ് അവർ വശീകരിക്കപ്പെടുന്നതെന്ന് മാതാപിതാക്കൾക്കുപോലും മനസ്സിലാക്കാൻ സാധിക്കുന്നില്ല. പല മാതാപിതാക്കൾക്കും കുഞ്ഞുങ്ങളെ ഭയമാണ്. അതിന്റെ കാരണമെന്താണ്? കുട്ടികളുടെ രീതിയും പ്രവർത്തനശൈലിയും അങ്ങനെയാണ്. ഈ കുട്ടികളെ ബോധവൽക്കരിക്കാനുള്ള ഒരു സംവിധാനം എങ്ങനെ നിയമസഭ വഴി ജനങ്ങളിലെത്തിക്കാൻ സാധിക്കും എന്നതിനെക്കുറിച്ച് നാം ചിന്തിക്കണം. അത് ചെയ്യേണ്ട കടമ നമുക്കുണ്ട്. ഏതൊക്കെ രീതിയിൽ ജനങ്ങളിൽ ബോധവൽക്കരണം നടത്താൻ സാധിക്കുമെന്നതിനെക്കുറിച്ചുള്ള ഒരാശയം നമ്മൾ ഉൾക്കൊള്ളേണ്ടത് അത്യാവശ്യമാണ്. സ്കൂളുകളിൽ പി.ടി.എ. മീറ്റിംഗുകൾ അത്യാവശ്യമാണ്. കുട്ടികളെ ഏതൊക്കെ രീതിയിൽ ഡൈവേർട്ട് ചെയ്യണം, അവർക്ക് സ്പോർട്സാണോ കലയാണോ താൽപര്യമെന്നതിനനുസരിച്ച് അതിലേയ്ക്ക് അവരെ നയിച്ച് ബോധവൽക്കരണം നടത്തണം. ഒരു കുഞ്ഞ് ചെയ്യാൻ പാടില്ലാത്ത കാര്യം എങ്ങനെ കുഞ്ഞിന് മനസ്സിലാക്കിക്കൊടുക്കാൻ

സാധിക്കുമെന്നതിന് ഒരു ഉത്തമോദാഹരണമാണ്, കഴിഞ്ഞദിവസം ഒരു ടി.വി. ഷോയിൽ ഒരു കൊച്ചുകുഞ്ഞ് പാടുന്നത് ഞാൻ കേട്ടു. അപ്പോൾ ആ ഷോയിലെ ജഡ്ജ് പറഞ്ഞു, 'മോനേ നിനക്ക് ഞാനൊരു നല്ല ഐസ്ക്രീം തരാം'. അപ്പോൾ അവൻ ഹിന്ദിയിൽ മറുപടി പറഞ്ഞത്, 'സാബ്, മേരാ ഗലാ ഖരാബ് ഹോ ജായേഗാ' എന്നാണ്, 'സർ, എന്റെ തൊണ്ട കേടാകും'. നാലോഅഞ്ചോ വയസ്സുള്ള ഒരു കുഞ്ഞിന്റെ അറിവിൽ നിന്നല്ല, അവനെ പഠിപ്പിച്ച് കൊടുത്തതുകൊണ്ടാണ് അവനത് പറഞ്ഞത്. നിനക്ക് എന്തു കഴിക്കാം, എന്തു കഴിക്കരുത്, നീ എങ്ങനെ ജീവിക്കണം, നീ ഏതുരീതിയിൽ മുന്നോട്ടുപോകണമെന്ന് ആ കുഞ്ഞിന്റെ മാതാപിതാക്കളോ അധ്യാപകരോ പറഞ്ഞ് മനസ്സിലാക്കിയതുകൊണ്ട് മാത്രമാണ് ആ കുഞ്ഞിന് ആ മറുപടി പറയാൻ സാധിച്ചത്. അതുപോലെ നമ്മുടെ തലമുറ എങ്ങനെ മുന്നോട്ടുപോകണം, ഏതുരീതിയിൽ ജീവിക്കണം, അവർ ആരോടൊക്കെ ഇടപെടണം, ഏതുരീതിയിൽ സഹവാസം നടത്തണമെന്നതൊക്കെ സംബന്ധിച്ചൊരു ബോധവൽക്കരണ ക്ലാസ് നൽകേണ്ട ചുമതല ഓരോ നിയമസഭാ സാമാജികർക്കും ഓരോ സ്കൂളുകളിലെ അധ്യാപകർക്കും പ്രധാനാധ്യാപകർക്കും പി.ടി.എ. പ്രസിഡന്റുമാർക്കുമുണ്ട്. അങ്ങനെയുള്ളൊരു ക്രമീകരണത്തിലേക്ക് വരണമെന്നാണ് എനിക്ക് പ്രത്യേകിച്ച് പറയാനുള്ളത്. നല്ല മാതാപിതാക്കളാകാൻ എന്താണ് മാർഗം? ഈ വിഷയത്തിന്റെ മെറിറ്റിൽനിന്ന് എങ്ങനെ സംസാരിക്കണമെന്നുള്ളത് നമ്മൾ പഠിക്കേണ്ടത് അത്യാവശ്യമാണ്.

കാരണം ഒരു വിഷയം നമ്മുടെ അടുക്കലേക്ക് വന്നാൽ, ആ വിഷയത്തെ നമ്മൾ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത്, ഏതൊക്കെ രീതിയിലാണ് സംസാരിക്കേണ്ടത്..., അതുകൊണ്ട് കുറ്റം പറച്ചിലിൽനിന്നും പഴിചാരലിൽനിന്നും മാറിനിന്നുകൊണ്ട് ആരാധ്യനായ മുഖ്യമന്ത്രിക്കും മറ്റ് സഹമന്ത്രിമാർക്കും കൈത്താങ്ങ് നൽകിക്കൊണ്ട് നല്ല രീതിയിൽ പ്രവർത്തിക്കാനാകുംവിധം എടുത്ത തീരുമാനം നടക്കട്ടെ എന്നാശംസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു, നന്ദി.

(ഡോ. കെ. ടി. ജലീൽ)

P-03-03-2025
AL-AM (1.30-1.40) (SV)

ഡോ. കെ. ടി. ജലീൽ: സർ, വെസ്റ്റ്മിൻസ്റ്റർ ആബിയിലെ ഒരു പുരോഹിതന്റെ ശവക്കല്ലറയുടെ മേൽ എഴുതിവച്ച വാചകങ്ങളാണ് ഈ സന്ദർഭത്തിൽ എന്റെ ഓർമ്മയിലേക്ക് കടന്നുവരുന്നത്. ആ വാചകങ്ങൾ ഇങ്ങനെയാണ്, 'അന്ന് ഞാൻ ചെറുപ്പമായിരുന്നു. എന്റെ കൺവെട്ടങ്ങൾക്ക് പരിധികളില്ലായിരുന്നു. ഈ ലോകത്തെത്തന്നെ മാറ്റിമറിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. പക്ഷേ എനിക്കതിന് കഴിയില്ലെന്ന് വൈകാതെ ഞാൻ മനസ്സിലാക്കി. ഞാൻ യുവാവായിരുന്നപ്പോൾ ആലോചിച്ചത് എന്റെ രാജ്യത്തെക്കുറിച്ചാണ്. എന്റെ രാജ്യത്ത് പരിവർത്തനത്തിന്റെ, മാറ്റത്തിന്റെ കൈത്തിരി കത്തിച്ചുവയ്ക്കണമെന്നായിരുന്നു എന്റെ മോഹം. അനുഭവങ്ങൾ

എന്റെ മുന്നിലേയ്ക്ക് പരുപരുത്ത യാഥാർഥ്യങ്ങളായി കടന്നുവന്നപ്പോൾ ഒരു ഞെട്ടലോടെ ഞാനറിഞ്ഞു, എനിക്കതിന് സാധിക്കില്ലെന്ന്. പിന്നെ ഞാൻ മധ്യവയസ്കനായി. അന്ന് ഞാൻ ആലോചിച്ചത് എന്റെ കുടുംബത്തെക്കുറിച്ചാണ്. എന്റെ കുടുംബത്തെ എങ്ങനെയെങ്കിലുമൊന്ന് പരിവർത്തിപ്പിക്കണം. അവരെ ഒന്ന് മാറ്റണം. പക്ഷേ അതിനും എനിക്ക് സാധിക്കില്ലെന്ന് ഞാൻ വേദനയോടെ അറിഞ്ഞു. പിന്നീട് വാർധക്യം വന്നു. മരണക്കിടക്കയിൽ ഞാൻ കിടക്കുന്ന സമയത്ത് ഞാൻ നോക്കിയത് എന്നിലേക്കാണ്. എന്നെ മാറ്റാൻ എനിക്ക് കഴിഞ്ഞിരുന്നെങ്കിൽ എന്റെ കുടുംബത്തെ സ്വാധീനിക്കാൻ എനിക്ക് സാധിക്കുമായിരുന്നു. എന്റെ കുടുംബത്തെ സ്വാധീനിക്കാൻ എനിക്ക് സാധിച്ചിരുന്നെങ്കിൽ രാജ്യത്തുതന്നെ മാറ്റത്തിന്റെ കൈത്തിരിയേന്താൻ കഴിയുമായിരുന്നു. എന്റെ രാജ്യത്ത് പരിവർത്തനമുണ്ടാക്കാൻ എനിക്ക് കഴിഞ്ഞിരുന്നെങ്കിൽ ലോകത്തുതന്നെ അതിന്റെയൊരു അനുരണനം സൃഷ്ടിക്കാൻ എനിക്കാകുമായിരുന്നു'.

വളരെ പ്രസക്തമായ വാചകമാണിത്, എവിടെനിന്നാണ് മാറ്റം ആരംഭിക്കേണ്ടത്? നമ്മളെല്ലാവരും പരസ്പരം കുറ്റപ്പെടുത്തുകയാണ്. ഈയൊരു വിഷയത്തെ ഇത്ര ഗൗരവപൂർവം സഭയിൽ ചർച്ച ചെയ്യാൻ അനുവദിച്ചത് പരസ്പരം കുറ്റപ്പെടുത്താനല്ല. ഇങ്ങനെയൊരവസരം നമുക്ക്

സർക്കാർ സൃഷ്ടിച്ചുതരികയായിരുന്നു. സർക്കാരിന് വേണമെങ്കിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വേണമെങ്കിൽ ഇത് സാധാരണപോലെ ഒരു അടിയന്തരപ്രമേയമാക്കി കണ്ടുകൊണ്ട് അതിനോട് പെരുമാറുന്നതുപോലെ പെരുമാറാമായിരുന്നു. അതിനുപകരം ഇത് സഭയിൽ ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചത് ഇതൊരു സാമൂഹ്യ പ്രശ്നമായതുകൊണ്ടും നമ്മുടെ നാടിന്റെ, സമൂഹത്തിന്റെ, പുതിയ തലമുറയുടെ വലിയൊരു വിപത്താണെന്ന് സർക്കാർ തിരിച്ചറിയുന്നതുകൊണ്ടുമാണ്. അതിനേതെങ്കിലും ഒരു വിഭാഗത്തിന്റെ മാത്രം പ്രവർത്തനമുണ്ടായാൽ പോരാ, ഏതെങ്കിലും ഒരാൾ മാത്രം ശ്രമിച്ചാൽ തീരുന്നതല്ല ഈ പ്രശ്നം. ഈ സഭയോ സഭയിലുള്ള ആളുകളോ മാത്രം ശ്രമിച്ചാൽ തീരുന്നതല്ല ഈ പ്രശ്നം. വ്യക്തിയിൽനിന്ന്, കുടുംബങ്ങളിൽനിന്ന് ആരംഭിക്കേണ്ട വലിയൊരു മാറ്റത്തെക്കുറിച്ചാണ് ഈ വിഷയം നമ്മോട് പറയുന്നത്.

ഞാൻ പന്ത്രണ്ടര വർഷം ഒരു കോളേജിലെ അധ്യാപകനായിരുന്നു. വിദ്യാർഥി രാഷ്ട്രീയ പ്രവർത്തനത്തിലും ഞാൻ സജീവമായിരുന്നു. വിദ്യാർഥി രാഷ്ട്രീയ പ്രവർത്തനം കൊണ്ട് ഒരു കാമ്പസിനുണ്ടാകുന്ന നേട്ടങ്ങൾ എന്താണെന്ന് അതിന്റെ ആന്തരാർഥത്തിൽ മനസ്സിലാക്കിയ ഒരാളാണ് ഞാൻ. വിദ്യാർഥി രാഷ്ട്രീയമില്ലാതെ ഇന്നത്തെപ്പോലെ സമ്പന്നരുടെ മക്കൾ

അല്ലെങ്കിൽ എന്തിന്റെയെങ്കിലും പേരിലുള്ള ഗ്യാങ്ങുകളുടെ കൂട്ടം ചേരൽ അന്നുണ്ടായിരുന്നെങ്കിൽ ഞാനടക്കമുള്ള എത്രയോപേർ മോശപ്പെട്ട പാതയിലേക്ക് തിരിഞ്ഞുപോകുമായിരുന്നു എന്ന ഉറച്ചവിശ്വാസം എനിക്കുണ്ട്. നമ്മളെയെല്ലാവരെയും ശരിയുടെ പാതയിലേക്ക് നയിക്കുന്നതിൽ വിദ്യാർഥി രാഷ്ട്രീയ പ്രവർത്തനം വളരെ വലിയ സഹായമായി വർത്തിച്ചിട്ടുണ്ട്. 1994-ൽ ആണെന്ന് തോന്നുന്നു കോടതി ഇടപെട്ടുകൊണ്ട് സ്കൂളുകളിൽ, അതിനുശേഷം ഹയർ സെക്കൻഡറി സ്കൂളുകളുടെ ഭാഗമായപ്പോൾ ഹയർ സെക്കൻഡറി സ്കൂളുകൾ ഉൾപ്പെടെയുള്ള ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാലയങ്ങളിൽ വിദ്യാർഥി രാഷ്ട്രീയാടിസ്ഥാനത്തിൽ, കക്ഷി രാഷ്ട്രീയാടിസ്ഥാനത്തിൽ പാർലമെന്റ് തിരഞ്ഞെടുപ്പുകൾ നടക്കാൻ പാടില്ല, അത് വിദ്യാർഥികളെ മറ്റൊരു പാതയിലേക്ക്, മോശപ്പെട്ട വഴിയിലേക്ക് കൊണ്ടുപോകുന്നു എന്ന തെറ്റായ നിരീക്ഷണം നടത്തിക്കൊണ്ട് നിരോധിക്കുകയുണ്ടായി. സത്യത്തിൽ പുതിയ തലമുറയിൽ വന്നിട്ടുള്ള മാറ്റങ്ങളെ സംബന്ധിച്ച് കുലംകക്ഷമായി നമ്മളാലോചിച്ചാൽ വിദ്യാർഥി സംഘടനാ പ്രവർത്തനങ്ങൾക്ക് കൂച്ചുവിലങ്ങ് വന്ന കാലം മുതൽ ഇതുവരെയുള്ള കാലവും അതിനുമുമ്പുണ്ടായിരുന്ന കാലവും എത്രമാത്രം വ്യത്യസ്തവും

വ്യതിരിക്തവുമാണെന്ന് ആലോചിക്കുക.

(തുടരും...)

P-03-03-2025
HA/AM (II)
1.40-1.50 (SV)

(ഡോ. കെ. ടി. ജലീൽ....... തുടർച്ച)

വിദ്യാർഥി രാഷ്ട്രീയ പ്രവർത്തനം നിരോധിക്കപ്പെട്ടതോടെ സ്കൂളുകളിൽ വലിയ തോതിൽ അക്കാദമിക് നിലവാരമുണ്ടായോ; വിദ്യാലയങ്ങളിൽനിന്ന് സയന്റിസ്റ്റുകൾ വളരെ കൂടുതലായി വന്നോ? ഇല്ല. വിദ്യാർഥി രാഷ്ട്രീയം നിലനിന്നിരുന്ന കാലത്ത് എത്രത്തോളം വിദ്യാലയങ്ങൾ അക്കാദമികമായി മുന്നേറിയിരുന്നോ അത്രമാത്രമേ ഇപ്പോഴും മുന്നേറുന്നുള്ളൂവെന്നത് ഒരു വസ്തുതയാണ്. തെറ്റായിട്ടുള്ള ചില ധാരണകളാണ് മനുഷ്യരെ ഇത്തരത്തിലുള്ള നിഗമനങ്ങളിലേയ്ക്ക് എത്തിക്കുന്നത്. വിദ്യാർഥി രാഷ്ട്രീയം ശക്തമായിട്ടുള്ള സമൂഹത്തിൽ സാമൂഹ്യ പ്രതിബദ്ധതയുണ്ടാകും. സത്യത്തിൽ നാം വിദ്യാർഥി രാഷ്ട്രീയത്തിൽ പ്രവർത്തിച്ചിരുന്ന കാലത്ത് നമ്മുടെ കുടുംബത്തിന് നമ്മൾ ഉപകാരപ്പെട്ടിരുന്നതുപോലെ വിദ്യാർഥി രാഷ്ട്രീയമില്ലാത്ത ഇക്കാലത്ത് നമ്മുടെ മക്കൾ നമ്മുടെ കുടുംബത്തിന് ഉപകാരപ്പെടുന്നുണ്ടോ? നാം ഓരോരുത്തരും നമ്മുടെ മനഃസാക്ഷിയോടാണ്

ഈ ചോദ്യം ചോദിക്കേണ്ടത്. പുതിയ തലമുറയുടെ പ്രശ്നങ്ങൾക്ക് നിരവധി കാരണങ്ങളുണ്ട്. ലഹരിയിൽ മാത്രമായി അതിനെ പരിമിതപ്പെടുത്താനോ അധ്യാപകരിൽ മാത്രമായി അതിന്റെ ഉത്തരവാദിത്വം കെട്ടിയേല്പിക്കാനോ ഭരണകൂടങ്ങളെ മാത്രം പഴിചാരി അതിൽനിന്ന് രക്ഷപ്പെടാനോ കഴിയില്ല. എല്ലാവരും ഒരുമിച്ചുനിന്ന് പ്രവർത്തിച്ചാൽ മാത്രമേ ഈ പ്രശ്നങ്ങൾക്ക് ആത്യന്തികമായ ഒരു പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ഒരു സ്ഥാപനത്തിലെതന്നെ ജൂനിയർ-സീനിയർ വിദ്യാർഥികൾ തമ്മിൽ സംഘർഷങ്ങളുണ്ടാകുന്നു. ഒരേ സ്ഥാപനത്തിലെ വ്യത്യസ്ത ബാച്ചുകൾ തമ്മിൽ, മെക്കാനിക്കൽ ബാച്ചും നോൺ മെക്കാനിക്കൽ ബാച്ചും ഓട്ടോമൊബൈൽ ബാച്ചും നോൺ ഓട്ടോമൊബൈൽ ബാച്ചും തമ്മിൽ സംഘർഷങ്ങളിലേർപ്പെടുകയാണ്. പരമ്പരാഗതമായ ഏതെങ്കിലുമൊരു സ്ഥലത്തുവച്ച് എന്നെങ്കിലുമൊരു കലോത്സവത്തിൽ വ്യത്യസ്ത സ്ഥാപനങ്ങൾ തമ്മിൽ എന്തെങ്കിലും സംഘർഷങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ പിന്തുടർച്ച വീണ്ടും വീണ്ടും നിലനിർത്തുന്ന പ്രവണത, വിദ്യാർഥികളുടെ യാത്രയയപ്പ് ചടങ്ങുകൾ, ലഹരി ഉപയോഗവും അതിന്റെ വ്യാപനവും, ഓൺലൈൻ ഗെയിമുകൾ....., ഇവിടങ്ങളൊക്കെ സംഘർഷഭരിതമാണ്. പിതാക്കന്മാരില്ലാത്ത; അവരുടെ രക്ഷിതാക്കൾ ഗൾഫിലോ മറ്റ്

മറുനാട്ടുകളിലോ ജോലി ചെയ്യുന്ന വീടുകളിൽ തങ്ങൾക്ക് അപ്രമാദിത്വമുള്ള കുടുംബങ്ങളിൽ നിന്ന് വരുന്ന കുട്ടികളാണ് ക്രിമിനൽ സ്വഭാവമുള്ള നല്ലൊരു ശതമാനം കുട്ടികളും. വീട്ടിൽ യാതൊരു നിയന്ത്രണവും കുട്ടികൾക്കില്ലാത്ത അവസ്ഥ, വയലൻസിനെ പ്രോത്സാഹിപ്പിക്കുന്ന സിനിമകൾ, അനുകമ്പ, കരുണ, സ്നേഹം തുടങ്ങിയ വികാരങ്ങൾ കുട്ടികളിൽ കുറഞ്ഞുവരുന്നത് എന്നിവ കാരണമാണ് വിദ്യാർഥികളിൽ സംഘർഷ പ്രവണത രൂപപ്പെടുന്നുണ്ട്. ഇത്തരം സംഘർഷങ്ങളിൽ അധ്യാപകർക്ക് ഇടപെടാൻ സാധിക്കാത്ത സ്ഥിതി സ്കൂളുകളിലും കോളേജുകളിലുമുണ്ട്. എന്റെ ഭാര്യ ഒരു ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പൽ ആണ്. അവിടെ പ്രശ്നങ്ങളുണ്ടാകുമ്പോൾ അവൾക്ക് അതിൽ ഇടപെടാൻ കഴിയുന്നുണ്ട്. പക്ഷേ, ഒരു പുരുഷ അധ്യാപകന് കുട്ടികളുടെ ഇടയിൽ ചെന്ന് നിൽക്കാനോ അവരെ രണ്ടുവശത്തേയ്ക്കും മാറ്റി നിർത്താനോ സാധിക്കുന്നില്ല. അങ്ങനെ വരുമ്പോൾ വിദ്യാർഥികൾ അവർക്കെതിരെ കേസ് കൊടുക്കുന്ന സ്ഥിതിയുണ്ടാകുന്നു. കുട്ടികളെ ശിക്ഷിക്കാൻ അധ്യാപകർക്ക് സാധിക്കാത്ത സ്ഥിതിയാണുള്ളത്. നിരപരാധികളായ നിരവധി അധ്യാപകർ കുട്ടികളുടെ ഭാവി ആഗ്രഹിച്ചുകൊണ്ടെടുത്ത മാർഗങ്ങളുടെയും നിലപാടുകളുടെയും പേരിൽ കോടതി കയറേണ്ടിവരുന്ന അവസ്ഥകളാണ് നിലവിലുള്ളത്. മക്കളെ

ഉപദേശിക്കാൻ അർഹതയില്ലാത്ത രക്ഷിതാക്കളും നമ്മുടെ നാടിന്റെ ഒരു പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണ്. എങ്ങനെ ഉപദേശിക്കും? രാവിലെ അല്ലെങ്കിൽ ഉച്ചയ്ക്ക് മദ്യഷോപ്പിൽ പോയി കള്ള് കുടിച്ചുവന്ന് വീട്ടിൽ ഭാര്യയോട് കശപിശ കൂടുന്ന ഭർത്താവിന് അയാളുടെ മകനെ ഉപദേശിക്കാൻ എന്തർഹതയാണുള്ളത്? സിഗററ്റ് വലിക്കുന്ന പിതാവ് മകനോട് സിഗററ്റ് വലിക്കരുതെന്ന് പറഞ്ഞാൽ ഏത് മകൻ കേൾക്കും? മക്കളെ ഉപദേശിക്കാനും രക്ഷിതാക്കൾക്ക് ഒരു യോഗ്യത വേണം. അതുപോലെ അധ്യാപകരും കുട്ടികളെ ഉപദേശിക്കാൻ യോഗ്യതയുള്ളവരായിരിക്കണം. ഹയർ സെക്കണ്ടറി സ്കൂളിൽ ബൈക്കുകളില്ലാതെ കുട്ടികൾ വരുന്നില്ല. പത്താം ക്ലാസ് പാസാകുമ്പോൾ കുട്ടികൾക്ക് 15 വയസ്സാണ്. പതിനൊന്നാം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും കുട്ടികൾ പഠിക്കുമ്പോൾ പതിനാറോ പതിനേഴോ വയസ്സാണുള്ളത്. 18 വയസ്സിലാണ് ലൈസൻസ് ലഭ്യമാകുന്നത്. ലൈസൻസ് പോലും എടുക്കാത്ത കുട്ടികൾക്ക് ബൈക്ക് വാങ്ങിച്ചുനൽകുന്ന രക്ഷിതാക്കൾ ഈ സാമൂഹ്യ പ്രശ്നത്തിൽ തങ്ങളുടേതായ പങ്ക് വഹിക്കുന്നവരാണ്. കോവിഡ് കാലത്ത് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ചുനിന്നതുപോലെ ലഹരി, വിദ്യാർഥികൾ തമ്മിലുള്ള സംഘർഷങ്ങൾ എന്നിവയ്ക്കെതിരെ ഭരണ-പ്രതിപക്ഷ

വ്യത്യാസമില്ലാതെ നമ്മുടെ സംസ്ഥാന സർക്കാർ ഒരുമിച്ചുനിന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വലിയൊരു പ്രയത്നം നടത്തേണ്ടതായിട്ടുണ്ട്. ആ പ്രയത്നത്തിൽ രക്ഷിതാക്കളും അധ്യാപകരും സമൂഹത്തിലെ ഓരോരുത്തരും അവരവരുടെ ഉത്തരവാദിത്വമേറ്റെടുത്ത് ലഹരിയും മറ്റ് സംഘർഷങ്ങളും സംബന്ധിച്ച് വിദ്യാർത്ഥികളെ പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടതാണ്. ഏതെങ്കിലുമൊരു വിഭാഗം മാത്രം ശ്രമിച്ചാൽ തീരുന്ന പ്രശ്നമല്ല ഇത്. ഒരാഴ്ച തുടർച്ചയായി എല്ലാ മാധ്യമങ്ങളിലൂടെയും മുഖ്യമന്ത്രി കക്ഷി രാഷ്ട്രീയത്തിനതീതമായി ഭരണ-പ്രതിപക്ഷ ഐക്യത്തോടുകൂടി മാതാപിതാക്കളെയും കുട്ടികളെയും അധ്യാപകരെയും അഭിസംബോധന ചെയ്യുന്ന കാര്യം യാഥാർത്ഥ്യമായാൽ ഇതിനൊരു പരിധിവരെ തടയിടാൻ നമുക്ക് സാധിക്കും. ഇവിടെ രാഷ്ട്രീയം പറയേണ്ട കാര്യമല്ല ഇത്. ടി. പി. വധക്കേസിലെ പ്രതികൾക്ക് ജാമ്യം കൊടുത്തു അല്ലെങ്കിൽ അവർക്ക് പരോൾ അനുവദിച്ച് പുറത്തുപോയെന്ന് ബഹുമാന്യനായ ശ്രീ. രമേശ് ചെന്നിത്തല ഇവിടെ സൂചിപ്പിച്ചു. ഇത് തെറ്റായ സന്ദേശം ജനങ്ങൾക്ക് നൽകുന്നു. ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തല അവർകളെ, ടി. പി. വധക്കേസിലെ പ്രതികൾക്ക് ആദ്യമായി പരോൾ അനുവദിച്ചത് ആരാണ്; അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന

കാലത്തല്ലേ പരോൾ അനുവദിച്ചത്? അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ആദ്യം ടി. പി. വധക്കേസിലെ പ്രതികൾക്ക് പരോൾ അനുവദിച്ചത്. അതൊരു സത്യമാണ്, വസ്തുതയാണ്. സ്വാഭാവികമായും ജയിലിൽ കിടക്കുന്ന ആളുകൾക്ക്, അവർ പ്രതികളാണെങ്കിൽപ്പോലും അവർക്ക് അവകാശപ്പെട്ടത് ഏത് സർക്കാർ അധികാരത്തിൽ വന്നാലാണ് നൽകാത്തത്? അങ്ങ് അറിഞ്ഞിട്ടുണ്ടാകില്ല, എന്നാൽ ഇപ്പോൾ ഏതെങ്കിലുമൊരു പ്രതിക്ക് പരോൾ കൊടുക്കുന്നത് ഇപ്പോഴത്തെ കേരളത്തിന്റെ മുഖ്യമന്ത്രി അറിഞ്ഞിട്ടാണെന്ന് അങ്ങ് എങ്ങനെയാണ് പറയുക; ആരാണ് ഈ ലഹരിക്കടത്തിന്റെ ആളുകൾ?

മി. സ്പീക്കർ: പ്ലീസ്..., കൺക്ലൂഡ്.

ഡോ. കെ. ടി. ജലീൽ: സർ, 2024 ഒക്ടോബറിൽ പ്രമാദമായൊരു ലഹരിവേട്ട ഡൽഹിയിൽ നടന്നു. ഡൽഹിയും കേരളത്തെപ്പോലെ ലഹരിക്ക് അടിപ്പെട്ട് മുന്നോട്ടുപോകുന്നൊരു സംസ്ഥാനമായി മാറിയിരിക്കുകയാണ്. 2024 ഒക്ടോബറിൽ പ്രമാദമായ ആ ലഹരിവേട്ടയിൽ 5600 കോടി രൂപയുടെ മയക്കുമരുന്നാണ് പിടികൂടിയത്. കേസിൽ പിടികൂടിയ 'ഡിക്കി ഗോയൽ' എന്ന് വിളിക്കുന്ന ശ്രീ. തുഷാർ ഗോയൽ ആരാണെന്നറിഞ്ഞാൽ ഈ സഭ ഞെട്ടിപ്പോകും. ശ്രീ. രാഹുൽ മാങ്കൂട്ടത്തിലിന് അദ്ദേഹത്തെ

അറിയാമായിരിക്കും. ഈ തുഷാർ ഗോയൽ കോൺഗ്രസ്സിന്റെ വേണ്ടപ്പെട്ട കക്ഷിയാണ്. ഡൽഹി യൂത്ത് കോൺഗ്രസ് ആർ.ടി.ഐ. വിഭാഗം മേധാവിയാണ് അദ്ദേഹം. 2022 മാർച്ച് 24-നാണ് ഈ പദവിയിൽ ശ്രീ. തുഷാർ ഗോയലിനെ നിയമിച്ചത്. അദ്ദേഹവും ശ്രീ. കെ. സി. വേണുഗോപാലും തമ്മിൽ ഒരുമിച്ച് നിൽക്കുന്ന ഫോട്ടോ കാണണോ നിങ്ങൾക്ക്, ഇതാ... (ഫോട്ടോ ഉയർത്തിക്കാട്ടി.) ശ്രീ. തുഷാർ ഗോയലും ശ്രീ. കെ. സി. വേണുഗോപാലും ഇരട്ട സഹോദരങ്ങളെപ്പോലെ ഒരുമിച്ച് നിൽക്കുന്ന ഫോട്ടോയാണിത്. ഇതൊക്കെയുണ്ടായിട്ടും..., ഇവിടെ വന്ന് എന്തൊരു പ്രസംഗമാണ് നടത്തുന്നത്. ഞാനൊരു കാര്യം ചോദിക്കട്ടെ;

<u>മി. സ്പീക്കർ</u>: ഡോ. കെ. ടി. ജലീൽ സമയമായി. പ്ലീസ്, പ്ലീസ്, കൺക്ലൂഡ്.

<u>ഡോ. കെ. ടി. ജലീൽ</u>: സർ, മദ്യഷോപ്പുകളുള്ള എത്ര ആളുകൾ ഇപ്പുറത്തിരിക്കുന്നുണ്ട്; അപ്പുറത്തിരിക്കുന്നുണ്ട്? അത് മാത്രം പറഞ്ഞാൽ മതി. മദ്യഷോപ്പുകളുള്ള ഒരു എം.പി.-യും സി.പി.(ഐ.)എം.-നോ ഇടതുപക്ഷ കക്ഷികൾക്കോ ഇല്ല. ബാർ ഹോട്ടലുകളുള്ള ഒരു എം.എൽ.എ.-യും ഇവിടെ ഇരിക്കുന്നില്ല. നിങ്ങളുടെ എം.എൽ.എ.-മാർക്കിടയിൽ ആർക്കും ബാർ ഹോട്ടലുകളില്ലെന്ന് ശഠിച്ചുപറയാൻ നിങ്ങൾക്ക് കഴിയുമോ? ഞങ്ങളുടെ

എം.പി.-മാർക്കിടയിൽ ആർക്കും ബാർ ഹോട്ടലുകളില്ലെന്ന് ഇവിടെ ഈ സഭയിൽ പറയാൻ സാധിക്കുമോ ബഹുമാനപ്പെട്ട മി. ഒപ്പോസിഷൻ ലീഡർ? അങ്ങയോട് ഞാൻ ചോദിക്കുന്നു.

മി. സ്പീക്കർ: പ്ലീസ്, കൺക്ലൂഡ് ചെയ്യൂ, സമയമായി.

ഡോ. കെ. ടി. ജലീൽ: സർ, എന്നെങ്കിലും യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ഈ കേരള സംസ്ഥാനത്ത് മദ്യം പൂർണ്ണമായും ഞങ്ങൾ നിരോധിക്കുമെന്ന് അങ്ങേയ്ക്ക് ഈ സഭയിൽ പറയാനുള്ള ധൈര്യവും ചങ്കൂറ്റവുമുണ്ടോ? ഞങ്ങൾ എല്ലാ മദ്യഷോപ്പുകളും എല്ലാ ബാർ ഹോട്ടലുകളും അടച്ചുപൂട്ടുമെന്നും കേരളത്തെ ഒരു സമ്പൂർണ്ണ മദ്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുമെന്നും പറയാൻ അങ്ങേയ്ക്ക് കഴിയുമോ? ഈ നാടിന്റെ ടൂറിസം മേഖലയെ അതിൽനിന്ന് മുക്തമാക്കുമെന്ന് പറയാൻ അങ്ങേയ്ക്ക് കഴിയുമോ? ഈ പ്രശ്നം വളരെ ഗൗരവമേറിയതാണ്. ......(മൈക്ക് ഓഫ്)....

(ശ്രീ. വി. ഡി. സതീശൻ)

P.03-3-2025
1.50-2.00
GS/AM(2) (SV)

ശ്രീ. വി. ഡി. സതീശൻ: Sir, I am very much honored when my friend Mr. K. T. Jaleel, call me Mr. Opposition Leader. I thank you

very much.

മയക്കമരുന്നിന്റെ ഉപയോഗം കേരളം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ നിയമസഭ കേരളത്തിന്റെ ഒരു പരിച്ഛേദമാണ്. കേരളം വലിയ ഭീതിയിലാണ്, ഉത്കണ്ഠയിലാണ് എന്നുള്ള യാഥാർത്ഥ്യം നമ്മളറിയണം. ഇക്കഴിഞ്ഞ കുറെ ദിവസങ്ങളായി ഒന്നിനുപുറകെ ഒന്നായി നടക്കുന്ന സംഭവങ്ങൾ നമ്മളെയടക്കം എല്ലാവരെയും ഉത്കണ്ഠയിലാഴ്ത്തിരിക്കുന്നു. ഈ വാർത്തകൾ കേൾക്കുമ്പോൾ നമ്മൾ ഞെട്ടുകയും പ്രയാസപ്പെടുകയും ചെയ്യുന്നുണ്ട്. എന്തുപറ്റി, എന്താണ് ഇങ്ങനെ പോകുന്നത്; കുഞ്ഞുങ്ങളുള്ള രക്ഷകർത്താക്കൾ അതിനേക്കാൾ വലിയ ഭീതിയിലാണ്. എനിക്ക് പരിചയമുള്ള ഒരു സ്ത്രീ എന്നോട് ഫോണിൽ വിളിച്ചുപറഞ്ഞു; ഞാൻ എന്റെ മകനെ സംശയിക്കുകയാണ്. അവൻ തെറ്റൊന്നും ചെയ്യുന്നില്ല, പക്ഷേ അവൻ പോയി കഴിയുമ്പോൾ ഞാൻ അവന്റെ പുസ്തകങ്ങളും അലമാരയും മേശയുമൊക്കെ പരിശോധിക്കുകയാണ്. എന്തിനാണ് അങ്ങനെ ചെയ്യുന്നതെന്ന് ഞാൻ ചോദിച്ചു; പുറത്ത് സമൂഹത്തിൽ കേൾക്കുന്നത് അങ്ങനെയുള്ള വാർത്തകളായതുകൊണ്ട് നമ്മുടെ കുഞ്ഞും ഇത്തരത്തിലുള്ള ദുശ്ശീലങ്ങളിൽപ്പെടുന്നുണ്ടോയെന്ന് എനിക്കറിയില്ല. മാതാപിതാക്കൾ കുഞ്ഞുങ്ങളെ സംശയിക്കാൻ തുടങ്ങി. സമൂഹം ആ

രീതിയിലേക്ക് മാറുകയാണ്. കുട്ടികളുടെ മാത്രമല്ല, പൊതുസമൂഹത്തിൽപ്പെടുന്ന ചെറുപ്പക്കാരുടെയും വയലൻസ് വർധിച്ചുവരികയാണെന്ന് ഞങ്ങൾ കഴിഞ്ഞദിവസം സൂചിപ്പിച്ചല്ലോ; ഒരു യാഥാർത്ഥ്യം നമ്മൾ അംഗീകരിക്കണം. കണക്കുകൾ വച്ചല്ല പറയേണ്ടത്, കേരളത്തിൽ ലഹരി മരുന്ന് വ്യാപനം വർധിക്കുകയാണ്. ഒരു കാലത്തുമില്ലാത്ത തരത്തിൽ കേരളത്തിൽ ഇതെല്ലാം ഇപ്പോൾ അവയിലബിളാണ്. കേരളത്തിലെ ഏത് സ്പോട്ടിൽ ആർക്കുവേണമെങ്കിലും 15 മിനിറ്റിനകം ഏതുതരത്തിലുള്ള ഡ്രഗ്സും ഇന്ന് ലഭിക്കും. കഴിഞ്ഞ ദിവസം കഞ്ചാവിന്റെ ഉപയോഗം കുറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സൂചിപ്പിച്ചത്. അത് ശരിയായിരിക്കാം. പക്ഷേ കഞ്ചാവിന്റെ ഉപഭോഗം കുറയുമ്പോൾ എം.ഡി.എം.എ.-യുടെയും കെമിക്കൽ സബ്സ്റ്റൻസിന്റെയും സിന്തറ്റിക് ഡ്രഗ്സിന്റെയുമെല്ലാം അളവ് ക്രമാതീതമായി വർധിച്ചുകൊണ്ടിരിക്കുകയാണ്. അത് എവിടെ വേണമെങ്കിലും ലഭിക്കും. കേരളത്തിൽ ഡ്രഗ്സിന്റെ വലിയ ക്വാണ്ടിറ്റി വരികയാണെന്നുള്ള യാഥാർത്ഥ്യം നമ്മളറിയണം. ഞങ്ങൾ ഈ വിഷയം മൂന്നാമത്തെ പ്രാവശ്യമാണ് സഭയിൽ കൊണ്ടുവരുന്നത്. രണ്ടുപ്രാവശ്യം ഗവൺമെന്റ് ചർച്ച ചെയ്യാൻ തയ്യാറായി. ഞങ്ങൾ ആദ്യമെടുത്ത

സമീപനമെന്താണ്; ഏതുതരത്തിലുള്ള ആക്ഷൻ പ്ലാൻ ഗവൺമെന്റ് ആരംഭിച്ചാലും ഞങ്ങളതിന്റെ കൂടെയുണ്ടെന്നാണ് വളരെ പോസിറ്റീവായി ഞാൻ സൂചിപ്പിച്ചത്. കഴിഞ്ഞപ്രാവശ്യം കുറച്ചുകൂടി കർക്കശമായി പറഞ്ഞു. കാരണം, മയക്കുമരുന്ന് സംബന്ധിച്ച വിഷയം 2022-ൽ കൊണ്ടുവന്നതിനുശേഷം 2024 ആയിട്ടും അതിൽ മാറ്റമില്ലെന്ന് മാത്രമല്ല, വളരെ അപകടകരമായ നിലയിലേക്ക് പോകുന്നു. പിന്നെ ഇത് വീണ്ടും കൊണ്ടുവരേണ്ട സാഹചര്യം ഗവൺമെന്റ് അംഗീകരിക്കുകയല്ലേ ചെയ്തത്? വീണ്ടും ഇതുകൊണ്ടുവരാനുള്ള സാഹചര്യം കേരളത്തിലുണ്ടായി. കുറച്ച് ദിവസങ്ങൾക്കുമുമ്പ് കൊണ്ടുവന്ന വിഷയം മറ്റൊരു തരത്തിലാണെങ്കിലും ഈ സഭ ചർച്ച ചെയ്യേണ്ട സ്ഥിതിയിലേക്ക് ഒരു അടിയന്തരപ്രാധാന്യം അതിനുണ്ടായി എന്നുള്ളത് യാഥാർഥ്യമല്ലേ? അങ്ങോട്ടും മിങ്ങോട്ടും തമ്മിൽ പിന്തുണ പ്രഖ്യാപിച്ചാൽ മതിയോ? ഞാൻ പ്രതിപക്ഷ നേതാവെന്നുള്ള നിലയിൽ മുഖ്യമന്ത്രി ചെയ്യുന്ന എല്ലാ കാര്യത്തിലും പിന്തുണ നൽകുന്നു. മൂന്നാമത്തെ പ്രാവശ്യവും അതുതന്നെ പറയണോ; അതിനെന്തെങ്കിലും ഒരു ആക്ഷൻ പ്ലാൻ വേണ്ടേ; 2022-ൽ ഞങ്ങൾ ആദ്യമായി ഇത് അവതരിപ്പിച്ചതിനുശേഷം എന്തെങ്കിലുമൊരു സോഷ്യൽ പ്ലാൻ, ഒരു എൻഫോഴ്സ്മെന്റ് പ്ലാൻ നിങ്ങളുടെ കൈയിലുണ്ടോ; നിങ്ങൾ

കഴിഞ്ഞപ്രാവശ്യം ഒന്നും പറഞ്ഞില്ല. കഴിഞ്ഞദിവസം ഇത് കൊണ്ടുവന്നപ്പോൾ നിങ്ങളിതിനെ നേരിടാൻ എന്തുചെയ്യാൻ പോകുന്നു; നിങ്ങളുടെ കൈയിൽ ഒന്നുമില്ല. പിന്നെ അങ്ങോട്ടുമിങ്ങോട്ടും പിന്തുണ പ്രഖ്യാപിച്ച് പിരിഞ്ഞുപോയാൽ മതിയോ; അങ്ങനെയാണോ നോക്കേണ്ടത്. പല ആങ്കിളിൽനിന്നും ഇതിനെ കൈകാര്യം ചെയ്യേണ്ടതായി വരും.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ സ്പിരിറ്റ് വന്നിരുന്ന സംസ്ഥാനം കേരളമാണ്. മാറിമാറി വന്ന ഗവൺമെന്റുകൾക്ക് അത് വരാതിരിക്കാൻ അതിൽ റോളുണ്ട്. ഇന്ന് വേറെ തരത്തിൽ അത് വരുന്നില്ല, ഔട്ട് ഓഫ് ദ വേ, വളരെ കുറച്ച് മാത്രമാണ് വരുന്നത്. അന്ന് സ്പിരിറ്റ് കൊണ്ടുവന്നിരുന്ന ആളുകൾ.., ഇവിടെ കൊണ്ടുവരുന്നതിന്റെ സോഴ്സ് അന്വേഷിച്ചുപോയി പിടിക്കുമ്പോൾ കേരളത്തിലെ പോലീസ് അന്ന് ഫലപ്രദമായി എൻഫോഴ്സ്മെന്റ് നടത്തി സോഴ്സിൽ പോയി പലരെയും അറസ്റ്റ് ചെയ്തു. കേരളത്തിലേക്ക് ഇനി സ്പിരിറ്റ് അയയ്ക്കേണ്ടെന്ന് അവസാനം സ്പിരിറ്റ് ലോബി തീരുമാനിച്ചു. അത്രയും വലിയ ക്വാണ്ടിറ്റിയാണ് കേരളത്തിലേക്ക് വരുന്നത്. ഞാൻ നിങ്ങളോട് പറയുന്നു, വളരെ റെസ്പോൺസിബിളായിട്ടുള്ള, കമ്മിറ്റഡായിട്ടുള്ള രണ്ട് ഉയർന്ന ഉദ്യോഗസ്ഥരെ നിങ്ങൾ ചുമതലപ്പെടുത്തി അവർക്ക് സതേൺ റീജിയണും നോർത്തേൺ റീജിയണും നൽകണം.

അവർക്ക് ഫ്രീ ഹാൻഡ് കൊടുക്കൂ; അവർക്ക് ഇൻഡിപെൻഡന്റായി ഇൻവെസ്റ്റിഗേഷനുള്ള അവസരം കൊടുക്കൂ. നിങ്ങൾ ഏകദേശം 25 കേസ് പിടിക്കുന്നുണ്ടല്ലോ; പിടിച്ചാൽ അത് എവിടെ നിന്നാണ് വരുന്നത്; ആരാണ് ആ നെറ്റ്‌വർക്കിലുള്ളത്; ആ നെറ്റ്‌വർക്ക് കണക്ഷനേതാണ്; കേരളത്തിലേക്ക് ഇത്രയും വലിയ ക്വാണ്ടിറ്റി എവിടെ നിന്നുവരുന്നു? എന്നതിനൊക്കെ നിങ്ങൾ 25 ലഹരി മരുന്ന് കേസ് പിടിച്ച് പ്രതികളെ അകത്താക്കിയാൽ ഞാൻ പറയും സ്പിരിറ്റിൽ ഉണ്ടായതുപോലെ കേരളത്തിലേക്ക് ഇനി ഡ്രഗ്സ് അയക്കേണ്ടെന്ന് ഈ ലഹരിമരുന്ന് മാഫിയ തീരുമാനിക്കും. അത്തരമൊരു നടപടി നിങ്ങളുടെ ഭാഗത്തുനിന്നുണ്ടായില്ല. നമ്മൾ അതിന് സമ്മർദം ചെലുത്തണ്ടേ; ഗവൺമെന്റല്ലേ അത് ചെയ്യേണ്ടത്; പ്രതിപക്ഷത്തിന് അത് ചെയ്യാൻ സാധിക്കുമോ? അതുകൊണ്ടാണ് ശ്രീ. രമേശ് ചെന്നിത്തല അങ്ങയുടെ നേരെ ചൂണ്ടുവിരൽ ഉയർത്തിയത്. അങ്ങ് ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. പോലീസ് അങ്ങയുടെ കീഴിലാണ്. ഇതിനായി രണ്ട് ഫോഴ്സുകളുണ്ട്. എക്സൈസ് ഉണ്ട്..., ഇത് എൻഫോഴ്സ്മെന്റ് നടത്തേണ്ട ആളുകളാണ്. അവർ പാട്ടും പാടി..., ബോധവൽക്കരണത്തിനെതിരായിട്ടല്ല ഞാൻ പറയുന്നത്..... അവരുടെ ജോലി അതല്ല. നിങ്ങൾ അത് വേറെയേതെങ്കിലും

ഡിപ്പാർട്ട്മെന്റിനെ, വിദ്യാഭ്യാസ വകുപ്പിനെയോ സാമൂഹിക ക്ഷേമ വകുപ്പിനെയോ മറ്റാരെയെങ്കിലുമോ ചുമതലപ്പെടുത്തുകയോ അല്ലെങ്കിൽ മറ്റേതെങ്കിലും സംവിധാനമുണ്ടാക്കുകയോ ചെയ്യണം. അവർക്ക് അതിനൊന്നും നേരമില്ല. അവർക്ക് മര്യാദയ്ക്കുള്ള വാഹനമില്ല, പോലീസ് ഫോഴ്സില്ല. ഇപ്പോൾത്തന്നെ വേണ്ട ആളുകളെ ഞങ്ങൾ ഇവിടെ കൊണ്ടുവന്നിട്ടുണ്ടല്ലോ; ഉള്ള ജോലിയുടെ ഇരട്ടി ജോലി ചെയ്യുന്ന അവരുടെ സമ്മർദം. കൂടുതൽ ജോലി അവരെ ഏൽപ്പിക്കുകയല്ലേ; അപ്പോൾ ഇത്തരം കാര്യങ്ങളൊന്നുമല്ല അവരെക്കൊണ്ട് ചെയ്യിപ്പിക്കേണ്ടത്. എൻഫോഴ്സ്മെന്റ് നടത്താൻ അവർ ശക്തരാകണം. എനിക്ക് ഓർമ്മയുണ്ട്, ഞാൻ 23 വർഷംമുമ്പ് അമേരിക്കൻ വിദേശകാര്യ വകുപ്പിന്റെ ക്ഷണപ്രകാരം അമേരിക്ക സന്ദർശിച്ച സമയത്ത് അൻപത് സംസ്ഥാനങ്ങളുള്ള അമേരിക്കയിലെ 'ഡെൻവർ' എന്നുപറയുന്ന ഒരു ചെറിയ സംസ്ഥാനം, അവിടത്തെ ക്രൈമിനെക്കുറിച്ചാണ് ചർച്ച നടന്നിരുന്നത്. ഒരു ലക്ഷം പേരാണ് ഇവിടത്തെ പോപ്പുലേഷൻ, അയ്യായിരം പേരാണ് അവിടത്തെ പോലീസ് എന്ന് അവിടത്തെ പോലീസ് ചീഫ് ഞങ്ങളോട് പറഞ്ഞു. 20:1 എന്ന അനുപാതമാണ് പോലീസ് ഫോഴ്സ്. സംഭവം ശരിയാണ്, പക്ഷേ ഞങ്ങൾ ഭയപ്പെടുന്നത് പുതിയ ക്രൈം സംബന്ധിച്ചാണ്. ഒന്ന്, ഡ്രഗ്സിൽനിന്നുള്ള

ക്രൈം; രണ്ട്, സൈബർ ക്രൈം ഉണ്ടായാൽ.... ഒരു കാറിൽ മുഴുവൻ ഡോളറുള്ള ഒരു പേഴ്സ് ഉപേക്ഷിച്ചിട്ട് പോയാലും പേഴ്സിൽനിന്ന് ഡോളർ എടുക്കാതെ ഐ.ഡി. കാർഡാണെടുക്കുന്നത്. അവിടെ സൈബർ ക്രൈമാണ് നടക്കുന്നത്. കുറ്റവാളികൾ എങ്ങനെയാണോ അവരുടെ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നത് അതിനേക്കാൾ അഡ്വാൻസ്ഡ് സിസ്റ്റം ഞങ്ങൾ ഡെവലപ് ചെയ്യുകയാണ്. എല്ലാകാലത്തും നമ്മൾ കുറ്റവാളികളെയും റാക്കറ്റുകളെയും മാഫിയകളെയും നേരിടാൻ നമ്മുടെ സിസ്റ്റത്തെ ഇംപ്രൂവ് ചെയ്യണം. ഇല്ലെങ്കിൽ അവർ അഡ്വാൻസ്ഡായി നമ്മളെക്കാൾ മുമ്പിൽ പോകും. ഇവിടെ പോലീസ് ആക്റ്റ് നിർമ്മിക്കാൻ സെലക്ട് കമ്മിറ്റിയുടെ ഭാഗമായി കോടിയേരി ബാലകൃഷ്ണന്റെ നേതൃത്വത്തിൽ ഞങ്ങൾ ഹൈദരാബാദ് പോലീസ് അക്കാഡമിയും സ്ഥലവും സന്ദർശിച്ചപ്പോൾ മാവോയിസ്റ്റുകളെ നേരിടുന്ന അന്നത്തെ ആന്ധ്രാപോലീസിലെ തലവനുമായി ഞങ്ങൾ സംസാരിച്ചു. നിങ്ങൾക്കറിയില്ല, അത്രമാത്രം എക്യുപ്ഡാണ് മാവോയിസ്റ്റുകളെന്ന് അദ്ദേഹം പറഞ്ഞു. മാവോയിസ്റ്റുകളെ നേരിടുമ്പോൾ അവിടത്തെ പോലീസ് അതിനെ നേരിടാനുള്ള കാര്യങ്ങൾ ഇംപ്രൂവ് ചെയ്തു. പോലീസ് സംവിധാനത്തേക്കാൾ ബെസ്റ്റ് വയർലസ് സിസ്റ്റമായിരുന്നു അവരുടേത്. അതിനേക്കാൾ നല്ല വയർലസ് സിസ്റ്റവും ആയുധങ്ങളും അവരെ

നേരിടാനുള്ള സംവിധാനങ്ങളും പോലീസ് ഫോഴ്സിൽ കൊണ്ടുവന്നു. ഇപ്പോൾ നമുക്കെന്താണുള്ളത്; നമ്മുടെ കേരളത്തിലെ പോലീസ് പണ്ടുമുതലേ നല്ലതാണ്. നമ്മൾ എവിടെ നിൽക്കുന്നു; നമ്മുടെ സിസ്റ്റത്തെ അഡ്വാൻസ് ചെയ്തോ? ഇതൊരു മാഫിയ അല്ലേ; മയക്കുമരുന്ന് ബിസിനസ്സ് ആരെങ്കിലും ഒരാൾ ചെയ്യുന്നതാണോ? ഇത് വലിയ റാക്കറ്റ് ആണ്, ഇത് lucrative ബിസിനസ്സാണ്. നിങ്ങൾ മനസ്സിലാക്കണം, കോടികളുടെ മാർജിൻ ലഭിക്കുന്ന ബിസിനസ്സാണ്. അതുകൊണ്ടാണ് കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ' catch the young' എന്നുപറഞ്ഞ് കുഞ്ഞുങ്ങളെ പിടിച്ച് അവർ ഇതിന്റെ നെറ്റ്‌വർക്ക് വ്യാപിപ്പിക്കുന്നത്. ഇപ്രാവശ്യം 5000 പേരാണെങ്കിൽ അടുത്ത ഒരു വർഷം കഴിയുമ്പോൾ 50000 പേരായി നെറ്റ്‌വർക്ക് വ്യാപിപ്പിക്കുകയാണ്. എണ്ണം വർധിപ്പിക്കുമ്പോഴാണ് ഡിസ്ട്രിബ്യൂഷന്റെ ക്വാണ്ടിറ്റി വർധിക്കുക. ഈ വർഷം 10 ടൺ ആണ് കൊണ്ടുവരുന്നതെങ്കിൽ അടുത്തവർഷം 100 ടൺ കൊണ്ടുവന്ന് ബിസിനസ്സ് നടത്തുന്നതിനെക്കുറിച്ചാണ് അവർ ആലോചിക്കുന്നത്. എത്രമാത്രം എക്യുപ്ഡ്ഡാണ്; എത്രമാത്രം ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്കാണ്; എത്ര സംവിധാനമാണെന്ന് നമ്മൾ മനസ്സിലാക്കണം. ഏറ്റവും efficient ആയി, ആ വാക്കുപയോഗിക്കാമോ എന്നെനിക്കറിയില്ല.

അതാണ് അവരുടെ കൈയിലുള്ളത്. അതുകൊണ്ടാണ് ഞാൻ മുമ്പ് സൂചിപ്പിച്ചത്, നമുക്ക് എവിടെയാണോ ഡിമാന്റുള്ളത്; ആ ഡിമാന്റുള്ള സ്ഥലത്ത് പത്തോപതിനഞ്ചോ മിനിറ്റുകൊണ്ട് ഈ മെറ്റീരിയൽ എത്തിച്ചേരുന്ന തരത്തിലുള്ള വിതരണ സംവിധാനമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്.

(തുടരും...)

P-03-03-2025
MR-LD(2)
2.00-2.10 (RC)

(ശ്രീ. വി. ഡി. സതീശൻ......തുടർച്ച)

നമുക്ക് അതിനെ നേരിടണ്ടേ; നമ്മൾ അവിടെ പോയി മൈക്ക് വച്ച് സെമിനാർ നടത്തിയാൽ മാത്രം മതിയോ; ഉപദേശം കൊടുത്താൽ മാത്രം മതിയോ? ഏറ്റവും ശക്തമായ സംവിധാനങ്ങൾ ഉപയോഗിച്ച്, ഇത് കേരളത്തിന്റെ പ്രയോറിറ്റിയാണ് എന്ന് മനസ്സിലാക്കിക്കൊണ്ട് നമ്മൾ ഇതിനെ നേരിട്ടേ മതിയാകുകയുള്ളൂവെന്ന് ഞാൻ വീണ്ടുംവീണ്ടും ആവശ്യപ്പെടുന്നു. രണ്ടാമത്തെ കാര്യം, ടീനേജസാണ് കുട്ടികൾ. എന്തുകൊണ്ടാണ് 18 വയസ്സിൽ താഴെയുള്ളവർ കുറ്റകൃത്യം ചെയ്താൽ ജുവനൈൽ ബോർഡിന്റെ അടുത്തേക്ക് വിട്ടിരുന്നത്? They are incapable to committing a crime' എന്ന കൺസെപ്റ്റിന്റെ അടിസ്ഥാനത്തിലാണ്

അങ്ങനെ ചെയ്തിരുന്നത്. അത് 18 വയസ്സുവരെയായിരുന്നു. ഇപ്പോൾ നിർഭയ കേസിൽ സുപ്രീംകോടതിയുടെ ഒരു വിധിവന്നു. 16 വയസ്സുമുതൽ 18 വയസ്സ് വരെയുള്ളവർ ചെയ്യുന്ന കുറ്റകൃത്യങ്ങളെ മുതിർന്നവർ ചെയ്യുന്നതുപോലെ തന്നെ കണക്കാക്കി മുതിർന്നവർക്ക് കൊടുക്കുന്ന ശിക്ഷ കൊടുക്കണമെന്ന് പറഞ്ഞു. നമുക്കറിയാം ഈ ഏജ് ഗ്രൂപ്പാണ് കാരണം. ഈ ഏജ് ഗ്രൂപ്പിൽ അവരെ സ്വാധീനിക്കുന്നതെന്താണെന്ന് നമ്മൾ അറിയണ്ടേ. വിദ്യാഭ്യാസ സമ്പ്രദായത്തിൽ കുട്ടികളിൽ ഉണ്ടാകുന്ന ചലനങ്ങൾ കൂടി നമ്മൾ നിരീക്ഷിക്കണ്ടേ; അത് സ്കൂളുകളിൽ മാത്രമാണോ കോളേജുകളിൽ ഇല്ലേ, കോളേജ് കാമ്പസുകളിൽ വിദ്യാർഥി രാഷ്ട്രീയം ഇല്ലാതായി പോയതുകൊണ്ടാണോ; വിദ്യാർഥി രാഷ്ട്രീയം നന്നായി നിൽക്കുന്ന സ്ഥലങ്ങളിലും ഡ്രഗ്സ് ഉപയോഗവും റാഗിങ്ങും നടക്കുന്നുണ്ടല്ലോ. ഇവിടെ പറഞ്ഞ കോട്ടയത്തെ കേസ് എന്താണ്? നേതാക്കന്മാർക്ക് ഡ്രഗ്സ് കഴിക്കാൻ കാശ് കൊടുക്കാത്തതുകൊണ്ടാണ് കോമ്പസുകൊണ്ട് ശരീരം കുത്തിക്കീറിയിട്ട് (എം.എൽ.എ. ഇവിടെയിരിക്കുന്നു) ഫെവിക്കോൾ ഒട്ടിച്ചത്. ഇപ്പോൾ താമരശ്ശേരിയിലുണ്ടായ സംഭവത്തിലെ പ്രതികൾ പരീക്ഷ എഴുതുകയാണ്. 'നിങ്ങൾ പേടിക്കുകയൊന്നും വേണ്ട' എന്ന് അവർ ഇൻസ്റ്റഗ്രാം ഗ്രൂപ്പിൽ പരസ്പരം പങ്കുവച്ചതുപോലെ. ആ ഇൻസ്റ്റഗ്രാം ഗ്രൂപ്പിൽ

അവർ പങ്കുവച്ച ചർച്ച പോലീസ് പുറത്തുവിട്ടപ്പോൾ അതൊരു ഷോക്കിങ്ങായിരുന്നു. "നീ പേടിക്കുകയൊന്നും വേണ്ട, എസ്.എസ്.എൽ.സി. പരീക്ഷയായതുകൊണ്ട് ഒരു പ്രശ്നവുമുണ്ടാവില്ല, നമുക്ക് പരീക്ഷ എഴുതാൻ കഴിയും. നമ്മൾ ചെറുപ്പമായതുകൊണ്ട് കൂട്ടമായി ആക്രമിച്ചാൽ ഒരു കുഴപ്പവുമുണ്ടാകില്ല" . ഒരു കുഴപ്പവുമുണ്ടാവില്ല, ഒരു പ്രശ്നവുമുണ്ടാവില്ല എന്ന് അവർ പറയുകയാണ്. ഞാൻ ചോദിക്കട്ടെ, സിദ്ധാർത്ഥന്റെ മരണത്തിന് കാരണമായ ആളുകളെ റീ-ഇൻസ്റ്റേറ്റ് ചെയ്ത്, അവർ പരീക്ഷ എഴുതി സന്തോഷമായി നടക്കുകയാണ്. ഇത്തരം കാര്യങ്ങൾ ആളുകൾ കാണുകയല്ലേ. കേരളം മുഴുവൻ നടുങ്ങിപ്പോയ ഒരു സംഭവത്തിലെ കുറ്റവാളികളായ കുട്ടികൾ കുറച്ചുദിവസമൊക്കെ പ്രശ്നത്തിലായി, പിന്നെ അവരെ റീ-ഇൻസ്റ്റേറ്റ് ചെയ്തു. അവർ വീണ്ടും പോയി പരീക്ഷ എഴുതുകയാണ്. താമരശ്ശേരിയിലെ കുട്ടികളും പരീക്ഷ എഴുതുകയാണ്. ഞാൻ പറയുന്നത് ഇത് നൽകുന്ന മെസ്സേജിനെക്കുറിച്ചാണ്. (...ബഹളം....) നിങ്ങൾ എന്തിനാണ് അസ്വസ്ഥരാകുന്നത് ഞാനല്ലേ പറയുന്നത്. നിങ്ങൾ കൊടുക്കുന്ന മെസ്സേജ് എന്താണ്? വേണമെങ്കിൽ എല്ലാ കാര്യങ്ങളും പറഞ്ഞ് നമുക്ക് അങ്ങോട്ടുമിങ്ങോട്ടും തർക്കിക്കാം. ഞാൻ എസ്.എഫ്.ഐ. എന്നൊന്നും പറഞ്ഞില്ലല്ലോ; എന്നെക്കൊണ്ട് എന്തിനാണ് പറയിപ്പിക്കുന്നത്; ഞാൻ

അതൊന്നുമല്ലല്ലോ പറഞ്ഞത്. ഞാൻ പറഞ്ഞത് മെസ്സേജ് നൽകുന്നതിനെക്കുറിച്ചാണ്. ഗവൺമെന്റ്, ഇൻസ്റ്റിറ്റ്യൂഷൻസ്, അതോറിറ്റീസ് എന്നിവ നൽകുന്ന മെസ്സേജ് എന്താണ്? നാടിനെ നടുക്കിയ ഒരു കുറ്റകൃത്യം നടത്തിയവർക്ക് എന്ത് സംഭവിച്ചു? ഇത്തരം കാര്യങ്ങൾ കുട്ടികൾ ശ്രദ്ധിക്കുകയില്ലേ? അവർ നോക്കുമ്പോൾ പത്രത്തിലും മറ്റും വാർത്തയാണ് കുറ്റകൃത്യം നടത്തിയവർ പരീക്ഷ എഴുതി, അവർ കൂളായിട്ട് നടക്കുന്നുവെന്ന്. അപ്പോൾ ഇവർ പറഞ്ഞു, നമ്മളും കൂട്ടം ചേർന്ന് ഒരുത്തനെ കൊന്നാലും കുഴപ്പമില്ല, നമുക്ക് പരീക്ഷ എഴുതാൻ സാധിക്കുമെന്ന്. എസ്.എസ്.എൽ.സി. പരീക്ഷ അവർ എഴുതുകയല്ലേ. ഇത്തരം സംഭവങ്ങൾ ബാക്കിയുള്ള കുട്ടികൾക്ക് കൊടുക്കുന്ന മെസ്സേജ് എന്താണ്? ഇങ്ങനെയൊക്കെ ചെയ്യുന്നതൊന്നും അത്ര വലിയ കാര്യമല്ല, അത്ര വലിയ സംഭവമല്ല എന്നുള്ള മെസ്സേജാണ് കൊടുക്കുന്നത്. അതിന്റെ അപകടം കൂടി നമ്മൾ മനസ്സിലാക്കണം. ഇത് ക്രൈമാണ്. പുതിയ തരത്തിലുള്ള ക്രൈമാണ്. വയലൻസ് കൂടിയെന്ന് മാത്രമല്ല നേച്ചർ ഓഫ് വയലൻസ് മാറിയെന്ന് ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞു. പണ്ട് ചെയ്തിരുന്നതുപോലെയല്ല. 23 വയസ്സുകാരൻ അഞ്ച് പേരെ കൊന്ന ക്രൈമിന്റെ നേച്ചർ. ഇതു സംഭവിക്കുന്നതിനുമുമ്പാണ് ഞാൻ ഈ സഭയിൽ പറഞ്ഞത്, നേച്ചർ ഓഫ് വയലൻസ് മാറി,

ആർക്കെതിരെ എന്തും ചെയ്യാമെന്ന്. നമുക്ക് പറയാൻ കഴിയാത്ത കാര്യങ്ങൾ, സഭയിൽനിന്നോ അല്ലെങ്കിൽ ഒരു സുഹൃത്തിനോടോപോലും പങ്കുവയ്ക്കാൻ കഴിയാത്ത തരത്തിലുള്ള എത്രയോ കാര്യങ്ങൾ ഇതിന്റെ പുറകിൽ നടക്കുന്നു. സ്കൂൾ-കോളേജ് കാമ്പസുകളിൽ എന്താണ് സംഭവിക്കുന്നത്. ഒരു കോളേജ് ഹോസ്റ്റൽ എന്നുപറഞ്ഞാൽ അവിടെയൊരു വാർഡനില്ലേ; ആറ് മാസമായി അവിടെ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് ഇയാൾ അറിയുന്നില്ലേ. നീ ഇവിടെ താമസിക്കരുതെന്ന് പറഞ്ഞ് വാർഡനെ പേടിപ്പിച്ച് വീട്ടിൽ വിടുകയാണ്. വാർഡൻ എന്നുപറയുന്നയാൾ അധ്യാപകനല്ലേ. നമ്മളൊക്കെ ഹോസ്റ്റലിൽനിന്ന് പഠിച്ചിട്ടുള്ളതല്ലേ. നമ്മൾ ഹോസ്റ്റലിൽനിന്ന് പഠിക്കുമ്പോൾ ആ ഹോസ്റ്റലിലെ പ്രധാനപ്പെട്ട ഒരു അധ്യാപകൻ ഹോസ്റ്റൽ വാർഡനായി അവിടെയുണ്ടാകില്ലേ. അങ്ങനെയല്ലേ നമ്മൾ ചെയ്യുന്നത്.

മി. സ്പീക്കർ: പ്രതിപക്ഷനേതാവിന് ഇനി എത്ര സമയം വേണം.

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ടോമൂന്നോ മിനിട്ട് കൂടി വേണം. പെട്ടെന്ന് അവസാനിപ്പിക്കാം. ഇപ്പോൾ ഹോസ്റ്റലുകളിൽ വാർഡനില്ലേ, ഇങ്ങനെയുള്ള കുറ്റകൃത്യങ്ങൾ വ്യാപകമായി നടക്കുകയാണ്. ഹോസ്റ്റലുകളിൽ ഡ്രഗ്സും വയലൻസും റാഗിങ്ങും നടക്കുകയാണ്. അത്തരം വിഷയങ്ങൾ

സപ്രസ്സ് ചെയ്യുകയാണ്. വളരെ അപൂർവം കേസുകളാണ് പുറത്തുവരുന്നത്. പുറത്തുവരുന്ന കേസുകൾ മാത്രമല്ല ഇഷ്ടംപോലെയുണ്ട്. ഇൻസ്റ്റിറ്റ്യൂഷൻസ് അവരുടെ റെപ്യൂട്ടേഷൻ ഭയന്ന് അക്കാര്യങ്ങൾ ഒളിച്ചുവയ്ക്കുകയാണ്. അവർ റിപ്പോർട്ട് ചെയ്യുന്നില്ല. പോലീസിന് റിപ്പോർട്ട് ചെയ്താൽലല്ലേ കേസ് എടുക്കാൻ കഴിയുകയുള്ളൂ. പി.ടി.എ.-യും ഇൻസ്റ്റിറ്റ്യൂഷൻ അതോറിറ്റീസും ഇനിയൊന്നും ഉണ്ടാകില്ലെന്ന് പറഞ്ഞുകൊണ്ട് ഇത്തരം സംഭവങ്ങൾ മൂടിവയ്ക്കുകയാണ്. ഇതെല്ലാം എന്തുകൊണ്ടാണ് നടക്കുന്നത്. നമ്മുടെ ഹോസ്റ്റലുകളിൽലും സ്കൂളുകളിലും എന്താണ് നടക്കുന്നതെന്ന് അറിയാനുള്ള സംവിധാനം വേണ്ടേ. ഇവിടെ ഡോ. കെ. ടി. ജലീൽ പറഞ്ഞതുപോലെ, പല അധ്യാപികമാരും ഇതുസംബന്ധിച്ച് പറയുന്നുണ്ട്. വീട്ടിൽ നിന്ന് അച്ഛനെ വിളിച്ചുകൊണ്ട് വരണമെന്ന് ഒരു കുട്ടിയോട് പറഞ്ഞപ്പോൾ, അവൻ കണ്ണിലേക്ക് തറപ്പിച്ച് നോക്കിയിട്ട് 'കൊണ്ടുവന്നില്ലെങ്കിൽ നിങ്ങൾ എന്തുചെയ്യും തള്ളേ' എന്ന് ചോദിച്ചുവെന്ന് ഒരു അധ്യാപിക എന്നോട് പറഞ്ഞു. 'തള്ളേ' എന്നുപറയുന്നത് ഒരു മോശം പ്രയോഗമാണല്ലോ; ടീച്ചറെയാണ് അങ്ങനെ വിളിക്കുന്നത്. സ്വന്തം അമ്മയോടുപോലും പറയാൻ പാടില്ലാത്ത വാചകം ടീച്ചറോട് ചോദിച്ചപ്പോൾ അവർ ഭയന്നുപോയി. അവർ ഓടി ഓട്ടോറിക്ഷയിൽ കയറി എന്റെ അടുത്തേക്കാണ് വന്നത്. ഇപ്പോഴല്ല

കുറച്ചുനാൾ മുമ്പ് നടന്ന സംഭവമാണ്. എന്റെയടുത്ത് വന്നുപറഞ്ഞു, ഇങ്ങനെ ചോദിക്കുന്നു, എന്ത് ചെയ്യുമെന്ന്. ഞാനാണ് പിന്നീട് സംസാരിച്ചത്. ഈ രീതിയിലാണ് കാര്യങ്ങൾ സംഭവിക്കുന്നത്, അത് കറക്ടാണ്. അധ്യാപകർക്ക് കൈകാര്യം ചെയ്യാൻ പറ്റാത്തതിന്റെ അപ്പുറത്തേക്ക് കാര്യങ്ങൾ പോകുന്നു, അപ്പോൾ നമുക്ക് എന്ത് ചെയ്യാൻ കഴിയും. സ്കൂൾ - കോളേജ് കാമ്പസുകളിൽ നമുക്ക് എന്ത് ചെയ്യാൻ സാധിക്കും. ഈ കുട്ടികളെ ഇങ്ങനെ ഇവർക്ക് നമ്മൾ വിട്ടുകൊടുക്കില്ല. ഞാൻ കഴിഞ്ഞ ദിവസം പറഞ്ഞല്ലോ, നമ്മുടെ കുട്ടികളെ ഇങ്ങനെ കൊലയ്ക്കുകൊടുക്കാൻ കഴിയില്ല. ഈ സാധനമൊക്കെ കഴിച്ചാൽ മരണത്തിലേക്കുള്ള യാത്രയാണ്, തിരിച്ചുവരില്ല. ഏത് വീട്ടിലെ കുട്ടിയായാലും എന്താണ്, നമ്മുടെ കുട്ടികളെ പോലെയല്ലേ, ഇതിൽ പ്രതിയായ കുട്ടിയും ആക്രമണത്തിന് ഇരയായ കുട്ടിയുമെല്ലാം ഒരുപോലെയല്ലേ. എല്ലാവരും പോകുകയല്ലേ, ഒരുത്തനെ കൊന്നാലും കൊല്ലാൻ നിന്നവനുമൊക്കെ ജീവിതം നശിപ്പിക്കുകയല്ലേ. അതുകൊണ്ട് കുറേക്കൂടി സീരിയസ്സായിട്ടുള്ള പ്ലാൻ ഓഫ് ആക്ഷൻ നമുക്കുണ്ടാകണം. അതാണ് ഞങ്ങൾ പറയുന്നത്. അപ്പോൾ ഞങ്ങൾ മുഖ്യമന്ത്രിയെ കോർണർ ചെയ്യും.  ഇത് ഇംപ്ലിമെന്റ് ചെയ്യേണ്ടതും പ്ലാൻ തയ്യാറാക്കേണ്ടതും മുഖ്യമന്ത്രിയാണ്. പോലീസിനെയും എക്സൈസിനേയും

സംസ്ഥാനത്തെ വോളന്റിയർ ഏജൻസികളെയും സർക്കാർ ഡിപ്പാർട്ടുമെന്റുകളെയും പ്രതിപക്ഷത്തെയും പൊളിറ്റിക്കൽ പാർട്ടികളെയും വോളന്റിയർ സംഘടനകളെയും സാംസ്കാരിക പ്രസ്ഥാനങ്ങളെയും സെലിബ്രിറ്റികളെയും എല്ലാവരെയും ചേർത്തുകൊണ്ടുള്ള വലിയ മൂവ്മെന്റ് ഒരു വശത്ത് നടക്കുകയും മറുവശത്ത് വിട്ടുവീഴ്ചയില്ലാത്ത, ഞാൻ ഒരു വാക്കുകൂടി ചേർക്കുന്നു പൊളിറ്റിക്കൽ പാട്രണേജ് ദയവുചെയ്ത് കൊടുക്കരുത്.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... കൺക്ലൂഡ് ചെയ്യൂ അങ്ങ് പറഞ്ഞ സമയമായി.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാനിവിടെ വളരെ പ്രധാനപ്പെട്ടൊരു കാര്യം പറഞ്ഞു. കഴിഞ്ഞ നാല് വർഷത്തിനിടയിൽ മുഖ്യമന്ത്രിയെ ഞാൻ ഏറ്റവും ശക്തിയായി എതിർത്തത് നവകേരള സദസ്സ് നടക്കുമ്പോൾ ആളുകളുടെ തല അടിച്ച് പൊട്ടിച്ചപ്പോൾ വധശ്രമത്തിന് പോലീസ് കേസെടുത്തപ്പോഴാണ്. ആ കേസിൽ മുഖ്യമന്ത്രി പറഞ്ഞത് രക്ഷാപ്രവർത്തനമാണെന്നാണ്. വധശ്രമത്തിന് കേസെടുത്തപ്പോൾ കുറ്റവാളികൾ നടത്തിയത് രക്ഷാപ്രവർത്തനമാണെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി കസേരയിൽ ഇരുന്നുകൊണ്ട് അങ്ങ് പറയുമ്പോൾ നൽകുന്ന മെസ്സേജ് എന്താണ്? അതുകൊണ്ടാണ് ഭരണത്തിലിരിക്കുന്ന, ഭരണത്തിന്റെ

തലവനായ അങ്ങയെ അല്ലേ ഞങ്ങൾ കോൺസൺട്രേറ്റ് ചെയ്യേണ്ടത്. അങ്ങയോടല്ലേ സമ്മർദ്ദം ചെലുത്തേണ്ടത്. അങ്ങയെ കൊണ്ടല്ലേ ഞങ്ങളിത് ചെയ്യിപ്പിക്കേണ്ടത്.

ഒരു കാര്യം പറഞ്ഞ് അവസാനിപ്പിക്കാം. കഴിഞ്ഞ നാല് വർഷം ഞങ്ങൾ ഇവിടെ ഇരുന്നപ്പോൾ അങ്ങയെ അപമാനിച്ചുകൊണ്ടുള്ള ഒരു വാക്കും ഞങ്ങളാരും പറഞ്ഞിട്ടില്ല. ആര്, ഏത് വാക്കാണ് പറഞ്ഞിട്ടുള്ളത്? എന്റെ സ്ഥാനത്തിരുന്നുകൊണ്ട് അവിടെ ഞങ്ങളുടെ മുഖ്യമന്ത്രിയായി ഇരുന്നവരെ പറഞ്ഞ കഥകളൊക്കെ നിങ്ങൾക്ക് പലർക്കും അറിയില്ലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാം, എന്നെ അതൊന്നും ഓർമ്മിപ്പിക്കരുത്. ഞങ്ങളൊരു വാക്കുപോലും പറയില്ല. ഇപ്പോൾ ശ്രീ. രമേശ് ചെന്നിത്തല വിളിച്ചത് മിസ്റ്റർ മുഖ്യമന്ത്രി എന്നല്ലേ.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്..

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അല്ലാതെ പണ്ട് മുഖ്യമന്ത്രി വിളിച്ചതുപോലെ എടോ ഗോപാലകൃഷ്ണൻ എന്നല്ലല്ലോ.

<u>മി. സ്പീക്കർ</u>: പ്ലീസ്.. പ്ലീസ്... കൺക്ലൂഡ്.. അങ്ങ് പറഞ്ഞ സമയം എക്സീഡ് ചെയ്തു.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സർക്കാർ അതിശക്തമായ നടപടികൾ

സ്വീകരിക്കണം. നടപടികൾ സ്വീകരിക്കുന്നില്ല എന്നാണ് ഞങ്ങളുടെ നിലപാട്. സ്വീകരിച്ചാൽ അതിന് ഞങ്ങൾ പൂർണ്ണ പിന്തുണ നൽകും.

(ശ്രീ. പിണറായി വിജയൻ)

P-03-03-2025
MR-LD(2)
2.00-2.10

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗൗരവതരമായ ഒരു വിഷയമാണ് നമ്മൾ ചർച്ച ചെയ്തത്. അതിൽ ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവ് മുതൽ ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് വരെയുള്ള അംഗങ്ങൾ ചർച്ച നടത്തിക്കഴിഞ്ഞു. ഈ രണ്ട് പേരുടെയും ചർച്ചയിൽ തന്നെ ഒരു വ്യത്യാസം കാണാം. സാധാരണ നിലയ്ക്ക് നമ്മുടെ ചർച്ച എങ്ങനെയാണ് വേണ്ടതെന്ന് കേരളം പ്രതീക്ഷയോടെ നോക്കികൊണ്ടിരിക്കുന്ന ഒന്നാണ്. കാരണം സമൂഹത്തെയാണ് ഇത് ബാധിക്കുന്നത്. സമൂഹത്തെ ബാധിക്കുന്നതുകൊണ്ട് നമ്മൾ എങ്ങനെ അതിനെ നേരിടാൻ പോകുന്നു. അതിൽ സാധാരണഗതിയിൽ പ്രതിപക്ഷത്തുനിന്ന് ഗവൺമെന്റിനെ കുറ്റപ്പെടുത്താനൊക്കെ ചില കാര്യങ്ങൾ പറയുമല്ലോ, എന്നാൽ ഈ പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ടുള്ള സംസാരമാണ് അവസാനം പ്രതിപക്ഷനേതാവ് നടത്തിയത്. അതായിരുന്നോ ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ രമേശ് ചെന്നിത്തല നടത്തിയത്.

അക്കാര്യം അദ്ദേഹം തന്നെ സ്വയം പരിശോധിക്കേണ്ടതാണ്. നമുക്ക് ധാരാളം കാര്യങ്ങളിൽ വിയോജിപ്പുണ്ടാകാം, ഒരുപാട് കാര്യങ്ങളിൽ വ്യത്യസ്തത അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞുതീർക്കാനുണ്ടാകാം. അതെല്ലാം ഇതുപോലൊരു വിഷയത്തിന്റെ ഭാഗമായിട്ടില്ലല്ലോ കൈകാര്യം ചെയ്യേണ്ടത്.

(തുടരും...)

P 03-03-2025
RJ-LD(2)
2.10-2.20

(മുഖ്യമന്ത്രി തുടർച്ച....)

ഇവിടെ പ്രധാനമായും വന്നൊരുകാര്യം, ഒന്ന്, ആദ്യം ഞാൻ പറഞ്ഞതുപോലെ ഇപ്പോൾ നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ കേവലം ലഹരിയിൽമാത്രം ഒതുക്കേണ്ടതല്ല. അതുമായി ബന്ധപ്പെട്ട് മറ്റ് അനേകം പ്രശ്നങ്ങളുണ്ട്. അതിലേക്ക് ഞാൻ പിന്നീട് വരാം. ലഹരിക്കെതിരെ ഒന്നും ചെയ്യാത്ത ഒരു ഗവൺമെന്റാണ് ഇവിടെയുള്ളതെന്നും അതിന്റെ ഭാഗമായി കുറെ കാര്യങ്ങളും പറയുകയുണ്ടായി. ഈ കഴിഞ്ഞ ദിവസങ്ങളെടുത്താൽ, ഫെബ്രുവരി 22 മുതൽ മാർച്ച് 1-വരെ മയക്കുമരുന്ന് സംഭരണത്തിലും വിതരണത്തിലും ഏർപ്പെട്ടിരിക്കുന്നവർക്കെതിരെ 'ഡി ഹണ്ട്' എന്നൊരു പ്രത്യേക ഡ്രൈവ് പോലീസ് നടത്തിയിരുന്നു. ഈ ഡ്രൈവിന്റെ ഭാഗമായി 17246 പേരെ പരിശോധിക്കാൻ കഴിഞ്ഞു. അതിൽ

വിവിധ തരത്തിലുള്ള മയക്കുമരുന്ന് കൈവശം വച്ചതിന് 2762 കേസ് രജിസ്റ്റർ ചെയ്യുകയും 2854 പേരെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. മയക്കുമരുന്ന്, എം.ഡി.എം.എ. 1.312 കിലോഗ്രാമും കഞ്ചാവ് 153.56 കിലോഗ്രാമും ഹാഷിഷ് ഓയിൽ 18.15 ഗ്രാമും ബ്രൗൺ ഷുഗർ 1.855 ഗ്രാമും ഹെറോയിൻ 13.06 ഗ്രാമും കൂടാതെ വിവിധയിനം മയക്കുമരുന്ന് ഗുളികകളും ഇവരിൽനിന്നും പിടിച്ചെടുത്തിരുന്നു. നമ്മുടെ സംസ്ഥാനത്ത് ഒരു ആന്റി നർക്കോട്ടിക് കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ചുമതല അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിനാണ്. ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.-യുടെ നേതൃത്വത്തിലാണ് ഈ കൺട്രോൾ റൂം ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നത്. ഇതിന്റെ ഭാഗമായി ഒരു നമ്പറും കൊടുത്തിട്ടുണ്ട്. ‘ 9497927797’ എന്ന നമ്പറിലേക്ക് നൽകുന്ന എല്ലാ സന്ദേശങ്ങളും രഹസ്യമായി സൂക്ഷിക്കും. അതുകൊണ്ട് പൊതുജനങ്ങൾക്ക് മയക്കുമരുന്ന് സംബന്ധിച്ച എല്ലാ വിവരങ്ങളും ഈ സംവിധാനം വഴി അറിയിക്കാനാകും. NDPS-മായി ബന്ധപ്പെട്ട കേസുകളെടുത്ത് പരിശോധിച്ചാൽ 2024 ഡിസംബർ 31 വരെ അതായത് ഈ സർക്കാരിന്റെ കാലത്ത് (2021-നശേഷം) 87702 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 87389 കേസുകളിൽ 94886 പേരെ പ്രതി ചേർക്കുകയും

93599 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത് ഈ ഘട്ടത്തിൽ നടന്ന കാര്യങ്ങളാണ്. കഴിഞ്ഞ എട്ടുവർഷം എന്തുചെയ്തുവെന്ന് ചോദിച്ചല്ലോ? കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016 മുതൽ 2021 വരെ) 37340 കേസുകൾ രജിസ്റ്റർ ചെയ്യുകയും അതിൽ 37228 കേസുകളിലായി 41567 പേരെ പ്രതി ചേർക്കുകയും 41378 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇവിടെ പറഞ്ഞ ഒരുപ്രശ്നം ശരിയാണ്. മയക്കുമരുന്ന്, ഡ്രഗ്സ് എന്നിവയ്ക്ക് നമ്മുടെ സംസ്ഥാനംവിട്ട് രാജ്യബന്ധവും അന്താരാഷ്ട്ര ബന്ധവുമൊക്കെയാണുള്ളത്. അതിന്റെ യഥാർഥ സോഴ്സിലേക്ക് എത്തിച്ചേരുന്നതിനുള്ള ശ്രമം നമ്മൾ നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഹൈദരാബാദിലെ വൻകിട മയക്കുമരുന്ന് നിർമ്മാണശാല നടത്തുന്ന വെങ്കിട നരസിംഹരാജു എന്ന വ്യക്തിയെ തൃശ്ശൂർ സിറ്റി പോലീസ് ഹൈദരാബാദിൽ പോയി അറസ്റ്റ് ചെയ്തിരുന്നു. മയക്കുമരുന്ന് ശൃംഖലക്കെതിരെ കേരളത്തിലെ എൻഫോഴ്സ്മെന്റ് ഏജൻസികൾ നടത്തുന്ന പ്രവർത്തനം വളരെ ശ്ലാഘനീയമാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്. അതോടൊപ്പം നമ്മുടെ മയക്കുമരുന്ന് കേസുകളിലെ ശിക്ഷാ നിരക്ക് (conviction rate) 98.19 ശതമാനമാണ്. ദേശീയ ശരാശരി 78.1 ആണ്. നമ്മുടെ അയൽ സംസ്ഥാനങ്ങൾ പരിശോധിച്ചാൽ തെലങ്കാന 25.6%, ആന്ധ്രാപ്രദേശ് 25.4

ശതമാനം എന്ന നിലയിലാണ്. കേന്ദ്ര ഗവൺമെന്റ് രാജ്യസഭയിൽ നൽകിയ മറുപടിയിൽ വ്യക്തമാക്കിയ കാര്യമാണിത്. ഏറ്റവും ഉയർന്ന ശിക്ഷാ നിരക്ക് കേരളത്തിലാണ് നിലനിൽക്കുന്നത്. കേരളത്തിലെ സർക്കാരും എൻഫോഴ്സ്മെന്റ് ഏജൻസികളും വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിൽ 2024-ൽ NDPS കേസുകളിൽ 4474 പേരെ ശിക്ഷിച്ചു. വെറുതെ വിട്ടത് 161 പേരെ മാത്രമാണ്. 2023-ൽ 4998 പേരെ ശിക്ഷിച്ചു. നൂറുപേരെ മാത്രമാണ് വെറുതെ വിട്ടത്. മയക്കുമരുന്ന് കേസുകളിൽ സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് ഏജൻസികൾ 2024-ൽ അറസ്റ്റ് ചെയ്തത് 24517 പേരെയാണ്. ചില സംസ്ഥാനങ്ങളുടെ പേര് നേരത്തെ പറഞ്ഞിരുന്നു. അതിൽ പഞ്ചാബിന്റെ കാര്യമെടുത്താൽ, ഇതേഘട്ടത്തിൽ 9734 പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. വിമുക്തി ഡി-അഡിക്ഷൻ പരിപാടി വളരെ ഫലപ്രദമായി നടത്തുന്നുണ്ട്. 136500 പേരെ ഔട്ട്-പേഷ്യന്റായും 11078 പേരെ ഇൻ-പേഷ്യന്റായും ചികിത്സിക്കാൻ കഴിഞ്ഞിട്ടുണ്ട്. വളരെ കാര്യക്ഷമമായാണ് ഈ പരിപാടി നടന്നുവരുന്നത്. എന്തെങ്കിലും കുറവുണ്ടെങ്കിൽ അതുപരിഹരിച്ച് നല്ല രീതിയിൽ ശക്തിപ്പെടുത്തി മുന്നോട്ടുപോകുകയും ചെയ്യും.

കേന്ദ്ര സർക്കാരിന്റെ പ്രസ് ഇൻഫർമേഷൻ ബ്യൂറോ 2025 ഫെബ്രുവരി 10-ന് പ്രസിദ്ധീകരിച്ച കണക്കുപ്രകാരം 2024-ൽ 25000 കോടി വിലമതിപ്പുള്ള മയക്കുമരുന്ന് പിടിച്ചെടുത്തു. ഇത് 2023-ൽ 16700 കോടിയായിരുന്നു. ദേശീയതലത്തിൽ ഒരുവർഷക്കാലയളവിൽ 55% വർധനവാണുണ്ടായിരിക്കുന്നത്. കേരളത്തിൽ പിടിച്ചെടുത്ത മയക്കുമരുന്നിന്റെ മൂല്യം നൂറ് കോടിക്ക് താഴെയാണ്. താരതമ്യേന ഇതുകുറവാണ്. എന്നാൽ ശിക്ഷാ നിരക്ക് ഇന്ത്യയിലെത്തന്നെ ഏറ്റവും ഉയർന്നതാണ്. ഇതെല്ലാം സംസാരിക്കുന്ന കണക്കുകളാണ്. എൻഫോഴ്സ്മെന്റ് ഏജൻസികളുടെ കാര്യക്ഷമതയെ ആണ് ഇത് കാണിക്കുന്നത്. ഐക്യരാഷ്ട്ര സഭയുടെ കണക്കുകൾ പ്രകാരം ലോകമെമ്പാടും 2011-ൽ 24 കോടി ആളുകൾ ലഹരി ഉപയോഗിച്ചിരുന്നു.

(മുഖ്യമന്ത്രി തുടരും......)

P.- 03.03.2025
02.20-02.30
KA/LD(2)

(ശ്രീ. പിണറായി വിജയൻ ........ തുടർച്ച)

2021-ൽ അത് 296 കോടിയായി വർധിച്ചിട്ടുണ്ട്. പത്ത് വർഷം കൊണ്ടുള്ള വർധനവാണ്. ഇരുപത്തിനാല് കോടിയിൽനിന്ന് 296 കോടിയിലേക്ക്.

ആഗോളതലത്തിൽ തന്നെ വലിയ വർധനവ് ഉണ്ടാകുന്നുവെന്നാണ് ഇത് കാണിക്കുന്നത്. ഇവിടെ എക്സൈസ് ഉദ്യോഗസ്ഥർ ലാത്തി മാത്രമായിട്ടാണ് നടക്കുന്നതെന്നും അവർക്ക് വേണ്ടത്ര ആയുധങ്ങളും മറ്റ് കാര്യങ്ങളൊന്നുമില്ലെന്ന് പറയുകയുണ്ടായി. എക്സൈസിന് 9mm ഓട്ടോ പിസ്റ്റൾ തോക്കുകൾ 83 എണ്ണവും എമനീഷ്യൻ (ammunition) 5400 എണ്ണവും സർക്കാർ നൽകിയിട്ടുണ്ട്. കൽക്കത്ത ഇഷാപൂർ റൈഫിൾ ഫാക്ടറിയിൽ നിന്ന് 60 ലക്ഷം രൂപ ചെലവിലാണ് കാര്യങ്ങൾ വാങ്ങി വിതരണം ചെയ്തത്. എക്സൈസ് ഇൻസ്പെക്ടർ മുതൽ മുകളിലേക്കുള്ള എല്ലാ ഉദ്യോഗസ്ഥർക്കും പിസ്റ്റലോ റിവോൾവറോ ഉറപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം തന്നെ പുതിയ 66 മഹീന്ദ്ര ബൊലേറോ വാഹനങ്ങൾ എക്സൈസിന് ലഭ്യമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് ആധുനികവൽക്കരിക്കുന്നതിന് സി.സി. ടി.വി. ഉൾപ്പെടെയുള്ള സംവിധാനങ്ങൾ എല്ലാ ചെക്ക് പോസ്റ്റിലും ഏർപ്പെടുത്തിയിട്ടുണ്ട്. സെൻട്രലൈസ്ഡ് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സൈബർ സെല്ലിനെ നവീകരിക്കാൻ സി.ഡി.ആർ. അനലൈസറുകൾ എല്ലാ ഡിവിഷനുകൾക്കും ലഭ്യമാക്കി. മൊബൈൽ ഫോറൻസിക് സോഫ്റ്റ്വെയർ ലഭ്യമാക്കി. അങ്ങനെയുള്ള ഒട്ടേറെ നടപടികൾ ഈ കുട്ടത്തിൽ

സ്വീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട ഉപക്ഷേപാവതാരകൻ ഇവിടെ സംസാരിക്കുമ്പോൾ ഫൈവ് സ്റ്റാർ ഹോട്ടൽ വന്നതിനെക്കുറിച്ചടക്കം പറയുകയുണ്ടായി. കേരളത്തിന്റെ ഒരു പ്രത്യേകത നമ്മൾ കാണണ്ടേ, അത് ഒരു മദ്യവ്യാപനമായിട്ടാണോ കാണേണ്ടത്. യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ ഒരു പ്രത്യേകതയല്ലേ അതിൽ നമുക്ക് കാണാൻ കഴിയേണ്ടത്. എന്തിനാണ് അതിനെ അത്തരത്തിൽ ചിത്രീകരിക്കാൻ ശ്രമിച്ചതെന്ന് ഒരുതരത്തിലും മനസ്സിലാകുന്നില്ല. കാസർഗോഡ് നമ്മുടെ അത്ര വികസിച്ച നാട് അല്ലല്ലോ, പക്ഷെ കാസർഗോഡ് ജില്ലയിലെ ഒരു പഞ്ചായത്തിൽ മൂന്ന് ഫൈവ് സ്റ്റാർ ഹോട്ടലുകൾ ഉണ്ട്. ഇത് നമ്മുടെ നാടിന്റെ ഒരു പ്രത്യേകതയാണ്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഇനിയും വരാൻ പോകുകയാണ്. ഇത്തരത്തിലുള്ള വളർച്ച നമ്മുടെ നാട്ടിൽ ഉണ്ടാകുന്നതിനെ അഭിമാനത്തോടെയല്ലേ കാണേണ്ടത്. അതിൽ എന്തോ ഒരു അപകടം ദർശിക്കുന്ന മട്ടിലായിപ്പോയി അവതരണം. യഥാർത്ഥത്തിൽ ലഹരി നടപടികളുടെ കാര്യത്തിലും അത് തടയാനുള്ള നടപടികളുടെ കാര്യത്തിലും ഒരു വിട്ടുവീഴ്ചയും നാം സ്വീകരിക്കുന്നില്ലെന്നുള്ളതാണ് ഇതിലൂടെ വ്യക്തമാക്കിയത്.

റാഗിങ്ങിന്റെ കാര്യം പറയുകയുണ്ടായി. ഇടയ്ക്ക് നമ്മുടെ കാമ്പസുകളിൽനിന്ന് റാഗിങ് ഒഴിവായി പോയിയെന്ന് എല്ലാവരും ആശ്വസിച്ചതാണ്. പക്ഷേ അത് വീണ്ടും തിരിച്ചുവരികയാണ്. ആ ഘട്ടത്തിൽ കൂടുതൽ ശക്തമായ ആന്റി റാഗിങ് നടപടികൾ സ്വീകരിക്കണമെന്നുള്ളതിനോട് പൊതുവെ യോജിപ്പ് തന്നെയാണുള്ളത്. എങ്ങനെ ചെയ്യണം, എന്തു ചെയ്യണം എന്ന കാര്യത്തിൽ കൂടുതൽ ചർച്ചയും നടപടികളും സ്വീകരിക്കുക തന്നെ ചെയ്യും. ഈ കൂട്ടത്തിൽ പറഞ്ഞുവെന്നേയുള്ളു, ഇതിന്റെ പ്രധാന കാര്യങ്ങളെക്കുറിച്ച് പിന്നീട് പറയാം. അദ്ദേഹം പറഞ്ഞതിന് മറുപടി പറയേണ്ടതുള്ളതുകൊണ്ടാണ് ഇതൊക്കെ പറയുന്നത്. എസ്.എഫ്.ഐ. സമ്മേളനത്തിൽ ഞാൻ പങ്കെടുത്ത്, നിങ്ങൾ ഇതേ വഴിക്കുതന്നെ മുന്നോട്ടുപോകണം എന്നു പറഞ്ഞുവെന്നതാണ് അദ്ദേഹത്തെ പ്രകോപിച്ചതായി കണ്ടത്. ശരിയാണ്, ഞാൻ അതു പറഞ്ഞതു തന്നെയാണ്. ഞാൻ അങ്ങനെ പറഞ്ഞതിന് കാരണമെന്താണ്? കേരളത്തിലെ ഒരു വിദ്യാർഥി സംഘടന എന്ന നിലയ്ക്ക് എസ്.എഫ്.ഐ.-ക്കാണ് അവരുടെ സഹപ്രവർത്തകരുടെ വലിയ തോതിലുള്ള വിയോഗം അനുഭവിക്കേണ്ടി വന്നിട്ടുള്ളത്. അത് എതിർ സംഘടനകളിൽപ്പെട്ടവർ കൊലചെയ്തതാണ്. അങ്ങനെ കൊല ചെയ്യപ്പെട്ട

35 സഖാക്കളിൽ 13 പേരെ കൊലപ്പെടുത്തിയതിന്റെ ഉത്തരവാദിത്വം രാഷ്ട്രീയമായി നിങ്ങൾക്കുള്ളതാണ്, നിങ്ങളുടെ സംഘടനയിൽപ്പെട്ടവരാണെന്നാണ് ഉപക്ഷേപാവതാരകൻ മനസ്സിലാക്കേണ്ടത്. ഇവിടെ ഒരു സംഭവം കാണേണ്ടത് ഏറ്റവും ഒടുവിലുണ്ടായ ധീരജ് സംഭവമാണ്. ഞാനതിന്റെ മറ്റു വിശദാംശങ്ങളിലേക്കൊന്നും ഇപ്പോൾ പോകുന്നില്ല. അതിനുള്ള ഒരു വേദിയായി ഞാൻ ഇതിനെ മാറ്റുന്നില്ല. പക്ഷെ ആ സംഭവം കഴിഞ്ഞപ്പോൾ ആ സംഭവം നടത്തിയ ആളുകളെക്കുറിച്ച് നേരിയ തോതിലെങ്കിലും കുറ്റപ്പെടുത്തുന്ന ഒരുവാക്കുണ്ടായോ? 'എന്റെ കുട്ടികൾ' എന്നു പറഞ്ഞുകൊണ്ട് ചേർത്തുപിടിക്കുന്ന നേതാവിനെയല്ലേ അങ്ങയോടൊപ്പം കണ്ടത്. അങ്ങു പറഞ്ഞിട്ടില്ല, പ്രതിപക്ഷനേതാവും പറഞ്ഞിട്ടില്ല. പക്ഷെ ഉത്തരവാദിത്വപ്പെട്ട ആളുതന്നെ പറഞ്ഞില്ലേ. അത്തരം ഒരു സമീപനമാണോ സ്വീകരിക്കേണ്ടത്? അതുപോട്ടെ, ഞാൻ എസ്.എഫ്.ഐ.ക്കാരോട് പറയാനിടയായത് എന്താണെന്നാണ് ഞാൻ പറഞ്ഞുവന്നത്. 35 സഖാക്കൾ ജീവൻ വെടിയേണ്ടിവന്ന സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച എസ്.എഫ്.ഐ.-യുടെ ഭാഗത്തുനിന്ന് എസ്.എഫ്.ഐ. ആക്രമണം നടത്തിയതിന്റെ ഭാഗമായി ഏതെങ്കിലും ഒരാളുടെ ജീവൻ കലാലയത്തിൽ വെടിഞ്ഞുവെന്ന, അങ്ങനെ

ഉണ്ടായിയെന്ന ഒരു സംഭവവും പറയാനില്ല. അതാണ് പ്രത്യേകത. അപ്പോൾ നിങ്ങൾ വലിയ സഹനശക്തിയുള്ളവരാണ്. അതാണ് കാണിക്കുന്നത്. അതുകൊണ്ട് ആ രീതി നിങ്ങൾ തുടരണമെന്ന് തന്നെയാണ് ഞാൻ പറഞ്ഞത്.

മയക്കുമരുന്നുമായി ബന്ധമുള്ള പോലീസിലെ ചിലരെ സംബന്ധിച്ച് നേരത്തെ ചില വാർത്തകൾ വരികയും അതിന് ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തത് നിങ്ങളുടെ എല്ലാവരുടെയും ശ്രദ്ധയിലുള്ളതാണ്. അക്കാര്യങ്ങളിലൊന്നും ഒരു വിട്ടുവീഴ്ചയും സർക്കാർ എന്ന നിലയ്ക്ക് കാണിക്കുന്നില്ലെന്നതാണ് വസ്തുത. ഇവിടെ ബഹുമാന്യനായ ഡോ. എം. കെ. മുനീർ ആ കുടുംബവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വികാരപരമായി തന്നെ അവതരിപ്പിച്ചു. ആ വികാരത്തോടൊപ്പം തന്നെയാണ് സർക്കാരും കേരളീയ സമൂഹവും നിൽക്കുന്നത്. ഒരു വ്യത്യാസവും ആർക്കും അതിലില്ല. അതിൽ ഡി.ജെ. പാർട്ടിയെക്കുറിച്ചും മറ്റു നടപടികളെക്കുറിച്ചും പറഞ്ഞു. കേസിന്റെ അന്വേഷണവും കാര്യങ്ങളും പോലീസ് ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകും. അതിൽ ഇന്നയാളാണ് പ്രതിയെന്ന് നമ്മൾ മുൻകൂട്ടി നിശ്ചയിക്കണ്ട. അന്വേഷണത്തിന്റെ ഭാഗമായി ശരിയായ പ്രതികളെ കണ്ടെത്തുന്ന നില സ്വീകരിച്ചുപോകണം. അതാണ് അതിൽ

നമ്മളെടുക്കേണ്ടത്. Nature of violence മാറുന്നുവെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞല്ലോ, യഥാർഥത്തിൽ കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗൗരവമായി നാം പരിശോധിക്കേണ്ട ഒരു കാര്യമാണത്. കുട്ടികളിൽ വലിയ തോതിൽ അക്രമോത്സുകത വർധിച്ചുവരികയാണ്. ഇക്കാര്യം ഒരു വർത്തമാനത്തിൽ തീർക്കേണ്ട ഒന്നല്ല. എങ്ങനെയാണ് ഇതിനെ നേരിടാൻ കഴിയുക എന്നതിനെക്കുറിച്ച് വിശദമായ അപഗ്രഥനം നടത്തേണ്ടതാണ്. സമീപകാലത്തുണ്ടായിട്ടുള്ള ധാരാളം സംഭവങ്ങളെ നല്ല ഗൗരവത്തോടെ തന്നെ നാം പൊതുവെ കാണേണ്ടതുണ്ട്. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം ദേശീയവും അന്തർദേശീയവുമായ മാനങ്ങൾ ഉള്ളതുകൂടിയാണ് ഈ സംഭവം. ഇവിടെ നേരത്തെ സൂചിപ്പിച്ച മൂന്നുനാല് സംഭവങ്ങളുണ്ട്. ആ സംഭവങ്ങളിൽ കുറ്റകൃത്യങ്ങൾ എന്ന നിലയ്ക്കുള്ള നടപടികൾ പോലീസ് സ്വീകരിച്ചിട്ടുണ്ട്. ആ നടപടിയുടെ വിശദാംശങ്ങളിലേക്ക് ഇപ്പോൾ പോകേണ്ടതില്ലെന്നാണ് തോന്നുന്നത്. സ്വാഭാവികമായ പോലീസ് നടപടികൾ അതിൽ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പലതും പോലീസിന്റെ പരിധിക്ക് പുറത്തുള്ളതാണ് എന്നത് കാണാൻ കഴിയും. ഇതിനെ ഒറ്റപ്പെട്ട് പരിശോധിക്കേണ്ട ഒരു ഏകമുഖമായ കാര്യമായിട്ടല്ല കാണേണ്ടത്. പല മുഖങ്ങളും പല തലങ്ങളുമുള്ള ഒരു വിഷയമാണിത്. ഇന്ന് നമ്മൾ വിശദമായി

ചർച്ച ചെയ്തു. ഈ ചർച്ചയോടെ ഇത് അവസാനിപ്പിക്കുകയല്ല വേണ്ടത്.

(തുടരും........)

P 03-03-2025 SS-SR (2) 02.30-02.40 ബി.സി.

(ശ്രീ. പിണറായി വിജയൻ തുടർച്ച......)

അങ്ങനെ അവസാനിപ്പിക്കാൻ കഴിയുന്ന ഒരു വിഷയമല്ലിത്. അതീവ ഗൗരവമുള്ള ഒരു വിഷയമായി സർക്കാർ ഇതിനെ കാണുമ്പോൾ നമ്മുടെ പൊതുസമൂഹത്തിന്റെ വികാരം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ടുള്ള നിലപാടും നടപടികളും ആവശ്യമാണ്. അതിൽ ഒരു ഭാഗം നിയമനടപടിയാണ്; അതായത്, കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നിയമനടപടികൾ. അത് സർക്കാർ ഫലപ്രദമായിതന്നെ കൈക്കൊള്ളുന്നതാണ്. ഇത് കേവലമായ ഒരു ക്രമസമാധാനപ്രശ്നം മാത്രമല്ല, അതിനപ്പുറത്ത് സാമൂഹികമാനമുള്ള അതിഗൗരവമായ വിഷയമാണ്. അപ്പോൾ ഏതെങ്കിലും തരത്തിലുള്ള വ്യക്തിനിഷ്ഠമായ തലത്തിലേക്കോ രാഷ്ട്രീയ തലത്തിലേക്കോ ഇതിനെ ചുരുക്കി കാണാൻ പാടില്ല. നാം കാണേണ്ട ഒരു കാര്യം, കുട്ടികളിലുണ്ടാകുന്ന അക്രമോത്സുകത ലോകമാകെ ചർച്ച ചെയ്യപ്പെടുന്ന കാലമാണിത്. 1999-ലാണ് അമേരിക്കയിലെ കൊളറാഡോയിലെ കൊളംബൈൻ ഹൈസ്കൂളിൽ ഒരു പന്ത്രണ്ടാം ക്ലാസ്

വിദ്യാർഥി 12 സഹപാഠികളെയും ഒരു ടീച്ചറെയും വെടിവച്ചുകൊന്നത്. 21 കുട്ടികൾക്ക് അന്ന് ഗുരുതരമായി പരിക്കേറ്റു. ഏതാണ്ട് അതുമുതൽക്കിങ്ങോട്ട് ഈ സ്വഭാവത്തിലുള്ള ആക്രമണങ്ങളും ഇതിനെ നേരിടേണ്ടതെങ്ങനെയെന്നുള്ള ചർച്ചകളും ലോകവ്യാപകമായിതന്നെ നടന്നുകൊണ്ടിരിക്കുകയാണ്. 2007 ഏപ്രിൽ മാസത്തിൽ വിർജീനിയയിലെ ബ്ലാക്ക്സ്ബർഗിലും ഏകദേശം ഇതിന് തുല്യമായ സംഭവമുണ്ടായി. അതിനുശേഷം ന്യൂ ടൗൺ, ടെക്സാസ്, ഫ്ലോറിഡ, റെഡ് ലേക്ക് തുടങ്ങി പല സ്ഥലങ്ങളിലും കുട്ടികൾ സഹപാഠികളെ കൊല്ലുന്ന സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇതിൽ ചിലയിടത്ത് മുതിർന്ന ഒന്നുരണ്ടുപേർ വന്ന് വെടിവച്ച സംഭവങ്ങളുമുണ്ടായി. പക്ഷെ പല സ്കൂളുകളിലും വിദ്യാർഥികൾ തന്നെയാണ് കഠാരയും തോക്കുകളുമുപയോഗിച്ച് സഹപാഠികളെ കൊന്നത്. അവിടെയെല്ലാം 28-ഉം 22-ഉം 17-ഉം കുട്ടികളാണ് പിടഞ്ഞുവീണ് മരിച്ചത്. ഇങ്ങനെയൊരു തുടർപരമ്പര ഉണ്ടായപ്പോഴാണ് ലോകമാകെ ഉണർന്നുകൊണ്ട് ഈ പ്രശ്നം കൈകാര്യം ചെയ്തത്. ലോകംതന്നെ ഈ വിഷയം ചർച്ചക്കെടുത്തു. ഐക്യരാഷ്ട്ര സഭപോലും ഒരു ആഗോള പ്രതിഭാസമായി കുട്ടികളിലെ അക്രമവാസന പടരുന്നതിനെക്കുറിച്ച് ഉൽക്കണ്ഠ രേഖപ്പെടുത്തുന്ന നിലയിലേക്കെത്തി. ലോകത്തിന്റെ പല ഭാഗങ്ങളിലും ഇത്തരം സാഹചര്യങ്ങൾ

ഉണ്ടാകുന്നുവെന്നത് കേരളത്തിൽ ഇതുണ്ടാകുന്നതിനുള്ള ന്യായീകരണമല്ല. പക്ഷെ ഒന്ന് നാം കാണണം, കേരളവും ലോകത്തിന്റെ ഭാഗമാണ്. സവിശേഷമായ ഒരു സംസ്കാരവും ജീവിതസാഹചര്യവും നമ്മുടെ നാടിനുണ്ട്. അതിന് നിരക്കുന്നത് മാത്രമെ ഇവിടെ സംഭവിക്കാൻ പാടുള്ളൂ. അതിന് നിരക്കുന്നതല്ലാത്ത രീതിയിലാണ് ഇപ്പോൾ സംഭവങ്ങൾ വന്നുകൊണ്ടിരിക്കുന്നത്. അത് നാം ഗൗരവമായി കാണണം. ഇന്ന് നമ്മുടെ ഇളംതലമുറ വല്ലാതെ അസ്വസ്ഥമാണ്. അതാണൊരു പ്രത്യേകത. ചിലപ്പോൾ എന്റെ വീക്ഷണത്തോട് ഇവിടെയുള്ള അംഗങ്ങളിൽ ചിലർ അഭിപ്രായവ്യത്യാസം രേഖപ്പെടുത്തിയെന്നുവരാം. മുതലാളിത്തവും ആധുനിക മുതലാളിത്തവും അതിന്റെ ഭാഗമായിവന്ന പുതിയ കമ്പോള വ്യവസ്ഥയും അതിന്റെയെല്ലാം ഭാഗമായി ഉയർന്നുവന്ന അതിതീവ്ര മത്സരാധിഷ്ഠിത ജീവിതവും കുട്ടികളെ വല്ലാതെ അസ്വസ്ഥപ്പെടുത്തുന്ന ഘടകങ്ങളിൽ ഒന്നാണ്. വലിയ തോതിലുള്ള അസ്വസ്ഥത കുട്ടികളിൽ വരികയാണ്. എല്ലായിടത്തും കടുത്ത മത്സരമാണ്. എൻട്രൻസിന് മത്സരം, ഇന്റർവ്യൂവിന് മത്സരം, തൊഴിൽ ലഭിക്കാൻ മത്സരം, തൊഴിലിൽ പിടിച്ചുനിൽക്കാൻ മത്സരം, സഹോദരങ്ങൾ തമ്മിൽ മത്സരം ഇങ്ങനെ എവിടെയും മത്സരമാണ്. അതിന്റെ ഭാഗമായി ഈ മത്സരത്തിന്റെ

അന്തരീക്ഷം കുട്ടികളിലുണ്ടാക്കുന്നതെന്താണ്? ഒപ്പമുള്ളവനെ തോല്പിച്ചേ ജയിക്കാനാകൂ എന്ന ചിന്ത കുട്ടികളിൽ വളരുന്നുണ്ട്. അതോടൊപ്പംതന്നെ സഹോദരങ്ങളും സഹപാഠികളും തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി നേരത്തെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞുവെന്നാണ് എന്റെ ഓർമ്മ. അതായിരുന്നു നേരത്തെയുണ്ടായിരുന്ന അവസ്ഥ. പക്ഷെ ഇപ്പോൾ ഒപ്പമുള്ളവൻ ശത്രുവാണോ എന്നൊരു ബോധത്തിലേക്ക് കുട്ടി മാറുകയാണ്. അപ്പോൾ ആഗോളവൽക്കരണ സമ്പദ്ഘടനയിൽ അതുണ്ടാക്കുന്ന കമ്പോള മത്സരങ്ങൾ യുവമനസ്സുകളിൽ ഒപ്പമുള്ളവർ ശത്രുക്കളെന്ന ചിന്തയാണ് വളർത്തുന്നത്. പുതിയ തലമുറയുടെ മനസ്സുകളെ അസ്വസ്ഥപ്പെടുത്തുന്നതിന്റെ പിന്നിൽ ഇത്തരത്തിലുള്ള കുറെ കാര്യങ്ങളുണ്ട്. അജ്ഞാതനായ ശത്രുവിനോട് പക വീട്ടാനുള്ള ഒരവസരവും കളയരുത്, ആ ശത്രു കൂടെയുള്ളവർതന്നെയാകാം. ഇത്തരമൊരു ചിന്ത കുട്ടികളിലെ അരക്ഷിതാവസ്ഥ വളരുന്നതിനിടയാക്കുന്നുണ്ടോയെന്ന് ആലോചിക്കേണ്ടതുണ്ട്. ഇതുപോലെതന്നെ നമ്മുടെ കുടുംബ സാഹചര്യങ്ങൾ, ബാല്യത്തിലുണ്ടാകുന്ന ഒറ്റപ്പെടലുകൾ എന്നിവയൊക്കെ കുട്ടികൾക്ക് സഹജാതരോടോ മണ്ണിനോടോ പ്രകൃതിയോടോ സ്നേഹമുണ്ടാകാത്ത അവസ്ഥയുണ്ടാക്കുന്നുണ്ട്. സഹജീവി സ്നേഹം തന്നെയില്ലാതായിപ്പോകും. കുട്ടികളെ സംബന്ധിച്ചിടത്തോളം

ഓരോ സ്ഥലവും ഓരോ പെട്ടിയായിട്ടാണ് കണക്കാക്കുന്നത്. വീട്ടിലെ മുറി ഒരു പെട്ടി, സ്കൂൾ ബസ്സ് മറ്റൊരു പെട്ടി, അവിടെനിന്നും ഇറങ്ങിയാൽ പിന്നെ ക്ലാസ് മുറിയെന്ന വേറൊരു പെട്ടി. ഈ തരത്തിലേക്ക് കുട്ടിയുടെ ബാല്യം കൈമാറ്റം ചെയ്യപ്പെടുകയാണ്. അപ്പോൾ സകലവും പഠിപ്പിലേക്ക് കേന്ദ്രീകരിക്കുകയാണ്. കളിച്ചു വളരേണ്ട പ്രായത്തിൽ കുട്ടിക്ക് അതിനുള്ള അവസരം ലഭിക്കുന്നില്ല. ചെറുപ്രായത്തിൽതന്നെ കുട്ടിയെ വല്ലാത്ത കാര്യങ്ങൾ പഠിപ്പിക്കാനുള്ള വേവലാതിയും ബേജാറുമൊക്കെയാണ് സമൂഹത്തിനാകെയുള്ളത്. ഈയൊരു ചിന്തയുടെ ഭാഗമായി കുട്ടിയുടെ ബാല്യം നഷ്ടപ്പെട്ടുപോകുകയാണ്. കുട്ടിയുടെ മനസ്സുതന്നെ ഒരു പ്രത്യേക രീതിയിൽ രൂപപ്പെടുകയാണ്. അതായത് ഒരു തരം അടഞ്ഞ മനസ്സ്; എല്ലാം പഠിപ്പ് മാത്രമാണെന്നും പഠിപ്പിനപ്പുറം മറ്റൊന്നുമില്ലെന്നുമുള്ള മട്ടിലേക്ക് മാറുന്ന സ്ഥിതി. ഇനി എല്ലാം കഴിഞ്ഞ് വീട്ടിലെത്തിയാൽ, കുട്ടിയോടൊപ്പം സന്തോഷവും സങ്കടവുമൊക്കെ പങ്കിടാൻ ചില കുടുംബങ്ങളിൽ ആരുമുണ്ടാകില്ല. ചില കുടുംബങ്ങളിൽ അച്ഛനമ്മമാർക്കുതന്നെ പരസ്പരം സംസാരിക്കാൻ സമയമില്ല. ഓരോരുത്തരും അവരവരുടേതായ സ്വകാര്യ ലോകങ്ങളിലായിരിക്കും. അത് ചിലപ്പോൾ ടി.വി. സീരിയലുകളാകാം, അതുമല്ലെങ്കിൽ ഫോണിൽ അഭിരമിക്കലാകാം.

ഇതൊക്കെ കുട്ടിയിൽ ഒരു വല്ലാത്ത അനാഥാവസ്ഥയുണ്ടാക്കുന്നു. കുട്ടികളുടെ കാര്യം മാത്രമെ നമ്മളിവിടെ പറയുന്നുള്ളൂ. എങ്ങനെ രക്ഷിതാക്കൾ രക്ഷിതാക്കളായി മാറണം, രക്ഷിതാക്കൾ അതിനുവേണ്ടി എന്തുചെയ്യണമെന്ന കാര്യവും ഈ സമൂഹത്തിൽ വലിയതോതിൽ ബോധവൽക്കരണം ആവശ്യമുള്ള കാര്യമാണെന്നാണ് തോന്നുന്നത്. ഇത്തരം സാഹചര്യങ്ങളിൽ വളരുന്ന കുട്ടികൾ തന്റേതായ ഡിജിറ്റൽ ലോകത്തിൽ ഒതുങ്ങുകയും മെല്ലെ മെല്ലെ ഡിജിറ്റൽ അഡിഷൻ കുട്ടിയിലേക്ക് വരികയും ചെയ്യുന്നു. അതിൽനിന്നും അടർത്തി മാറ്റാൻ ശ്രമിക്കുമ്പോൾ അച്ഛനായാലും അമ്മയായാലുമൊക്കെ ആ കുട്ടിയുടെ ശത്രുക്കളായി മാറുന്ന അവസ്ഥ വരുന്നു. അപ്പോൾ ഡിജിറ്റൽ അഡിഷനും ഇന്നത്തെക്കാലത്ത് പ്രധാനമാണ്. ഇതൊക്കെ വന്നുഭവിക്കുന്ന കാര്യങ്ങളായാണ് നാം കാണേണ്ടത്. ഞാൻ ഒന്നിനും ഉത്തരം പറയാൻ ശ്രമിക്കുകയല്ല, ഉണ്ടാകുന്ന ചില പ്രശ്നങ്ങൾ സമൂഹത്തിൽ എങ്ങനെയൊക്കെ വളരുന്നുവെന്നുള്ളത് അവതരിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്.

(തുടരും.......)

p-03-03-2025 ks-sr-2 2.40-2.50 ബി.സി.

(മുഖ്യമന്ത്രി തുടർച്ച......)

ഇവിടെ ശരിയായ രീതിയിൽ പറഞ്ഞ മറ്റൊരു കാര്യം സിനിമ, സീരിയൽ എന്നിവ സംബന്ധിച്ചുള്ളതാണ്. വലിയ തോതിലുള്ള ദുഃസ്വാധീനം ഇവ സമൂഹത്തിലുണ്ടാക്കുന്നുണ്ട്. പോലീസിന്റെ റിപ്പോർട്ടിൽത്തന്നെ സൂചിപ്പിച്ച ഒരു കാര്യമുണ്ട്, ഏതോ ഒരു സിനിമയിൽ ഒരു നടൻ വന്ന് "എടാ മോനേ" എന്നു വിളിക്കുന്ന ഒരു രംഗമുണ്ടല്ലോ...

<u>മി. സ്പീക്കർ</u>: അംബാനയെന്നാണോ....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ആവേശം എന്ന സിനിമയാണ്...

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സിനിമയിലെ കഥാപാത്രം ഒരു റൗഡിയാണ്, അദ്ദേഹം വിദ്യാർഥികളെ വിളിക്കുന്നത് 'എടാ മോനേ' എന്നാണ്. ആ സിനിമ കണ്ടശേഷം ഇവിടെയുള്ള ചില കുട്ടികൾ റൗഡി ഗ്യാങ് തലവന്മാരോടൊപ്പംപോയി എന്നുപറയുന്ന ഒരു പോലീസ് റിപ്പോർട്ട് ഞാൻ കണ്ടിരുന്നു., അങ്ങനെ ഒരു അവസ്ഥയും ഇവിടെയുണ്ടെന്ന് പോലീസ് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യമുണ്ടായിരിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ആ സിനിമ കണ്ടോ?...

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സിനിമ കണ്ടോ ഇല്ലയോ

എന്നതല്ല കാര്യം, ഇങ്ങനെ ഒരു അവസ്ഥയുണ്ടെന്നാണ് സൂചിപ്പിച്ചത്, ആ സിനിമ ഒരു ഘട്ടത്തിൽ ഞാൻ കാണാനിടവന്നിരുന്നു. സീരിയലും ചലച്ചിത്രങ്ങളും ഉളവാക്കുന്ന ദുഃസ്വാധീനങ്ങൾ വളരെ വലുതാണ്. വയലൻസ് ആഘോഷിക്കപ്പെടുന്ന ഒരു അവസ്ഥയെക്കുറിച്ച് വളരെ ശരിയായ രീതിയിൽ ഇവിടെ സൂചിപ്പിച്ചല്ലോ; ഇത് സ്വാഭാവികമായും പരിശോധിക്കാൻ സാധിക്കണം. അത്തരം പരിശോധനകൾ നടത്തേണ്ടത് സെൻസർ ബോർഡാണ്, അവർ പരിശോധിക്കുന്നത് എന്താണെന്ന് നമുക്ക് അറിയില്ല. ഏതായാലും ആ കാര്യങ്ങളെല്ലാം ഉയർന്ന മാനത്തിൽ ചിന്തിക്കേണ്ട ഘട്ടം എത്തിയിരിക്കുകയാണെന്ന് തോന്നുന്നു. ഏറ്റവും കൂടുതൽ അക്രമവും കൊലയും നടത്തുന്ന ആൾ ഹീറോ ആകുന്ന ഒരു അവസ്ഥ, അതായത് ഒരു ഹീറോവർഷിപ്പ് ഉണ്ടാകുന്നു. അതിന്റെ ഭാഗമായി എല്ലാവരെയും തല്ലിയൊതുക്കലാണ് മഹത്വമെന്നും ഞാൻ അങ്ങനെയാണ് മാറേണ്ടതെന്നും ഇന്നത്തെ കുട്ടി ചിന്തിക്കുന്നു. കുട്ടികളുടെ മാനസികാവസ്ഥ ഇങ്ങനെയൊക്കെ മാറിപ്പോകുകയാണ്.

കുട്ടികളുടെ മാനസികാവസ്ഥ ഇത്തരത്തിലാകുന്നതിന് നിരവധി കാരണങ്ങളുണ്ടെന്നതാണ് യഥാർഥ കാര്യം. അതിൽ ഒന്നാമത്തേത്, അധ്യാപകനും വിദ്യാർഥിയും തമ്മിലുള്ള ബന്ധത്തിൽ വന്നുകൊണ്ടിരിക്കുന്ന

മാറ്റമാണ്. മറ്റൊന്ന് രക്ഷാകർത്താക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തിൽ വന്നിരിക്കുന്ന മാറ്റങ്ങളാണ്. ധൂർത്ത്, അത്തരം ജീവിത രീതികളോടുള്ള ആസക്തി, സന്തോഷം എവിടയുണ്ടോ അതൊക്കെ സ്വന്തമാക്കണമെന്ന ചിന്ത കുട്ടികൾക്കുണ്ടാകുന്നത് തുടങ്ങി നിരവധി കാരണങ്ങൾ ഇതിനുപിന്നിലുണ്ട്. ഇല്ലായ്മയുടെ ഭാഗമായി വളർന്നുവന്ന ഒരു ശീലം പഴയ കാലത്തുണ്ടായിരുന്നു. എല്ലാം പിടിച്ചടക്കണം, എല്ലാം തന്റേതാകണം എന്ന് ചിന്തിക്കുന്ന ഒരു അവസ്ഥ ഇന്നുണ്ട്, അത്തരം ഒരു അവസ്ഥയിലേക്ക് പുതുതലമുറയും പോകുകയാണ്. ഞാൻ അറിയാതെ പഴയ കഥകളിലേക്ക് പോയ്പോകും, ഏതായാലും പഴയ കഥകളിലേക്ക് ഇപ്പോൾ പോകുന്നില്ല. പഠിക്കുന്ന കാലത്ത് എനിക്ക് ഒന്നോ രണ്ടോ ഷർട്ട് മാത്രമെ ഉണ്ടാകൂ, അന്ന് കൂടുതൽ ഷർട്ട് വേണമെന്ന തോന്നലുമില്ല. അതുസംബന്ധിച്ച് ചില കഥകളൊക്കെയുണ്ട്, ഞാൻ അതിലേക്ക് ഇപ്പോൾ പോകുന്നില്ല. പഠനം എന്നത് ജീവിതത്തിന്റെ ഭൗതിക നേട്ടങ്ങൾക്കുമാത്രമുള്ള ഒന്നായി കാണുന്ന ഒരു തലത്തിലേക്ക് എത്തിപ്പെട്ടിരിക്കുന്നു, ഏറ്റവും ഗൗരവത്തോടെ ചിന്തിക്കേണ്ട കാര്യം അതാണ്. ഒരു മനുഷ്യൻ ഏറ്റവുമാദ്യം എന്തായിത്തീരാനാണ് ശ്രമിക്കേണ്ടത്? ഒരു നല്ല മനുഷ്യനാകണം. നല്ല മനുഷ്യനാകുന്നതിനായി ജീവിതമൂല്യങ്ങളും അതിന്റെ സത്തയും

കുട്ടിയിലേക്ക് വളരെ നല്ലരീതിയിൽ പകരാൻ സാധിക്കണം. അതിനുതകുന്ന കവിതകൾ, കഥകൾ, മറ്റ് സാഹിത്യ കൃതികൾ എന്നിവയൊക്കെ സിലബസ്സിന്റെ ഭാഗമാകണം. ഞാൻ ഉൾപ്പെടെ എല്ലാവരും സ്കിൽഡ് തൊഴിലാളികളെക്കുറിച്ച് പറയുന്നുണ്ട്, എന്നാൽ സ്കിൽഡ് മനുഷ്യനെ നമുക്ക് സൃഷ്ടിക്കാനാകണം. നമ്മുടെ സമൂഹത്തിന് ആവശ്യം മനുഷ്യത്വം വലിയതോതിൽ വർധിപ്പിക്കുന്ന മനുഷ്യരെയാണ്. പഴയകാലത്ത് സ്കൂളുകളിൽ "നല്ല ശമരിയക്കാരന്റെ കഥ" പഠിപ്പിച്ചിരുന്നു. ശ്രീനാരായണ ഗുരുവിന്റെ കാവ്യശകലം (ജീവകാരുണ്യ പഞ്ചകം)

"കൊല്ലുന്നതുമെങ്ങനെ ജീവികളെ,

തെല്ലും കൃപയറ്റു ഭുജിക്കയതും.." പഠിപ്പിക്കാറുണ്ടായിരുന്നു.

" കോപംകൊണ്ട് ശപിക്കരുതാരും..

ഭഗവന്മയമെന്നോർക്ക സമസ്തം;"

(ഭാഗവത കീർത്തനം) തുടങ്ങിയ കവിതാ ശകലങ്ങൾ പാഠങ്ങളായിട്ടുണ്ടായിരുന്നു. അത്തരത്തിലുള്ള കാര്യങ്ങളിൽ ഊന്നൽ നൽകേണ്ടതുണ്ട്.

" നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം

.............................................................

സത്യം പറയുവാൻ ശക്തിയുണ്ടാകണം ”

.......................................................

ദുഷ്ട സംസർഗ്ഗം വരാതെയായീടണം

ശിഷ്ടരായുള്ളവർ തോഴരായീടണം

(പന്തളം കേരള വർമ്മ രചിച്ച പ്രാർത്ഥന),

“ നമിക്കിലുയരാം നടുകിൽത്തിന്നാം നൽകുകിൽ നേടീടാം

നമുക്കുനാമേ പണിവതു നാകം, നരകവുമതുപോലെ”

(പ്രേമസംഗീതം-ഉള്ളൂർ എസ്. പരമേശ്വരയ്യർ) തുടങ്ങിയ കാര്യങ്ങൾ അന്ന് പഠിപ്പിച്ചിരുന്നു, ഇതൊക്കെ ഇന്നത്തെ കുട്ടികളും അറിഞ്ഞിരിക്കണം, കുട്ടികളെ അത്തരം മൂല്യങ്ങൾ മനസ്സിലാക്കിക്കുന്ന അവസ്ഥയുണ്ടാകണം. ജീവതമൂല്യസത്ത് കുഞ്ഞുങ്ങളിൽ ഉൾച്ചേർക്കാൻ ഇത്തരം പഠനങ്ങളൊക്കെ ഉപകരിക്കും. അങ്ങനെയാണ് അറിവുള്ളവർ എന്നതിനൊപ്പം കനിവുള്ളവർ കൂടിയായ തലമുറയായി മാറുന്നത്. അതിനായി പാഠ്യരംഗത്ത് ശ്രദ്ധിക്കേണ്ടതുണ്ട്. സിലബസ്സ്, കരിക്കുലം തുടങ്ങിയതിലെല്ലാം ജീവിതപാഠങ്ങൾ, മോറൽസ് എന്നിവ ഉൾപ്പെടുത്തണം. വിദ്യാഭ്യാസത്തിൽ ഇതെല്ലാം ഇല്ലാതാകുന്നുണ്ടോ; അറിവ് സമ്പാദനത്തിൽ മാത്രമായി പരിമിതപ്പെട്ടുപോകുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ ആലോചനാ

വിധേയമാക്കേണ്ടതാണ്. ഇത്തരം കാര്യങ്ങൾ ഇവിടെ തീരുമാനിക്കേണ്ടതല്ല, അത്തരം കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ച് തീരുമാനമെടുക്കാൻ സാധിക്കണം, അതായത് നമ്മൾ ഉൾപ്പെടെ പങ്കാളിത്തം വഹിച്ചുകൊണ്ട് തീരുനാമനമെടുക്കണം. ഇത്തരം വിഷയങ്ങളിൽ അഭിപ്രായം പറയേണ്ടത് തീരുമാനമെടുക്കേണ്ടവരാണല്ലോ; നമ്മൾ ഇതിലൊന്നും വിദഗ്ധരല്ലല്ലോ; വിദഗ്ധരായ ധാരാളമാളുകൾ നമ്മുടെ സമൂഹത്തിലുണ്ടല്ലോ; നമ്മളെല്ലാം രാഷ്ട്രീയ പ്രസ്ഥാനത്തിൽപ്പെട്ടവരാണല്ലോ; മറ്റ് സംഘടനകളുണ്ട്, ആത്മീയ നേതാക്കളുണ്ട്, സാമൂഹ്യശാസ്ത്രജ്ഞരുണ്ട്, അത്തരത്തിൽ എല്ലാ മേഖലയിൽനിന്നുള്ളവരെയും ഇതിന്റെ ഭാഗമാക്കാൻ ശ്രമിക്കണം. അതുവഴി എങ്ങനെ ഈ അവസ്ഥയെ കൈകാര്യംചെയ്ത് കൊണ്ടുപോകണം എന്നതിൽ ഒരു പൊതുരൂപത്തിലേക്ക് എത്തിപ്പെടാൻ കഴിയണം. നമ്മുടെ ലോകം തിന്മയും തെമ്മാടികളും മാത്രമുള്ളതല്ല, നന്മയും നല്ലവരും കൂടിയുള്ളതാണ് എന്നകാര്യം കുട്ടികൾക്ക് പറഞ്ഞുകൊടുക്കാൻ സാധിക്കണം. നന്മയുടെ ഡെവലപ്മെന്റ്, സ്കിൽ ഡെവലപ്മെന്റിനോടൊപ്പം നല്ലപോലെ ഉൾച്ചേർക്കാനാകണം. പൂക്കളെയും പൂത്തുമ്പിയെയും ശലഭങ്ങളെയും സ്നേഹിക്കാൻ കുട്ടിയെ പഠിപ്പിക്കണം. പ്രകൃതിയോടുള്ള സ്നേഹമാണ് സഹജാതരോടുള്ള സ്നേഹമായി മാറേണ്ടത്.

മയക്കുമരുന്നിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്, അത് വളരെ മാരകമായ വിപത്താണ്, തുടച്ചുനീക്കേണ്ടതാണ്, വിട്ടുവീഴ്ചയില്ലാതെ എതിർക്കപ്പെടേണ്ടതുമാണ്, അതിൽ യാതൊരു സംശയവുമില്ല. നേരത്തെ നമ്മൾ ഈ വിഷയത്തിൽ വിപുലമായ കാമ്പയിൻ നടത്തിയതാണ്, അത് തുടർന്നുവരുന്നുണ്ട്. എന്നാൽ നമ്മുടെ സമൂഹത്തിന്റെ എല്ലാ ധാരകളും ചേർന്നുകൊണ്ട് ഒരു കാമ്പയിൻ നടത്തേണ്ടതായിട്ടുണ്ട്, അത് അടുത്ത സമയത്തുതന്നെ പ്ലാൻ ചെയ്യേണ്ടതായി വരുമെന്ന് മുൻകൂട്ടിപ്പറയുകയാണ്. കഴിഞ്ഞ തവണ ചെയ്തതുപോലെ എല്ലാവരുമായി ആലോചിച്ച് വലിയതോതിലുള്ള ഇടപെടൽ അതിന്റെ ഭാഗമായി ഉണ്ടാകണമെന്നാണ് ഉദ്ദേശിക്കുന്നത്. ആ പരിപാടിയിൽ വിദ്യാലയങ്ങൾകൂടി ഉൾപ്പെടേണ്ടതുണ്ട്. ഈ മാസങ്ങൾ വിദ്യാലയങ്ങളെ ഉൾപ്പെടുത്താൻ പറ്റുന്ന സമയമല്ല, വിദ്യാലയങ്ങളെക്കൂടി അതിന്റെ ഭാഗമാക്കി അണിനിരത്തേണ്ടതുണ്ട്.

മയക്കുമരുന്ന് ഇന്ത്യയിലേക്ക് എത്തുന്നത് ഏതുവഴിയാണ്? രാസമരുന്ന് ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നതല്ല, ഇറക്കുമതി ചെയ്യപ്പെടുന്നതാണ്. കേന്ദ്രഗവൺമെന്റ് രാജ്യസഭയിൽ ഈ വിഷയത്തെക്കുറിച്ച് നൽകിയ മറുപടിയിൽ കേരളത്തിലുള്ള ഒരു തുറമുഖത്തെയും പരാമർശിച്ചിട്ടില്ല. അതിൽ പറഞ്ഞിരിക്കുന്നത്

കേരളത്തിനപുറത്തുള്ള തുറമുഖങ്ങളാണ്. കേരളത്തിലെ തുറമുഖങ്ങളിൽ ഇവ ഇറക്കിയാൽ ഇവിടെയുള്ള റോഡിലേക്ക് ഇറങ്ങാൻ അനുവദിക്കില്ലെന്ന് അവർക്ക് നന്നായി അറിയാം. അതുകൊണ്ട് ഇത്തരം മയക്കുമരുന്നുകൾ മറ്റ് തുറമുഖങ്ങളിലാണ് ഇറക്കുന്നത്, അവിടെനിന്നും കേരളത്തിലേക്ക് എത്തിക്കുകയാണ്. സർക്കാരും സമൂഹവും ഒന്നാകെ ഒറ്റക്കെട്ടായി നിന്നുകൊണ്ട് മയക്കുമരുന്ന് എന്ന മാരക വിപത്തിനെ തുടച്ചുനീക്കുക എന്നതാണ് ഈ ഘട്ടത്തിൽ ചെയ്യേണ്ടത്. ഈ വിഷയത്തിൽ ഒരുമമാത്രമെ ആവശ്യമുള്ളൂ. കക്ഷിരാഷ്ട്രീയത്തിന്റേതടക്കം ഒരുതരത്തിലുമുള്ള അഭിപ്രായ വ്യത്യാസവും ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ല. സർക്കാർ സ്വീകരിക്കുന്ന നടപടികളിൽ ഏതെങ്കിലും തരത്തിലുള്ള കുറവുകൾ ഉണ്ടാകുന്നുവെന്ന് കാണുകയാണെങ്കിൽ അത് ചൂണ്ടിക്കാണിക്കാം. തിരുത്തേണ്ടതായ കാര്യങ്ങളുണ്ടെങ്കിൽ തിരുത്തുന്നതിന് സർക്കാർ എല്ലായ്പ്പോഴും സന്നദ്ധമാണ്, ഇതിൽ യാതൊന്നും മറച്ചുവയ്ക്കാനില്ല.

(തുടരും...)

P.03-03-2025 എ.വി./എസ്.ആർ. 02.50-03.00 ബി.സ്.

(ശ്രീ. പിണറായി വിജയൻ തുടർച്ച......)

നമ്മുടെ നാട്ടിൽ പലർക്കും മയക്കുമരുന്ന് കൈമാറുന്ന ഇടങ്ങളറിയാമെങ്കിലും അവരിൽ പലരും ആ വിവരം പോലീസിനെയോ എക്സൈസിനെയോ അറിയിക്കുന്നില്ലെന്നൊരു അവസ്ഥയുണ്ട്. അതിന്റെ ഭാഗമായി തങ്ങൾക്ക് എന്തെങ്കിലും സംഭവിച്ചാലോ എന്നാണ് അവർ ചിന്തിക്കുന്നത്. അതിനുവേണ്ടിയാണ് ഞാൻ നേരത്തെ സൂചിപ്പിച്ച ഫോൺ നമ്പറുള്ളത്. അതിലേയ്ക്ക് മെസ്സേജ് അയച്ചാൽ മതിയാകും. പോലീസ് സ്റ്റേഷനിൽ നേരിട്ടുപോയി പറയേണ്ടതില്ല. അതിന്റെയടിസ്ഥാനത്തിൽ ഉടൻതന്നെ നടപടി സ്വീകരിക്കുന്നതാണ്. കുട്ടികൾ അരുതാത്ത വഴിക്ക് നീങ്ങുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം കുടുംബത്തിനും പോലീസിനും മാത്രമല്ല, അത് സമൂഹത്തിന്റെതന്നെ ഉത്തരവാദിത്വമാണെന്ന് നമ്മൾ കാണണം. കുടുംബത്തിലും അതോടൊപ്പം സ്കൂളുകളിലും നല്ല ശ്രദ്ധയുണ്ടാകണം. അതിനുപുറമെ സമൂഹവും നല്ല രീതിയിൽ ശ്രദ്ധിക്കണം. പോലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനം, രക്ഷാകർത്തൃസമിതി, അധ്യാപകർ, തദ്ദേശഭരണ പ്രതിനിധികൾ ഇത്തരത്തിലുള്ള സ്കൂൾ പ്രൊഡക്ഷൻ ഗ്രൂപ്പുകൾ ഏതൊക്കെ വേണമെന്നുള്ളത് പിന്നീട് നമുക്ക് നിശ്ചയിക്കാം. അങ്ങനെ

ചില ഗ്രൂപ്പുകളുണ്ടാകണം. ജനവാസമേഖലകളിൽ ഓരോ മാസവും ഈ വിഷയം മുൻനിർത്തി പോലീസും റെസിഡൻസ് അസോസിയേഷനുകളും കൂടിയുള്ള യോഗങ്ങൾ ചേരണം. സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ ഇപ്പോൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. അതിനെ ശക്തിപ്പെടുത്തണം. മയക്കുമരുന്ന് എന്നത് അതിമാരകമായ വിപത്താണ്. അതുസംബന്ധിച്ച് സഭ നേരത്തെ ഇവിടെ ചൂണ്ടികാണിക്കുകയും ചർച്ച ചെയ്യുകയുമുണ്ടായി. താമരശ്ശേരിയിലുണ്ടായ ഈ വിഷയം പരിശോധിക്കുമ്പോൾ യഥാർഥത്തിൽ മദ്യമോ മയക്കുമരുന്നോ മാത്രമല്ല അതിന്റെ കാരണമെന്നത് വളരെ ശ്രദ്ധയോടെ കാണേണ്ട കാര്യമാണ്. ചില സംഭവങ്ങളിൽ കൊലയാളികളിൽ മദ്യമോ മയക്കുമരുന്നോ കാണുന്നില്ല. കൊലയാളി എന്നേ പറയാൻ സാധിക്കുകയുള്ളൂ. വളരെ ഒതുങ്ങിയ സ്വഭാവക്കാരനായിരുന്ന ആൾ പിന്നീട് കൊലയാളിയായി മാറുന്ന നിലയുണ്ടാകാറുണ്ട്. അത്തരം വിചിത്രമായിട്ടുള്ള അനുഭവങ്ങൾ ഉണ്ടാകുന്നുണ്ട്. എന്തുകൊണ്ടാണ് അങ്ങനെ വന്ന് ഭവിക്കുന്നതെന്ന് പ്രത്യേകമായി പഠിക്കേണ്ട കാര്യമാണ്. ഈ സ്ഥാനത്തിരുന്നുകൊണ്ട് എനിക്ക് പറയാൻ സാധിക്കുന്നതല്ല. കാരണം മറ്റൊരു മനോഭാവം തരുന്നുവെന്ന് തോന്നലുണ്ടാകും. പക്ഷേ സമൂഹത്തിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് നമ്മൾ പ്രത്യേകം പഠിക്കണം.

ഇത്തരം സാമൂഹ്യ പ്രവണതകൾക്ക് സാമൂഹ്യശാസ്ത്രപരമായ ചികിത്സ ആവശ്യമാണ്. രോഗം എന്താണെന്ന് തിരിച്ചറിഞ്ഞാൽ മാത്രമെ ചികിത്സ ഫലപ്രദമാകൂ. ഈ തലമുറയിൽ ലോകത്തെവിടെയുമുള്ള സമൂഹങ്ങളെ ബാധിച്ച പൊതുവായ ചിലരോഗങ്ങളും രോഗ ലക്ഷണങ്ങളുമുണ്ട്. ശാസ്ത്രീയമായ സമീപനത്തിലും അതിന്റെ ഭാഗമായുള്ള മറുമരുന്നുകളും ഉപയോഗിച്ചുകൊണ്ട് മാത്രമെ നമുക്ക് ഈയൊരു ഘട്ടം മറികടക്കാൻ കഴിയുകയുള്ളൂ. ഇന്ന് തുറന്ന വിപണിയുടെ എല്ലാവിധ സൗകര്യങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തിക്കൊണ്ടാണ് പുതിയ തലമുറ വളരുന്നത്. കമ്പോളം നിശ്ചയിക്കുന്ന ഒരു മധ്യവർഗ്ഗ ഉപഭോക്തൃ ജീവിതക്രമമാണ് പൊതുവിൽ പലരെയും നയിക്കുന്നത്. അണുകുടുംബങ്ങൾ, സാമൂഹ്യബന്ധമില്ലായ്മ ഇതെല്ലാം നമ്മുടെ കാലത്തിന്റെയൊരു പ്രത്യേകതയാണ്. നാല് ചുവരുകൾക്കുള്ളിൽ തളയ്ക്കപ്പെട്ട നിലയിൽ ജീവിതം ജീവിച്ചുതീർക്കുന്നവരാണ് പലരും. കുഞ്ഞുങ്ങളുടെ കാര്യത്തിൽ വളരെ കുറ്റകരമായ സമീപനമാണ് നാം സ്വീകരിക്കുന്നത്. വേലികെട്ടി വളർത്തുന്ന ഒരു പ്രവണത ചില രക്ഷിതാക്കളെങ്കിലും കാണിച്ചുകൊണ്ടിരിക്കുകയാണ്. ചിലരല്ല, പലരുമെന്ന് പറഞ്ഞാലും അതിൽ തെറ്റുണ്ടാകില്ലെന്നാണ് തോന്നുന്നത്. അങ്ങനെയൊരു മനോഭാവം വളർന്നുവരികയാണ്.

അതോടൊപ്പം വലിയരീതിയിൽ പണം മുടക്കി പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള കോച്ചിങ് ചെറുപ്രായത്തിലേ തുടങ്ങുകയാണ്. ആ ലക്ഷ്യത്തോടെയാണ് നഴ്സറി ക്ലാസ്സുകളിലടക്കം കുട്ടികളെ ചേർക്കുന്നത്. അതിലൂടെ കുട്ടിയുടെ കുട്ടിത്തം ഇല്ലാതായി പോകുകയാണ്. അതാണ് സംഭവിക്കുന്നത്. കുഞ്ഞുങ്ങൾക്ക് മാനസികോല്ലാസത്തിനുള്ള സമയമോ സാഹചര്യമോ ഉണ്ടാകുന്നില്ല. വൈകുന്നേരങ്ങളിലെ കളിക്കളങ്ങൾ, സൗഹൃദക്കൂട്ടായ്മകൾ തുടങ്ങിയവയൊക്കെ നിഷേധിക്കപ്പെട്ട എത്രയെത്ര കുട്ടികൾ നമ്മുടെയെല്ലാം കൺമുന്നിൽതന്നെയുണ്ട്. നമ്മളെല്ലാം ഈ മണ്ണിൽ ജീവിക്കുന്നവരാണ്. അങ്ങനെയുള്ള എത്ര കുട്ടികളുണ്ട്? ഓൺലൈൻ ഗെയിമിന്റെ പിന്നിൽ വലിയ ഹൃദയശൂന്യതയില്ലേ? വല്ലാത്തൊരു മാനസികാവസ്ഥയിലേയ്ക്ക് അവർ എത്തിപ്പെടുന്നു. സാമൂഹ്യബന്ധങ്ങളുടെ ഊഷ്മളത തീർത്തും അന്യംനിന്നുപോകുന്നു. ഇതൊക്കെയാണ് നാം ആലോചിക്കേണ്ടത്. അരാഷ്ട്രീയത എന്നത് ഗൗരവമായി പരിശോധിക്കേണ്ട ഒരു വിഷയമാണ്. കാരണം വിദ്യാർഥികൾ സർക്കാർ സ്ഥാപനങ്ങളും എയ്ഡഡ് സ്ഥാപനങ്ങളും ഉൾപ്പെടെ പല സ്ഥാപനങ്ങളിലാണ് പ്രവർത്തിക്കുന്നത്. അവിടങ്ങളിൽ വല്ലാത്തൊരു അരാഷ്ട്രീയത വളർന്നുവരുമ്പോൾ കുട്ടികളിൽ ചെറുപ്പം മുതൽ ഉണ്ടാകേണ്ട

ജനാധിപത്യസംസ്കാരം ഇല്ലാതെ വരുന്നുണ്ട്.

സീനിയർ, ജൂനിയർ തർക്കങ്ങൾ, വിഭാഗീയത, ഗ്യാങ് സംഘർഷങ്ങൾ, മയക്കുമരുന്ന് കൈമാറ്റങ്ങൾ, പ്രാദേശിക വികാരത്തിലൂന്നിയ സംഘട്ടനങ്ങൾ തുടങ്ങിയവ ഏറിയകൂറും നടക്കുന്നത് അരാഷ്ട്രീയ കാമ്പസുകളിലാണ്. അതാണ് നാം ശ്രദ്ധിക്കേണ്ടത്. സാമൂഹ്യ പ്രതിബദ്ധതയില്ലാത്ത ഒരു പുതുതലമുറയെ രൂപപ്പെടുത്തുന്നതിനാണ് ഇത് ഇടയാക്കുന്നത്. സാമൂഹ്യബോധവും രാഷ്ട്രീയ സാക്ഷരതയുമുള്ള കാമ്പസുകളാണ് നമുക്കാവശ്യമായിട്ടുള്ളത്. എങ്കിൽ മാത്രമെ അരാജക പ്രവണതകളെ തടയാനാകുകയുള്ളൂ. അതിന് കുട്ടികൾ കാമ്പസുകളിൽ സാമൂഹ്യ പ്രശ്നങ്ങൾ ചർച്ച ചെയ്തുതന്നെ പോകണം. വിദ്യാർഥി സംഘടനാ പ്രവർത്തനങ്ങൾ ശക്തമായിട്ടുള്ള കാമ്പസുകളിൽ അവർ തമ്മിലുള്ള തർക്കങ്ങളൊക്കെയുണ്ടാകുമെങ്കിലും ഇത്തരം അരാജക പ്രവണതകൾ താരതമ്യേന കുറവായിരിക്കും. വിദ്യാർഥികൾ ജനാധിപത്യബോധം ഉൾക്കൊണ്ട് ശാസ്ത്രീയ കാഴ്ചപ്പാടോടെ വളരുകയെന്നതാണ് ഏറ്റവും പ്രധാനം.

നമ്മുടെ സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നമാണ് നാം ഇവിടെ ചർച്ച ചെയ്തത്. ഇക്കാര്യത്തിൽ എല്ലാവരും ഒരേ വികാരമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ചില വ്യത്യസ്തതകളുണ്ടെന്നുള്ളത് ഞാൻ നേരത്തെ

പറഞ്ഞു. എന്നാലും അത് മാറ്റി നിർത്തിയാൽ ഒരേ വികാരമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ഇതിനെ നമുക്കൊരുമിച്ച് എതിർത്ത്.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു കാര്യം പറഞ്ഞോട്ടെ.

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഒരു ചോദ്യം ചോദിച്ചേ അടങ്ങൂവെന്നാണ്. ആയിക്കോട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയിൽനിന്ന് പോസിറ്റീവായ മറുപടി ലഭിക്കുമെന്നുള്ള പ്രതീക്ഷയിലാണ് ചോദിക്കുന്നത്. അങ്ങിവിടെ രണ്ടുമൂന്ന് കാര്യങ്ങൾ  പറഞ്ഞു. ഇത്തരം പ്രവണതകൾക്കെതിരെ നമ്മുടെ സമൂഹം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. അഡ്മിനിസ്ട്രേറ്റീവ് മെഷേഴ്സിൽ വളരെ കൃത്യതയോടുകൂടി കാര്യങ്ങൾ ചെയ്യണം. അഡ്മിനിസ്ട്രേറ്റീവ് മെഷേഴ്സിനകത്ത് എന്തൊക്കെ കാര്യങ്ങളാണ് ഗവൺമെന്റ് ചെയ്യാൻ പോകുന്നതെന്ന് വ്യക്തമാക്കിയാൽ അങ്ങയുടെ പ്രസംഗം ക്ലാരിറ്റിയുള്ളതാകും.

ശ്രീ. പിണറായി വിജയൻ: സർ, അഡ്മിനിസ്ട്രേറ്റീവ് മെഷേഴ്സ് ഇപ്പോൾ തന്നെ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. തുടർന്നും സ്വീകരിക്കേണ്ടതുണ്ട്. മറ്റ് കാര്യങ്ങൾ ഈ ചർച്ച അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി പറയാം. നമുക്ക് ഒരേ മനസ്സോടെ ഒരുമിച്ച് ഇതിനെ എതിർത്ത് തോൽപ്പിക്കാൻ കഴിയണം.

അതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതുണ്ട്. സർക്കാരാണ് അതിന് മുൻകൈയെടുക്കേണ്ടത് എന്നത് ശരിയാണ്. സർക്കാർ മുൻകൈയെടുക്കും. ഇക്കാര്യത്തിൽ അധ്യാപകർക്കും രക്ഷിതാക്കൾക്കുമെല്ലാം വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കാനുണ്ട്. യുവജനസംഘടനകളും വിദ്യാർഥി സംഘടനകളും കൂടാതെ സിനിമാ-സാംസ്കാരിക മാധ്യമ മേഖലകളിൽ പ്രവർത്തിക്കുന്നവരും പൊതുവായി സമൂഹത്തിന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നവരും സാമൂഹ്യശാസ്ത്രജ്ഞരും രാഷ്ട്രീയ പ്രസ്ഥാനങ്ങളുമുണ്ട്. അങ്ങനെ എല്ലാവരെയുംകൂടി ചേർത്തുകൊണ്ടുള്ള വിശാലമായ ആലോചനായോഗം നടക്കണം. അതിന്റെ ഭാഗമായി കാര്യങ്ങൾ എങ്ങനെ മുന്നോട്ടുനീങ്ങണമെന്ന് തീരുമാനിക്കാം. അതോടൊപ്പം സർക്കാരിന്റെ ഭാഗമായി സ്വീകരിക്കേണ്ട നടപടികൾ ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. അത് ഫലപ്രദമായി സ്വീകരിച്ചുപോകുകയും ചെയ്യും. നമുക്ക് ഒന്നായി നിന്നുകൊണ്ട് ഇതിനെ നേരിടാമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ശ്രീ. രമേശ് ചെന്നിത്തല, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

(ഉപക്ഷേപം സഭ നിരാകരിച്ചിരിക്കുന്നു.)

(ശ്രീ. കെ. എൻ. ബാലഗോപാൽ)

P-03-03-2025
VV-VS-I
3.00-3.10

(2) 2025-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2025-ലെ കേരള ധനവിനിയോഗ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 2025-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ബില്ലിനെക്കുറിച്ച് എന്തെങ്കിലും സംസാരിക്കാനുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സാങ്കേതികമായ നടപടിക്രമം പൂർത്തിയാക്കാൻവേണ്ടിയുള്ള ഒരു ബില്ലാണിത്. ആവശ്യമെങ്കിൽ ചർച്ചയുടെ

അവസാനം മറുപടി പറയാം.

(ചർച്ച)

P-03-03-2025
VV-VS-I
3.00-3.10

**ചർച്ച**

ശ്രീ. കെ. ബാബു (നെന്മാറ): സർ, 2025-ലെ കേരള ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

കേരളം ഇന്ന് നേരിടുന്ന മാരകവും വിപൽക്കരവുമായ ഒരു പ്രശ്നത്തെക്കുറിച്ച് സഭയിൽ ഭരണ-പ്രതിപക്ഷ വേർതിരിവില്ലാതെ ചർച്ച നടത്തി. അത് അംഗീകരിക്കപ്പെടുന്നതുമാണ്. അതേ രൂപത്തിൽതന്നെയാണ് ഇന്ന് കേന്ദ്ര ഗവൺമെന്റ് കേരളത്തിന്റെ വളർച്ചയെ മുരടിപ്പിക്കുന്ന തരത്തിലുള്ള സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുന്നതും. അക്കാര്യത്തിൽ കേരളത്തിലെ പ്രതിപക്ഷത്തിന്റെ നിലപാടെന്താണ്? രാഷ്ട്രീയ തിമിരം ബാധിച്ച കണ്ണുകളിലൂടെയല്ലേ ഈ കേരളത്തിലെ എൽ.ഡി.എഫ്.-ന്റെ മുന്നേറ്റത്തെ തടയാൻ അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്? ധനവിനിയോഗ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ധനാഗമന മാർഗങ്ങളായ ഓരോന്നിനെയും ഇന്ന് കേന്ദ്ര ഗവൺമെന്റ് കേരളത്തോടുള്ള സാമ്പത്തിക

ഉപരോധത്തിന്റെ ഭാഗമായി അടച്ചുവരികയാണെന്ന് നാം മനസ്സിലാക്കണം. പത്താം ധനകാര്യ കമ്മീഷൻ അനുവദിച്ച തുകയിൽനിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനിലേക്കെത്തുമ്പോൾ 1.92% ആയി വെട്ടിക്കുറിച്ചു. ഏഴര വർഷത്തിനിടയിൽ കേരളത്തിന് ലഭിക്കേണ്ട സംഖ്യയിൽനിന്നും 1,07,513.9 കോടി രൂപയാണ് വെട്ടിക്കുറിച്ചത്. അതിനപ്പുറമാണ് കേന്ദ്ര ഗവൺമെന്റ് കേരളത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള സംഖ്യയിൽ നടത്തിയിട്ടുള്ള വെട്ടിക്കുറവ്. നെല്ല് സംഭരണത്തിൽ 770 കോടി രൂപ തരാനുണ്ട്, അതുപോലെ കേന്ദ്രം അനുവദിക്കുന്ന 200, 300, 500 രൂപ പ്രകാരമുള്ള പെൻഷൻ ഇനത്തിൽ 856456 പേർക്ക് 24.30 കോടി രൂപ വച്ച് 2 മുതൽ 17 മാസം വരെ കുടിശ്ശികയാണ്. എൻ.എച്ച്.എം. (നാഷണൽ ഹെൽത്ത് മിഷൻ) ജീവനക്കാരുടെ ശമ്പളം, ആശാവർക്കർമാരുടെ ഇൻസെന്റീവ് ഉൾപ്പെടെ കൊടുക്കേണ്ട തുകയിൽ 2023-24 സാമ്പത്തിക വർഷത്തിൽ ഒരു നയാപൈസ തന്നില്ല. അത്തരം പ്രതിസന്ധി ഉണ്ടായിട്ടുപോലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ആശാ വർക്കർമാരുടെ ഓണറേറിയം 7,000/- രൂപയാക്കി വർധിപ്പിക്കുകയും ഇൻസെന്റീവ് ഉൾപ്പെടെ 13,200/- രൂപ കൊടുക്കുകയും ചെയ്തു. ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിനായി സമഗ്ര ശിക്ഷാ കേരളത്തിന് 963.12 കോടി രൂപ

തരാനുണ്ട്. PM-SHRI (പ്രധാൻമന്ത്രി സ്കൂൾസ് ഫോർ റൈസിംഗ് ഇന്ത്യ)-ൽ ഒപ്പിടാത്തതിന്റെ പേരിൽ അതും മുടക്കി. യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ശമ്പളം മുഴുവൻ ഇവിടത്തെ അധ്യാപകർക്ക് നൽകിയിട്ടും കേന്ദ്രം തരേണ്ട തുക തരുന്നില്ല. ഉച്ചഭക്ഷണത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഈ കേരളത്തിന് അനുവദിക്കപ്പെടുന്ന സംഖ്യയിൽപ്പോലും വെട്ടിക്കുറവുണ്ടായി. അതുപോലെ നികുതി-നികുതിയേതര വരുമാനം. കേന്ദ്ര പദ്ധതി വിഹിതമായി ഉത്തർപ്രദേശിന് കൊടുക്കുന്നത് 2,55,172/- കോടി രൂപയും ബീഹാറിന് 1,43,069.43/- കോടി രൂപയുമാണ്. എന്നാൽ കേരളത്തിന് 27,382/- കോടി രൂപ മാത്രമാണ് നൽകുന്നത്. ഇത് അനീതിയല്ലേ? റെയിൽവേ വികസനത്തിനായി മഹാരാഷ്ട്രയ്ക്ക് 23,778/- കോടി രൂപ, ഉത്തർപ്രദേശിന് 19,858/- കോടി രൂപ എന്നിങ്ങനെയാണ് നൽകുന്നത്. എന്നാൽ കൃത്യമായി ടിക്കറ്റെടുത്ത് യാത്ര ചെയ്യുന്ന കേരളത്തിലെ ജനതയ്ക്ക് 3,042/- കോടി രൂപയാണ് അനുവദിക്കുന്നത്. ഇത് എന്തൊരു അന്യായമാണ്? ആത്മാഭിമാനമുള്ള കേരളീയർ അർഹതപ്പെട്ടത് ചോദിച്ചാൽ എന്തെല്ലാം അനീതിയാണ് കാണിക്കുന്നത്. കേരളത്തിൽനിന്നും കേന്ദ്രത്തിലേക്ക് പോയ രണ്ട് അരമുറി മന്ത്രിമാരുണ്ട്. ഒന്ന് തൃശ്ശൂരിൽനിന്നുള്ള

ശ്രീ. സുരേഷ് ഗോപി. " ബജറ്റിൽ പണം ലഭിച്ചില്ലെന്നുപറഞ്ഞ് കേരളം നിലവിളിക്കുകയല്ല വേണ്ടതെന്നും എന്ത് വേണമെന്നുപറഞ്ഞ് പുലമ്പിയിട്ട് കാര്യമില്ല, തരുന്ന പണം ചെലവഴിച്ച് അടങ്ങിയൊതുങ്ങി ഇരുന്നോണം" എന്നാണ് അദ്ദേഹം പറഞ്ഞത്. കേരളത്തിലെ മൂന്നരക്കോടി മലയാളികളുടെ ആത്മാഭിമാനത്തെയല്ലേ ചോദ്യം ചെയ്യുന്നത്? ബസ് സ്റ്റാന്റുകളിലും റെയിൽവേ സ്റ്റേഷനുകളിലും കാണുന്നതുപോലെ ഭിക്ഷപാത്രവുമായി വല്ലതുംതരണേ എന്ന് കേന്ദ്ര ഗവൺമെന്റിനുമുമ്പിൽ എന്തുകൊണ്ട് ഓച്ചാനിച്ച് നിൽക്കുന്നില്ല, കേരളം തകർന്നടിഞ്ഞുപോയിരിക്കുന്നുവെന്ന് പറഞ്ഞാൽ തരാനുള്ള പൈസ നിങ്ങൾക്ക് തരുമല്ലോ എന്നാണ് കോട്ടയം സ്വദേശിയായ കേന്ദ്ര മന്ത്രി പറഞ്ഞതും. അഭിമാനബോധമുള്ള ഏതെങ്കിലും മലയാളികൾ ഇത് അനുവദിക്കുന്നതാണോ? അതിനെതിരെ പ്രതികരിക്കാൻ ഈ കേരളത്തിലെ പ്രതിപക്ഷം തയ്യാറാകുന്നുണ്ടോ? അതിന് ഇവിടെ ഒരു പ്രതിപക്ഷമുണ്ടോ? ഇത് നാട്ടുകാർ ചോദിക്കുന്ന ചോദ്യമാണ്. മാപ്രകൾ നൽകുന്ന ജീവവായുവും അവരവരുടെ നവമാധ്യമത്തിലൂടെയുള്ള ജീവിതവുമല്ലാതെ പ്രതികരണശേഷിയുള്ള ഒരു പ്രതിപക്ഷം ഈ കേരളത്തിൽ നഷ്ടമായില്ലേ? കേരളത്തെ അവഗണനയുടെ പടുകുഴിയിൽ ആഴ്ത്തുമ്പോഴാണ് അടുത്ത മുഖ്യമന്ത്രിയെക്കുറിച്ച് ഇവിടെ പ്രതിപക്ഷം ചർച്ച

ചെയ്യുന്നത്. ഞങ്ങളുടെ നാട്ടിലൊരു ചൊല്ലുണ്ട് "പുതപ്പ് പൊള്ളാച്ചിയിലാണ്, പക്ഷെ ഇവിടെയാണ് കാലിട്ടുകീറുന്നത്" എന്നതുപോലെ, അത് ആരുമാകട്ടെ, അടുത്ത തിരഞ്ഞെടുപ്പ് കഴിയുമ്പോൾ ഇതുപോലെ പ്രതിപക്ഷത്തിരിക്കാൻ അവരുടെ എണ്ണം ഇത്രയെങ്കിലും ഉണ്ടായിരിക്കട്ടെ എന്നാണ് ഞങ്ങൾക്ക് അതിനെക്കുറിച്ച് പറയാനുള്ളത്.

"കിഫ്ബി വെന്റിലേറ്ററിൽ കിടക്കുന്നു, സ്വപ്നം, ഭരണഘടനാ വിരുദ്ധം, വെറും വെള്ളാന, വരുമാനമുണ്ടാക്കാത്ത മോഡൽ, സർക്കാരിന്റെ പട്ടുകോണകം" ഇങ്ങനെയൊക്കെയല്ലേ പ്രതിപക്ഷം കിഫ്ബിയെക്കുറിച്ച് അധിക്ഷേപിച്ചത്. ഇപ്പോൾ അവർ പറയുന്നത് എന്താണ്? "ഇത് ആരുടെയും ഔദാര്യമോ കുടുംബസ്വത്തോ തറവാട്ടുമുതലോ അല്ല" എന്നാണ്. പക്ഷെ അന്തസ്സും അഭിമാനവും തറവാടിത്തവുമുള്ള എൽ.ഡി.എഫ്. സർക്കാരാണ് ഇത് അനുവദിക്കുന്നതെന്ന് പറയാൻ എന്തുകൊണ്ടാണ് പ്രതിപക്ഷം തയ്യാറാകാത്തത്?

ഈ സഭയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി ബന്ധപ്പെട്ട് ഞങ്ങളുടെ പാർട്ടി സംസ്ഥാന സെക്രട്ടറി പറഞ്ഞു എന്നുപറഞ്ഞുകൊണ്ട് ഒരു ചർച്ചയുണ്ടായിട്ടുണ്ട്. അന്ന് പരിണിതപ്രജ്ഞനായ ശ്രീ. പി. കെ. ബഷീർ പറഞ്ഞത് "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ കാലഹരണപ്പെട്ടു" എന്നാണ്.

പ്രിയപ്പെട്ട അംഗം ശ്രീ. പി. കെ. ബഷീർ, മനുഷ്യനാകണം എങ്കിൽ മാത്രമേ അത് നിങ്ങൾക്ക് മനസ്സിലാകൂ. 2008-ൽ സാമ്പത്തിക തകർച്ചയുണ്ടായപ്പോൾ ലോക മുതലാളിത്ത രാജ്യങ്ങളുടെ ഭരണത്തലവന്മാർ അന്വേഷിച്ചത് ശ്രീ. പി. കെ. ബഷീർ പറഞ്ഞ മറ്റ് പ്രത്യയശാസ്ത്രങ്ങളെയൊന്നുമല്ല, അത് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയെ ആണ്. അത് മനസ്സിലാക്കാനുള്ള കഴിവ് പ്രതിപക്ഷത്തിനുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിനാണ് മനുഷ്യനാകണം എന്ന് ഞങ്ങൾ പറയുന്നത്.

ഇവിടെ വ്യാവസായിക രംഗത്ത് വലിയ പുരോഗതിയാണുണ്ടായത്. അതിന് ഒരു സംശയവുമില്ല. ഏറ്റവും സമാധാനപരമായ വ്യവസായ അന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതിൽ 15-ൽനിന്ന് ഒന്നാം സ്ഥാനത്തേയ്ക്കെത്തിയത് ഈ കേരളമാണ്. ഇപ്പോഴും ശകുനികളെപ്പോലെ യു.ഡി.എഫ്. വഴിമുടക്കുകയല്ലേ ചെയ്യുന്നത്? ഈ വിഷയം സഭയിൽ ചർച്ച ചെയ്യുമ്പോൾ ഡോ. മാത്യു കുഴൽനാടൻ "ഇത് aspiration ആണ് inspiration അല്ല" എന്നാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ aspiration certificate ഈ കേരളത്തിന്റെ വികസന മുന്നേറ്റത്തിന് ആവശ്യമില്ല. എറണാകുളത്ത് വച്ചുനടന്ന ഇൻവെസ്റ്റേഴ്സ് മീറ്റിൽ ഈ

കേരളത്തിന്റെ വികസന സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ലോകത്തിന്റെ വിവിധ കോണുകളിലുള്ള വ്യവസായികൾ 1,52,000/- കോടി രൂപയുടെ ഇൻവെസ്റ്റുമെന്റ് പ്രൊപ്പോസലുകളുമായി കേരളത്തിലേക്ക് വരുന്നുവെന്നതിൽ ഞങ്ങൾ സന്തോഷിക്കുകയാണ്. ഇത് ഇപ്പോഴല്ല, എത്രയോകാലം മുമ്പുതന്നെ ഈ സഭയിൽ അംഗമായിരുന്ന പി. സീതി ഹാജി നിയമസഭാ പ്രസംഗത്തിൽ ഒരു വാചകം പറയുന്നുണ്ട്, അത് മനസ്സിലാകണമെങ്കിൽ മലയാള മനോരമ പ്രസിദ്ധീകരിച്ച 'സീതി ഹാജി നിലപാടുകളുടെ നേതാവ്' എന്ന പുസ്തകത്തിലെ 96-ാം പേജ് പരിശോധിക്കണം. 'മാർക്സിസ്റ്റ് പാർട്ടി, നിങ്ങളൊരു അഞ്ച് കൊല്ലത്തേയ്ക്ക് എവിടെയെങ്കിലും തപസ്സ് പോകണം. എന്നിട്ട് ഞങ്ങൾ ഈ രാജ്യത്ത് വ്യവസായങ്ങളുണ്ടാക്കി തൊഴിലാളികളെ നേരെയാക്കാം, അതിന് നിങ്ങൾക്ക് നേരമുണ്ടോ' എന്നാണ് അദ്ദേഹം ഈ സഭയിൽ ചോദിച്ചത്. ആ മാർക്സിസ്റ്റ് പാർട്ടി ഭരിക്കുമ്പോഴാണ് ഈ കേരളം സ്റ്റാർട്ടപ്പുകളിൽ ഒന്നാമതായി മാറിയത്. അത് അംഗീകരിക്കാൻ ഇപ്പോഴും പ്രതിപക്ഷം തയ്യാറാകുന്നില്ല. അതിന്റെ ചുവടുപിടിച്ചുകൊണ്ടാണ് ഇന്ത്യയിലെ യുവജനപ്രസ്ഥാനമായ ഡി.വൈ.എഫ്.ഐ. ' MAWAZO' എന്ന പേരിൽ സ്റ്റാർട്ടപ്പ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. അതും മറ്റൊരു

മാതൃകയാണ്. കേരളത്തിന്റെ മുന്നേറ്റത്തിന് കേന്ദ്ര ഗവൺമെന്റ് ഇന്ന് അനുവർത്തിച്ചുവരുന്ന നയങ്ങൾക്കെതിരെ പ്രതികരിക്കാൻ പ്രതിപക്ഷംകൂടി ഒന്നിച്ചുനിൽക്കണം എന്ന അഭ്യർഥനയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

(ശ്രീ. കുറുക്കോളി മൊയ്തീൻ).

P. 03-03-2025
RA-VS (2)
3.10-3.20

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പൊള്ളയായ ഒരു ബജറ്റ് ആലങ്കാരികമായി അവതരിപ്പിച്ചതിന് ബഹുമാന്യനായ മന്ത്രിയെ അഭിനന്ദിക്കുന്നു. കേന്ദ്രം കേരളത്തോട് ചെയ്തതുപോലെത്തന്നെ അതിന് സമാനമായൊരു ബജറ്റ് ഇവിടെയും അവതരിപ്പിച്ചു. കേന്ദ്രം കേരളത്തെയും ഈ ബജറ്റ് മലപ്പുറം ജില്ലയെയും അവഗണിച്ചു. കർഷകരെ രണ്ട് കൂട്ടരും ഒരുപോലെ അവഗണിച്ചു. അത്തരത്തിലുള്ള ഒരു ബജറ്റാണ് നമ്മുടെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. കേന്ദ്രത്തെ ഇത്രയേറെ അനുകൂലിക്കുന്ന, അതിന് സമാനമായ ഒരു സാഹചര്യം ഇവിടെ നമ്മൾ കണ്ടു. സാധാരണ ഒരു നാണയത്തിന്റെ ഇരുവശങ്ങൾ എന്ന് പ്രയോഗിക്കാറുണ്ട്. എന്നാലിത് രണ്ട് നാണയങ്ങളുടെ ഒരേപുറം എന്നുപറയാവുന്ന രീതിയിലേക്കാണ് ഇവ

രണ്ടിനെയും വിലയിരുത്തിയാൽ നമുക്ക് കാണാൻ സാധിക്കുന്നത്. സാധാരണക്കാരെയും കർഷകരെയും ഈ ബജറ്റ് തീർത്തും അവഗണിച്ചിരിക്കുകയാണ്. ധനകാര്യ ബിൽ അവതരിപ്പിക്കുമ്പോൾ സഭയിൽ അതിനുമുമ്പുള്ള ബജറ്റ് എന്തായിയെന്ന ഒരു അവതരണം പല രാജ്യങ്ങളിലും നടക്കാറുണ്ട്. ഇന്ന് നമ്മുടെ രാജ്യത്തും സംസ്ഥാനത്തും അങ്ങനെയൊരു പതിവില്ല. ഈ സർക്കാർ ഇതിനുമുമ്പ് പറഞ്ഞ കാര്യങ്ങളെല്ലാം എന്തായിയെന്ന് നെഞ്ചത്ത് കൈവച്ച് നോക്കാൻ എല്ലാവരോടും ഞാൻ ആവശ്യപ്പെടുകയാണ്. അഞ്ച് വർഷത്തേക്ക് വില വർധനവുണ്ടാകുകയില്ലെന്ന് ഭരണപക്ഷമാണ് പ്രഖ്യാപിച്ചത്. അതുപോലെത്തന്നെ ഇവിടെയുള്ള മുഴുവൻ കാർഷികോൽപന്നങ്ങളും അതിന്റെ ഉൽപാദന ചെലവിന്റെ 150 ശതമാനം നിരക്കിൽ സംഭരിക്കുന്നതിന് സംവിധാനമുണ്ടാക്കുമെന്നും ഒരു തുള്ളി മദ്യംപോലും അധികമായി ഒഴുക്കില്ലെന്നും ഇവർ അധികാരത്തിൽ വരുന്നതിനുമുമ്പും അതിനുശേഷവും പല തവണ പറഞ്ഞ കാര്യങ്ങളാണ്. എന്നാലിന്ന് ഇതെല്ലാം വിലയിരുത്തിയിട്ടുണ്ടെങ്കിൽ എന്താണ് നമുക്ക് കാണാൻ സാധിക്കുന്നത്. ബജറ്റിൽ 366 കോടി രൂപ അധിക വിഭവസമാഹരണത്തിനായി ലക്ഷ്യം വച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം അത്

1,067 കോടി രൂപയായിരുന്നു. ഇത് സാധാരണക്കാരായ ആളുകളെയാണ് ബാധിക്കുന്നത്. ഭൂമിയുടെ നികുതി വർധിപ്പിച്ചുവെന്നും കോടതി ചെലവുകൾ വർധിപ്പിച്ചുവെന്നും നമുക്കറിയാം. അതിന് ഉദാഹരണങ്ങളാണിവ. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളമോ കർഷകരെ പരിശോധിച്ചാലോ വരുമാനത്തിലൊരു വർധനവുണ്ടായതായി തെളിയിക്കാൻ നമുക്ക് കഴിയില്ല. എന്നാൽ അവരുടെ ജീവിത ചെലവ് അഞ്ചോ ആറോ വർഷത്തിനുമുമ്പുണ്ടായിരുന്നതിനെക്കാൾ ഇരട്ടിയിൽ കൂടുതൽ വന്നിരിക്കുന്നുവെന്നതാണ് വസ്തുത. മൂലധന ചെലവിനുവേണ്ടി നമ്മൾ കടമെടുക്കുന്നുണ്ട്. എന്നാൽ സി.&എ.ജി. റിപ്പോർട്ടിൽത്തന്നെ അതിലെ 87 ശതമാനവും വകമാറ്റി ചെലവഴിച്ചെന്ന് വിമർശനം കേൾക്കേണ്ടതായി വന്നിരിക്കുന്നു. കോൺഗ്രസ് അധികാരത്തിലിരുന്നപ്പോൾ വിലക്കയറ്റത്തെ സംബന്ധിച്ച് വാണംപോലെ കുതിച്ചുകയറുന്നുവെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി പറഞ്ഞിരുന്നു. എന്നാലിപ്പോൾ റോക്കറ്റുപോലെയല്ലേ വില വർധിക്കുന്നത്? അതുകൊണ്ട് ഇതിനെല്ലാം ഒരുമാറ്റം ഈ ബജറ്റിലുണ്ടാകുമെന്ന് ജനങ്ങൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഈ സർക്കാരിന്റെ പ്രതിബദ്ധത മധ്യവർഗ്ഗത്തോടും സമ്പന്നരോടും മാത്രമാണെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. 2026 ആകുമ്പോഴേക്കും ക്ഷേമപെൻഷൻ

2,500/- രൂപയാക്കി വർധിപ്പിക്കുമെന്ന് നിങ്ങൾ പറഞ്ഞതാണ്. എന്നാലിപ്പോഴത്തെ സ്ഥിതിയെന്താണ്? കേരളത്തിൽ ബൗദ്ധിക/മാനസിക വെല്ലുവിളികൾ നേരിടുന്ന പതിനൊന്ന് കുട്ടികൾ മാതാപിതാക്കളാൽ വധിക്കപ്പെടുകയും അതിനുശേഷം ആ മാതാപിതാക്കന്മാരും മരണത്തിന് കീഴടങ്ങുകയും ചെയ്തു. മരണം ഏകദേശം ഇരുപത്തിയഞ്ചിലധികമാണ് സംഭവിച്ചിരിക്കുന്നത്. ഭിന്നശേഷിക്കാർക്കുള്ള പെൻഷനായ 1,600/- രൂപ പലതവണ മുടങ്ങിയിട്ടുണ്ട്. നിലവിൽ നാല് മാസംകൊണ്ട് അവർക്ക് ആ തുക ലഭിക്കുന്നില്ല. അവരെ സഹായിക്കുന്നവർക്കുവേണ്ടിയുള്ള ആശ്വാസ കിരണം പത്തൊൻപത് മാസമായി മുടങ്ങിക്കിടക്കുന്നു. അതുപോലെ, നിരാമയ ഇൻഷ്വറൻസ് പദ്ധതിയിലെ സംസ്ഥാന വിഹിതം ഒരു വർഷമായി അടച്ചിട്ടില്ലെന്നതാണ് വസ്തുത. കർഷക പെൻഷനുവേണ്ടി പുതിയ അപേക്ഷ സ്വീകരിച്ച് 25/- രൂപ വസൂലാക്കുന്നുണ്ട്. എന്നാൽ പുതിയ ആളുകൾക്ക് പെൻഷൻ അനുവദിക്കുന്നില്ല. കാലോചിതമായ വർധനവുണ്ടായിട്ടില്ല. ഈ രീതിയിൽ സാധാരണക്കാർക്ക് ലഭിക്കേണ്ട എല്ലാ കാര്യങ്ങളും സ്തംഭനത്തിലാണ്. ഇവിടെ കർഷകരെ സംബന്ധിച്ചിടത്തോളം സംവരണമുൾപ്പെടെയുള്ളത് ഇല്ലാതായ ഒരുസാഹചര്യമുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡിലെ കൗൺസിലർക്ക് ഒരു വർഷത്തിലധികമായി

വേതനം ലഭിച്ചിട്ടില്ല. 2021-ലെ സർക്കാർ ഉത്തരവുപ്രകാരം സോഷ്യൽ വർക്കേഴ്സ് തസ്തികയ്ക്ക് നിശ്ചയിച്ച അടിസ്ഥാന ശമ്പളം 29,535/- രൂപയാണ്. എന്നാലിവർക്ക് നൽകുന്നത് 12,000/- രൂപമാത്രമാണ്. ........

ചെയർപേഴ്സൺ: അങ്ങയുടെ സമയം കഴിഞ്ഞു.......

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, അതുപോലും മുടങ്ങിയിരിക്കുന്നുവെന്നതാണ് വസ്തുത. ഈ രീതി എല്ലാ തലങ്ങളിലും പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം തകർച്ചയുടെ കഥകൾ മാത്രമാണ് പറയാനുള്ളത്. സെക്രട്ടേറിയറ്റിനുമുമ്പിൽ 22 ദിവസമായി ആശാവർക്കർമാർ സമരം നടത്തുകയാണ്. നിങ്ങൾ ആലോചിച്ച് നോക്കൂ.........

ചെയർപേഴ്സൺ: അവസാനിപ്പിക്കൂ........

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കേരളത്തിൽ ആശാപദ്ധതി 2007-ലാണ് ആരംഭിക്കുന്നത്. 2011 വരെ അവർക്കൊരു നയാപൈസ ആരും നൽകിയിട്ടില്ല. എന്നാൽ ഉമ്മൻചാണ്ടി സർക്കാരാണ് ആദ്യമായി അവർക്ക് വേതനം നൽകിയത്. മൂന്ന് വർഷംകൊണ്ട് ആ തുക മൂന്നിരട്ടിയായി............ (മൈക്ക് ഓഫ്).........

(ശ്രീ. വാഴൂർ സോമൻ)

P. 03-03-2025
RA-VS (2)
3.10-3.20

ശ്രീ. വാഴൂർ സോമൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. കേന്ദ്ര സർക്കാർ സാമ്പത്തികമായി നമ്മുടെ സംസ്ഥാനത്തെ ഞെരുക്കുന്നതിനിടയിലും നിരവധിയായ വികസന ക്ഷേമപദ്ധതികളാണ് സംസ്ഥാന ബജറ്റിലുൾപ്പെടുത്തിയിട്ടുള്ളത്. കാർഷിക-ക്ഷീര-ടൂറിസം മേഖലകൾക്ക് ഉണർവേകുന്ന നിരവധി പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നത് സ്വാഗതാർഹമാണ്. പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം കേന്ദ്ര നികുതി വിഹിതമായി സംസ്ഥാനത്തിന് 2.5 ശതമാനം നൽകിയിരുന്നത് നിലവിൽ 1.92 ശതമാനമായി കുറച്ചിരിക്കുകയാണ്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീമതി നിർമ്മല സീതാരാമൻ ഫെബ്രുവരി 1-ന് അവതരിപ്പിച്ച കേന്ദ്ര ബജറ്റ് ജനവിരുദ്ധവും രാജ്യത്തെ പൗരന്മാരുടെ അടിസ്ഥാന ആവശ്യങ്ങൾ വിസ്മരിച്ചുകൊണ്ടുള്ളതുമാണ്. രാജ്യം നേരിടുന്ന ഗുരുതരമായ വിഷയങ്ങളും പണപ്പെരുപ്പവും വിലക്കയറ്റവും അഭിസംബോധന ചെയ്യുന്ന യാതൊരു നിർദേശവും കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. സമ്പന്നവർഗ്ഗ താൽപര്യം സംരക്ഷിക്കുന്ന നയമാണ് മോദി സർക്കാർ ബജറ്റിലൂടെ

അവതരിപ്പിച്ചിരിക്കുന്നത്. കോർപ്പറേറ്റ് കമ്പനികൾക്കും സമ്പന്നർക്കും ആനുകൂല്യം വാരിക്കോരി നൽകുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ കുത്തകകൾക്ക് അടിയറവയ്ക്കുന്ന പതിവുരീതിയിലും മാറ്റംവരുത്തിയിട്ടില്ല. വൈദ്യുതി മേഖലയെയും സ്വകാര്യവൽക്കരിക്കാനുള്ള ഊർജിത ശ്രമമാണ് ബി.ജെ.പി. സർക്കാർ നടത്തുന്നത്. ഭക്ഷ്യ സബ്സിഡി, തൊഴിലില്ലായ്മ, വിദ്യാഭ്യാസം, കർഷകക്ഷേമം, ആരോഗ്യം, ഗ്രാമീണവികസനം, സാമൂഹിക സുരക്ഷാ പദ്ധതി തുടങ്ങി പൗരന്മാരുടെ നിത്യജീവിതത്തെ ബാധിക്കുന്ന വിഷയങ്ങളിൽ കേന്ദ്ര ബജറ്റ് ശ്രദ്ധയൂന്നിയിട്ടില്ല. രാജ്യത്തെ പാർശ്വവൽകൃത ജനവിഭാഗം ആശ്രയിക്കുന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽനിന്നും 1.55 കോടി ഗുണഭോക്താക്കളെ ഒഴിവാക്കിയത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. തേയില, ഏലം, കാപ്പി, റബ്ബർ കർഷകർക്ക് കേന്ദ്ര ബജറ്റ് നിരാശയാണ് നൽകിയത്. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളെയും തുല്യനിലയിൽ കാണേണ്ട കേന്ദ്ര സർക്കാർ കേരളത്തെ ബജറ്റിന്റെ പടിക്കുപുറത്ത് നിർത്തി കേരളം എന്ന വാക്കുപോലും ഉപയോഗിക്കാതെ കേരള ജനതയെ ആകമാനം അവഗണിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. കേരളത്തിന് ന്യായമായി ലഭിക്കേണ്ട

സാമ്പത്തിക സഹായംപോലും അവഗണിച്ച് കേരളത്തെ സാമ്പത്തികമായി ഞെരുക്കി തകർത്തുകളയാനുള്ള ശ്രമമാണ് നടക്കുന്നത്. കഴിഞ്ഞ എട്ട് വർഷത്തെ പ്രവർത്തനംകൊണ്ട് എൽ.ഡി.എഫ്. സർക്കാർ കേരളത്തെ സാമ്പത്തികമായും സാമൂഹികവുമായുള്ള സുസ്ഥിര വികസനത്തിന് അടിത്തറ പാകിയിട്ടുണ്ട്. വികസന കാര്യത്തിൽ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഒന്നാം സ്ഥാനത്ത് നിൽക്കുന്ന കേരളത്തെ അപമാനിക്കുന്ന പ്രസ്താവനയാണ് കേരളത്തിൽനിന്നുള്ള കേന്ദ്ര സഹമന്ത്രിയിൽനിന്നുമുണ്ടായത്. കേന്ദ്ര സർക്കാരിന്റെ ബജറ്റ് വിഹിതം കേരളത്തിന് ലഭിക്കണമെങ്കിൽ കേരളം പിന്നോട്ടുപോകണമോയെന്നാണ് കേരളത്തിലെ പൊതുജനങ്ങൾ ചോദിക്കുന്നത്. രാജ്യത്തുണ്ടായ ഏറ്റവും വലിയ ഉരുൾപ്പൊട്ടലിൽ എല്ലാം നഷ്ടപ്പെട്ട മുണ്ടക്കൈയിലെയും ചൂരൽമലയിലെയും ജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള സഹായം ആവശ്യപ്പെട്ടിട്ടും ഒരു നയാപൈസപോലും കേന്ദ്ര ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലെന്നത് പ്രതിഷേധാർഹമാണ്. വയനാട്ടിലുണ്ടായ ദുരന്തത്തെ അതിതീവ്രദുരന്തമായി പ്രഖ്യാപിക്കുവാനും ആറ് മാസമെടുത്തു. ദുരന്തബാധിതരെ പുനരധിവസിപ്പിക്കാൻ കാലതാമസം നേരിടുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ വയനാട് കളക്ടേറ്റ്

ഉപരോധിക്കുകയുണ്ടായി. വയനാട്ടിൽ ദുരന്തമുണ്ടായതുമുതൽ സംസ്ഥാന സർക്കാർ ദുരിതബാധിതരോടൊപ്പം നിന്നുകൊണ്ട് ആവശ്യമായ സഹായം ചെയ്തുനൽകിയിട്ടുണ്ടെന്നത് ഈ നാട്ടിലെ ജനങ്ങൾ ഏവർക്കും അറിയാവുന്നതാണ്. ദുരന്തവുമായി ബന്ധപ്പെട്ട് നയാപൈസപോലും കേരളത്തിന് നൽകാത്ത കേന്ദ്ര സർക്കാരിനെതിരെ പ്രതിഷേധിക്കാതെ സംസ്ഥാന സർക്കാരിനെതിരെ പ്രതിഷേധിക്കാനാണ് കോൺഗ്രസ് നേതൃത്വം ശ്രമിച്ചത്.

(തുടരും)

P-3-03-2025
RL-VS-2
3.20-3.30

(ശ്രീ. വാഴൂർ സോമൻ....... തുടർച്ച)

ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്തുന്നതിനായിരുന്നു ഈ നാടകം. ദുരിതബാധിതരെ പുനരധിവസിപ്പിക്കാൻവേണ്ടി സംസ്ഥാന സർക്കാർ ഒരുനിമിഷംപോലും കാലതാമസമുണ്ടാക്കിയിട്ടില്ലെന്നത് ഏവർക്കും അറിയാവുന്ന കാര്യമാണ്. എട്ടുവർഷംകൊണ്ട് നവകേരള സൃഷ്ടിക്കായി കേരളത്തെ മുന്നേറ്റപാതയിലേയ്ക്ക് നയിക്കുന്ന എൽ.ഡി.എഫ്. സർക്കാരിന്

എല്ലാവിധ അഭിനന്ദനങ്ങളും ഈ സന്ദർഭത്തിൽ അറിയിക്കുകയാണ്. ഈ സർക്കാർ മൂന്നുവർഷംകൊണ്ട് 11,358 പട്ടികജാതിക്കാർക്ക് 607 ഏക്കർ ഭൂമി വിതരണം ചെയ്തു. ഈ സർക്കാർ അധികാരമേറ്റ് മൂന്നരവർഷത്തിനുള്ളിൽ 1,80,888 പട്ടയങ്ങൾ നൽകാൻ മുൻകൈയെടുത്ത വകുപ്പുമന്ത്രിക്കും എൽ.ഡി.എഫ്. സർക്കാരിനും ഈ വേളയിൽ അഭിവാദ്യമർപ്പിക്കുന്നു. അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ വാഗമണ്ണിലെ സമഗ്ര വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിക്കണമെന്ന് ഈവേളയിൽ അഭ്യർത്ഥിക്കുകയാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ആർട്ട് വില്ലേജും വാഗമണ്ണിൽ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ലോകപ്രശസ്തമായ സർവകലാശാലകളുടെ സഹകരണത്തോടെ ആഗോളനിലവാരത്തിൽ കലാവിദ്യാലയം രൂപപ്പെടുത്തിയെന്നതും ദൃശ്യകലയുടെ ഒരു ആഗോളകേന്ദ്രമായി ഇടുക്കി ജില്ലയിലെ വാഗമൺ പ്രദേശത്തെ മാറ്റിയെടുക്കാൻ ഈ ആർട്ട് വില്ലേജ് സഹായകരമാകും. സംസ്ഥാനത്തെ തേയിലത്തോട്ടം മേഖല തകർച്ചയുടെ വക്കിലാണ്. ഭൂപരിഷ്കരണ നിയമത്തിന്റെ ഇളവുലഭിച്ച വൻകിട തേയിലത്തോട്ടം ഉടമകൾ കൈവശം വച്ചിരിക്കുന്ന പതിനായിരക്കണക്കിന് ഏക്കർ ഭൂമി തേയില കൃഷി ചെയ്യാതെ കാടികയറിക്കിടക്കുകയാണ്. പി. വി.

നരസിംഹറാവു, ഡോ. മൻമോഹൻ സിംഗ് എന്നിവർ ചേർന്നുകൊണ്ടുവന്ന ആഗോളവൽക്കരണ നയത്തിന്റെ ഭാഗമായാണ് തേയിലത്തോട്ടം മേഖലയുടെ തളർച്ചയ്ക്ക് തുടക്കം കുറിച്ചത്. അന്നുമുതൽ ഇന്നുവരെ തേയിലത്തോട്ടം മേഖലയ്ക്ക് തകർച്ചയിൽനിന്ന് കരകയറാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പതിനായിരക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ നഷ്ടവും സംഭവിച്ചിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അതിനാൽ തേയിലമേഖലയെ തകർച്ചയിൽനിന്ന് കരകയറ്റുന്നതിനും തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാതിരിക്കാനും ഒരു സമഗ്ര നയം നടപ്പാക്കേണ്ടതായിട്ടുണ്ട്. ഭൂപരിഷ്കരണനിയമപ്രകാരം തോട്ടം എന്ന ആനുകൂല്യം കൈക്കലാക്കുകയും തോട്ടം ഭൂമിയിൽ കൃഷി ചെയ്യാതെ 25 വർഷത്തിലധികമായി പൂട്ടിയിട്ടിരിക്കുന്ന തോട്ടങ്ങളിൽ  തൊഴിൽ നൽകാതെയും തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഒരുകാര്യവും ചെയ്യാത്ത തോട്ടം ഉടമകൾ ഏതെങ്കിലും കൈവശംവച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുകയോ മറ്റേതെങ്കിലും ഏജൻസിയെക്കൊണ്ട് അത് നടത്തിക്കാൻ ശ്രമം നടത്തുകയോ ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ടും ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

(ഡോ. എൻ. ജയരാജ്)

P-3-03-2025
RL-VS-2
3.20-3.30

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഇവിടെ സൂചിപ്പിച്ചതുപോലെ 2024-25 കാലയളവിൽ ബജറ്റിന് പുറത്ത് ചെലവഴിക്കപ്പെട്ട തുകകൾ അംഗീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച അപ്രോപ്രിയേഷൻ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഈ കണക്കുകൾ പരിശോധിക്കുമ്പോൾ മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട കാര്യം, വളരെ അടിയന്തര ഘട്ടങ്ങളിൽ ഗവൺമെന്റ് നടത്തിയിട്ടുള്ള ക്ഷേമപ്രവർത്തനങ്ങൾക്കും വികസനപ്രവർത്തനങ്ങൾക്കുംവേണ്ടി കണ്ടെത്താൻവേണ്ടിയുള്ള ബിൽ തീർച്ചയായും അത് അംഗീകരിക്കപ്പെടേണ്ടതാണ്. ഇപ്പോൾ ഇക്കൂട്ടത്തിൽ ഒരുകാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. യഥാർത്ഥത്തിൽ കഴിഞ്ഞ ബജറ്റിന്റെ സമയത്ത് കേന്ദ്ര സംസ്ഥാന ബന്ധങ്ങളുമായി ബന്ധപ്പെട്ട് ഞാനൊരു കൈപ്പുസ്തകം തയ്യാറാക്കുകയായിരുന്നു. അതിൽ അന്ന് ഞാൻ പറഞ്ഞതിന്റെ അഡീഷണലായി ഒരു കാര്യംകൂടി ഇപ്പോൾ സംഭവിച്ചിരിക്കുകയാണ്. കേന്ദ്രം കേരളത്തോട് കാണിക്കുന്ന വലിയൊരു അവഗണന..., അത് പലതലങ്ങളിലുമുണ്ട്. അതോടൊപ്പംതന്നെയാണ് സംസ്ഥാനങ്ങൾക്കുള്ള നികുതിവിഹിതം വെട്ടിക്കുറയ്ക്കാൻവേണ്ടി

കേന്ദ്രസർക്കാർ തീരുമാനിക്കുന്നുവെന്നുള്ളതാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്ന ഏറ്റവും പുതിയ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. നേരത്തെ നമുക്കറിയാം, ഏതാണ്ട് സംസ്ഥാനങ്ങൾക്കുള്ള നികുതിവിഹിതം ആദ്യം 42 ശതമാനമായിരുന്നത് 41 ശതമാനമായി വെട്ടിക്കുറച്ചു. ആ വിഹിതമിപ്പോൾ 40 ശതമാനമായി വെട്ടിക്കുറയ്ക്കാൻ തീരുമാനിക്കുകയാണ്. അങ്ങനെ ഏത് രൂപത്തിലും സംസ്ഥാനങ്ങളെ വല്ലാതെ ഞെരുക്കുന്ന ഒരു കേന്ദ്ര സംവിധാനത്തിന്റെ പിന്നിലാണ് നമ്മളിപ്പോഴും ഇത്തരം വികസനപ്രവർത്തനങ്ങൾ നടത്തുന്നുവെന്നുള്ളത് ഓർക്കേണ്ടൊരു കാര്യമാണ്. ഈ വെട്ടിക്കുറയ്ക്കലോടുകൂടി കേരളത്തിന് ആയിരം കോടി രൂപയുടെ നഷ്ടമാണുണ്ടാകാൻ പോകുന്നത്. ആ നഷ്ടത്തിനിടയിലുമാണ് മണ്ഡലത്തിലെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതെന്നുള്ളത് എടുത്തുപറഞ്ഞുകൊണ്ട് ഒരു മികച്ച ധനകാര്യ മാനേജ്മെന്റ്....., കാരണം പരിമിതിയ്ക്കകത്തുനിന്നുകൊണ്ട് ചെയ്യുന്ന വലിയ കാര്യങ്ങളെ എടുത്തുപറയാതിരിക്കാൻ വയ്യ. അതിനാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെയും ധനകാര്യ വകുപ്പിനെയും ഗവൺമെന്റിനെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ശ്രീ. കെ. കെ. രാമചന്ദ്രൻ)

P-3-03-2025
RL-VS-2
3.20-3.30

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ മുന്നോട്ടുപോക്കിൽ വളരെ പ്രതികൂലമായ നിരവധി സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടാണ് ഇന്ത്യാ ഗവൺമെന്റ്/ ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റുകൾ അതിന്റെ ഭരണനടപടികളുമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. വലിയ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ മുന്നോട്ടുപോക്കിനെ തടയാൻവേണ്ടിയുള്ള എല്ലാ പരിശ്രമങ്ങളും നടത്തുന്ന ഈ ഘട്ടത്തിലും കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻവേണ്ടിയുള്ള അശ്രാന്തപരിശ്രമമാണ് സംസ്ഥാന ബജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പും കൈകാര്യം ചെയ്തിട്ടുള്ളത്. ബജറ്റിന്റെ ഭാഗമായിട്ടുള്ള പൊതുചർച്ചയുടെ ഭാഗമായി ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ പത്തുപതിനേഴുവർഷമായി പുതുക്കാട് അസംബ്ലി നിയോജകമണ്ഡലത്തിൽ പൂർത്തീകരിക്കപ്പെടാതിരുന്ന ഒരു പദ്ധതി, അതുപോലെ ആ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച അപ്രോച്ച് റോഡ് ഇതെല്ലാം തകർന്നതിന്റെ പശ്ചാത്തലത്തിൽ ആ പദ്ധതി പൂർത്തീകരിക്കാൻവേണ്ടിയുള്ള പണം

ഇത്രയേറെ ഉപരോധമേർപ്പെടുത്തിയിട്ടുള്ള പ്രത്യേക സാഹചര്യത്തിലും അതിനാവശ്യമായ തുക മാറ്റിവച്ച് ആ റോഡിന്റെയും ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെയും നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ നടത്തുമെന്ന് പ്രഖ്യാപിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. പുതുക്കാട് നിയോജകമണ്ഡലത്തിലെ ജനങ്ങൾക്കുവേണ്ടി പ്രത്യേകമായി ഈയവസരത്തിൽ ഞാൻ ധനകാര്യ വകുപ്പുമന്ത്രിയോടും സർക്കാരിനോടും നന്ദി അറിയിക്കുകയാണ്. കേന്ദ്രഗവൺമെന്റ് കോർപ്പറേറ്റുകൾക്ക് വലിയതോതിലുള്ള നികുതിയിളവ് നൽകുകയും അവർക്ക് നികുതി ചുമത്താതിരിക്കുകയും ഒരു ശതമാനത്തോളം വരുന്ന ധനികർക്കുവേണ്ടി അവരുടെ ആദായനികുതിയിൽ ഇളവ് നൽകുകയും ചെയ്യുന്നു. നേരെമറിച്ച് 54 ശതമാനത്തോളംവരുന്ന കർഷകരുടെ കാർഷികവൃത്തിയിൽ ഏർപ്പെടുമ്പോഴുണ്ടാകേണ്ട ഒരു സഹായം, സബ്സിഡി ഇനത്തിൽ 3486 കോടി രൂപയുടെ വെട്ടിക്കുറച്ചിലാണ് കേന്ദ്രഗവൺമെന്റ് അവരുടെ ബജറ്റിലൂടെ പ്രഖ്യാപിച്ചത്. അതുപോലെ കേന്ദ്ര ഗവൺമെന്റ് 25 ശതമാനത്തിന്റെ വെട്ടിക്കുറവാണ് പട്ടികജാതി/പട്ടിക വിഭാഗങ്ങൾക്കുള്ള ഫണ്ടിൽ വരുത്തിയിട്ടുള്ളത്. ആശാവർക്കേഴ്സ്, അതുപോലെതന്നെ അങ്കണവാടി, എൻ.എച്ച്.എം., സ്കൂൾ ഉച്ചഭക്ഷണപദ്ധതിയുമായി

ബന്ധപ്പെട്ടവ, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയിട്ടുള്ള ദേശീയപദ്ധതികളുടെ ഭാഗമായുള്ള പദ്ധതികൾക്ക് നീക്കിവയ്ക്കേണ്ട തുക നീക്കി വയ്ക്കുന്നില്ല. അതിൽ വെട്ടിക്കുറച്ചിലുണ്ടാകുന്നു. കേരളത്തിന് അവർ നൽകേണ്ടതായ 60:40 എന്ന നിലയിലുള്ള ആനുപാതികം കേന്ദ്രം നൽകാത്ത സാഹചര്യം ഇപ്പോൾ വന്നിരിക്കുകയാണ്. അതിന്റെ ഭാഗമായി കേരളത്തിലൊരു സമരം നടക്കുന്നുണ്ടല്ലോ; ആശാവർക്കേഴ്സ് യൂണിയൻ സി.ഐ.റ്റി.യു.-വിന്റെ ഭാഗമായൊക്കെ പ്രവർത്തിക്കാനൊരു അവസരം ലഭിച്ച പൊതുപ്രവർത്തകനാണ് ഞാൻ. ആശാവർക്കേഴ്സ് നിരന്തരമായി അവരുടെ ദയനീയമായ അവസ്ഥകൾ പലഘട്ടങ്ങളിലും പല വേദികളിലും ഉന്നയിച്ചതുകൊണ്ടാണ് 100 രൂപയും 300 രൂപയും പിന്നീടത് 1,000/- രൂപയുമായതും. ഇപ്പോഴത് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ വന്നതിന്റെ ഭാഗമായാണ് 6,000/-രൂപ വർധിപ്പിച്ച് 7,000/-രൂപ അവർക്ക് ഓണറേറിയമായി പ്രഖ്യാപിച്ച് അത് കൊടുത്തുകൊണ്ടിരിക്കുന്നത്. അതിൽ ഇൻസെന്റീവടക്കമുൾപ്പെടെ ചിലർക്ക് 10,000/-രൂപ, 11,000/-രൂപ, 12,000/-രൂപ, 13,000/-രൂപ വരെ കിട്ടുന്ന ആളുകളുണ്ട്. സംസ്ഥാനം ആവശ്യപ്പെടുന്നത് ആശാവർക്കർമാരെ തൊഴിലാളികളായി അംഗീകരിക്കണം, അവർക്ക് തൊഴിലാളികളുടേതായിട്ടുള്ള വേതനഘടന

രൂപീകരിക്കണം. അതുപോലെ പി.എഫ്., ഇ.എസ്.ഐ.-പോലുള്ള ആനുകൂല്യങ്ങൾ ആശാവർക്കേഴ്സിന് നൽകണം. ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയായതുകൊണ്ട് കേന്ദ്ര ഗവൺമെന്റാണ് അതിൽ നടപടി സ്വീകരിക്കേണ്ടത്. ഇക്കാര്യം സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ ശക്തമായി നമുക്ക് കൂട്ടായി ആവശ്യപ്പെടേണ്ടതുണ്ട്. അതുപോലെ എൻ.എച്ച്.എം. പോലുള്ള പദ്ധതികളുടെ തുക വെട്ടിക്കുറയ്ക്കുന്നതിന്റെ ഭാഗമായി ആരോഗ്യമേഖലയിൽ ചില പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. അതെല്ലാം സംസ്ഥാന സർക്കാരാണ് ഇപ്പോൾ കൈകാര്യം ചെയ്തുപോകുന്നത്. ഇവിടെ സമരത്തിനൊന്നും നമ്മളാരും എതിരല്ല, ന്യായമായ സമരങ്ങളെ അതിന്റെ രീതിയിൽ ചർച്ച ചെയ്ത് പരിഹരിക്കണം. അരാഷ്ട്രീയമായ സമരങ്ങളെ പ്രോത്സാഹിപ്പിക്കാൻ സാധിക്കില്ല. അരാഷ്ട്രീയമായ എത്രയോ സമരങ്ങൾ ഇവിടെയുണ്ടായിട്ടുണ്ട്, അതൊന്നും നിലനിന്നില്ലല്ലോ; മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്താണ് പെമ്പിളൈ ഒരുമൈ എന്ന സമരം ഇടുക്കിയിൽ ആരംഭിച്ചത്. അവിടെ സി.ഐ.ടി.യു.-യോ അതുപോലെതന്നെ പൊതുരാഷ്ട്രീയ പ്രസ്ഥാനമൊന്നും അതിനെ പിന്തുണയ്ക്കാൻ പോയിട്ടില്ല. ആ ഗവൺമെന്റ് യു.ഡി.എഫ്.-ന്റെ ഗവൺമെന്റാണ് അതിനൊരു

അലോസരമുണ്ടായിക്കോട്ടെയെന്ന് വിചാരിച്ച് പോയില്ല. അതൊരു അരാഷ്ട്രീയ കൂട്ടമായിരുന്നുവെന്ന് എല്ലാപേർക്കുമറിയാം. അവിടെ അരാഷ്ട്രീയവാദം ശക്തിപ്പെടുത്താൻവേണ്ടിയും സംഘടിത തൊഴിലാളിപ്രസ്ഥാനങ്ങളെ ദുർബലപ്പെടുത്താൻവേണ്ടിയും നിൽക്കുന്ന ഒരുകൂട്ടം ആളുകൾ അവിടെ തമ്പടിച്ച് വലിയ പ്രചരണം നടത്തി ആളുകളെ കൂട്ടാനൊക്കെ നോക്കി. അവസാനം എന്തുണ്ടായിയെന്ന് നമുക്കെല്ലാപേർക്കുമറിയാം. അങ്ങനെ പല സമരങ്ങൾ. കഴിഞ്ഞ പിണറായി സർക്കാരിന്റെ കാലത്ത് മുഖ്യമായും ഉയർത്തിയ സമരങ്ങൾ എന്തൊക്കെയായിരുന്നു? കേരളത്തിന്റെ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ആ വികസനങ്ങൾ നടക്കാതിരിക്കാൻവേണ്ടിയുള്ള പല സമരങ്ങളായിരുന്നു. സ്ഥലമൊന്നും ഞാനിപ്പോൾ പറയുന്നില്ല. ആ പ്രശ്നങ്ങൾ പരിഹരിച്ചുപോയതാണ്.

(തുടരും......)

P 03-03-2025 -KR-AN-03.30-03.40-LV

(ശ്രീ. കെ. കെ. രാമചന്ദ്രൻ. തുടർച്ച...)

നാഷണൽ ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വയൽക്കിളികളെന്ന നിലയിലൊക്കെ.... അതിൽ ആരൊക്കെയാണ്

പങ്കെടുത്തത്? ബി.ജെ.പി., കോൺഗ്രസ് ഇങ്ങനെയുള്ള അരാഷ്ട്രീയ സംഘങ്ങളെല്ലാം ചേർന്നാണ് സർക്കാരിന്റെ വികസനപ്രവർത്തനങ്ങളെ തടയാൻ പരിശ്രമിച്ചത്. എന്നാൽ കേരളത്തിലെ ജനങ്ങൾ അതെല്ലാം തിരിച്ചറിഞ്ഞു. ആ സമരങ്ങൾ എവിടെയെത്തി? നാഷണൽ ഹൈവേയുടെ നിർമ്മാണത്തിന്റെ ഭാഗമായി ഭൂമി നഷ്ടമാകുന്നവരെയെല്ലാം വിളിച്ചുചേർത്ത് അവരെ കാര്യങ്ങൾ ബോധ്യപ്പെടുത്തി അവർക്ക് ന്യായമായ നഷ്ടപരിഹാരം നൽകി ആ പ്രശ്നം പരിഹരിച്ചു. തിരുവനന്തപുരത്ത് ഇപ്പോൾ നടക്കുന്ന സമരകേന്ദ്രത്തിൽ ആരൊക്കെയാണ് വരുന്നത്? ഇന്നലെ ശ്രീ. സുരേഷ് ഗോപി എം. പി. അവിടെ വന്നു. കേന്ദ്ര ഗവൺമെന്റിനെതിരായി ഒരു വരിപോലും ആ സമരത്തിലില്ല. ആശാ വർക്കർമാർക്ക് ഇൻസെന്റീവ് നൽകുന്ന ഇനത്തിൽ 100 കോടി നൽകാനുള്ള കേന്ദ്ര ഗവൺമെന്റിനെതിരായി, ആ പണം നൽകുവെന്ന് കോൺഗ്രസ്സോ അവിടെ സന്ദർശനം നടത്തുന്ന മറ്റ് നേതാക്കളോ പറയണ്ടേ. അത് പറയാത്തതിനാലാണ് രാഷ്ട്രീയ പ്രേരിതമായ സമരമെന്ന് ആ സമരത്തെ ജനങ്ങൾ വിലയിരുത്തുന്നത്. രാഷ്ട്രീയ പ്രേരിതമായ സമരങ്ങളെ രാഷ്ട്രീയമായിത്തന്നെ കൈകാര്യം ചെയ്യാൻ കഴിയുന്നൊരു സമൂഹമുള്ള സംസ്ഥാനമാണ് കേരളമെന്ന് ഓർക്കുന്നത് നന്നായിരിക്കും. ഈ

ധനവിനിയോഗ ബില്ലിനെ ഒന്നുകൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

(ശ്രീ. തോമസ് കെ. തോമസ്)

P 03-03-2025-KR-AN-03.30-03.40

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ ഒൻപത് കൊല്ലം ധനകാര്യ വകുപ്പുമന്ത്രിമാരായിരുന്ന ആദരണീയനായ ഡോ. തോമസ് ഐസക്കും ശ്രീ. കെ. എൻ. ബാലഗോപാലും എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റ് വിദഗ്ധമായി സുസ്ഥിരമാക്കിയിരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ പ്രതികാര രാഷ്ട്രീയം സാമ്പത്തികമായി കേരളത്തെ ഞെരുക്കുന്നുവെന്ന് മാത്രമല്ല, ഫെഡറൽ സംവിധാനത്തെ തകർക്കുന്ന നിലയിലേക്ക് സാഹചര്യങ്ങളെ എത്തിക്കുന്ന അവസ്ഥയുണ്ടാക്കിയിരിക്കുന്നു. പുകമറ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ തകർക്കാൻ കേന്ദ്രവും പ്രതിപക്ഷവും ഒറ്റക്കെട്ടായി ശ്രമിച്ചിട്ടും സംസ്ഥാന സർക്കാർ അവതരിപ്പിച്ച ബജറ്റിലൂടെ ഒരു ഫീനിക്സ് പക്ഷിയെപ്പോലെ സംസ്ഥാനത്തിന്റെ സാമ്പത്തികരംഗം ഉയർത്തെഴുന്നേറ്റിരിക്കുകയാണ്. സംസ്ഥാനം ഇന്ന് സമാനതകളില്ലാത്ത വികസനകുതിപ്പിലാണ്. ഇപ്പോൾ

നടന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ ലക്ഷക്കണക്കിന് കോടിരൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്തുണ്ടാകുന്നത്. സംസ്ഥാന-ദേശീയ പാതകളെല്ലാം അന്തർദേശീയ നിലവാരത്തിൽ പുനർനിർമ്മിച്ചിരിക്കുന്നു. അടിസ്ഥാനമേഖലയിൽ വൻ വികസനകുതിപ്പാണ് ഈ സർക്കാരിന്റെ കാലത്ത് നടക്കുന്നത്. സ്വകാര്യ മേഖലയിലൂൾപ്പെടെ വൻകുതിപ്പ് സംസ്ഥാനം കൈവരിച്ചിരിക്കുകയാണ്. പ്രതിസന്ധികൾക്കിടയിലും സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കി, ക്ഷേമപെൻഷൻ നൽകി, മുടങ്ങിക്കിടന്ന ചികിത്സാ സഹായങ്ങൾ നൽകി. ആദരണീയനായ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും റെക്കോർഡ് സഹായമാണ് സാധാരണക്കാർക്ക് നൽകിയിട്ടുള്ളത്. ഈ സർക്കാരിന്റെ ഓവറോൾ കാര്യങ്ങൾ വിലയിരുത്തുമ്പോൾ ഏറ്റവും നല്ല വികസനകുതിപ്പും ക്ഷേമപദ്ധതികളുടെ നിർവഹണവുമാണ് കാണാൻ കഴിയുന്നത്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം നൽകിയിരുന്നെങ്കിൽ ഈ പ്രതിസന്ധികളെല്ലാം ഇതിനുമുമ്പേ മറികടക്കാമായിരുന്നു. സംസ്ഥാനത്തിന് നൽകേണ്ട ന്യായമായ സഹായങ്ങൾപോലും യാതൊരു കാരണവും കൂടാതെ പ്രതികാര മനോഭാവത്തോടെ കേന്ദ്ര സർക്കാർ തടയുകയാണ്. ഉദാഹരണമായി,

തൊഴിലുറപ്പ് കൂലിയിനത്തിൽ 800 കോടി രൂപയാണ് കുടിശ്ശികയായുള്ളത്. വിവിധ കാർഷിക സബ്സിഡികളും ആനുകൂല്യങ്ങളും മുടങ്ങിക്കിടക്കുകയാണ്. ഇന്ത്യയൊരു കാർഷിക രാജ്യമാണെന്ന സത്യം അംഗീകരിക്കാൻ കേന്ദ്രം തയ്യാറാകണം. കൃഷിക്കാരാണ് ഈ രാജ്യത്തിന്റെ ശക്തി, കർഷകരാണ് നമ്മുടെ ബലം. അതിനാൽ കുട്ടനാട്ടിലെ എന്റെ പ്രിയപ്പെട്ട കർഷകർക്ക് അങ്ങയുടെ ഈ ബജറ്റിലൊരു പ്രത്യേക പരിഗണന നൽകണം. കാരണം ഉപ്പുവെള്ളം കയറുന്നത് പോലുള്ള പല പ്രതിസന്ധികളെയും അതിജീവിച്ചാണവർ ജീവിക്കുന്നത്. അവർക്ക് നല്ല രീതിയിൽ കൃഷി ചെയ്യാൻ സഹായകമായ സംവിധാനമൊരുക്കിക്കൊടുത്ത് മുന്നോട്ടുപോകാൻ ഈ ഗവൺമെന്റ് സന്നദ്ധമാകണമെന്ന് പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

(ശ്രീ. സി. കെ. ഹരീന്ദ്രൻ)

P 03-03-2025 -KR-AN-03.30-03.40

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഇന്ന് കേരളീയ സമൂഹത്തിൽ ഉയർന്നുവരുന്ന ചില പ്രധാനപ്പെട്ട ചോദ്യങ്ങളുണ്ട്. നീതിയുടെ സംരക്ഷകരാകാൻ നിങ്ങൾ കൂടെയുണ്ടോ; നീതിയുടെ വിവേചനത്തിനിരയാകുന്ന കേരളത്തോടൊപ്പം നിങ്ങളുണ്ടോ; അഗതികളുടെ

സംരക്ഷകരാകാൻ നിങ്ങൾ കൂടെയുണ്ടോ; കേരളം ഇന്ത്യയുടെ ഭാഗമാണെന്ന് പറയാൻ നിങ്ങൾ കൂടെയുണ്ടോ? ഇങ്ങനെയുള്ള ചോദ്യങ്ങളാണ് ഉയർന്നുവരുന്നത്. ഈ നാട്ടിലെ പ്രതിപക്ഷ പ്രസ്ഥാനങ്ങളെയാകെ ഈ ചോദ്യങ്ങൾക്ക് മറുപടി പറയാൻ പ്രേരിപ്പിക്കുകയാണ്. കേരളത്തിന്റെ സാമൂഹ്യ നേട്ടങ്ങളെയാകെ സംരക്ഷിച്ച് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച എങ്ങനെ കൈവരിക്കാമെന്ന അന്വേഷണമാണ് കഴിഞ്ഞ എട്ട് വർഷങ്ങളായി എൽ.ഡി.എഫ്. സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. വികസനവും സാമൂഹ്യനീതിയും ഉറപ്പാക്കിക്കൊണ്ടുള്ള മുന്നേറ്റമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. മുതലാളിത്ത വികസനപാതയിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യ വ്യവസ്ഥയുടെ ഭാഗമായിരിക്കുമ്പോൾതന്നെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി തനിമയാർന്നൊരു പാതയിലൂടെയുള്ള സർക്കാരിന്റെ യാത്ര തുടരുകയാണ്. അങ്ങനെയൊരു ബദൽ സാധ്യമാണെന്നും അത് അർധപൂർണ്ണമായി നടപ്പാക്കാനാകുമെന്നും തെളിയിച്ചതിന്റെ സാക്ഷ്യപത്രമാണ് 2025-26 ൽ അവതരിപ്പിച്ച ബജറ്റെന്ന് നമുക്ക് കാണാൻ സാധിക്കും. കേരളം ഇപ്പോൾ അതിവേഗ സാമ്പത്തിക വളർച്ചയുടെ പുതിയ ഘട്ടത്തിലാണ്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനം വർധിച്ചു, ധനക്കമ്മി കുറഞ്ഞു,

റവന്യൂകമ്മി കുറഞ്ഞു, ധനരംഗത്തുണ്ടായിരുന്ന പ്രതിസന്ധി മാറിക്കിട്ടി. നിർണ്ണായക ഘട്ടത്തെ നാം അതിജീവിച്ചുവെന്ന് പറഞ്ഞുകൊണ്ട് ബജറ്റ് അവതരണവേളയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയ പ്രസംഗം നമുക്കോർമ്മയുണ്ട്. എല്ലാ വെല്ലുവിളികളെയും നേരിട്ട് നാം നവകേരളത്തിലേക്ക് പ്രവേശിക്കുകയാണ്. ഇനി നാം പുതിയ കുതിപ്പിലേക്കാണ്. ഇതുവരെ നാം കൈവരിച്ച നേട്ടങ്ങൾക്കൊപ്പം പുതിയ നേട്ടങ്ങൾക്കുവേണ്ടിയുള്ള പുതിയ പദ്ധതികളെല്ലാം വ്യക്തമാക്കിയ ബജറ്റാണ് 2025-26-ലെ ബജറ്റ്. ഇന്ത്യൻ ഫെഡറൽ റിപ്പബ്ലിക്ക് എന്ന സങ്കൽപ്പംതന്നെ തകർക്കുന്ന ഒരു കാലം, അധികാരവും പണവുമെല്ലാം കേന്ദ്രം കൈയടക്കിവച്ച് പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളെ ഒതുക്കാൻ ശ്രമിക്കുന്ന സാഹചര്യം, ഇടതുപക്ഷമാണ് കേരളം ഭരിക്കുന്നത് എന്നതിനാൽ എല്ലാ വരുമാനമാർഗങ്ങളും സംസ്ഥാനത്തിന് നിഷേധിക്കപ്പെട്ടു. നീതിയുടെ സംരക്ഷകരാകാൻ നിങ്ങൾ കൂടെയുണ്ടോ; നീതിയുടെ വിവേചനത്തിനിരയാകുന്ന കേരളത്തോടൊപ്പം നിങ്ങളുണ്ടോ? എന്നുള്ള ചോദ്യങ്ങൾ ഈ അവസരത്തിലാണ് സമൂഹത്തിൽ ഉയർന്നുവന്നത്.

രണ്ട് ലക്ഷം കോടി രൂപയുടെ വരവും അത്രയുംതന്നെ ചെലവും

ഉൾക്കൊള്ളുന്നതാണ് 2025-26-ലെ ബജറ്റ്. ഇതഃപര്യന്തം ആദ്യമായി രണ്ട് ലക്ഷം കോടി രൂപയുടെ ബജറ്റ് അവതരിപ്പിക്കാൻ ഈ സംസ്ഥാനം സാമ്പത്തികരംഗത്ത് വളർന്നുവെന്നത് എന്തുകൊണ്ടും അഭിനന്ദനീയമാണ്. ഇതൊരു സാമ്പത്തിക പുരോഗതിയെയാണ് ലക്ഷ്യം വയ്ക്കുന്നത്. അത്രമാത്രം സാമ്പത്തിക വളർച്ച ഈ സംസ്ഥാനം കൈവരിച്ചിരിക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. കേരളീയ സമൂഹത്തിലുണ്ടാകുന്ന ചെറിയ മാറ്റങ്ങളുൾപ്പെടെ വിശകലനം ചെയ്തും ലോക സാഹചര്യങ്ങൾ വിലയിരുത്തിയും ഇന്നത്തെ സന്ദർഭത്തിൽ വരുംകാല കേരള വികസനത്തെ രൂപപ്പെടുത്തേണ്ടതുണ്ട്. നഗരവത്ക്കരണത്തിന്റെ തോത് വർധിക്കുന്നതും ജനസംഖ്യയിൽ പ്രായമായവരുടെ എണ്ണം അധികരിക്കുന്നതും വിദേശ കുടിയേറ്റം വ്യാപകമാകുന്നതും കേരളത്തിലെ ജനനനിരക്ക് കുത്തനെയിടിയുന്നതുമെല്ലാം വളരെ സൂക്ഷ്മതയോടെയും ഗൗരവത്തോടെയുമാണ് ബജറ്റിൽ വിലയിരുത്തിയിട്ടുള്ളത്. ഭാവികേരളത്തിന്റെ വികസന മുൻഗണനകൾ ചിട്ടപ്പെടുത്തുമ്പോൾ ഈ ഘടകങ്ങളെല്ലാം കണക്കിലെടുക്കേണ്ടതുണ്ടെന്ന് ബജറ്റ് വ്യക്തമാക്കുന്നുണ്ട്. കേരളത്തിന്റെ സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റം രാജ്യത്തുതന്നെ ഏറ്റവും മികച്ചതാണ്. ഇന്ത്യാ ഗവൺമെന്റുതന്നെ രാജ്യത്തെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ്

അന്തരീക്ഷമുള്ള സംസ്ഥാനമായി കേരളത്തെ തിരഞ്ഞെടുത്തിരിക്കുന്നു. കൊച്ചിയിൽ വച്ചുനടന്ന ഇക്കഴിഞ്ഞ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ഒന്നര ലക്ഷം കോടി രൂപയുടെ നിക്ഷേപം നൽകാൻ വിദേശത്തുനിന്നും സ്വദേശത്തുനിന്നും വ്യവസായികൾ കടന്നുവന്നത് അഭിമാനത്തോടും ആവേശത്തോടും കൂടിയാണെന്ന കാര്യം നാം ഓർക്കണം. ആശാവഹമായ പുരോഗതിയാണ് വ്യാവസായികരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. തൊഴിൽരഹിതരായ യുവതീയുവാക്കളെ സംബന്ധിച്ചിടത്തോളം വ്യാവസായിക രംഗത്ത് കേരളം പുരോഗമിക്കുന്നത് അവർക്ക് വലിയ പ്രതീക്ഷയാണ് നൽകുന്നത്. നിരവധി മേഖലകളിൽ കേന്ദ്ര ഗവൺമെന്റിന്റെതന്നെ പുരസ്കാരങ്ങൾ നമ്മൾ ഏറ്റുവാങ്ങിയിട്ടുണ്ട്. ഇതെല്ലാം ലക്ഷ്യബോധത്തോടെ കേരളത്തിലെ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ ഗുണഫലമാണ്.

(തുടരും..)

പി. 03.03.2025-പി.എസ്./എ.എൻ.(2) -03:40 - 03:50

(ശ്രീ. സി. കെ. ഹരീന്ദ്രൻ...തുടർച്ച)

കേന്ദ്ര സർക്കാർ നിരവധി വർണ്ണങ്ങളാൽ പൊതിഞ്ഞൊരു ബജറ്റ് അവതരിപ്പിക്കുകയുണ്ടായി. വിഭവസമാഹരണത്തിലും ചെലവഴിക്കലിലും

കേന്ദ്ര- സംസ്ഥാനങ്ങൾക്കിടയിൽ നിലനിൽക്കുന്ന അന്തരം കുറയ്ക്കുന്നതിനുള്ള യാതൊരു ശ്രമവും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിലില്ല. കൃഷി, വ്യവസായം, കയറ്റുമതി നിക്ഷേപം എന്നീ മേഖലകളെ വളർച്ചയുടെ എഞ്ചിൻ അഥവാ യന്ത്രമെന്ന് പറഞ്ഞെങ്കിലും ഇവയ്ക്കുവേണ്ടിയുള്ള വിഭവം ബജറ്റിലൂടെ നീക്കിവയ്ക്കുന്നില്ലെന്ന യാഥാർഥ്യം നമുക്കറിയാം. വയനാട് ദുരന്തനിവാരണത്തിനായി സംസ്ഥാനം സമർപ്പിച്ച പാക്കേജ് തള്ളിക്കളഞ്ഞു. 35 ലക്ഷം കോടി വരവും 50 ലക്ഷം കോടി ചെലവും പ്രതീക്ഷിക്കുന്നതാണ് കേന്ദ്ര ബജറ്റെങ്കിലും 15 ലക്ഷം കോടി രൂപ കടമെടുത്താൽ മാത്രമേ വർഷാന്ത്യം ബജറ്റ് നിർദ്ദേശം നടപ്പിലാക്കാനാകൂ. 15 ലക്ഷം കോടി രൂപയാണ് കടമെടുക്കാൻ നിർദേശിക്കുന്നത്, എൽ.ഐ.സി. 70 ശതമാനമാണ് കഴിഞ്ഞ കാലങ്ങളിൽ വിറ്റഴിച്ചതെങ്കിൽ ബാക്കി വരുന്ന 30 ശതമാനം കൂടെ വിറ്റഴിക്കുകയാണ്. പൂർണ്ണമായും എൽ.ഐ.സി. വിറ്റഴിക്കപ്പെടുകയാണ്. 57,000 കോടി രൂപയാണ് പൊതുമേഖല സ്ഥാപനങ്ങളുടെ ഷെയറുകൾ വിറ്റഴിച്ചുകൊണ്ട് സംഭരിക്കാനാണ് കേന്ദ്ര ഗവൺമെന്റിന്റെ ബജറ്റ് നിർദേശം വ്യക്തമാക്കുന്നത്. നമ്മുടെ രാജ്യത്ത് സമാഹരിക്കുന്ന വിഭവം ക്രമമായി കോർപ്പറേറ്റുകൾക്ക് കൈമാറുന്ന കാഴ്ച നാം കണ്ടുകൊണ്ടിരിക്കുകയാണ്. ഈ നില തുടർന്നാൽ ഈ വർഷാന്ത്യം 200

ലക്ഷം കോടി രൂപയുടെ കടക്കാരായി ഇന്ത്യാ രാജ്യം മാറും. അവരാണ് പറയുന്നത് നമ്മുടെ സംസ്ഥാനം വളർച്ചയ്ക്കുവേണ്ടി കടമെടുക്കാൻ പാടില്ലെന്ന്. ഈ അനീതി നിലനിൽക്കുകയാണ്. ഈ സാഹചര്യത്തിൽ ബദൽ ഉയർത്തുന്ന കേരള ഗവൺമെന്റ് അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്.

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ)

പി. 03.03.2025-പി.എസ്./എ.എൻ.(2) -03:40 - 03:50

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രതിപക്ഷാംഗങ്ങളെ രണ്ടാം കുടിയിലെ മക്കളെപ്പോലെ കാണുന്ന ഒരാളാണ്. ബജറ്റിലും ഞങ്ങൾക്കുള്ള ഫണ്ട് 50 ശതമാനം ചുരുക്കിയും ഗ്രാമീണ റോഡു നിർമ്മാണത്തിനുള്ള ഫണ്ട് വെട്ടി കുറച്ചും ഏറ്റവുമൊടുവിൽ ശബരിമല പാക്കേജ് അനുവദിച്ചതിലും ഞങ്ങൾക്ക് മതിയായ ഫണ്ട് നൽകിയില്ല. അങ്ങ് രണ്ടാം കുടിയിലെ മക്കളെപ്പോലെയാണ് ഞങ്ങളെ കരുതുന്നത്. എനിക്ക് ഒന്നേ പറയാനുള്ളൂ ഞങ്ങളുടെ മാവും പൂക്കും. അതുകൊണ്ടുതന്നെ ഈ ധനവിനിയോഗ ബില്ലിനെ ഞങ്ങൾ എതിർക്കുകയാണ്. യേശുക്രിസ്തു ക്രൂശിതനായി കുരിശിൽ കിടക്കുമ്പോൾ അദ്ദേഹം തന്റെ ആത്മാവിനെ പിതാവിലർപ്പിക്കുന്നതിന് മുമ്പ്

നൽകിയൊരു പ്രാർഥനയുണ്ട്. “ ഇവർ ചെയ്യുന്നതെന്താണെന്ന് അറിയാത്തതുകൊണ്ട് ഇവരോട് ക്ഷമിക്കേണമേ” എനിക്ക് ഈ കാര്യമാണ് ഇപ്പോൾ പറയാനുള്ളത്. നിങ്ങൾ ചെയ്യുന്നത് എന്താണെന്ന് നിങ്ങൾക്ക് അറിയാത്തതുകൊണ്ട് നിങ്ങളോട് ക്ഷമിക്കണമേയെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 2021-ൽ എൽ.ഡി.എഫ്. സർക്കാർ വീണ്ടും അധികാരത്തിൽ വരുമ്പോൾ പറഞ്ഞൊരു മുദ്രാവാക്യമുണ്ട്. 'ഉറപ്പാണ് എൽ.ഡി.എഫ് എന്നായിരുന്നു അത്. 2021-ലെ തിരഞ്ഞെടുപ്പ് പ്രചാരണം എന്തായിരുന്നുവെന്നതിനെപ്പറ്റിയും ആ ഉറപ്പ് എന്താണെന്നതിനെപ്പറ്റിയും നിങ്ങൾക്കിപ്പോൾ യാതൊരു ലക്ഷ്യബോധമില്ല. കറണ്ട് ചാർജ്ജും പെട്രോൾ സെസും വീട്ടുകരവും വെള്ളക്കരവും വീട് നിർമ്മാണ പെർമിറ്റ് ഫീസും രജിസ്ട്രേഷൻ ഫീസും വർധിപ്പിച്ചതാണോ ഉറപ്പ്, തൊഴിലില്ലായ്മയാണോ ഉറപ്പ്, കേരളത്തിന്റെ പൊതുകടം വർധിപ്പിച്ചതും മദ്യത്തിന്റെയും അവശ്യസാധനങ്ങളുടെയും വില വർധിപ്പിച്ചതും സപ്ലൈകോയിൽ അവശ്യസാധനങ്ങൾ ഇല്ലെന്നുള്ള ബോർഡ് വച്ചതും യുവതലമുറയെ കൂട്ടത്തോടെ നാട് കടത്തുന്നതും തട്ടിപ്പുകാരെകൊണ്ട് കേരളം നിറഞ്ഞതും കാട്ടുമൃഗങ്ങൾ കൂട്ടത്തോടെ കാടിറങ്ങി വരുന്നതുമാണോ നിങ്ങൾ നൽകിയ ഉറപ്പ്. ഇങ്ങനെ നിരവധി പ്രശ്നങ്ങൾ ഈ സമൂഹത്തിലുണ്ടായിട്ടും

സംസ്ഥാന ഗവൺമെന്റ് അതിൽ ഇടപെട്ടുകൊണ്ട് ഒരു കാര്യവും ചെയ്യുന്നില്ലെന്ന് പറയുമ്പോൾ എൽ.ഡി.എഫ്.-ന്റെ ഉറപ്പ് എവിടെയാണെന്ന കാര്യം ജനങ്ങൾക്ക് ബോധ്യപ്പെട്ടിരിക്കുകയാണ്. നമ്മളെല്ലാം ആഗ്രഹിക്കുന്നത് ഞാൻ എ.സി. മെക്കാനിക്കാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. റെഫ്രിജറേറ്റർകൂടി മെക്കാനിക്ക് ചെയ്യുമോയെന്ന് ഞാൻ ചോദിച്ചു. ഇല്ല, മെക്കാനിക്ക് പണിയുണ്ട് ജോലി ചെയ്യാൻ ആളെ കിട്ടുന്നില്ല. യുവാക്കളാരും ജോലിയിലേക്ക് വരുന്നില്ല. ഞാൻ തനിയെ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇനിയും ജന്മമുണ്ടെങ്കിൽ മലയാളിയായി കേരളത്തിൽ ജനിക്കണമെന്നുള്ളതാണ്. ഇന്ന് ആരെങ്കിലും അത് ആഗ്രഹിക്കുന്നുണ്ടോ? ഓരോ ദിവസവും പത്രങ്ങളിൽ വരുന്ന വാർത്തയൊന്ന് പരിശോധിക്കണം. എല്ലാദിവസവും പത്ര മാധ്യമങ്ങളുടെ മുൻ പേജിൽ പൊട്ടിക്കരയുന്ന ഫോട്ടോകൾ മാത്രമാണ് വരുന്നത്. ഇന്നലെ മുതൽ മുസ്ലീം സമുദായത്തിന് പ്രാർഥനകളുടെ രാവുകളാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ക്രിസ്ത്യൻ സമുദായക്കാർക്ക് വലിയ നോമ്പാണ്. നോമ്പും മറ്റുമായി പ്രാർഥനാ നിർഭരമായി ദിവസം ആരംഭിക്കുമ്പോൾ മാതൃഭൂമി ദിനപത്രത്തിന്റെ മുൻപേജിലെ വാർത്ത 'വേണ്ട മക്കളെ' എന്ന വാർത്തയാണ് വന്നിരിക്കുന്നത്. നമ്മൾ ഇന്ന് ഒട്ടേറെ തവണ ചർച്ച ചെയ്ത

കാര്യമാണ്. അതായത് താമരശ്ശേരിയിലുണ്ടായിട്ടുള്ള അതിദാരുണമായ കൊലപാതകം നമ്മുടെ എല്ലാവരുടേയും മനസ്സ് അലിയിപ്പിക്കുന്നതും വേദനിപ്പിക്കുന്നതുമാണ്. അതുമാത്രമല്ല, കുട്ടികൾ എന്തുകൊണ്ട് ഇങ്ങനെ പ്രവർത്തിക്കുന്നുവെന്ന് ഇന്ന് ചർച്ച ചെയ്യുതാണ്. അവർ അയയ്ക്കുന്ന മെസേജുകൾ നോക്കുമ്പോൾ  ഭയമാകുന്ന അവസ്ഥയാണുള്ളത്. ഇന്ന് മലയാള മനോരമ ദിനപത്രത്തിന്റെ  രണ്ടാം പേജിൽ ആശാ വർക്കർമാർ മഴ നനഞ്ഞ് നിൽക്കുന്നൊരു ഫോട്ടോയുണ്ട്. 22 ദിവസമായി ആശാവർക്കർമാർ സമരത്തിലാണ്. അവർ ആതുര സേവന രംഗത്തെ മാലാഖമാരല്ലേ? എത്രമാത്രം പാടുപെടുന്നവരാണവർ. അവരവരുടെ വാർഡുകളിൽ പഞ്ചായത്ത് മെമ്പർമാരെക്കാൾ കൂടുതൽ ജോലി ചെയ്യുന്നവരാണ് ആശാ വർക്കർമാർ. ഇന്നലെ പെയ്ത കനത്ത് മഴയത്ത് മഴ നനയാതിരിക്കാൻ അവിടെയൊരു ടാർപ്പ കെട്ടിയ ഉടനെ പോലീസ് അധികാരികൾ ഓടിയെത്തി അത് അഴിച്ചുമാറ്റാൻ പറയുകയാണ്. എന്താണ് ഈ പോലീസുകാർ പ്രവർത്തിക്കുന്നത്. ആശാവർക്കർമാർ എന്ന് പറഞ്ഞാൽ അവർ നമ്മുടെ അമ്മമാരും, സഹോദരിയും, പെങ്ങന്മാരുമല്ലേ? അവസാനം അവർ ആ ടാർപ്പ ദേഹത്ത് ചുറ്റിയിരുന്നപ്പോൾ അതുപോലും മാറ്റി വയ്ക്കണമെന്ന് പറയുന്ന രീതിയിലേക്ക് ഈ സമൂഹത്തിലെ പോലീസും

ഗവൺമെന്റും എങ്ങനെ അധഃപതിച്ചുപോയി; ഏറ്റവുമധികം സമരങ്ങൾ ചെയ്തവരല്ലേ നിങ്ങൾ? ഇവിടെ പ്രതിപക്ഷമുണ്ടോയെന്ന് ജനം ചോദിക്കുകയാണെന്ന് ഒരു മെമ്പർ സൂചിപ്പിക്കുകയുണ്ടായി; എന്താണ് കാരണം? കുറച്ചുക്കൂടി ശക്തമായി പ്രതികരിക്കണമെന്ന് അദ്ദേഹത്തിനുതന്നെ തോന്നുന്നുണ്ട്. ധൂർത്തിലും അഴിമതിയിലും ഈ ഭരണമിങ്ങനെ പിന്നോട്ട് പോകുമ്പോൾ, ഒന്നുകൂടി നിങ്ങൾ പ്രതികരിക്കൂ.... പ്രതികരിക്കൂ.... എന്നാണ് ആ അംഗം ആവശ്യപ്പെടുന്നത് എന്നുള്ളത് ഞങ്ങൾക്കെല്ലാവർക്കും മനസ്സിലായി. ആശാ വർക്കർമാർക്ക് ഓണറേറിയമായി കിട്ടുന്ന വെറും 11,000/- രൂപയാണ്. ഇതുപയോഗിച്ച് അവർക്ക് എങ്ങനെ ജീവിക്കാൻ കഴിയും? 7000 രൂപയും ഇൻസെന്റീവും ചേർത്ത് പരമാവധി 11,000/- രൂപ നൽകുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. മാത്രമല്ല ഹരിയാനയിലേയ്ക്കും പഞ്ചാബിലേയ്ക്കുമൊക്കെ നോക്കാനാണ് ബഹുമാനപ്പട്ട മന്ത്രി പയുന്നത്. അവിടെ ആളുകൾ ജീവിക്കുന്നതുപോലെ ജീവിത സാഹചര്യമാണോ ഇവിടെയുള്ളത്. നിത്യോപയോഗ സാധനങ്ങളുടെ വില വർധിച്ചുകൊണ്ടിരിക്കുന്നു; നമുക്കൊന്നിനും പണം തികയുന്നില്ല. ആരോഗ്യ മേഖലയിൽ ധാരാളം തുക ചെലവഴിക്കേണ്ടി വരുന്നു. ആശാ വർക്കർമാരെ സഹായിക്കേണ്ട ഉത്തരവാദിത്വം ഈ സർക്കാരിനുണ്ട്. ആ സഹോദരികൾ

പത്തുപതിനേഴ് വർഷം കഷ്ടപ്പെട്ട് ജോലി ചെയ്ത് എല്ലായിടങ്ങളിലും ഓടിയെത്തി അമ്മമാരെയും കുട്ടികളെയും മാത്രമല്ല പ്രായം ചെന്ന ആളുകൾ കിടപ്പിലായാലും, ഒരു പഞ്ചായത്ത് സർവ്വെയാണെങ്കിലും ബാങ്ക് സർവ്വെയാണെങ്കിലും എല്ലാ കാര്യത്തിലും ഓടി നടന്ന് കഷ്ടപ്പെടുന്ന ആശാവർക്കർമാർ ഇരുപത്തിയൊന്ന് ദിവസമായി പണിമുടക്കിലാണ്. കോവിഡ്-19 കാലഘട്ടത്തിൽ അവർ അനുഭവിച്ച വേദനകളെക്കുറിച്ച് പറയേണ്ടതില്ലല്ലോ. ആ ആശാ വർക്കർമാരെ വിളിച്ചുകൂട്ടി അവർക്ക് വേതനം വർധിപ്പിച്ചുകൊടുക്കണ്ടേ? ആയിരം രൂപ ഇല്ലാതെ ഒരുദിവസം എങ്ങനെ ഈ കേരളത്തിൽ ജീവിക്കാനാകും. ഇത്ര ധാരുണമായ പ്രശ്നങ്ങൾ ഈ സമൂഹത്തിൽ നിലനിൽക്കുകയാണ്. അതുകൊണ്ട് ആശാ വർക്കർമാരുടെ കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് അവരുടെ സമരം ഒത്തുതീർപ്പാക്കാൻ ശ്രമിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കഴിഞ്ഞ ദിവസങ്ങളിൽ പത്ര-മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ നമുക്കറിയാം. വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങി മനുഷ്യരെ കൊല്ലുന്ന കാഴ്ച ദിവസവും പത്ര മാധ്യമങ്ങളിലൂടെ പുറത്തുവരുന്നുണ്ട്. ഒട്ടേറെ ആളുകൾ ക്രൂരമൃഗങ്ങളുടെ ആക്രമണത്താലും ആനയുടെ ചവിട്ടേറ്റും മരണപ്പെടുമ്പോൾ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ കഴിയാതെ മന്ത്രിമാരും

ഗവൺമെന്റും ഉറങ്ങുന്ന കാഴ്ചയാണ് കാണാൻ കഴിയുകയാണ്. എന്റെ ഗ്രാമയാത്രയുടെ ഭാഗമായി വീടുകൾതോറും സന്ദർശനം നടത്തുന്നതിനിടയിൽ എന്താണ് നിങ്ങളുടെ ജോലി ഒരാളോടു ചോദിച്ചു? ഞാൻ എ.സി. മെക്കാനിക്കാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. റെഫ്രിജറേറ്റർകൂടി മെക്കാനിക്ക് ചെയ്യുമോയെന്ന് ഞാൻ ചോദിച്ചു. ഇല്ല, മെക്കാനിക്ക് പണിയുണ്ട് ജോലി ചെയ്യാൻ ആളെ കിട്ടുന്നില്ല. യുവാക്കളാരും ജോലിയിലേക്ക് വരുന്നില്ല. ഞാൻ തനിയെ ചെയ്തുകൊണ്ടിരിക്കുകയാണ്. ആരെയും കിട്ടാനില്ല എന്നാണ് അയാൾ മറുപടി പറഞ്ഞത്. അപ്പോൾ ഞാൻ ചോദിച്ചു; യുവാക്കൾക്ക് ജോലിയില്ലേ? അയാൾ എന്നോട് പറഞ്ഞത്, യുവാക്കൾക്ക് ജോലിയുണ്ടല്ലോ, എന്താണ് ജോലി; ജങ്ഷനിൽ പോയി നിൽക്കും. എവിടെനിന്നെങ്കിലും എം.ഡി.എം.എ., കഞ്ചാവ്, മയക്കുമരുന്ന് കൊണ്ട് കൊടുക്കും. അത് അടുത്തടുത്ത് കൊണ്ടുകൊടുത്താൽ രണ്ടായിരത്തോളം രൂപ ലഭിക്കും. അങ്ങനെ മയക്കുമരുന്നുകൾ വ്യാപനം ചെയ്യുന്ന മേഖലകളിലേക്ക് തൊഴിലില്ലായ്മമൂലം, ഗവൺമെന്റ് തൊഴിൽ നൽകാത്തതുമൂലം, ഈ ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ട് ഇവിടുത്തെ യുവാക്കളെല്ലാം ലഹരി വിൽപന നടത്തുന്നവരായി മാറുന്ന ദയനീയ കാഴ്ച കണ്ടുകൊണ്ടിരിക്കുകയാണ്.

ഞാൻ മുമ്പ് സൂചിപ്പിച്ച വന്യമൃഗങ്ങളുടെ പ്രശ്നം. എന്താണ് ഈ വന്യ മൃഗങ്ങളും ഗവൺമെന്റും തമ്മിലുള്ള ബന്ധം? വന്യമൃഗങ്ങളും സംസ്ഥാന ഗവൺമെന്റും തമ്മിൽ ബന്ധമുണ്ട്. സർക്കാർ ജനങ്ങളെ ഇഞ്ചിഞ്ചായി കൊല്ലുന്നു. വന്യമൃഗങ്ങൾ ഒറ്റചവിട്ടിന് കൊല്ലുന്നു, ഇതാണ് ഇവിടത്തെ അവസ്ഥ. രണ്ടുകൂട്ടരുംകൂടി ജനങ്ങളെ അക്രമിക്കുന്ന ഒരവസ്ഥയാണ് ഇവിടെയുള്ളത്. എട്ടാഴ്ചയ്ക്കുള്ളിൽ അറുപതിലധികം ആളുകൾക്ക് പരിക്കേറ്റു. 15 മാസത്തിനുള്ളിൽ ഇരുപത്തിയേഴിലധികം ആളുകൾ ഇവിടെ മരണപ്പെടുകയും കൊലചെയ്യപ്പെടുകയും ചെയ്യുന്ന അവസ്ഥയുണ്ടായി. അതുകൊണ്ട്  ഈ പ്രശ്നത്തിൽ, വന്യമൃഗങ്ങളും ജനങ്ങളും തമ്മിലുള്ളൊരു കോൺഫ്ലിക്റ്റ് അവസാനിപ്പിക്കാൻവേണ്ടി അടിയന്തരമായി ഇടപെടണം. നിങ്ങൾ വനമേഖലയിലേക്ക് കടന്ന് പോകണം.

(തുടരും....)

P-3-3-2025-UV-AN(2)-3.50-4.00

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ തുടർച്ച......)

എന്റെ നിയോജകമണ്ഡലമായ പെരുമ്പാവൂരിലെ പൊങ്ങിൻ ചുവട് ആദിവാസി ഉന്നതിയിൽ കഴിഞ്ഞ ഓണത്തിന് ചെന്നപ്പോൾ ആ കാട്ടിൽനിന്ന് എട്ട് വയസ്സുള്ള അന്ധനായൊരു കുട്ടിയെ എനിക്ക് ലഭിച്ചു.

'ടിപ്പു' എന്ന് വിളിപ്പേരുള്ള ആ കുട്ടിയുടെ യഥാർഥ പേര് ദീപു എന്നാണ്. ജന്മനാ അന്ധനായ കുട്ടിക്ക് പിതാവ് ആരാണെന്നുപോലും അറിയില്ല. പക്ഷേ ആ കുട്ടി ഇതുവരെ സ്കൂളിൽ പോയിട്ടില്ല. ആ കുട്ടി ഒരു ചെറിയ മാടത്തിൽ താമസിക്കുകയാണ്. ഞാൻ ആ കുട്ടിയെ എടുത്തുകൊണ്ടുവന്ന് ആലുവയിലെ കീഴ്മാട് അന്ധവിദ്യാലയത്തിൽ പഠിപ്പിക്കുകയാണ്. ആ വിദ്യാലയത്തിൽ എത്തുന്നതുവരെയും അവിടെ പോകണ്ടായെന്ന് പറഞ്ഞ ആ കുട്ടി, എനിക്ക് പഠിക്കണം ഞാൻ ഇനി വീട്ടിലേക്കില്ലെന്നാണ് അവിടെയെത്തി ഒരു മാസം കഴിഞ്ഞപ്പോൾ പറഞ്ഞത്. ഒട്ടേറെ ആളുകൾ ഒറ്റപ്പെട്ട് ദുരിതക്കയത്തിൽ ജീവിക്കുകയും പണമില്ലാതെ വലയുകയും മരുന്ന് വാങ്ങാൻ കാശില്ലാതെ, ചോരുന്ന കൂരയ്ക്കുള്ളിൽ വിറങ്ങലിച്ച് ഇരിക്കുകയും ചെയ്യുന്നുണ്ടെന്ന് മനസ്സിലാക്കാനാണ് ഞാൻ ഈ കുട്ടിയുടെ കാര്യം ഇവിടെ പറഞ്ഞത്. ഇതൊക്കെ മനസ്സിലാക്കണമെങ്കിൽ, മന്ത്രിമാർ ദേശീയപതാകയുള്ള വണ്ടി മാറ്റിവച്ച് പരിവാരങ്ങളില്ലാതെ വീടുവീടാന്തരം കയറിയിറങ്ങി നോക്കണം. ഈ രാജ്യം എത്രമാത്രം ദുരിതപൂർണ്ണമായാണ് മുന്നോട്ടുപോകുന്നതെന്ന് അപ്പോഴേ നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. എന്താണ് ഇവിടത്തെ അവസ്ഥ; ജനങ്ങൾക്ക് പട്ടിപ്പണിയും പിച്ചക്കാശും രാജപദവിയുമാണ്. ഈ സമൂഹത്തിൽ ഒട്ടേറെ ആളുകൾ

ദുരിതപൂർണ്ണമായി മുന്നോട്ടുപോകുമ്പോൾ അവരെയെല്ലാം കൂടെനിർത്തി, ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകുന്ന അവസ്ഥയാണ് ഇവിടെയുണ്ടാകേണ്ടത്. ബജറ്റ് ചർച്ചാവേളയിൽ ഒരു കാര്യം പറയണമെന്ന് വിചാരിച്ചെങ്കിലും അന്ന് എനിക്കത് പറയാനുള്ള അവസരം ലഭിച്ചില്ല. വളരെ ഗംഭീരമായ ചിത്രമാണ് 2025-2026-ലെ ബജറ്റ് ബുക്കിന്റെ കവർപേജിൽ നൽകിയിരിക്കുന്നത് (ബുക്ക് ഉയർത്തിക്കാട്ടി). ഇതൊരു മോഡേൺ ആർട്ടാണ്. കേരളമാണ് ദുഃഖത്തിന്റെ കടലിൽ കപ്പലായി കിടക്കുന്നത്. അതിനടുത്തായി കാണുന്നത് ആനയും വന്യമൃഗങ്ങളുമുള്ള കാടാണ്. അവിടെ കണ്ണുനീരിൽ പ്രതിയുടെ പേര് ശ്രീ. കെ. എൻ. ബാലഗോപാൽ എന്ന് എഴുതിവച്ചിട്ടുണ്ടെന്ന് മാത്രമേയുള്ളൂ. ഒരു മോഡേൺ ആർട്ടാണ് ഈ ബജറ്റിലൂടെ മന്ത്രി ഞങ്ങൾക്ക് സമ്മാനിച്ചതെന്ന് അറിയാം. എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. നിങ്ങൾ ഇടത്തോട്ട് ഇൻഡിക്കേറ്റർ ഇട്ട് വലത്തോട്ട് സഞ്ചരിക്കുന്നവർ മാത്രമാണ്. നിങ്ങൾ കമ്യൂണിസവും സോഷ്യലിസവും മാർക്സിസവും മറന്നവരാണ്. സ്വന്തം കണ്ണിലെ കോലെടുക്കാൻ കഴിയാതെ മറ്റുള്ളവരുടെ കണ്ണിലെ കരടിനെപ്പറ്റി വിമർശിക്കുന്നവരാണ് നിങ്ങൾ. രാജാവ് നഗ്നനാണെന്ന് പറയാനുള്ള ചങ്കുറപ്പില്ലാത്തവരാണ് നിങ്ങൾ. ജനങ്ങൾ നൽകിയ സാധ്യതകൾ നിങ്ങൾ വർധിപ്പിച്ചില്ലെന്ന് മാത്രമല്ല, തിരിച്ച്

നൽകിയതുമില്ല. കേരളത്തെ തീരാകടബാധ്യതയിൽ തള്ളിവിടുകയും ചെയ്തു. ജനദ്രോഹ ഗവൺമെന്റിന്റെ ഈ ധനവിനിയോഗബില്ലിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ശ്രീ. കെ. എൻ. ബാലഗോപാൽ)

P-3-3-2025-UV-AN(2)-3.50-4.00

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ധനവിനിയോഗ ബില്ലിനെക്കുറിച്ചുള്ള ചർച്ചയായിരുന്നെങ്കിലും ബജറ്റിനെക്കുറിച്ചുള്ള ചർച്ചയാണ് അധികവും വന്നിട്ടുള്ളത്. ധനവിനിയോഗ ബില്ലിനെ കേന്ദ്രീകരിച്ചുള്ള ചർച്ചകളല്ല വന്നിട്ടുള്ളത്. എന്നാലും ധനവിനിയോഗവും സംസ്ഥാനത്തിന്റെ ധനകാര്യവുമായി ബന്ധപ്പെട്ട വിഷയമായതിൽ അക്കാര്യങ്ങൾ പറഞ്ഞതിൽ വലിയ അത്ഭുതമില്ല. പൊതുവിൽ ധനവിനിയോഗ ബില്ലിൽ ആകെ 52852.23 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയാണുള്ളത്. അത് ടെക്നിക്കലായി കുറച്ച് കറക്ട് ചെയ്യേണ്ടതാണ്. വെയ്സ് ആൻഡ് മീൻസ് ഇനത്തിൽ വരുന്ന ഫണ്ടുകളുടെയും മറ്റും കറക്ഷനാണത്. റവന്യൂ ചെലവ് ഇനത്തിൽ 8723.28 കോടി രൂപയും മൂലധന ചെലവ് ഇനത്തിൽ 5320.41 കോടി രൂപയും അടക്കമുള്ള വായ്പകളുടെ അഡ്ജസ്റ്റുമെന്റുമെല്ലാം ചേർത്തതാണ്

പൊതുവിലുള്ള കണക്ക്. ഉപധനാഭ്യർഥനയിൽ ആകെ 10121.75 കോടി രൂപ പ്ലാൻ ഇനത്തിലും 42730.48 കോടി രൂപ നോൺ പ്ലാൻ ഇനത്തിലുമുള്ളതാണ്. വിവിധ വകുപ്പുകളെ സംബന്ധിച്ചുള്ള കാര്യങ്ങളെല്ലാം ചേർത്തതാണ് ഈ കണക്ക്. ഇത് സാങ്കേതികമായി അംഗീകരിച്ച് പാസാക്കിയതിനുശേഷമാണ് ഇനിയുള്ള ചെലവുകൾ ക്രമീകരിക്കേണ്ടത്. അതിനാണ് ഈ ധനവിനിയോഗ ബിൽ സഭ മുമ്പാകെ വന്നത്. പൊതുവിൽ ഈ ബിൽ അംഗീകരിക്കുന്ന സമീപനമാണ് ചർച്ചകളിൽ വന്നിട്ടുള്ളത്. പൊതുവായ കുറച്ച് രാഷ്ട്രീയ കാര്യങ്ങൾ തന്നെയായിരിക്കും സ്വാഭാവികമായും പിന്നീട് പറയുന്നത്. സഭയിൽ രാഷ്ട്രീയ കാര്യങ്ങൾ ചർച്ച ചെയ്യുന്നത് വളരെ പ്രധാനപ്പെട്ട കാര്യംതന്നെയാണ്. ഇവിടെ ആകെ 8 അംഗങ്ങൾ മാത്രമാണ് സംസാരിച്ചത്. ബഹുമാനപ്പെട്ട മെമ്പർമാരെല്ലാം കേരളത്തിലെ വിവിധ മേഖലകളിലെ നേട്ടങ്ങളെപ്പറ്റി പറഞ്ഞിരുന്നു. രാഷ്ട്രീയമായി ഈ ബില്ലിനെ എതിർക്കുക, രാഷ്ട്രീയ നിലപാടുകളെ എതിർക്കുകയെന്ന സമീപനം ഇതിന്റെ ഭാഗമായി വന്നിട്ടുണ്ട്. മുമ്പ് പറഞ്ഞ കാര്യങ്ങൾ എന്തെങ്കിലും നടപ്പിലാക്കിയോയെന്നും അതൊന്നും കാണാനില്ലെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. കുറുക്കോളി മൊയ്തീൻ ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹം സ്വന്തം നിയോകമണ്ഡലത്തിലൂടെയോ റോഡിലൂടെയോ അല്ലെങ്കിൽ

ട്രെയിനിലൂടെയോ വരുമ്പോൾ കേരളത്തിലാകെ ഒന്നുംകാണാൻ കഴിയുന്നില്ലെങ്കിൽ പറഞ്ഞിട്ട് കാര്യമില്ല. അദ്ദേഹത്തിന്റെ നാട്ടിലെ സ്കൂളിലോ ആശുപത്രിയിലോ മറ്റ് പരിപാടികൾക്ക് പങ്കെടുക്കാൻ പോകുമ്പോഴോ ഒന്നുംകണ്ടിട്ടില്ലായെങ്കിൽ ഇനി അദ്ദേഹത്തെ കാണിച്ച് ബോധ്യപ്പെടുത്താൻ സാധിക്കുമോയെന്ന് എനിക്ക് സംശയമുണ്ട്. അത്രയേറെ സ്കൂളുകളും കോളേജുകളും ആശുപത്രികളും റോഡുകളുമടക്കം പൊതുവിലുണ്ടായ മാറ്റം അദ്ദേഹത്തിന് കാണാൻ സാധിക്കുന്നില്ലെന്ന് പറയരുത്. നിലവിലുള്ള കാര്യങ്ങളിൽ ചില വിമർശനങ്ങൾ ഉന്നയിക്കാം. പക്ഷേ ഒന്നുമേ ഇവിടെ നടന്നിട്ടില്ലെന്ന് പറഞ്ഞാൽ അദ്ദേഹത്തിന്റെ കൂടെയിരിക്കുന്ന ആളുകളും അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലുള്ള ആളുകളും വിശ്വസിക്കുമോയെന്നാണ് എന്റെ സംശയം. കർഷകർക്ക് 150 ശതമാനം ഉൽപാദന ചെലവ് കൊടുക്കാമെന്ന് ഒരു മാനിഫെസ്റ്റോയിലും പറഞ്ഞിട്ടില്ല. വേണമെന്നുള്ള കാഴ്ചപ്പാട് നമ്മൾ മുന്നോട്ടുവയ്ക്കുകയാണ് ചെയ്തത്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി റബ്ബറിന്റെ വില 250 രൂപയാക്കണമെന്നതുൾപ്പെടെ കൃത്യമായി പറഞ്ഞിട്ടുണ്ട്. കാരണം, അതാണ് കാർഷിക മേഖലയിൽ വേണ്ടത്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് നടപ്പിലാക്കണം. കേന്ദ്രഗവൺമെന്റ് അതിൽ

നിലപാട് എടുക്കണമെന്ന് പറഞ്ഞു. അദ്ദേഹം കാർഷിക മേഖലയെക്കുറിച്ച് പറഞ്ഞതുകൊണ്ട് അതുസംബന്ധിച്ച ക്ലാരിഫിക്കേഷൻ പറഞ്ഞുവെന്നേയുള്ളൂ. അഞ്ചുവർഷത്തേക്ക് വില വർധിപ്പിക്കില്ലെന്ന് പറഞ്ഞു. കഴിഞ്ഞ എട്ട് വർഷക്കാലമായി സപ്ലൈകോയിൽ ഒരു വിലയും വർധിപ്പിച്ചിട്ടില്ല. എവിടെയാണ് എട്ട് വർഷക്കാലം ഒരേ വിലയ്ക്ക് സാധനം കൊടുക്കാൻ കഴിയുന്നത്; ഞങ്ങൾ അഞ്ച് വർഷത്തേയ്ക്കാണ് പറഞ്ഞതെങ്കിലും എട്ട് വർഷമായപ്പോഴാണ് പുനഃപരിശോധിച്ചത്. ശാസ്ത്രീയമായി എട്ട് വർഷക്കാലം ഒരേ വില നിലനിർത്താൻ സാധിക്കുമോ; വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനും മറ്റ് കാര്യങ്ങൾക്കുമൊക്കെ വലിയ തോതിലുള്ള കാര്യങ്ങൾ ഈ സംസ്ഥാനത്ത് നടക്കുന്നുണ്ടെന്ന് മനസ്സിലാക്കണം. കേന്ദ്രം ബി.ജെ.പി. ഭരിക്കുന്ന ഗവൺമെന്റാണ്. അവരുടെ നീതി ആയോഗിന്റെ എല്ലാ പഠനങ്ങളിലും വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യത്തിലും ക്രമസമാധാന കാര്യത്തിലും മറ്റ് എല്ലാ കാര്യത്തിലും സംസ്ഥാന ഗവൺമെന്റ് ഒന്നാം സ്ഥാനം അല്ലെങ്കിൽ രണ്ടാം സ്ഥാനമാണ് നേടുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യങ്ങളും പൊതുവായ ക്രമസമാധാനത്തിന്റെ കാര്യങ്ങളും മറ്റ് കാര്യങ്ങളൊക്കെ ഇതിൽ ഉൾപ്പെടുന്നുണ്ട്. അത് ഈ കേരളാ ഗവൺമെന്റിന്റെ ഒരു പ്രത്യേകതയാണ്. ഇന്ന് രാവിലെ ഇവിടെ

അവതരിപ്പിച്ച നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം, ഈ സംസ്ഥാനത്തിന്റെ രാഷ്ട്രീയ അന്തരീക്ഷമായതുകൊണ്ടല്ലേ, എൽ.ഡി.എഫ്. ഗവൺമെന്റ് ആയതുകൊണ്ടല്ലേ ആ വിഷയം ഇവിടെ രണ്ട് മണിക്കൂർ ചർച്ച ചെയ്തത്. സംസ്ഥാനത്തെ ജനങ്ങളെയും സമൂഹത്തെയും പൊതുവിൽ ബാധിക്കുന്ന കാര്യങ്ങൾ രാഷ്ട്രീയ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യാത്ത ഒരു സമീപനമല്ല നമ്മൾ സ്വീകരിക്കുന്നത്. അതുകൊണ്ടാണ് ആ തരത്തിൽ പൊതുവിൽ എല്ലാ മേഖലകളിലും മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുള്ളത്. 2500 രൂപ പെൻഷനാക്കുമെന്ന് നിങ്ങൾ പറഞ്ഞില്ലേ? അങ്ങനെ ചെയ്തോ; അങ്ങ് പറഞ്ഞപ്പോൾ ഒരു കാര്യം കൂടി പറയണമായിരുന്നു. 50000-57000 കോടി രൂപയും ലഭിച്ചുകൊണ്ടിരുന്നത് വെട്ടിക്കുറച്ചത് ഇതേ സമയത്തെ കേന്ദ്ര ഗവൺമെന്റല്ലേ; സാമ്പത്തിക ഉപരോധം നടപ്പിലാക്കിയില്ലേ; അക്കാര്യങ്ങളെപ്പറ്റി രണ്ട് വാക്ക് പറഞ്ഞാൽ മനസ്സിലാകും. ഇത്രയേറെ ബാധ്യതകളുണ്ടാക്കിയിട്ടും നമ്മൾ പിടിച്ച് നിൽക്കുന്നത് എങ്ങനെയാണ്; എപ്പോഴും ആവർത്തിച്ച് പറയുന്ന കാര്യമാണിത്. ആവർത്തന വിരസതകൊണ്ടാണ് ഞാൻ അതിനെക്കുറിച്ച് അധികം സംസാരിക്കാത്തത്. 47000 കോടി രൂപ തനത് നികുതി വരുമാനവും തനത് ടാക്സ്/നോൺ ടാക്സ് റവന്യൂവും ചേർത്ത് 54000 കോടി

രൂപയുണ്ടായിരുന്ന ഒരു സമയത്താണ്, കോവിഡ് കാലഘട്ടം കഴിഞ്ഞ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. ആ 47,000 കോടി രൂപ ഇപ്പോൾ 80,000 കോടി രൂപയിലേയ്ക്കെത്തും. അതാണ് ഈ വർഷത്തെ ബജറ്റ് എന്നാണ് നമ്മുടെ റിവേഴ്സ്ഡ് എസ്റ്റിമേറ്റ്. നോൺ ടാക്സ് കൂടിവരുമ്പോൾ അത് ഏകദേശം ഒരുലക്ഷം കോടി രൂപയിലേയ്ക്ക് എത്തുകയാണ്. അത് അൻപതും അറുപതും ശതമാനമായി വർധിപ്പിച്ചതുകൊണ്ടല്ലേ നമുക്ക് പിടിച്ച് നിൽക്കാൻ സാധിച്ചത്. ഇന്ത്യയിൽ കഴിഞ്ഞ മൂന്നുവർഷക്കാലമായി നമുക്ക് ഒരേ കണക്കിൽ മാത്രമെ സാമ്പത്തികം ചെലവാക്കാൻ സാധിക്കുകയുള്ളൂ. അത്രയ്ക്ക് കേന്ദ്രം കട്ട് ചെയ്യുകയായിരുന്നു. ഒരു ലക്ഷത്തി അറുപതിനായിരം കോടിരൂപയ്ക്ക് അടുത്തായിരുന്നു മൂന്ന് വർഷക്കാലം സാമ്പത്തിക ചെലവ് നടത്താൻ സാധിച്ചത്. വരവും ചെലവും അതിൽനിന്നു. ഈ വർഷം അത് ഒരു ലക്ഷത്തി എഴുപത്തിയെണ്ണായിരം കോടി രൂപയിലേക്ക് പോകുകയാണ്. അടുത്തവർഷം 2,00,354 കോടി രൂപയുള്ള ബജറ്റാണ് അവതരിപ്പിച്ച് പിരിഞ്ഞത്. അതിന്റെ വിശദമായ ചർച്ചകൾ അടുത്ത ദിവസങ്ങളിൽ നടക്കുകയാണ്. അങ്ങനെ നടക്കുന്ന സംസ്ഥാനത്ത്, കേന്ദ്രത്തിന്റെ ഇത്രയും വലിയ സാമ്പത്തിക ഉപരോധമുണ്ടെന്നുള്ളത് കേരളം മാത്രമല്ല പറയുന്നത് കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളുൾപ്പെടെ ആ പ്രശ്നം വളരെ

സജീവമായി പറയുകയാണ്. തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ കേന്ദ്രത്തിന്റെ ഈ സമീപനത്തിനെതിരെ ശക്തമായ പ്രതിഷേധം കൊണ്ടുവരുന്നുണ്ട്. 'ഒരു രാജ്യം ഒരു ഭാഷ' 'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്' തുടങ്ങിയ കാര്യങ്ങൾക്കെതിരെ സംയുക്തമായാണ് നമ്മൾ നീങ്ങുന്നത്. നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വച്ചല്ലേ യു.ജി.സി.-യുടെ നിലപാടുകൾക്കെതിരെ, യു.ജി.സി. നിയമങ്ങൾ മാറ്റുന്നതിനും കേന്ദ്രഗവൺമെന്റ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ കടന്നു കയറാൻ ശ്രമിക്കുന്നതിനുമെതിരെ വിവിധ സംസ്ഥാനങ്ങളിലെ മന്ത്രിമാർ ഉൾപ്പെടെയുള്ളവർ പങ്കെടുത്തുകൊണ്ടുള്ള പ്രതിഷേധം നടന്നത്. അതിൽ ബഹുമാന്യരായ തെലുങ്കാന ഉപമുഖ്യമന്ത്രി, കർണാടക വിദ്യാഭ്യാസ വകുപ്പുമന്ത്രി, തമിഴ്നാട് വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നിവരുൾപ്പെടെയുള്ളവർ പങ്കെടുത്തില്ലേ; കേന്ദ്രത്തിന്റെ നിലപാടുകൾക്കെതിരെയും സംസ്ഥാനത്തെ ബാധിക്കുന്ന അടിസ്ഥാനപരമായ നിലപാടുകൾക്കെതിരെയും ഈ ചർച്ചയിൽ പരാമർശിക്കാമായിരുന്നുവെന്നാണ് എന്റെ അഭിപ്രായം.

(തുടരും)

P. 03.03.2025
LJ/AY -(2)
04.00-04.10 (SV)

(ശ്രീ. കെ. എൻ. ബാലഗോപാൽ തുടർച്ച....)

ഇവിടെ ആശാ വർക്കേഴ്സിന്റെ കാര്യവും അദ്ദേഹം എടുത്തുപറയുകയുണ്ടായി. അതിലും ധാരാളം ചർച്ച നടക്കുന്നു. സമരം ചെയ്യാൻ അവകാശമുള്ളതിനാൽ സമരം ചെയ്യുന്ന ആർക്കും ഞങ്ങളെതിരല്ല. ആ സമരങ്ങളൊന്നും കാണാതിരിക്കില്ല; പക്ഷേ വസ്തുതയെന്താണെന്ന് എല്ലാവരും മനസ്സിലാക്കണം. കുറച്ച് കാര്യങ്ങളൊക്കെ മനസ്സിലാകുന്നുണ്ടെന്ന് തോന്നുന്നു. ഇക്കാര്യത്തിൽ ഞങ്ങൾ പറഞ്ഞതെന്താണ്? കഴിഞ്ഞ പ്രീ ബജറ്റ് കൺസൾട്ടേഷൻ മീറ്റിംഗിൽ രാജസ്ഥാനിലെ ജയ്സാൽമറിൽ വച്ച് 20-12-2024-ൽ കേന്ദ്ര ഗവൺമെന്റിന് സംസ്ഥാനം നൽകിയ മെമ്മോറാണ്ടമാണ് എന്റെ കയ്യിലിരിക്കുന്നത് (ബുക്ക് ഉയർത്തിക്കാട്ടി). ആ മെമ്മോറാണ്ടത്തിലെ 34-ാം പേജിൽ Traditional Sectors and scheme workers-ന്റെ കാര്യം പറയുന്നത് ഞാൻ വായിക്കാം. "Small scale industries like Cashew, Coir and Handloom which employ a significant number of women workers are facing challenges. Particularly the Cashew sector was severally

affected due to the depreciation of the Indian Currency. State specific packages are to be announced to protect these traditional sectors. We also reiterate our demand raised in the previous pre-budget consultation that the rate of honorarium for Anganavadi workers, Asha workers and other scheme workers also need to be enhanced appropriately. Rate of pension under National Social System Programme cooking cost in Mid-Day Meal Programme and government of India's contribution in housing schemes for the poor also have to be enhanced as they were fix a long time ago." ഇപ്രാവശ്യം മാത്രമല്ല കഴിഞ്ഞ പ്രീ ബജറ്റ് മീറ്റിംഗിലും ഇക്കാര്യം പറഞ്ഞുവെന്ന് അവിടെ പറഞ്ഞതാണ്. കേരളം മാത്രമല്ല; മറ്റ് സംസ്ഥാനങ്ങളൊക്കെ ഈ പ്രശ്നം അവിടെ ഉന്നയിച്ചിട്ടുണ്ട്. ഇവയാണ് ആശാ വർക്കേഴ്സിന്റെ കാര്യത്തിലുള്ളത്. കേന്ദ്രത്തിലുൾപ്പെടെ ഇപ്പോൾ ഒരു പ്രതിഷേധവും സമരവും ഏതെങ്കിലുമൊരു ഭാഗത്തുനിന്ന് വരുമെന്ന് കരുതിയിട്ട് കൊടുത്ത മെമ്മോറാണ്ടമല്ല. കഴിഞ്ഞ രണ്ടുതവണയായി കൊടുക്കുന്നതാണ്.

ഇന്ത്യയിലെ ആശാ വർക്കേഴ്സിന്റെ സ്ഥിതിയെന്താണ്?

വസ്തുതാപരമായി കാര്യങ്ങൾ മനസ്സിലാക്കണമെന്നുള്ളതുകൊണ്ടാണ് പറയുന്നത്. ഇപ്പോൾ അവർക്ക് ഓണറേറിയമായി 7,000 രൂപ ലഭിക്കുന്നുണ്ടെന്നുള്ളത് നമുക്കെല്ലാമറിയാം. അത് ഫിക്സഡ് ഓണറേറിയമാണ്. പിന്നെ മറ്റ് അലവൻസുംകൂടി ചേർന്നാണ് 13,200 രൂപ ലഭിക്കുന്നത്. 2011-12-ൽ ഓണറേറിയം 500 രൂപയായിരുന്നു.... ബിൽ ഏതായാലെന്താ? ചർച്ചയല്ലേ മറുപടി പറയുന്നത്. ധനവിനിയോഗ ബില്ലിനകത്ത് ചർച്ച ചെയ്ത നിങ്ങളുടെ മുസ്ലീം ലീഗിന്റെ നേതാവിനോട് ആ സമയത്ത് ചർച്ച ചെയ്യേണ്ടത് ഇതല്ലെന്ന് പറഞ്ഞില്ലല്ലോ?

ഓണറേറിയത്തിന്റെ കാര്യത്തിൽ, വി.എസ്. ഗവൺമെന്റിന്റെ അവസാന വർഷമായ 2011-12-ൽ 500 രൂപയായിരുന്ന ഓണറേറിയം 2012-13-ൽ 600 രൂപയായും 2013-14-ൽ 700 രൂപയായും 2014-15-ൽ 900 രൂപയായും

2015-16-ൽ 1,000 രൂപയായും മാറി. അതിനുശേഷം എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 2016-17-ൽ 1,500 രൂപയായും 2017-18-ൽ 2,000 രൂപയായും 2018-19-ൽ 4,000 രൂപയായും തുടർന്ന് കോവിഡുകാലത്ത് ധാരാളം ജോലികൾ ഏറ്റെടുക്കേണ്ടിവന്ന സാഹചര്യത്തിൽ 2019-20-ൽ 4,500 രൂപയായും 2020-21-ൽ 5,000

രൂപയുമായി വർധിപ്പിച്ചു. അതിനുശേഷം 2021-22-ൽ 6,000 രൂപയും 2022-23-ൽ 7,000 രൂപയായും വർധിപ്പിച്ചു; ഇതാണ് സ്ഥിതി. ആ വസ്തുത നിലനിൽക്കുമ്പോൾ ഇവർക്ക് നൽകുന്ന 7,000 രൂപയിൽ 60:40 വിഹിതം കേന്ദ്രത്തിൽനിന്ന് നമുക്ക് ലഭിക്കുന്നില്ല. കേന്ദ്രം ആ പറഞ്ഞതിനകത്ത് നിൽക്കുന്നതേയുള്ളൂ. ഞാൻ അതിന്റെ എല്ലാ കണക്കുകളും ഇവിടെ അവതരിപ്പിക്കുന്നില്ല.

മറ്റ് സംസ്ഥാനങ്ങളിൽ, പഞ്ചാബ് 2,500 രൂപ, ഹരിയാന 6,100 രൂപ, പശ്ചിമ ബംഗാൾ 5,250 രൂപ, മധ്യപ്രദേശ് 4,000 രൂപ, ആന്ധ്രാ പ്രദേശ് ഇൻസെന്റീവുൾപ്പെടെ 10,000 രൂപ (കഴിഞ്ഞ ദിവസമാണ് ഓർഡർ ഇറങ്ങിയത്), കർണാടകത്തിൽ 5,000 രൂപയായിരുന്നത് 10,000 രൂപയാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ ഇൻസെന്റീവ് ഉൾപ്പെടെ 13,000 രൂപയാണ് കൊടുക്കുന്നത്. രാജസ്ഥാനിൽ 1,650 രൂപയും ഉത്തർപ്രദേശിൽ 1,500 രൂപയും മഹാരാഷ്ട്രയിൽ 3,500 രൂപയും ബീഹാറിൽ 1,000 രൂപയുമാണ് കൊടുക്കുന്നത്. ബീഹാറിൽ 1000 രൂപയ്ക്കുപുറമേ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ 1000 രൂപ കൂടി കൊടുക്കുകയാണ് ചെയ്യുന്നത്. കേരളത്തിൽ ആശാ വർക്കർമാർക്ക് 'ആശാ കിരണം' എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഇവർക്ക്

പ്രസവാവധിയുൾപ്പെടെയുള്ള ആനുകൂല്യങ്ങളും നൽകുന്നുണ്ടെന്ന കാര്യം നേരത്തെ ആരോഗ്യവകുപ്പുമന്ത്രി പറഞ്ഞിരുന്നു.

ഇന്ത്യയിൽ ശക്തമായ CITU, INTUC തുടങ്ങിയ ട്രേഡ് യൂണിയനുകളുണ്ട്. സ്കീം വർക്കേഴ്സിന് കുറച്ചുകൂടി മിനിമം വേതനം നൽകുന്നതരത്തിലുള്ള ഇടപെടലുകളുണ്ടാകണമെന്ന കാര്യം ഈ ട്രേഡ് യൂണിയനുകൾ ഏറ്റവും ശക്തമായി ആവശ്യപ്പെടുന്നുണ്ട്. സി.പി.ഐ.(എം.)-ഉം ഇടതുപക്ഷ മുന്നണിയും CITU-ഉം മാത്രമല്ല ഇന്ത്യയിലെ മറ്റ് ഉത്തരവാദപ്പെട്ട ട്രേഡ് യൂണിയനുകളും ഇതുപറയുന്നുണ്ട്. സ്കീം വർക്കേഴ്സിന് കുറച്ചുകൂടി വേതനം വർധിപ്പിക്കണമെന്നത് കഴിഞ്ഞ 15 വർഷം മുമ്പ് തീരുമാനിച്ച കാര്യമാണെന്ന് എല്ലാവരും പറയുന്നുണ്ട്. ഇത് വസ്തുതയല്ലേ? അങ്ങുൾപ്പെടെ രണ്ടുപേർ സഭയിൽ പരാമർശിച്ച വിഷയമായതുകൊണ്ട് അക്കാര്യം സഭാ രേഖയിൽ വരികയും അതിന് മറുപടി പറയാതിരിക്കുന്നത് ഉചിതമല്ല എന്നതുകൊണ്ടുമാണ് ഞാനിത് പറഞ്ഞത്; അല്ലെങ്കിൽ ഇതിവിടെ പറയേണ്ട കാര്യമില്ല. ഇക്കാര്യത്തിൽ നിലപാടെടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് നിരന്തരമായി കേരളം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ കേന്ദ്രം അതിന് തയ്യാറായിട്ടില്ല; തയ്യാറാകേണ്ടതാണ്.

കേന്ദ്രമന്ത്രിയായ കേരളത്തിലെ പ്രമുഖനായ ബി.ജെ.പി. നേതാവ് കഴിഞ്ഞദിവസം ആശാ വർക്കർമാർക്ക് കുടയും കോട്ടും വാങ്ങികൊടുത്തു. ഈ വിഷയത്തിൽ പ്രധാനമന്ത്രിയെ കാണാനായി മാത്രമാണ് ഡൽഹിയിൽ പോകുന്നതെന്നാണ് അദ്ദേഹം അവരോട് പറഞ്ഞത്. അദ്ദേഹം പ്രധാനമന്ത്രിയോട് ആ വിഷയം പറയാൻ പോയത് നല്ലകാര്യമാണ്. മറ്റുള്ള എം.പി.-മാരൊക്കെ പാർലമെന്റ് സെഷനമാത്രമാണ് കേന്ദ്രത്തിലേക്ക് പോകുന്നത്. എന്നാൽ അദ്ദേഹം ഇക്കാര്യം പറയാനായി പോകുകയാണെന്ന് പറഞ്ഞാണ് കഴിഞ്ഞദിവസം പോയത്. ആര് പോയി പറഞ്ഞാലും സ്കീം വർക്കേഴ്സിന്റെ കാര്യത്തിൽ കുറച്ചുകൂടി വേതന വർധന വരുത്തേണ്ടതാണ്.

കേന്ദ്ര ഗവൺമെന്റിന്റെ ഇക്കഴിഞ്ഞ ബജറ്റുകൾ തുടർച്ചയായി പരിശോധിച്ചാൽ വൻതോതിലുള്ള വെട്ടിക്കുറവാണ് ആശാ വർക്കേഴ്സ് അടക്കമുള്ള മേഖലകളിൽ കാണുന്നത്. അതിന്റെ കണക്കുകളെല്ലാം പറയുന്നില്ല. 2021-22-ൽ 71,269 കോടി രൂപയായിരുന്നു ആരോഗ്യമേഖലയിൽ വകയിരുത്തിയത്. NHM (National Health Mission)-ന് വകയിരുത്തിയത് 36,576 കോടി രൂപയാണ് അതായത് 51.32%. അത് 2022-23 ആയപ്പോൾ 34.77 ശതമാനമായും 2023-24-ൽ 33.75 ശതമാനമായും കുറഞ്ഞു.

2024-25-ൽ 41 ശതമാനമാകുകയും ഈ വർഷത്തെ പ്രൊപ്പോസൽ പ്രകാരം അത് 38 ശതമാനമായും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതാണ് കേന്ദ്ര ഗവൺമെന്റ് ഈ മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. പൊതുവായ ഒരു ഇൻഫർമേഷനുവേണ്ടിയാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്.

കേന്ദ്ര ഗവൺമെന്റ് ഇത്തരം സ്കീമുകളോട് അടിസ്ഥാനപരമായി സ്വീകരിക്കുന്ന ഒരു സമീപനമുണ്ട്. അതിനുശേഷം ഇവിടെ വന്ന് ഞങ്ങളിത് ചെയ്യാം എന്നുപറയുന്ന ബി.ജെ.പി.-യുടെ ഇരട്ടത്താപ്പുമുണ്ട്. സാധാരണ തൊഴിലാളികളെന്ന നിലയിൽ സ്കീം വർക്കേഴ്സിന് കുറച്ചുകൂടി ആനുകൂല്യങ്ങൾ നൽകുന്നതിന് സംസ്ഥാന ഗവൺമെന്റിന് ഒറ്റയ്ക്ക് കഴിയാത്തതിനാൽ കേന്ദ്രത്തിൽനിന്നും വിഹിതം ലഭിക്കണമെന്നാണ് ഞാനിവിടെ പറയുന്നത്.

സഭയിൽ നേരത്തെ നടന്ന വിശദമായ ചർച്ചയുടെ ഭാഗമായി എല്ലാവരും സംസാരിക്കുകയും ചർച്ചയുടെ അവസാനം പ്രതിപക്ഷനേതാവും മുഖ്യമന്ത്രിയും പ്രസംഗിക്കുകയും ചെയ്തു. തുടർന്ന് അതേ കാര്യംതന്നെ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ആവർത്തിച്ചതിന് ഞാൻ മറുപടി പറയുന്നില്ല. നമ്മൾ തന്നെ ഇക്കാര്യങ്ങൾ പറയുമ്പോൾ ആളുകളെന്താണ് വിശ്വസിക്കേണ്ടത്. ഇന്ന് അദ്ദേഹം പറഞ്ഞ ഒരു കാര്യത്തിനുമാത്രം ഞാൻ മറുപടി പറയാം. അദ്ദേഹം ഒരു ഗ്രാമീണ യാത്രനടത്തിയപ്പോൾ

കാട്ടിൽനിന്നും ഒരു കുട്ടിയെ എടുത്ത് നാട്ടിൽ കൊണ്ടുവന്നുവെന്നുപറഞ്ഞു, അതെല്ലാം നല്ല കാര്യമാണ്. പക്ഷേ അതിൽ അദ്ദേഹം വളരെ ക്രിമിനലായ ഒരു negligence കാണിച്ചിട്ടുണ്ട്. അദ്ദേഹം ഒരു എ.സി. മെക്കാനിക്കിന്റെ വീട്ടിൽ പോയ സമയത്ത് ആ ഗ്രാമത്തിലുള്ള എല്ലാ ചെറുപ്പക്കാർക്കും തൊഴിൽ ലഭിക്കുന്നുണ്ടോയെന്ന അന്വേഷണത്തിൽ, തൊഴിലിന് ആളെ കിട്ടുന്നില്ലെന്ന വിവരമാണ് ലഭിച്ചത്. അതിന്റെ കാരണം അന്വേഷിച്ചപ്പോൾ അവരെല്ലാം എം.ഡി.എം.എ. കടത്താൻ പോകുകയാണെന്നാണ് അദ്ദേഹം അറിഞ്ഞത്. ഇതറിഞ്ഞ സ്ഥിതിക്ക് മുഖ്യമന്ത്രി പറഞ്ഞ നമ്പരിൽ രഹസ്യമായി വിളിച്ചുപറയണമായിരുന്നു. നിങ്ങളെപ്പോലെ വളരെ റെസ്പോൺസിബിളായ ആളുകൾ സഭയിൽ സംസാരിക്കുമ്പോൾ.... എം.ഡി.എം.എ. കടത്താൻ അവിടെയുള്ള ചെറുപ്പക്കാർ കമ്പോളത്തിൽ പോയാൽ 3000, 4000, 5000 രൂപ വരെ കിട്ടുമെന്നും, അവരത് കടത്താൻ പോകുകയാണെന്ന് പറയുമ്പോൾ.... ചിലപ്പോൾ ആളുകൾ അങ്ങനെ പോയിട്ടുണ്ടാകും. പക്ഷേ നിങ്ങളെപ്പോലെ ഉത്തരവാദിത്വമുള്ള ജനപ്രതിനിധികൾ ഇതറിഞ്ഞാൽ രഹസ്യമായി അധികൃതരെ വിളിച്ചുപറയണം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാനിത് വളരെ

യാഥാർഥ്യമായി പറഞ്ഞൊരു കാര്യമാണ്. അതായത് പല ചെറുപ്പക്കാരും എം.ഡി.എം.എ.-ക്കും ഇതുപോലുള്ള ബിസിനസ്സ് കേന്ദ്രത്തിലേക്കും മാറിക്കൊണ്ടിരിക്കുന്ന സാഹചര്യം കേരളത്തിലുള്ളതിനാൽ അങ്ങിത് സീരിയസായി കാണണം. പെരുമ്പാവൂർ എക്സൈസ് ഉദ്യോഗസ്ഥരുടെ അടുത്ത് ഞാനിക്കാര്യം പറഞ്ഞിട്ടുണ്ട്. ഒരു ദിവസം കഞ്ചാവ് വിൽക്കുന്ന ഒരാളെ ഞാൻ പിടിച്ച് എക്സൈസിൽ ഏൽപ്പിച്ചു. എന്നാൽ പിന്നീട് ഞാൻ നോക്കിയപ്പോൾ അയാൾ കഞ്ചാവ് റോഡിൽ വിറ്റുകൊണ്ടിരിക്കുകയാണ്. എക്സൈസുകാർ അയാളെ കൊണ്ടുപോയി 10 മിനിറ്റിനകം അയാൾ തിരികെ വരികയും വീണ്ടും വില്പന നടത്തുകയുമാണുണ്ടായത്. ഇതാണ് ഇവിടത്തെ അവസ്ഥ.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഞാൻ മറുപടി പറയാൻ വേണ്ടി വെറുതെ പറഞ്ഞതല്ല. അപ്രകാരമുള്ള വിവരങ്ങൾ അറിയുകയോ കാണുകയോ ചെയ്യുന്നുണ്ടെങ്കിൽ ആ വിവരം അധികൃതരെ അറിയിക്കണം. പ്രത്യേകിച്ച് പെരുമ്പാവൂരിൽ നമ്മുടെ സംസ്ഥാനത്തുനിന്നും മാത്രമല്ല; അന്യസംസ്ഥാന തൊഴിലാളികളും ധാരാളം വരുന്നതിനാൽ, അവിടെയൊരാൾ എം.എൽ.എ. ആയി അല്ലെങ്കിൽ മന്ത്രിയായി പ്രവർത്തിക്കുന്നുവെങ്കിലും അവർക്ക് പ്രശ്നമില്ല. അത്തരം കാര്യങ്ങളിൽ

കർശനമായ നിലപാടെടുത്തേ മതിയാകൂ. ഇവിടെ പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പുമന്ത്രിയുൾപ്പെടെ വിവരം കൊടുക്കും. പക്ഷേ ഇത്തരം ഒരു കാര്യം സരസമായി പറഞ്ഞതാണെങ്കിൽപ്പോലും ഇങ്ങനെ പോയിരിക്കുകയാണെന്ന് പറഞ്ഞതിൽ തുടർച്ച വരുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, പെരുമ്പാവൂർ അംഗം ഒരു വെളിപ്പെടുത്തൽ സഭയിൽ നടത്തിയിട്ടുള്ളതിനാൽ എക്സൈസ് ഉദ്യോഗസ്ഥരോട് അദ്ദേഹത്തിൽനിന്നും കൂടുതൽ വിവരങ്ങൾ തേടാനും തുടർനടപടികൾ സ്വീകരിക്കാനും നിർദേശം നൽകാം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ കൃത്യമായി ഗ്രാമയാത്ര നടത്തി ഒരു വീട്ടിലെത്തിയപ്പോൾ ഒരു എ.സി. മെക്കാനിക് പറഞ്ഞ സംഭവമാണിത്. അതെന്നെ സ്ട്രൈക്ക് ചെയ്തതിനാൽ നിയമസഭയിൽ അവതരിപ്പിക്കുകയാണ്. ധാരാളം എം.ഡി.എം.എ.-യും കഞ്ചാവുമടക്കമുള്ള മാരക രാസപദാർഥങ്ങളടങ്ങിയ മയക്കുമരുന്ന് വില്പന എല്ലായിടത്തും നടക്കുന്നുണ്ട്. എ.സി. മെക്കാനിക് പറഞ്ഞ മൊഴി വേണമെങ്കിൽ ഹാജരാക്കാം. ഇത് കൃത്യമായി ചെയ്തതാണ്. അങ്ങ് ഇത് പരിശോധിക്കേണ്ട

കാര്യമാണ്. ഞാനൊരു കഞ്ചാവ് വിൽപ്പനക്കാരനെ പിടിച്ച് കൊടുത്തത് ......

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത്തരം കാര്യങ്ങൾ എപ്പോൾ അറിഞ്ഞാലും നമ്മളത് ഫോളോ ചെയ്യണമെന്നേയുള്ളൂ. അതിന് എക്സൈസ് വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പറഞ്ഞോട്ടെ... ഇത്തരം കാര്യങ്ങൾ ചെയ്യുന്ന ആളുകളെയും ഇത്തരം കാര്യങ്ങളെയും പിടിക്കണം. ഇതുപോലുള്ള കാര്യങ്ങൾ സീരിയസായി എടുക്കുന്നതിന്റെ ഒരു വിഷയം പറഞ്ഞെന്നേയുള്ളൂ. കേരളത്തിലെ എല്ലാ ചെറുപ്പക്കാരും ജോലിക്കുപോകുന്നില്ലെന്നും ഇതുപോലെ എം.ഡി.എം.എ. കടത്താൻ പോകുന്നവരെന്നും അങ്ങിവിടെ ഒരു ആക്ഷേപഹാസ്യത്തിൽ പറഞ്ഞതാണെങ്കിലും അതിനൊരു മറുവശമുണ്ടെന്നുള്ളതുകൊണ്ട് ഞാൻ പറഞ്ഞുവെന്നേയുള്ളൂ. എന്തായാലും ഈ കാര്യങ്ങൾ നമുക്ക് സീരിയസായി എടുക്കണം.

ഈ ബിൽ പൊതുവെ സമവായം ആയതിനാൽ ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. 2025-ലെ കേരള ധനവിനിയോഗ ബിൽ അംഗീകരിക്കണമെന്നും പാസാക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

P 03-03-2025
PT-AY
4.10-4.20 (SV)

<u>ചെയർപേഴ്സൺ</u>: 2025-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ഉപക്ഷേപം സഭ ശബ്ദവോട്ടോടെ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടുംമൂന്നും വകുപ്പുകൾ</u>

(ഭേദഗതിയില്ല)

<u>ചെയർപേഴ്സൺ</u>: രണ്ടുംമൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

രണ്ടുംമൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടുംമൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, 2025-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

<u>ചെയർപേഴ്സൺ</u>: 2025-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ഡോ. ആർ. ബിന്ദു)

P 03-03-2025
PT-AY
4.10-4.20 (SV)

(2025-ലെ സർവകലാശാല ബില്ലുകളുടെ ചർച്ച)

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>):

സർ, ഈ സർക്കാരിന്റെ പ്രധാനപ്പെട്ട മേഖലയാണ് ഉന്നത വിദ്യാഭ്യാസ മേഖല. നവകേരള സൃഷ്ടിയുടെ ഭാഗമായി കേരളീയ സമൂഹത്തെ ഒരു നവ വൈജ്ഞാനിക സമൂഹമാക്കി മാറ്റിയെടുക്കുകയെന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ മുന്നിൽനിന്ന് നയിക്കേണ്ട മേഖലയാണ് ഉന്നത വിദ്യാഭ്യാസ മേഖല. അതുകൊണ്ട് പ്രഥമപരിഗണന നൽകി കൈകാര്യം ചെയ്യുന്ന ഒരു മേഖലയാണ് ഉന്നത വിദ്യാഭ്യാസ മേഖല. അതുമാത്രമല്ല, ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സ്കൂൾവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യ വിപുലീകരണവും അക്കാദമിക ഗുണമേന്മയും ഉറപ്പാക്കിയതിന്റെ ഒരു സ്വാഭാവിക തുടർച്ചയെന്ന നിലയിലാണ് ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ ഉയർത്തുന്നതിനാവശ്യമായ പരിഷ്കാരങ്ങൾ നടപ്പാക്കുന്നത്. സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഒന്നാം പിണറായി സർക്കാർ ആർജിച്ച മികവിന്റെ റെക്കോർഡ് ഉന്നത വിദ്യാഭ്യാസ മേഖലയിലും കൈവരിക്കുമെന്ന പ്രഖ്യാപനത്തോടുകൂടിയാണ് ഈ സർക്കാർ അധികാരത്തിൽ വന്നിട്ടുള്ളത്. അതിന് യോജിച്ചതരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ സർക്കാർ കഴിഞ്ഞ നാലുവർഷമായി നടപ്പാക്കിവരുന്നത്. കേരളത്തെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഒരു ഇന്റർനാഷണൽ ഹബ്ബാക്കി മാറ്റുമെന്നാണ് ബഹുമാനപ്പെട്ട

മുഖ്യമന്ത്രി സഭയ്ക്കകത്തും പുറത്തും പ്രഖ്യാപിച്ചിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി നിർദേശങ്ങൾ സമർപ്പിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ മൂന്ന് കമ്മീഷനുകളെ നിയോഗിച്ചിരുന്നു. ഈ കമ്മീഷനുകളുടെ റിപ്പോർട്ട് 2022-ൽ സർക്കാരിന് ലഭിച്ചിരുന്നു. ഈ നിർദേശങ്ങളിൽ ഭൂരിഭാഗവും നടപ്പാക്കിക്കഴിഞ്ഞുവെന്ന അഭിമാനം ഞാൻ ഇവിടെ പങ്കുവയ്ക്കുകയാണ്. രാജ്യത്തിനുതന്നെ മാതൃകയാകുന്ന തരത്തിൽ നാല് വർഷ ബിരുദ പ്രോഗ്രാം നടപ്പാക്കിയതും തൊഴിലും നൈപുണ്യവും ഉറപ്പുവരുത്തുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളും സ്കിൽ ഡെവലപ്മെന്റ് ആൻഡ് കരിയർ പ്ലാനിംഗ് സെൽ ഉൾപ്പെടെ സ്ഥാപിച്ചുകൊണ്ട് തൊഴിലും വിദ്യാഭ്യാസവും തമ്മിൽ നിലനിൽക്കുന്ന നൈപുണിയുടെ അപര്യാപ്തത നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചതും റെക്കോർഡ് വേഗത്തിൽ പരീക്ഷാഫലം ഉറപ്പുവരുത്തുന്ന തരത്തിൽ പരീക്ഷയുമായി ബന്ധപ്പെട്ട നടപടികളുടെ പരിഷ്കരണവും K-REAP (Kerala Resources for Education Administration and Planning) പദ്ധതിയും മികവിന്റെ കേന്ദ്രങ്ങളുടെ സ്ഥാപനവുമെല്ലാം ഈ കാലയളവിൽ നടത്തിയ വിവിധങ്ങളായ പരിഷ്കരണ ശ്രമങ്ങളാണ്. എന്നാൽ സർവകലാശാല നിയമങ്ങളിലും ചട്ടങ്ങളിലും

കാലഹരണപ്പെട്ട പല ഭാഗങ്ങളും നിലനിൽക്കുന്നുവെന്നത് ഇന്നത്തെ കാലത്തിന് അനുയോജ്യമായ വിധത്തിൽ നാം വിഭാവനം ചെയ്യുന്ന പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മാത്രമല്ല, ആധുനിക സർവകലാശാലകൾ പ്രവർത്തിക്കുന്നതിനാവശ്യമായ പല വ്യവസ്ഥകളും നമ്മുടെ സർവകലാശാല നിയമങ്ങളിൽ നിലവിൽ ഇല്ലെന്ന സ്ഥിതിയുമുണ്ട്. 1970-1980 കാലഘട്ടത്തിൽ രൂപീകൃതമായ നിയമങ്ങൾക്ക് കാലാനുസരണമായ പരിഷ്കാരങ്ങൾ ആവശ്യമുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഡോ. എൻ. കെ. ജയകുമാർ അധ്യക്ഷനായി നിയോഗിക്കപ്പെട്ട കമ്മീഷൻ പല രൂപത്തിലുള്ള പരിഷ്കാരങ്ങളും നിയമങ്ങളും ഇതുമായി ബന്ധപ്പെട്ട് നിർദേശിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടുതന്നെ ഏറ്റവും വേഗത്തിലും ലളിതമായും വിദ്യാർഥി സമൂഹത്തിന് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സേവനങ്ങൾ ഉറപ്പുവരുത്തുക, വികേന്ദ്രീകൃത ജനാധിപത്യ സംവിധാനം ശക്തിപ്പെടുത്തുക, ഉന്നത വിദ്യാഭ്യാസ പരിഷ്കരണ പ്രവർത്തനങ്ങളുടെ വേഗത വർധിപ്പിക്കുക, പൊതുസർവകലാശാലകളെ ശക്തിപ്പെടുത്തുക തുടങ്ങിയ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് സർവകലാശാല നിയമ ഭേദഗതി ബിൽ തയ്യാറാക്കിയിട്ടുള്ളത്. കമ്മിഷനുകൾ നിർദേശിച്ച രീതിയിൽ Ease of doing Higher Education, Dignified Students Life,

Dignified Teachers Life എന്നിവ ഉറപ്പുവരുത്താൻ ഈ നിയമ പരിഷ്കരണങ്ങളിലൂടെ ലക്ഷ്യം വയ്ക്കുന്നുണ്ട്. കാലിക്കറ്റ്-കേരള സർവകലാശാലകളിൽ സെലക്ട് യോഗം ചേർന്നാൽ മാത്രമേ ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂവെന്ന വ്യവസ്ഥ നിലനിൽക്കുന്നതിനാൽ പഠനം പൂർത്തീകരിച്ച് ഡിഗ്രി സർട്ടിഫിക്കറ്റ് പ്രാപ്തമാകണമെങ്കിൽ സമയമെടുക്കുന്നുവെന്ന പ്രശ്നം ഒഴിവാക്കുന്നതിനായി ഈ അധികാരം സിൻഡിക്കേറ്റിന് നൽകുന്ന വ്യവസ്ഥ കൊണ്ടുവരാനുദ്ദേശിച്ചു. വിദ്യാർഥികളുടെയും അധ്യാപകരുടെയും 'rights and responsibilities' എന്ന വകുപ്പ് എല്ലാ സർവകലാശാലാ നിയമങ്ങളിലും ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ കൊണ്ടുവന്നതും ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ്.

പുതിയ കാലത്തിന്റെ കാമ്പസിനനുസൃതമായ പുതിയ സംവിധാനങ്ങൾ നമുക്ക് അനിവാര്യമാണ്. അവ കൊണ്ടുവരുന്നതിന് സഹായകരമായ വ്യവസ്ഥകൾകൂടി ഈ ഭേദഗതിയിൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. കോൺസ്റ്റിറ്റ്യുവന്റ് കോളേജ് ആരംഭിക്കുന്നതിനും Industry Academia Interface ശക്തിപ്പെടുത്തിക്കൊണ്ട് വ്യവസായ മേഖലയും വിദ്യാഭ്യാസ മേഖലയും തമ്മിലുള്ള കൊളാബറേഷൻ ഉറപ്പാക്കുന്നതിന് സെക്ഷൻ 8

കമ്പനികൾ ആരംഭിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോട് ചേർന്ന് റിസർച്ച് പാർക്കുകൾ ആരംഭിക്കുന്നതിനും ഇ-ഗവേർണൻസ് നടപ്പാക്കുന്നതിനും Rules of Business രൂപീകരിക്കുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഈ അമെന്റ്മെന്റിൽ നിർദേശിച്ചിട്ടുണ്ട്.

(തുടരും........)

P 03-03-2025
BL-AY-2
04.20-04.30 (SV)

(ഡോ. ആർ. ബിന്ദു...തുടർച്ച)

ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഇന്ന് എല്ലാ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. IQAC (Internal Quality Assurance Cell), കോളേജ് കൗൺസിൽ തുടങ്ങി നിലവിൽ കലാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന സംവിധാനങ്ങളെ നിയമത്തിന്റെ ഭാഗമാക്കാനും ഉദ്ദേശിക്കുകയാണ്. അതോടൊപ്പം ഗവേഷണ മേഖലയിലും കാലത്തിനനുസൃതമായ നിലയിൽ വലിയ മാറ്റങ്ങൾ ആവശ്യമാണ്. ഏറ്റവും പഴഞ്ചനായ ചട്ടങ്ങളാണ് ഗവേഷണ മേഖലയിൽ നിലനിൽക്കുന്നത്. ഗവേഷണ പ്രോജക്ട് ഏറ്റെടുക്കുന്ന അധ്യാപകർ സർവീസിൽനിന്നും വിരമിച്ചാൽപോലും അവരുടെ ആനുകൂല്യങ്ങൾ തടയപ്പെടുന്നൊരു

സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. അധ്യാപകർ ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോഴുണ്ടാകുന്ന പ്രതിസന്ധികളുടെ ഭാഗമായി അതിൽനിന്നും പിന്മാറാൻ കഴിയുന്ന തരത്തിലുള്ള വിമുഖത സ്വാഭാവികമായും ഉണ്ടാകുന്നു. അതുകൊണ്ടുതന്നെ പുതിയ കാലത്ത് ഗവേഷണം, ഇന്നൊവേഷൻ, കൊളാബറേഷൻ തുടങ്ങിയ മേഖലകൾക്ക് സർവകലാശാല സംവിധാനത്തിലുള്ള പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് പുതിയ ഗവേഷണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട ചില തീരുമാനങ്ങളും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തെ ഒരു ജനപക്ഷ വൈജ്ഞാനിക സമൂഹമായി പരിവർത്തനം ചെയ്തെടുക്കുകയെന്നത് സർക്കാരിന്റെ അജണ്ടകളിൽ സുപ്രധാനമായ കാര്യമായതുകൊണ്ട് ഗവേഷണാത്മകമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വലിയ പരിശ്രമമാണ് ഈ കാലയളവിൽ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായാണ് പുതിയ ഗവേഷണ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥയും കാലഹരണപ്പെട്ട ഓഡിറ്റ് നിയമങ്ങൾ പൊളിച്ചെഴുതുന്നതിനുള്ള വ്യവസ്ഥയും കൊണ്ടുവരാനുദ്ദേശിക്കുന്നത്. ഇവയെല്ലാം സംസ്ഥാനത്തെ പൊതുസർവകലാശാലകളെ കൂടുതൽ ശക്തിപ്പെടുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മിഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് സ്വകാര്യ സർവകലാശാല ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. കമ്മിഷൻ 2022-ലാണ് ഈ ശിപാർശ മുന്നോട്ടുവച്ചത്. എന്നാൽ പൊതു സർവകലാശാലകളെ ശക്തിപ്പെടുത്താനുള്ള കമ്മിഷന്റെ മറ്റ് നിർദേശങ്ങൾ നടപ്പാക്കുക എന്നതിനായിരുന്നു സർക്കാർ പ്രഥമ പരിഗണന നൽകിയത്. സ്വകാര്യ സർവകലാശാലകൾ പൊതുസർവകലാശാലകൾക്ക് ബദലായോ അവയ്ക്കുപകരമായോ ഈ സർക്കാർ കാണുന്നില്ല. പൊതു സർവകലാശാലകളെയും കോളേജുകളെയും ശക്തിപ്പെടുത്തുക എന്നതിനുതന്നെയാണ് സർക്കാരിന്റെ പ്രഥമ പരിഗണന. 2016 മുതൽ ഈ മേഖലയിൽ സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള ശക്തമായ ഇടപെടൽ അതിന്റെ തെളിവാണ്.

NAAC (National Assessment and Accreditation Council) അടക്കമുള്ള അക്രെഡിറ്റേഷൻ ഗ്രേഡിംഗിലും NIRF (National Institutional Ranking Framework), QS (QS World University Rankings), TIMES (Times Higher Education World University Rankings) പോലുള്ള റാങ്കിംഗിലും നമ്മുടെ സർവകലാശാലകൾ മികച്ച മുന്നേറ്റമാണ്

നടത്തിക്കൊണ്ടിരിക്കുന്നത്. രാജ്യത്തുതന്നെ ഏറ്റവും മികച്ച സ്റ്റേറ്റ് പബ്ലിക് യൂണിവേഴ്സിറ്റികളുടെ റാങ്ക് ലിസ്റ്റിൽ 9, 10, 11 റാങ്കുകൾ കേരള, കുസാറ്റ്, എം.ജി. സർവകലാശാലകൾ നേടി. കേരള, എം.ജി. സർവകലാശാലകൾക്ക് NAAC അക്രെഡിറ്റേഷൻ പ്രക്രിയയിൽ A++ ആണ് ലഭിച്ചത്. കുസാറ്റ്, കാലടി, കാലിക്കറ്റ് സർവകലാശാലകൾക്ക് A+ ലഭിച്ചു. 29 കോളേജുകൾക്ക് NAAC അക്രെഡിറ്റേഷനിൽ A++, 45 കോളേജുകൾക്ക് A+, 71 കോളേജുകൾക്ക് A ഗ്രേഡ് എന്നീ രീതിയിൽ ലഭിക്കുകയുണ്ടായി. മൊത്തം 145 കോളേജുകൾ A ഗ്രേഡിന് മുകളിലാണ്. ദേശീയ റാങ്കിംഗ് അനുസരിച്ച് രാജ്യത്തെ ഏറ്റവും മികച്ച 200 കോളേജുകളിൽ 42 എണ്ണം കേരളത്തിലാണ്. രാജ്യത്തെ 21 ശതമാനം മികച്ച കലാലയങ്ങൾ നമ്മുടെ ഈ കൊച്ചു കേരളത്തിലാണ് ഉള്ളതെന്നത് തീർച്ചയായും നമുക്ക് അഭിമാനം പകരുന്നു. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല നേടിയിട്ടുള്ള മുന്നേറ്റത്തിന്റെ നേർസാക്ഷ്യപത്രമായി നമുക്കിതിനെ കണക്കാക്കാവുന്നതാണ്. നീതി ആയോഗിന്റെ റിപ്പോർട്ടുപ്രകാരം രാജ്യത്ത് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ഏറ്റവുമധികം പണം ചെലവഴിക്കുന്ന സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. കഴിഞ്ഞ വർഷം ഉന്നത വിദ്യാഭ്യാസ വകുപ്പിനോടനുബന്ധിച്ചുള്ള സർവകലാശാലകളിൽമാത്രം 1824 കോടി രൂപ

ചെലവഴിച്ചിട്ടുണ്ട്. അതിനുമുമ്പുള്ള നാലുവർഷക്കാലത്ത് 6000 കോടി രൂപയാണ് കേരളം ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിന്യസിച്ചിട്ടുള്ളത്. സർക്കാർ നടത്തുന്ന ഇത്തരം ഇടപെടലുകളുടെ ഫലം കൂടിയാണ് റാങ്കിംഗിലും അക്രെഡിറ്റേഷനിലുമുള്ള നേട്ടങ്ങൾ. അതിനെ അടുത്ത തലത്തിലേയ്ക്ക് കൊണ്ടുപോകുന്നതിനുള്ള നടപടികളാണ് ഇപ്പോൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരുന്നത്.

സ്വകാര്യ മേഖലയോട് ആരോഗ്യകരമായ മത്സരം നടത്താനുള്ള ശേഷി ഇന്ന് നമ്മുടെ പൊതുസർവകലാശാലകൾക്കുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ട് അവയുടെ ശക്തീകരണത്തിന് മുൻഗണന കൊടുത്തുകൊണ്ടാണ് ഈ ഘട്ടത്തിൽ സ്വകാര്യ സർവകലാശാല ആരംഭിക്കാനുള്ള നടപടികളിലേക്ക് സർക്കാർ പ്രവേശിക്കുന്നത്. ഗവേഷണ രംഗത്ത് നൂതന പ്രവണതകൾ നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതിനും വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സ്വകാര്യ മൂലധനം ഉൾപ്പെടെ ഉപയോഗപ്പെടുത്തുന്നതിനും സ്വകാര്യ സർവകലാശാലയുടെ സഹായം കൂടി  ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഇതിന് സാമൂഹ്യ നിയന്ത്രണം ഏർപ്പെടുത്തുകയെന്നത് സർവപ്രധാനമായി കാണുന്നു. കൃത്യമായ സാമൂഹ്യ നിയന്ത്രണത്തിനുള്ള

സംവിധാനങ്ങളോടുകൂടിത്തന്നെയാണ് കേരളത്തിലെ സ്വകാര്യ സർവകലാശാലയുമായി ബന്ധപ്പെട്ട ബിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. നിലവിൽ രാജ്യത്തെ 27 സംസ്ഥാനങ്ങളിലായി 502 സ്വകാര്യ സർവകലാശാലകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യവും ഗൗരവതരമായ നിലയിൽ സാമൂഹ്യനീതി സങ്കല്പനങ്ങളുമെല്ലാം അടിസ്ഥാനപ്പെടുത്തി സർക്കാരിന്റെ നിയന്ത്രണാധികാരങ്ങൾ ഉറപ്പിച്ചുകൊണ്ട്, സ്റ്റേക്ക് ഹോൾഡേഴ്സിന്റെ അവകാശങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട്, ഏറ്റവും മെച്ചപ്പെട്ടതും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ എല്ലാ സാധ്യതകളും ഉറപ്പുവരുത്തുകയാണ് കേരളത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ചെയ്യുന്നത്. അതിന്റെ ഭാഗമായാണ് ഈ രണ്ട് ബില്ലുകളും കൊണ്ടുവന്നിട്ടുള്ളത്.

രാജ്യത്തിന് മാതൃകയാകുന്ന സ്വകാര്യ സർവകലാശാല നിയമമാകും കേരളത്തിന്റേത്. സംവരണം, പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസ് ഇളവ്, സ്കോളർഷിപ്പ്, വിദ്യാർത്ഥികളുടെ അവകാശങ്ങൾ, പരാതി പരിഹാര സംവിധാനങ്ങൾ, ആവശ്യമായ ഘട്ടങ്ങളിൽ സർക്കാരിന് ഇടപെടാനുള്ള അധികാരങ്ങൾ

എന്നീ വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിജ്ഞാന വിസ്ഫോടനത്തിന്റെ (Knowledge Explosion) യുഗത്തിൽ ആ പുതുചലനങ്ങൾ അതത് സന്ദർഭങ്ങളിൽ ഒപ്പിയെടുക്കാൻ പാകത്തിന് സംവേദന ക്ഷമതയുള്ള ഒരു സമൂഹമായി നമുക്ക് നിലനിൽക്കേണ്ടതുണ്ട്. വരുംതലമുറയ്ക്കുവേണ്ടി ലോകോത്തര നിലവാരത്തിലുള്ള പഠന സാഹചര്യങ്ങൾ കേരളത്തിൽ ഉറപ്പുവരുത്തുമെന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ തുടർച്ച കൂടിയാണ് ഈ ബില്ലുകൾ എന്നുള്ളതുകൊണ്ട് ഈ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപം പാസാക്കണമെന്ന് സവിനയം ഈ സഭയോട് അഭ്യർഥിക്കുകയാണ്.

(ശ്രീ. ടി. സിദ്ദിഖ്)

P 03-03-2025
BL-AY-2
04.20-04.30 (SV)

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ചില കാര്യങ്ങൾ സഭയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്.

വളരെ തെറ്റിദ്ധാരണാജനകമായ ഒരു ചിത്രം കാണിച്ച് ബഹുമാന്യനായ ഡോ. കെ. ടി. ജലീൽ നേരത്തെ സഭയിൽ സംസാരിക്കുകയുണ്ടായി. ലഹരിക്കെതിരായ കേരളത്തിന്റെ ഒരു വലിയ പോരാട്ടത്തിന് സംസ്ഥാന സർക്കാരിന്റെ വീഴ്ചകളും പാളിച്ചകളും ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രതിപക്ഷം കൊണ്ടുവന്ന നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ചർച്ചാവേളയിലായിരുന്ന ഒരു ഫോട്ടോ കാണിച്ച് അദ്ദേഹം പറഞ്ഞു, യൂത്ത് കോൺഗ്രസിന്റെ ഡൽഹി ഘടകം RTI Cell-ന്റെ ചെയർമാനായ ശ്രീ. തുഷാർ ഗോയൽ, ശ്രീ. കെ. സി. വേണുഗോപാലിന്റെ കൂടെനിൽക്കുന്ന ഫോട്ടോ കാണിച്ച് ഇതിനൊക്കെ നേതൃത്വം കൊടുക്കുന്നത്..... എന്നുപറഞ്ഞ് സംസാരിക്കുകയുണ്ടായി. അതിൽ യൂത്ത് കോൺഗ്രസിന്റെ ഡൽഹി ഘടകം RTI Cell ചെയർമാനായ ശ്രീ. തുഷാർ ഗോയലിനെ 2022 മാർച്ച് 24-ന് യൂത്ത് കോൺഗ്രസിന്റെ നാഷണൽ ചെയർമാനായി നിയമിച്ചു. പാർട്ടി വിരുദ്ധ നടപടികളുടെ പേരിൽ അദ്ദേഹത്തെ 2022 ഒക്ടോബർ 17-ന് യൂത്ത് കോൺഗ്രസിന്റെ എല്ലാ പദവികളിൽനിന്നും നീക്കം ചെയ്തു. അതിനേക്കാൾ ഏറ്റവും പ്രധാനപ്പെട്ട കാര്യം, 2023-മുതൽ അദ്ദേഹം ബി.ജെ.പി.-യിൽ ചേർന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് എന്നതാണ്. മാത്രമല്ല, അദ്ദേഹം ബി.ജെ.പി.-യുടെ മുതിർന്ന നേതാക്കളായ കേന്ദ്ര ഫിഷറീസ് വകുപ്പുമന്ത്രി

ശ്രീ. പർഷോത്തം രൂപാല, മുൻ കേന്ദ്രമന്ത്രി ഡോ. ഹർഷവർധൻ, ബി.ജെ.പി. ദേശീയ സെക്രട്ടറി ശ്രീ. അനിൽ ജെയിൻ എം.പി.-മാരായ ശ്രീമതി ബാൻസുരി സ്വരാജ്, ശ്രീ. റാംവീർ സിംഗ് ബിധൂരി എന്നീ നേതാക്കളുടെ അടുത്ത അനുയായി ആയി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

(തുടരും)

പി. 03.03.2025
റ്റി.ബി - പി.ആർ.(II)
4.30 - 4.40 (RC)

(ശ്രീ. ടി. സിദ്ദിഖ് തുടർച്ച.........)

അദ്ദേഹത്തിന്റെ ഫേസ്ബുക്കിലെ വിവിധ ബി.ജെ.പി. നേതാക്കളുമായുള്ള ഫോട്ടോകളാണ് എന്റെ കയ്യിലുള്ളത്. എന്നെ അതിശയിപ്പിക്കുന്ന ഘടകമതല്ല. ലഹരിക്കെതിരായി ബി.ജെ.പി.-യുമായുള്ള സി.പി.ഐ.(എം.)-ന്റെ അന്തർധാര വ്യക്തമാക്കുന്ന സംസാരമാണ് അദ്ദേഹം നടത്തിയതെന്നാണ് ഞാൻ പറയുന്നത്. കാരണം, കോൺഗ്രസിന്റെ ദേശീയ നേതാവായ ശ്രീ. കെ. സി. വേണുഗോപാലിനെ കോൺഗ്രസിലൂടെ കൊണ്ടുവന്ന് ഇങ്ങനെയൊക്കെ ആക്കിത്തീർക്കാൻ അദ്ദേഹത്തിന് സാധിച്ചു. ശ്രീ. കെ. സി. വേണുഗോപാൽ നിയമസഭാംഗമല്ലല്ലോ? ദേശീയതലത്തിൽ ശ്രീ. രാഹുൽഗാന്ധിയുടെ കൂടെ കോൺഗ്രസിനെ ശക്തിപ്പെടുത്താൻ കഠിനാധ്വാനം ചെയ്യുന്ന ആ വലിയ മനുഷ്യനെ കേരളത്തിന്റെ

നിയമസഭയിൽ കൊണ്ടുവന്ന് സത്യസന്ധമല്ലാത്ത കാര്യങ്ങൾ സംസാരിക്കുമ്പോൾ, ബഹുമാനപ്പെട്ട ചെയർതന്നെ അതിൽ ഇടപെടേണ്ടതായിരുന്നു. സത്യത്തിൽ ആ ഇടപെടലുണ്ടായില്ല. മാത്രമല്ല, ബി.ജെ.പി.-യിൽ ചേർന്ന കാര്യവും അവരുടെ നേതാക്കന്മാരുടെ പേരുകൾ മറച്ചുവച്ചും അദ്ദേഹം നടത്തിയ കാര്യങ്ങൾ പോലും സംസാരിച്ചത് വളരെ അനുചിതമായി. ലഹരിയുടെ കാര്യത്തിലും ബി.ജെ.പി.-യെ സംരക്ഷിക്കാനുള്ള ഡോ. കെ. ടി. ജലീലിന്റെ വ്യഗ്രത ഈ സഭയ്ക്ക് നല്ലതുപോലെ ബോധ്യപ്പെട്ടുവെന്ന് തന്നെയാണ് ഇതിലൂടെ വ്യക്തമാകുന്ന പ്രധാനപ്പെട്ട കാര്യം. ഞാൻ വിഷയത്തിലേയ്ക്ക് കടന്നുവരാം.

ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെയും കേരള സംസ്ഥാന സർവകലാശാല നിയമ പരിഷ്കരണ കമ്മീഷന്റെയും റിപ്പോർട്ടുകളിലെ സർവകലാശാല ചട്ടക്കൂടിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച ശിപാർശയുടെ അടിസ്ഥാനത്തിലെന്ന് പറഞ്ഞ് പ്രധാനപ്പെട്ട നിയമ ഭേദഗതിക്ക് നേതൃത്വം നൽകുകയാണ്. ഇവിടെ നമ്മൾ കാണേണ്ട ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. ഇന്ന് രണ്ട് ബില്ലുകൾ സഭയിൽ അവതരിപ്പിച്ചു. അതിൽ ഒന്നിൽ [2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ] വി.സി.-ക്ക്

പരമാധികാരം നൽകുന്ന വ്യവസ്ഥകളും മറ്റൊന്നിൽ [2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ] വി.സി.-യുടെ അധികാരം വളരെയധികം വെട്ടിക്കുറയ്ക്കുന്ന വ്യവസ്ഥകളുമാണുള്ളത്. ചാൻസലറായ ഗവർണ്ണർക്കുള്ള പരിമിതമായ അധികാരങ്ങളെക്കാളേറെ അധികാരങ്ങൾ പുതിയതായി പ്രോ-ചാൻസലറായ മന്ത്രിക്ക് നൽകുന്ന സംവിധാനം എന്നതാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട വസ്തുത. യു.ജി.സി.-യുടെ പുതിയ കരട് നിയമം ഇറങ്ങിയപ്പോൾ സർവകലാശാല വൈസ് ചാൻസലറുടെ നിയമനത്തിലുൾപ്പെടെ സംസ്ഥാനങ്ങളുടെ അവകാശങ്ങളും ഇടപെടലുകളും കവർന്നെടുക്കുന്നതരത്തിലായി കേന്ദ്ര സർക്കാരിന്റെ ഇടപെടൽ. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് അതായത് പ്രോ-ചാൻസലർക്ക് അമിതാധികാരവും, വൈസ് ചാൻസലറുടെ അധികാരത്തെ വെട്ടിക്കുറയ്ക്കലും, പ്രോ-ചാൻസലർക്കുള്ള അധികാരത്തെ കവർന്നെടുക്കലും, അതോടൊപ്പം പി.വി.സി.-ക്ക് അനിയന്ത്രിതമായ അധികാരം കൊടുക്കാനുമുള്ള നടപടികളുൾപ്പെടെ വ്യക്തമായി കാണാം. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സംഭവിച്ചിരിക്കുന്നതിന്റെ യാഥാർത്ഥ്യമെന്താണ്? 25 ശതമാനം ഓട്ടോണമി കേന്ദ്രം കവർന്നെടുത്തപ്പോൾ, 75 ശതമാനം ഓട്ടോണമി, അതായത്

സർവകലാശാലകളുടെ അടിസ്ഥാന പ്രമാണങ്ങളായ അക്കാഡമിക് ഓട്ടോണമിയും അഡ്മിനിസ്ട്രേറ്റീവ് ഓട്ടോണമിയും കവർന്നെടുത്ത് സർവകലാശാലകളുടെ ഔന്നിത്യത്തെ തകർക്കാൻ നേതൃത്വം കൊടുത്തിരിക്കുകയാണ് ഈ ബില്ലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും എന്ന് സൂചിപ്പിക്കുന്നതിൽ ഏറെ ഖേദമുണ്ട്. ഇതിലെ ഓരോ കാര്യവുമെടുത്ത് വിശദമായ തലത്തിലേയ്ക്ക് കടന്നുപോകുന്നില്ല. നിങ്ങൾ ആലോചിച്ചു നോക്കണം. സർവകലാശാലകളുടെ സ്വയംഭരണാവകാശം നിലനിർത്തുന്ന രീതിയിൽ അവയെ ശാക്തീകരിക്കാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുപകരം പ്രോ-ചാൻസലറായ വകുപ്പുമന്ത്രിക്ക് സർവകലാശാലയുടെ അക്കാഡമിക്-അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങളിൽ നേരിട്ട് ഇടപെടാനുള്ള സമ്പൂർണ്ണ അധികാരം നൽകുകയാണ് ചെയ്യുന്നത്. പ്രോ-ചാൻസലർക്കുള്ള അധികാരത്തെക്കുറിച്ച് ബില്ലിലെ ഖണ്ഡം 2(സി)-യിൽ പറയുന്നുണ്ട്. അതിൽ പുതുതായി ചേർക്കുന്ന വകുപ്പ് 8 (2)-ൽ "പ്രോ-ചാൻസലർ സന്നിഹിതനായിരിക്കുമ്പോൾ, ചാൻസലറുടെ അഭാവത്തിൽ സെനറ്റിന്റെ യോഗങ്ങളിലും സർവ്വകലാശാലയുടെ ഏതൊരു ബിരുദദാന ചടങ്ങിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്" എന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് വൈസ് ചാൻസലറെ അവിടെനിന്നും

ഗളച്ഛേദം ചെയ്തു. അതുപോലെ വകുപ്പ് 8(3) "പ്രോ-ചാൻസലർക്ക് സർവ്വകലാശാലയുടെ അക്കാഡമികവും ഭരണപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിവരവും വിളിച്ചുവരുത്താൻ അവകാശം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള അർത്ഥന സർവ്വകലാശാല പാലിക്കേണ്ടതുമാണ്" എന്നാണ്. ഇതിലൂടെ സമ്പൂർണ്ണമായ അധികാരം മന്ത്രിയായ പ്രോ-ചാൻസലറിലേയ്ക്ക് കൊണ്ടുവരികയാണ്. വകുപ്പ് 8(5), "പ്രോ-ചാൻസലർക്ക് അദ്ദേഹം നിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള വ്യക്തിയെക്കൊണ്ടോ വ്യക്തികളെക്കൊണ്ടോ സർവ്വകലാശാലയെയും അതിന്റെ കെട്ടിടങ്ങളെയും ലബോറട്ടറികളെയും ഉപകരണങ്ങളെയും സർവ്വകലാശാല പരിപാലിക്കുന്ന ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ;" അടുത്ത വാക്യം അടിവരയിടുകയാണ്, "കൂടാതെ പരീക്ഷകളെയും അദ്ധ്യാപനത്തെയും സർവ്വകലാശാല നടത്തിയിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ മറ്റു പ്രവൃത്തിയെയും സംബന്ധിച്ച് പരിശോധന നടത്തിപ്പിക്കുന്നതിനും സർവ്വകലാശാലയുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമോ സാമ്പത്തികപരമോ ആയ ഏതൊരു സംഗതിയുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സമാനരീതിയിൽ അന്വേഷണം നടത്തിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്."

അതായത് അവകാശം പ്രോ-ചാൻസലർക്ക് നൽകുകയാണ്. പിന്നെ എന്തിനാണ് സർവകലാശാല; നിങ്ങളുടെ ഒരു ഡിപ്പാർട്ടുമെന്റാക്കി ഇതിനെ മാറ്റിയാൽ പോരേ; നിങ്ങൾ ഓട്ടോണമിക്കുവേണ്ടി വാദിക്കുന്നവരാണ്. നിങ്ങൾ സർവകലാശാലയുടെ അഡ്മിനിസ്ട്രേറ്റീവ് ഓട്ടോണമിക്കും അക്കാഡമിക് ഓട്ടോണമിക്കുംവേണ്ടി വാദിക്കുന്നവരാണ്. ഓട്ടോണമിയെ ഗളഛേദം ചെയ്ത് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഒരു സബ് ഡിപ്പാർട്ടുമെന്റാക്കി സർവകലാശാലയെ മാറ്റാൻ നേതൃത്വം കൊടുക്കുന്ന, ഏറെ ഖേദകരമായ, സർവകലാശാലയുടെ ചരിത്രത്തിൽ ഇതുവരെ കേട്ടുകേൾവിയില്ലാത്ത അധികാര കേന്ദ്രീകരണം പ്രോ-ചാൻസലർക്ക് നൽകാൻ ഇടവരുത്തുന്ന ഈ ബിൽ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും വലിയ ഗൗരവമായ ദുഃസ്വാധീനങ്ങൾക്ക് ഇടവരുത്തുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. സിൻഡിക്കേറ്റ് നേരിട്ട് നിയമിക്കുന്ന പി.വി.സി.-ക്ക് അമിത അധികാരങ്ങൾ പുതിയ ബില്ലിൽ വ്യവസ്ഥ ചെയ്യുകയാണ്. 2018-ലെ യു.ജി.സി. റെഗുലേഷനിൽ പി.വി.സി.-യുടെ യോഗ്യത നിശ്ചയിച്ചിട്ടില്ല. 2025-ലെ പുതിയ കരട് ചട്ടത്തിൽ പി.വി.സി. തസ്തിക തന്നെ ഇവരൊഴിവാക്കി. അവർ അവരുടെ താൽപര്യങ്ങൾക്കും വ്യവസ്ഥകൾക്കും നേതൃത്വം കൊടുക്കുകയാണ്. അവർ

ഇതിന്റെ സാങ്റ്റിറ്റിയെ തകർക്കാൻ ശ്രമിക്കുന്നുണ്ടെന്ന് പറയുന്നതിൽ യാതൊരു തർക്കവുമില്ല. അവർ ഇതിനെ മുഴുവൻ വെട്ടി വിഴുങ്ങാൻ നേതൃത്വം കൊടുക്കുമ്പോൾ അതിനെ ഓട്ടോണമി എന്ന വജ്രായുധം ഉപയോഗിച്ച് ചെറുക്കുന്നതിനുപകരം, നിങ്ങൾ ഓട്ടോണമിയെ തകർത്ത് അതിനെ മുഴുവൻ വാരിപ്പിടിച്ച് നിയന്ത്രിക്കാനുള്ള പുതിയ സംവിധാനത്തിന് നേതൃത്വം കൊടുക്കുകയാണ്. വൈസ് ചാൻസലറിൽ നിക്ഷിപ്തമായ സിൻഡിക്കേറ്റ് സമിതികളുടെ അധികാരം ഉപയോഗിച്ച് അടിയന്തര സാഹചര്യങ്ങളിൽ വൈസ് ചാൻസലർ എടുക്കുന്ന തീരുമാനങ്ങൾ പ്രസ്തുത സമിതിക്ക് ബോധ്യപ്പെടാത്തപക്ഷം സർവകലാശാല ട്രിബ്യൂണലിന്റെ പരിഗണനയ്ക്ക് വിടണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. സർവകലാശാല ട്രിബ്യൂണൽ എന്തിനുവേണ്ടിയുള്ളതാണ്? സർവകലാശാല ട്രിബ്യൂണൽ അവിടെയുള്ള സർവീസ് മാറ്റേഴ്സ് കൈകാര്യം ചെയ്യുന്നതിനുള്ളതാണ്. സർവീസ് മാറ്റേഴ്സ് കൈകാര്യം ചെയ്യാനുള്ള ട്രിബ്യൂണലിലേയ്ക്ക് നിങ്ങൾ വി.സി.-യുടെ നിക്ഷിപ്തമായ അധികാരത്തെക്കൂടി ഘടിപ്പിക്കുകയാണ്. അത് എന്തിനാണ്? സ്വകാര്യ സർവകലാശാലയിൽ എല്ലാ സംവിധാനവും വി.സി.യുടെ കീഴിലാണ്. എന്നാൽ നമ്മുടെ പൊതുസർവകലാശാലകളിൽ വി.സി.-യെ ഗളഛേദം ചെയ്യുകയാണ്. ഇത് രണ്ടും തമ്മിൽ എങ്ങനെയാണ്

പൊരുത്തപ്പെടുന്നത്? എല്ലാം സർവകലാശാലകളാണല്ലോ; നിങ്ങൾ വിഭാവനം ചെയ്യുന്ന സ്വകാര്യ സർവകലാശാലകളിലും പൊതു സർവകലാശാലകളിലും വി.സി.-യുണ്ടല്ലോ; ഒരു സർവകലാശാലയിൽ സമ്പൂർണ്ണ അധികാരം വി.സി.-ക്ക്, മറ്റൊരു സർവകലാശാലയിൽ വൈസ് ചാൻസലർ എന്നുള്ളത് ഒരു നാമധേയം മാത്രം, മുഴുവൻ അധികാരവും അങ്ങയുടെ കൈയിലാണ്. സർവകലാശാല സിൻഡിക്കേറ്റ്, സെനറ്റ്, അക്കാഡമിക് കൗൺസിൽ തുടങ്ങിയ സമിതികളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചുമതലകൾ കരാർ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് നേരിട്ട് നിയമിക്കുന്ന രജിസ്ട്രാറിൽ നിക്ഷിപ്തമാക്കുകയാണ്. ഇങ്ങനെയൊക്കെ ചെയ്താൽ എന്താകും; ഒന്ന് ആലോചിക്കണം. കേരളത്തിലെ സർവകലാശാല പരീക്ഷകൾ സംബന്ധിച്ച്, കേരളത്തിലെ പി.എസ്.സി. പരീക്ഷകളെ സംബന്ധിച്ച്, കേരളത്തിലെ സർവകലാശാലയുടെ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് പരീക്ഷകൾ സംബന്ധിച്ച് ഇന്നലെകളിൽ കേരളത്തിലെ ഈ സർവകലാശാലകളിലും ഈ ഫ്ലോറിലും നടന്നതായ ചർച്ചകൾ സാക്ഷി നിർത്തിക്കൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നു: സർവകലാശാലയുടെ പരീക്ഷയുടെ അധികാര പ്രവർത്തനം മുഴുവൻ അങ്ങയുടെ കൈകളിലേയ്ക്ക് വന്നാൽ എന്താകും സർവകലാശാല

പരീക്ഷകളുടെ സാങ്റ്റിറ്റിയെന്ന് ചോദിച്ചാൽ അതിന് മറുപടി പറയണ്ടേ; ഇവർ സർവകലാശാലയെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്?

(ശ്രീ. ടി. സിദ്ദിഖ് തുടരും)

പി. 03-03-2025
ആർ.ആർ.-പി.ആർ.-II
4.40-4.50

(ശ്രീ. ടി. സിദ്ദിഖ് തുടർച്ച)

ബോർഡ് ഓഫ് സ്റ്റഡീസിന്റെ ചെയർമാനെ നിശ്ചയിക്കാനുള്ള വൈസ് ചാൻസലറുടെ അധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമാക്കി. സിലബസ് തയ്യാറാക്കുന്നതിന്റെയും പരീക്ഷ തീയതി നിശ്ചയിക്കുന്നതിന്റെയും ചുമതലയും സിൻഡിക്കേറ്റിനാണ്. ഇതെങ്ങനെയാണ് നടപ്പാകുന്നത്? സിൻഡിക്കേറ്റിലേയ്ക്ക് വരുന്നതിൽ ചില രാഷ്ട്രീയപരമായ കാര്യങ്ങളുണ്ട്. ഓരോ ബോഡികളിൽ നിന്ന് കടന്നുവരുന്നവരുണ്ട്. രാഷ്ട്രീയപരമായ കാര്യങ്ങളിലൂടെ കടന്നുവരുന്ന സിൻഡിക്കേറ്റിന് സിലബസ് തയ്യാറാക്കുന്നതിനും പരീക്ഷ നിശ്ചയിക്കുന്നതിനുമുള്ള അധികാരം കൈമാറിയാൽ സ്ഥിതിയെന്താകും; എന്ത് അവധാനതയാണ് ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഈ റാഡിക്കൽ ചെയിഞ്ച്. മൈഗ്രേഷൻ കൂടിക്കൊണ്ടിരിക്കുകയാണെന്ന് നാം മനസ്സിലാക്കണം. 2018-19-ൽ

കേരളത്തിൽ നിന്നുള്ള ശരാശരി മൈഗ്രേഷൻ 129000 എണ്ണമായിരുന്നു. 2022-23-ൽ അത് 95 ശതമാനം വർധിച്ച് രണ്ടരലക്ഷത്തോളം എണ്ണത്തിലേയ്ക്ക് കുതിച്ചുചാടിയിരിക്കുന്നു. അത്തരത്തിലുള്ള ഒരു പ്രത്യേക സാഹചര്യമാണുള്ളത്. അതോടൊപ്പം, നിങ്ങൾ കുസാറ്റ് സിൻഡിക്കേറ്റിൽ നിയമസഭാ സാമാജികരുടെ പ്രാതിനിധ്യവും കുറച്ചു. അതിന്റെ അടിസ്ഥാനപരമായ കാരണമെന്താണ്? നിയമസഭാ സാമാജികരുടെ പ്രാതിനിധ്യം കുറയ്ക്കുന്നതിലൂടെ നിങ്ങളെന്താണ് അർത്ഥമാക്കുന്നത്? എം.എൽ.എ.-മാർ പോകേണ്ടിടത്ത് പോകണ്ടേ; പ്രാതിനിധ്യം വേണ്ടേ; ചർച്ചകൾ വേണ്ടേ; നിയമസഭയുമായുള്ള സർവകലാശാലയുടെ ഇന്റർലിങ്കാണത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം സൂചിപ്പിക്കാനുണ്ട്. അക്കാര്യത്തിൽ ചിലർ പ്രത്യേകമായി ചില താൽപര്യമെടുത്തെന്ന് തോന്നിപ്പോകുകയാണ്. കോർപ്പറേഷൻ മേയർ, മുനിസിപ്പൽ കോർപ്പറേഷൻ അധ്യക്ഷൻ, പഞ്ചായത്ത് പ്രസിഡന്റ് എന്നീ പദവികളിൽ നിയോഗിക്കപ്പെടുന്ന സ്വകാര്യ കോളേജ് അധ്യാപകർക്ക് പ്രസ്തുത പദവിയിൽ ഇരിക്കുന്ന കാലയളവ് ഔദ്യോഗിക അവധിയായി കണക്കാക്കുമെന്നതാണ് ഒരു വ്യവസ്ഥ. അതെന്ത് താൽപര്യമാണ്?

ചെയർപേഴ്സൺ: താങ്കൾ ദയവായി പോയിന്റിലേയ്ക്ക് വരണം. ഇല്ലെങ്കിൽ

ഇന്ന് 6 മണിക്കും സഭ കഴിയാത്ത സാഹചര്യമാകും. അതുകൊണ്ട് പരമാവധി 15 മിനിട്ട് നൽകാം.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, കുറച്ച് സമയം കൂടി അനുവദിക്കണം. ഞാൻ പെട്ടെന്ന് അവസാനിപ്പിക്കാം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ബില്ലിന്റെ ചർച്ചയിൽ നിയന്ത്രണമില്ല. സാധാരണ ഒരു ധാരണയുടെ അടിസ്ഥാനത്തിൽ നിയന്ത്രണം ഏർപ്പെടുത്താറുണ്ട്. ഇന്ന് ഭരണകക്ഷി അംഗങ്ങൾ പ്രതിപക്ഷാംഗങ്ങളുമായി അത്തരത്തിലൊരു ധാരണയുണ്ടാക്കിയിട്ടില്ല. വളരെ പ്രധാനപ്പെട്ടൊരു ബില്ലാണിത്. ഒരുപാട് വകുപ്പുകളുമുണ്ട്. അതുകൊണ്ടുതന്നെ സമയം ലിമിറ്റ് ചെയ്യാൻ കഴിയില്ല. അത്തരത്തിലൊരു ധാരണയുണ്ടാക്കിയിട്ടുണ്ടോയെന്ന് ഞങ്ങൾക്കറിയില്ല. അതുസംബന്ധിച്ച് ഞങ്ങളാരും സംസാരിച്ചിട്ടില്ല.

<u>ചെയർപേഴ്സൺ</u>: അഞ്ച് പേർ ഇനിയും സംസാരിക്കാനുണ്ട്. അതുകൊണ്ടാണ് അത്തരത്തിൽ സൂചിപ്പിച്ചത്. നിർബന്ധമായി പറയുന്നതല്ല. എന്നിരുന്നാലും പരമാവധി ചുരുക്കി സംസാരിക്കാൻ ശ്രമിക്കണം.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, വളരെ പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് പറയാതിരിക്കാൻ കഴിയില്ല. അസംബ്ലിസമയത്ത് നോമ്പുതുറക്കുന്ന

സാഹചര്യമാണെങ്കിലും കുഴപ്പമില്ല. വരാൻ പോകുന്ന യുവ സമൂഹത്തോടും ചെറുപ്പക്കാരോടും ഇതുപറഞ്ഞില്ലെങ്കിൽ, അത് വലിയ അനീതിയായിരിക്കും. അതുകൊണ്ടാണ് സമയം ആവശ്യപ്പെടുന്നത്. കോർപ്പറേഷൻ മേയർ, മുനിസിപ്പൽ കോർപ്പറേഷൻ അധ്യക്ഷൻ, പഞ്ചായത്ത് പ്രസിഡന്റ് എന്നീ പദവികളിൽ നിയോഗിക്കപ്പെടുന്ന പ്രൈവറ്റ് കോളേജ് അധ്യാപകർക്ക് പ്രസ്തുത പദവിയിലിരിക്കുന്ന കാലയളവ് ഔദ്യോഗിക അവധിയായി കണക്കാക്കുന്ന വകുപ്പിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. എയ്ഡഡ് കോളേജ് അധ്യാപകർ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത് വിലക്കിക്കൊണ്ട് കേരള സർവീസ് ചട്ടങ്ങളിൽ 2021-ൽ ഭേദഗതി വരുത്തി. അത് ബഹു. സുപ്രീം കോടതി സ്റ്റേ ചെയ്തു. പ്രസ്തുത സ്റ്റേ തുടരുന്ന സാഹചര്യത്തിലാണ് നിങ്ങൾ ഈ ഭേദഗതി കൊണ്ടുവരുന്നത്. അതിന് എന്ത് അർത്ഥമാണുള്ളത്? കുറച്ച് കഴിഞ്ഞാൽ ഇതിന് മുൻകാല പ്രാബല്യമുണ്ടാകുമെന്നും, മുൻകാല പ്രാബല്യം വരുമ്പോൾ അതിൽ ചില നിക്ഷിപ്ത താൽപര്യങ്ങളുണ്ടാകുമെന്നും സൂചിപ്പിക്കുന്നു. അത്തരത്തിലുള്ള നിക്ഷിപ്ത താൽപര്യങ്ങളിലേയ്ക്ക് ഈ ബില്ലിൽ വ്യവസ്ഥ കൊണ്ടുവന്നത് അനുചിതമായി; അത് ഒരിക്കലും ചെയ്യാൻ പാടില്ലാത്തതാണ്. നിങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടൽ ബഹു. സുപ്രീം കോടതി ചൂണ്ടിക്കാണിച്ചതാണ്. കണ്ണൂർ വൈസ്

ചാൻസലറുടെ നിയമനത്തിൽ ബഹു. സുപ്രീം കോടതിയുടെ നിരീക്ഷണം ഞാൻ വായിക്കാം. "We have reached to the conclusion that although the notification reappointing the respondent No.4 to the post of Vice-Chancellor was issued by the Chancellor yet the decision stood vitiated by the influence of extraneous considerations or to put it in other words by the unwarranted intervention of the State Government". നിങ്ങൾ അന്ന് രാജിവയ്ക്കേണ്ടതായിരുന്നു. സുപ്രീം കോടതി പരാമർശിച്ച ആ സന്ദർഭത്തിൽ, അങ്ങ് രാജിവയ്ക്കേണ്ടതായിരുന്നു. ഞാനിപ്പോൾ അക്കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. പക്ഷെ നിങ്ങളൊരു കാര്യം ആലോചിച്ചുനോക്കണം. പരമോന്നത നീതിപീഠത്തിന്റെ ഗൗരവതരമായ പരാമർശം വന്നതിനുശേഷവും ഉന്നത വിദ്യാഭ്യാസ മേഖലയിൽ അങ്ങ് ഇൻഡയറക്ടായി നടത്തിയ ഇന്റർവെൻഷൻ, ഇന്ന് ഡയറക്ടായി നടത്താൻ ഈ ബില്ലിനെ നിങ്ങൾ ദുരുപയോഗം ചെയ്യുന്നു എന്നതാണ് ഏറ്റവും ഗൗരവതരമായ പ്രശ്നം. അതൊരു ചെറിയ കാര്യമല്ല. ഇ.എം.എസ്. കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ കേരള സർവകലാശാല വൈസ് ചാൻസലറായിരുന്ന പ്രൊഫ. ജോൺ മത്തായി സാറിനെ കാണണമെന്നും,

സമയം അനുവദിക്കണമെന്നും പറഞ്ഞ മുഖ്യമന്ത്രി ഇ.എം.എസ്.-ന്റെ പാർട്ടി ഇന്ന് കേരളം ഭരിക്കുമ്പോൾ, കേരളത്തിന്റെ സർവകലാശാല വൈസ് ചാൻസലർമാരുടെ അധികാരങ്ങൾ ചവറ്റുകുട്ടയിലേയ്ക്ക് വലിച്ചെറിഞ്ഞ്, മുഴുവൻ അധികാരങ്ങളും മന്ത്രിയുടെ മേശപ്പുറത്തേയ്ക്ക് എത്തിക്കാനുള്ള കരിനിയമവും ബില്ലുമാണ് ഈ നിയമമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇക്കാര്യങ്ങൾ അങ്ങയോട് ചൂണ്ടിക്കാണിക്കേണ്ടിവന്നതിൽ വളരെയധികം ഖേദമുണ്ടെന്നും ഈ സന്ദർഭത്തിൽ പ്രത്യേകം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. കേരള സർവകലാശാല രൂപീകൃതമായ സന്ദർഭത്തിൽ ആൽബർട്ട് ഐൻസ്റ്റൈനിനെ വി.സി. ആക്കാൻ ചർച്ച നടന്നതായി കേട്ടിട്ടുണ്ട്. അസംബ്ലിക്കുള്ളിലും ആ ചർച്ച കൊണ്ടുവന്നിട്ടുണ്ട്. അത്തരത്തിലുള്ള ഒരു കാലഘട്ടത്തിൽ നിന്നും വൈസ് ചാൻസലർമാരുടെ അധികാരങ്ങൾ മുഴുവനും ഒരു ഭാഗത്ത് കേന്ദ്രസർക്കാർ  കവർന്നെടുത്ത് നിഷ്കാസിതമാക്കാൻ ശ്രമം നടത്തുമ്പോൾ, 'ഓട്ടോണമി' എന്ന സർവകലാശാലയുടെ ബേസിക് പ്രിൻസിപ്പിൾ, ഏറ്റവും വലിയ 'Throne pillar' തകർക്കാനാണ് ഈ ബില്ലിലൂടെ നിങ്ങൾ ശ്രമിച്ചിരിക്കുന്നത്. അങ്ങ് ഈ അധികാരങ്ങളെല്ലാംകൂടി എന്തുചെയ്യുകയാണെന്നാണ് ഞങ്ങൾ ചോദിക്കുന്നത്. പരീക്ഷ, അഡ്മിനിസ്ട്രേഷൻ, മറ്റ് കാര്യങ്ങൾ തുടങ്ങി ഈ അധികാരം മുഴുവൻ

അങ്ങയുടെ മേശപ്പുറത്തേയ്ക്ക് കൊണ്ടുവരുന്നതിൻെറ ലക്ഷ്യമെന്താണ്? അതുകൊണ്ടാണ് ഞാൻ സുപ്രീം കോടതിയുടെ വിധിന്യായത്തെക്കുറിച്ച് പരാമർശിച്ചത്. ഇൻഡയറക്ടായി കണ്ണൂർ വി.സി.-ക്കുവേണ്ടി കത്ത് കൊടുത്ത് അങ്ങ് ഇടപെട്ടല്ലോ; ഇപ്പോൾ, കാര്യങ്ങൾ ഡയറക്ടായി ചെയ്യാനുള്ള നടപടികളിലേയ്ക്ക് അങ്ങ് കടക്കുകയാണ്. ഇത് കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുന്ന നിയമ സംവിധാനമാണ്. ഇത്തരം നടപടികളുമായി മുന്നോട്ട് പോകരുത്. ഒരു ഭാഗത്ത് മൈഗ്രേഷൻ അനിയന്ത്രിതമായി കൂടുന്നു. നമ്മുടെ പ്രൊഫഷണൽ കലാലയങ്ങളിലും സ്വാശ്രയ കേളേജുകളിലും വിദ്യാർഥികളെ കിട്ടാത്ത സാഹചര്യമാണ്. സ്വകാര്യ സർവകലാശാലകൾ നിലവിൽ വരുന്നുണ്ട്. കാര്യങ്ങൾ പൊതുവായി ചർച്ച ചെയ്യണം. എന്തൊക്കെ റാഡിക്കൽ ചെയിഞ്ചസ് വരുത്തണമെന്നും എവിടെയൊക്കെ നയപരമായ മാറ്റങ്ങൾ വരുത്തണമെന്നും അതിന് ഏതൊക്കെ സംവിധാനങ്ങളാണ് വേണ്ടതെന്നും എല്ലാതലങ്ങളേയും സ്പർശിക്കുന്ന ചർച്ച ആവശ്യമാണ്. ആ ചർച്ചയ്ക്കുപകരം അങ്ങ് പറഞ്ഞു, കേരളമാണ് വിദ്യാഭ്യാസ മേഖലയിൽ ഏറ്റവും കൂടുതൽ ഫണ്ട് ചെലവഴിക്കുന്നതെന്ന്. എന്നാൽ, ഈ മേഖലയിൽ നാഷണൽ ആവറേജിന്റെ താഴെയാണ് നമ്മുടെ സംസ്ഥാനമെന്ന് ആദ്യം

മനസ്സിലാക്കണം. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. അധ്യാപകരുടെയും മറ്റംഗങ്ങളുടേയും ഉത്തരവാദിത്വങ്ങളെക്കുറിച്ച് കുറേ കാര്യങ്ങൾ ബില്ലിൽ പറയുന്നുണ്ട്. വിദ്യാർഥികളുടെ അവകാശങ്ങളെ നിർണ്ണയിച്ച്, വിദ്യാർഥികളുടെ പരാതി പരിഹാര സംവിധാനത്തെക്കുറിച്ച് സൂചിപ്പിച്ച്, അധ്യാപകരുടെ അവകാശങ്ങൾ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് തുടങ്ങി കുറേ കാര്യങ്ങളെക്കുറിച്ച് ബില്ലിൽ സൂചിപ്പിക്കുന്നുണ്ട്. അതോടൊപ്പം ഇന്ന് നമ്മുടെ കേരളത്തിലെ ക്യാമ്പസുകളിൽ ഏറ്റവും ഗൗരവതരമായ പ്രശ്നം ലഹരിയാണെന്ന് നാം പറഞ്ഞു. ആ ചർച്ചയിലേയ്ക്കും കടക്കുന്നില്ല. വിദ്യാർഥികളുടെ ഉത്തരവാദിത്വത്തെക്കുറിച്ചും മോറൽ റെസ്പോൺസിബിലിറ്റിയെക്കുറിച്ചുമുള്ള ഏറ്റവും പ്രധാനപ്പെട്ട ഭാഗം ഈ ബില്ലിൽ ഇല്ലാതായിയെന്നതും, കേരളത്തിലെ സർവകലാശാല വിദ്യാഭ്യാസ മേഖലയിലെ നമ്മൾ നേരിടുന്ന ഏറ്റവും വലിയ കാതലായ പ്രശ്നത്തെ മറച്ചുവയ്ക്കലായി എന്നതും പ്രത്യേകമായി ഈ സന്ദർഭത്തിൽ എടുത്തുപറയാൻ ആഗ്രഹിക്കുന്നു.

(ശ്രീ. ടി. സിദ്ദിഖ് തുടരും)

പി. 03-03-2025
എൻ.ആർ.- പി.ആർ - (3)
4.50 - 5.00

(ശ്രീ. ടി. സിദ്ദിഖ് തുടർച്ച...)

കഴിഞ്ഞ ദിവസം താമരശ്ശേരിയിൽ മർദനമേറ്റ് മരിച്ച മുഹമ്മദ് ഷഹബാസിന്റെ വീട്ടിൽ ഞാൻ പോയിരുന്നു. എത്ര പറഞ്ഞിട്ടും കരച്ചിൽ നിർത്താത്ത ആ പിതാവിനെ ഞാൻ എത്ര ചേർത്തുനിർത്താൻ ശ്രമിച്ചിട്ടും സാധിച്ചില്ല. അദ്ദേഹം എന്നോട് പറഞ്ഞു "മകൻ മരിച്ചതിനുശേഷം ഞാൻ എന്റെ ഭാര്യയോട് ഇതുവരെ സംസാരിച്ചിട്ടില്ല. സംസാരിച്ചാൽ എന്തു പറ്റുമെന്നും, എങ്ങനെ സംസാരിക്കുമെന്നും, എങ്ങനെ നിയന്ത്രിക്കാൻ പറ്റുമെന്നും അറിയാത്തതുകൊണ്ട്, ഞാൻ അകലം പാലിക്കുകയാണ്. എത്രത്തോളം എനിക്കത് പറ്റുമെന്നുള്ളത് അറിയില്ല." ഗ്യാങ് സംഘട്ടനങ്ങൾ, കോളേജുകളിലെ സംഘട്ടനങ്ങൾ..... പന്ത്രണ്ട് ദിവസം മുമ്പാണ് വെറ്ററിനറി സർവകലാശാലയിൽനിന്ന് സിദ്ധാർഥിന്റെ അച്ഛൻ അവന്റെ ബാഗുമായി കണ്ണീരോടെ അവിടെനിന്നും ഇറങ്ങിയത്. സിദ്ധാർഥിന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ഒന്നുകാണണം. പതിനെട്ട് ante-mortem injury-കളുണ്ടെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. ഏതെങ്കിലും ഒരാളുടെ ശരീരത്തിൽ പതിനെട്ട് ante-mortem injury നിങ്ങൾ കണ്ടിട്ടുണ്ടോ? ആ ചെറുപ്പക്കാരനെ ഒരു ചെറിയ ഷഡ്ഡി ഉടുപ്പിച്ച്, മുഴുവൻ

കുട്ടികൾ കാണുന്ന വിധത്തിൽ നടുത്തളത്തിൽ ഇരുത്തി, അവനെ ഏറ്റവും വലിയ പീഡനത്തിന് വിധേയനാക്കി. അവസാനം കൊല്ലാക്കൊല ചെയ്ത് ആ ചെറുപ്പക്കാരൻ നമ്മളിൽനിന്നും അകന്നുപോയി. ഇതിനൊക്കെയൊരു മാറ്റം വേണ്ടേ? കോട്ടയം നഴ്സിങ് കോളേജിലെ റാഗിങ് നമ്മൾ കണ്ടില്ലേ; കോമ്പസ് കൊണ്ട് വൺ, റ്റൂ, ത്രീ, ഫോർ എന്നുപറഞ്ഞുകൊണ്ട് ചെറുപ്പക്കാരനെ കുത്തുകയാണ്. വേദനകൊണ്ട് അവൻ പുളയുമ്പോൾ, വായിലേക്ക് തുണി കഷ്ണം തിരുകി, ശരീരത്തിൽ മുഴുവൻ ലോഷൻ ഒഴിക്കുകയാണ്. ഇതൊക്കെ നടക്കുന്നത് നമ്മുടെ കേരളത്തിലാണ്. ഗൗരവതരമായ സാഹചര്യത്തിലൂടെ നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖല പോകുകയാണ്. ആ സന്ദർഭത്തിൽ നിങ്ങൾ അങ്ങനെതന്നെ പോയാൽ മതിയെന്ന് പറയുന്ന മുഖ്യമന്ത്രി, ഹെൽമറ്റും ചെടിച്ചട്ടിയും കൊണ്ട് ആക്രമിച്ചാൽ അതൊക്കെ ജീവൻ രക്ഷാമാർഗ്ഗമെന്ന് പറയുന്ന അങ്ങ് ചെറുപ്പക്കാരുടെ ഹീറോയായി മാറുമോ? തിരുത്തണം, ഇവിടെ തിരുത്തേണ്ടത് ഗൗരവകരമായ കാര്യങ്ങളാണ്. ആ ഗൗരവകരമായ കാര്യങ്ങൾ മുഴുവൻ സഭയുടെ മുമ്പിൽവച്ചുകൊണ്ട് തിരുത്തേണ്ട കാര്യങ്ങൾ തിരുത്തണം. ഞാൻ സർവകലാശാല സെനറ്റ് മെമ്പറും കോളേജ് യൂണിയൻ ചെയർമാനും ആയിരുന്നു. സർവകലാശാല അക്കാഡമിക് ബോഡികളുമായി

ഇടപഴകി വളർന്നുവന്ന പൊതുപ്രവർത്തകനാണ്. ഞങ്ങൾ എല്ലാ സന്ദർഭങ്ങളിലും പറഞ്ഞു വന്നതായിരിക്കുന്ന പ്രധാനപ്പെട്ട കാര്യം ഓട്ടോണമിയാണ്. ഈ ബിൽ അവതരണത്തിലൂടെ സഭയിൽ ഓട്ടോണമിയെ ഗളച്ഛേദം ചെയ്തിരിക്കുകയാണ്. ഗൗരവകരമായി സർക്കാർ ഇക്കാര്യം പുനരാലോചിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഇതിനെതിരായുള്ള വാദഗതികൾ നിരത്തികൊണ്ട് അവസാനിപ്പിക്കുന്നു.

(ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ)

പി. 03-03-2025
എൻ.ആർ.- പി.ആർ (3)
4.50 - 5.00

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ, ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്തെ അന്താരാഷ്ട്ര ഉയരങ്ങളിൽ എത്തിക്കാൻ ദീർഘവീക്ഷണത്തോടെ മാർഗനിർദേശവും നേതൃത്വവും നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയും ഇക്കാര്യങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിന് ഭാവനാ സമ്പന്നതയോടെ ശ്രമിക്കുന്ന ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദുവിനെയും ഞാൻ

പ്രത്യേകമായി അഭിനന്ദിക്കുകയാണ്. സർക്കാർ ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണങ്ങൾ നിർദേശിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനെയും സർവകലാശാല നിയമങ്ങളിൽ വരുത്തേണ്ട പരിഷ്കരണങ്ങൾ നിർദേശിക്കുന്നതിനായി കേരള സംസ്ഥാന സർവകലാശാല നിയമ പരിഷ്കരണ കമ്മീഷനെയും രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മീഷനുകൾ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകളിൽ, സർവകലാശാലകൾ അറിവ് കൈമാറുന്നതും സൃഷ്ടിക്കുന്നതും വ്യാഖ്യാനിക്കുന്നതുമായ സംവിധാനമായി മാറുന്നതിനുപകരം, പരീക്ഷകൾ നടത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഡിഗ്രി നൽകുന്ന സ്ഥാപനങ്ങളായാണ് നിലവിൽ മാറിയിരിക്കുന്നതെന്ന് നിരീക്ഷിക്കുകയുണ്ടായി. സർവകലാശാലകളെ അറിവ് സൃഷ്ടിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതിനുള്ള പ്രധാന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി സർവകലാശാലകളുടെ നിയമപരമായ ചട്ടക്കൂടിൽ കമ്മീഷനുകൾ മാറ്റങ്ങൾ നിർദേശിച്ചിട്ടുണ്ട്. വിശദമായ ചർച്ചകൾക്ക് ശേഷമാണ് കമ്മീഷൻ ഈ നിഗമനങ്ങളിൽ എത്തിച്ചേർന്നിട്ടുള്ളത്. അതനുസരിച്ച് നിരവധി മാറ്റങ്ങൾ കമ്മീഷൻ നിർദേശിക്കുകയുണ്ടായി. അതിന്റെ വിശദാംശങ്ങൾ മന്ത്രിയുടെ പ്രസംഗത്തിൽ കടന്നുവന്നിരുന്നു. ഞാൻ ആവർത്തിക്കുന്നില്ല. നമ്മുടെ

ലോകത്ത് ഇന്ന് ശാസ്ത്രരംഗത്തും സാങ്കേതിക രംഗത്തും അതിവേഗത്തിലുള്ള വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. വിജ്ഞാനം, മൂലധനമായി മാറിക്കൊണ്ടിരിക്കുന്നു. ഇത്തരത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിന്റെ വികസനം ഉറപ്പാക്കുന്ന വിധത്തിൽ വൈജ്ഞാനിക സമ്പദ് വ്യവസ്ഥയിലേക്കുള്ള പരിണാമത്തിൽ വിജ്ഞാനമാണ് സാമ്പത്തിക മുന്നേറ്റത്തിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഉത്തേജനം. അത്തരത്തിലുള്ള സമ്പദ് വ്യവസ്ഥയിൽ വിദ്യാഭ്യാസം, ആരോഗ്യം, ഐ.സി.ടി., നൂതന ആശയങ്ങൾ, ഗവേഷണ പ്രവർത്തനം തുടങ്ങിയ മേഖലകളിൽ തുടർച്ചയായി നിക്ഷേപവും അനിവാര്യമാണ്. വിജ്ഞാനത്തെ സാമ്പത്തിക പുരോഗതിക്ക് ഉപയുക്തമാക്കുന്ന വിധത്തിൽ പൊതുസംവിധാനങ്ങളും യൂണിവേഴ്സിറ്റികളും ഉൾപ്പെടെയുള്ളവ അതിനെ രൂപപ്പെടുത്തേണ്ടതും ആവശ്യമാണ്. ഇവിടെയാണ് ഈ ബില്ലുകളുടെ പ്രസക്തി. വിവിധ രംഗങ്ങളിൽ വിജ്ഞാനത്തിന്റെ ഉൽപാദനവും വ്യാപനവും പ്രയോഗവും തമ്മിലുള്ള താരതമ്യം നിർണ്ണയിക്കുന്ന സമീപനം Organisation for Economic Co-operation and Development (OECD) മുന്നോട്ടുവയ്ക്കുകയും ചെയ്തു. ഇന്ന് ഭൗതികമായ ഘടകങ്ങളെക്കാൾ വിജ്ഞാനത്തിന് ആഗോള സാമ്പത്തിക വളർച്ചയിൽ കൂടുതൽ പ്രാധാന്യം കൽപ്പിക്കുന്നു. അത് ലോകം ഏറെക്കുറെ

ഇന്ന് അംഗീകരിച്ചുകഴിഞ്ഞു. സാമ്പത്തിക വളർച്ച ത്വരിതമാക്കുന്നതിനുള്ള ഒരുമൂലക്കല്ലായി വിജ്ഞാനം മാറുന്നുയെന്ന് സാരം. ആഗോളതലത്തിൽ അത് മത്സരക്ഷമത വർധിപ്പിക്കുകയും ചെയ്യുന്നുണ്ട്. അമേരിക്കയിലും മറ്റ് വികസിത രാഷ്ട്രങ്ങളിലും സാമ്പത്തിക വളർച്ചയുടെ എഴുപത് ശതമാനത്തോളം നേടാൻ കഴിഞ്ഞിട്ടുള്ളത് സാങ്കേതിക രംഗത്തെ മുന്നേറ്റം കൊണ്ടാണ്. സമ്പദ് ഘടനയെ വിജ്ഞാനം അഥവാ നൂതന ആശയങ്ങളാൽ നയിക്കപ്പെടുന്ന ഒന്നാക്കി മാറ്റുകയെന്നത് ഇന്നത്തെ മാറിയ സാഹചര്യത്തിൽ ഒരാവശ്യമാണ്.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഇന്നത്തെ നിലയിലേക്കുള്ള വളർച്ച സർക്കാർ സ്ഥാപനങ്ങളിലൂടെയുള്ള ഇടപെടലിലൂടെ മാത്രമല്ല മറിച്ച് സ്വകാര്യ, എയ്ഡഡ്, സ്വാശ്രയ മേഖലകളെ സമഗ്രമായി ഉപയോഗപ്പെടുത്തിയതിന്റെ ഭാഗമായാണ്. സ്വകാര്യ സർവകലാശാലകൾക്ക് പ്രവർത്തനാനുമതി നൽകാൻ നയപരമായ തീരുമാനമെടുത്ത രാജ്യത്തെ ഇരുപത്തിയെട്ടാമത്തെയും അവസാനത്തെയും സംസ്ഥാനമായി മാറുകയാണ് കേരളം. അതിനുള്ള കരട് നിയമനിർമ്മാണമാണ് ഉന്നത വിദ്യാഭ്യാസ മന്ത്രി ഇവിടെ അവതരിപ്പിച്ചത്. യാതൊരു മുന്നൊരുക്കങ്ങളുമില്ലാതെ ഇന്ത്യയിലെ മറ്റ് ഇരുപത്തിയേഴ് സംസ്ഥാനങ്ങളും വിദ്യാഭ്യാസരംഗത്തെ വൻകിട

കോർപ്പറേറ്റ് ഏജൻസികൾക്ക് തീറെഴുതി കൊടുത്തു. ഇവിടെയുമുണ്ട് ആ രാഷ്ട്രീയ കക്ഷികളുടെ ആളുകൾ. കേരളത്തിൽ മാത്രം സ്വകാര്യ സർവകലാശാലകൾ പാടില്ലെന്ന വിചിത്ര നിലപാടുമായി ചിലർ രംഗത്തുവന്നിട്ടുണ്ട്. അവർ ഉയർത്തുന്ന വിഘടനവാദങ്ങളെ നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. വലിയ സാമ്പത്തിക പരാധീനതകൾക്കിടയിലും സംസ്ഥാന സർക്കാർ ഉയർന്ന മുതൽമുടക്ക് നടത്തിയ ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏതാണ്ട് ആറായിരത്തി അഞ്ഞൂറ് കോടി രൂപയാണ് കഴിഞ്ഞ നാല് വർഷക്കാലത്തിനിടക്ക് രണ്ടാം പിണറായി സർക്കാർ ചെലവഴിച്ചത്. മുൻ യു.ഡി.എഫ്. ഭരണകാലത്ത് സംസ്ഥാനത്തെ സ്കൂളുകൾ ലാഭകരമല്ലെന്ന് വിലയിരുത്തി അടച്ചുപൂട്ടൽ യജ്ഞം ആരംഭിച്ച ഉമ്മൻ ചാണ്ടി സർക്കാരിൽനിന്നും വിഭിന്നമായി ഇടതുസർക്കാർ പൊതുവിദ്യാഭ്യാസ യജ്ഞം മുഖേന പ്രാഥമിക വിദ്യാഭ്യാസ മേഖലയെ വീണ്ടെടുത്തു. സ്വകാര്യ മേഖലയെ വെല്ലുന്ന അടിസ്ഥാന സൗകര്യങ്ങളാണ് സംസ്ഥാന സർക്കാർ ഒരുക്കിയത്. ഈ പ്രവർത്തനത്തിന് അംഗീകാരം നൽകിയ കേരള ജനത 2016-ൽ നൽകിയതിലും അധിക ഭൂരിപക്ഷം നൽകി ഇടതുസർക്കാരിനെ 2021-ലും ഭരണത്തിലേറ്റി. തുടർ വിദ്യാഭ്യാസ വികസന പ്രവർത്തനത്തിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസരംഗത്തിന്റെ ആധുനികവൽക്കരണത്തിന്

രണ്ടാം പിണറായി സർക്കാർ തുടക്കമിട്ടു. ആധുനിക കാലഘട്ടത്തിൽ അറിവ് ഉൽപാദനത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് കേരളത്തെ knowledge economy ആയി ഉയർത്തുന്നതിന് ഈ സർക്കാർ അതിന്റെ ഒന്നാം ബഡ്ജറ്റിലൂടെ തുക വകയിരുത്തി പ്രവർത്തനങ്ങൾ ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 6,500 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നടത്തിയത്. അതിൽതന്നെ 2,000 കോടി രൂപ അടിസ്ഥാന വിപുലീകരണത്തിന് വിനിയോഗിച്ചു. പ്ലാൻ ഫണ്ടും രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസാ) ഫണ്ടും തുടങ്ങി വിവിധ തലങ്ങളിലെ പദ്ധതികളിലായി വിപുലമായ വികസനമാണ് സംസ്ഥാന ഉന്നത വിദ്യാഭ്യാസരംഗത്ത് സർക്കാർ കൊണ്ടുവന്നത്. ഇന്ന് രാജ്യത്തെ സ്വകാര്യ സർവകലാശാലകളോട് മത്സരിക്കാൻ കേരളത്തിന്റെ സർവകലാശാലകൾ സജ്ജമാണ്. 2023-ലെ യു.ജി.സി.-യുടെ കണക്കുപ്രകാരം രാജ്യത്തെ 1192 സർവകലാശാലകളിൽ 502-ഉം സ്വകാര്യ സർവകലാശാലകളാണ്. കൂടാതെ രാജ്യത്തുള്ള 138 കൽപിത സർവകലാശാലകളിൽ ബഹുഭൂരിപക്ഷവും സ്വകാര്യമേഖലയിലാണ്. അതായത് നമ്മുടെ രാജ്യത്ത് ഉന്നത വിദ്യാഭ്യാസ മേഖലകളിലെ പകുതിയിലധികവും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

സ്വകാര്യ മേഖലയിലാണ്. പൊതുവിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും കഴിഞ്ഞ ഒമ്പതുവർഷങ്ങളായി ഇടതുസർക്കാർ നൽകിയ പ്രാധാന്യം മുമ്പൊരിക്കലും ഒരുകാലഘട്ടത്തിലും ഉണ്ടായിട്ടില്ല. അതിന്റെ ഫലമായി കേരളത്തിലെ നാല് സർവകലാശാലകൾ രാജ്യത്തെ മികച്ച നൂറ് സർവകലാശാലകളിൽ ഉൾപ്പെട്ടു. കൂടാതെ ലോകത്തെ മികച്ച സർവകലാശാലകളുടെ ലിസ്റ്റിലും കേരളത്തിലെ സർവകലാശാലകൾ എണ്ണപ്പെടാൻ തുടങ്ങി.

(തുടരും)

P 03-03-2025
HS/FM(3)
05.00-05.10

(ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ തുടർച്ച)

അധ്യയനത്തിന്റെയും ഗവേഷണത്തിന്റെയും കാര്യത്തിൽ കേരളത്തിലെ സർവകലാശാലകൾക്ക് രാജ്യത്തെ മാത്രമല്ല അന്താരാഷ്ട്ര ഏജൻസികളും **(++), (+)** അംഗീകാരം നൽകിയിരിക്കുന്നു. നമ്മുടെ കേരളത്തിലെ സർവകലാശാലകൾക്ക് 2016-ന് മുമ്പ് എടുത്തുപറയത്തക്ക മേന്മകളില്ലായിരുന്നു. യു.ഡി.എഫ്. സർക്കാർ സ്വകാര്യ സി.ബി.എസ്.ഇ. സ്കൂളുകൾക്കുവേണ്ടി പൊതുവിദ്യാഭ്യാസത്തെ തൂക്കി വിൽക്കുകയും സ്വകാര്യ

സർവകലാശാലകൾക്ക് മുന്നൊരുക്കം കൂടാതെ അനുമതി നൽകുകയും ചെയ്തു. പൊതു സർവകലാശാലകളെ തൂക്കി വിൽക്കുന്നതിനെതിരെ ഞങ്ങൾ അന്ന് സമരത്തിലുണ്ടായിരുന്നു. പക്ഷേ പാവപ്പെട്ട കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം അപ്രാപ്യമാകുമെന്ന് തിരിച്ചറിഞ്ഞായിരുന്നു യാതൊരു തത്വതീക്ഷണതയുമില്ലാതെ സാമൂഹ്യനീതി അട്ടിമറിച്ചുകൊണ്ട് അന്ന് പ്രവർത്തിച്ച സ്വാശ്രയ കോളേജുകൾക്കെതിരെ രംഗത്ത് വന്നതിന്റെ ഭാഗമായാണ് 50 ശതമാനം സീറ്റുകളിൽ സർക്കാർ ഫീസും മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷനും എന്ന തത്വം നടപ്പിലാക്കാൻ ശ്രീ. എ.കെ. ആന്റണി സർക്കാർ നിർബന്ധിതമായത് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. യു.ഡി.എഫ്.-ന്റെ ജനങ്ങളോടുള്ള പ്രതിബദ്ധതയിൽ നിന്നുമുണ്ടായ തീരുമാനമായിരുന്നില്ല, മറിച്ച് സ്വാശ്രയ കോളേജുകളായിരുന്നാലും സ്വകാര്യ സർവകലാശാലയായിരുന്നാലും അടിസ്ഥാന വർഗത്തിൽപ്പെട്ടവർക്ക് നീതിനിഷേധമുണ്ടാകുന്ന കാലത്തെല്ലാം ഇടതുപക്ഷം സമരരംഗത്ത് വന്നിട്ടുണ്ട്. എല്ലാവർക്കും പഠനം നടത്താൻ സാധിക്കുന്ന പൊതു സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ സാധിക്കുന്ന പ്രവർത്തനം ഇപ്പോൾ സർക്കാർ നടത്തുന്നുണ്ട്. അതോടൊപ്പം കൃത്യമായി സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിക്കാൻ തയ്യാറാകുന്ന സ്വകാര്യ

സർവകലാശാലകളെ ആധുനിക കാലഘട്ടത്തിന്റെ ആവശ്യകത മനസ്സിലാക്കി അനുവദിക്കാൻ ഇടതുപക്ഷ സർക്കാർ തയ്യാറായിരിക്കുന്നു. ഈ സംസ്ഥാന സർക്കാരിന്റെ കീഴിൽ സർവകലാശാലകൾ വെറും ബിരുദധാരികളെ സൃഷ്ടിക്കുന്ന ഫാക്ടറികളായി മാറ്റാനല്ല ഞങ്ങൾ ഉദ്ദേശിക്കുന്നത്. സ്വകാര്യ സർവകലാശാലയിൽ നിശ്ചിത ശതമാനം സംവരണവും മെറിറ്റും ഫീസിളവും ഉറപ്പുവരുത്തി നല്ല ഗുണമേന്മയുള്ള വിദ്യാഭ്യാസം ഈ നാട്ടിലെ സാധാരണക്കാർക്ക് ഉറപ്പുവരുത്താനും വിദ്യാഭ്യാസ കച്ചവടത്തിന് തടയിടാനുമുള്ള നയങ്ങൾ ഉൾപ്പെടുത്തിയാണ് ഈ നിയമനിർമ്മാണം. നിലവാരവും ഗുണമേന്മയുമുള്ള വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് ഈ നാട്ടിലെ സർവകലാശാലകളിൽ ലഭിക്കുമ്പോൾ സാധാരണക്കാരായ കുട്ടികൾ സ്വാഭാവികമായും സർക്കാർ സർവകലാശാലകളെ മാത്രമേ ആശ്രയിക്കുകയുള്ളൂ. സർക്കാർ മേഖലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരോഗ്യപരമായ മത്സരത്തിനും അധ്യയന ഗവേഷണ പഠന കോഴ്സുകളുടെ വിപുലീകരണത്തിനും തയ്യാറെടുക്കണമെന്നും വിദ്യാഭ്യാസത്തിലൂടെ വികസനത്തിന് തയ്യാറാകണമെന്നും കേരളത്തിലെ പൊതുസമൂഹം ആവശ്യപ്പെടുന്നു. ഇന്ത്യയിൽ തൊഴിലെടുക്കാൻ യുവജനങ്ങൾ ഏറ്റവും കൂടുതൽ

താൽപ്പര്യപ്പെടുന്ന സംസ്ഥാനം കേരളമാണെന്ന് സർവെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സംസ്ഥാന സർക്കാർ സമഗ്രമായ വ്യവസായിക വികസനം ലക്ഷ്യമിട്ടിട്ടുള്ള പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോകുന്നു. നമ്മുടെ ഈ ചെറിയ കേരളം സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ കാര്യത്തിൽ ലോകത്തിനാകെ മാതൃകയായിരിക്കുകയാണ്. വലിയ മാനുഷിക വിഭവശേഷി വികസിപ്പിച്ചെടുക്കാൻ കേരളത്തിന് സാധിക്കണം. അതിന് സർക്കാർ മേഖലയെകൊണ്ട് മാത്രം സാധിക്കില്ലെന്ന കാലഘട്ടത്തിന്റെ ആവശ്യം കണ്ടുകൊണ്ടാണ് പൊതുസർവകലാശാലകളെ ശക്തിപ്പെടുത്തി ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്താൻ പരിശ്രമിക്കുന്ന ഈ സർക്കാർ സ്വകാര്യ സർവകലാശാലകൾക്ക് നമ്മുടെ സംസ്ഥാനത്ത് ആരംഭിച്ച് പ്രവർത്തിക്കാനുള്ള നിയമ നിർമ്മാണത്തിന് തയ്യാറായിട്ടുള്ളത്. വിദേശത്ത് സ്ഥിര ജോലി പ്രതീക്ഷിച്ച് വിദ്യാഭ്യാസത്തിനായി കേരളത്തിൽനിന്ന് പോകുന്ന നമ്മുടെ മക്കൾ വൻ തുകയാണ് ചെലവാക്കുന്നത്. കപട ദേശീയതയുടെ പേരിൽ അമേരിക്ക, യു.കെ., ഓസ്ട്രേലിയ ഉൾപ്പെടെയുള്ള മറ്റ് രാജ്യങ്ങളിൽ എല്ലാം അന്യനാട്ടുകരെയും വിദേശികളെയും പുറത്താക്കുന്ന സാഹചര്യം ഇന്ന് വർധിച്ചുവരുന്നു. അതുകൊണ്ട് തന്നെ അവരെക്കൂടി ഉൾപ്പെടുത്തി നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയെ ഉൾക്കൊള്ളാനുള്ള

ശേഷി സ്വകാര്യ സർവകലാശാലകൾ കടന്നുവരുന്നതോടുകൂടി സാധിക്കുമെന്നാണ് വിദഗ്ധൻമാർ വിലയിരുത്തുന്നത്. രാജ്യത്ത് വിദേശ സർവകലാശാലകളെ അനുവദിച്ച് നിലവാരം കുറഞ്ഞ വിദ്യാഭ്യാസം നൽകി കൊള്ളലാഭമുണ്ടാക്കാനുള്ള കോർപ്പറേറ്റ് താൽപ്പര്യം സംരക്ഷിക്കാനാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ മേഖലയിലെ ഇത്തരം കച്ചവട താൽപ്പര്യങ്ങളെ പ്രതിരോധിക്കാൻ വേണ്ടി കൂടിയാണ് സർക്കാർ പുതിയ സ്വകാര്യ സർവകലാശാല ബിൽ മുന്നോട്ട് വച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്ന നിർദേശം കൂടി സമർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ശ്രീ. എം. വിജിൻ)

P 03-03-2025 HS/FM(3) 05.00-05.10 ബി.സി.

ശ്രീ. എം. വിജിൻ: സർ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1എ നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു. വിശ്വഭാരതി സർവകലാശാല സ്ഥാപിക്കുമ്പോൾ ടാഗോർ സർവകലാശാലയുടെ ആപ്തവാക്യമായി

തെരഞ്ഞെടുത്തത് ‘ യത്ര വിശ്വം ഭവത്യേകനീഡം’ എന്ന യജുർവേദത്തിൽ നിന്നെടുത്ത വാക്യമാണ്. അതിന്റെ അർത്ഥം ലോകം തന്നെ ഒരു പക്ഷി കൂട് ആയി ഭവിക്കുന്നുവെന്നാണ്. ലോകത്തിലെ സകല വിജ്ഞാനവും ആർജ്ജിക്കുന്നതിനുവേണ്ടി മഹായാത്രകൾ നടത്തിയ പണ്ഡിതരുടെ നാടാണ് ഇന്ത്യ. അറിവിനുവേണ്ടിയുള്ള അന്വേഷണങ്ങളാണ് മനുഷ്യനെ ലോക സഞ്ചാരികളാക്കി മാറ്റിയത്. അറിവുകളുടെ വിനിമയത്തിന്റെ ഘട്ടം കൂടിയാണ് ഈ വർത്തമാനകാലം. വിദ്യാഭ്യാസത്തിന്റെ പുതിയ സാധ്യതകൾ നമ്മുടെ കേരളത്തിൽതന്നെ ഉപയോഗിക്കേണ്ട ഘട്ടം കൂടിയാണ് നമ്മുടെ മുന്നിൽ ഇന്ന് നിൽക്കുന്നത്. കേരളം ലോകത്തിന് മാതൃകയായ നാടായി മാറിയിരിക്കുന്നു. പിണറായി സർക്കാർ നവകേരളസൃഷ്ടിക്കായുള്ള കർമ്മപദ്ധതികൾ നടപ്പാക്കി കേരളത്തെ അതിവേഗം മുന്നോട്ട് നയിക്കുകയുമാണ്. വിദ്യാഭ്യാസ മേഖലയ്ക്ക് പ്രത്യേകമായ ഊന്നൽ നൽകി ലോകത്തോട് കിടപിടിക്കുന്ന നാടാക്കി കേരളത്തെ പിണറായി സർക്കാർ മാറ്റിയിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ ഇവിടെ സൂചിപ്പിച്ചു. ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിൽ ഒരു ഘട്ടത്തിൽ കുട്ടികളുണ്ടായിരുന്നില്ല.

രക്ഷിതാക്കളാൽ ആകർഷിക്കപ്പെട്ടിരുന്നില്ല. അടച്ചുപൂട്ടാൻ തീരുമാനിച്ച ഘട്ടം നമ്മുടെ മുന്നിലുണ്ട്. അവിടെയാണ് 2016-ൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം കേരളത്തിൽ പിണറായി സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. ആ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ ഇന്ന് ഇന്ത്യയിലെ നമ്പർ 1 പൊതുവിദ്യാഭ്യാസമുള്ള സംസ്ഥാനമാണ് കേരളം. നീതി ആയോഗിന്റെ കണക്ക് തന്നെ പറയുകയാണ്. ലോകത്തിന്റെ മുന്നിൽ അഭിമാനപൂർവം കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്തെ പിണറായി വിജയൻ സർക്കാർ മുന്നോട്ടുവയ്ക്കുകയുണ്ടായി. ഉന്നതവിദ്യാഭ്യാസ രംഗത്തെ ഒരു ഹബാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികളാണ്...... പ്രത്യേകിച്ച് ഒന്നാം പിണറായി സർക്കാർ പൊതുവിദ്യാഭ്യാസ മേഖലയിലാണ് കൂടുതൽ ഊന്നൽ നൽകിയത്. രണ്ടാം പിണറായി സർക്കാർ ഉന്നതവിദ്യാഭ്യാസ രംഗത്ത് പ്രത്യേകമായ ഊന്നൽ നൽകികൊണ്ടുള്ള കർമ്മപദ്ധതികൾ നടപ്പാക്കിവരികയാണ്. 1847 കോടി രൂപയാണ് ഉന്നതവിദ്യാഭ്യാസ രംഗത്തിന്റെ അടിസ്ഥാന സൗകര്യ വിപുലീകരണത്തിന് കിഫ്ബി വഴി ഈ സർക്കാർ ചെലവഴിച്ചത്. പൊതുവിദ്യാഭ്യാസ രംഗത്ത് 3209 കോടി രൂപയും. ഉന്നത വിദ്യാഭ്യാസ രംഗത്തെ ലോകനിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിന് വേണ്ടിയുള്ള നിരവധിയായ

പദ്ധതികൾ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ വകുപ്പ് നിലവിൽ നടപ്പാക്കിവരികയാണ്. വിദേശ സർവകലാശാലകളിലെപ്പോലെ കേരളത്തിലെ സർവകലാശാലകളിൽ നാല് വർഷ ബിരുദ കോഴ്സ് ഇതിനകം തന്നെ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. വളരെ മാതൃകപരമായി കേരളത്തിലെ മുഴുവൻ യൂണിവേഴ്സിറ്റികളിലും ആ കോഴ്സിന് മുന്നോട്ടുനയിക്കാൻ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പിന് സാധിക്കുന്നുണ്ട്. അശാസ്ത്രീയതയും കൊഴിഞ്ഞുപോക്കും ഒഴിവാക്കുന്നതിന് കാലാനുസൃതമായി സിലബസ് പരിഷ്ക്കരിച്ച് വിദ്യാർഥികൾക്ക് ഒരേ സമയം വൈവിധ്യമാർന്ന കോഴ്സ് പഠിക്കാൻ കഴിയുന്നുവെന്ന വലിയ പ്രത്യേകത കൂടി ഈ ഘട്ടത്തിൽ കേരളത്തിന്റെ 4 വർഷ ഡിഗ്രി കോഴ്സുകൾക്കുണ്ട്. പ്രയോഗികമായ രീതിയിലും തൊഴിൽ അധിഷ്ഠിതമായ രീതിയിലും കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഇതിലൂടെ മാറ്റാൻ കേരളത്തിലെ ഗവൺമെന്റിന് സാധിക്കുന്നു. അടുത്ത തലമുറയിലെ ഉന്നത വിദ്യാഭ്യാസമെന്ന വിഷയത്തിൽ അന്താരാഷ്ട്ര കോൺക്ലേവ് സമീപകാലത്താണ് നമ്മുടെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ സംഘടിപ്പിച്ചത്. നിരവധിയായ കോൺക്ലേവുകൾ സംഘടിപ്പിച്ച് പുതിയ കാലത്തിനനുസരിച്ച് കേരളത്തിന്റെ

ഉന്നതവിദ്യാഭ്യാസ മേഖലയെ മാറ്റിയെടുക്കുന്നതിന് വേണ്ടിയിട്ടുള്ള പദ്ധതികളാണ് കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ വകുപ്പ് നിലവിൽ വിഭാവനം ചെയ്തുകൊണ്ടിരിക്കുന്നത്. ഞാൻ ഓരോന്നും ബില്ലിന്റെ ഭാഗമായുള്ള ചർച്ചയുടെ ഭാഗമായി പരാമർശിക്കുന്നില്ല. പല ഘട്ടങ്ങളായി ഈ സഭ ചർച്ച ചെയ്തതാണ്. അതോടൊപ്പം തന്നെ രാജ്യാന്തര പ്രതിഭകൾക്ക് കൈരളി പുരസ്കാരം നൽകുകയാണ്. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ടതും ഏറ്റവും വലിയ സ്കോളർഷിപ്പുകളിൽ ഒന്നായ ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ നേതൃത്വത്തിലുള്ള 'Chief Minister's NavaKerala Post Doctoral Felloship' കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നമുക്ക് അഭിമാനപൂർവം ലോകത്തോടുതന്നെ പങ്കുവയ്ക്കാൻ സാധിക്കുന്ന ഒരു സ്കോളർഷിപ്പ് കൂടിയാണ്. സെൻട്രൽ യൂണിവേഴ്സിറ്റികളേക്കാൾ കൂടിയ ഗവേഷക സ്കോളർഷിപ്പുകൾ നൽകുന്ന ഒരു സംസ്ഥാനമാണ് കേരളം എന്നത് തീർച്ചയായും ഉന്നത വിദ്യാഭ്യാസ രംഗത്ത് നമുക്ക് അഭിമാനകരമായ നേട്ടങ്ങൾ തന്നെയാണ്. ഈ ഘട്ടത്തിൽ 838 പുതിയ കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. പിണറായിയിൽ സ്ഥാപിച്ച എഡ്യൂക്കേഷൻ ഹബ് ഒരു പക്ഷേ ലോകത്തോട് കിടപിടിക്കുന്ന വലിയ സംവിധാനമായി നമ്മുടെ ഉന്നത വിദ്യാഭ്യാസ വകുപ്പ് മാറുകയാണ്. അതോടൊപ്പം തന്നെ നമ്മുടെ

ഡോ. എ.പി.ജെ അബ്ദുൽ കലാം ശാസ്ത്ര സാങ്കേതിക സർവകലാശാലയ്ക്കും ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാലയും എത്രയോ കാലമായി ചർച്ച ചെയ്ത് വരുന്നതാണ്. കെ.ടി.യു.-വിന് ആസ്ഥാന മന്ദിരം യാഥാർത്ഥ്യമാക്കിയത് ഈ സർക്കാരാണ്. അതിന്റെ പ്രവർത്തനങ്ങളും നടപടിക്രമങ്ങളും പുരോഗമിക്കുകയാണ്.

(തുടരും)

P-03-03-2025 AK-FM (3) 5.10-5.20 ബി.സി.

(ശ്രീ. എം. വിജിൻ തുടർച്ച...)

സർവകലാശാലാസേവനങ്ങൾ അതിവേഗത്തിലാക്കുകയെന്നത് എത്രയോ കാലമായി നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതാണ്. ഇതിനായി Kerala Resources for Education Administration and Planning (K-REAP) എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. പഠനത്തോടൊപ്പം തൊഴിൽ, സമ്പാദ്യം, തൊഴിൽ പരിശീലനം തുടങ്ങിയ വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ എത്രയോ കാലമായി കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ വിദഗ്ധരും വിദ്യാർത്ഥികളും അക്കാദമിക് സമൂഹവും ചർച്ച ചെയ്യുന്നതായിരുന്നു. നോക്കൂ, ഇവിടെ പഠനത്തോടൊപ്പം തൊഴിൽ സാധ്യതകളുണ്ടാകുന്നു, പഠനത്തോടൊപ്പം തൊഴിൽ പഠിക്കാനുള്ള കോഴ്സുകൾ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ

രംഗത്ത് വിഭാവനം ചെയ്തുകഴിഞ്ഞിരിക്കുന്നു. ' Industry on Campus' , ' Earn While You Learn (EWYL)' എന്നിവ പോലെയുള്ള മാതൃകാപരമായ പദ്ധതികളെ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്ത് നടപ്പാക്കിയ ഗവൺമെന്റാണ് പിണറായി വിജയൻ ഗവൺമെന്റ്. എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൂതന സംരംഭകത്വ കേന്ദ്രങ്ങൾ ആരംഭിക്കുന്ന ഒരു ഗവൺമെന്റാണിത്. ഈ കാലഘട്ടത്തിലാണ് പിണറായി വിജയൻ സർക്കാർ ലോകത്തോട് കിടപിടിക്കാൻ സാധിക്കുന്ന പ്രധാനപ്പെട്ട പൊതുമേഖലാ യൂണിവേഴ്സിറ്റി കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള നിർണായകമായ തീരുമാനമെടുത്തത്, ഡിജിറ്റൽ യൂണിവേഴ്സിറ്റി. അതോടൊപ്പം തന്നെയാണ് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി. ഈ രണ്ട് പൊതുമേഖലാ യൂണിവേഴ്സിറ്റികളെയും കേരളത്തിൽ ഏറ്റവും സജീവമായ മറ്റ് പൊതുമേഖലാ യൂണിവേഴ്സിറ്റികളോട് ചേർത്തുവച്ച ഒരു ഗവൺമെന്റാണ് കേരളത്തിലെ ഈ ഗവൺമെന്റ് എന്നത് നമുക്ക് അഭിമാനപൂർവം പങ്കുവയ്ക്കാൻ സാധിക്കുന്ന ഒന്നാണ്. എല്ലാ കണക്കുകളിലേക്കും ഞാൻ പോകുന്നില്ല, ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച അംഗങ്ങൾ എല്ലാം സൂചിപ്പിക്കുകയുണ്ടായി. ഏറ്റവും ഉയർന്ന NAAC (The National Assessment and Accreditation Council) ഗ്രേഡായ A++

നേടിയ രണ്ട് യൂണിവേഴ്സിറ്റികൾ ഇന്ന് കേരളത്തിലുണ്ട്. ആറേഴ് വർഷങ്ങൾക്കുമുമ്പ് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി ഉന്നതവിദ്യാഭ്യാസ രംഗത്ത് ഒരു യോഗം വിളിച്ചുചേർക്കുന്നു, വൈസ് ചാൻസലർമാരും വിദ്യാഭ്യാസ വിദഗ്ധന്മാരും വിദ്യാർഥികളും പങ്കെടുത്ത ഈ യോഗത്തിൽ കേരളത്തിന്റെ മുഖ്യമന്ത്രി പ്രധാനമായും ചർച്ചയിൽ പറഞ്ഞത് ഇന്ത്യയിലെ പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികളിലേക്ക്, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് നമ്മുടെ നാടിനെ മാറ്റണമെന്നതായിരുന്നു. ഇതാ കേരളം ഇന്ന് ചരിത്രപരമായ ആ നേട്ടം കൈവരിച്ചിരിക്കുന്നു. NAAC-ന്റെ A++ നേടിയ കേരള യൂണിവേഴ്സിറ്റിയും എം.ജി. യൂണിവേഴ്സിറ്റിയും പൊതുമേഖലയിൽ തലയെടുപ്പോടുകൂടിയ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കാൻ നമുക്ക് സാധിക്കുന്നു. മറ്റ് യൂണിവേഴ്സിറ്റികളും അധികം പിറകിലൊന്നുമല്ല, കുസാറ്റിനും ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലക്കും കാലിക്കറ്റ് സർവകലാശാലക്കും A+ ഗ്രേഡാണ്. അങ്ങനെ ഇന്ത്യയിലെതന്നെ മികച്ച യൂണിവേഴ്സിറ്റികളുടെ പട്ടികയിലേക്ക് NAAC-ന്റെ ഏറ്റവും പ്രധാനപ്പെട്ട Accreditation നേടുന്ന യൂണിവേഴ്സിറ്റികളിലേയ്ക്ക് കേരളത്തിന്റെ പൊതുമേഖലാ യൂണിവേഴ്സിറ്റികളെ നയിച്ച വകുപ്പ് ഉന്നതവിദ്യാഭ്യാസ വകുപ്പും നയിച്ച ഗവൺമെന്റ് പിണറായി

വിജയൻ ഗവൺമെന്റുമാണ്. രാജ്യത്തെ മികച്ച 200 ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 42 കോളേജുകൾ കേരളത്തിലാണ്, 100 ഒന്നാംനിര സർവകലാശാലകളിൽ 4 എണ്ണം കേരളത്തിലാണ്, 292 കോളേജുകൾക്ക് NAAC അംഗീകാരവും ലഭിച്ചു. മികച്ച സ്റ്റേറ്റ് പബ്ലിക് യൂണിവേഴ്സിറ്റികളുടെ ലിസ്റ്റിൽ ഒൻപതാമതായും പത്താമതായും പതിനൊന്നാമതായും കേരളത്തിലെ പൊതുമേഖലാ യൂണിവേഴ്സിറ്റികളായ കേരള യൂണിവേഴ്സിറ്റിയും കുസാറ്റും എം.ജി. യൂണിവേഴ്സിറ്റിയുമാണ്. ഈ യൂണിവേഴ്സിറ്റികൾ ഇന്ത്യയിലെ മികച്ച പൊതുമേഖല യൂണിവേഴ്സിറ്റികളിൽ ആദ്യ സ്ഥാനങ്ങളിലുണ്ടെന്നത് അഭിമാനപൂർവം നമുക്ക് പങ്കുവയ്ക്കാൻ സാധിക്കുന്നുണ്ട്. അതാണ് കേരളത്തിൽ ഇടതുപക്ഷം വിദ്യാഭ്യാസ മേഖലയിൽ നടത്തുന്ന ബദൽ, പൊതുവിദ്യാഭ്യാസ മേഖലയെയും പൊതുമേഖലാ യൂണിവേഴ്സിറ്റികളെയും ശക്തിപ്പെടുത്തുക. ഉന്നതവിദ്യാഭ്യാസ രംഗത്ത് കേരളം കുതിക്കുകയാണ്. കേരളത്തിൽനിന്ന് വിദ്യാർത്ഥികളുടെ ഒഴുക്കുണ്ടാകുന്നുവെന്ന് പ്രതിപക്ഷത്തുള്ളവർ സംസാരിച്ചപ്പോൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിന്റെ രണ്ടുതലം പരിശോധിക്കാനുണ്ട്. ഇവിടെനിന്നും പോകുന്ന വിദ്യാർത്ഥികളെയും അവർ എത്തിപ്പെടുന്ന യൂണിവേഴ്സിറ്റികളെയും സംബന്ധിച്ചും അതിന്റെ ഗുണമേന്മയും നിലവാരവും സംബന്ധിച്ചും ഒരു ഡിബേറ്റ് ഈ നിയമസഭയ്ക്കകത്തുതന്നെ നാം

സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. താൽക്കാലികമായെങ്കിലും ഈ വാദത്തെ അംഗീകരിച്ചുകൊണ്ട് തീർച്ചയായും കേരളത്തിലെ വിദ്യാർഥികളെ കേരളത്തിൽതന്നെ ഉന്നതവിദ്യാഭ്യാസ രംഗത്ത് പഠിക്കാനുള്ള സാഹചര്യമുണ്ടാക്കുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. അതോടൊപ്പം കേരളത്തിലെ വിദ്യാർഥികളെ ഇവിടെ പഠിപ്പിക്കുന്നതിനുമപ്പുറം കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ തിരിച്ചറിഞ്ഞുകൊണ്ട് കേരളത്തിനുപുറത്തുനിന്നും രാജ്യത്തിനുപുറത്തുനിന്നും വിദ്യാർഥികളെ ഈ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് എത്തിക്കുന്നതിനുതകുന്ന ഒരു ആവാസവ്യവസ്ഥ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്ത് രൂപീകരിക്കുകയെന്നതാണ് ഈ ഘട്ടത്തിൽ ഏറ്റവും പ്രധാനമായും നാം ചർച്ച ചെയ്യേണ്ടത്. അവിടെയാണ് ഏറ്റവും സജീവമായി മെറിറ്റും സാമൂഹ്യനീതിയും പാലിച്ചുകൊണ്ടുള്ള സ്വകാര്യ സർവകലാശാലകളുടെ ആവശ്യകതയെക്കുറിച്ച് കേരളം ചർച്ച ചെയ്യുന്നത്. പൊതുമേഖലാ സർവകലാശാലകളെ തകർത്തുകൊണ്ടല്ല ഈ ഗവൺമെന്റ് സ്വകാര്യ സർവകലാശാലാ ബിൽ അവതരിപ്പിക്കുന്നതെന്നത് വളരെ പ്രധാനപ്പെട്ടതാണെന്ന് ഞാൻ ഇവിടെ എന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. കേരളത്തിന്റെ പൊതുമേഖലാ

സർവകലാശാലകളെയെല്ലാം മികവിന്റെ കേന്ദ്രങ്ങളാക്കുകയാണ്, അതിന് പ്രയോറിറ്റി കൊടുക്കുകയാണ്. പൊതുമേഖലാ യൂണിവേഴ്സിറ്റികൾക്കുതന്നെ നമ്പർ വൺ പ്രയോറിറ്റിയെന്നാണ് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സഭയിൽ ഈ നിമിഷം പ്രഖ്യാപിച്ചത്. ആ പ്രയോറിറ്റി പൊതുമേഖലാ യൂണിവേഴ്സിറ്റികൾക്ക് നൽകിക്കൊണ്ട് അവയെ ശക്തിപ്പെടുത്തുന്നതോടൊപ്പം കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ രംഗത്തെ പുതിയ സാധ്യതകൾ ഈ മണ്ണിൽ നടപ്പാക്കുന്നതിനുകൂടി വേണ്ടിയിട്ടാണ് ഈ സ്വകാര്യ സർവകലാശാലാ ബിൽ ഇവിടെ നടപ്പാക്കപ്പെടുന്നത്. അപ്പോൾ തീർച്ചയായും ഇത് നടപ്പാക്കപ്പെടുമ്പോൾ രണ്ട് നയങ്ങളെക്കുറിച്ചും പരിശോധിക്കേണ്ടതായുണ്ട്. ഇവിടെ പ്രതിപക്ഷ നിരയിൽനിന്നും നേരത്തെ ചില അംഗങ്ങൾ എസ്.എഫ്.ഐ.-യുടെ ചില സമരങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് എന്തിനാണ് ആ നിലയിലുള്ള സമരങ്ങളെന്നതിനെക്കുറിച്ച് ചോദിക്കുന്ന സാഹചര്യവുമുണ്ടായി. വളരെ കൃത്യമായിത്തന്നെ നമുക്ക് യു.ഡി.എഫ്. നയത്തെയും എൽ.ഡി.എഫ് നയത്തെയും പങ്കുവയ്ക്കാൻ സാധിക്കും. യു.ഡി.എഫ്. നയം എന്തായിരുന്നു? ആ നയം പൊതുവിദ്യാഭ്യാസ രംഗത്തുകൂടി ആദ്യം പരിശോധിക്കണം, അതിൽ ദൂരവർഷങ്ങളിലേക്ക് ഞാൻ ഈ ഘട്ടത്തിൽ പോകുന്നില്ല. 2015

എന്ന വർഷം മാത്രമേ ഞാൻ എടുക്കുന്നുള്ളൂ. 2015-ലെ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിലെ സാഹചര്യം എന്തായിരുന്നു? 2015-ൽ കേരളത്തിലെ കുട്ടികൾക്ക് പാഠപുസ്തകം ലഭിക്കാത്ത ഒരു വർഷമാണ് കടന്നുപോയത്. അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് പാഠപുസ്തക വിതരണത്തിൽനിന്നും വിട്ടുനിന്നുകൊണ്ട് കേരളത്തിലെ പാവപ്പെട്ടവരുടെ മക്കൾ പഠിക്കുന്ന സർക്കാർ സ്കൂളുകളിൽ, പൊതുവിദ്യാലയങ്ങളിൽ പാഠപുസ്തകം കൊടുത്തില്ല. പിന്നീട് എടുത്ത ഒരു തീരുമാനമായിരുന്നു അതിഭീകരമായത്. ലാഭത്തിന്റെയും നഷ്ടത്തിന്റെയും പേരിൽ കേരളത്തിന്റെ പൊതുവിദ്യാലയങ്ങളെ തരംതിരിച്ചുകൊണ്ട്......

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, സർവകലാശാലകൾക്ക് അനുകൂലമായി ബഹുമാനപ്പെട്ട അംഗം തന്നെ സംസാരിക്കുന്നത് ഒരു കാവ്യനീതിയായിട്ടാണ് എനിക്ക് തോന്നുന്നത്. കാരണം സ്വകാര്യ സർവകലാശാലകൾ വീണ്ടും ചർച്ചയാകുമ്പോൾ ഏറ്റവും അധികം പ്രചരിക്കപ്പെടുന്നത് ഇതിനെ എതിർത്തുകൊണ്ട് നിങ്ങൾ ചെയ്ത സമരത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെതന്നെ ഒരു പ്രസംഗമാണ്. അത് കേൾക്കുമ്പോൾ ഒരു കാവ്യനീതിയായി അനുഭവപ്പെടുന്നുണ്ട്. കാതലായ

മാറ്റം ഈ രണ്ട് ഗവൺമെന്റുകളുടെ കാലത്തുണ്ടെന്ന് അങ്ങ് പറയുകയുണ്ടായി. ഈ കാതലായ മാറ്റം എന്നുപറയുന്നത് ഇപ്പോഴത്തെ സർക്കാരിന്റെ കൊടിയുടെ നിറം മാറിയെന്നല്ലാതെ വേറെന്തെങ്കിലും കാതലായ മാറ്റത്തെക്കുറിച്ച് അങ്ങേയ്ക്ക് പറയാനുണ്ടോ?

ശ്രീ. എം. വിജിൻ: സർ, അങ്ങേയ്ക്കുള്ള മറുപടിയിലേക്ക് ഞാൻ വരാം. ഇക്കാര്യം ചോദിച്ചത് നന്നായി, അതുകൂടി എന്റെ പ്രസംഗത്തിൽ പരാമർശിച്ചുപോകാൻ സാധിക്കുന്ന ഒരു അവസരമുണ്ടാക്കിയതിന് അങ്ങേയ്ക്ക് പ്രത്യേകമായ നന്ദി രേഖപ്പെടുത്തുകയാണ്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ തകർത്ത് സ്കൂളുകൾ അടച്ചുപൂട്ടാൻ തീരുമാനിച്ച നയങ്ങളും അൺ-എയ്ഡഡ് സ്കൂളുകൾക്ക് വളരാൻ സാഹചര്യമൊരുക്കിയ നയങ്ങളും മുന്നോട്ടുവച്ച ഗവൺമെന്റാണ് 2011 മുതൽ 2016-വരെ യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ കേരളത്തിലുണ്ടായിരുന്നത്. എന്നാൽ അവിടെയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തി 1048000 കുട്ടികൾ അധികമായി കടന്നുവന്നു, അധ്യാപകർക്ക് സാധ്യത കൂടി. നമ്മുടെ സ്കൂളുകളെ ഹൈടെക് സ്കൂളുകളാക്കി മാറ്റിയ ഒരു ഗവൺമെന്റിന്റെ നയമാണ് എൽ.ഡി.എഫ്.-ന്റെ നയം, സ്കൂളുകൾ പൂട്ടുന്ന നയമാണ് ഇവിടത്തെ

യു.ഡി.എഫ്.-ന്റെ നയം. മറ്റൊന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു ഭാഗത്തിലേക്കാണ്, ഇവിടെ എസ്.എഫ്.ഐ.-യുടെ ഒരു സമരത്തെക്കുറിച്ച് അങ്ങ് പരമാർശിച്ചത് നന്നായി. എന്തുകൊണ്ടാണ് 2016-ൽ അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന നയത്തെ ഏറ്റവും ശക്തമായി ഞാൻ ഉൾപ്പെടെ സമരത്തിലൂടെ പ്രതിരോധിച്ചത്? അവിടെയാണ് ഇതിന്റെ യാഥാർഥ്യത്തെ വളരെ ഗൗരവത്തോടുകൂടി ഈ സഭാതലത്തിൽ ഉൾപ്പെടെ നാം ചർച്ച ചെയ്യേണ്ടതായിട്ടുള്ളത്. 2016-ലെ ഗ്ലോബൽ എജ്യൂക്കേഷൻ മീറ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഗൗരവമായി ചർച്ച ചെയ്യണം. 2016-ൽ യു.ഡി.എഫ്. ഗവൺമെന്റ് നയമായി മുന്നോട്ടുവച്ചത് എന്തായിരുന്നു? അന്ന് മുന്നോട്ടുവച്ചത് ഒരു സ്പെഷ്യൽ എജ്യൂക്കേഷൻ സോണാണ്. സ്പെഷ്യൽ ഇക്കണോമിക് സോണിന്റെ പ്രത്യേകതയെന്തെന്ന് നമുക്കറിയാം, സ്റ്റേറ്റിനോ അതോടൊപ്പം നമ്മുടെ രാജ്യത്തെയോ ഒരു നിയമങ്ങളും കൃത്യമായി ബാധകല്ലാത്ത ഒരു സോണായിരിക്കും. അതിന് സമാനമായ നിലയിൽ 100 ഏക്കറിൽ ഒരു സ്പെഷ്യൽ എജ്യൂക്കേഷൻ സോൺ. അതുമാത്രമല്ല, അവിടെ മെറിറ്റുണ്ടോ, സാമൂഹ്യനീതിയുണ്ടോ, സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണമുണ്ടോ? 11-02-2016-ൽ ഇതേ സഭയിൽ 13-ാം കേരള നിയമസഭയുടെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ

111 ആയി ശ്രീ. കൊടിയേരി ബാലകൃഷ്ണനും ശ്രീ. ടി. വി. രാജേഷുമുൾപ്പെടെ ഉന്നയിച്ചതാണ്. "വിദ്യാഭ്യാസ സംഗമത്തിൽ പങ്കെടുക്കുന്നതിനായി ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതിനകം രജിസ്റ്റർ ചെയ്തിട്ടുള്ളത്; വിദേശ സർവകലാശാലകൾ സംഗമത്തിൽ പങ്കെടുക്കുന്നുണ്ടോ, ഏതെല്ലാം സർവകലാശാലകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്" എന്നതായിരുന്നു ചോദ്യങ്ങൾ. ഈ ചോദ്യത്തിന്റെ മറുപടി തമാശയാണ്. എന്താണ് ചോദിച്ചത്, എന്താണ് മറുപടി പറഞ്ഞതെന്ന് എന്റെ സമയപരിമിതികൊണ്ട് വായിക്കുന്നില്ല. നിങ്ങൾക്ക് വായിച്ചുനോക്കാം.

(തുടരും...)

P-03-03-2025 AL-FM (5.20-5.30) bc

(ശ്രീ. എം. വിജിൻ ...തുടർച്ച)

ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി പോലും പറയാതെ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തെ കച്ചവടം ചെയ്യാൻ മെറിറ്റ് ഇല്ലാതെ സാമൂഹ്യനീതി സംരക്ഷിക്കാതെ സർക്കാരിന്റെ ഒരു തരത്തിലുമുള്ള നിയന്ത്രണമില്ലാതെ വിദേശത്തെ നിലവാരമില്ലാത്ത യൂണിവേഴ്സിറ്റികൾ കേരളത്തിൽ കൊണ്ടുവന്ന് കച്ചവടം നടത്താനുള്ള തീരുമാനത്തിനെതിരായിട്ടുള്ള പ്രതിഷേധമാണ് ഞങ്ങൾ 2016-ൽ കോവളത്തുവച്ച് നടത്തിയത്. ആ നിലപാടിൽ ഞങ്ങൾ

ഇന്നും ഉറച്ചുനിൽക്കുകയാണ്. പക്ഷേ ഇവിടെയെന്താണ് അനുകൂലിക്കാനുള്ള സാഹചര്യം; ഇവിടെ മെറിറ്റുണ്ട്, സാമൂഹ്യനീതിയുണ്ട്, സർക്കാരിന് വളരെ കൃത്യമായ നിയന്ത്രണമുണ്ട്. അതാണ് നിങ്ങളുടെ നയവും ഞങ്ങളുടെ നയവും തമ്മിലുള്ള വ്യത്യാസം. നമ്മുടെ യൂണിവേഴ്സിറ്റികളെ സംബന്ധിച്ചിടത്തോളം ഈ ബില്ലിൽ വളരെ കൃത്യമായി പറയുന്നുണ്ട്. എവിടെയാണ് മെറിറ്റ് എവിടെയാണ് സാമൂഹ്യനീതി; അതെല്ലാം ഓരോന്നായി എടുത്തെടുത്ത് ഈ ബില്ലിൽ പരാമർശിച്ചിട്ടുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ടതും മറ്റെവിടെയും സൂചിപ്പിക്കാത്തതുമായ കാര്യങ്ങളാണ് ബില്ലിന്റെ 14-ാം പേജിലെ 12-ാം ക്ലോസ് (2) (3) ഉപവകുപ്പുകളിൽ പ്രവേശനം സംബന്ധിച്ച കൃത്യമായ മാർഗ്ഗനിർദേശം പരാമർശിക്കുന്നുണ്ട്. ബില്ലിലെ 29-ാം പേജിലെ 29-ാം വകുപ്പ് - സ്റ്റുഡന്റ്സ് കൗൺസിലുമായി ബന്ധപ്പെട്ട് - വിദ്യാർഥികൾ അവർക്കിടയിൽനിന്ന് തിരഞ്ഞെടുക്കുന്ന പത്ത് പേർ, അവരിൽ ഒരാൾ ഗവേഷണ വിദ്യാർഥിയും ഒരാൾ പട്ടികജാതിയിലോ പട്ടിക ഗോത്രവർഗ്ഗങ്ങളിലോപെട്ടതും രണ്ട് പേർ പെൺകുട്ടികളും ആയിരിക്കേണ്ടതാണെന്ന് കൃത്യമായി പറയുന്നുണ്ട്. വിദ്യാർഥിപക്ഷ നിലപാടാണ് സർക്കാർ ഇവിടെ ഉയർത്തിപ്പിടിക്കുന്നത്. വിദ്യാർഥികളുടെ അവകാശങ്ങൾ സംബന്ധിക്കുന്ന Clause 30-ന്റെ (3)-ാം ഉപവകുപ്പിൽ

വിദ്യാർഥി യൂണിയനെക്കുറിച്ചാണ് പരാമർശിക്കുന്നത്. ഇന്ത്യയിൽ മറ്റ് 27 സംസ്ഥാനങ്ങളിലും സ്വകാര്യ സർവ്വകലാശാല ബിൽ അവതരിപ്പിച്ചപ്പോൾ വിദ്യാർഥി യൂണിയനെക്കുറിച്ചോ വിദ്യാർഥികളുടെ അവകാശങ്ങളെക്കുറിച്ചോ ഒരക്ഷരം പോലും പറഞ്ഞിട്ടുമില്ല, അതിന് അനുമതിയുമില്ല. എന്നാൽ, കേരളത്തിൽ പ്രസ്തുത ബിൽ അവതരിപ്പിക്കുമ്പോൾ വിദ്യാർഥി യൂണിയനുണ്ട്, വിദ്യാർഥികൾക്ക് അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ട്. അതാണ് ഇടതുപക്ഷ സർക്കാരിന്റെ ബദൽ. ഏറ്റവുമൊടുവിലത്തെ യു.ജി.സി. റെഗുലേഷനിൽപോലും 'എസ്.സി./എസ്.ടി.' എന്ന് എടുത്തുപറയാൻ തയ്യാറാകുന്നില്ല. ഒരു ഒഴുക്കൻ മട്ടിൽ പരാമർശിച്ചുപോകുമ്പോൾ ഈ ബില്ലിന്റെ ക്ലോസ് 4(ഐ)-ൽ 'പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപെട്ട വിദ്യാർഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുകയും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുകയും ചെയ്യുക' എന്ന് വളരെ കൃത്യമായി പരാമർശിക്കുന്നുണ്ട്. അത് നിലനിർത്തുക തന്നെ ചെയ്യും. കേരളത്തിലെ താമസക്കാരായ വിദ്യാർഥികൾക്കുവേണ്ടി 40 ശതമാനം സംവരണം ഏർപ്പെടുത്തും എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ നിശ്ചയിക്കുന്ന രീതിയിൽതന്നെ മുന്നോട്ടുവച്ചിട്ടുണ്ട്. ഫീസിന്റെ കാര്യത്തിലും അക്കാര്യങ്ങൾ വളരെ കൃത്യമായി പാലിക്കുന്നുണ്ട്. അതോടൊപ്പം

സർവ്വകലാശാലയുടെ അംഗീകാരം പിൻവലിക്കാനും ബില്ലിൽ വ്യവസ്ഥയുണ്ട്. ഏതെങ്കിലും തരത്തിൽ ഇതിൽ തെറ്റായ നിലപാട് സ്വീകരിക്കുന്നുണ്ടെങ്കിൽ അത് പിൻവലിക്കാനുൾപ്പെടെയുള്ള വ്യവസ്ഥ ബിൽ മുന്നോട്ടുവയ്ക്കുന്നുണ്ട്. അതിന്റെയെല്ലാം ആകെത്തുക എന്നുപറയുന്നത് ഇവിടെ മെറിറ്റും സാമൂഹ്യനീതിയും സംരക്ഷിക്കപ്പെടുന്നു എന്നുള്ളതാണ്. അതോടൊപ്പം സർവകലാശാലകളുടെ നിയന്ത്രണം പൂർണ്ണമായും സർക്കാരിന്റെ കൈകളിലേക്കെത്തുന്നു എന്നതും വളരെ പ്രധാനപ്പെട്ടതാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: അങ്ങ് സാമൂഹ്യനീതിയെക്കുറിച്ച് പറഞ്ഞു. പക്ഷേ 100 സീറ്റുണ്ടെങ്കിൽ 40 സീറ്റിലാണ് സാമൂഹ്യനീതി വരുന്നത്. 100 സീറ്റിലും സംവരണതത്വങ്ങൾ ഏർപ്പെടുത്തണം എന്നത് അങ്ങ് ഒരു ആവശ്യമായി ഉന്നയിക്കുന്നില്ലേ; 100 സീറ്റുണ്ടെങ്കിൽ 40 സീറ്റിൽ മാത്രമേ സംവരണം വരുന്നുള്ളൂ. 100 സീറ്റിലും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് സംവരണം കൊടുക്കണമെന്ന നിലപാട് അങ്ങേയ്ക്കില്ലേ?

<u>ശ്രീ. എം. വിജിൻ</u>: അങ്ങ് ചോദിച്ചതിൽ ചില പിശകുണ്ട്. ഞാൻ അതിലേക്ക് കടക്കുന്നില്ല. പക്ഷേ 40 ശതമാനം സംവരണം എന്നുപറഞ്ഞത് കേരളത്തിലെ താമസക്കാരായ വിദ്യാർഥികൾക്കുള്ള സംവരണത്തെക്കുറിച്ചാണ്. അതോടൊപ്പം എസ്.സി./എസ്.ടി. കുട്ടികൾക്ക്

എത്രയാണോ സംവരണതത്വം നിലവിൽ പാലിക്കുന്നത് അതേ സംവരണതത്വം തന്നെ ഈ ബിൽ വിഭാവനം ചെയ്യുന്നുണ്ട്. അതാണ് ഇതിന്റെ മെറിറ്റ്. എങ്ങനെയാണ് കേരളത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് എസ്.സി./എസ്.ടി. വിഭാഗത്തിൽപെടുന്ന വിദ്യാർഥികൾക്ക് സംവരണതത്വം പാലിക്കുന്നത് അതേ നിലയിലുള്ള സംവരണതത്വം പാലിക്കുക എന്നതാണ് ഈ ബിൽ മുന്നോട്ടുവയ്ക്കുന്നത്. ആ നിലയിൽതന്നെയാണ് ഈ ബിൽ സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്. അതോടൊപ്പം അധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും വിദ്യാർഥികളുടെയും ജനാധിപത്യപരമായ അവകാശങ്ങൾ കൃത്യമായി അംഗീകരിക്കാനും അവ സംരക്ഷിക്കാനും ഈ ബിൽ ശക്തമായിത്തന്നെ നിലപാട് സ്വീകരിക്കുന്നുണ്ട്. എല്ലാ സൗകര്യങ്ങളും ഒരുക്കിയതിനുശേഷം മാത്രം വിദ്യാർഥി പ്രവേശനം നടത്തുക എന്ന വളരെ പ്രധാനപ്പെട്ട ഒരു ക്ലോസ് ബില്ലിൽ പറയുന്നുണ്ട്. മഹാരാഷ്ട്രയിൽ ഒരു വർഷം കൊണ്ട് ധൃതിപിടിച്ചാണ് വിദ്യാർഥി പ്രവേശനം നടത്തുന്നത്. ഇവിടെ ആ നിലയിലല്ല പ്രവേശനം നടത്തുന്നത്. സ്ക്രൂട്ടണി കമ്മിറ്റിയുടെ പരിശോധന നടത്തി നിർമ്മാണം തുടങ്ങാനാവശ്യപ്പെട്ട് രണ്ടുവർഷത്തിനുള്ളിൽ കൃത്യമായി പരിശോധിച്ചുമാത്രമേ വിദ്യാർഥി പ്രവേശനമുൾപ്പെടെ

ഉറപ്പുവരുത്തുന്നുള്ളൂ. മറ്റ് സംസ്ഥാനങ്ങളിലെപ്പോലെ തട്ടിക്കൂട്ടിയ ഏർപ്പാടിന് ഞങ്ങൾ അനുവദിക്കില്ലെന്ന് ഈ ബില്ലിൽ വളരെ വ്യക്തമായി സർക്കാർ മുന്നോട്ടുവയ്ക്കുന്നുണ്ട്. അങ്ങനെ എല്ലാ മേഖലയിലും കൃത്യമായി സംവരണതത്വവും മെറിറ്റും പാലിച്ചുകൊണ്ട് വിദ്യാർഥികൾക്ക് അനുകൂലമായ ഒരു നിലപാട് സ്വീകരിച്ചുകൊണ്ടും അധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള ഒരു ബിൽ തന്നെയാണ് കേരള സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. സംസ്ഥാനത്തെ, അന്താരാഷ്ട്രതലത്തിലുള്ള ഒരു ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കുന്നതിന് സഹായകമായ ഒരു ബിൽ കൂടിയാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ എന്നീ മേഖലകളിൽ കേരളം നേടിയിട്ടുള്ള മുന്നേറ്റം, ഉയർന്ന നിലവാരമുള്ള സ്വകാര്യ സർവ്വകലാശാലകളെ വികസിപ്പിക്കാൻ കഴിയുമെങ്കിൽ രാജ്യത്തുടനീളമുള്ള വിദ്യാർഥികൾ അവരുടെ ഉന്നവിദ്യാഭ്യാസ ലക്ഷ്യസ്ഥാനമായി കേരളത്തെ തിരഞ്ഞെടുക്കുമെന്നത് ഉറപ്പാണ്. ആ നിലയിലേക്ക് കേരളത്തിലെ പൊതുമേഖലാ യൂണിവേഴ്സിറ്റികളെ സംരക്ഷിച്ചുകൊണ്ട് അവയെ മികവിന്റെ കേന്ദ്രങ്ങളാക്കിക്കൊണ്ട് അവർക്ക് മുൻഗണന കൊടുത്തുകൊണ്ട് കേരളത്തിലെ കുട്ടികൾക്ക് പഠന മേഖലയിലും ഉന്നതവിദ്യാഭ്യാസ രംഗത്തും

പുതിയ അന്തരീക്ഷം സൃഷ്ടിക്കുന്ന ഒരു ബിൽ കൂടിയാണ് ഇവിടെ അവതരിപ്പിച്ചത്. 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ഒരിക്കൽക്കൂടി അംഗീകരിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

(ശ്രീ. മുഹമ്മദ് മുഹസിൻ........)

P-03-03-2025 AL-FM (5.20-5.30) bc

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല സാർവദേശീയ അംഗീകാരങ്ങൾ നേടിക്കൊണ്ട് വളരെ മികച്ചരീതിയിൽ മുന്നോട്ടുപോകുകയാണ്. പൊതുമേഖലയിൽ ദേശീയ റാങ്കിംഗിലും NAAC-ന്റെ അക്രെഡിറ്റേഷനിലും മികച്ച പോയിന്റുകൾ കൈവരിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസരംഗം മുന്നേറുകയാണ്. എന്നാൽ കഴിഞ്ഞ കുറേ കാലങ്ങളായി സ്വകാര്യവത്കരണം എല്ലാ മേഖലയിലും വരികയാണ്. ദേശീയ

വിദ്യാഭ്യാസ നയവും യു.ജി.സി. റെഗുലേഷനുംപ്രകാരം രാജ്യത്ത് സ്വകാര്യ സർവ്വകലാശാലകൾ ഒരു യാഥാർഥ്യമാകുകയും അത് പലപ്പോഴും കേരളമടക്കമുള്ള എല്ലാ സ്ഥലങ്ങളിലേക്കും പിൻവാതിലിലൂടെ വന്നുകൊണ്ടിരിക്കുകയുമാണ്. ഓഫ് ക്യാമ്പസ് ആയി കേരളത്തിലടക്കം പ്രവർത്തിക്കുന്ന രീതിയിലേക്ക് അത് മാറിക്കൊണ്ടിരിക്കുന്നു. നിയന്ത്രണവിധേയമായി വന്നുകൊണ്ടിരിക്കുന്ന സ്വകാര്യ സർവകലാശാലകളുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുകയല്ലാതെ മറ്റ് നിർവാഹമില്ലാത്ത സ്ഥിതിയാണ്. ഈ സാഹചര്യമാണ് കേരളത്തിൽ ഇത്തരമൊരു നിയമം കൊണ്ടുവരാനുള്ള കാരണമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇന്ത്യയിൽ കേരളമൊഴികെയുള്ള ഏകദേശം 27 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി അഞ്ഞൂറിലധികം വരുന്ന സ്വകാര്യ സർവ്വകലാശാലകളുണ്ട്. കർണാടകയിൽ 42 എണ്ണം, ഗുജറാത്തിൽ 63 എണ്ണം എന്നിങ്ങനെ വിവിധ സംസ്ഥാനങ്ങളിലായി സ്വകാര്യ സർവകലാശാലകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും കേരളത്തിലെയടക്കം കുട്ടികൾ അവിടെപ്പോയി പഠിക്കുകയും ചെയ്യുന്ന സാഹചര്യവുമുണ്ട്. ഈയടുത്തകാലത്ത് നമ്മളെല്ലാവരും കേൾക്കാൻ തുടങ്ങിയ അശോക യൂണിവേഴ്സിറ്റി, ഒ.പി. ജിൻഡാൽ ഗ്ലോബൽ

യൂണിവേഴ്സിറ്റി, അമിറ്റി, വെല്ലൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (വി.ഐ.ടി.), എസ്.ആർ.എം. യൂണിവേഴ്സിറ്റി, മണിപ്പാൽ അക്കാഡമി ഓഫ് ഹയർ എഡ്യൂക്കേഷൻ, അസിം പ്രേംജി യൂണിവേഴ്സിറ്റി, ശിവ് നാടാർ യൂണിവേഴ്സിറ്റി (എസ്.എൻ.യു.) തുടങ്ങിയ സ്വകാര്യ യൂണിവേഴ്സിറ്റികൾ വന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാർ വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി ചെലവഴിക്കുന്നത് കുറയ്ക്കുകയും സ്വകാര്യ സർവകലാശാലകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു സാഹചര്യത്തിൽ നമ്മുടെ കുട്ടികളെല്ലാവരും അവിടെപ്പോയി പഠിക്കുന്ന ഒരു സാഹചര്യമുണ്ടാകുന്നു. അവരുടെ ഓഫ് ക്യാമ്പസുകൾ യാതൊരു നിയന്ത്രണവുമില്ലാതെ മറ്റുള്ള സംസ്ഥാനങ്ങളിൽ വന്ന് പ്രവർത്തിക്കാൻ കഴിയുന്ന ഒരു സാഹചര്യത്തിലേക്കും പോകുകയാണ്. കേന്ദ്ര സർക്കാർ തന്നെ സംസ്ഥാന സർക്കാരുകൾക്ക് നിയമം പാസ്സാക്കാം എന്നു പറയുന്നതുകൊണ്ടുതന്നെ അതിനെ നിയന്ത്രിച്ചുകൊണ്ട് സാമൂഹ്യനീതിയടക്കമുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രവർത്തിക്കുക എന്നതുതന്നെയാണ് ഇക്കാലത്ത് ഏറ്റവും അനിവാര്യമായിട്ടുള്ളത്. അതുകൊണ്ടുതന്നെ നിലവിൽ യു.ജി.സി. റെഗുലേഷൻസ് പ്രകാരമാണ് ഇത് പ്രവർത്തിക്കുന്നത്. സ്റ്റേറ്റ് പ്രൈവറ്റ് യൂണിവേഴ്സിറ്റി ആക്റ്റുകൾ ഓരോ സംസ്ഥാനങ്ങളിലുമുണ്ടാകുമ്പോഴാണ് അതത്

സംസ്ഥാനങ്ങൾക്ക് ഒരു പരിധിവരെയെങ്കിലും ഇതിൽ നിയന്ത്രണമുണ്ടാകുന്നത്. AICTE അടക്കമുള്ള മറ്റ് റെഗുലേറ്ററി ബോഡികളുടെ നിയന്ത്രണങ്ങളുണ്ടാകും. ഇതെല്ലാമുണ്ടെങ്കിലും ബിൽ ഇവിടെ നടപ്പാക്കുമ്പോൾ അതീവ ജാഗ്രതയോടുകൂടി നടപ്പാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം വിദ്യാഭ്യാസം ഒരു കമ്മോഡിറ്റിയായി കണ്ടുകൊണ്ട് അതിന്റെ ലാഭം മാത്രം പരിഗണിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് പലപ്പോഴും വരാനുള്ള സാധ്യത. അങ്ങനെവന്നാൽ വിദ്യാർഥികളെയും അധ്യാപകരെയും ചൂഷണം ചെയ്യാനുള്ള സാഹചര്യം വളരെ കൂടുതലാണ്. അതൊഴിവാക്കാൻ നിലവിൽ കൊണ്ടുവരുന്ന പുതിയ നിയമങ്ങൾ കൂടുതൽ കാര്യക്ഷമമായിത്തന്നെ പ്രവർത്തിക്കണം. കൂടാതെ, പൊതുസ്ഥാപനങ്ങളിൽ ഫ്ലെക്സിബിലിറ്റിയുടെ കുറവും റിസർച്ച്, ഇന്നൊവേഷൻ തുടങ്ങിയവയുടെ സാധ്യതകളും വർധിപ്പിക്കുന്നതിന് മുൻഗണന കൊടുക്കേണ്ടതാണ്.

(തുടരും...)

P-03-03-2025
HA/SG (III)
5.30-5.40
SN

(ശ്രീ. മുഹമ്മദ് മുഹസിൻ തുടർച്ച)

പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ വന്നുകഴിഞ്ഞാൽ ക്വാളിറ്റി ഇൻഫ്രാസ്ട്രക്ച്ചറും ഫെസിലിറ്റികളും ലോക നിലവാരത്തിലുള്ള സൗകര്യങ്ങളുമുണ്ടാകും എന്നൊക്കെയാണ് ഇപ്പോൾ പൊതുവേയുള്ള വാദങ്ങൾ. അതോടൊപ്പം ഗ്ലോബൽ കൊളാബറേഷൻ, ഇൻഡസ്ട്രിയൽ ഓറിയന്റഡ് എഡ്യൂക്കേഷൻ, ഫ്ലക്സിബിളായ കരിക്കുലം തുടങ്ങിയ പല കാര്യങ്ങളും ഇതിനെ പ്രൊമോട്ട് ചെയ്യുന്നവർ പറയുന്നുണ്ട്. പക്ഷേ, എംപ്ലോയബിലിറ്റിയിലും മറ്റ് പല കാര്യങ്ങളിലും നമ്മുടെ രാജ്യം അന്താരാഷ്ട്ര നിലവാരത്തിലുള്ള പൊതു സർവകലാശാലയുടെ അടുത്തേയ്ക്ക് എത്തുന്നില്ല എന്നുള്ളതൊരു യാഥാർഥ്യമാണ്. എന്നാലും ഇത്തരം സ്ഥാപനങ്ങൾക്ക് അംഗീകാരം കൊടുക്കുന്ന സമയത്ത് അവരുടെ പെർഫോമൻസും ഇത്തരം സാധ്യതകളും വിലയിരുത്തേണ്ടതാണ്. ഇന്ത്യയിൽ വന്ന പ്രൈവറ്റ് യൂണിവേഴ്സിറ്റികളെ സംബന്ധിച്ചിടത്തോളം പൊതുവേ അവയ്ക്ക് വലിയ ഫീസാണുള്ളത്. Profit driven അല്ലാത്ത ഒന്നുരണ്ട് സ്ഥാപനങ്ങളുണ്ടെങ്കിലും പൊതുവെ profit driven ആയിട്ടുള്ള മോഡലുകളാണ് ഇന്ത്യയിലുള്ളത്. അസിം പ്രേംജി യൂണിവേഴ്സിറ്റിയൊക്കെ കുറച്ചുകൂടി മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ്. Profit driven ആയിട്ടുള്ള സ്ഥാപനങ്ങൾ പലപ്പോഴും

സാധാരണക്കാരന് അപ്രാപ്യമാകുന്ന രീതിയിലേയ്ക്ക് പോകാറുണ്ട്. നേരത്തെ ശ്രീ. എം. വിജിൻ പറഞ്ഞതുപോലെ പൊതുവേ റിസർവേഷൻ സാധ്യതകൾ വളരെ കുറഞ്ഞവർക്കും സമൂഹത്തിൽ സാമ്പത്തികമായി ഉന്നതിയിൽ നിൽക്കുന്ന അപ്പർ മിഡിൽ ക്ലാസിലും മിഡിൽ ക്ലാസിലുമുള്ളവർക്കും മാത്രം പ്രാപ്യമായ രീതിയിലാണ് നമ്മുടെ രാജ്യത്ത് പൊതുവേ പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ പ്രവർത്തിക്കുന്നത്. ആ ഒരു സാഹചര്യത്തിൽനിന്നും മാറ്റമുണ്ടാകുന്ന തരത്തിലുള്ള മോഡലായിരിക്കണം പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ കേരളത്തിൽ പ്രവർത്തിക്കുമ്പോൾ ഉണ്ടാകേണ്ടത്. ലാഭത്തിനുവേണ്ടി കോഴ്സുകൾ വിൽക്കുന്ന സാഹചര്യമുണ്ടാകാറുണ്ടെന്ന് ചില പ്രൈവറ്റ് യൂണിവേഴ്സിറ്റികളെക്കുറിച്ച് പൊതുവേ പറയാറുണ്ട്. കേരളമൊഴികെ പല സംസ്ഥാനങ്ങളിലും ചെറിയ തുകയ്ക്ക് കോഴ്സുകൾ വിൽക്കുന്ന സാഹചര്യമുണ്ട്. ഇത്തരത്തിലുള്ള സാഹചര്യം കേരളത്തിലുണ്ടാകാൻ പാടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. Elite ആയിട്ടുള്ള ആളുകൾക്ക് മാത്രം വിദ്യാഭ്യാസ സൗകര്യങ്ങളുണ്ടാകുക എന്ന സാഹചര്യമുണ്ടാകാതിരിക്കാൻ ഇതിന്റെ അഫോർഡബിലിറ്റി, റെഗുലേഷൻ, ക്വാളിറ്റി എന്നിവ അടക്കമുള്ള കാര്യങ്ങൾ വളരെ ശക്തമായി പരിശോധിക്കാനുള്ള സംവിധാനങ്ങളുണ്ടാകണം. അതോടൊപ്പം

നിലവിലുള്ള പബ്ലിക് യൂണിവേഴ്സിറ്റികൾക്ക് ഇതിന്റെ സ്വാധീനം നെഗറ്റീവാകുന്നൊരു സാഹചര്യമുണ്ടാകാൻ പാടില്ലെന്നുകൂടി ഉറപ്പാക്കണം. സർക്കാർ തലത്തിലുള്ള യൂണിവേഴ്സിറ്റികളിൽനിന്ന് ഫാക്കൽറ്റികളുടെ ബ്രെയിൻ ഡ്രെയിനുണ്ടാകുന്നത് തടയാനുള്ള സംവിധാനംകൂടിയുണ്ടാകണം. പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ ലോകത്ത് യാഥാർത്ഥ്യമാണ്. മാത്രമല്ല, ലോകത്തുതന്നെ ഏറ്റവും വലിയ രീതിയിൽ പ്രശസ്തമായിട്ടുള്ള യൂണിവേഴ്സിറ്റികളായ Harvard University, Massachusetts Institute of Technology (MIT), Stanford University അടക്കമുള്ളവ പ്രൈവറ്റ് യൂണിവേഴ്സിറ്റികളാണ്. അമേരിക്കൻ മോഡലിന് വലിയ ചെലവുണ്ട്. പക്ഷേ, അവർ ഇന്നൊവേഷനും റിസർച്ചിനുമൊക്കെ പ്രയോറിറ്റി കൊടുക്കുന്നുണ്ട്. അവിടെ സ്വാഭാവികമായും വലിയ രീതിയിലുള്ള സാമ്പത്തിക ബാധ്യതകൾ വിദ്യാർത്ഥികൾക്ക് വരുന്നുണ്ടെന്ന് പൊതുവേ പറയപ്പെടുന്നുണ്ട്. എന്നാൽ ജർമ്മൻ മോഡൽ കുറച്ചുകൂടി റെഗുലേറ്റഡ് പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളാണ്. അതായത് നിലവിലുള്ള സർക്കാർ സ്ഥാപനങ്ങൾ അല്ലെങ്കിൽ പൊതുസ്ഥാപനങ്ങളെപ്പോലെതന്നെ പ്രൈവറ്റ് ഇൻസ്റ്റിറ്റ്യൂട്ടിനും വലിയ രീതിയിലുള്ള അക്കാദമിക് ക്രെഡിബിലിറ്റി നല്ല രീതിയിൽ ചെക്ക് ചെയ്യാനുള്ള സംവിധാനങ്ങളും അവിടെയുണ്ട്. അതുപോലെ ബഹുഭൂരിപക്ഷം

വരുന്നത് പ്രോഫിറ്റ് മോഡലല്ല നോൺ പ്രോഫിറ്റ് മോഡലായിട്ടാണ് അവിടെയുള്ളത്. പ്രൈവറ്റിനും പബ്ലിക്കിനും തുല്യമായ വിലയാണ് കോഴ്സുകൾക്ക് നൽകുന്നത്. കൂടുതൽ ഗവൺമെന്റ് കൺട്രോൾഡ് ആയിട്ടുള്ള പ്രൈവറ്റ് മോഡലാണ് ചൈനീസ് മോഡൽ. അവിടത്തെ ഒരു പ്രത്യേകത, പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പിന് പ്രയോറിറ്റി കൊടുത്തുകൊണ്ട് സയൻസ്, ടെക്നോളജി, ബിസിനസ് മേഖലകളിൽ ആ രാജ്യത്തെ എക്കണോമിക് ഗ്രോത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും അവിടേയ്ക്ക് എംപ്ലോയ്മെന്റിനും സ്കിൽ ഡെവലപ്മെന്റിനും വേണ്ടിയുള്ള സംവിധാനങ്ങളും ഫോക്കസ് ചെയ്യുകയാണ് അവർ ചെയ്യുന്നത്. ഇങ്ങനെയുള്ള ചൈനീസ് മോഡലും ജർമ്മൻ മോഡലും വളരെ പോസിറ്റീവായിട്ടുള്ള മോഡലുകളാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. അത് ആലോചിക്കാവുന്ന കാര്യമാണ്. ഇതിൽ 40 ശതമാനത്തോളം വരുന്ന മലയാളികളായിട്ടുള്ള അല്ലെങ്കിൽ കേരളത്തിൽ സ്ഥിര താമസമായിട്ടുള്ള വിദ്യാർഥികൾക്ക് സംവരണം ചെയ്യുന്നുവെന്നത് വളരെ ശ്രദ്ധേയമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു അന്താരാഷ്ട്ര നിലവാരമുള്ള യൂണിവേഴ്സിറ്റി എങ്ങനെയായിരിക്കണമെന്നാണ് പല മോഡലുകൾ വിശദീകരിച്ച് അങ്ങ് സംസാരിക്കുന്നത്. ഈ ബില്ലിൽ

പ്രവേശനത്തെക്കുറിച്ചൊരു ക്ലോസുണ്ട്.

12. പ്രവേശനം-(1) എല്ലാ സർവകലാശാലയും, അതതുസംഗതിപോലെ, ഈ ആക്റ്റിലെയും ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്കും, യു.ജി.സി.-യുടെയും മറ്റ് റെഗുലേറ്ററി ബോഡികളുടെയും റെഗുലേഷനുകൾക്കും വിധേയമായി, എല്ലാ വ്യക്തികൾക്കും പ്രവേശനം നൽകേണ്ടതാണ്:

ജനറലായിട്ടാണ് ഇക്കാര്യം പറഞ്ഞിരിക്കുന്നത്. അതിനുശേഷം പ്രൊവിസോയിൽ പറയുന്നത്, എത്ര shabby ആയിട്ടും എത്ര ശ്രദ്ധയില്ലാതെയുമാണ് ഈ ബില്ല് തയ്യാറാക്കിയത് എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്. പ്രൊവിസോയിൽ രണ്ട് കാര്യങ്ങൾ പറയുകയാണ്:

എന്നാൽ, നിർണ്ണയിക്കപ്പെട്ട അക്കാദമിക് യോഗ്യതയോ നിലവാരമോ ഇല്ലാത്ത ഏതെങ്കിലും വ്യക്തിയെ ഏതെങ്കിലും പഠന കോഴ്സിലേയ്ക്ക് പ്രവേശിപ്പിക്കുന്നതിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമായിരിക്കുകയില്ലെന്നാണ് പറയുന്നത്. ഒരു നിലവാരവുമില്ലാത്ത അക്കാദമിക് യോഗ്യതയില്ലാത്ത ഏത് വ്യക്തിയെ ഏത് പഠന കോഴ്സിലേയ്ക്കും പ്രവേശിപ്പിക്കാൻ സാധിക്കും. രണ്ടാമത്തെ പോയിന്റ്, ബിരുദമോ മറ്റ്

അക്കാദമിക ബഹുമതിയോ നൽകുന്നതിന് ആവശ്യമായ ഏറ്റവും കുറഞ്ഞ നിലവാരത്തെക്കാൾ താഴ്ന്ന അക്കാദമിക റിക്കാർഡുള്ളതോ ആയ ഏതെങ്കിലും വിദ്യാർത്ഥിയെ സർവകലാശാലയുടെ പ്രവേശന പട്ടികയിൽ നിലനിർത്തുന്നതിനോ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമായിരിക്കുകയില്ലെന്നാണ് പറയുന്നത്. ഒരു യോഗ്യതയുമില്ലാത്ത ആരെയും.. നിങ്ങൾ അതായിരിക്കില്ല ഉദ്ദേശിച്ചത്. പക്ഷേ, അങ്ങനെയാണ് എഴുതിവച്ചിരിക്കുന്നത്. ഈ സഭയിൽ വന്നിരിക്കുന്ന ബില്ലുകളിൽ ഏറ്റവും മോശമായി തയ്യാറാക്കപ്പെട്ടിരിക്കുന്ന ബില്ലുകളിൽ ഒന്നാണ് ഇത്. ഒരു ക്വാളിറ്റിയുമില്ലാത്ത ഒരു നിലവാരവുമില്ലാത്ത ആരെ വേണമെങ്കിലും പ്രവേശിപ്പിക്കാമെന്ന് പറഞ്ഞാൽ യൂണിവേഴ്സിറ്റിയുടെ നിലവാരമെന്തായിരിക്കുമെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഇക്കാര്യങ്ങൾ മന്ത്രി സംസാരിക്കുമെന്നതിനാൽ ഞാൻ അക്കാര്യങ്ങളെക്കുറിച്ച് വിശദമായി പറയുന്നില്ല. നിലവിൽ വളരെ ഫ്ലക്സിബിളായി പുറത്തുള്ള ആർക്കും, അവർക്കൊരു നിശ്ചിത യോഗ്യത ഉറപ്പുവരുത്തുകയാണെങ്കിൽ തുടർന്ന് പഠിക്കാനുള്ള അവസരം കിട്ടണം. അതാണ് ഓപ്പൺ യൂണിവേഴ്സിറ്റിയടക്കമുള്ള ആശയത്തിലേയ്ക്ക് നാം മാറിക്കൊണ്ടിരിക്കുന്നത്.

വളരെ കർക്കശമായൊരു സാഹചര്യത്തിലേയ്ക്ക് കടക്കാൻ പാടില്ല.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, യൂണിവേഴ്സിറ്റികളുടെ റിസർച്ച് ഓറിയന്റഡായിട്ടുള്ള പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകേണ്ടത്. മോഡലുകൾ വിശദീകരിച്ചുകൊണ്ട് വളരെ മനോഹരമായി അങ്ങ് കാര്യങ്ങൾ ഇവിടെ അവതരിപ്പിച്ചു. ഈ യൂണിവേഴ്സിറ്റികൾ നിലവിൽ വരുമ്പോൾ യൂണിവേഴ്സിറ്റിയുടെ റിസർച്ച് വിഭാഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് കുറച്ചുകൂടി വ്യക്തതയും തീവ്രതയും ഉണ്ടാകണമെന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, തീർച്ചയായും. റിസർച്ചിന് വളരെ പ്രയോറിറ്റി കൊടുക്കണം. പലപ്പോഴും കോഴ്സ് നടത്തിപ്പോകുകയെന്ന് കരുതുന്ന സാഹചര്യമുണ്ട്. റിസർച്ചുകൾക്കും അവ ഇംപ്ലിമെന്റ് ചെയ്യാനുള്ളൊരു സാഹചര്യമുണ്ടാകുമ്പോഴാണ് വലിയ രീതിയിലുള്ള ഫണ്ടിംഗ് അടക്കമുള്ള സാധ്യതകൾ തെളിഞ്ഞുവരുന്നത്. മാത്രമല്ല, ഇത്തരം പ്രൈവറ്റ് യൂണിവേഴ്സിറ്റികൾ നമ്മുടെ പൊതു യൂണിവേഴ്സിറ്റികളെക്കൂടി റിസർച്ചിൽ സഹായിക്കുകയും ഫണ്ട് ചെയ്യുകയും ചെയ്തുകൊണ്ടുള്ള സംവിധാനമുണ്ടാകണമെന്നുകൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്ത് നിലവിലുള്ള സംവരണമൊക്കെ ഇതിന് ബാധകമാക്കുമെന്ന്

പറഞ്ഞു. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ഫീസ് ഇളവടക്കമുള്ള കാര്യങ്ങൾ ഇതിൽ പറഞ്ഞിട്ടുണ്ട്. 2014 മുതൽ 2021 വരെ ഇന്ത്യയിലെ പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ പഠിച്ചിരുന്ന രോഹിത് വെമുലയുൾപ്പെടെയുള്ള 122 വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്തിട്ടുണ്ട്. IIT, NIT, Central University, Indian Institute of Management ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽനിന്ന് 2023 വരെയുള്ള കാലയളവിൽ 98 വിദ്യാർത്ഥികളാണ് ആത്മഹത്യ ചെയ്തത്. അക്കാദമിക് പ്രഷർ, വിവേചനം ഉൾപ്പെടെയുള്ള വിവിധ കാര്യങ്ങൾകൊണ്ട് ആത്മഹത്യ ചെയ്തവരാണ് അവർ. ഇതിൽ ബഹുഭൂരിപക്ഷം, ഏതാണ്ട് 60 ശതമാനത്തിൽ അടുത്ത് വരുന്ന വിദ്യാർത്ഥികൾ ഒ.ബി.സി., എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ട പിന്നാക്കം നിൽക്കുന്നവരാണ്. സംവരണം എന്നത് Inclusive exclusion എന്ന സാധ്യതയിലേയ്ക്ക് പോകാൻ പാടില്ല. സംവരണം കിട്ടുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായും അവർക്ക് നിലനിന്നുപോകാനുള്ളൊരു സാഹചര്യം കൂടി അവിടെ സൃഷ്ടിക്കപ്പെടേണ്ടതാണ്. ഇതിന്റെ അപേക്ഷയെ കുറിച്ചും മറ്റുള്ള കാര്യങ്ങളെക്കുറിച്ചും കൂടുതലായി പറയുന്നില്ല.

(തുടരും)

P.03-03-2025
5.40-5.50
GS/SG(3)

(ശ്രീ. മുഹമ്മദ് മുഹസിൻ......തുടർച്ച)

എംപ്ലോയിബിലിറ്റിയുമായി ബന്ധപ്പെട്ടിട്ട് നിലവിൽ ഇന്ത്യയിലെ ഐ.ഐ.ടി.-കളിലും സെൻട്രൽ യൂണിവേഴ്സിറ്റികളടക്കമുള്ള സ്ഥാപനങ്ങളിൽനിന്ന് എംപ്ലോയിബിലിറ്റി ലഭിക്കുന്നന്നതിന്റെ അത്രതന്നെ പ്രൈവറ്റ് യൂണിവേഴ്സിറ്റിയിൽനിന്ന് ലഭിക്കുന്നില്ലായെന്നാണ് പറയുന്നത്. അതിന്റെ സ്കീൽ ഡെവലപ്മെന്റ് അടക്കമുള്ള കാര്യങ്ങളിൽ പല യൂണിവേഴ്സിറ്റികളും ഫോക്കസ് ചെയ്യാതെ AICE (All India Council of Education) മാത്രം ഫോക്കസ് ചെയ്യുന്ന സാഹചര്യമാണ്. അത് കേരളത്തിലെ യൂണിവേഴ്സിറ്റികളിലുണ്ടാകാൻ പാടില്ലായെന്ന് പറയാൻ ആഗ്രഹിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് സ്റ്റുഡന്റ് കൗൺസിൽ/ സ്റ്റുഡന്റ് യൂണിയൻ ഉണ്ട്. എന്നാൽ, അത് മറ്റ് പല പ്രൈവറ്റ് യൂണിവേഴ്സിറ്റികളിൽനിന്നും വ്യത്യസ്തമായി ഉറപ്പുവരുത്തുന്ന സംവിധാനമുണ്ടെങ്കിലും ടി സ്റ്റുഡന്റ് യൂണിയൻ എന്നുപറയുന്നത് ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെടാനും ഡിബേറ്റും ഡിസ്കഷനുമൊക്കെ നടത്താൻ കഴിയുന്നൊരു അന്തരീക്ഷംകൂടെയുണ്ടെങ്കിൽ

കുറച്ചുകൂടി മെച്ചപ്പെട്ട സാഹചര്യമുണ്ടാകും എന്നൊരു നിർദേശംകൂടിയാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് (എ.ഐ.എസ്.എഫ്.) ഓൾ ഇന്ത്യ സ്റ്റുഡന്റ്സ് ഫെഡറേഷൻ അടക്കമുള്ള വിദ്യാർഥി സംഘടനകൾ ആശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ട്. അത് ദൂരിഹരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്തുകൊണ്ട് അവരുടെ പ്രതിനിധികളുമായി സംസാരിക്കുന്നത് ഗുണകരമായിരിക്കുമെന്ന നിർദേശംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. പ്രസ്തുത ബിൽ നിയമസഭ പാസ്സാക്കി, സ്വകാര്യ സർവകലാശാല ഒരു യഥാർത്ഥ്യമായി വന്നാൽ നമുക്ക് നിലവിലുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്ന ഫണ്ട് കുറയുന്ന സാഹചര്യമില്ലാതിരിക്കാനുള്ള ഒരു മെക്കാനിസം ഉറപ്പുവരുത്തണം. പ്രത്യേകിച്ച്, കേന്ദ്ര ഗവൺമെന്റ് ഈ മേഖലയിൽ ഫണ്ട് വെട്ടിക്കുറയ്ക്കുന്നൊരു സാഹചര്യത്തിലേക്ക് പോവുകയാണ്. മറ്റ് വിശദമായിട്ടുള്ള കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ ലഭിക്കുമ്പോൾതന്നെ തുടർന്ന് അവർക്ക് മുന്നോട്ടുപോകാൻ സാധിക്കുന്നൊരു സാമൂഹിക അന്തരീക്ഷം ഉറപ്പുവരുത്താനും അതോടൊപ്പം ചില പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളിൽനിന്നുള്ളവർക്ക് കുറച്ചുകൂടി പോയിന്റുകൾ അധികം കൊടുത്ത്

അഡ്മിഷൻ ലഭിക്കുന്ന രീതിയിലേക്കുള്ള സാഹചര്യംകൂടിയുണ്ടാകണമെന്ന് അറിയിക്കുകയാണ്. എത്രയാണെങ്കിലും ഒരു യഥാർത്ഥ്യം നമുക്ക് മനസ്സിലാക്കേണ്ടതുണ്ട്. ഈ മുതലാളിത്ത വിദ്യാഭ്യാസ സമീപനവുമായി ബന്ധപ്പെട്ടാണ് സ്വാശ്രയ മേഖല യഥാർഥ്യമാകുന്നത്. അങ്ങനെവരുമ്പോൾ സ്വാഭാവികമായും കുറെ ആളുകൾക്ക് ഇത് ലഭ്യമാകാത്ത സാഹചര്യമുണ്ടാകും. ഉന്നതരായ, ധാരാളം പണമുള്ള ആളുകൾക്കുമാത്രം അത് ലഭ്യമാകുന്നൊരു സാഹചര്യം, ഇല്ലാതിരിക്കാനുള്ള ഒരു മെക്കാനിസം എന്ന നിലയ്ക്ക് നിർബന്ധമായും പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് സ്കോർഷിപ്പ് അടക്കമുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തണം. നേരത്തെ സ്വാശ്രയ കോളേജുകൾ ഇവിടെ ആരംഭിച്ചതിനുശേഷമുണ്ടായ പല മൂല്യച്യുതികളും പല തരത്തിലുള്ള പ്രശ്നങ്ങളുമുണ്ട്. അതിൽനിന്നെല്ലാം കാര്യങ്ങൾ ഉൾക്കൊണ്ടുതന്നെ മുന്നോട്ടുപോകണം. നമ്മുടെ നിലവിലുള്ള യൂണിവേഴ്സിറ്റികൾ പലപ്പോഴും ഇന്റർഡിസിപ്ലിനറി, മൾട്ടിഡിസിപ്ലിനറി, ട്രാൻസ് ഡിസിപ്ലിനറി കോഴ്സുകൾ എന്നിവ ആരംഭിക്കാൻ ഒരു വൈമുഖ്യം കാണിക്കുന്ന സാഹചര്യമുണ്ട്. അത്തരം മേഖലകളിൽ റിസർച്ചിനും സ്കില്ലിനും പ്രധാന്യം കൊടുക്കുന്നതോടൊപ്പം സയൻസ്, ടെക്നോളജി, റിസർച്ച്, ഇന്നവേഷൻ തുടങ്ങിയ മേഖലകൾക്കും പ്രധാന്യം

കൊടുത്തുകൊണ്ടുവേണം ഈ യൂണിവേഴ്സിറ്റികൾ മുന്നോട്ടുപോകേണ്ടത്. നേരത്തെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിൽ ചർച്ച ചെയ്ത പല തരത്തിലുള്ള വയലൻസും വിദ്യാർത്ഥികളിൽ വരുന്ന നിരവധി വിഷയങ്ങളടക്കമുള്ള കാര്യങ്ങളും ഇന്ന് നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്. അതുപോലെ man-animal conflict അടക്കമുള്ള വിഷയങ്ങൾ വളരെ ശാസ്ത്രീയമായിട്ടുള്ള ഒരു ഗവേഷണം നടത്തി അതിനുവേണ്ടി എന്താണ് സ്വീകരിക്കേണ്ടതെന്ന് പറയേണ്ട കാര്യമുണ്ട്. അത്തരത്തിലുള്ള റിസർച്ചുകൾക്ക് ഇന്ന് നമ്മൾ കാണുന്ന വെല്ലുവിളികളെ പരിഹരിക്കാനും റിസർച്ചുകൾക്ക് പ്രയോരിറ്റി കൊടുക്കുകയും അതിന് ഫണ്ടിംഗ് കൊടുക്കാനുള്ള ഒരു സംവിധാനമുണ്ടാകണമെന്നും സൂചിപ്പിക്കുന്നു. നിലവിൽ ഇൻസ്റ്റിറ്റ്യൂഷൻ അടിസ്ഥാനത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രൈവറ്റ് യൂണിവേഴ്സിറ്റിയായ ഹാർവാർഡ് യൂണിവേഴ്സിറ്റികളുടെ കോഴ്സ് അടക്കം എനിക്ക് എന്റെ വീട്ടിലിരുന്ന് പഠിക്കാൻ കഴിയുന്നൊരു സാഹചര്യമുണ്ട്. വെർച്വൽ യൂണിവേഴ്സിറ്റി, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടക്കമുള്ള കാര്യങ്ങൾ നടപ്പിലാക്കികൊണ്ട് വീട്ടിലിരുന്ന് പഠിച്ച് കോഴ്സിന് അംഗീകാരം നേടുന്ന സാഹചര്യത്തിലേക്ക് നമ്മൾ കടക്കുന്നുണ്ട്. ഈ വെല്ലുവിളികളെ മുൻകൂട്ടികണ്ടുകൊണ്ട് ഇത്തരം മേഖലകളെ അഡ്രസ്സ് ചെയ്ത്

മുന്നോട്ടുപോകണം. കേരളത്തിലെ കുട്ടികൾ മാത്രമല്ല ഇന്ത്യയ്ക്ക് പുറത്തുമുള്ള കുട്ടികൾക്കും ഇത്തരം പരിഗണന നൽകണം. കാരണം, നമ്മുടെ ഡെമോഗ്രഫി മാറികൊണ്ടിരിക്കുകയാണ്. പ്രായമുള്ള ആളുകളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഇവിടെയുള്ള ആളുകൾക്ക് ഇവിടെ ജോലി ചെയ്യാൻ കഴിയുന്ന, തൊഴിലിലും സംവരണം ഒരു പരിധിവരെയുണ്ടാകാൻ കഴിയുന്ന രീതിയുണ്ടാകണം. അതുപോലെ ലോകത്തിന്റെ എഡ്യൂക്കേഷൻ ഹബായി മറ്റുള്ള രാജ്യങ്ങളിൽനിന്ന് ആളുകൾ കേരളത്തിലേക്ക് വരാൻ കഴിയുന്ന രീതിയിലുള്ള സ്റ്റാന്റേർഡും ഇന്നവേഷൻ, റിസർച്ച് എന്നീ സംവിധാനങ്ങളും എൺവയോൺമെന്റുമൊക്കെ ഒരുക്കികൊണ്ട് നമ്മളിത് നടപ്പിലാക്കി കഴിഞ്ഞാൽ ഇന്ത്യ രാജ്യത്തെ മറ്റ് പ്രൈവറ്റ് സർവകലാശാലകളിൽനിന്ന് മാറ്റമുള്ള ഒരു കേരള മോഡലായി നമുക്ക് പറയാൻ കഴിയും. അങ്ങനെവരുമ്പോൾ സാമ്പത്തികമായ, വിദ്യാഭ്യാസപരമായ കാര്യങ്ങൾ മാത്രമല്ല ഇവിടെ ധാരാളം ആളുകൾക്ക് തൊഴിൽ ലഭിക്കുന്ന കാര്യത്തിലടക്കം നിരവധി കാര്യങ്ങളിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു കാരണമായിത് മാറും. അതോടൊപ്പം ഇപ്പോൾ നിലവിലുള്ള വിദ്യാർഥികളുടെ ആശങ്ക പരിഹരിക്കാനും വിദ്യാർഥി സംഘടനകളുമായി ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കാനുമൊക്കെ

കഴിയുന്നൊരു സാഹചര്യംകൂടിയുണ്ടാകണമെന്ന് അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(ശ്രീ. മഞ്ഞളാംകുഴി അലി)

P.03-03-2025
5.40-5.50
GS/SG(3)

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സ്വകാര്യ സർവകലാശാല നിയമം പൊതുജനാഭിപ്രായത്തിനുവേണ്ടി റീ-സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാനിവിടെ അവതരിപ്പിക്കാം. രാജ്യത്തിലെ ഏറ്റവും മികച്ച വിദ്യാഭ്യാസ എക്സ്പെർട്ടായിട്ടുള്ള ശ്രീ. ടി. പി. ശ്രീനിവാസനെ വിദേശ രാജ്യങ്ങളുടെ ഏജന്റാണെന്ന് പറഞ്ഞ് കരണത്തടിച്ച് വീഴ്ത്തിയവർത്തന്നെ ഇന്ന് ഇങ്ങനെയൊരു ബില്ല് അവതരിപ്പിക്കുന്നുവെന്നത് ചരിത്രത്തിന്റെ കാവ്യനീതിയാണ്. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിലും വിദ്യാർഥി പ്രസ്ഥാനങ്ങൾക്കും നാണകേടുണ്ടാക്കിയ ആ കറുത്ത സംഭവം കഴിഞ്ഞ് ഒരു ദശാംബ്ദമാകുന്നതിനുമുമ്പുതന്നെ അങ്ങനെയൊരു നിയമവുമായി ഈ സഭയുടെ മുമ്പിൽവരുന്ന നയവ്യതിയാനം എത്രമാത്രം അപഹാസ്യമാണ്. ഇടതുപക്ഷം എന്തിനെയെല്ലാം എതിർത്തിട്ടുണ്ടോ; അതെല്ലാം ഈ നാടിന് ഏറ്റവും അത്യാവശ്യമുള്ളതാണെന്ന് കാലം നമുക്ക് കാണിച്ച്തന്നിട്ടുണ്ട്.

'തൊഴിൽ തിന്നുന്ന ബകൻ' എന്ന പേരിൽ കമ്പ്യൂട്ടർവൽക്കരണത്തിനെതിരെ സി.പി.ഐ.(എം). പ്രസിദ്ധീകരിച്ച ലഘുലേഖ പാർട്ടിയുടെ നേതൃത്വത്തിൽ കേരളത്തിലെമ്പാടും പ്രചരിപ്പിച്ചിരുന്നു. കമ്പ്യൂട്ടറും ട്രാക്ടറും വന്നാൽ തൊഴിൽ നഷ്ടമാകുമെന്നുപറഞ്ഞ് സമരം ചെയ്തു. എ.ഡി.ബി.-യ്ക്കും ലോകബാങ്കിനും എതിരെ തെരുവുകൾ തോറും പ്രസംഗിച്ച് നടന്നവരും കരി ഓയിൽ ഒഴിച്ചവരും പിന്നീട് മൂർത്ത സാഹചര്യങ്ങൾക്ക് അനുസൃതമായി തീരുമാനമെടുക്കുന്നത് മാർക്സിയൻ നിലപാടിന്റെ ഭാഗമാണെന്നാണ് പറയുന്നത്. നിങ്ങൾക്ക് അങ്ങനെയൊരു സാഹചര്യം എത്തിയെന്ന് ബോധ്യപ്പെടാൻ പതിറ്റാണ്ടുകൾ കഴിയണം. നിങ്ങളുടെ നയം മാറ്റത്തിൽ സന്തോഷമുണ്ടെന്ന് ശ്രീ. ടി. പി. ശ്രീനിവാസൻ സൗമ്യമായി പറഞ്ഞപ്പോഴും നിങ്ങൾ ഏവരും ഒരു സ്വരത്തിൽ പറഞ്ഞത്, ഇപ്പോഴും പറയുന്നത് അദ്ദേഹത്തിനെ അടിച്ച് വീഴ്ത്തിയാൽ ഒരു തെറ്റുമില്ലായെന്നാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണ നയങ്ങൾക്കെതിരെ എന്ന പേരിൽ മൂന്ന് പതിറ്റാണ്ടോളം സി.പി.ഐ.(എം) വിദ്യാർഥി യുവജന പ്രസ്ഥാനങ്ങൾ നടത്തിയ എണ്ണമറ്റ അക്രമണ സമരങ്ങളിൽ കൊല്ലപ്പെട്ടവരും ജീവിച്ചിരിക്കുന്നതുമായ രക്തസാക്ഷികളുടെ അനാഥമാക്കപ്പെട്ട

കുടുംബങ്ങളോട് ഈ നയവ്യതിയാനത്തെക്കുറിച്ച് നിങ്ങൾ എന്തുപറയാനാണ്; സ്വാശ്രയ കോളേജുകൾ ആരംഭിച്ചപ്പോൾ അതിനെതിരെ കലാപം നടത്തിയവർ ഇന്ന് സ്വകാര്യ സർവകലാശാലയ്ക്ക് പരവതാനി വിരിക്കുന്നുവെന്ന് പറയുന്നത് കേൾക്കുമ്പോൾതന്നെ ഞങ്ങൾക്കൊന്നും ആലോചിക്കാൻകൂടി സാധിക്കുന്നില്ല. ഇതിനെപ്പറ്റി ഉളുപ്പില്ലാതെ പറയുകയാണ്; നാണംകെടുന്നത് നിങ്ങൾതന്നെയാണ്; ഉമ്മൻചാണ്ടി സർക്കാരിന്റെ ദീർഘവീക്ഷണവും നിങ്ങളുടെ കാഴ്ചപ്പാടും തമ്മിൽ പതിറ്റാണ്ടിന്റെ അന്തരമുണ്ടെന്നല്ലേ ഇക്കാര്യം ചൂണ്ടികാണിക്കുന്നത്. രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾ കൈവരിച്ച നേട്ടം നമുക്കില്ലാതെ പോയതിനുകാരണം നിങ്ങൾ തെരുവുകൾതോറും നടത്തിയ അക്രമസമരങ്ങൾ കാരണമായിരുന്നില്ലേ; സ്വകാര്യ വിദേശ സർവകലാശാലകൾ വരേണ്യവർഗ്ഗത്തെ സഹായിക്കാനാണെന്നും അതിന് സി.പി.ഐ.(എം) എതിരാണെന്നും പറയുന്ന രേഖയാണ് ഇപ്പോഴും നമ്മുടെ മുമ്പിലുള്ളത്. അതിന് എന്നാണ് നിങ്ങൾ മാറ്റം വരുത്തുക; ഈ സർക്കാരിന്റെ കാലത്തുതന്നെ രണ്ടുവർഷംമുമ്പ് ഇതേ നിയമസഭയിൽ ഞാനിവിടെയൊരു ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചിരുന്നു. നമ്മുടെ വിദ്യാർഥികളെല്ലാം വിദേശ സർവകലാശാലകളിൽ പഠിക്കാൻ

പോകുന്നതുകാരണം ഇവിടെ ബ്രേയിൻ ഡ്രെയിനുണ്ടാകുന്നുവെന്നും അത് നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയേയും നാടിന്റെ ഭാവിയേയും പ്രതികൂലമായി ബാധിക്കുമെന്നൊരു ആശങ്കയാണ് ഞാൻ അന്ന് പങ്കുവച്ചത്. ബുദ്ധിയും കഴിവുമുള്ള ഒരു തലമുറ കൂട്ടത്തോടെ നാട് ഉപേക്ഷിക്കുന്നത് സാമൂഹികമായും സാമ്പത്തികമായും സംസ്ഥാനത്ത് പ്രത്യാഘാതമുണ്ടാക്കുമെന്നാണ് ഞാൻ പ്രധാനമായും സൂചിപ്പിച്ചത്. പക്ഷെ, അതിന് അന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ഇവിടെ യാതൊരുതരത്തിലുള്ള ബ്രെയിൻ ഡ്രെയിനും ഇല്ലായെന്നും മറിച്ച് ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിദ്യാർഥികളുടെ എണ്ണം വർധിക്കുന്നതുകാരണം ഇവിടെ ബ്രെയിൻ ഗെയിനാണ് നടക്കുന്നതെന്നുമാണ്. നിങ്ങൾ ഈ നിയമമുണ്ടാക്കേണ്ടി വന്നതിന്റെ പ്രധാനകാരണമായി പറഞ്ഞിരിക്കുന്നത്, സംസ്ഥാനത്തുനിന്ന് ഉന്നത വിദ്യാഭ്യാസത്തിനായി വിദേശരാജ്യങ്ങളിലേക്ക് കുടിയേറുന്ന വിദ്യാർഥികളുടെ എണ്ണം വർധിക്കുന്നതാണെന്നാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇപ്പോഴെങ്കിലും കാര്യങ്ങൾ ബോധ്യപ്പെട്ടെന്നറിയുന്നതിൽ സന്തോഷമുണ്ട്. നിങ്ങൾ അണകെട്ടുന്നത് വെള്ളം മുഴുവൻ ഒഴുകിപോയതിനുശേഷമാണ്. ഉന്നതവിദ്യാഭ്യാസം ആകെ

തകിടംമറിഞ്ഞിരിക്കുകയാണ്. അബ്ദുറബിന്റെ കാലത്ത് സ്വകാര്യ സർവകലാശാലകൾ ആരംഭിച്ചിരുന്നുവെങ്കിൽ വിദ്യാഭ്യാസരംഗത്ത് ഇന്ന് നാം അനുഭവിക്കുന്ന പ്രതിസന്ധികളുണ്ടാവില്ലായിരുന്നു. മറ്റ് സംസ്ഥാനങ്ങൾ വിദ്യാഭ്യാസ രംഗത്ത് വളരെയധികം മുന്നേറിയപ്പോൾ നാം ഇപ്പോഴാണ് ആ വഴികളെക്കുറിച്ച് ചിന്തിക്കുന്നത്.

(തുടരും)

P 03-03-2025
MR-SG(3)
5.50-6.00

(ശ്രീ. മഞ്ഞളാംകുഴി അലി....തുടർച്ച)

കർണ്ണാടകത്തിൽ 30-ലധികവും തമിഴ്നാട്ടിൽ 15-ലധികവും സ്വകാര്യ സർവ്വകലാശാലകൾ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതിന്റേതായ വിദ്യാഭ്യാസ പുരോഗതി ആ സംസ്ഥാനങ്ങൾ അനുഭവിക്കുന്നു. നമ്മുടെ പ്രൊഫഷണൽ സ്ഥാപനങ്ങളിൽനിന്നും വിദ്യാർഥികൾ കൊഴിഞ്ഞുപോകുന്നു. എഞ്ചിനീയറിംഗ് കോളേജുകൾ സിനിമാ തീയേറ്ററുകളും ഷോപ്പിംഗ് മാളുകളുമായി മാറിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ

അക്കാദമിക് വർഷം മാത്രം 82,000-ത്തിലധികം സീറ്റുകളാണ് വിവിധ സർവ്വകലാശാലകളിൽ ഒഴിഞ്ഞുകിടക്കുന്നത്. ഏകദേശം 37 ശതമാനം; ഇതിനൊന്നും പരിഹാരം നിങ്ങൾക്ക് കാണാൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെ സർക്കാർ സർവ്വകലാശാലകളുടെ നിലനിൽപ്പ് അപകടപ്പെടുകയും വിദ്യാഭ്യാസരംഗത്ത് പുതിയ പ്രതിസന്ധി രൂപപ്പെടുകയും ചെയ്യുമെന്ന ന്യായമായ സംശയങ്ങൾ അവശേഷിക്കുന്നു. നമ്മുടെ പൊതുസർവ്വകലാശാലകളുടെ നിയമനം നിങ്ങൾ ബന്ധുക്കൾക്ക് ഉൾപ്പെടെ തീറെഴുതി നൽകി. കോളേജുകളെ റാഗിംങ് കേന്ദ്രങ്ങളാക്കി. പൂക്കോട് വെറ്ററിനറി കോളേജിൽ വിദ്യാർഥിയായിരുന്ന സിദ്ധാർഥന്റെ മരണത്തിലേക്ക് നയിച്ചത് ഉൾപ്പെടെയുള്ള സംഭവങ്ങൾക്ക് ഉത്തരവാദി നിങ്ങളല്ലേ. വി.സി.-മാരുടെ നിയമനം ഉൾപ്പെടെ അട്ടിമറിച്ചു. ഗവർണറുടെയും വി.സി.-യുടെയും അധികാരങ്ങൾ വെട്ടിക്കുറച്ച് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന രജിസ്ട്രാർക്കും കൂടുതൽ അധികാരങ്ങൾ കൊണ്ടുവന്ന് സർവ്വകലാശാലകളിലെ നിലവിലെ അക്കാദമിക് സ്വാതന്ത്ര്യം നഷ്ടപ്പെടുത്തിയും സർവ്വകലാശാല ഭരണം പൂർണ്ണമായും രാഷ്ട്രീയവൽക്കരിച്ചും പൊതുസർവ്വകലാശാല ഇല്ലാതാക്കുകയാണ് ഓരോ നിയമ

ഭേദഗതികളിലൂടെയും നിങ്ങൾ ചെയ്യുന്നത്. അതുകൊണ്ട് പൊതു സർവ്വകലാശാലകൾ ചീഞ്ഞല്ല സ്വകാര്യ സർവ്വകലാശാലകൾക്ക് വളമാകേണ്ടത്. യു.ജി.സി. ശമ്പളം പോലും കുടിശ്ശിക കിടക്കുന്ന, പ്രഗത്ഭരായ അധ്യാപകരെ പ്രൈവറ്റ് യൂണിവേഴ്സിറ്റിയിലേക്ക് റാഞ്ചിയെടുക്കാൻ കഴിയും. ഇപ്പോൾത്തന്നെ യു.ജി.സി.-യുടെ കഴിഞ്ഞ പേ റിവിഷനും പുതിയ റഗുലേഷനും 2016 മുതൽ സംസ്ഥാനത്ത് നടപ്പാക്കിയെങ്കിലും സംസ്ഥാനത്തെ കോളേജ് അധ്യാപകർക്ക് 2016 മുതൽ 2019 വരെയുള്ള ശമ്പളക്കുടിശ്ശിക നൽകിയിട്ടില്ല. അതുവഴി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കേണ്ട 50 ശതമാനം തുക നഷ്ടപ്പെടാനുള്ള സാഹചര്യമുണ്ടാക്കിയില്ലേ; സർക്കാർ യൂണിവേഴ്സിറ്റികൾ അനാഥമാകുകയും പ്രവേശനമടക്കം കുത്തനെ കുറയുകയും ചെയ്യും. ഉന്നതവിദ്യാഭ്യാസ രംഗത്ത് സർക്കാർ മുതൽമുടക്ക് വർധിപ്പിച്ച് പുതിയ കോഴ്സുകളും സൗകര്യങ്ങളും ഏർപ്പെടുത്താതെ സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കുന്നത് വലിയ പ്രത്യാഘാതം സൃഷ്ടിക്കുമെന്നാണ് അക്കാദമിക് സമൂഹമാകെ ഭയപ്പെടുന്നത്. കേരളത്തിലെ 70 ശതമാനത്തിലധികം വിദ്യാർഥികളും സ്വാശ്രയ

കോളേജുകളിൽ നിന്നാണ് ഉന്നതവിദ്യാഭ്യാസം നേടുന്നത്. പ്രത്യേകിച്ച് എഞ്ചിനീയറിംഗ്, മാനേജ്മെന്റ്, മെഡിസിൻ, പാരാമെഡിക്കൽ സയൻസ്, ആർട്സ് & സയൻസ് കോളേജുകൾ ആരംഭിച്ച പ്രൊഫഷണൽ കോഴ്സുകളും സർക്കാർ എയ്ഡഡ് കോളേജുകളിലെ സീറ്റുകളുടെ പരിമിതിയും ഉന്നതവിദ്യാഭ്യാസത്തിനായുള്ള വർധിച്ചുവരുന്ന ആവശ്യകതയുമാണ് ഈ മാറ്റത്തിന് കാരണം. അതുപോലെ ഒരു വശത്ത് സർക്കാരിന്റെ സാമ്പത്തികഭാരം ലഘൂകരിക്കുന്നതിനായി കൂടുതൽ സ്വാശ്രയ സർവ്വകലാശാലകൾ വേണമെന്ന് മന്ത്രി ഇപ്പോൾ വാദിക്കുമ്പോൾ മറുവശത്ത് നിലവിലുള്ള സ്വാശ്രയ കോളേജുകൾക്ക് യു.ജി.സി.-യിൽ നിന്നും സ്ഥിരം അഫിലിയേഷനും 12B പദവിയും ലഭിക്കാൻ പാടുപെടുകയാണ്. സ്ഥിരമായ അഫിലിയേഷനും 12B പദവിയും ഇല്ലാത്തത് കേരളത്തിലെ സ്വാശ്രയ കോളേജുകളെ സാരമായി ബാധിക്കുന്നുണ്ട്. ഇത് അവരുടെ ഫണ്ടിംഗിനെയും അക്കാദമിക് പ്രശസ്തിയെയും വിദ്യാർഥി സാധ്യതകളെയും ബാധിക്കുന്നു. സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അഫിലിയേഷൻ നിയമങ്ങളിൽ ഇളവ് വരുത്തുക, സാമ്പത്തിക സഹായം നൽകുക,

യോഗ്യതയുള്ള സ്ഥാപനങ്ങൾക്ക് 12B അംഗീകാരത്തിനുള്ള പ്രക്രിയ സുഗമമാക്കുക എന്നിവ സർക്കാർ നടപ്പിലാക്കണം. കൂടാതെ സ്വാശ്രയ കോളേജുകളെ ഉൾപ്പെടുത്തുന്നതിനായി സർക്കാർ സർവ്വകലാശാല ചട്ടങ്ങൾ ഭേദഗതി ചെയ്യണം. 12B പദവിയില്ലാതെ ഈ കോളേജുകൾക്ക് യു.ജി.സി. ഗ്രാന്റുകൾ ലഭിക്കില്ല. ഇത് അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക് നിലവാരവും മെച്ചപ്പെടുത്തുന്നതിന് കഴിയാതെയാകുന്നു. ഉന്നതവിദ്യാഭ്യാസത്തിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിൽ സർക്കാർ ഗൗരവമുള്ളതാണെങ്കിൽ അർഹമായ സ്ഥാപനങ്ങൾക്ക് സ്ഥിരം അഫിലിയേഷനും യു.ജി.സി. അംഗീകാരവും നൽകുന്നതിന് ന്യായവും സുതാര്യവുമായ സംവിധാനമുണ്ടാക്കണം. സാമ്പത്തിക നിയന്ത്രണത്തിനുള്ള പഴുതുകൾ, കർശനമായ മേൽനോട്ടത്തിനുള്ള അഭാവം, സംഭാവനകൾ, ക്യാപ്പിറ്റേഷൻ ഫീസ്, എൻഡോവ്മെന്റുകൾ എന്നിവയിലൂടെ സ്വകാര്യ സർവ്വകലാശാലകൾ അൺഅക്കൗണ്ടഡ് ഫണ്ടിന്റെ കേന്ദ്രങ്ങളായി മാറുമെന്ന ആശങ്കയുണ്ട്. വകുപ്പ് 51-ലെ സർവ്വകലാശാല വികസന ഫണ്ടുകൾ, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി

വിദ്യാർഥികളിൽ നിന്ന് സംഭാവന ശേഖരിക്കുന്നത് വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടും. മറ്റൊരു കാര്യം, സ്വകാര്യ സർവ്വകലാശാലകളുടെ പുതുക്കിയ പാഠ്യപദ്ധതിയും വ്യവസായ ബന്ധങ്ങളും കാരണം തൊഴിലുടമകൾ ബിരുദദാരികളെ ഇവിടെനിന്നുമാത്രം തിരഞ്ഞെടുത്തേക്കാം. ഇത് അഫിലിയേറ്റഡ് കോളേജുകളിൽ നിന്നുള്ള വിദ്യാർഥികളുടെ ജോലി സാധ്യത കുറയ്ക്കുന്നു. മറ്റൊന്ന്, സ്വകാര്യ സർവ്വകലാശാലകൾ മികച്ച ഫാക്കൽറ്റിയെയും അടിസ്ഥാന സൗകര്യങ്ങളെയും ലഭ്യമാക്കും. അഫിലിയേറ്റഡ് കോളേജുകൾ താഴ്ന്ന നിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നുവെന്ന തെറ്റായ ധാരണ സൃഷ്ടിക്കുകയും വിദ്യാർഥികളുടെ പ്രവേശനത്തെ കൂടുതൽ നിരുത്സാഹപ്പെടുത്തുകയും ചെയ്യും. അതുകൂടാതെ സ്വകാര്യ സർവ്വകലാശാലകൾക്ക് പുതിയതും നൂതനവുമായ പ്രോഗ്രാമുകൾ അവതരിപ്പിക്കാൻ സ്വാതന്ത്ര്യമുണ്ട്. അതേസമയം അഫിലിയേറ്റഡ് കോളേജുകൾ സർവ്വകലാശാല മാർഗ്ഗനിർദേശങ്ങൾ പാലിക്കണം. ഇത് വ്യവസായ ആവശ്യങ്ങൾക്കനുസരിച്ച് പൊരുത്തപ്പെടാനുള്ള അവരുടെ കഴിവ് പരിമിതപ്പെടുത്തുന്നു. സംസ്ഥാനത്തിനും രാജ്യത്തിനും പുറത്ത്

സർവ്വകലാശാല കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിൽ നിന്ന് പൊതു സർവ്വകലാശാലകളെ വിലക്കിയിരിക്കുകയാണ്. അതേസമയം സ്വകാര്യ സർവ്വകലാശാലകളെ സഹായിക്കണമെന്ന ലക്ഷ്യത്തോടെ അവർക്ക് എത്ര കേന്ദ്രങ്ങൾ വേണമെങ്കിലും സ്ഥാപിക്കാൻ അനുമതി നൽകിയിരിക്കുന്നു. ഈ വിവേചനം പൊതുവിദ്യാഭ്യാസ മേഖലയോടുള്ള അവഗണനയാണ്. പൊതു സർവ്വകലാശാലകൾക്ക് വിദേശത്ത് കേന്ദ്രങ്ങൾ സ്ഥാപിക്കാൻ .....

ശ്രീ. വി. ഡി. സതീശൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇപ്പോഴത്തെ ക്ലോസ് 5 അനുസരിച്ച് ഇന്ത്യൻ ട്രസ്റ്റ് ആക്റ്റോ കമ്പനീസ് രജിസ്ട്രേഷൻ ആക്റ്റോ അനുസരിച്ചുള്ള ഏതെങ്കിലും കമ്പനികൾക്കോ ട്രസ്റ്റിനോ സൊസൈറ്റിക്കോ 25 കോടി രൂപയും 10 ഏക്കറും ഉണ്ടെങ്കിൽ ഈ സ്ഥാപനം ആരംഭിക്കാം. അതിനുപകരം നമ്മുടെ കേരളത്തിൽ 25 വർഷം, 50 വർഷം, 100 വർഷം ആയി പ്രവർത്തിക്കുന്ന കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസികളുണ്ട്. അവർക്ക് ഈ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുവേണ്ടിയുള്ള ഒരു പ്രയോറിറ്റി/പ്രിഫറൻസ് കൊടുക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്? അതോടൊപ്പം ഇതിലെ മറ്റൊരു വകുപ്പിൽ പറഞ്ഞിരിക്കുന്നത് ഫീസും മറ്റ് ചാർജ്ജുകളും

നിശ്ചയിക്കുകയും ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്യുന്നത് മുഴുവൻ ആ യൂണിവേഴ്സിറ്റിയാണ്. സർക്കാരിനു യാതൊരു നിയന്ത്രണവും ഫീസ് നിശ്ചയിക്കുന്ന കാര്യത്തിലില്ല എന്നതുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഫീസ് യൂണിവേഴ്സിറ്റികൾ തന്നെയാണ് നിയന്ത്രിക്കുന്നത്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. അതുമാത്രമല്ല, അങ്ങ് പറഞ്ഞത് 100 ശതമാനവും ശരിയാണ്. 'ഒന്നുകിൽ ഗുരുക്കളുടെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത്' എന്നരീതിയിലാണ് ഈ ബിൽ. ഇത് കളരിക്ക് പുറത്തായിട്ടുള്ളൊരു ബില്ലാണ്. ഒരിക്കലും അംഗീകരിക്കാൻ പറ്റാത്ത രീതിയിലാണ് ഇതുണ്ടാക്കിയിട്ടുള്ളതെന്ന് നമുക്കൊക്കെ അറിയാം. സംസ്ഥാനത്തിനും രാജ്യത്തിനും പുറത്ത് സർവ്വകലാശാല കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പൊതുസർവ്വകലാശാലകളെ വിലക്കിയിരിക്കുകയാണ്. അതേസമയം സ്വകാര്യ സർവ്വകലാശാലകളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ അവർക്ക് എത്ര കേന്ദ്രങ്ങൾ വേണമെങ്കിലും സ്ഥാപിക്കാൻ അനുമതി നൽകിയിരിക്കുന്നു. ഈ വിവേചനം പൊതുവിദ്യാഭ്യാസ മേഖലയോടുള്ള അവഗണനയാണ്. പൊതു സർവ്വകലാശാലകൾക്ക് വിദേശത്ത് കേന്ദ്രങ്ങൾ സ്ഥാപിക്കാൻ അനുമതി നൽകിയിരുന്നെങ്കിൽ അത് അവർക്ക് വലിയ വരുമാന സ്രോതസ്സായി മാറുമായിരുന്നു. കൂടാതെ വിദേശത്തുള്ള മലയാളി

വിദ്യാർഥികൾക്ക് കേരളത്തിലുള്ള സർവ്വകലാശാലകളിൽനിന്ന് ബിരുദം നേടാൻ ഇത് സഹായകരവുമായിരുന്നു. ഇത്തരം കേന്ദ്രങ്ങൾ വഴി കേരളത്തിലെ സംസ്കാരവും വിദ്യാഭ്യാസ നിലവാരവും ലോകമെമ്പാടും എത്തിക്കാനും നമുക്ക് സാധിക്കുമായിരുന്നു. പക്ഷേ സ്വകാര്യ സർവ്വകലാശാലകൾക്ക് മാത്രം ഇത്തരം സൗകര്യങ്ങൾ നൽകുന്നത് പൊതുസർവ്വകലാശാലയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കും. കുറച്ചുകാലം കഴിഞ്ഞാൽ നമ്മുടെ പൊതു സർവ്വകലാശാലകൾ ഇല്ലാതാകും. സ്വകാര്യ സർവ്വകലാശാലകൾക്ക് ഒരു ജ്യൂറിസ്ഡിക്ഷൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല, എവിടെ വേണമെങ്കിലും തുടങ്ങാം. അത് ഏതെങ്കിലും ഒരു പ്രത്യേക പ്രദേശത്ത് മാത്രം സർവ്വകലാശാലകൾ കൂണുകൾ പോലെ ഉയർന്നുവരാൻ ഇടയാക്കും. ഒന്നുകിൽ തിരുവനന്തപുരത്ത് അല്ലെങ്കിൽ കൊച്ചിയിൽ. പിന്നോക്ക ജില്ലകളിലെ വിദ്യാർഥികൾക്ക് അപ്പോഴും ഇതിന്റെ ഒരു പ്രയോജനവും ലഭിക്കാതെ പോകും. അതുപോലെ കോഴ്സുകൾ അനുവദിക്കുമ്പോൾ പൊതു സർവ്വകലാശാലകളുടെ കോഴ്സ് നടത്തിപ്പിന് ദോഷകരമാകരുത്. ബില്ലുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ ക്ലോസ് (12)-ൽ പറയുന്ന സംവരണം അടക്കമുള്ള കാര്യങ്ങൾ അപ്രായോഗികമാണ്. 40 ശതമാനം സീറ്റുകൾ കേരളത്തിലെ കുട്ടികൾക്ക് മാറ്റിവയ്ക്കണമെന്ന നിർദേശം വളരെ എളുപ്പത്തിൽ അസാധുവാക്കാൻ കഴിയും. 60 ശതമാനം സീറ്റുകളിൽ യാതൊരു നിയന്ത്രണവുമില്ലാതെ പ്രവേശനം നടത്താം.

നിലവിൽ വരുന്നത് സ്വകര്യ സർവ്വകലാശാല ആയതിനാൽ അവ്യക്തതയുടെ പഴുത് മാനേജ്മെന്റ് ആയുധമാക്കും. അതുകൊണ്ട് സംവരണം സംബന്ധിച്ച് വ്യക്തത ഉണ്ടാകണം. ഇതിനായി മഹാനായ സി.എച്ച്.-ന്റെ വാചകമാണ് ഞാനിവിടെ കടമെടുക്കുന്നത്, മറ്റൊരു സമുദായത്തിന്റെ യാതൊന്നും ഞങ്ങൾ ആഗ്രഹിക്കുന്നില്ല എന്നാൽ എന്റെ സമുദായത്തിന് അർഹതപ്പെട്ട യാതൊന്നും നഷ്ടപ്പെടാൻ പാടില്ല. അതുകൊണ്ടുതന്നെ സ്വകാര്യ സർവ്വകലാശാല നിലവിൽ വരുമ്പോൾ രാജ്യത്തെ ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള സംവരണതത്വത്തിന് വിധേയമായിട്ടായിരിക്കണം നടപ്പിലാക്കുന്നത് എന്ന് നമ്മൾ ഉറപ്പാക്കണം. കേരളത്തിൽ അക്കാദമിക് സമൂഹവും ഭരണകക്ഷിയിൽപ്പെട്ട സി.പി.ഐ അടക്കമുള്ള സംഘടനകളും യുവജന വിദ്യാർഥി സംഘടനകളും അധ്യാപക സംഘടനകളും മുന്നോട്ട് വച്ചിട്ടുള്ള ആശങ്കകൾ പരിഹരിച്ചുകൊണ്ടാകണം ഇത് നിയമമാകേണ്ടത്. ഫീസ് നിശ്ചയിക്കാനുള്ള അധികാരം സർക്കാർ സ്വകാര്യ സംരംഭകർക്ക് വിട്ടുകൊടുക്കുന്നതിൽ പുനരാലോചന വേണം. നിലവിലെ സ്വാശ്രയ കോളേജുകളെ ഈ ഫീസ് നിർണ്ണയാധികാരത്തിൽ നമ്മൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ നിയന്ത്രണത്തെ മറികടക്കാൻ ഈ സ്വാശ്രയ കോളേജുകൾ സ്വകാര്യ സർവ്വകലാശാലകളായി പരിവർത്തനം ചെയ്യാൻ കുറുക്കുവഴികൾ ആലോചിക്കും. അതിനെ തടയാൻ എന്തെല്ലാമാണ് ഈ ബില്ലിലുള്ളത്. സർക്കാരിന്റെ സ്വാശ്രയ സ്ഥാപനങ്ങളായ

എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി. എന്നിവയും സഹകരണ മേഖലയിൽ സർവ്വകലാശാലകൾ ആരംഭിക്കുന്നതിനെ പ്രോത്സാഹിക്കണം. അതിന് എൻഡോവ്മെന്റ് ഫണ്ട് പോലുള്ള വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്. അതാണ് ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്, 25-ഉം 50-ഉം വർഷം പഴക്കമുള്ള നല്ല പേരുള്ള സ്ഥാപനങ്ങൾ ഇവിടെ ധാരാളമുണ്ട്. അവർക്കൊക്കെ ഈ നിബന്ധനകൾ ഒഴിവാക്കണം. ആവശ്യമായ മുന്നൊരുക്കങ്ങൾ ഇല്ലാതെയും സർക്കാരിന്റെ നിയന്ത്രണങ്ങളിൽ വെള്ളം ചേർത്തും ബിസിനസ്സ് സെന്റേഴ്സ് മാത്രമായി സർവ്വകലാശാലകളെ.......

(ശ്രീ. രമേശ് ചെന്നിത്തല-തുടരും..)

P 03-03-2025-RJ-UL(3)-6.00-6.10

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ഇത് കേരളത്തിന്റെ ഭാവിയെ ഗുരുതരമായി ബാധിക്കുന്നൊരു നിയമമാണ്. ഇപ്പോൾതന്നെ പല കോളേജുകളിലും വിദ്യാർഥികളില്ല, പ്രധാനപ്പെട്ട കോഴ്സുകളായ ഫിസിക്സ്, കെമിസ്ട്രി, സുവോളജി എന്നിവ പഠിക്കാൻ വിദ്യാർഥികളില്ല. മിക്കവാറും എല്ലാ പ്രധാനപ്പെട്ട കോളേജുകളിലെയും സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. സ്വകാര്യ എഞ്ചിനീയറിങ് കോളേജുകൾ പൂട്ടിപ്പോകുന്നു. ഈയൊരു സന്ദർഭത്തിൽ 25 കോടി രൂപയും പത്ത് ഏക്കർ സ്ഥലവുമുണ്ടെങ്കിൽ ആർക്കും യൂണിവേഴ്സിറ്റി തുടങ്ങാമെന്നൊരു സ്ഥിതിയുണ്ടാകുന്നത് എത്രമാത്രം

അപ്രായോഗികമായൊരു കാര്യമാണ്. മാത്രമല്ല, എസ്റ്റാബ്ലിഷ് ചെയ്ത കോളേജുകൾ കേരളത്തിലുണ്ട്. വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന കോർപ്പറേറ്റ് മാനേജുമെന്റുകളും സ്വകാര്യ കേളേജുകളുമുണ്ട്. അവർക്കും മുൻഗണനന നൽകുന്ന കാര്യത്തെക്കുറിച്ച് എന്തുകൊണ്ട് ആലോചിച്ചുകൂടാ? കാരണം ഈ കോളേജുകളുടെ പ്രവർത്തനവും മുന്നോട്ടുപോകണ്ടേ, ആര് വരാനാണ് ഈ കോളേജുകളിൽ;

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, രണ്ടുമൂന്ന് കാരണങ്ങളാലാണ് കേരളത്തിൽ നിന്നും വിദ്യാർഥികൾ വിദേശരാജ്യങ്ങളിൽ പഠിക്കാൻ പോകുന്നതെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഒന്നാമതായി അവർ പറയുന്ന കാര്യം, ഇവിടത്തെ കോളേജുകളിൽ പൊളിറ്റിക്കൽ ഇന്റർവെൻഷനുള്ളതിനാൽ കാര്യങ്ങൾ കൃത്യമായി പഠിക്കാൻ കഴിയുന്നില്ലെന്നും അത് വലിയ രീതിയിലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നുമാണ്. വിദേശ രാജ്യങ്ങളിലാണെങ്കിൽ കുറച്ചുസമയം ജോലിചെയ്യാനും ആ പണം കൊണ്ട് വിദ്യാഭ്യാസം മുന്നോട്ടുകൊണ്ടുപോകാനും സാധിക്കുമെന്നുമാണ് അവർ പറയുന്നത്. മാത്രമല്ല, വിദേശ രാജ്യങ്ങളിൽ പഠിക്കാൻപോയ വിദ്യാർഥികൾ ധാരാളം പണം വീട്ടിലേക്ക് അയക്കുന്നുണ്ട്. രണ്ടുമൂന്നു മാസമാകുമ്പോൾ പതിനായിരം

മുതൽ പതിനയ്യായിരം രൂപവരെ അവർക്ക് വീട്ടിലേയ്ക്കയക്കാൻ സാധിക്കുന്നുണ്ട്. അതാണ് സ്വന്തം നാട്ടിൽനിന്നും വിദ്യാർഥികൾ വിദേശത്തേയ്ക്ക് പോകാനുള്ള പ്രധാന കാരണം. എന്നാൽ ഇവിടെത്തന്നെ വളരെ വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയും. നമ്മുടെ കേരളമായിരിക്കണം ലോകത്തിലെ Educational Hub. നമ്മൾ ശ്രമിച്ചാൽ മാത്രമേ ചുരുങ്ങിയപക്ഷം ഇന്ത്യയുടെ Educational Hub ഹബ്ബാക്കി മാറ്റാനെങ്കിലും സാധിക്കുകയുള്ളൂ. ആവശ്യമായ മുന്നൊരുക്കങ്ങൾ ഇല്ലാതെയും സർക്കാരിന്റെ നിയന്ത്രണങ്ങളിൽ വെള്ളംചേർത്തും സർവകലാശാലകളെ ബിസിനസ്സ് സെന്റേഴ്സ് മാത്രമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലാണ് ടി സർവകലാശാല ബിൽ അവതരിപ്പിച്ചിട്ടുള്ളതെന്നാണ് ഞാൻ പറഞ്ഞ ഒരുകാര്യം. ഇപ്പോഴത്തെ നിലയിലുള്ള ഈ ബില്ല് ഗുണത്തേക്കാളേറെ ദോഷം ചെയ്യുമെന്നാണ് അക്കാദമിക് രംഗത്തെ വിദഗ്ധർ ആശങ്കപ്പെടുന്നത്. കഴിഞ്ഞ കുറെവർഷങ്ങളായി നമ്മുടെ പൊതു സർവകലാശാലകൾ ഇല്ലാതാക്കുന്ന ഇടതു സമീപനത്തിന്റെ കാറ്റലിസ്റ്റാണ് ഈ ബിൽ. പ്രസ്തുത ബിൽ നിയമമാകുമ്പോൾ പുഷ്പനെപ്പോലുള്ളവരുടെ ആത്മാവ് നിങ്ങളോട് പൊറുക്കട്ടെ എന്നുമാത്രം പ്രാർഥിച്ചുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ബില്ല് സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 ബി നമ്പർ ഭേദഗതിയെ പിൻതാങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ടി ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയെ ഞാൻ പിന്താങ്ങുന്നു. ടി ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന് പറയാനുള്ള പ്രധാനപ്പെട്ട കാരണം ഇതിന്റെ ഡ്രാഫ്റ്റിങ്ങ് തന്നെയാണ്. യഥാർഥത്തിൽ സഭ മുമ്പാകെ ഇത് വന്നിരിക്കുന്നത് ബില്ലായിട്ടല്ല പകരം ബില്ലിന്റെ ഡ്രാഫ്റ്റായിട്ടാണ്. മാത്രമല്ല, ഇതിൽ ധാരാളം അപാകതകളുണ്ടെന്ന് പല ചർച്ചകളിലും പറഞ്ഞതുകൊണ്ടും സമയച്ചുരുക്കംകൊണ്ടും എല്ലാ അപാകതകളും ഞാൻ ഇവിടെ എടുത്തുപറയുന്നില്ല. വിദേശ രാജ്യങ്ങളുമായി ചേർന്ന് കേരളത്തിലൊരു അക്കാദമിക് സിറ്റി സ്ഥാപിക്കണമെന്ന മുഖ്യലക്ഷ്യത്തോടെയാണ് വിദേശ സർവകലാശാലകൾ ആരംഭിക്കണമെന്ന് അന്ന് യു.ഡി.എഫ് തീരുമാനമെടുത്തത്. അന്നത്തെ യു.ഡി.എഫ്. സർക്കാരിന് വ്യക്തമായൊരു ഇന്റൻഷനുണ്ടായിരുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയുടെ അക്കാദമിക് സ്റ്റാറ്റസ് വർധിപ്പിക്കുക, ലോകനിലവാരത്തിലെത്തിക്കുക, കേരളത്തിലെ വിദ്യാർഥികൾ ലോകത്തിന്റെ ഏതുഭാഗത്തുപോയാലും മിടുക്കരായി നിൽക്കാനും ഉതകുന്നന്ന വിധത്തിലുള്ള നടപടികൾ

സ്വീകരിക്കുകയെന്നതായിരുന്നു അന്നത്തെ യു.ഡി.എഫ്. സർക്കാരിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. 2015 സെപ്റ്റംബർ മാസത്തിൽ എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലറായിരുന്ന ഡോ. സാബു തോമസും മറ്റ് എട്ട് ഉദ്യോഗസ്ഥരും ചേർന്ന് ഒരു കമ്മിറ്റിയിൽ തയ്യാറാക്കിയ റിപ്പോർട്ടാണ് എന്റെ കൈയിലുള്ളത്. പ്രസ്തുത റിപ്പോർട്ടിൽ അവർ ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പ്രസ്തുത ബിൽ അവതരിപ്പിച്ചപ്പോൾ അതിനൊരു സോഷ്യൽ ആസ്പെക്ടും ലീഗൽ ആസ്പെക്ടുമുണ്ട്. സോഷ്യൽ ആസ്പെക്ടിന്റെ പ്രധാനപ്പെട്ട കാര്യം പറഞ്ഞുവരുമ്പോൾ ശ്രീ. ടി. പി. ശ്രീനിവാസന്റെ ചിത്രത്തിനുമുന്നിൽ നിങ്ങൾ പൂജ നടത്തുകയോ ഒന്ന് തൊഴുകയോ അല്ലെങ്കിൽ കൈ ഉയർത്തി പിടിക്കുകയോ ചെയ്യണം. 50:50 എന്ന തീരുമാനത്തിൽ നമ്മുടെ രാജ്യത്തെ ഒരു പ്രശ്നം പരിഹരിക്കുന്നതിന് ശ്രീ. എ. കെ. ആന്റണി ആരംഭിച്ച സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിനുമുന്നിൽ അന്നുനടന്ന പ്രകടനമെന്തായിരുന്നു? അന്ന് നടന്ന ബഹളമെന്തായിരുന്നു? ദയവായി അതൊക്കെ ഒന്ന് ആലോചിക്കുന്നത് നന്നായിരിക്കും. ഞാൻ ചരിത്ര സത്യം ഓർമ്മിപ്പിച്ചു എന്നുമാത്രമേയുള്ളൂ. പക്ഷെ ഇപ്പോൾ എനിക്കൊരു സന്തോഷമുണ്ട്. നിങ്ങളുടെ മൈൻഡും മഴക്കാറുമൊക്കെ മാറിയല്ലോ, പതിനഞ്ചു വർഷം പാഴാക്കുകയാണ് നിങ്ങൾ ചെയ്തതെങ്കിലും ഇപ്പോൾ കാര്യങ്ങളൊക്കെ

നേരെചൊവ്വേ വന്നല്ലോ എന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഇത് ഈ സർക്കാർ പെട്ടെന്ന് എടുത്തൊരു തീരുമാനമാണ്. കാരണം വരാൻപോകുന്ന ഒരു സാഹചര്യത്തിൽ ജനങ്ങളെ കൈകാര്യം ചെയ്യുന്നതിനും ഈ ഗവൺമെന്റ് എന്തെങ്കിലും പുതുതായി ചെയ്തുവെന്ന് വരുത്തിതീർക്കുന്നതിനും തിരക്കുപിടിച്ച് എടുത്തൊരു തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു ഡ്രാഫ്റ്റ് ബിൽ നിയമസഭയിൽ കൊണ്ടുവന്നത്. എനിക്ക് ഈ ഗവൺമെന്റ് ഇത്രയുമൊരു മാറ്റം വരുത്തിയതിൽ സന്തോഷമേയുള്ളൂ. സത്യം പറഞ്ഞാൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി തിരുത്തൽ നടപടി ആരംഭിച്ചുയെന്നുള്ളതിന് ഏറ്റവും വലിയ സൂചനയാണ് ടി ബിൽ കൊണ്ടുവരാൻ തീരുമാനിച്ചുവെന്നത്. പഴയ വർത്തമാനമൊന്നും ഞാൻ പറയുന്നില്ല. ഞാൻ ഇവിടെനിന്നും നോക്കുമ്പോൾ നമ്മുടെ എസ്.എഫ്.ഐ.-യുടെ സഹോദരന്മാർ അന്ന് ആഞ്ഞുവീശുകയും മുദ്രാവാക്യം വിളിക്കുകയും പോലീസിനുമുമ്പിൽ ശാരീരിക പ്രകടനം നടത്തുകയും ചെയ്ത പലരും ഇപ്പോൾ പുറംബഞ്ചിൽനിന്നും താഴോട്ട് നിൽക്കുകയാണ്. അവരുടെ നാവിൽ ശബ്ദമുണ്ടാകാതിരിക്കട്ടെ. കാരണം അവർ ചെയ്ത പ്രവർത്തനത്തിന് ഇതുപോലൊരു തിരിച്ചടിയുണ്ടാകുമെന്ന് അവരും പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. ഞാൻ ആ സഹോദരന്മാർക്ക് എന്റെ ആദരവർപ്പിക്കുകയാണ്.

സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എം.ജി.യൂണിവേഴ്സിറ്റിയുടെ മുൻ വൈസ് ചാൻസലറായ ശ്രീ. സാബു തോമസിനെ കഴിഞ്ഞ ദിവസം ഞാൻ നേരിട്ട് കാണുകയും അദ്ദേഹം തയ്യാറാക്കിയ റിപ്പോർട്ടുകൾ പരിശോധിക്കുകയും ചെയ്തു. അദ്ദേഹം നൽകിയ റിപ്പോർട്ടും അതിനെ സംബന്ധിച്ച അവരുടെ പ്രതീക്ഷയും വളരെ വലുതാണ്. അത് ഭംഗിയായി മുന്നോട്ട് പോകണമെന്നാണ് എന്റെ അഭിപ്രായം. എന്നാൽ പ്രസ്തുത ബില്ലിൽ തിരുത്തൽ ആവശ്യമാണ്. തിരുത്തൽകൂടാതെ ടി ബിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ല. ബില്ലിലെ നിബന്ധന 3(1) പ്രകാരം 'സ്വകാര്യ സർവകലാശാലകൾ സംസ്ഥാനത്തിനും രാജ്യത്തിന് പുറത്തും ഓഫ്-കാമ്പസ് സെന്ററുകളും ഓഫ്-ഷോർ കാമ്പസുകളും പഠന കേന്ദ്രങ്ങളും ആരംഭിക്കുന്നതിന് സർവ്വകലാശാലയ്ക്ക് അനുമതി നൽകാവുന്നതാണ് ' എന്നാണ് സൂചിപ്പിച്ചിട്ടുണ്ട്. സ്വകാര്യ സർവകലാശാലകൾക്ക് അങ്ങനെയാകാമെങ്കിൽ ഗവൺമെന്റ് സർവകലാശാലകൾക്ക് എന്തുകൊണ്ട് അത് നടപ്പിലാക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? നിങ്ങൾ അന്ന് ഓഫ് ഷോർ ക്യാമ്പസിനെതിരായിരുന്നു; അവിടെ നടത്തുന്ന സെന്ററുകൾക്ക് എതിരായിരുന്നു. അതൊന്നും ചെയ്യരുതെന്ന് വാശിയോടുകൂടി അന്ന്

പറഞ്ഞിരുന്നു. അങ്ങനെ പറഞ്ഞതിനുശേഷം ഇപ്പോൾ ഓഫ് ഷോർ ക്യാമ്പസും മറ്റു സെന്ററുകളും സ്ഥാപിക്കുന്നതിനുള്ള നടപടിയെടുക്കാമെങ്കിൽ അതിൽ നമ്മുടെ മറ്റു യൂണിവേഴ്സിറ്റികൾക്കും മുൻതൂക്കം നൽകണം. അവരെയുംകൂടി ഇതിനായി പരിഗണിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. സംസ്ഥാനത്തിനുപുറത്തും രാജ്യത്തിനുപുറത്തും യൂണിവേഴ്സിറ്റി സെന്ററുകൾ ആരംഭിക്കാൻ സർക്കാർ സർവകലാശാലകളെ അനുവദിക്കാത്തത് എന്തുകൊണ്ടാണ്? ഒരു പന്തിയിൽ രണ്ട് വിളമ്പുവേണ്ട; അവർക്കും ഈ ന്യായം ലഭിക്കുന്നതിനുള്ള നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സ്വകാര്യ സർവകലാശാലകൾക്ക് എവിടെയും സെന്ററുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിരിക്കുകയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മുൻപ്രതിപക്ഷ നേതാവും ഇതുസംബന്ധിച്ച കാര്യങ്ങൾ അവതരിപ്പിക്കുകയുണ്ടായി. വിദ്യാഭ്യാസത്തെ കച്ചവടമാക്കുന്നത് ശരിയാണോയെന്ന് ഞാൻ ഒരിക്കൽകൂടി ചോദിക്കുകയാണ്? വിദ്യാഭ്യാസത്തെ കച്ചവടമായിട്ടല്ല നാം കാണേണ്ടത്. ഞാൻ പറയുന്നത് സമൂഹത്തിന്റെ പൊതു അഭിപ്രായമാണെന്നാണ് എന്റെ വിശ്വാസം. എസ്.എഫ്.ഐ.-യിലൂടെ കടന്നുവന്ന പ്രമുഖനായ നേതാവായ പ്രിയപ്പെട്ട ശ്രീ. പി. രാജീവും വിദ്യാഭ്യാസത്തെ കച്ചവടമാക്കാൻ

കൂട്ടുനിൽക്കുമോ; കൂട്ടുനിൽക്കരുത് എന്നാണ് എന്റെ അഭ്യർഥന. 25 കോടി രൂപയും 10 ഏക്കറുമുണ്ടെങ്കിൽ ഒരു സ്വകാര്യ സർവകലാശാല ആരംഭിക്കാമെന്നുവന്നാൽ അവിടെ ട്രസ്റ്റ് എന്തിനാണ്? പണത്തിനാണ്. അവരുടെ വിദ്യാഭ്യാസ വളർച്ചയെക്കുറിച്ച് നിങ്ങൾ ആലോചിക്കുന്നില്ലല്ലോ? അവിടെ ഏറ്റവും പ്രധാനപ്പെട്ട ട്രസ്റ്റ് നൽകുന്നത് എവിടെയാണ്? 25 കോടി രൂപ നൽകുന്നതും ട്രഷറിയിലാകണമെന്നാണ് പറയുന്നത്. Ways and Means കറക്ട് ആകുന്നതുകൊണ്ട് ആ തുക ട്രഷറിയിൽതന്നെയുണ്ടാകും. കൂടാതെ ആ തുക പിൻവലിക്കാനും സാധിക്കില്ല. അതോടൊപ്പം 10 ഏക്കർ സ്ഥലംകൂടി വേണമെന്നുള്ളത് മാത്രമല്ലേയുള്ളൂ. വിദ്യാഭ്യാസത്തെ കച്ചവടമാക്കുന്നതിനുള്ള പരിശ്രമങ്ങൾ നിങ്ങൾ നടത്തില്ല. കാരണം നിങ്ങൾ വിശുദ്ധൻമാരായതുകൊണ്ട് ഒരിക്കലും അങ്ങനെ ചെയ്യില്ലെന്നുള്ള പ്രതീക്ഷയാണ് എനിക്കുള്ളത്. എന്നാൽ എഴുതിവച്ചിരിക്കുന്നത് വ്യത്യസ്തമായ കാര്യങ്ങളാണ്. സ്വകാര്യ സർവകലാശാലകൾക്ക് നൽകുന്ന ആനുകൂല്യം സർക്കാർ നിയന്ത്രിത പൊതു സർവകലാശാലകൾക്കും നൽകുന്നതിൽ ഒരു മടിയും കാണിക്കരുതെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. സർക്കാർ നിയന്ത്രിത പൊതു സർവകലാശാലകൾക്ക് ഈ പറഞ്ഞതുപോലുള്ള നിബന്ധനകൾക്കുവിധേയമായി അവർക്കും

സർവകലാശാല തുടങ്ങുന്നതിനുള്ള നടപടിയുണ്ടാകണം. ബില്ലിലെ നിബന്ധന 4 (എ)(ബി)-യിൽ പരാമർശിക്കുന്നത് " സർവകലാശാലയുടെ ആസ്ഥാനത്തിന് അല്ലെങ്കിൽ രജിസ്റ്റേർഡ് ഓഫീസിന് വേണ്ടി നിർദ്ദേശിക്കപ്പെടുന്ന സ്ഥലത്ത് സ്പോൺസറിംഗ് ബോഡിക്ക് ഏറ്റവും കുറഞ്ഞത് പത്ത് ഏക്കർ ഭൂമി ഉണ്ടായിരിക്കേണ്ടതും, പ്രസ്തുത ഭൂമിയിൽ അതിന്റെ ഒരു കാമ്പസ് സ്ഥാപിക്കേണ്ടതുമാണ്.' ' എന്നാണ്. ഇതിനെക്കുറിച്ചാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത് പത്ത് ഏക്കർ സ്ഥലവും 25 കോടി രൂപയുമെന്ന്. അങ്ങനെ വിദ്യാഭ്യാസത്തെ കേരളം കച്ചവടത്തിന് വച്ചിരിക്കുകയാണെന്ന് നമ്മെ വിമർശിക്കുന്നവർക്ക് പറയാനുള്ളൊരു സാഹചര്യം ഒഴിവാക്കുമെന്നതാണ് എന്റെ അഭിപ്രായം. സംസ്ഥാനം വിദ്യാഭ്യാസപരമായി പിന്നോക്കമല്ലല്ലോ? വിദ്യാഭ്യാസപരമായി വളരെ മുന്നിട്ടുനിൽക്കുന്നൊരു സംസ്ഥാനമല്ലേ; കേരളത്തിലെ വിദ്യാഭ്യാസ ചരിത്രമെടുത്ത് പരിശോധിച്ചാൽ പ്രത്യേകിച്ച് ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങുന്നതിനുവേണ്ടി ഏറ്റവും കൂടുതൽ ശ്രദ്ധിച്ചിട്ടുള്ള ആളുകൾ അതിന്റെ ബൈസെന്റിനറി ആഘോഷിച്ചുകൊണ്ടിരിക്കുന്ന ഒരു യുഗത്തിലാണ് നാമെത്തി നിൽക്കുന്നത്. സി.എം.എസ് കോളേജ് സ്ഥിതിചെയ്യുന്ന മണ്ണിൽനിന്നാണ് ഞാൻ വരുന്നത്. കേരളത്തിലെ പ്രശസ്തമായ വിദ്യാഭ്യാസ

സ്ഥാപനങ്ങളുടെ കാര്യമെടുത്തു പരിശോധിച്ചാൽ യഥാർഥത്തിൽ അവയൊക്കെ വിദ്യാഭ്യാസം വളരെ നന്നായി മുന്നോട്ട് കൊണ്ടുപോകണമെന്ന് ആഗ്രഹിക്കുന്നവരാണ്.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ....തുടരും)

P- 03.03.2025-06.10-06.20-KA/UL(3)

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ........ തുടർച്ച)

അവിടെയാണ് നേരത്തേ ഇവിടെ പറഞ്ഞതുപോലെ ക്രെഡിബിലിറ്റിയുള്ള ഏജൻസി കൊടുക്കണമെന്ന് പറഞ്ഞത്. അതാണ് ഏറ്റവും പ്രധാനപ്പെട്ടത്. ക്രെഡിബിലിറ്റിയുള്ള ഏജൻസിക്ക് നൽകണം. പണത്തിനുവേണ്ടി ഏതാണ്ട് ലേലത്തിനു വച്ചിരിക്കുന്ന നിലയിലേക്ക് കൊണ്ടുപോകാതെ ക്രെഡിബിലിറ്റിയുള്ള ഏജൻസികൾക്ക് നൽകണം. അങ്ങനെയുള്ള വിദ്യാഭ്യാസ ഏജൻസികൾ ഇവിടെയുണ്ട്. ആ ഏജൻസികളിൽ പലതിന്റെയും പേര് ഇവിടെ പറഞ്ഞിട്ടുണ്ട്. ഞാനത് ആവർത്തിക്കേണ്ടതില്ല. അങ്ങനെയുള്ള ഏജൻസികൾക്ക് നൽകുന്നതിലെന്ത് തടസ്സമാണുള്ളത്? കേരള സംസ്ഥാനത്തെ ഏറ്റവും നല്ല പൊതുവിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുന്ന ഏജൻസികളുണ്ടെന്ന് ഇവിടെ എല്ലാ ആളുകൾക്കും അറിയാമല്ലോ, അവർക്ക് പ്രൈയോറിറ്റി കൊടുക്കണം. നേരത്തെ പറഞ്ഞതു പോലെ ക്രിസ്ത്യൻ മാനേജ്മെന്റ്, എസ്.എൻ.ഡി.പി., എൻ.എസ്.എസ്., മറ്റു

സംഘടനകൾ ഇവയെല്ലാം വളരെ കൃത്യമായി കോളേജുകൾ നടത്തിക്കൊണ്ടിരിക്കുന്ന ഓർഗനൈസേഷനുകളാണ്. അതുകൊണ്ട് ഇവർക്ക് ഒരു പ്രൈയോറിറ്റി കൊടുക്കുന്നതുകൊണ്ട് എന്ത് അബദ്ധമാണുണ്ടാകാൻ പോകുന്നത്; നിങ്ങൾ അതിനെക്കുറിച്ച് ആലോചിക്കേണ്ടതല്ലേ? ഇവിടെ തിരഞ്ഞെടുപ്പ് വരുമ്പോൾ സോഷ്യൽ മാനേജ്മെന്റിനുവേണ്ടിയുള്ള ഒരു പരിശ്രമമെന്ന നിലയിലേക്ക് ഇതുകാണരുത്. ഇത് കേരളത്തിന്റെ ഭാവിയെ ബാധിക്കുന്ന പ്രശ്നമാണ്. കേരളത്തിൽ ഇപ്പോൾതന്നെ ക്രെഡിബിളായിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ആളുകൾക്ക് ഫസ്റ്റ് പ്രൈയോറിറ്റി നൽകണം. അതിൽ ഞാൻ ഇവിടെ പറഞ്ഞ എല്ലാ വിഭാഗത്തിൽപ്പെട്ടവരും ഉൾപ്പെടും. അതുകൊണ്ടുതന്നെ എം.ഇ.എസ്. അടക്കം ഈ സ്ഥാപനങ്ങളെ ഒരു പ്രൈയോറിറ്റി കൊടുത്തു വേണം ഇതിനൊരു വീക്ഷണമുണ്ടാക്കാനെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ആ പ്രൈയോറിറ്റി ഈ ബില്ലിലെ വ്യവസ്ഥ 11 B അനുസരിച്ച് മെഡിക്കൽ, എഞ്ചിനീയറിംഗ് മേഖലയടക്കം സ്വകാര്യ സർവകലാശാല ആരംഭിക്കാനും കൂടുതൽ ഡിമാൻഡുകളുള്ള കോഴ്സുകൾ ആരംഭിക്കുവാനും അവർക്ക് സാധിക്കും. ഇന്ന് മിക്കയിടങ്ങളിലും നിവൃത്തിയില്ലാതെ എഞ്ചിനീയറിംഗ് കോളേജുകൾ പൂട്ടുന്ന സ്ഥിതിയാണ്.

ആളില്ലാതെ ഇനി എന്തു ചെയ്യാൻ സാധിക്കും? വലിയ കെട്ടിടവും സൗകര്യങ്ങളുമൊക്കെയുണ്ടെങ്കിലും വിദ്യാർത്ഥികൾ അവിടെ പഠിക്കാൻ എത്തുന്നില്ല. അവരെ കുറ്റപ്പെടുത്തുന്നതിനുവേണ്ടിയല്ല ഞാൻ ഇക്കാര്യം പറയുന്നത്. കാരണം നമ്മുടെ വിദ്യാഭ്യാസത്തിന്റെ സിലബസും കാഴ്ചപ്പാടും ഈ കാലഘട്ടവുമായി ചേരുന്നതല്ലായെന്നതുകൊണ്ടാണ് കുട്ടികൾ 15 വയസ്സ് എത്തുമ്പോൾ ഇന്ത്യക്ക് പുറത്ത് പോകുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അവരെക്കൂടി അക്കോമഡേറ്റ് ചെയ്യാൻ കഴിയേണ്ടതല്ലേ? നമ്മുടെ നാട്ടിൽ തന്നെ വിദ്യാഭ്യാസം ചെയ്യുന്ന വിധത്തിലേക്ക് സിലബസിൽ ഒരു തീരുമാനം ഉണ്ടാകണ്ടേ? സിലബസിനെക്കുറിച്ച് ഇതിനകത്ത് ഒന്നും പറയുന്നില്ല. വേറെ പറയുമായിരിക്കും. പക്ഷെ, അതിനെക്കുറിച്ചും ഒരു തീരുമാനമുണ്ടാകേണ്ടതല്ലേ; മെഡിക്കൽ, പാരാമെഡിക്കൽ, നഴ്സിംഗ് കോഴ്സുകൾക്ക് നിലവിലുള്ളതിന്റെ മൂന്ന് മടങ്ങ് ഫീസ് വർധനവുണ്ടാകുമെന്നതാണ് യഥാർത്ഥത്തിൽ ഇവിടത്തെ പ്രശ്നം. ഇത്തരത്തിൽ ഫീസ് വർധനവുണ്ടായാൽ പാവപ്പെട്ട കുട്ടികൾക്ക് എങ്ങനെ താങ്ങാനാകും. റിസർവേഷനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. കേരളത്തിൽ ഒരു സോഷ്യൽ ഇക്വേഷനില്ലേ? ഉദാഹരണത്തിന് ഇപ്പോൾ 10 രൂപ മുടക്കുകയാണെങ്കിൽ അതിന്റെ 12 ശതമാനം എസ്.സി./എസ്.ടി.,

പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മുസ്ലീം സമുദായത്തിൽപ്പെട്ടവർക്കും റിസർവേഷൻ നൽകേണ്ടതില്ലേ? ഇതിനെക്കുറിച്ചൊന്നും ആലോചിക്കാതെയാണോ ഈ നിയമം കൊണ്ടുവന്നത്. അതുകൊണ്ട് ധൃതഗതിയിൽ ഈ ബിൽ കൊണ്ടുവരാതെ അതിന്റെ എല്ലാ വശങ്ങളും പരിശോധിക്കേണ്ടതുണ്ട്. ചാൻസലർ പദവി നൽകേണ്ടത് ആർക്കാണെന്നുള്ളത് ഈ ബില്ലിലെ നിബന്ധന 14(1) പ്രകാരം 'ചാൻസലറുടെ ഔദ്യോഗികസ്ഥാനത്തിന് ഒരു താൽക്കാലിക ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ, സ്പോൺസറിംഗ് ബോഡി ഒരു താൽക്കാലിക ചാൻസലറെ നിയമിക്കേണ്ടതാണ് എന്ന് പറയുന്നുണ്ട്. അത് ശരിയാണോ; അങ്ങനെയൊരു തീരുമാനമെടാക്കാൻ സാധിക്കുമോ? എന്റെ അഭിപ്രായത്തിൽ ചാൻസലറായി ഹൈക്കോടതി ചീഫ് ജസ്റ്റിസിനെ നിയമിക്കുന്നതിനുള്ള നിയമം കൊണ്ടുവരണം. ബാംഗ്ലൂരിലെ ലാ യൂണിവേഴ്സിറ്റിയുടെ ചാൻസലറായി ഹൈക്കോടതി ചീഫ് ജസ്റ്റിസിനെയാണ് നിയമിച്ചിരിക്കുന്നത്. ഇവിടെ ഇത്തരത്തിലുള്ള കടിപിടി നടത്താതെ ജുഡീഷ്യറിയുടെ പശ്ചാത്തലമുള്ള നിഷ്പക്ഷനായൊരു വ്യക്തി ചാൻസലർ പദവിയിലേക്ക് വരുന്നതല്ലേ നല്ലത്. ഈ ബില്ലിൽ ചാൻസലറായി വരേണ്ടതെന്ന് വ്യക്തമാക്കിയിട്ടില്ല. ഈ ബിൽ പാസ്സാക്കിയതിനുശേഷം

അക്കാര്യം എഴുതിച്ചേർക്കാൻ സാധിക്കുമോ? ഞാൻ ഇത് പറയുന്നതിനുള്ള മറുപടിയായി കമ്മിറ്റിയിൽ പോയി മടങ്ങിവരുമ്പോൾ ടി നിർദേശം ഉൾപ്പെടുത്തിയാൽ പോരേ എന്നുവേണമെങ്കിൽ ഒരു ആശ്വാസ വാക്കായി പറയാൻ സാധ്യതയുണ്ട്. അങ്ങനെയല്ല വേണ്ടത്. അതിനെക്കുറിച്ച് നമുക്കൊരു കാഴ്ചപ്പാടുണ്ടാകണം. എന്റെ അഭിപ്രായത്തിൽ കേരളത്തിലെ സ്വകാര്യ സർവകലാശാലകളുടെ ചാൻസലർ പദവി ഹൈക്കോടതി ചീഫ് ജസ്റ്റിസിനുതന്നെ നൽകണം. അതിനുവേണ്ടി പ്രാക്ടിക്കലായുള്ള വർക്കിംഗ് എങ്ങനെവേണം എന്നുള്ളതിനെക്കുറിച്ച് റൂൾസ് വരുമ്പോൾ ആലോചിക്കുകയും ചെയ്യാം.

<u>മി. സ്പീക്കർ</u>: കോടതി ജഡ്ജായിരുന്ന മുൻ നിയമസഭാ സെക്രട്ടറി ഉൾപ്പെടെയുള്ള എല്ലാവരെയും തിരിച്ച് വിളിക്കുകയാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ എക്സ് ഒഫിഷ്യോ ആയിട്ടല്ലെ നിയമിക്കുന്നത്. ചീഫ് ജസ്റ്റിസ് എന്നുപറയുന്നത് പദവിയാണ്. ആ പദവിയിലിരിക്കുന്ന ഒരാളെ ചാൻസലറായി നിയമിക്കണമെന്ന അഭിപ്രായമാണ് ഞാൻ മുന്നോട്ടുവയ്ക്കുന്നത്. എനിക്കൊരു കാര്യം മനസ്സിലായി. അതായത് എന്റെ ഈ അഭിപ്രായത്തോട് യോജിപ്പില്ലാത്ത ആളുകളുണ്ടാകാം. കാരണം, ചാൻസലർ പദവിയിലേയ്ക്ക് മറ്റാരെയെങ്കിലും

മുൻകൂട്ടി കണ്ടുകൊണ്ട് അദ്ദേഹത്തിന് ഇങ്ങനെയൊരു പദവി നൽകുന്നതിനുപകരം ഞങ്ങൾ ഹൈക്കോടതി ചീഫ് ജസ്റ്റിസ് എന്നു പറഞ്ഞാൽ സംഗതി കുഴപ്പമാകുമല്ലോ എന്ന് തെറ്റിദ്ധരിപ്പിക്കുന്ന രൂപത്തിൽ അഭിപ്രായം പറയാമല്ലോ. അങ്ങനെയൊന്നുണ്ടാകില്ല.

ശ്രീ. രമേശ് ചെന്നിത്തല: പ്രസ്തുത ബില്ലിലെ സെക്ഷൻ 51 വികസന ഫണ്ട്.- (എ) സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതിയോടുകൂടി വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാവുന്ന വികസന ഫീസും;

(ബി) സർവ്വകലാശാലയുടെ വികസനത്തിനായി മറ്റ് സ്രോതസ്സുകളിൽനിന്നും ലഭിച്ച എല്ലാ തുകകളും;

(സി) സ്പോൺസറിംഗ് ബോഡി നൽകുന്ന എല്ലാ സംഭാവനകളും; 'എന്നീ വ്യവസ്ഥ വിദ്യാർഥികളെ വലിയ തോതിൽ ടാക്സ് ചെയ്യുന്നൊരു കാര്യമാണ്. ചുരുക്കത്തിൽ ഇതിലൂടെ വിദ്യർഥികൾ വലിയൊരു ഭാരം ചുമക്കേണ്ടിവരുന്ന സാഹചര്യമാണ് സംജാതമാകാൻ പോകുന്നത്. ഒരു വിദ്യാഭ്യാസ സ്ഥാപനമാരംഭിക്കുന്ന ആളുകൾക്ക് വലിയ തോതിലുള്ള പണപ്പിരിവ് നടത്താനുള്ള ലൈസൻസാണിത്. പ്രത്യേകിച്ച്, കുട്ടികളിൽ നിന്ന് അമിതമായ വികസന ഫണ്ട് ഈടാക്കുന്നു. മറ്റുസ്രോതസ്സുകളിൽ നിന്ന് പണം ഉണ്ടാക്കാൻ സാധിക്കുന്നു. നേരത്തേ ഇവിടെ പറഞ്ഞതുപോലെ ഒരു

കച്ചവടതാൽപര്യം ഇതിനകത്ത് വളരെ പ്രകടമാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നിശ്ചയമായിട്ടും. ഈ 25 കോടി രൂപ ഈടാക്കണം. നമ്മൾ ഇന്ററസ്റ്റ് ഫ്രീയായി 5 കോടി രൂപ കൊടുക്കുകയല്ലേ; അതിനുപുറമെ 10 ഏക്കർ സ്ഥലത്തിനുള്ള തുക കൂടി പിരിക്കണ്ടേ; ഇവർക്ക് ടി തുക പിരിക്കുന്നതിനുള്ള ഒരു പ്രൊവിഷനാണ് ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അങ്ങനെയൊരു പ്രൊവിഷൻ ഉൾപ്പെടുത്തിയാൽ അവസാനം അത് പാവപ്പെട്ട കുട്ടികളുടെ തലയിൽ അടിച്ചേൽപ്പിക്കലാകും. ഫീസായി തുക ഈടാക്കുന്നതിനുപുറമെ മറ്റുരൂപത്തിലും ഫണ്ട് ഈടാക്കാൻ സാധിക്കും. അതുകൊണ്ട് അവയ്ക്കുമേൽ ഒരു നിബന്ധനയും ക്ലിപ്തതയും ഉണ്ടാകണം. ആ ക്ലിപ്തതയും വ്യക്തതയോടുംകൂടിയുള്ള ഒരു ബില്ലാക്കി മാറ്റുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകണം. സർവകലാശാല ബിരുദങ്ങൾ, ഡിപ്ലോമകൾ, മറ്റു പദവികൾ, സർട്ടിഫിക്കറ്റുകൾ, അക്കാദമിക് ബഹുമതികൾ എന്നിവ നൽകുന്നതിനുള്ള അധികാരം യൂണിവേഴ്സിറ്റിക്ക് കൊടുത്തിരിക്കുകയാണ്. അതിനെക്കുറിച്ചുള്ള സഭയുടെ അഭിപ്രായം കൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണ്ടേ; ഏതുരൂപത്തിലാണ് വേണ്ടതെന്നൊരു തീരുമാനം കൂടി

ഇതിൽ വേണ്ടതില്ലേ? പണം കൊടുത്താൽ ബിരുദം കിട്ടും എന്ന നിലയിലേയ്ക്ക് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ മാറ്റാൻ കഴിയും. കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത് വിദ്യാഭ്യാസമാണ്. ഇവിടത്തെ കുട്ടികൾ കേരളം വിട്ട് വിദേശത്തേക്ക് പോകുന്നത് വളരെ ദുഃഖത്തോടുകൂടി ഉൾക്കൊള്ളുകയാണ്. പക്ഷെ, എന്തുകൊണ്ടാണ് അവർ അങ്ങനെ പോകുന്നത്? അവർക്ക് ആ വിദ്യാഭ്യാസം ഉള്ളതുകൊണ്ടും സർട്ടിഫിക്കറ്റിന്റെ ബലത്തിലുമാണ് അവർ നാടുവിടാൻ ധൈര്യപ്പെടുന്നത്. എന്നാൽ ക്വാളിറ്റിയില്ലാത്ത വിദ്യാഭ്യാസമാണ് കേരളത്തിലെ വിദ്യാർഥികൾക്ക് നൽകുന്നതെന്ന സ്ഥിതി വന്നാൽ അത് ഭാവിയിൽ കേരള ജനസമൂഹത്തിലാകെ ഉണ്ടാക്കാൻ പോകുന്ന ഇംപാക്റ്റ് വളരെ മോശമാകുകയില്ലേ? സംസ്ഥാനത്തെ അഫിലിയേറ്റഡ് സർവകലാശാലകളായ കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ എന്നിവിടങ്ങളിൽ കഴിഞ്ഞ അധ്യയന വർഷം ബിരുദ കോഴ്സുകളിൽ മാത്രമുണ്ടായിരുന്ന വിദ്യാർഥികളുടെ സീറ്റുകളിൽ 37 ശതമാനം കുറവാണുണ്ടായത്. മറ്റ് കോളേജുകളിലൊക്കെ ഇതുപോലെ കുറവുണ്ടായേക്കാം. അത് നമ്മൾ നോക്കേണ്ടതല്ലേ; പുതിയൊരു സർവകലാശാലയെക്കുറിച്ച് ആലോചിക്കുമ്പോൾ നിലവിൽ സർക്കാരിന്റെ

നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന സർവകലാശാലയിൽ ഉണ്ടായിരിക്കുന്ന മൂല്യച്യുതിയും അതിന്റെ സ്വാഭാവികമായ വിളർച്ചയും കാണാൻ നമുക്ക് കണ്ണ് ഉണ്ടാകണ്ടേ? അതുകൊണ്ട് അതിനെക്കുറിച്ചുകൂടി ആലോചിക്കണം എന്നതാണ് എന്റെ അഭിപ്രായം. 2022-23-ൽ കുറഞ്ഞ സീറ്റുകളുടെ എണ്ണം 43,000 ആയിരുന്നു. കഴിഞ്ഞ വർഷം അത് 82,230 ആയി മാറി. പൊതു സർവകലാശാലയെ പ്രോത്സാഹിപ്പിക്കുന്ന ഒരു സമീപനം കൂടി സർക്കാർ സ്വീകരിക്കേണ്ടതുണ്ട്. അങ്ങനെയൊരു സമീപനം കൂടി എടുത്താൽ മാത്രമേ കുട്ടികളുടെ വിദേശത്തേക്കുള്ള ഒഴുക്ക് അവസാനിപ്പിക്കാൻ സാധിക്കൂ. പാശ്ചാത്യരാജ്യങ്ങളിൽ പോയാൽ കുട്ടികൾ മടങ്ങിവരുമോ? അതേസമയം ഗൾഫ് രാജ്യങ്ങളിലാണെങ്കിൽ കുട്ടികൾ മടങ്ങിവരും. 'ജർമ്മൻ പഠിക്കൂ. ജർമ്മനിയിൽ പോകൂ' എന്നിങ്ങനെ പരസ്യപ്പെടുത്തിയുള്ള എത്ര ബോർഡുകളാണ് മെയിൻ റോഡുകളിലെ വശങ്ങളിൽ കാണാൻ സാധിക്കുന്നത്. ഏഴര ലക്ഷം, എട്ട് ലക്ഷം, പത്ത് ലക്ഷം ആളുകൾ നമ്മളുടെ ജീവസന്ധാരണത്തിനുവേണ്ടി പഠനത്തോടൊപ്പം പണം കൂടി സമ്പാദിക്കുന്നതിനായി അവർ പോവുകയാണ്. നമ്മൾ ഈ പുതിയ രീതിയെക്കുറിച്ച് ആലോചിക്കുമ്പോൾ കേരളത്തിലും നമ്മുടെ കുട്ടികളെ ഉൾക്കൊള്ളാൻ കഴിയണ്ടേ. അതിനുപകരം, ആ സമയത്ത്

പിൻവാതിലിലൂടെ ആളുകളെ അകത്തുകയറ്റുവാനാണ് ശ്രമിക്കുന്നത്. അങ്ങ് ചെയ്യുമെന്ന് ഞാൻ പറയുന്നില്ല. അങ്ങ് കുറച്ചു കൂടി ഉയർന്ന ആളാണ്. പക്ഷെ അതൊക്കെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന സാധാരണ സംഭവങ്ങളാണ്. അതുകൊണ്ട് അതൊക്കെ മാറ്റി സ്ട്രീം ലൈൻ ചെയ്യണം. ഇതൊരു ബിൽ മാത്രമല്ല കേരളത്തിലെ ഒരു പൊതുസമൂഹത്തെ രക്ഷപ്പെടുത്തുന്നതിനുവേണ്ടിയുള്ള മാർഗരേഖയാക്കി ഇതിനെ മാറ്റണം.

(തുടരും........)

P 03-03-2025-SS-UL (3)-06.20- 06.30

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ തുടർച്ച....)

അതിനുവേണ്ടിയുള്ള പരിശ്രമമുണ്ടാകണം. അതുകൊണ്ട് ഈ ബില്ലിന്മേൽ സമഗ്രമായ മാറ്റങ്ങളോടുകൂടി മാത്രമേ അവതരിപ്പിക്കാൻ പാടുള്ളൂ; മാത്രമല്ല് ടി ബിൽ സെലക്ട് കമ്മിറ്റിക്ക് അയച്ച് എല്ലാവരുടെയും പൊതുധാരയിലുള്ള ചർച്ചക്കിടയാകേണ്ടതുണ്ട്. എല്ലാവരും ഇതിനെക്കുറിച്ച് ചർച്ച ചെയ്യട്ടേ; നമ്മുടെ നാട്ടിൽ 'നിയമമുണ്ടാക്കുക' എന്നു പറഞ്ഞാൽ അധികാരവും ഭൂരിപക്ഷവുമുണ്ടെങ്കിൽ ഏത് നിയമവും നമുക്കുണ്ടാക്കാൻകഴിയും. വിപ്പ് ഉണ്ടെങ്കിൽ എല്ലാ അംഗങ്ങളും കൈയുയർത്തും. കൈയുയർത്തിയാൽ പാസ്സാവുകയും ചെയ്യും. അപ്പോൾ

ആരാണിത് തീരുമാനിക്കുന്നത്? വിപ്പ് തീരുമാനിക്കും. സ്വാഭാവികമായും നമ്മുടെ നാട്ടിൽ പാസ്സാക്കുന്ന നിയമങ്ങളൊക്കെയും ആ നിലയിൽ പോകുന്നതുകൊണ്ട് നമ്മൾ എവിടെയാണ് പോയിനിൽക്കുന്നതെന്ന് ഈ സമയത്തെങ്കിലും ആലോചിക്കേണ്ടതുണ്ട്. അതുകൊണ്ട് ഇതെല്ലാം തൃപ്തിയോടും പൂർണ്ണതയോടും എല്ലാ രൂപത്തിലുമുള്ള വികാരങ്ങളും ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ പൊതുസമൂഹത്തിന് മതിപ്പുളവാക്കുന്ന വിധത്തിലേക്ക് സമ്പൂർണ്ണ ബില്ലാക്കി മാറ്റുന്നതിനുവേണ്ടി സെലക്ട് കമ്മിറ്റിക്ക് വിട്ട് അഭിപ്രായത്തോടുകൂടി ഈ സഭയിൽ വരുന്നതായിരിക്കും ഉചിതമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ ഇതിന്റെ അമെന്റ്മെന്റ് മൂവ് ചെയ്യുന്നു.

(ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി)

P 03-03-2025 -SS-UL (3)-06.20- 06.30

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കേരളത്തെ ശ്രദ്ധേയമായ ഒരു ഉന്നത വിദ്യാഭ്യാസ ഇന്റർനാഷണൽ ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ കാലാനുസാരിയായ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ

ശ്രമിക്കുന്നത്. ഇന്ന് ഇവിടെ അവതരിപ്പിച്ച രണ്ട് ബില്ലുകളിൽ ഒന്ന് പതിറ്റാണ്ടുകൾക്കുമുമ്പ് രൂപീകൃതമായ സർവകലാശാല നിയമങ്ങളിൽ ആധുനിക കാലത്തിന് അനിവാര്യമായ സംവിധാനങ്ങളെ സംബന്ധിച്ച പരാമർശം പോലുമില്ലാതിരിക്കുന്ന സാഹചര്യത്തിൽ അത്തരം ആധുനിക സംവിധാനങ്ങൾ നിയമപ്രകാരം വ്യവസ്ഥ ചെയ്യുന്നതിന് സഹായകരമായ വിധത്തിലും അതുപോലെ കാലത്തിനനുസൃതമായിട്ടുള്ള ‘ ease of doing education’ എന്ന സമീപനം മുൻനിർത്തി കൊണ്ടുവന്നിട്ടുള്ള പരിഷ്കാരങ്ങളുമെല്ലാമുൾച്ചേരുന്നതാണ്. മറ്റൊന്ന്, പരമാവധി പ്രയത്നവും ഊന്നലും പൊതുസർവകലാശാലകളെ ശാക്തീകരിക്കുന്ന പ്രവർത്തനങ്ങൾക്ക് നൽകിക്കൊണ്ടുതന്നെ സ്വകാര്യ സർവകലാശാലകൾക്ക് ഒരിടം സൃഷ്ടിച്ചുകൊടുത്തുകൊണ്ട് സ്വകാര്യമേഖലയുടെ റിസോഴ്സ്കൂടി ഉന്നതവിദ്യാഭ്യാസ മേഖലയിൽ പൂൾ ചെയ്തെടുത്തുകൊണ്ട് നമ്മുടെ വിദ്യാർഥികൾക്കും ഏറ്റവും ഉന്നതമായിട്ടുള്ള സാഹചര്യങ്ങൾ ഒരുക്കുക അതോടൊപ്പംതന്നെ പുറത്തുനിന്നുള്ള വിദ്യാർഥികളെക്കൂടി ആകർഷിക്കാൻ കഴിയുന്ന ഒരു ഉന്നതവിദ്യാ കേന്ദ്രമായി കേരളത്തെ മാറ്റുക എന്ന ഉദ്ദേശത്തോടുകൂടിതന്നെയാണ്. ഇപ്പോൾതന്നെ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ 80 ശതമാനത്തോളം സ്വകാര്യവിദ്യാഭ്യാസ

സ്ഥാപനങ്ങളാണ്. 20 ശതമാനമാണ് ഗവൺമെന്റിന്റെ ആഭിമുഖ്യത്തിലുള്ള കോളേജുകളും സർവകലാശാലകളും കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിലുള്ളത്. യഥാർഥത്തിൽ സ്വകാര്യ സർവകലാശാലയുമായി ബന്ധപ്പെട്ട് ഇവിടെ അവതരിപ്പിച്ച ബിൽ ശക്തമായിട്ടുള്ള സാമൂഹിക നിയന്ത്രണങ്ങളുടെ ചരടുകളോടുകൂടിയിട്ടുള്ളത് തന്നെയാണ് എന്നുള്ളത് ഞാൻ വീണ്ടും അടിവരയിട്ട് സൂചിപ്പിക്കുകയാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് വഴിയേ വന്നുചേരുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങളുന്നയിച്ച എല്ലാ പോസിറ്റീവായ നിർദേശങ്ങളും ഉൾക്കൊണ്ടുതന്നെ നമുക്കാവശ്യമായ മാറ്റങ്ങൾ ക്രമീകരിക്കാൻ സാധിക്കും. പക്ഷെ അർഥരഹിതവും അടിസ്ഥാനരഹിതവുമായിട്ടുള്ള ചില ആരോപണങ്ങൾ ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിന് മറുപടി പറയുകയെന്നത് ഉത്തരവാദിത്തമായി കാണുകയാണ്. പ്രത്യേകിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. സിദ്ദിഖ് ഇവിടെ എല്ലാ അധികാരങ്ങളും പ്രൊ-ചാൻസലറിലേക്ക് കേന്ദ്രീകരിക്കുന്നതിനുള്ള പരിശ്രമമാണ് ഈ ബില്ലിന്റെ പ്രധാനപ്പെട്ട ഉദ്ദേശം എന്ന നിലയിൽ സൂചിപ്പിക്കുകയുണ്ടായി. യൂണിവേഴ്സിറ്റി അമെന്റ്മെന്റ് ബില്ലുമായി ബന്ധപ്പെട്ട് പുതിയ സംവിധാനങ്ങളും ക്രമീകരണങ്ങളും ഉൾപ്പെടുത്തുന്നതിനുള്ള ഒട്ടേറെ നിർദേശങ്ങളുണ്ടായിട്ടും

അതിന്റെ നേരെ കണ്ണടച്ചുകൊണ്ട് പ്രൊ-ചാൻസലറുടെ അധികാരവുമായി ബന്ധപ്പെട്ട ഭാഗത്തുമാത്രം കേന്ദ്രീകരിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. ചാൻസലറുടെ അധികാരങ്ങൾ ഒന്നുംതന്നെ ഈ ബില്ലിൽ അതിക്രമിച്ച് കൈകാര്യം ചെയ്യാനുള്ള യാതൊരു ശ്രമവുമില്ലെന്നാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. ചാൻസലറുടെ അധികാരം എന്നുള്ളത് ഈ ബില്ലിൽ ഉൾപ്പെടുത്താത്തത് നേരത്തെ നിലനിൽക്കുന്ന നിയമത്തിൽ അതിശക്തമായി രേഖപ്പെടുത്തിയിട്ടുള്ള വിധത്തിൽ ചാൻസലർക്ക് അധികാരങ്ങളുണ്ട് എന്നുള്ളതുകൊണ്ടുതന്നെയാണ്. ചാൻസലറുടെ അധികാരങ്ങളുമായി ബന്ധപ്പെട്ട് ഒരു ഭേദഗതിയും ഈ നിയമത്തിൽ കൊണ്ടുവന്നിട്ടില്ല. മറിച്ച് പ്രൊ-ചാൻസലർക്ക് ഇപ്പോൾതന്നെ നിലവിലുള്ള അധികാരങ്ങൾ അതായത് ചാൻസലറുടെ അഭാവത്തിൽ സെനറ്റ് യോഗത്തിലും ബിരുദദാനചടങ്ങിലും അധ്യക്ഷത വഹിക്കാനുള്ള വ്യവസ്ഥയാണ് ഇപ്പോൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ളത്. നേരത്തെ അത് നിലനിൽക്കുന്നുണ്ട്. ചാൻസലറുടെ അഭാവത്തിൽ ചാൻസലറിന്റെ എല്ലാ അധികാരങ്ങളും പ്രൊ-ചാൻസലറിൽ നിക്ഷിപ്തമാകുമെന്ന രീതിയിലാണ് നേരത്തെ വ്യവസ്ഥയുണ്ടായിരുന്നത്. സമീപകാലത്ത് ചില തർക്കങ്ങൾ ഈ കാര്യത്തിൽ ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിലാണ് ആ

വ്യവസ്ഥയുമായി ബന്ധപ്പെട്ട് കൂടുതൽ സ്പഷ്ടീകരണം നൽകാവുന്ന വിധത്തിൽ ഇപ്പോൾ ഒരു മാറ്റം നിർദേശിച്ചിട്ടുള്ളത്. അത് നിലവിലുള്ള കാര്യങ്ങൾ കുറച്ചുകൂടി വ്യക്തതയോടെയും കൃത്യതയോടെയും സ്പഷ്ടതയോടെയും വ്യക്തമാക്കുന്നുവെന്നേയുള്ളൂ. അതുപോലെ ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയിൽ നിരവധി പരാതികളാണ് ദൈനംദിനം സർവകലാശാലയുമായി ബന്ധപ്പെട്ട് ലഭിച്ചുകൊണ്ടിരിക്കുന്നത്. സർവകലാശാലകളുടെ മികവാർന്ന മുന്നേറ്റത്തിന് സഹായകരമായ വിധത്തിൽ ഈ പരാതികളിലൂൾപ്പെടെ ഇടപെട്ടുകൊണ്ട് സർവകലാശാലകളെ ശാക്തീകരിക്കാൻ ഉന്നതവിദ്യാഭ്യാസ മന്ത്രിക്കുള്ള സാധ്യത ഉപയോഗിക്കുകയെന്നുള്ളത് മാത്രമാണ് ഈ മാറ്റങ്ങളുടെ ഭാഗമായിട്ടുദ്ദേശിച്ചിട്ടുള്ളത്. എനിക്ക് ബഹുമാനപ്പെട്ട മെമ്പറെ ഓർമിപ്പിക്കാനുള്ളത് 'കല്പാന്തകാലത്തോളം ആർ. ബിന്ദു അല്ല ഇവിടെ ഉന്നതവിദ്യാഭ്യാസ മന്ത്രിയായിരിക്കുക'. ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാകാനായിരിക്കുന്ന, അവസാന വർഷമാണ്. ബഹുമാനപ്പെട്ട ഗവർണർ ബിൽ ഒപ്പിട്ട് തിരിച്ചുവരുമ്പോഴേക്കും ഒരു വർഷം തികച്ച് ഈ സർക്കാർ അധികാരത്തിലുണ്ടാകില്ല. അപ്പോൾ 'അങ്ങിലേക്ക് കേന്ദ്രീകരിക്കുക' എന്നുള്ള താങ്കളുടെ ആ ഒരു സൂചന ഒരു ബില്ലിന്റെ

ചർച്ചയിൽ വളരെ ഒബ്ജക്ടീവായി സംസാരിക്കേണ്ട നിയമസഭാംഗം ദീക്ഷിക്കേണ്ട മര്യാദ അതുമായി ബന്ധപ്പെട്ട് ഉണ്ടായില്ലെന്ന് വ്യസനസമേതം ചൂണ്ടിക്കാണിക്കുകയാണ്. സർവകലാശാലകളുടെ പ്രധാന നടത്തിപ്പ് ചുമതല സംസ്ഥാന സർക്കാരുകൾക്കാണ്. ആ സർക്കാരിന് ഉന്നത വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് തങ്ങളുടെ നയം സർവകലാശാലകളെ അറിയിക്കാനുള്ള എല്ലാ അവകാശങ്ങളുമുണ്ട് എന്നുതന്നെയാണ് ഞാൻ കരുതുന്നത്.

മി. സ്പീക്കർ: യെസ്... മിനിസ്റ്റർ പ്ലീസ്...പ്ലീസ്...പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു ബിൽ കൊണ്ടുവരുമ്പോൾ ഗവൺമെന്റ് കൊണ്ടുവരുന്ന പ്രൊവിഷൻസ് പ്രൊ-ചാൻസലർക്ക് ഇല്ലാത്ത അധികാരങ്ങൾ കേന്ദ്രീകരിച്ച് അത് ഇല്ലെങ്കിൽ 'ഇല്ല' എന്നുതന്നെ മന്ത്രിക്ക് മറുപടി പറയാം. നിയമം വച്ചുകൊണ്ടുതന്നെ മറുപടി പറയാം. അതിന് മര്യാദയില്ലാതെയാണ് അംഗങ്ങൾ സംസാരിക്കുന്നതെന്ന് ഒരിക്കലും പറയാൻ പാടില്ല. എന്ത് മര്യാദവിട്ടിട്ടാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. സിദ്ദിഖ് ഈ സഭയിൽ സംസാരിച്ചത്. ഒരു ബില്ലിന്റെ പ്രൊവിഷനിൽ പ്രൊ-ചാൻസലർക്ക്, മന്ത്രിക്ക് അധികാരം കൊടുക്കുന്ന, സർക്കാരിന്റെ ഡിപ്പാർട്ട്മെന്റാക്കാൻ ശ്രമിക്കുന്ന, വൈസ്-ചാൻസലറുടെ

പവർ കുറയ്ക്കുന്ന ഇങ്ങനെയൊക്കെ പറയുന്നത് മര്യാദയില്ലാത്ത വർത്തമാനമാണോ? അങ്ങനെ അല്ലെങ്കിൽ 'അല്ല' എന്ന് മറുപടി പറഞ്ഞാൽപോരെ. മന്ത്രിക്ക് അതിനുള്ള അവസരമില്ലേ. അങ്ങ് ദയവുചെയ്ത് അംഗങ്ങൾക്കെതിരായിട്ട് മന്ത്രിമാർ ഇങ്ങനെ പരാമർശം നടത്താനനുവദിക്കരുതെന്ന് ഞാൻ വിനീതമായി അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: യെസ്...അക്കാര്യം പരിശോധിക്കാം.

ഡോ. ആർ. ബിന്ദു: സർ, സഭയുടെ സാമാന്യ മര്യാദയെക്കുറിച്ചാണ് സൂചിപ്പിച്ചത്. ഞാൻ അതിൽ ഉറച്ചുനിൽക്കുകയാണ്. വ്യക്തിപരമായ രീതിയിലാണ് ഇവിടെ സൂചനകൾ ഉണ്ടായിട്ടുള്ളത്. വേറെയും ഉണ്ടായിട്ടുണ്ട്. അതിനും മറുപടി പറയാം. സംസ്ഥാന സർക്കാരാണ് യൂണിവേഴ്സിറ്റികളുടെ മേൽനോട്ടവും നടത്തിപ്പുമൊക്കെ നിലവിൽ നടത്തിക്കൊണ്ടിരിക്കുന്നത്. പൂർണ്ണമായും അതിന്റെ ചെലവ് സംബന്ധിച്ച കാര്യങ്ങൾ; കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ പരിമിതമായിട്ടുള്ള ഇടപെടലാണ് നടത്തുന്നത്. ആ സന്ദർഭത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന്റെ നയം സർവകലാശാലയെ അറിയിക്കുന്നതിനും സർവകലാശാലയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കാനുമൊക്കെ സംസ്ഥാന സർക്കാരിനുള്ള ഉത്തരവാദിത്വവുമായി ബന്ധപ്പെട്ടാണ് പ്രൊ-

ചാൻസലറുടെ അധികാരം വളരെ കൃത്യതയോടെ അവിടെ നിർവചിക്കേണ്ടതുണ്ടെന്ന് കണ്ടുകൊണ്ട്, അത് പ്രകാരമാണ് അങ്ങനെ ചെയ്തിട്ടുള്ളത്. വൈസ്-ചാൻസലറുടെ അധികാരമില്ലാതാക്കുന്നുവെന്ന് പറഞ്ഞതും കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കാത്തതുകൊണ്ടാണ്. വൈസ്-ചാൻസലർമാരുടെ എമർജൻസി പവറുകൾ ഇല്ലാതാക്കിയിട്ടില്ല. മറിച്ച്, അത് കൂടുതൽ ഉത്തരവാദിത്വമുള്ളതാക്കുകയാണ് ചെയ്തിട്ടുള്ളത്. ജനാധിപത്യപരമായി തിരഞ്ഞെടുക്കുന്ന സിൻഡിക്കേറ്റ് പോലുള്ള സംവിധാനങ്ങളുടെ അധികാരങ്ങളാണ് വൈസ്-ചാൻസലർമാർ എമർജൻസി പവറിലൂടെ ഉപയോഗിക്കുന്നത്. അതിനെ ഉത്തരവാദിത്വമുള്ളതാക്കാൻ കഴിയുന്ന വിധത്തിൽ ജനാധിപത്യ പ്രക്രിയ/ജനാധിപത്യ സ്വഭാവം അതിൽ ഉറപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്.

(തുടരും.....)

p-03-03-2025
ks-am-3
6.30-6.40 (SV)

(ഡോ. ആർ. ബിന്ദു..... തുടർച്ച)

സർവകലാശാലയിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ വരണാധികാരിയായി രജിസ്ട്രാറെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടുള്ള കാര്യത്തിൽ, നിലവിലെ

സർവകലാശാലാ ആക്ടിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് വരണാധികാരിയും അപ്പീൽ അധികാരിയും വൈസ് ചാൻസലർ തന്നെയാണെന്ന അപാകതയുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടിയാണ് അത്തരത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

ആരോപണം എന്ന നിലയിൽത്തന്നെ ബഹുമാനപ്പെട്ട അംഗങ്ങളായ പി. സി. വിഷ്ണുനാഥും ടി. സിദ്ദിഖും ചൂണ്ടിക്കാണിച്ച കാര്യത്തെക്കുറിച്ചാണ് പറയുന്നത് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷരായി നിയോഗിക്കപ്പെടുന്നവർക്ക് അവരുടെ കാലാവധി ശൂന്യവേതന അവധിയായി അംഗീകരിക്കണം, സർവീസായി പരിഗണിക്കണം എന്നാണ് അവർ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഞാൻ ഏതോ കാലത്ത് മേയർ ആയിരുന്നതിനാൽ വ്യക്തിപരമായി ഈ മാറ്റം എനിക്കുവേണ്ടിയാണെന്ന തരത്തിലുള്ള ഒരു വ്യാഖ്യാനം ഇവിടെ മുന്നോട്ടുവയ്ക്കപ്പെട്ടു. വളരെ നിർഭാഗ്യകരമായ പരാമർശമാണത്. ഞാൻ മേയറായി സേവനമനുഷ്ഠിച്ചത് 2005 മുതൽ 2010 വരെയുള്ള കാലയളവിലാണ്. റിട്ടയർ ചെയ്യാൻ മൂന്നുവർഷം ബാക്കിയുള്ളപ്പോൾ ഞാൻ വോളന്ററി റിട്ടയർമെന്റ് എടുത്തു, റിട്ടയർമെന്റ് ആനുകൂല്യങ്ങളും ലഭിച്ചുകഴിഞ്ഞു. ഈ ബിൽ പാസ്സായി ഗവർണർ ഒപ്പുവച്ച് നിയമം പ്രാബല്യത്തിൽ വരുമ്പോഴാണ് ഈ

ക്ലോസുകളെല്ലാം ബാധകമാകുന്നത്. മുൻകാലപ്രാബല്യമെന്നത് ബില്ലിൽ എഴുതി രേഖപ്പെടുത്തിയിട്ടില്ല. ഞാൻ ഒരാൾ കോളേജ് അധ്യാപികയായിരുന്നു എന്നതുകൊണ്ട് ഈ നാട്ടിലെ കോളേജ് അധ്യാപകർക്കുള്ള ഒരു അവകാശവും പാസ്സാക്കാൻ പാടില്ലെന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് നൽകിയ കത്ത് എന്റെ കയ്യിലുണ്ട്. അതിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട്, (കത്ത് വായിക്കുന്നു) " സംസ്ഥാനത്തെ എയിഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് തദ്ദേശ-ത്രിതല സമിതികളിലേക്ക് മത്സരിച്ച് ജനപ്രതിനിധികളാകാനും ഇക്കാലയളവ് സർവീസായി പരിഗണിച്ച് മറ്റാനുകൂല്യങ്ങൾ നൽകിവരുന്നതായും ആയതുപോലെ സംസ്ഥാനത്തെ എയിഡഡ് കോളേജ് ജീവനക്കാർക്കും പ്രസ്തുത ആനുകൂല്യം നൽകണമെന്നതാണ് ആവശ്യം. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് താല്പര്യപ്പെടുന്നു."

ചീഫ് വിപ്പ് (<u>ഡോ. എൻ. ജയരാജ്</u>): കോളേജ് അധ്യാപകർക്ക് നേരത്തെതന്നെ മത്സരിക്കാനുള്ള ആനുകൂല്യമുണ്ട് ...(മൈക്ക് ഓഫ്).....

<u>മി. സ്പീക്കർ</u>: പ്ലീസ്... പ്ലീസ്... മിനിസ്റ്റർ പറഞ്ഞോളൂ.. സമയം....

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (<u>ഡോ. ആർ. ബിന്ദു</u>):

സർ, എം.പി.-മാർക്കും എം.എൽ.എ.-മാർക്കുമൊക്കെ പ്രയോജനപ്പെടുന്ന ഒരു കാര്യമാണിതെന്ന് പ്രിയപ്പെട്ട അംഗങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ഈ ഭേദഗതി വന്നത് 1996-ൽ ആയതുകൊണ്ട് നമ്മുടെ പഴയ നിയമങ്ങളിലൊന്നും സർവകലാശാലകളുമായി ബന്ധപ്പെട്ട് ഇക്കാര്യം വ്യക്തമായി പറഞ്ഞിട്ടില്ലെന്നതുകൊണ്ട് ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുകയാണ്. എന്നാൽ ഈ നിയമം ഒരു കാരണവശാലും എന്നെ ബാധിക്കുന്ന ഒന്നല്ല. എം.എൽ.എ.-മാരും എം.പി.-മാരും ലീവെടുത്തുകൊണ്ട് എം.എൽ.എ. പദവിയിൽ തുടരുന്നവരുണ്ട്. യു.ഡി.എഫ്.-ലെ പല എം.എൽ.എ.-മാരും പ്രസ്തുത ആനുകൂല്യം സ്വീകരിച്ചപ്പോൾ ഞാൻ വോളന്ററി റിട്ടയർമെന്റ് എടുത്തശേഷമാണ് എം.എൽ.എ. തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. മേയർ ആയിരിക്കുമ്പോൾ കോളേജ് അധ്യാപികയുടെ ശമ്പളം വേണ്ടെന്നുവച്ചുകൊണ്ട് വളരെ തുച്ഛമായ (അന്ന് ഓണറേറിയം ആറായിരം രൂപയോ, മറ്റോ ആണ്) ഓണറേറിയത്തിനാണ് അഞ്ചുവർഷക്കാലം പ്രവർത്തിച്ചത്. അതുകൊണ്ട് എന്തെങ്കിലും ഒരു നക്കാപ്പിച്ച കാശിനുവേണ്ടി ഞാൻ കൊണ്ടുവന്നതാണ് ഈ നിയമഭേദഗതി എന്ന ആക്ഷേപം ഞാൻ നിരാകരിക്കുകയാണ്, അതിൽ പ്രതിഷേധിക്കുകയാണ്.

ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്, പഠനബോർഡുകൾ പുനഃസംഘടിപ്പിക്കാൻ സിൻഡിക്കേറ്റിനെ ഏൽപ്പിക്കുന്നുവെന്നാണ്. ഒട്ടുമിക്ക യൂണിവേഴ്സിറ്റികളിലും പഠനബോർഡുകൾ രൂപീകരിക്കുന്നത് നിലവിലും സിൻഡിക്കേറ്റുകൾ തന്നെയാണ്. ഈ ബില്ലിൽ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് മിനിമം യോഗ്യത നിശ്ചയിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സർവകലാശാലകളിൽ സിൻഡിക്കേറ്റാണ് അധ്യാപക നിയമനാധികാരി എന്നതാണ് യാഥാർഥ്യം. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി പറഞ്ഞ ചില കാര്യങ്ങളിലേക്ക് കടക്കുകയാണ്, അദ്ദേഹം മറുപടി കേൾക്കാൻ നിൽക്കാതെ പോയിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: അദ്ദേഹം നോമ്പ് തുറക്കാൻ പോയതാണ്.

<u>ഡോ. ആർ. ബിന്ദു</u>: സർ, സ്വകാര്യ സ്ഥാപനങ്ങൾ, സ്വാശ്രയ കോളേജ് തുടങ്ങിയവയ്ക്ക് ഇടതുപക്ഷം വേണ്ടത്ര ബഹുമതി നൽകുന്നില്ലെന്നതാണ് അദ്ദേഹത്തിന്റെ ആക്ഷേപം. അതായത് 12 ബി, അംഗീകാരം ഇവയ്ക്ക് ലഭിക്കുന്നില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. 12 ബി, അംഗീകാരം ലഭിക്കാൻ യോഗ്യതയുള്ള സ്ഥാപനങ്ങൾക്ക് അത് തീർച്ചയായും ലഭിക്കും. കൂണുപോലെ സ്ഥാപനങ്ങൾ അനുവദിച്ചുകൊണ്ട്, കോഴിക്കോടിനും കോളേജിനുള്ള അനുമതി നൽകിക്കൊണ്ട് തീരുമാനമെടുത്ത യു.ഡി.എഫ്. കാലത്തെ നയങ്ങളും

നിലപാടുകളുമാണ് റിവ്യൂ ചെയ്യേണ്ടതെന്ന് അറിയിക്കുകയാണ്. എഞ്ചിനീയറിംഗ് കോളേജുകൾ നശിച്ചുപോയി എന്ന് ഇവിടെ പലരും അഭിപ്രായപ്പെട്ടല്ലോ; നിലനിൽപ്പില്ലാതായിപ്പോയി, sustain ചെയ്യാൻ പറ്റാതായിപ്പോയി എന്നെല്ലാം പറഞ്ഞു. അധികമായാൽ അമൃതും വിഷം എന്ന ചൊല്ലുപോലെ ആവശ്യത്തിലേറെയായാൽ ഏതുകാര്യവും ഉപേക്ഷിക്കപ്പെടും. ആ രീതിയാണ് യു.ഡി.എഫ്.-ന്റെ നയസമീപനങ്ങളുടെ ഭാഗമായി കേരളത്തിൽ സംഭവിച്ചത്. ആവശ്യകതയും ഗുണനിലവാരവും പരിശോധിക്കാതെ അനിയന്ത്രിതമായി സ്വകാര്യ മേഖലയെ ചുവപ്പ് പരവതാനി വിരിച്ച് ആനയിച്ച് ഇഷ്ടംപോലെ സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിച്ചതിന്റെ ഭാഗമായിട്ടുള്ള പരിക്കുകൾ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയ്ക്ക് നൽകിയതിന്റെ വലിയ കുറ്റം യു.ഡി.എഫ്.-ന് തന്നെയാണെന്ന് ഈ സന്ദർഭത്തിൽ വ്യസനസമേതം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, വ്യസനസമേതം വേണ്ട. (മൈക്ക് ഓഫ്)....

<u>ഡോ. ആർ. ബിന്ദു</u>: സർ, അഫിലിയേറ്റഡ് കോളേജുകളെ ശക്തീകരിച്ചുകൊണ്ട് സ്വകാര്യ സർവകലാശാല അനുവദിക്കുക എന്നതാണ്

നമ്മുടെ നിലപാടെന്ന് ഒരിക്കൽക്കൂടി വ്യക്തമാക്കുകയാണ്. സംസ്ഥാനത്തിനുപുറത്തും വിദേശത്തും കേന്ദ്രങ്ങൾ അനുവദിക്കാൻ സ്വകാര്യ സർവകലാശാലകൾക്ക് അനുമതിയുണ്ട്, എന്നാൽ പൊതു സർവകലാശാലകൾക്ക് അത്തരത്തിലുള്ള അനുമതി ഇല്ലെന്ന രീതിയിലുള്ള ഒരു വ്യാഖ്യാനം, ചോദ്യം ഇവിടെ ഉയർന്നുവന്നു. പൊതുസർവകലാശാലകൾ പ്രവർത്തിക്കുന്നത് സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട്, അതായത് പൊതുഫണ്ട് ഉപയോഗിച്ചാണ്. അത്തരത്തിലുള്ള ഫണ്ടുപയോഗിച്ച് വിദേശത്തെയും മറ്റ് സംസ്ഥാനങ്ങളിലെയും അന്യ രാജ്യങ്ങളിലെയും വിദ്യാർഥികൾക്ക് വിദ്യാഭ്യാസ സാഹചര്യങ്ങൾ ഒരുക്കേണ്ടതായ കടമ നമുക്കില്ല. നമ്മുടെ സംസ്ഥാനത്തെ വിദ്യാർഥികൾക്ക് ഏറ്റവും മികവാർന്ന ഉന്നതവിദ്യാഭ്യാസ സാഹചര്യങ്ങൾ ഒരുക്കാൻ സാധിക്കുന്നതരത്തിൽ പൊതുസർവകലാശാലകളെ ശക്തീകരിക്കുക എന്നതാണ് ഗവൺമെന്റിന്റെ ഉദ്ദേശ്യം. സ്വകാര്യ സർവകലാശാലകളിൽ അത്തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തേണ്ട കാര്യമില്ലെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി എം.എൽ.എ. ഇവിടെ " Earn While You Learn" പദ്ധതിയെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി കേരളത്തിലും ആരംഭിച്ചിട്ടുണ്ട്. വിദേശങ്ങളിലേയ്ക്ക് കുട്ടികൾ

പോകുന്നതിനുള്ള പല കാരണങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആഗോളവൽക്കരണത്തിന്റെ കാലമാണ്, അതിർത്തി രേഖകൾ അസംഗതവും അപ്രസക്തവുമാകുന്ന കാലമാണ്. എയർലൈൻസുകളുടെയും വിദ്യാഭ്യാസ ലോണുകളുടെയും അവയിലബിലിറ്റി, കമ്മ്യൂണിക്കേഷൻ ടെക്നോളജിയുടെ വളർച്ച തുടങ്ങിയവയൊക്കെ കുട്ടികളുടെ മൈഗ്രേഷൻ ലോകമെമ്പാടും നല്ല നിലയിൽ വർധിപ്പിക്കുന്നുണ്ട്, അതൊരു ആഗോളപ്രതിഭാസമാണ്. അവരുമായും ഉത്തരേന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളുമായും താരതമ്യം ചെയ്യുമ്പോഴും കുട്ടികളുടെ മൈഗ്രേഷൻ കേരളത്തിൽ വളരെ കുറവാണെന്ന അഭിപ്രായത്തിൽ ഞാൻ ഉറച്ചുനിൽക്കുകയാണ്. തന്നെയുമല്ല, നമ്മുടെ കുട്ടികളെ ഇവിടെ നിലനിർത്താനും പുറത്തുനിന്നുള്ള കുട്ടികളെക്കൂടി ഇവിടേയ്ക്ക് ആകർഷിക്കാനും കഴിയുന്നവിധത്തിലുള്ള നടപടികളാണ് നമ്മൾ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

എസ്.എഫ്.ഐ.-ക്ക് വളരെ ആദരവ് നൽകുന്ന രീതിയിലുള്ള ചില പ്രയോഗങ്ങൾ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറയുകയുണ്ടായി. എസ്.എഫ്.ഐ. നടത്തിയ സമരങ്ങൾ തീർച്ചയായും കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാര വർധനയ്ക്കും

ജനാധിപത്യ സ്വഭാവം നിലനിർത്തുന്നതിനും വളരെയധികം സഹായകരമായിട്ടുണ്ടെന്നത് കേരള ചരിത്രം പരിശോധിക്കുന്ന ഏതൊരാൾക്കും ബോധ്യപ്പെടുന്ന കാര്യമാണ്. അതുകൊണ്ടുതന്നെ ആ പ്രസ്ഥാനവും അതിൽ അണിനിരന്നവരും ആദരവ് അർഹിക്കുന്നു എന്നതന്നെയാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, എസ്.എഫ്.ഐ. ഇല്ലായിരുന്നെങ്കിൽ ഇവർ എന്തുചെയ്യുമായിരുന്നു? ....(മൈക്ക് ഓഫ്)....

(ഡോ. ആർ. ബിന്ദു...... തുടരും)

P.03-03-2025
എ.വി./എ.എം.
06.40-06.50 (SV)

(ഡോ. ആർ. ബിന്ദു...... തുടർച്ച)

ഡോ. ആർ. ബിന്ദു: സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കണമെങ്കിൽ കെട്ടിവയ്ക്കാനുള്ള 25 കോടി രൂപയും പത്ത് ഏക്കർ സ്ഥലവുമുണ്ടായാൽ മതിയെന്നുള്ള അഭിപ്രായം ഇവിടെ ഉയർത്തുകയുണ്ടായി. അത് തെറ്റാണ്, വിശദമായ പദ്ധതി രേഖ സമർപ്പിക്കുകയും റിസർച്ച് ഫെസിലിറ്റീസ് ഉൾപ്പെടെയുണ്ടെന്ന് ഉറപ്പുവരുത്തുകയും അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കാനുള്ള കപ്പാസിറ്റി ഈ

ഏജൻസിക്കുണ്ടെന്ന് പരിശോധിക്കുകയും ചെയ്തശേഷം മാത്രമേ അതിനുള്ള അനുമതി ഗവൺമെന്റ് നൽകുകയുള്ളൂ. അതുപോലെ ഡെവലപ്മെന്റ് ഫണ്ട് അടിച്ചേൽപ്പിച്ച് കുട്ടികളെ വീർപ്പുമുട്ടിക്കുമെന്നൊരു അഭിപ്രായവും ഇവിടെ ഉയർന്നുവന്നു. ഇപ്പോൾത്തന്നെ ഒട്ടനവധി സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പലതരത്തിലുള്ള വികസന ഫണ്ടുകൾ വിദ്യാർത്ഥികളിൽനിന്ന് പിരിക്കുന്നുണ്ട്. സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ വികസന ഫണ്ടുപയോഗിക്കാൻ പാടുള്ളൂ അല്ലെങ്കിൽ വികസനപരമായ ഫണ്ടെന്നപേരിൽ വിദ്യാർത്ഥികളിൽനിന്ന് പിരിച്ചെടുക്കണമെന്നുണ്ടെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കണമെന്നുള്ള വ്യവസ്ഥയാണ് ബില്ലിൽ ചേർത്തിട്ടുള്ളത്. അതല്ലെങ്കിൽ വ്യവസ്ഥയില്ലാതെ ഫണ്ട് പിരിക്കലാകും ഫലമെന്ന് കണ്ടുകൊണ്ടാണ് ആ വ്യവസ്ഥ അതിൽ വച്ചിട്ടുള്ളത്. ഒരു കാർഷിക കോളേജ് ആരംഭിക്കണമെങ്കിൽ നൂറ് ഏക്കറിലധികം സ്ഥലം വേണം. അത്തരം സന്ദർഭങ്ങളിൽ ഭൂപരിഷ്കരണ നിയമത്തിന് ഇളവ് നൽകിക്കൊണ്ട് പ്രത്യേക തീരുമാനം ഗവൺമെന്റ് എടുക്കാറുണ്ട്. ഇതൊക്കെ വളരെ പരിചയസമ്പന്നനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.-യെ പോലുള്ള നിയമസഭാംഗങ്ങൾക്ക് അറിഞ്ഞുകൂടാത്ത കാര്യങ്ങളല്ല. കോൺഗ്രസ് ഭരിക്കുന്ന പല

സംസ്ഥാനങ്ങളിലും സ്വകാര്യ സർവകലാശാലകളുണ്ടല്ലോ; അപ്പോൾ പരിണതപ്രജ്ഞരായിട്ടുള്ള നിയമസഭാംഗങ്ങൾ ആ സംസ്ഥാനങ്ങളിലെ നിങ്ങളുടെ നേതാക്കന്മാരുമായി ബന്ധപ്പെട്ട് ചില ചെറിയ ചോദ്യങ്ങളുന്നയിക്കണമെന്ന വിനയപൂർണ്ണമായ അഭ്യർഥന ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. അത്തരം സ്വകാര്യ സർവകലാശാലകളിൽ സംവരണത്തെക്കുറിച്ച് എന്തെങ്കിലുമൊരു വാക്ക് സൂചിപ്പിച്ചിട്ടുണ്ടോ; ആ സർവകലാശാലകളിൽ ഫീസിളവുണ്ടോ; ആരാണ് പ്രസ്തുത സർവകലാശാലയിലെ ചാൻസലർ; ആരാണ് പ്രസ്തുത സർവകലാശാലയിലെ ചാൻസലർമാരെ നിയമിക്കുന്നത്? വിദ്യാർഥികൾക്ക് കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലെ സ്വകാര്യ സർവകലാശാലകളിൽ ഏതെങ്കിലും വിധത്തിലുള്ള അവകാശങ്ങളോ പരാതിപരിഹാര സംവിധാനങ്ങളോ ഉണ്ടോ? പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ഫീസ് സർക്കാർ നിശ്ചയിക്കുന്ന സർവകലാശാലകൾ അവിടെയുണ്ടോ? പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെ ഫീസ് സർക്കാർ നിശ്ചയിക്കുന്ന സ്വകാര്യ സർവകലാശാലകൾ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളിലുണ്ടോ? പ്രിയപ്പെട്ട യു.ഡി.എഫ്. അംഗങ്ങളെ, ഇതൊക്കെ ഞങ്ങളിവിടെ അവതരിപ്പിച്ച ഈ ബില്ലിനകത്തുണ്ടെന്ന് വിനയപൂർവം

സൂചിപ്പിക്കുകയാണ്.

ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച ഭാഷാപരമായ പ്രശ്നം ആശയക്കുഴപ്പമുണ്ടാക്കുന്നുണ്ടെങ്കിൽ, സബ്ജക്ട് കമ്മിറ്റിയിൽ അതുസംബന്ധിച്ച് വാചകത്തിലെ ഘടന തെറ്റിദ്ധാരണയുണ്ടാക്കുന്നപക്ഷം അതിൽ മാറ്റം വരുത്താൻ തയ്യാറാണ്. അതിൽ ഉദ്ദേശിച്ചിട്ടുള്ളത്, 'താഴ്ന്ന അക്കാഡമിക് റിക്കാർഡുള്ളവർക്ക് പ്രവേശനം നൽകേണ്ടതില്ലെന്നാണ്'. ഭാഷാപരമായിട്ടുള്ള വാചകത്തിലെ ഘടന സംബന്ധിച്ച് കൺഫ്യൂഷനുണ്ടാക്കുന്ന രീതിയിൽ എന്തെങ്കിലുമുണ്ടെങ്കിൽ അതിൽ കൃത്യത വരുത്തുന്നതാണ്. എനിക്ക് പൂർണ്ണമായും എല്ലാ കാര്യങ്ങളും സൂചിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ പൊതുവിൽ ആരെല്ലാം എന്തെല്ലാം പറഞ്ഞാലും കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല മാറ്റങ്ങളുടെയും മുന്നേറ്റങ്ങളുടെയും പാതയിലൂടെ നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന കാര്യത്തിൽ യാതൊരു തർക്കവും വേണ്ട. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസമേഖലയെ നീതി ആയോഗിന്റെ റിപ്പോർട്ടിലും ആൾ ഇന്ത്യാ ഹയർ എഡ്യൂക്കേഷൻ സർവേയിലുമെല്ലാം പ്രത്യേക പരാമർശങ്ങളോടെ അഭിനന്ദിക്കുകയാണ്. നമ്മൾ നടത്തിക്കൊണ്ടിരിക്കുന്ന പരിഷ്കാരങ്ങൾ ഇന്ത്യ മുഴുവൻ ഉറ്റുനോക്കുന്ന

സാഹചര്യമാണ് ഇന്നുള്ളത് എന്നത് അഭിമാനത്തോടുകൂടി സഭ മുമ്പാകെ പറയാൻ ഞാനാഗ്രഹിക്കുകയാണ്. ആ ജൈത്രയാത്ര നല്ലതുപോലെ മുന്നോട്ടുകൊണ്ടുപോകാൻ ഇനിയുള്ള ഒരു വർഷക്കാലം തീർച്ചയായും ശ്രമമുണ്ടാകും. തുടർന്നുമുണ്ടാകും. എല്ലാവരും ഒപ്പമുണ്ടാകണമെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

മി. സ്പീക്കർ: യെസ്.... താങ്ക്യൂ മിനിസ്റ്റർ.

(മി. സ്പീക്കർ)

P.03-03-2025
എ.വി./എ.എം.
06.40-06.50 (SV)

മി. സ്പീക്കർ: ശ്രീ. ടി. സിദ്ദിഖ്, 2025-ലെ സർവകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ല)

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, 2025-ലെ സർവകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജിൻ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വിജിൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2025-ലെ സർവകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ

കേരള സംസ്ഥാന സ്വകാര്യ സർവകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ....... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 മാർച്ച് മാസം 04-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 06.45-ന് പിരിഞ്ഞു.)

* * * * * * *

P.03-03-2025
10.00-10.10
GS/VS(1)

**അനുബന്ധം**

15-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ 21-06-2024-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 175-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ പുതുക്കിയ മറുപടി

## ഓൺലൈൻ തട്ടിപ്പുകളെക്കുറിച്ച് ബോധവൽക്കരണം

(*175) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ് :
ശ്രീ. എ. കെ. എം. അഷ്‌റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിമാസം പതിനഞ്ച് കോടിയോളം രൂപ ഓൺലൈൻ തട്ടിപ്പിലൂടെ നഷ്ടപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കണ്ടെത്തിയിട്ടുണ്ട്. 2023 ഡിസംബർ മുതൽ 2024 മേയ് വരെയുള്ള കാലയളവിൽ രജിസ്റ്റർ ചെയ്ത FIR പ്രകാരം ഇത്തരത്തിൽ നഷ്ടപ്പെട്ട തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓൺലൈൻ തട്ടിപ്പുകളെക്കുറിച്ച് സമൂഹത്തിൽ ബോധവൽക്കരണം നടത്താനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

അനുദിനം മാറിക്കൊണ്ടിരിക്കുന്ന വിവര സാങ്കേതിക വിദ്യയുടെ വ്യാപനം നിമിത്തം കുറ്റകൃത്യങ്ങളുടെ സ്വഭാവത്തിലുണ്ടായ മാറ്റം വളരെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വലുതാണ്.

ലോകത്തിന്റെ ഏതുകോണിലിരുന്നും ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടാമെന്നത് അന്വേഷണ സംവിധാനങ്ങൾക്ക് വലിയ വെല്ലുവിളിയാണ് സൃഷ്ടിക്കുന്നത്. ഇന്ത്യയിൽ ഒട്ടാകെ സൈബർ കുറ്റകൃത്യങ്ങൾ വലിയതോതിൽ വർധിച്ചുവരുന്ന പ്രവണതയാണ് നിലനിൽക്കുന്നത്.

ഡാർക്ക് വെബ്ബിലൂടെ നടക്കുന്ന ഇത്തരം കുറ്റകൃത്യങ്ങൾ വർധിച്ച സാഹചര്യത്തിലാണ് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ അതിവേഗം കണ്ടെത്തുന്നതിനുമായി പോലീസ് ഇൻസ്പെക്ടർ ജനറലിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഒരു സൈബർ പോലീസ് ഡിവിഷൻ ആരംഭിച്ചത്.

കുറ്റാന്വേഷണത്തോടൊപ്പം പോലീസിന്റെ സോഷ്യൽ മീഡിയ സെന്റർ വഴി ടെലിവിഷൻ ചാനലുകളിലൂടെയും പോലീസിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ മുഖാന്തരവും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നുണ്ട്.

ഓൺലൈൻ തട്ടിപ്പുകളും ചതിക്കുഴികളും സംബന്ധിച്ച നിരവധി പോസ്റ്റുകളും വീഡിയോകളും ഇതിനകം ജനങ്ങളിലേക്കെത്തിച്ചിട്ടുണ്ട്.

വിവിധ മേഖലകളിൽ ഓൺലൈൻ ക്ലാസുകൾ കേരള പോലീസിന്റെയും സ്റ്റേറ്റ് പോലീസ് മീഡിയ സെന്ററിന്റെയും ഫേസ്ബുക്ക് അക്കൗണ്ടിലൂടെ തൽസമയം സംപ്രേഷണം ചെയ്തുവരുന്നു.

സൈബർ പോലീസ് ഡിവിഷൻ നിർമ്മിച്ച നാല് ലഘുചിത്രങ്ങൾ പ്രകാശനം ചെയ്ത് സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കുന്നു. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തംഗങ്ങൾക്കും എല്ലാ ജില്ലകളിലെയും സൈബർ വോളണ്ടിയർമാർക്കും വാട്സാപ്പിലൂടെ പൊതുജനങ്ങളുടെ അറിവിലേക്ക് പ്രചരിപ്പിക്കുന്നതിനായി ഇവ നൽകിവരുന്നു.

(സി) ഓൺലൈൻ തട്ടിപ്പുകൾ തടയുന്നതിനായി പോലീസ് സൈബർ സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഓൺലൈൻ ലോൺ തട്ടിപ്പുകളെക്കുറിച്ച് വിവരം നൽകുന്നതിനായി കേരള പോലീസിന്റെ 9497980900 എന്ന വാട്സ്ആപ്പ് നമ്പറും 1930 എന്ന ടോൾ ഫ്രീ നമ്പറും 24 മണിക്കൂറും ലഭ്യമാണ്.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അംഗീകരിച്ച നോൺ ബാങ്കിങ് ഫിനാൻഷ്യൽ കോർപ്പറേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ലോൺ ആപ്പുകളെക്കുറിച്ചും ഓൺലൈൻ ലോൺ തട്ടിപ്പുകളെക്കുറിച്ചും ജനങ്ങളിൽ അവബോധം

ഉണ്ടാക്കുന്നതിന് മുഖ്യധാരാ മാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും പ്രചരണ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

സൈബർ ഓപ്പറേഷൻസ് വിഭാഗവും സൈബർ ഡോം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് യൂണിറ്റുകളും സൈബർ പട്രോളിങ് നടത്തി സൈബർ തട്ടിപ്പ് സംഘങ്ങളെ കണ്ടെത്തി സൈബർ സ്പേസിൽനിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നതാണ്.

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നാഷണൽ സൈബർ ക്രൈം പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. 1930 എന്ന നമ്പരിൽനിന്നും പോർട്ടൽ മുഖേന (www.cybercrime.gov.in) ഓൺലൈനായും പൊതുജനങ്ങൾക്ക് പരാതി അറിയിക്കാവുന്നതാണ്. സാമ്പത്തിക തട്ടിപ്പുകളുമായി ബന്ധപ്പെട്ട് അന്വേഷണ ഏജൻസികളും ബാങ്കുകൾ, RBI, സാമ്പത്തിക ഇടനിലക്കാർ, പേയ്മെന്റ് വാലറ്റുകൾ, NPCI മുതലായവ ഒരുമിച്ച് പ്രവർത്തിക്കുന്ന ഒരു പൊതുസംയോജിത പ്ലാറ്റ്ഫോമാണ് നാഷണൽ സൈബർ ക്രൈം പോർട്ടൽ. തട്ടിപ്പുകാരിലേക്ക് പോകുന്ന പണത്തിന്റെ ഒഴുക്ക് തടയുന്നതിന് ദ്രുതഗതിയിലുള്ള നടപടി സ്വീകരിക്കാൻ ഇതുവഴി കഴിയുന്നു.

കൂടാതെ സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ സജ്ജരാക്കുന്നതിനായി പോലീസ് ട്രെയിനിങ് കോളേജിലും

സൈബർ ക്രൈമുമായി ബന്ധപ്പെട്ട കോഴ്സുകൾ നിരന്തരം നടത്തിവരുന്നു. സൈബർ ഇടപാടുകളിലെ ചതിക്കുഴികളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി പത്ര - ദൃശ്യമാധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും വിവിധ സാമൂഹ്യ സംഘടനകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികളും ക്ലാസുകളും നടത്തി വരികയും ചെയ്യുന്നു.